# കൗൺസിലിന്റെ
# പ്രഭാഷണങ്ങൾ



# കൗൺസിൽ പ്രഭാഷണങ്ങൾ

SACRED HEART PROVINCIAL LIBRARY
No ... ... ...

പ്രസാധകർ

ദീപിക പബ്ലീഷേഴ്സ്
കോട്ടയം.

**Imprimatur**

† Mathew Kavukatt
Archbishop of Changanacherry

Archbishop's House,
Changanacherry
1–2–1965

# കൗൺസിൽ പ്രഭാഷണങ്ങൾ

(രണ്ടാം വത്തിക്കാൻ സൂനഹദോസിലെ പ്രഭാഷണങ്ങൾ)

SACRED HEART PROVINCIAL LIBRARY
No 3296
III C 122
G 41
3296

(ഹാൻസ് ക്യൂങ്ങും, യീവ്സ് കോംഗാറും ഡാനിയേൽ ഓഹൻലോണും പ്രസാധനം ചെയ്ത ഗ്രന്ഥത്തിന്റെ വിവർത്തനം)

M/ 262.16
COU

(Malayalam)

COUNCIL PRABHASHANANGAL

(COUNCIL SPEECHES OF VATICAN II)

First Published–May 1965

Printed at

DEEPIKA PRESS, KOTTAYAM

Price Rs. 2–50

Publishers:

DEEPIKA PUBLISHERS, KOTTAYAM–KERALA

Distributors:

DEEPIKA BOOK HOUSE,

KOTTAYAM.

# വിഷയവിവരം


പേജ്

ആമുഖം—പ്രസാധകർ

വിവർത്തകരുടെ ആമുഖം

സമർപ്പണം—23—ാം യോഹന്നാൻ പാപ്പായ്ക്കു്
പോപ്പ്‌ പോൾ ആറാമൻ 1

മിശിഹാ, കൗൺസിലിൻെറതുടക്കവുംതുടർച്ചയുംലക്ഷ്യവും.
പോപ്പ്‌ പോൾ ആറാമൻ 4


## ഒന്നാംഭാഗം

## സഭയുടെ ആത്മബോധം


1. നാം സാധിക്കേണ്ടതു്— പോപ്പ്‌ പോൾ ആറാമൻ 9
2. സഭയുടെ അത്ഭുതസിദ്ധിയുടെ വശം
കാർഡിനൽ ലെയോൻ സുവെനൻസ്‌ 13
3. പ്രാദേശിക സഭയുടെ പ്രാധാന്യം
എഡ്‌വേർഡ്‌ ഷിക്ക്‌ 18
4. വിശ്വാസികളുടെ പൗരോഹിത്യം
എമിൽ ജോസഫ്‌ ഡി സ്‌മെഡ്‌റ്റ്‌ 21
5. പാപം ദൈവത്തിൻെറ വിശുദ്ധസഭയിൽ
സ്റ്റീഫൻ ലാസലോ 26
6. കത്തോലിക്കാസഭയിലെ പാശ്ചാത്യപൗരസ്ത്യപാരമ്പര്യം
ഏലിയാസ്‌ സോഗ്‌ബി 30
7. മെത്രാന്മാരുടെ സംഘം പുതിയനിയമത്തിൽ
പോൾ റഷ്‌ 35
8. സഭാപാരമ്പര്യവും മെത്രാന്മാരുടെ സംഘവും
പോൾ ഗ്രയോ 38
9. മെത്രാഭിഷേകകർമ്മത്തിൻെറ അർത്ഥവ്യാപ്തി
മൈക്കിൾ ഡുമിത്തു് 42
10. തിരുസഭയിൽ മാർപ്പാപ്പായുടെ അപ്രമാദിത്വം
ജോസഫ്‌ ഡെസ്‌ക്ലൂഫി 45

പേജ്

11. ദൈവത്തിൻെറ ദാസന്മാരുടെ ദാസൻ
മാക്സിമോസ് നാലാമൻ 48

## രണ്ടാംഭാഗം

## സഭയുടെ നവീകരണം

1. നാം സാധിക്കേണ്ടതു്— പോപ്പ് പോാം ആറാമൻ 52
2. ആത്മായൻെറ ഉത്തരവാദിത്വമുള്ള സ്വാതന്ത്ര്യം
ഏണസ്റ്റ് പ്രീമോ 55
3. ആത്മായ പ്രേഷിതത്വവും
അധികാരത്തിൻെറ പരിധിനിർണ്ണയവും
ജോസഫ് ഹേഫ്നർ 58
4. സഭയിൽ എല്ലാവരുടേയും വിശുദ്ധി
കാർഡിനൽ പോാം എമിൽ ലെജർ 60
5. സുവിശേഷ പരിപൂർണ്ണത
ജരാർദ് ഹ്യൂഗ് 63
6. നിത്യഡീക്കന്മാർ, ഇന്നത്തെ ആവശ്യം
ഇഗ്നേഷ്യസ് സിയാഡ് 68
7. ഡീക്കൻസ്ഥാനത്തിൻെറ ദൈവശാസ്ത്രം
കാർഡിനൽ ലെയോൻ സുവെനൻസ് 72
8. മെത്രാനും വൈദികരുമായുള്ള ഇടയനടുത്ത സഹകരണം
ഡെന്നിസ് ഇ. ഹർലി 76
9. മെത്രാന്മാരുടെ അവകാശങ്ങാം
ഇഗ്നേഷ്യസ് സിയാഡ് 78
10. മെത്രാന്മാരും സുവിശേഷലാളിത്യവും
കാർഡിനൽ പോാം എമിൽ ലെജർ 81
11. മെത്രാന്മാരുടെ ഉദ്യോഗകാലാവധി
കാർഡിനൽ ലെയോൻ സുവെനൻസ് 82
12. മെത്രാന്മാരുടെ കോൺഫ്റൻസ്
എവുജിൻ ഡിസൂസാ 86
13. പൗരസ്ത്യസഭകളും മെത്രാന്മാരുടെ കോൺഫ്റൻസുകളും
ഏലിയാസ് സോഗ്ബി 90
14. മെത്രാന്മാരും റോമൻ കൂരിയായും
എവുജിൻ ഡിസൂസാ 92

പേജ്

15. കത്തോലിക്കാസഭയിലെ പരമോന്നത തിരുസംഘം
മാക്സീമോസ് നാലാമൻ 96

16. പേപ്പൽ പ്രതിനിധികാം
ജൊവാക്കിം അമ്മാൻ 100

## മൂന്നാംഭാഗം

## ക്രൈസ്തവ ഐക്യം

1. നാം സാധിക്കേണ്ടതു്— പോപ്പ് പോാം ആറാമൻ 104

2. ഏറ്റുപറയാം
കാർഡിനൽ ജെ.ഹ്യംബെർട്ടൊ കവിന്തേറൊ 108

3. എക്യുമേനിസത്തിൻെറ അപകടങ്ങാം
സ്റ്റീഫൻ എ. ലെവെൻ 111

4. സംഭാഷണം സാദ്ധ്യമാണ്
കാശ്മീർ മോർച്ചീള്ളോ 113

5. എക്യുമേനിസം ഇംഗ്ലണ്ടിൽ
ജോൺ കാർമ്മൽ ഹീനൻ 118

6. ചില വിശകലനങ്ങാം
കാർഡിനൽ അഗസ്റ്റിൻ ബെയാ 122

7. ഐക്യമനോഭാവം
കാർഡിനൽ റോാം സിൻവാ ഹെൻറിക് 126

8. സീമാതീതമായ ലഘൂകരണമരുതു്
പോാം ഗ്രയോ 130

9. തിരുസഭ, ഒരു തുറന്ന സമൂഹം.
സെർജിയോ മെൻറസ് അർച്ചെയോ 133

10. ദൈവത്തിൻെറ പ്ലാനും മനുഷ്യൻെറ വൈരുദ്ധ്യവും
ജോർജ് ഫ്ളാഹിഫ് 137

11. സഭാചരിത്രരഹസ്യം
ആൻഡ്റേയ പാൻഗ്രാസിയോ 139

12. കിഴക്കിൻെറ സ്വരം
ജോസഫ് റാവിൽ 143

13. നാമെല്ലാവരിലും ഉണ്ടാകേണ്ട മാനസാന്തരം
ജരാർദ് ഹ്യൂഗ് 146

പേജ്

14. ഒരുമിച്ചുനിന്നുള്ള സാധുജനസേവനം
കാർഡിനൽ വലേരിയൻ ഗ്രേഷ്യസ് 141

15. വേദവിജ്ഞാനീയമില്ലാതെ പുനരൈക്യമില്ല
എമിൽബെ്ളൻഷേ 154

16. ബൗദ്ധികമായ വിനയം
എവുജിൻ ഡിസൂസാ 157

17. സത്യത്തെക്കുറിച്ചു ഭയം വേണ്ടാ
ലെയോൻ ആർതർ എൽക്കിംഗർ 161

18. സ്വാതന്ത്ര്യവും വൈവിധ്യവും
കാർഡിനൽ പോാം എമിലി ലെജർ 166

19. മിശ്രവിവാഹങ്ങരം
ഐസക്ക് ഗാട്ടാസ് 169

## നാലാംഭാഗം

## ലോകവുമായുള്ള സംഭാഷണം

1 നാം സാധിക്കേണ്ടതു്— പോപ്പ് പോാം ആറാമൻ 172

2 മതസ്വാതന്ത്ര്യം
എമിൽ ജോസഫ് ഡി സ്മെഡ്റ്റു് 178

3 കത്തോലിക്കരും യഹൂദരും
കാർഡിനൽ അഗസ്റ്റിൻ ബെയാ 193

4 വർണ്ണവിവേചനം പാടില്ല
റോബർട്ട് ഇ. ട്രാസി 200

5 കർത്തവ്യബോധവാനായ അവൈദികൻ ലോകത്തിൽ
മാക്ക് മാക്ഗ്രാത്തു് 202

6 സഭയും അക്രൈസ്തവമതങ്ങളും
ബ്രുണ്ടി റുവാണ്ടായിലെ മെത്രാന്മാരുടെ
കോൺഫറൻസ് 207

7. സകല ക്രൈസ്തവരുടേയും ഒന്നിച്ചുള്ള സാക്ഷ്യം
ജോൺ ബാപ്റ്റിസ്റ്റ് സോവാ 210

8. പ്രേഷിത വൃത്തിക്കുള്ള സഭയുടെ കടമ
എവുജിൻ ഡിസൂസാ 213

9. ആധിപത്യമല്ല, സേവനം.
കാർഡിനൽ വലേരിയൻ ഗ്രേഷ്യസ് 217

# ആമുഖം

## (പ്രസാധകർ)

രണ്ടാം വത്തിക്കാൻ സൂനഹദോസ്—അതു് പ്രതീക്ഷയുടെ ഒരു പ്രതീകമാണു്; കത്തോലിക്കാ സഭയ്ക്കും, ക്രിസ്തുമതത്തിനാകെയും, ലോകത്തിനാകമാനവും. മനുഷ്യഹൃദയങ്ങളിൽ അതു് ഉണർത്തിയിട്ടുള്ള പ്രതീക്ഷകളെ സാധിച്ചുകൊടുക്കുമോ? തീർത്തുപറയാൻ വയ്യ; പലതും ഇനിയും അനിശ്ചിതമാണു്. എങ്കിലും വലിയ കാര്യങ്ങൾ പലതും ഇതിനകം സാധിച്ചുകഴിഞ്ഞു. ഇതിൻെറ തെളിവാണു് കത്തോലിക്കാസഭയിലും, ലോകം മുഴുവനിലും സംജാതമായിരിക്കുന്ന പുതിയ അന്തരീക്ഷം. ഇതു് വിശാലതയുടെ ഒരു വിഹായസ്സാണു്; തമ്മിൽ തമ്മിൽ ധാരണപുലർത്തുന്നതിനു് സന്മനസ്സുണ്ടാക്കിയിട്ടുള്ള ഒരു കാലാവസ്ഥയുമാണിതു്; പരസ്പരമുള്ള ക്രിസ്തീയ സേവനത്തിനും അകമഴിഞ്ഞ സംഭാഷണത്തിനും പററിയ ചുററുപാടും.

വാസ്തവത്തിൽ ഇപ്പോൾത്തന്നെ നേടിയിട്ടുള്ള വൻകാര്യങ്ങൾക്കുദാഹരണമാണു് ആരാധനക്രമത്തിൽ വരുത്തിയിട്ടുള്ള നവീകരണം. ഇതു് തീർത്തും അംഗീകരിക്കപ്പെട്ടുകഴിഞ്ഞിരിക്കുകയാണു്. ക്രൈസ്തവാരാധനക്രമത്തിൻെറ ചരിത്രത്തിൽ പുതിയ ഒരു യുഗത്തിലേയ്ക്കുള്ള കാൽവെപ്പാണിതു്. അതുപോലെ വ്യക്തിപരവും സാമൂഹികവുമായ ആദ്ധ്യാത്മികതയിലും, കൗൺസിലിൽ നടത്തിയിട്ടുള്ള സുപ്രധാനങ്ങളായ പ്രഭാഷണങ്ങളാണു് ഇനിയും ഉണ്ടായിട്ടുള്ള നേട്ടങ്ങൾക്കുദാഹരണം. അവ ഇതുവരെ നേടിയിട്ടുള്ളവയെ ഉറപ്പിക്കുന്നു. ഇന്നത്തെ സഭയെ കമ്മ്യൂണിസ്റ്റു് കതയിലേയ്ക്കു് ആഹ്വാനം ചെയ്യുന്നു; അങ്ങനെ ഭാവിയിൽ സാധിക്കേണ്ടതെന്തൊക്കെയെന്നു് ഉത്ബോധിപ്പിക്കുകയും.

ഈ പ്രഭാഷണങ്ങളെ വായിക്കുകയും ധ്യാനിക്കുകയും ചെയ്യുകയല്ലാതെ, രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ ചൈതന്യം അറിയുവാൻ വേറെ പററിയ മാർഗ്ഗമുണ്ടെന്നു തോന്നുന്നില്ല. സൂനഹദോസിൽ മെത്രാന്മാർ നടത്തിയ ഈ പ്രഭാഷണങ്ങളിൽ ക്രിസ്തുവിൻെറ സുവിശേഷത്തിൽനിന്നുള്ള വിചിന്തനങ്ങൾ, നവീകരണത്തിനുള്ള ദൃഢപ്രതിജ്ഞകൾ, ഐക്യത്തിനായുള്ള നടപടികൾ, ആനുകാലികപ്രശ്നങ്ങളോടുള്ള നീതികാണിക്കൽ, നേരായ യാഥാർത്ഥ്യബോധം, ക്രിയാത്മകമായ വിമർശനം, പുരോഗതിയിലേയ്ക്കുള്ള നിർദ്ദേശങ്ങൾ മുതലായവയ്ക്കെല്ലാം സ്ഥാനം നൽകിയിട്ടുണ്ടു്. അത്തരത്തിലുള്ള പ്രഭാഷണപരമ്പരയാണു് ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു്.

ഈ പുസ്തകത്തിലേയ്ക്ക് ഉചിതമായ പ്രഭാഷണങ്ങൾ കണ്ടു പിടിക്കുന്ന കാര്യം പ്രസാധകരെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നമേയായിരുന്നില്ല; ഒരു തിരഞ്ഞെടുപ്പു നടത്തുകയെന്നതേ പ്രശ്നമായിരുന്നുള്ളു. എന്തൊക്കെയായിരുന്നുവെന്നോ ഈ തിരഞ്ഞെടുപ്പിന് ഞങ്ങൾ സ്വീകരിച്ച തത്വങ്ങൾ? എല്ലാം ഉൾക്കൊള്ളിക്കുകയെന്നതായിരുന്നില്ല ഞങ്ങളുടെ ഉദ്ദേശ്യം. പോൾ ആറാമൻ വ്യക്തമായും അഗാധവൈഭവത്തോടുകൂടിയും രൂപീകരിച്ച കൗൺസിലിൻെറ പ്രോഗ്രാമാണ് ഞങ്ങൾ ഒരു മാനദണ്ഡമായി സ്വീകരിച്ചതു്. തിരുസ്സഭയ്ക്കുണ്ടാകേണ്ട ആത്മബോധം, അവളുടെ നവീകരണം, ക്രൈസ്തവരുടെ ഐക്യം, ലോകത്തോടുള്ള സംഭാഷണം, എന്നു് മാർപ്പാപ്പാ നിർവ്വചിച്ച ഈ നാലു കാര്യങ്ങളാണ് ഞങ്ങളുടെ ഈ പുസ്തകത്തിന് രൂപവും ഭാവവും നൽകുവാൻ പ്രചോദിപ്പിച്ചിട്ടുള്ളതു്. രണ്ടാം സമ്മേളനത്തിൽ തിരുമേനി ചെയ്ത ഉത്ഘാടനപ്രസംഗത്തിൻെറ ഭാഗങ്ങൾ യഥോചിതം എടുത്തു് ഈ പുസ്തകത്തിൻെറ ഓരോ ഭാഗത്തും മുഖവുരയായി ചേർത്തിട്ടുണ്ടു്; അതു് യഥാസ്ഥാനങ്ങളിൽ പെടുത്തിയിരിക്കുന്ന വിഷയങ്ങളിലേയ്ക്ക് വെളിച്ചം വീശുമെന്നു് കരുതിയുമാണു്. അതുകൊണ്ടു് ആ ഉപക്രമപ്രസംഗത്തിൻെറ അരൂപിയോടൊത്തുപോകുന്ന പ്രഭാഷണങ്ങൾ മാത്രമേ ഞങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളു. തന്നിമിത്തം, താത്വികമായ ശുഷ്കതയോ, ബാലിശമായ വിമർശനമോ, നിലവിലുള്ള ക്രമീകരണങ്ങളുടെ നിഷ്ഫലമായ നീതീകരണം മാത്രമോ പ്രകടിപ്പിക്കുന്ന പ്രസംഗങ്ങൾ അയോഗ്യങ്ങളായി തള്ളിയിട്ടുമുണ്ടു്.

ക്രിയാത്മകങ്ങളായിരുന്ന പ്രസംഗങ്ങളിൽനിന്നും വീണ്ടും ഒരു തിരഞ്ഞെടുപ്പ് നടത്തിയിട്ടുണ്ടു്; ചില പ്രത്യേക പ്രശ്നങ്ങളെ സ്പർശിക്കുന്നവയും, ഐക്യവും സമഗ്രതയും പാലിക്കുന്നവയും മാത്രമേ ഇവിടെ സ്വീകരിച്ചിട്ടുള്ളു. അതുപോലെ തന്നെ മററു ചില പ്രസംഗങ്ങൾ, മേൽത്തരങ്ങളായിരുന്നാലും, ഒരു വിഷയത്തിലെ പല കാര്യങ്ങളെപ്പററിയുള്ള ചെറിയ വിമർശനങ്ങളാകയാൽ, ഇമ്മാതിരിയുള്ള ഒരു സമാഹാരത്തിന് പററാത്തവയായി ഒഴിവാക്കിയിട്ടുണ്ടു്. കൂടാതെ കൗൺസിലിൽ ചർച്ചചെയ്യപ്പെടുന്ന 'സ്കേമാ'കളോടു് നേരിട്ടു ബന്ധപ്പെടാവുന്ന ഭാഗങ്ങളും ഈ തിരഞ്ഞെടുത്തിരിക്കുന്ന പ്രസംഗങ്ങളിൽ നിന്നും നീക്കിയിട്ടുണ്ടു്. കാരണം ആ 'സ്കേമാ'യുടെ 'ടെക്സ്റ്റ്' തല്ക്കാലം രഹസ്യമായിരിക്കേണ്ടതാണു്: പോരെങ്കിൽ ആ ടെക്സ്റ്റിനോടു് നേരിട്ടുള്ള പരാമർശം നമ്മുടെ ഈ ഉദ്ദേശത്തിന് ഏതെങ്കിലും വിധത്തിൽ അത്ര വലിയ പ്രാധാന്യമുള്ളതുമല്ല.

പ്രസംഗം നടത്തിയവരിൽനിന്നും അംഗീകാരം കൂടാതെയല്ല ഈ പ്രഭാഷണപരമ്പര പ്രസിദ്ധം ചെയ്യുന്നതു് എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണു്.

കൗൺസിലിൽ സംഭാവന ചെയ്തിരിക്കുന്ന ഈ പഠനങ്ങളിൽ

നിന്നും പങ്കുപററുവാൻ മററുള്ളവർക്കു് ഉദാരമായ അനുവാദം നൽകിയ ആ പിതാക്കന്മാരോട്ട് ഞങ്ങൾ അതീവ കൃതജ്ഞതയുള്ളവരാണ്. അവസാനമായി ഈ കൗൺസിലിൻെറ പ്രത്യേകതയെന്നു് കാണിക്കാവുന്ന നാനാതരത്തിലുള്ള ആളുകളേയും, അവരുടെ പ്രശ്നങ്ങളേയും പററി ഏതാണ്ടൊരു വീക്ഷണം നൽകുവാൻ ഈ സമാഹാരത്തിൽ ഞങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടു്.

സൂനഹദോസിലെ ഈ പ്രഭാഷണങ്ങൾ വെറും കല്പിത കഥനങ്ങളല്ല. അവ കർമ്മപരിപാടികളാണു്. അവ ചെവിക്കൊള്ളേണ്ട ഒരു വെല്ലുവിളിയാണു്. ഈ വചനങ്ങൾക്കനുസരണമായ പ്രവൃത്തികൾ കൂടിയുണ്ടാകുമോയെന്നതിനെ ആശ്രയിച്ചാണു് സർവ്വതും നിലകൊള്ളുന്നതു്. വാസ്തവത്തിൽ ഇതാണു് കത്തോലിക്കാസഭയും, എല്ലായിടത്തുമുള്ള ക്രൈസ്തവരും ആശിച്ചിരിക്കുന്നതു്. ഇതുതന്നെയാണു് സർവ്വലോകത്തിൻെറയും പ്രതീക്ഷയും.

യീവ്സ് കോംഗാർ ഒ. പി. (Strasbourg)
ഹാൻസ് ക്യൂങ്ങ് (Tubingen)
ദാനിയേൽ ഓഹൻലോൺ, എസ്. ജെ.
(Los Gatos, California)

# വിവർത്തകരുടെ ആമുഖം

രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ സമ്മേളനങ്ങളിൽ സഭാപിതാക്കന്മാർ ചെയ്ത പ്രസംഗങ്ങളിൽ ചിലതാണു ഇവിടെ തർജ്ജിമ ചെയ്ത് പ്രസിദ്ധീകരിക്കുന്നതു്. സഭാ നവീകരണത്തിനുള്ള ആവേശവും അതിനുള്ള നേരായ മാർഗ്ഗങ്ങളും അവയിൽ തെളിഞ്ഞു കാണാം. ചില ആശയങ്ങൾ വിവാദാത്മകങ്ങളായി വായനക്കാക്കു തോന്നിയേക്കാം. കത്തോലിക്കാസഭയുടെ ഏററം ഉന്നതമായ അധികാരം നിക്ഷിപ്തമായിരിക്കുന്ന സാർവ്വത്രിക സൂനഹദോസിൽ ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാർ ഇന്നു നമ്മെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ വിവിധവശങ്ങൾ ഊന്നിക്കാണിയ്ക്കുകയാണു് എന്നു് നാം സ്മരിക്കണം; അവ അന്ത്യനിർണ്ണയങ്ങളല്ല. എങ്കിലും പ്രസ്തുത മെത്രാന്മാരുടെ തന്നെ അനുവാദത്തോടെ പല യൂറോപ്യൻ ഭാഷകളിൽ പ്രസിദ്ധീകൃതമായിട്ടുള്ളവയാണവ. അബദ്ധമെന്നു പറയത്തക്കതായി അവയിൽ ഒന്നും ഉണ്ടാകുകയില്ല. പ്രശ്നങ്ങളുടെ വിവിധവശങ്ങൾ ഗ്രഹിക്കുന്നതിനും മാറിയ സാഹചര്യങ്ങളിൽ സഭ തൻെറ ചൈതന്യം വീണ്ടെടുത്തു് ക്രിയാത്മകമായ ആഭിമുഖ്യം സ്വീകരിക്കത്തക്കവണ്ണം അവരുടെ മക്കൾ നേരായി ചിന്തിക്കുന്നതിനും ഈ പ്രസംഗങ്ങൾ പ്രചോദനം നൽകുമെന്ന പ്രതീക്ഷയോടെ അവ മലയാളത്തിൽ അവതരിപ്പിക്കുകയാണു.

സി. എം. ഐ. വൈദികവിദ്യാർത്ഥികൾ

മേയ് 1 ബാംഗളൂർ

പോപ്പ് പോൾ ആറാമൻ;
രണ്ടാം സമ്മേളനത്തിലെ
ഉപക്രമപ്രസംഗം.

# സമർപ്പണം

## കൗൺസിലിനു് ജീവാർപ്പണം
## ചെയ്ത ജോൺ പാപ്പായ്ക്കു്

സുഭഗസ്മരണാർഹനും നമുക്കു് അതീവ സ്നേഹപാത്രവുമായ നമ്മുടെ മുൻഗാമി 23-ാം യോഹന്നാൻ പാപ്പായെ ഇത്തരുണത്തിൽ അനുസ്മരിക്കാതിരിക്കുവാൻ നമുക്കു് സാധ്യമല്ല. ഈ സിംഹാസനത്തിൽ അദ്ദേഹത്തെ കണ്ടിട്ടുള്ള നിങ്ങളുടെ സ്മൃതിപഥത്തിൽ, ആ പാവനനാമം വൈദികവും സ്നേഹസമന്വിതവുമായ അദ്ദേഹത്തിൻെറ പ്രതിഛായയെ അനുസ്മരിപ്പിക്കുന്നു. കഴിഞ്ഞ ഒക്ടോബർ 11-നു് (1962) രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ ആദ്യസമ്മേളനം ഉൽഘാടനം ചെയ്തയവസരത്തിൽ അദ്ദേഹം ഒരു പ്രസംഗം ചെയ്തു; നമ്മുടെ ഈ നൂററാണ്ടിലേയ്ക്കുള്ള ഒരു പ്രവചനംപോലെയായിരുന്നു അതു്. തിരുസ്സഭയെ മാത്രമല്ല, മനുഷ്യസമുദായത്തെ മുഴുവനേയും സംബന്ധിക്കുന്നതാണു് ആ പ്രവചനം. ആ പ്രസംഗം ഇന്നും പ്രതിധ്വനിക്കുകയാണു് നമ്മുടെ സ്മൃതിപഥത്തിലും ബോധത്തിലും; അതോടൊപ്പം, കൗൺസിൽ അനുധാവനം ചെയ്യേണ്ട പാതയെ അതു് തെളിയിക്കുകയും ചെയ്യുന്നു. ഈ ദുഷ്കരയാത്രയിൽ നമുക്കനുഭവപ്പെടാവുന്ന ക്ഷീണത്തിൽനിന്നും, സന്ദേഹത്തിൽനിന്നും അതു് നമ്മെ സ്വതന്ത്രരാക്കുന്നുണ്ടു്.

ഓ, വന്ദ്യനും പ്രിയംകരനുമായ യോഹന്നാൻപാപ്പായെ, അങ്ങേയ്ക്കു് ഞങ്ങൾ നന്ദിയും, ആദരവും ആശംസിക്കുന്നു; തീർച്ചയായും ദൈവിക നിവേശനംകൊണ്ടാണു് അങ്ങു് ഈ കൗൺസിൽ വിളിച്ചു കൂട്ടിയിരിക്കുന്നതു്; സഭയിൽ നൂതനചക്രവാളങ്ങൾ തുറക്കുന്നതിനു്; നമ്മുടെ കർത്താവായ മിശിഹായുടെ പഠനത്തിൻേറയും, കൃപയുടേയും കെട്ടിനില്ക്കുന്ന നൂതനജലധാരയെ ഭൂമുഖത്തേയ്ക്കൊഴുക്കുന്നതിനു്.

ഭൗമികോദ്ദേശങ്ങളോടുകൂടിയോ, സാഹചര്യസമ്മർദ്ദങ്ങളാലോ ഒന്നുമല്ല അങ്ങു് ഇതു പ്രവർത്തിച്ചിട്ടുള്ളതു്. ദൈവചിത്തമറിഞ്ഞവനെപ്പോലെയോ, നമ്മുടെയുഗത്തിൻെറ എരിപൊരികൊള്ളുന്ന ആവശ്യങ്ങളെ ആഴത്തിൽ മനസ്സിലാക്കിയവനെപ്പോലെയോ ആണു അങ്ങു് പ്രവർത്തിച്ചതു്. ഒന്നാം വത്തിക്കാൻ കൗൺസിലിൻെറ ഇടമുറിഞ്ഞ കണ്ണിയെ അങ്ങു് കൂട്ടിയിണക്കി. പള്ളിയെ ഭരിക്കുന്ന

തിനുള്ള പരമമായ അധികാരങ്ങളെല്ലാം റോമയിലെ പാപ്പായ്ക്കു നൽകപ്പെട്ടിരുന്നു; ഇതു് ഒന്നാം വത്തിക്കാൻ കൗൺസിൽ അംഗീകരിക്കുകയും ചെയ്തു. എന്നാൽ അതിനുശേഷം എങ്ങനെയോ ഒരു തെററിദ്ധാരണ ഉണ്ടാകുവാൻ തുടങ്ങി. സാർവ്വത്രിക സൂനഹദോസുകളുടെ സഹായംകൂടാതെതന്നെ പാപ്പായ്ക്കുള്ള അധികാരങ്ങൾ മാത്രം മതി കാര്യം നടത്തുവാൻ എന്നു് എങ്ങനെയോ ഒരു ധാരണ പുലർന്നുപോന്നു; ഈ അസുഖകരമായ തെററിദ്ധാരണയെ തുടച്ചുനീക്കിയതു അങ്ങുന്നാണു്.

അപ്പസ്തോലന്മാരുടെ പിന്തുടർച്ചക്കാരും അങ്ങയുടെ സഹോദരന്മാരുമായ മെത്രാന്മാരെ അങ്ങു് വിളിച്ചു കൂട്ടിയിരിക്കുന്നു; ഇതു് ഇടയ്ക്കു് മാന്ദ്യം തട്ടിയ പ്രബോധനത്തെ ഊർജ്ജിതപ്പെടുത്തുന്നതിനും ഏകോപിച്ചുള്ള നിയമനിർമ്മാണത്തെ തുടർന്നു കൊണ്ടുപോകുന്നതിനുമാണു്. അതുപോലെതന്നെ ഒരേ ഒരു സമൂഹത്തിൽ ഐക്യപ്പെട്ടുകൊണ്ടു് പാപ്പായോടുകൂടി ചിന്തിക്കുവാനും, ആശ്വാസകരങ്ങളായ നിഗമനങ്ങളിലെത്തിച്ചേരുവാനും, പാപ്പായാൽ നയിക്കപ്പെടുവാനും മെത്രാന്മാർക്കു കഴിയേണ്ടതിനുംകൂടിയാണു്. ''ഇങ്ങനെ ക്രിസ്തീയപഠനത്തിൻെറ വിശുദ്ധ നിക്ഷേപത്തെ പരിരക്ഷിക്കുകയും, കൂടുതൽ ഫലദായകമാംവിധം പഠിപ്പിക്കുകയും ചെയ്യാം.''

(A. A. S. 1962, P. 790)

കൗൺസിലിൻെറ സുപ്രധാന ലക്ഷ്യമായി അങ്ങു് മറെറാന്നുകൂടി ചേർത്തിട്ടുണ്ടല്ലോ; ഇക്കാലത്തിനു് അതു് ഏററവും ആവശ്യവും രക്ഷാകരവുമാണു്; ''കൗൺസിലിൻെറ പ്രാഥമികോദ്ദേശം, സഭയുടെ മൗലികതത്വങ്ങളിൽ ഏതിനെയെങ്കിലുംപററി ചർച്ചചെയ്യുകയെന്നതല്ല, മറിച്ചു്, സഭയുടെ പഠനങ്ങളെ കാലത്തിൻെറ ആവശ്യാനുസരണം എങ്ങനെ അവതരിപ്പിക്കുവാൻ സാധിക്കുമെന്നു് കാണുകയാണു്'' (ibid 791-792) എന്നു് അങ്ങു പ്രസ്താവിച്ചപ്പോൾ അദ്ധ്യാപനാധികാരത്തിലുള്ള അജപാലനത്തിനു് പ്രാധാന്യംകൊടുക്കുകയല്ലേ അങ്ങു് ചെയ്തതു്?

ക്രിസ്തീയതത്വങ്ങളെ സംബന്ധിച്ചിടത്തോളം സഭയുടെ അദ്ധ്യാപനാധികാരത്തെപ്പററിയുള്ള ധാരണകളെ അങ്ങു് ശക്തിപ്പെടുത്തിയിട്ടുണ്ടു്: ക്രിസ്തീയപഠനമെന്നുപറയുന്നതു്, വിശ്വാസത്താൽ പ്രകാശിതമായ ബുദ്ധികൊണ്ടു കണ്ടുപിടിക്കേണ്ട ഒരു സത്യമെന്നതിലും കവിഞ്ഞു്, അതു ജീവിതത്തിനും, പ്രവൃത്തിക്കും ചൈതന്യം നൽകുന്ന വചനമാണു്. അതുകൊണ്ടു തെററുകളെ ശപിക്കുവാൻമാത്രം ഉപയോഗിക്കേണ്ട ഒന്നല്ല സഭയുടെ അധികാരമെന്നും, അതിനുമുപരിയായി സഭയുടെ ഫലപ്രാപ്തിക്കു് ഉപകരിക്കുന്ന, സഭയുടെ സജീവവും അനുലോമവുമായ പഠനങ്ങളെ പ്രഖ്യാപിക്കുന്നതിനായി അധികാരത്തെ പരമാവധി ഉപയോഗിക്കണമെന്ന നമ്മുടെ അഭിപ്രായത്തെ അങ്ങു് സ്ഥിരീകരിച്ചിട്ടുമുണ്ടു്.

തിരുസ്സഭയുടെ അദ്ധ്യാപനോദ്ദേശം വെറും താത്വികമല്ല;

പൂൎണ്ണമായും നിഷേധാത്മകവുമല്ല. അതുകൊണ്ട് ഈ ഉദ്യോഗം മിശിഹായുടെ സന്ദേശത്തിന്റെ ജീവദായകമായ ശക്തിയെ മുന്നേക്കാളധികം ഈ കൗൺസിലിൽ പ്രകടിപ്പിക്കേണ്ടതാണ്. മിശിഹാ പറഞ്ഞിരിക്കുന്നു: ''ഞാൻ നിങ്ങളോടു പറഞ്ഞ വചനങ്ങൾ അരൂപിയും ജീവനുംതന്നെയാണ്''. (യോഹ. 6:64) അതിനാൽ, ഈ കൗൺസിലിന്റെ പിതാക്കന്മാരിൽ പ്രഥമനായിരുന്ന അങ്ങ് ബുദ്ധിപൂർവ്വം നിർദ്ദേശിച്ച മാനദണ്ഡങ്ങളെ ഞങ്ങൾ സദാ അനുസ്മരിക്കുകയും, അവയെ വീണ്ടും ഇവിടെ ആവൎത്തിക്കുകയും ചെയ്യുന്നു.

പഴമയെപ്പററിമാത്രമേ നമുക്കു ചിന്തിക്കാനുള്ളു എന്നമട്ടിൽ നമ്മുടെ വിശ്വാസമാകുന്ന നിക്ഷേപത്തെ സൂക്ഷിക്കുക മാത്രമല്ല നമ്മുടെ ധർമ്മം; നമ്മുടെ യുഗം നമ്മിൽനിന്നും ആവശ്യപ്പെടുന്ന ജോലിയിൽ തീക്ഷ്ണമായ ആഗ്രഹത്തോടുകൂടി ഭയലേശമെന്യേ വ്യാപൃതരായിരിക്കുകയെന്നതും അനുപേക്ഷണീയമാണ്. ഇതു സാധിക്കേണ്ടതു് ഇരുപതു നൂററാണ്ടുകളോളം സഭ ചരിച്ച മാർഗ്ഗത്തെ അനുധാവനം ചെയ്തുകൊണ്ടാണ്. അതുകൊണ്ട് സത്യത്തെ അവതരിപ്പിക്കുവാൻ ഒരു പ്രത്യേകരീതി നാം അവലംബിക്കേണ്ടതുണ്ട്. അജപാലനത്തിന്റെ സ്വഭാവം വ്യക്തമാക്കുന്ന അദ്ധ്യാപനത്തോട് ഒത്തുപോകുന്ന ഒരു രീതിയായിരിക്കണം അതു് (A.A.S. 1962, PP. 791–792).

ഐക്യത്തിന്റെ ആ വലിയ പ്രശ്നത്തെപ്പററിയും നാം കാര്യമായി പരിഗണിക്കേണ്ടതാണ്; മിശിഹായിൽ വിശ്വസിക്കുന്നവരും തന്റെ സഭയിൽ അംഗങ്ങളായിരിക്കുവാൻ ആഗ്രഹിക്കുന്നവരും ഒന്നുചേർന്നു കാണുകയെന്നതാണീ പ്രശ്നം. എല്ലാവർക്കുമായി വാതിൽ തുറന്നിട്ടിരിക്കുന്ന ഒരു പിതൃഭവനമായി അങ്ങ് സഭയെ സംബോധനചെയ്തതും ഞങ്ങൾ ഇത്തരുണത്തിൽ അനുസ്മരിക്കുന്നു. അങ്ങ് ഉദ്ദർശിച്ച മാർഗ്ഗത്തിലൂടെ, അങ്ങ് ആരംഭിക്കുകയും, ഉത്തേജിപ്പിക്കുകയും ചെയ്ത ഈ കൗൺസിൽ വിശ്വസ്തതാപൂർവ്വം മുന്നേറട്ടെ; അങ്ങ് അതീവം ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്ത ലക്ഷ്യത്തെ ദൈവാനുഗ്രഹത്താൽ അതു പ്രാപിക്കുകയും ചെയ്യട്ടെ. അതുകൊണ്ട് സഹോദരന്മാരെ, നമുക്കു തുടരാം.

പോപ്പ് പോൾ ആറാമൻ.

# മിശിഹാ, കൗൺസിലിന്റെ തുടക്കവും തുടർച്ചയും ലക്ഷ്യവും.

പ്രിയ സഹോദരന്മാരെ, നാം എവിടെനിന്നാണ് തുടങ്ങുന്നതു്? ഇപ്പോൾ പറഞ്ഞ പ്രായോഗിക പരിചിന്തനങ്ങളിലേയ്ക്കു് തല്ക്കാലം തിരിയാതെ നമുക്കു് ദൈവത്തിന്റെ നിയമത്തിലേയ്ക്കു് ശ്രദ്ധയെ ക്ഷണിക്കാം. ഏതാണ് നാം ചരിക്കേണ്ട പാത? എന്താണ് നമ്മുടെ യാത്രയുടെ ലക്ഷ്യം? മനുഷ്യചരിത്രത്തിന്റെ ചട്ടക്കൂട്ടിലൂടെയാണ് നമ്മുടെ പ്രയാണം; കാലത്തിന്റെ അടയാളങ്ങളെ നാം കാണുന്നുണ്ടു്; നമ്മുടെ ഈ ജീവിതത്തിന്റെ പരിമിതികൾ നമ്മുടെ യാത്രയ്ക്കു് ചില നിയതരേഖകൾ വരയ്ക്കുന്നുമുണ്ടു്. എങ്കിലും യാത്രയുടെ അന്ത്യത്തിൽ നാം പ്രാപിക്കുവാനിരിക്കുന്ന പ്രത്യേക ലക്ഷ്യം ഓരോനിമിഷവും നമുക്കു് ഉത്തേജനം നൽകേണ്ടതാണ്.

നിസ്സാരമെങ്കിലും, സർവ്വപ്രകാരേണയും പ്രാധാന്യമർഹിക്കുന്ന മേലുന്നയിച്ച മൂന്നു ചോദ്യത്തിനും ഒരേ ഒരു ഉത്തരമേയുള്ളു; ഈ ഉത്തരം നമ്മുടെ ഹൃദയഭിത്തികളിൽ തട്ടി പ്രതിധ്വനിക്കണം; പോരാ, അതു് നാം നമ്മുടെ ചുററുമുള്ള ലോകത്തിൽ പ്രഘോഷിക്കുകയും ചെയ്യണം; ആ ചോദ്യങ്ങളുടെ ഉത്തരം ക്രിസ്തുതന്നെയാണ്; ക്രിസ്തുവിൽനിന്നും നാം ആരംഭിക്കുന്നു; ക്രിസ്തുവാകുന്നു നാം ചരിക്കുന്ന പാതയും, പാതതെളിക്കുന്നവനും; ക്രിസ്തുവാകുന്നു നമ്മുടെ പ്രതീക്ഷയും അന്തിമലക്ഷ്യവും.

നമ്മളും ഈശോമിശിഹായുമായുള്ള ഈ ബന്ധത്തെപ്പററി ഈ കൗൺസിൽ, പൂർണ്ണമായ ധാരണ പുലർത്തട്ടെ. ഈ ബന്ധത്തിനു് ബഹുമുഖങ്ങളായ പല വശങ്ങളുണ്ടു്; എങ്കിലും അതു ഒന്നുതന്നെയാണ്; അതു് സ്ഥിരമാണ്; എങ്കിലും അതു് ചലനത്തിന്റേയും ജീവന്റേയും ഉറവിടവുമാണ്; രഹസ്യപൂർണ്ണമാണ്; എന്നാലും സുവ്യക്തമായതാണ്; ഈ ബന്ധം നമ്മിൽനിന്നും വളരെയൊക്കെയാവശ്യപ്പെടുന്നതാണ്; എന്നിരുന്നാലും അതു് നമ്മെ ആനന്ദഭരിതരാക്കുന്നു. യഥാർത്ഥത്തിൽ നാമോരോരുത്തരും ചേരുന്ന, പരിശുദ്ധവും സജീവവുമായ സഭയും, മിശിഹായും തമ്മിലുള്ള ഈ ബന്ധത്തെപ്പററി കൗൺസിൽ അവഗാഢം ബോധമുള്ളതായിരിക്കേണ്ടതാണ്. കാരണം, നാം മിശിഹായിൽനിന്നും വരുന്നു; മിശിഹായിൽ നാം ജീവിക്കുന്നു, മിശിഹായിലേയ്ക്കുതന്നെ നാം പ്രയാണവും ചെയ്യുന്നു.

ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവല്ലാതെ മറെറാരു മാർഗ്ഗദീപവും നമ്മുടെ ഈ സമൂഹത്തിനുണ്ടാകാതിരിക്കട്ടെ. നമ്മുടെ ഏകഗുരുവായ കർത്താവിന്റെ വാക്കുകളിലേയ്ക്കല്ലാതെ മററു യാതൊരു

സത്യത്തിലേക്കും നമ്മുടെ ശ്രദ്ധ തിരിയാതിരിക്കട്ടെ. അവിടത്തോട് അവികലം വിശ്വസ്തരായിരിക്കുകയെന്നതല്ലാതെ മററു യാതൊരുദ്ദേശവും നമ്മെ നയിക്കാതെയുമിരിക്കട്ടെ. മിശിഹായുടെ വചനങ്ങളിൽ അടിസ്ഥാനമുറപ്പിച്ച് നമ്മെ നിലനിർത്തുന്നതായിരിക്കട്ടെ നമ്മുടെ വിശ്വസ്തത. കാരണം ആ വചനങ്ങളത്രെ നമ്മുടെ ദയനീയമായ ബലഹീനതയെ ജയിച്ച് നമ്മെ ഒരു സങ്കേതത്തിലെത്തിക്കുന്നത്. "കണ്ടാലും ലോകാവസാനംവരെയും ഞാൻ നിങ്ങളോടുകൂടിയുണ്ടായിരിക്കും". (മത്താ. 28: 30)

വി. ആരാധനക്രമത്തിൽ പറയുന്നതുപോലെ, "മിശിഹായെ, അങ്ങുമാത്രമാണ് ഞങ്ങൾക്കാലംബമെന്നു ഞങ്ങൾ അറിയുന്നു; ശുദ്ധവും, നേരായതുമായ ഉദ്ദേശത്തോടുകൂടി ഞങ്ങൾ നിന്നെ അന്വേഷിക്കുന്നു; ഞങ്ങളുടെ ഹൃദയവികാരങ്ങളെ ഓക്ണെമേയെന്നു് ഞങ്ങളുടെ സന്തോഷത്തിലും സങ്കടത്തിലും ഞങ്ങൾ അങ്ങയോട് യാചിക്കുന്നു" (ബുധനാഴ്ചനമസ്കാരക്രമത്തിലെ സ്തുതികീർത്തനം) ഈ അവസരത്തിൽ ഇങ്ങനെയൊരു യാചന നമ്മുടെ കർത്താവായ ഈശോമിശിഹായോട് നടത്തുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ നന്നായിരുന്നു.

നാം മിശിഹായിലേയ്ക്കു് തിരിയുമ്പോൾ കാണുന്നത്, അവിടന്നു് സർവ്വശക്തനായി (Pantocrator) തൻെറ മഹിമപ്രതാപത്തോടുകൂടി സ്വയം നമുക്കു് വെളിപ്പെടുന്നതായിട്ടാണ്. പൗരസ്ത്യവും പാശ്ചാത്യവുമായ സഭകളിലെ വന്ദ്യസഹോദരരെ, പ്രതാപവാനായ ഈശോമിശിഹാ നമ്മുടെ ദേവാലയങ്ങളുടെ അതിനാഥനാണ്.

നമ്മുടെ മുൻഗാമിയായ രണ്ടാം ഹൊണോരിയൂസ് പാപ്പായിൽ കാണാമായിരുന്ന വിനയാനപിതനായ ആരാധകൻെറ ചിത്രം നമ്മുടെ ഇടയിലും ഏറെക്കുറെ ദൃശ്യമാണ്. വി. പൗലോസിൻെറ ബസ്ലീക്കായിൽ, നമ്മുടെ കർത്താവിൻെറ ഒരു മൊസെയിക് ചിത്രത്തിനുമുമ്പിൽ ആരാധിച്ചുകൊണ്ടു് നില്ക്കുന്നതായിട്ടാണ് അദ്ദേഹത്തെ ചിത്രീകരിച്ചിരിക്കുന്നത്. കൃശഗാത്രനായ ആ പാപ്പാ മിശിഹായുടെ ദിവ്യാകരമായ ആ രൂപത്തിൻെറ പാദങ്ങളെ കുനിഞ്ഞു ചുംബിക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നു. ഈ മിശിഹാ, രാജകീയ പ്രാഭവമുള്ള ഒരു ഗുരുവിനെപ്പോലെ ആ ബസ്ലീക്കായിൽ സമ്മേളിക്കുന്നവരെ ആശീർവദിച്ചുകൊണ്ടു് നിലകൊള്ളുന്നു. ഇതു സഭയുടെ ഒരു പ്രതീകമാണ്.

വാസ്തവത്തിൽ ഈ ചിത്രം ഇന്നു് നമ്മുടെയിടയിൽ ദൃശ്യമാണ്; ചായക്കൂട്ടുകൊണ്ടു് ഭിത്തിയിൽ വരച്ചിരിക്കുന്ന രീതിയിലല്ല, ചിത്രമുൾക്കൊള്ളുന്ന യാഥാർത്ഥ്യമാണിവിടെയെന്നുമാത്രം. സമുദ്ധരിക്കപ്പെട്ട മനുഷ്യവംശത്തിൻെറ ആദ്യബിന്ദു മിശിഹായിൽ ആയിട്ടാണ് ഈ യാഥാർത്ഥ്യത്തിൽ ദൃശ്യമാകുന്നത്. സഭയും മിശിഹാ

യിൽ ആയിരിക്കുന്നതായി ഈ യാഥാർത്ഥ്യത്തിൽ കാണുവാൻ കഴിയും. ഭൗമികവും സ്വർഗ്ഗീയവുമായ മിശിഹായുടെ തുടർച്ചയും വ്യാപ്തിയും, സഭയിലുള്ളതായി ഈ യാഥാർത്ഥ്യത്തിൽ ദൃശ്യമാണ്. വി. യോഹന്നാൻെറ വെളിപാടിലെ കാഴ്ചയാണ് ഇതു നമ്മെ അനുസ്മരിപ്പിക്കുന്നതു്. ''ജീവൻെറ ജലമൊഴുകുന്ന ഒരു നദി അവനെന്നെ കാണിച്ചു; അതു് അച്ഛസ്ഫടികനിർമ്മലമാണ്; കുഞ്ഞാടിൻേറയും, ദൈവത്തിൻേറയും സിംഹാസനത്തിൽനിന്നുമാണതുത്ഭവിക്കുന്നതു്.''

(വെളി. 22: 1).

ഈ കാഴ്ച, കൗൺസിലിൻെറ പ്രാരംഭവിഷയമായിരിക്കുന്നതു് അവസരോചിതമാണെന്നാണ് നമുക്കു തോന്നുന്നതു്. അല്ലെങ്കിൽ അവിടത്തെ ആശ്ചര്യകരമായ പ്രാഭവത്തിൻെറ ചിത്രംതന്നെയെടുക്കാം. ഇതിൽ നമ്മുടെ കർത്താവായ ഈശോമിശിഹായെ അവതരിച്ച വചനമായും, ദൈവസുതനും മനുഷ്യപുത്രനുമായും, ലോകോദ്ധാരകനായും, മനുഷ്യരാശിയുടെ പ്രതീക്ഷയും അതിനാഥനും, നല്ലയിടയനും ജീവൻെറ അപ്പവുമായും, പ്രധാനാചാര്യനും നമ്മുടെ ബലിവസ്തുവും, ദൈവത്തിനും മനുഷ്യനുംമദ്ധ്യേയുള്ള ഏകമദ്ധ്യസ്ഥനമായും, ലോകരക്ഷകനും, യുഗങ്ങളുടെ രാജാവുമെല്ലാമായി ചിത്രീകരിച്ചിരിക്കുന്നതു കാണാം. അതുപോലെതന്നെ ഈ ചിത്രത്തിൽ ദൃശ്യമാണ്, നമ്മൾ മിശിഹായുടെ തിരഞ്ഞെടുക്കപ്പെട്ടവരും, ശിഷ്യരും, ശ്ലീഹന്മാരും, അവിടത്തെ സാക്ഷികളും, ശുശ്രൂഷകരും, പ്രതിനിധികളുമാണെന്ന്; മാത്രമല്ല, എല്ലാ വിശ്വാസികളോടും ചേർന്ന്, നമ്മൾ അവിടത്തെ സജീവ അവയവങ്ങളായി, അവിടത്തെ സഭയാകുന്ന ഏകവും പരമവുമായ മൗതികശരീരത്തിൽ ഏകീഭവിച്ചിരിക്കുന്നവരാണെന്നും; മനുഷ്യരാശിയുടെ തലമുറകൾതോറും, വിശ്വാസം, ക്രൂദാശകളാദിയായവയാൽ ഈ സഭയെ പരിരക്ഷിക്കുന്നതോ മിശിഹാ മാത്രമാണെന്നും; ഈ സഭയാകട്ടെ ആദ്ധ്യാത്മികവും, ദൃശ്യവും, സാഹോദര്യവും പരിശുദ്ധാധികാരമുള്ളതുമാണെന്നും; ഇന്ന് കാലികവും നാളെ സനാതനവുമാണെന്നുകൂടി അതു വ്യക്തമാക്കുന്നു.

വന്ദ്യസഹോദരരെ, സുപ്രധാനങ്ങളായ ഈ യാഥാർത്ഥ്യങ്ങളെ അനുസ്മരിക്കുവിൻ; മിശിഹാ നമ്മുടെ സ്ഥാപകനാണ്; നമ്മുടെ ശിരസ്സാണ്; അവിടന്നു് അദൃശ്യനാണ്, എങ്കിലും യഥാർത്ഥത്തിൽ ഉള്ളവനാണ്. നമ്മൾ മിശിഹായിൽനിന്നുമാണ് സകലവും കൈക്കൊള്ളുന്നതു്. നാം അവിടത്തോടുകൂടി ചേർന്നുകൊണ്ടു് പൂർണ്ണനായ മിശിഹായെ ഉരുവാക്കുന്നു— പൂർണ്ണനായ ഈ ക്രിസ്തുവിനെ, വി. അഗസ്തീനോസിൻെറ ലിഖിതങ്ങളിലും, സഭയുടെ സർവ്വപഠനങ്ങളിലും നമുക്കു കാണുവാൻ കഴിയുന്നുണ്ടു്. ഇതു് നമ്മുടെ സ്മൃതിപഥത്തിലുണ്ടായിരിക്കുമെങ്കിൽ, ഈ കൗൺസിലിൻെറ പ്രധാന ഉദ്ദേശങ്ങളെന്തൊക്കെയെന്നു് നമുക്കു് നന്നായി മനസ്സിലാക്കുവാൻ കഴിയും.

സംക്ഷിപ്തമായിരിക്കുന്നതിനും നന്നായി മനസ്സിലാക്കുന്നതിനുമായി ആ ഉദ്ദേശങ്ങളെ നാലു പ്രധാന ആശയങ്ങളിലാക്കി ഇവിടെ കുറിക്കുന്നു:

1. സഭയുടെ ആത്മബോധം (Self- awareness)
2. അവളുടെ നവീകരണം (Renewal)
3. ക്രൈസ്തവ ഐക്യം (Unity of Christians)
4. ആധുനികലോകവുമായുള്ള സഭയുടെ സംഭാഷണം (Dialogue)

---

3296

ഒന്നാം ഭാഗം

# സഭയുടെ ആത്മബോധം

## 1 പോാം ആറാമൻ റോമിൻെറ മെത്രാൻ.

## നാം സാധിക്കേണ്ടതു്

സഭയ്ക്കു് കൂടുതൽ സമഗ്രമായ ഒരു നിർവ്വചനം ഉണ്ടാകണമെന്ന അവളുടെ ആഗ്രഹത്തേയും ആവശ്യത്തേയും കത്തവ്യത്തേയും കുറിച്ചു യാതൊരു സംശയത്തിനുമാവശ്യമില്ല. വി. ഗ്രന്ഥത്തിലേയ്ക്കു് നാം ഒന്നു തിരിഞ്ഞുനോക്കുന്നതായാൽ സഭയെ ചില മനോഹര പ്രതീകങ്ങളിൽ വർണ്ണിച്ചിരിക്കുന്നതു കാണാം: മിശിഹായാൽ പടുത്തുയർത്തപ്പെട്ട മാളിക, ദൈവത്തിൻെറ ഭവനം, ദൈവത്തിൻെറ ആലയം, കൂടാരം, അവിടത്തെ ജനം, അജഗണം, ദൈവത്തിൻെറ മുന്തിരിച്ചെടി, വയൽ, അവിടത്തെ പട്ടണം, സത്യസ്തംഭം, മിശിഹായുടെ മണവാട്ടി, മൗതികശരീരം തുടങ്ങിയ സഭയെപ്പററിയുള്ള വി. ഗ്രന്ഥസാക്ഷ്യങ്ങരം നമുക്കു് സുപരിചിതങ്ങളാണു്.

ഈ പ്രതീകങ്ങളെക്കുറിച്ചു് അവഗാഢം ചിന്തിക്കുമ്പോാം സഭയെ എങ്ങിനെയാണു് മനസ്സിലാക്കേണ്ടതെന്നു വ്യക്തമാകും. സഭ, ചരിത്രത്തിൽ ഉടലെടുത്തതു് ദൃശ്യവും ക്രമീകൃതമായ ഭരണക്രമവുമുള്ള ഒരു സമൂഹമായിട്ടാണു്. വളരെ നിഗൂഢമായ ഒരു ജീവശക്തിയാണു് അവളെ ജീവിപ്പിച്ചുകൊണ്ടുപോകുന്നതു്. ഭാഗ്യസ്മരണാർഹനായ 12-ാം പീയൂസിൻെറ ''മിശിഹായുടെ മൗതികശരീരം'' എന്നാരംഭിക്കുന്ന സുപ്രസിദ്ധ വിശ്വലേഖനം സഭയുടെ സ്വഭാവത്തെ സംപൂർണ്ണമായ ഒരു താത്വികാടിസ്ഥാനത്തിൽ പ്രകടിപ്പിക്കുവാനുള്ള അവളുടെ അഭിലാഷത്തെ കുറെയൊക്കെ തൃപ്തിപ്പെടുത്തിയിട്ടുണ്ടു്. അതുപോലെതന്നെ കൂടുതൽ സമ്യക്കായ ഒരു നിർവ്വച

നം നൽകുവാൻ പ്രചോദനം പ്രദാനം ചെയ്യുന്നതിനും പ്രസ്തുത വിശ്വലേഖനത്തിനു സാധിച്ചിട്ടുണ്ട്.

ഒന്നാം വത്തിക്കാൻ സാർവ്വത്രികസമ്മേളനവും ഈ വിഷയം കൈകാര്യം ചെയ്തിട്ടുണ്ട്. സഭയ്ക്കകത്തും പുറത്തുമുള്ള ബുദ്ധിജീവികളെ ശ്രവിക്കുന്നതിന് ബാഹ്യപ്രേരണകൾ അവളെ നിർബന്ധിച്ചിട്ടുണ്ട്. ഭൗതികവസ്തുക്കളോട് ബന്ധപ്പെട്ടുള്ള സാമൂഹിക ജീവിതത്തിന്റെ വളർച്ച, ആശയവിനിമയോപാധികളുടെ വർദ്ധനവ്, ദൈവിക വെളിപാട് വെളിപ്പെടുത്തുന്ന ഏകവും പൂർണ്ണവുമായ സഭയുടെ സ്വഭാവത്തിൽ വിവിധ ക്രൈസ്തവസഭകളെക്കുറിച്ച് വിധി പറയേണ്ടതിന്റെ ആവശ്യകത, മുതലായവ ഈ ബാഹ്യപ്രേരണകളിൽ ചിലതുമാത്രമാണ്.

ക്രിസ്തുവിന്റെ മതസ്ഥാപനത്തിനു ശേഷം, ഈ കഴിഞ്ഞ 20 നൂററാണ്ടുകൊണ്ട് കത്തോലിക്കാസഭയും ക്രൈസ്തവസഭകൾ എന്നറിയപ്പെടുന്ന മററു മതസമൂഹങ്ങളും എല്ലാ രാജ്യത്തും വ്യാപിച്ചിട്ടുണ്ട്. സഭ ക്രിസ്തു തന്നെ സ്ഥാപിച്ചതാണ്. അപ്പസ്തോലന്മാരാണ് അവളെ ആദ്യമായി പ്രചരിപ്പിച്ചതും. എങ്കിലും ഇന്നും സഭയെ യഥാർത്ഥത്തിൽ അവളായിരിക്കുന്നവിധം തന്നെ അവതരിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. അതിൽ അത്ഭുതപ്പെടാനുമില്ല. സഭയുടെ പൂർണ്ണവും നിഗൂഢവുമായ സത്യങ്ങളെ ഇനിയും വെളിച്ചത്തുകൊണ്ടുവരേണ്ടതായിട്ടാണിരിക്കുന്നതു്. കാരണമുണ്ട്. സഭ ഒരു നിഗൂഢരഹസ്യമാണ്. അദൃശ്യനായ ദൈവത്തെ ആഗീരണം ചെയ്തിരിക്കുന്ന ഒരു യാഥാർത്ഥ്യമാണ് സഭ. ആ നിലയ്ക്ക് സഭ, തന്റെ സ്വഭാവത്താൽതന്നെ നവീനവും വിപുലവുമായ മണ്ഡലങ്ങളിലേയ്ക്ക് സദാ വാതിൽ തുറന്നിട്ടിരിക്കുന്നവളാണ്.

എപ്പോഴും പുരോഗതിയിൽ നിന്നും പുരോഗതിയിലേയ്ക്ക് നീങ്ങുകയാണ് മനുഷ്യന്റെ ചിന്ത. പദാർത്ഥങ്ങളുടെ പ്രതിഭാസങ്ങളിൽ നിന്നും അവൻ ശാസ്ത്രീയ സത്യങ്ങൾ കണ്ടുപിടിക്കുന്നു; ഒരു സത്യത്തിൽ നിന്നും മറെറാരു സത്യത്തിലേയ്ക്ക് അവന്റെ യുക്തി അവനെ നയിക്കുന്നു. പദാർത്ഥങ്ങൾ, സ്ഥായിയുടേയും സങ്കീർണ്ണതയുടേയും മുൻപിൽ അവൻ ചിലപ്പോൾ അവയുടെ ഒരു വശവും പിന്നീട് വേറൊരു വശവും മാറിമാറി പരിശോധിക്കുകയാണ്. മനുഷ്യന്റെ ചിന്ത ഇങ്ങനെയാണ് പുരോഗമിക്കുന്നതു്. ചരിത്രത്തിന്റെ താളുകളിൽ നിന്നും ഈ പരിണാമഗതി മനസ്സിലാക്കുവാൻ സാധിക്കും.

ക്രിസ്തുവിന്റെ സഭയെ സംബന്ധിക്കുന്ന സത്യങ്ങളെ കൂടുതൽ കൂടുതലായി ഗവേഷണവിധേയമാക്കുവാനും, ക്രമവൽക്കരിക്കുവാനും, പരിശോധിക്കുവാനുമുള്ള സമയമായി എന്നാണ് നമുക്കു തോന്നുന്നതു്. എന്നാൽ ഇതു വിശ്വാസസത്യങ്ങളെ നിർവ്വചിക്കുവാനെന്നവിധത്തിലാകരുതെന്നു് നമുക്ക് നിഷ്കർഷയുണ്ട്. മറിച്ച് സഭ എന്തായിരിക്കണമെന്നു് അവൾ ആഗ്രഹിക്കുന്നുവോ അതു്, വ്യക്ത

വും ഗൗരവവുമായ പഠനങ്ങളിൽക്കൂടി പ്രകടിപ്പിക്കുകയെന്നതുമാത്രമാണ് ചെയ്യേണ്ടതു്.

മിശിഹായുടെ വചനങ്ങളും ചിന്തകളുമായി വിശ്വസ്തമായ സാരൂപ്യം പ്രാപിച്ചുകൊണ്ടാണ്, സഭ അവളെക്കുറിച്ചുതന്നെയുള്ള അവബോധം കൂടുതൽ വ്യക്തമായ വിധത്തിൽ സാധിക്കുന്നതു്. അതുപോലെ സഭാപാരമ്പര്യങ്ങളെ ആദരവോടു കൂടി ചെവിക്കൊള്ളുകയും പരിശുദ്ധാത്മാവിൻെറ ആന്തരിക പ്രകാശനങ്ങൾക്കു് വിനയപൂർവ്വം വഴങ്ങുകയും വേണം. എന്തുകൊണ്ടെന്നാൽ ഈ പരിശുദ്ധാരൂപി തന്നെ ആവശ്യപ്പെടുന്നു, സഭ, അവളായിരിക്കുന്ന വിധത്തിൽ ലോകത്തിനു് കാണിച്ചുകൊടുക്കുന്നതിനായി ആവും വിധം പരിശ്രമിക്കണമെന്നു്.

ഈ കൗൺസിലിൽ പ്രകടമായി കാണുന്ന, സത്യത്തിൻെറ ചൈതന്യം സഭയുടെ അദ്ധ്യാപനത്തിൻെറ അധികാരത്തെ വളരെയധികം ഉദ്ദീപിപ്പിക്കുന്നുണ്ടു്. ഈ ചൈതന്യം സഭയുടെ പ്രകൃതിയെ സംബന്ധിച്ച് കൂടുതൽ തെളിവായ ഒരു പഠനത്തിനു നിർദ്ദേശിക്കുന്നുമുണ്ടു്. ഇതൊരു നല്ല ലക്ഷണമായി നാം കരുതുന്നു. മിശിഹായുടെ നവവധുവാണ് സഭ. ആ നിലയ്ക്കു് തൻെറ പ്രതിരൂപം മിശിഹായിൽ തന്നെ അവൾ കണ്ടെത്തണം. മണവാളനോടുള്ള ജ്വലിക്കുന്ന സ്നേഹത്താൽ പ്രേരിതയായി സഭ തൻെറ പ്രേമഭാജനത്തിൻെറ യഥാർത്ഥമായ സ്വരൂപം വെളിപ്പെടുത്തുവാൻ ശ്രമിക്കണം. തൻെറ സഭയിൽ പ്രകാശിച്ചുകാണുവാൻ മിശിഹാ പോലും ആഗ്രഹിക്കുന്ന സൗന്ദര്യവും ഈ പ്രതിഫലനമാണ്.

അതുകൊണ്ടു് ഇക്കാരണത്താൽ നമ്മുടെ ഈ സമ്മേളനത്തിൽ കൂടുതൽ പ്രാധാന്യമർഹിക്കുന്നതു് സഭയുടെ യഥാർത്ഥ സ്വഭാവത്തെക്കുറിച്ചുള്ള പരിചിന്തനമാണ്. സഭയ്ക്കു് അവൾ അർഹിക്കുന്ന വിധത്തിലുള്ള ശരിയായ ഒരു രൂപം നൽകുകയും അവളുടെ ബഹുമുഖമായ രക്ഷണീയജോലി വിശദീകരിക്കുന്നതിനു് ഉപകരിക്കുകയും ചെയ്യുന്ന, മാനുഷികഭാഷയിലുള്ള ഒരു നിർവചനം നൽകുന്നതിനു് നമ്മാൽ പാടുള്ള വിധം ശ്രമിക്കുകയെന്നതുമാണ് നമുക്കു ചെയ്യുവാനുള്ളതു്. ദൈവശാസ്ത്രപരമായ ഈ പഠനത്തിനു്, ഒരു പക്ഷെ നമ്മുടെ വേർപെട്ടുനില്ക്കുന്ന സഹോദരന്മാർക്കുകൂടിയും പരിഗണനാർഹമാവുന്ന പരിവർത്തനങ്ങൾ സ്വീകരിക്കുവാൻ കഴിഞ്ഞേക്കാം. ഇങ്ങനെയുള്ള ഒരു പഠനം പരസ്പര യോജിപ്പിനു് സുഖകരമായ വഴിയായിത്തീരുമെന്നു നാം ആത്മാർത്ഥമായും ശരണപ്പെടുന്നു.

പ്രിയ സഹോദരന്മാരെ, ഈ കൗൺസിലിൽ ചർച്ച ചെയ്യപ്പെടേണ്ട വിഭിന്നങ്ങളായ നിരവധി പ്രശ്നങ്ങളുടെ കൂട്ടത്തിൽ ഏററം പ്രധാനമായതും ആദ്യമായി വരുന്നതും ദൈവസഭയുടെ മെത്രാന്മാരെന്ന നിലയിൽ നിങ്ങളെ സംബന്ധിക്കുന്നവയാണ്. റോമ്മാപാപ്പായെക്കുറിച്ചുള്ള ഒന്നാം വത്തിക്കാൻ സൂനഹദോസിൻെറ താത്വികപഠനങ്ങൾ അപ്പടി സ്വീകരിച്ചുകൊണ്ടു് വിശ്വാസത്തോ

ടും പ്രതീക്ഷയോടും കൂടി നമുക്ക് ഈ ചർച്ചയിലേയ്ക്ക് കടക്കാം. ഈ ചർച്ച മെത്രാൻസ്ഥാനത്തേയും, അതിൻെറ കടമകളെയും പത്രോസുമായുള്ള ബന്ധത്തേയും കുറിച്ചുള്ള പഠനങ്ങൾ വിശദീകരിക്കും.

നമ്മെ സംബന്ധിച്ചിടത്തോളം, ആവശ്യമായപൂർണ്ണതയോടു കൂടി മിശിഹാ നമ്മെ ഭരമേല്പിച്ചിരിക്കുന്ന ഉദ്യോഗത്തിൻെറയും അധികാരത്തിൻെറയും പ്രായോഗികവും താത്വികവുമായ നിഗമനങ്ങൾ ഈ ചർച്ച പ്രദാനം ചെയ്യേക്കും. മെത്രാന്മാരായ നമ്മുടെ പ്രിയപ്പെട്ടവരും ബഹുമാനിതരുമായ നിങ്ങളുടെ കാര്യക്ഷമവും ചുമതലാപൂർണ്ണവുമായ സഹകരണം നമ്മുടെ അധികാരത്തിൻെറയും ഉദ്യോഗത്തിൻെറയും നിർവ്വഹണത്തിനു് ഒരു താങ്ങും തണലുമായിരിക്കുകയും ചെയ്യും.

അതിനുശേഷം സഭയുടെ മററു ഘടകങ്ങളിലേയ്ക്ക് നാം കടക്കണം. മൌതികശരീരത്തിൻെറ ഓരോ അവയവത്തേക്കുറിച്ചുമുള്ള പഠനങ്ങൾ കൂടുതൽ വ്യക്തമാക്കണം. സഭ ഒരു തീർത്ഥാടകയാണു്. ഭൂമിയിലെ സഭ സമരസഭയാണു്. ഈ സഭയിലെ വൈദികരെക്കുറിച്ചും സന്യാസിനീസന്യാസികളെക്കുറിച്ചും വിശ്വാസികളെക്കുറിച്ചും സഭയോടു് എല്ലാ പ്രകാരത്തിലും ബന്ധപ്പെട്ടിരിക്കുവാനായി വിളിക്കപ്പെട്ടിട്ടുള്ളവരും, എന്നാൽ നിർഭാഗ്യവശാൽ ഭിന്നിച്ചുനില്ക്കുന്നവരുമായ നമ്മുടെ സഹോദരങ്ങളെക്കുറിച്ചുമുള്ള പഠനങ്ങൾ കൂടുതൽ വ്യക്തമായി ചർച്ചചെയ്യണം.

ഈ കൗൺസിലിൻെറ താത്വികവശത്തിൻെറ പ്രാധാന്യം എല്ലാവർക്കും സ്പഷ്ടമായി ബോദ്ധ്യപ്പെട്ടിട്ടുണ്ടാവും. ഇതിൽ നിന്നും സഭയ്ക്ക് കൂടുതൽ പ്രകാശിതവും സമുന്നതവും വിശുദ്ധീകരിക്കുന്നതുമായ ആത്മബോധം കൈവരുത്തുവാൻ സാധിക്കും. നല്ലവനായ ദൈവം നമ്മുടെ പ്രതീക്ഷകൾ ഫലമണിയിക്കട്ടെ!

---

2 കർദ്ദിനാൾ ലെയോൻ സൂനെൻസ്
മെക്കിളിൻ–ബ്രസ്സെൽസിന്റെ
മെത്രാപ്പോലീത്താ–ബൽജിയം.

# സഭയുടെ അത്ഭുതസിദ്ധിയുടെ വശം

## (Charismatic Dimension)

ക്രൈസ്തവരുടെ അത്ഭുതസിദ്ധിയെക്കുറിച്ചുള്ള പരാമർശം കേട്ടാൽ തോന്നും അതു് സഭയുടെ ജീവിതത്തിൽ ഉപരിപ്ലവവും അപ്രധാനവുമായ എന്തോ ഒരു പ്രതിഭാസമാണെന്നു്. എന്നാൽ മിശിഹായുടെ മൌതികശരീരത്തെ ഉരുവാക്കുന്നതിനു് അത്ഭുതസിദ്ധി (Charism) ആവശ്യമാണു്. അതുകൊണ്ടു് അതിനെ വ്യക്തമായ രീതിയിൽ വിശകലനം ചെയ്യേണ്ടതാണു്. സഭയുടെ പവിത്രാധിപത്യഘടന (Hierarchical Structure) അത്ഭുതവരങ്ങളോടു് യാതൊരു ഗാഢബന്ധവുമില്ലാത്ത ഒരു ഭരണകൂടമാണെന്ന ധാരണ വരാതെനോക്കേണ്ടതു് അത്യാവശ്യമാണു്. കാരണം സഭയുടെ ജീവിതത്തിലിന്നോളം പരിശുദ്ധാത്മാവിയുടെ ദാനങ്ങൾ പ്രകടമാണു്.

നമ്മുടെ നാഥന്റെ പ്രത്യാഗമനംവരെ, സഭ നൂററാണ്ടുകളിലൂടെ തീർത്ഥാടനംചെയ്യുന്ന കാലം പരിശുദ്ധാത്മാവിയുടെ ഭരണമാണു്. ഈ പരിശുദ്ധാത്മാവിയിൽ കൂടിത്തന്നെയാണു് മഹത്വം പ്രാപിച്ച മിശിഹാ തന്റെ പ്രത്യാഗമനത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ജനത്തെ ഒന്നിപ്പിക്കുവാനിരിക്കുന്നതും. ബലഹീനരും പാപികളുമായ തന്റെ ജനത്തെ മിശിഹാ വിശുദ്ധീകരിക്കുകയും ജീവിപ്പിക്കുകയും സത്യത്തിലേയ്ക്കു് നയിക്കുകയും ചെയ്യുന്നതു് പരിശുദ്ധാത്മാവിയിലൂടെയാണു്. സഭയുടെ ആദ്യഫലവും (റോമാ. 8–23) മുദ്രയും (2 കോറ. 1–22, 5–5) പരിശുദ്ധാത്മാവിയാണു്. അതുകൊണ്ടാണു് സഭയെ ആത്മാവുമൂലമുള്ള ദൈവത്തിന്റെ വാസസ്ഥലമെന്നു് വിളിക്കുന്നതു് (അപ്പെ. 2–22)

ഇതിൽ നിന്നും ഒന്നു വ്യക്തമാണു്. പരിശുദ്ധാത്മാവിയെ നൽകിയിട്ടുള്ളതു് അജപാലകന്മാർക്കു മാത്രമല്ല. ഓരോ അജത്തിനും

ഈ വരം നൽകപ്പെട്ടിട്ടുണ്ട്. വിശുദ്ധ ശ്ലീഹാ കോറിന്തോസുകാരോടു ചോദിക്കുന്നു: ''നിങ്ങൾ ദൈവത്തിൻെറ ആലയമാകുന്നുവെന്നും ദൈവാത്മാവു് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലയോ?'' (1 കോറ. 3–16.)

വിശ്വാസവെളിച്ചം നമ്മിൽ വീശുന്ന ജ്ഞാനസ്നാനമെന്ന കൂദാശവഴി എല്ലാ ക്രൈസ്തവരും പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നു. ''ജീവനുള്ള കല്ലുകൾ'' (Living Stones) എന്നു വിളിക്കപ്പെടുന്ന എല്ലാ ക്രൈസ്തവരും ആത്മീയ ദൈവാലയങ്ങളായി(Oikos Pneumatics) (1 പത്രോ. 2–5) പണിയപ്പെടണം. അതുകൊണ്ടു് സഭ മുഖ്യമായും അരൂപിക്കടുത്ത ഒരു സ്ഥാപനമാണു്. അതൊരു ആദ്ധ്യാത്മിക യാഥാത്ഥ്യമത്രെ. അതുതന്നെയും വി. ശ്ലീഹാ പറയുന്നതുപോലെ ശ്ലീഹന്മാരുടെ മേൽ മാത്രം പണിയപ്പെട്ട സ്ഥാപനമല്ല. പ്രവാചകന്മാരുടെയും അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്ന ഒന്നാണതു് (അപ്പെ. 2–20). പുതിയ നിയമത്തിലെ സഭയ്ക്കു് ദൈവം ചിലരെ ശ്ലീഹന്മാരായും, ചിലരെ പ്രവാചകന്മാരായും ചിലരെ ഇടയന്മാരായും ചിലരെ ഉപദേഷ്ടാക്കളായും തന്നു. (അപ്പെ. 4–11, 3–5)

സഭയിൽ പരിശുദ്ധാത്മാവു് സ്വയം പ്രകാശിപ്പിക്കുന്നതു് തൻെറ ആത്മീയദാനങ്ങളിലൂടെയുംഅവയുടെ ബാഹുല്യത്തിലുംസമൃദ്ധിയിലൂടെയുമാണു്. വി. ഗ്രന്ഥം ''ആത്മീയവരങ്ങൾ'' (Pneumatika) എന്നും അത്ഭുതസിദ്ധി (Charism) യെന്നും പരിശുദ്ധാത്മാവിൻെറ ഈ ദാനങ്ങളെ വിളിക്കുന്നു.(റോമാ. 12–6, 1 കോറ.12–1, 14-1, 12-4, 12-9, 28, 30 ff, 1 തിമോ. 4-14, 2 തിമോ, 1–6, 1 പത്രോ. 4-10). വി. ശ്ലീഹായുടെ കാലത്തുപോലും അസാധാരണവും ആശ്ചര്യകരവുമായ ഭാഷാവരവും (1 കോറ. 12-10, 28, 30, 14–18, 26, നടപടി 19–6) രോഗശാന്തിയുടെ വരങ്ങളും (1കോറ. 12-9, 28, 30, 1 കോറ, 12–10 12-28 ff, ഗലേ. 3–5) സഭയിൽ കാണപ്പെട്ടിരുന്നു. പരിശുദ്ധത്മാവിൻെറ വരങ്ങൾ മേൽപറഞ്ഞ തരത്തിലുള്ള അസാധാരണവും ആശ്ചര്യകരവുമായ ഭാവങ്ങളിൽ മാത്രമെയുള്ള എന്നോ പ്രധാനമായും ഇത്തരം വരങ്ങളിലാണു് അടങ്ങിയിരിക്കുന്നതെന്നോ നാം ചിന്തിച്ചു വശാകരുതു്. വി. ശ്ലീഹാ പലതരത്തിലുള്ള ദാനങ്ങളെക്കുറിച്ചു് പറയുന്നുണ്ടു്. കോറിന്തോസുകാർക്കുള്ളലേഖനത്തിൽ 'വിജ്ഞാനത്തിൻെറയും' 'വിവേകഭാഷണത്തിൻെറയും' ദാനങ്ങളെക്കുറിച്ചും വിശ്വാസത്തിൻെറ സിദ്ധിയെക്കുറിച്ചും പറഞ്ഞിരിക്കുന്നതായി കാണാം. (1 കോറ. 12-8, 9.) വീണ്ടും അദ്ധ്യാപനത്തിൻെറ വരത്തേയും, അതുപോലെ മനുഷ്യഹൃദയങ്ങളെ ഇളക്കുകയോ ആശ്വസിപ്പിക്കുകയോ ചെയ്യുന്നതിനുള്ള വരത്തേയും (റോമാ. 12-8) 'ശുശ്രൂഷയുടെ വരത്തേയും' (റോമാ. 12-7) 'ആത്മാക്കളുടെ നന്മതിന്മ വിവേചനത്തിനുള്ള വരത്തേയും, (1 കോറ. 12-10) 'സഹായികളുടെയും'

'നായകന്മാരുടെയും' മററും വരത്തേക്കുറിച്ചും മററും വി. ശ്ലീഹാ സാക്ഷിക്കുന്നുണ്ട്.

വി. ശ്ലീഹായുടെ വീക്ഷണത്തിൽ ക്രിസ്തുവിൻെറ സഭ വെറും ഒരു ഭരണസമിതിയല്ല. മറിച്ച് ദാനങ്ങളാലും, വരങ്ങളാലും സേവനങ്ങളാലും ജീവിക്കുന്ന ഒരു സ്ഥാപനമാണ്. ഓരോ ക്രൈസ്തവനും ഈ വരങ്ങളുടെ ആത്മാവിനെ നൽകിയിട്ടുണ്ട്. ഓരോരുത്തർക്കും ദൈവത്തിൻെറ അനന്തകാരുണ്യം നിശ്ചയിച്ചിരിക്കുന്ന വിധത്തിൽ വിവിധങ്ങളായ ദാനങ്ങൾ ഈ ആത്മാവ് നൽകുന്നു. (റോമാ. 12:6) ഈ ആത്മാവിൻെറ വെളിപാട് ഓരോരുത്തനും പ്രയോജനകരമായ വിധത്തിൽ ഓരോരുത്തരിലും കാണാം. (1 കോറ. 12–7)സഭയുടെ "ആത്മീയവർദ്ധനവി''നായിട്ടാണിതെന്ന് വി.ശ്ലീഹാതന്നെ പറയുന്നു. (1 കോറ. 14:12) അഭ്യസ്തവിദ്യനും നിരക്ഷരകുക്ഷിക്കും, അനുദിനജീവിതത്തിൽ അവനവൻേറതായ ദാനങ്ങളുണ്ട്. വി. ശ്ലീഹാതന്നെ പറയുന്നതുപോലെ ഇവയെല്ലാം 'ആത്മീയപോഷണ'ത്തെയാണ് ലക്ഷ്യം വച്ചിരിക്കുന്നത് (1 കോറ 12:26, 14:3–5)

വി. ശ്ലീഹായെ നമുക്ക് ഒന്നുകൂടി ശ്രവിക്കാം. "ദൈവം തൻെറ സഭയിൽ ആദ്യമേ ശ്ലീഹന്മാരേയും അവർക്കു പിമ്പേ പ്രവാചകന്മാരേയും അവർക്കും പിമ്പേ ഉപദേഷ്ടാക്കളേയും — — — സ്ഥാപിച്ചിരിക്കുന്നു.'' "എല്ലാവരും ശ്ലീഹന്മാരോ? എല്ലാവരും ഉപദേഷ്ടാക്കളോ?'' (1കോറ. 12:28 ff)

ആ നിലയ്ക്കു് അപ്പസ്തോലന്മാരേയും അവരുടെ അനുഗാമികളേയുംപററി മാത്രം ചർച്ചചെയ്യുകയും പ്രവാചകനേയും ഉപദേഷ്ടാക്കളേയും കുറിച്ച് മൗനം പാലിക്കുകയും ചെയ്താൽ അതു ക്ഷന്തവ്യമല്ല. ഇവരെ മാററിനിറുത്തിക്കൊണ്ടുള്ള ഒരു പ്രസ്താവന പ്രാധാന്യമർഹിക്കുന്ന പലതിനോടും അനീതി കാണിക്കുമെന്ന് പറയാതിരിക്കുവാൻ നിർവ്വാഹമില്ല.

ഉപദേഷ്ടാക്കളുടേയും ദൈവശാസ്ത്രജ്ഞന്മാരുടേയും വരങ്ങളില്ലാതെ നമ്മുടെ സഭ എന്തായിരിക്കും? പ്രവചനത്തിൻെറ ദാനമില്ലാതിരുന്നെങ്കിൽ സഭയുടെ രൂപമെന്താകുമായിരുന്നു? പരിശുദ്ധാത്മാവിൻെറ പ്രചോദനത്താൽ അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങളിൽ ഉറങ്ങിക്കിടക്കുന്ന സഭയെ തട്ടിയുണർത്തിയിരുന്നതു് പ്രവാചകന്മാരും ഉപദേഷ്ടാക്കളുമാണ്. ഇവരാണ് സുവിശേഷപഠനങ്ങൾക്ക് എതിരായി സഭ നീങ്ങിക്കൊണ്ടിരിക്കുമ്പോൾ അവളെ കൈയ്ക്കുപിടിച്ച് നേർവഴിയിലേയ്ക്കു് തിരിച്ചുവിടേണ്ടതും.

വി. തോമ്മാസ്സ് അക്വിനാസിൻേറയും അസ്സീസിയിലെ ഫ്റാൻസീസിൻേറയും കാലത്തോ; അതുമല്ലെങ്കിൽ കഴിഞ്ഞകാലങ്ങളിലോ മാത്രമല്ല ഇത്തരം ദാനം സഭയ്ക്കു് ആവശ്യമായിരുന്നത്. ഇന്നും അവൾക്ക് പ്രവചനത്തിൻേറയും ഉപദേഷ്ടാവിൻേറയും മററു ഉദ്യോഗങ്ങളുടേയും ദാനം അന്നത്തേപ്പോലെ ആവശ്യമാണ്.

അതുകൊണ്ട് അപൂർവ്വവും അസാധാരണവുമായ വരങ്ങളെ ഒഴിച്ചു നിറുത്തിസർവ്വസാധാരണവും അവശ്യാവശ്യവുമായ ദാനങ്ങളിലേക്കും (Charisms) കടക്കാം. നമ്മുടെ ഓരോരുത്തരുടേയും രൂപതകളിലേക്കു ഒന്നു തിരിഞ്ഞുനോക്കുകയാണെങ്കിൽ നമ്മുടെ കർത്താവിനാൽ പ്രത്യേകവിധം വിളിക്കപ്പെട്ടവരും നിരവധി ദാനങ്ങളാൽ നിറഞ്ഞവരുമായ അത്മായരായ സ്ത്രീപുരുഷന്മാരെ നമുക്കു കാണുവാൻ സാധിക്കുകയില്ലേ? അവർ വേദോപദേശം പഠിപ്പിക്കുന്നവരായിരിക്കാം. വി. സുവിശേഷം പ്രസംഗിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവരാവാം. അതുമല്ലെങ്കിൽ ഏതെങ്കിലും പരസ്നേഹപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരാണെന്നും വരാം. സഭയിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം കെട്ടടിഞ്ഞിട്ടില്ലെന്ന് നമ്മുടെ അനുദിന ജീവിതാനുഭവങ്ങളിൽ കാണുകയും അറിയുകയും ചെയ്യുന്നില്ലേ?

സഭയിൽ ദാനങ്ങൾ അജപാലനത്തിന്റെ ഉദ്യോഗത്തോട് യോജിച്ചുപോകണം. അങ്ങനെയല്ലെങ്കിൽ അവ ക്രമരഹിതങ്ങളായിരിക്കും. അതുപോലെ വരങ്ങളില്ലാത്ത ആചാര്യസ്ഥാനം ഫലശൂന്യവും ശുഷ്ക്കവുമായിരിക്കും.

പ്രാദേശികസഭയുടേയും സാർവ്വത്രിക സഭയുടേയും ആചാര്യന്മാരുടെകർത്തവ്യമാണ്സഭയിലെപരിശുദ്ധാത്മാവിന്റെ, "സിദ്ധി' കൾ കണ്ടുപിടിച്ചു പോഷിപ്പിക്കുക. ആദ്ധ്യാത്മികമായ പ്രേരണ ഇതിനാവശ്യമാണ്.

ഓരോ അത്മായനും അവന്റേതായ ദാനങ്ങളും വരങ്ങളുമുണ്ട്. പലപ്പോഴും അനുദിനജീവിതത്തോട് ബന്ധപ്പെട്ട പല കാര്യങ്ങളിലും വൈദികനെക്കാൾ കൂടുതൽ അനുഭവസമ്പത്തുള്ളത് അത്മായനാണ്. അതുകൊണ്ട് അജപാലന്മാരുടെ കർത്തവ്യമാണ് വിശാലഹൃദയത്തോടുകൂടി അത്മായനെ ശ്രവിക്കുകയും അവനുമായി സമ്പർക്കത്തിലും സംഭാഷണത്തിലും ഏർപ്പെടുകയും ചെയ്യുകയെന്നുള്ളത്.

അവസാനമായി, ആത്മീയനിയന്താക്കളുടെ കടമയാണ് ഉന്നതമായ ദാനങ്ങൾ ഉന്നംവച്ചു പ്രവർത്തിക്കുകയെന്നുള്ളത്. (1കോറ. 12:31.) വളരെ ഉന്നതമായ വരങ്ങളാൽ അനുഗ്രഹിക്കപ്പെട്ടിട്ടുള്ളവർ പോലും അവരുടെ ആത്മീയനിയന്താക്കളോട് ബഹുമാനവും വിധേയത്വവും കാണിക്കുന്നുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. സഭയിൽ അധികാരസ്ഥാനമൊന്നുമില്ലെങ്കിലും വിശ്വാസികളിലും പരിശുദ്ധാത്മാവ് തന്റെ വരങ്ങളും നിവേശനങ്ങളും നിക്ഷേപിച്ചിട്ടുണ്ട്. അതുകൊണ്ട് അവരോട് ബഹുമാനവും മതിപ്പും ഉണ്ടാകേണ്ടതുണ്ട്. വി. ശ്ലീഹാ വിശ്വാസികളേയും അവരുടെ ആത്മീയനിയന്താക്കളേയും ഉത്ബോധിപ്പിക്കുന്നു: "നിങ്ങൾ ആത്മാവിനെ കെടുത്തിക്കളയരുത്. പ്രവചനങ്ങളെ നിങ്ങൾ നിന്ദിക്കരുത്. സകലവും ശോധനചെയ്യുവിൻ. നല്ലതിനെ മുറുകെപ്പിടിക്കുവിൻ. (1തെസ്സ. 5:19–21). ഈ ദാനങ്ങൾ സഭയുടെ ശുശ്രൂഷയ്ക്കും വർദ്ധനവിനും

ഉപകരിപ്പിക്കേണ്ടതു് ദൈവമക്കളുടെ സ്വാതന്ത്ര്യത്തോടുകൂടി വേണം. വി. പൗലോസിനെപ്പോലെ എല്ലാ അജപാലന്മാരും ഈ ദൈവമക്കളുടെ സ്വാതന്ത്ര്യം കാത്തു സൂക്ഷിക്കുകയും വളർത്തിക്കൊണ്ടു വരികയും ചെയ്യുന്നതിൽ ശ്രദ്ധിക്കണം.

ദൈവജനത്തെക്കുറിച്ചുള്ള അദ്ധ്യായത്തിൽ താത്വികവശത്തെക്കുറിച്ച് താഴെപറയുന്ന പ്രകാരമുള്ള പരിഷ്ക്കരണം വേണമെന്നാണ് എന്റെ അഭിപ്രായം.

1) ഈ അദ്ധ്യായത്തിൽ ഭരണക്രമത്തെ പരാമർശിക്കുന്നിടത്തു് അത്ഭുതസിദ്ധി (Charisms) ക്കു് കാര്യമായ പ്രാധാന്യം നൽകണം.

2) അതുപോലെ ദൈവജനത്തിന്റെ ഇടയിലുള്ള പ്രസാദവരഭാവങ്ങൾക്കും (Charisms) അനുലോമപരവും (Positive) കാര്യക്ഷമവുമായ പ്രാധാന്യം നൽകണം. അതു് വ്യക്തമായിരിക്കയും വേണം.

3) പ്രവാചകന്മാരുടേയും ഉപദേഷ്ടാക്കളുടേയും സഭയിലുള്ള സ്ഥാനത്തെക്കുറിച്ച് അവധാനപൂർവ്വം ചിന്തിക്കേണ്ടതുണ്ട്.

4) വിശ്വാസികളുടെ വരങ്ങളെ അജപാലകന്മാർ സമീപിക്കേണ്ടതെങ്ങനെയെന്നതിനെക്കുറിച്ച് ക്രിയാത്മകമായും വ്യക്തമായും വിവരിക്കണം.

5) ദൈവമക്കളുടെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വി. പൗലോസിന്റെ ഉൽബോധനങ്ങൾ ശ്രദ്ധയിലുണ്ടാകണം.

ഈ കൗൺസിലിന്റെ മുമ്പാകെയും ലോകത്തിന്റെ മുമ്പാകെയും എല്ലാ വിശ്വാസികളിലുമുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെ (Charisms) നാം വിലമതിക്കുന്നു എന്നു് കാണിക്കുന്നതിനുവേണ്ടി പ്രായോഗികമായി എനിക്കു നിർദ്ദേശിക്കുവാനുള്ളതു് ഇവയാണ്

1) നിരീക്ഷകരായ അത്മായരുടെ അംഗസംഖ്യ ഗണ്യമായി വർദ്ധിപ്പിക്കണം.

2) സ്ത്രീവിഭാഗത്തിൽനിന്നും നിരീക്ഷകരെ ക്ഷണിക്കണം; എന്റെ ധാരണ തെററല്ലെങ്കിൽ മനുഷ്യകുലത്തിൽ പകുതിയും അവരാണല്ലോ.

3) സന്യാസസഹോദരന്മാരേയും കന്യാസ്ത്രീകളേയും ക്ഷണിക്കണം. നാഥന്റെ ആട്ടിൻപററത്തെ മേയിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരാണവരും. അവരും ദൈവജനത്തിൽ പെട്ടവരാണ്. അവരും പരിശുദ്ധാരൂപിയെ സ്വീകരിച്ചവരുമാണ്.

---

**3** എഡ്വേർഡ് ഷിക്ക്
ഫുൾഡായുടെ സഹായമെത്രാൻ
ജർമ്മനി

# പ്രാദേശികസഭയുടെ പ്രാധാന്യം

മെത്രാന്മാരായ നാം പ്രാദേശികസഭയുടേയും പൗരോഹിത്യത്തിൻേറയും പ്രാധാന്യത്തെ വേണ്ടവിധത്തിൽ വിലമതിക്കുന്നില്ല എന്നൊരാരോപണമുണ്ട്. ആ ആരോപണത്തിൻെറപൊള്ളത്തരത്തെ തുറന്നു കാട്ടുന്നതിനായി പ്രാദേശിക സഭകളേയും പൗരോഹിത്യത്തേയുംപററി ശാസ്ത്രീയമായൊരു വിശദീകരണം ആവശ്യമെന്നു തോന്നുന്നു. ഈ വിശദീകരണം അത്ര സുഗമമല്ല. എന്നാൽ ആത്മരക്ഷയെ സംബന്ധിച്ചിടത്തോളം ഇതു് അത്യധികം പ്രാധാന്യമുള്ളതാണ്.

മെത്രാൻസ്ഥാനത്തിനും മെത്രാസനത്തിനും അവയുടേതായ സ്ഥാനമാഹാത്മ്യമുണ്ട്. താത്വികവും പ്രായോഗികവുമായ രണ്ടുതലത്തിലും ഇവയെ വിലമതിക്കണമെന്നാണ് നമ്മുടെ അഭിലാഷം. പ്രാദേശിക സഭകളുടേയും, പൗരോഹിത്യത്തിൻേറയും ഉൽകൃഷ്ടതയെ യാതൊരുവിധത്തിൽ ന്യൂനികരിക്കുന്നതിനും, അവമതിക്കുന്നതിനും ഇടംകൊടുക്കരുതു്.

പൗരോഹിത്യ ചുമതലകളിൽ സർവ്വപ്രധാനമായ പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, ഭരിക്കുക എന്നിവ ആദിമസഭയിൽ മെത്രാന്മാരാണ് നടത്തിയിരുന്നതു്. എന്നാൽ ഇന്നാകട്ടെ ഈ ദൈവികപ്രവൃത്തികൾ മെത്രാന്മാർ തനിയെയല്ല, പ്രത്യുത വൈദികരും കൂടിയാണല്ലോ നിർവ്വഹിക്കുന്നതു്. സുവിശേഷ പ്രസംഗത്തിൻെറ കാതലായ പങ്ക് വഹിക്കുന്നതും കൂദാശകൾ പരികർമ്മംചെയ്യുന്നതും ആദ്ധ്യാത്മികനിയന്ത്രണം സാധിതമാകുന്നതും വൈദികർവഴിയാണല്ലോ?

അതുകൊണ്ട് പൗരോഹിത്യത്തിൻെറ ഉത്തരവാദിത്വത്തിനും, സ്ഥാനമാഹാത്മ്യത്തിനും, ക്രിയാത്മകമായ പ്രാധാന്യം നൽകണമെന്നുള്ളതു് അഭിലഷണീയമാണ്.

പൗരോഹിത്യത്തെപ്പററിയുള്ള ഈ വിചിന്തനം നമ്മുടെ ശ്രദ്ധയെ നയിക്കുന്നതു് അതിപ്രധാനങ്ങളായ ചില യാഥാത്ഥ്യങ്ങളിലേയ്ക്കാണു്. പ്രാദേശികസഭയെ അഥവാ ഇടവകയെ നാം കാണേണ്ടതു് വെറും ഭരണത്തിൻെറ വീക്ഷണകോണത്തിലൂടെയല്ല, മറിച്ച് ദൈവവിജ്ഞാനീയത്തിൻെറ പശ്ചാത്തലത്തിലൂടെയായിരിക്കണം. പലപ്പോഴും സഭയെപ്പററിയുള്ള നമ്മുടെ വിചിന്തനം കേന്ദ്രീകൃതമായിരിക്കുന്നതു് പുതിയനിയമത്തിലും വി. പൗലോസിൻെറ പ്രവാസകാലത്തു് വിരചിതമായ ലേഖനങ്ങളിലും (Captivity Epistles) പ്രതിപാദിക്കപ്പെട്ടിരിക്കുന്ന സാർവ്വത്രികസഭയിലാണു്. പൗരാണികകാലത്തു് ഒരു പ്രത്യേക സ്ഥലത്തെയോ, പട്ടണത്തിലെയോ വിശ്വാസികളുടെ സമൂഹം 'പള്ളി' അഥവാ 'എക്ലേസിയാ' എന്ന പേരിലാണു് അറിയപ്പെട്ടിരുന്നതു്. നാം ഇന്നു് ഈ പദത്തിൻെറ പ്രത്യേകമായ ഈ അത്ഥത്തെ അവഗണിക്കയാണു്. വി. പൗലോസ് തൻെറ ലേഖനങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന 'പള്ളി' എന്നപദം ദ്യോതിപ്പിക്കുന്നതു് സർവ്വപ്രധാനമായി സാർവ്വത്രികസഭ എന്നതിനേക്കാൾ മേൽപ്രസ്താവിച്ചതിൻവണ്ണമുള്ള ക്രിസ്തീയസമൂഹങ്ങളെയാണു്. ഉദാഹരണമായി തെസ്സലോനിക്കായിലെ സഭ (1 & 2 തെസ.) കോറിന്തിലെ ദൈവത്തിൻെറ സഭ (1 കോറ. 1: 2, 2 കോറ. 1:1) തുടങ്ങിയ പ്രയോഗങ്ങൾ വി. പൗലോസിൻെറ ലേഖനങ്ങളിൽ കാണാം. വി. കർബ്ബാനയുടെ പരികർമ്മത്തിനായി ചില ഭവനങ്ങളിൽ സമ്മേളിച്ചിരുന്ന വിശ്വാസികളുടെ സമൂഹത്തേയും സഭയെന്നാണു് അദ്ദേഹം വിളിച്ചിരുന്നതു്. (റോമാ, 16: 5, 1 കോറ. 11: 18, etc) കോറിന്ത്യക്കുള്ള ഒന്നാംലേഖനം പന്ത്രണ്ടാം അദ്ധ്യായത്തിൽ മിശിഹായുടെ ശരീരത്തിൻെറ സാദൃശ്യം എന്നു് സൂചിപ്പിച്ചിരിക്കുന്നതു് മുഖ്യമായും കോറിന്തുപട്ടണത്തിലെ വിശ്വാസികളുടെ സമൂഹത്തെപ്പററിയാണു്. അതുകൊണ്ടു ദൈവശാസ്ത്രത്തിൻെറ വെളിച്ചത്തിൽ പറഞ്ഞാൽ ഇടവക അഥവാ വി. കർബ്ബാനയുടെ പരികർമ്മത്തിനായി ഒരു പ്രത്യേകസ്ഥലത്തു് സമ്മേളിച്ചിരുന്ന വിശ്വാസികളുടെ സമൂഹംതന്നെയാണു് പുതിയനിയമത്തിൽ 'സഭ' എന്നപേരിൽ അറിയപ്പെടുന്നതു്. ഇടവക സാർവ്വത്രികസഭയുടെ വെറുമൊരു ഭരണഘടകമല്ല; മറിച്ച് സാർവ്വത്രികസഭയുടെ പ്രതിഛായയും ആവിഷ്കരണവുമാണു്. സാർവ്വത്രികസഭയുടെ ഒരു ചെറിയ പതിപ്പായ പ്രാദേശികസഭയിൽ ക്രിസ്തു ഭാഗികമായിട്ടല്ല സ്ഥിതിചെയ്യുന്നതു്: സമ്പൂർണ്ണനായ ക്രിസ്തു തിരുസഭയുടെ അതിനാഥൻ എന്നനിലയിൽത്തന്നെ ഇതിൽ ജീവിക്കുകയും ചൈതന്യം പകർന്നുകൊടുക്കുകയും അവിടുത്തെ അഗ്രാഹ്യങ്ങളായ ദിവ്യരഹസ്യങ്ങളെ സാർവ്വത്രികസഭയിലും പ്രാദേശികസഭയിലും ഒരേ രീതിയിൽ പരികർമ്മംചെയ്യുകയും ചെയ്യുന്നുണ്ടു്. നിഷ്കൃഷ്ടാത്ഥത്തിലുള്ള പ്രാദേശികസഭയും, ദൈവവച

നത്തിലും, വി. കുർബാനയിലും ഏകോപിപ്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസികളുടെ സമൂഹവും— സാർവ്വത്രികസഭയും ഒരേസഭയുടെ രണ്ടു സുപ്രധാനവശങ്ങൾ മാത്രമാണ്.

പ്രാദേശിക സഭകളിലൂടെ പ്രകടമായി കാണുന്ന സാർവ്വത്രിക സഭയെ അതിൻെറ സമ്പൂർണ്ണാർത്ഥത്തിൽ പരിഗണിക്കുന്നില്ലെങ്കിൽ നമ്മുടെ ഈ പ്രതിപാദനത്തിൽ അടിസ്ഥാനപരമായ ഒരു വശം വിട്ടുപോകാൻ പാടുണ്ട്. എന്നാൽ തിരുസഭാശാസ്ത്രത്തിൻെറ ഈ വശം നമ്മുടെ അടിസ്ഥാനപരമായൊരാവശ്യമാണ്; ഇടവകയേയും, അതിൻെറ ആരാധനക്രമത്തേയും ആരാധനക്രമമായി കണ്ടു് അതിൻെറ ദൈവശാസ്ത്രപ്രാധാന്യം മനസ്സിലാക്കാൻ.

ചുരുക്കത്തിൽ ദൈവപിതാവിൻെറയും ക്രിസ്തുവിൻെറയും ആഗ്രഹമനുസരിച്ചുള്ള സഭതന്നെയാണ് പ്രാദേശികസഭയും. വി. പൗലോസ് കാര്യകാരണസഹിതം സഭയെന്നാണ് ഇതിനെ സംബോധന ചെയ്തിരിക്കുന്നതെന്നയാഥാർത്ഥ്യം വിസ്മരിക്കവയ്യ; ഇതിനെ ഉപമിച്ചിരിക്കുന്നതു് ക്രിസ്തുവിൻെറ ശരീരത്തോടും. ദൈവപിതാവു് ക്രിസ്തുനാഥൻെറ ദിവ്യപ്രബോധനത്തിലൂടെ ഈ പ്രാദേശിക സഭകളിൽ (സുവിശേഷത്തിലൂടെ) വിശ്വാസികളെ വിളിച്ചുകൂട്ടുന്നു. എല്ലാ പ്രാദേശികസഭകളിലും നമ്മുടെ കർത്താവിൻെറ അന്ത്യ അത്താഴം തന്നെയാണ് ആവർത്തിക്കപ്പെടുന്നതു്. ഇതിനുപരിയായി സാർവ്വത്രികസഭയിൽ യാതൊന്നും അനുഷ്ഠിക്കുന്നുമില്ല. ഈ സമൂഹങ്ങളിലെല്ലാം വി. കുർബ്ബാനയെന്ന ദിവ്യരഹസ്യംവഴി ക്രിസ്തുപൂർണ്ണമായി സന്നിധാനം ചെയ്യുന്നു. അങ്ങനെ സ്നേഹത്തിൻെറയും ഐക്യത്തിൻെറയും പ്രതീകമെന്നോണം (വി. കുർബ്ബാനയിൽ) സ്വയം വെളിപ്പെടുത്തുന്നു. ഈ ഐക്യത്തിലും, സ്നേഹത്തിലും എല്ലാവരും പരസ്പരം യോജിച്ചിരിക്കണമെന്നു് അവിടന്നു് ആഗ്രഹിക്കയും ചെയ്യുന്നു. എത്രതന്നെ ചെറുതും, നിസ്സാരങ്ങളുമായിരുന്നാലും, ഈ സമൂഹങ്ങളിലെല്ലാം പരിശുദ്ധാത്മാവുവഴി ക്രിസ്തുവിൻെറ പൂർണ്ണസാന്നിദ്ധ്യമുണ്ടു്. ഈ ആത്മാവു് വിശ്വാസികളുടെ ഹൃദയങ്ങളെ ദൈവിക ചൈതന്യത്താൽ നിറക്കയും, പരസ്പരസ്നേഹൈക്യത്തിൽ ഉറപ്പിക്കയും ചെയ്യുന്നു. അവിടന്നാണ് സ്നേഹത്തിൻെറയും, ആശ്വാസത്തിൻെറയും, ശരണത്തിൻെറയും ആത്മാവു്. ഓരോവ്യക്തിക്കും തൻെറ ദാനങ്ങൾ ഈ ആത്മാവു് നൽകുന്നുണ്ടു്. ഇവവഴി എല്ലാവരും ഏകോപിച്ചു് ലോകത്തിൻെറ മുമ്പാകെ തങ്ങൾക്കുള്ള പ്രതീക്ഷകളുടെ സാക്ഷികളായി തീരുന്നു. അതുകൊണ്ടു് പ്രാദേശികസഭകളുടെ ബാഹ്യമാത്രമായ സ്വരൂപിക്കൽ സാർവ്വത്രിക സഭക്കു് രൂപം നൽകുന്നില്ലെങ്കിലും പ്രാദേശികസഭകളെ സാർവ്വത്രികസഭയുടെ വെറും ഭരണഘടകങ്ങളായി കാണുവാനും വയ്യ. ചുരുക്കത്തിൽ ഓരോ പ്രദേശികസഭയും സാർവ്വത്രികസഭയുടെ ഒരു ചെറിയ പതിപ്പാണ്. തന്മൂലം സാർവ്വത്രികസഭയിലെ ജീവിതം തന്നെയാണ് പ്രാദേശികസഭകളിലൂടെ തുടർന്നുകൊണ്ടു പോകുന്നതു്.

4 എമിൽ ജോസഫ് ഡി സ്മെഡ്റ്റ്
ബ്രൂഗസിൻെറ മെത്രാൻ
ബൽജിയം.

# വിശ്വാസികളുടെ പൗരോഹിത്യം

ഈശോമിശിഹാ ആണ് പ്രധാനാചാര്യനും, നിത്യപുരോഹിതനും. വൈദികപ്രവൃത്തി അഥവാ വിശുദ്ധീകരണം, പ്രവാചകപ്രവൃത്തി അഥവാ, അദ്ധ്യയനം, രാജകീയപ്രവൃത്തി അഥവാ ഭരണം എന്നീ ത്രിവിധ ഉദ്യോഗങ്ങൾ അവിടന്ന് ദൈവപിതാവിൽനിന്ന് സ്വീകരിച്ചു.

ഈശോമിശിഹാസ്ഥലകാലങ്ങളിൽ മാമ്മോദീസാ എന്ന കൂദാശവഴി അത്മായനിൽ ജീവിക്കയും, അവനെ തൻെറ പ്രവാചകത്വത്തിലും, രാജകീയത്വത്തിലും, പൗരോഹിത്യത്തിലും പങ്കാളിയാക്കുവാൻ യത്നിക്കയും ചെയ്യുന്നു. അതുകൊണ്ട് 1) അത്മായൻെറ ദൈവവിളി, ക്രിസ്തുവിനോട് ഐക്യപ്പെട്ട് അവിടത്തെ പൗരോഹിത്യത്തിൽ പങ്കുകാരനാകുകയെന്നതാണ്. പാപങ്ങളുടെ മോചനത്തിനും, ദൈവപിതാവിൻെറ മഹത്വത്തിനും വേണ്ടി ഈശോമിശിഹാ അത്മായനിലൂടെ ദൈവത്തിന്ആരാധന തുടർന്ന് അർപ്പിക്കാൻ ആഗ്രഹിക്കുന്നു. മാമ്മോദീസാ, സ്ഥൈര്യലേപനം എന്നീ കൂദാശകൾവഴി അത്മായൻ പ്രധാനാചാര്യനായ മിശിഹായിൽ പവിത്രീകരിക്കപ്പെട്ടവനാണ്. തന്മൂലം ഓരോ അത്മായനും, മിശിഹായോടുകൂടിയും, മിശിഹായിലും, മിശിഹാവഴിയും ദൈവപിതാവിന് സ്വയം സമർപ്പിക്കാൻ കടപ്പെട്ടവനാണ്.

ഇപ്രകാരമുള്ള ഒരു അനുഷ്ഠാനജീവിതത്തിന് ബാഹ്യമാത്രമായ ചില പ്രകടനങ്ങൾ മാത്രം പോരാ; അവൻ അന്തരംഗജീവിതം നയിക്കുന്നവനും, അവൻെറ ആന്തരികജീവിതലക്ഷ്യം ദൈവവുമായിരിക്കണം. ക്രിസ്തുവിനോടുകൂടിവേണം ഒരത്മായൻ പ്രാർത്ഥിക്കുവാനും, അവൻെറ അനുദിനകൃത്യങ്ങൾ നിർവ്വഹിക്കുവാനും, ഇതോടുകൂടി മനുഷ്യവംശത്തിൻെറ പാപപരിഹാരത്തിനായി ജീവിതക്ലേശങ്ങളെ ക്ഷമയോടെ വഹിക്കുകയും വേണം. അങ്ങനെ

ക്രിസ്തുവിനു് അനുയോജ്യമാംവിധം ജീവനുള്ള ഒരു ബലിവസ്തുവായി പരിണമിച്ചു് സ്വന്ത ആത്മശരീരങ്ങളെ ദൈവത്തിനു് സമർപ്പിക്കയും വേണം. (റോമാ. 12–1) ക്രിസ്തുവിനോടുള്ള ഈ സ്നേഹസായൂജ്യം ഉത്കൃഷ്ട പദവിയിലെത്തുന്നതു് അൾത്താരയിലെ ദിവ്യവിരുന്നിൽ അത്മായൻ സംബന്ധിക്കുമ്പോഴാണു്.

2) മിശിഹായോടു ചേർന്നുകൊണ്ടു് അവിടത്തെ പ്രവാചകത്വത്തിൻെറ ജോലി തുടരുകയാണു് അത്മായൻെറ ദൈവവിളി. അത്മായൻ തൻെറ അനുദിനജീവിതായോധനത്തിലനുഭവപ്പെടുന്ന ക്ലേശങ്ങൾ മിശിഹാവഴി ദൈവപിതാവിനു് സമർപ്പിച്ചുകൊണ്ടു് സത്യത്തിനു് സാക്ഷ്യം വഹിക്കണം. ക്രിസ്തുവിൻെറ അന്തരാത്മാവിനാൽ ജാജ്ജ്വല്യമാനനായ അത്മായൻ തൻെറ സഹജീവികളുമായി സഹവർത്തിത്വത്തിൽ ജീവിച്ചുകൊണ്ടു് ലോകത്തിനു് ഒരു പ്രകാശനാളമായിരിക്കണം.

ഐഹികജീവിതത്തിൽ തനിക്കു് ലഭിച്ചിരിക്കുന്ന സർവ്വ കഴിവുകളും—ബുദ്ധി, മനസ്സു്, ഇന്ദ്രിയം, ശരീരം മററു് പ്രവർത്തനായുധങ്ങൾ തുടങ്ങിയവ മിശിഹായിൽനിന്നു് ലഭിച്ചിട്ടുള്ളതാണെന്നും, അവയെല്ലാം അവയുടെ അന്ത്യത്താൽ പരിപാവനമാക്കപ്പെട്ടതാണെന്നുമുള്ള ബോധം അത്മായനുണ്ടാകണം. അവൻ അങ്ങനെ തനിക്കു ലഭിച്ചിരിക്കുന്ന ദാനങ്ങളെ അനുയുക്തമാംവിധം ഉപയോഗിച്ചു് ക്രിസ്തീയതത്വങ്ങൾക്കനുസരണമായി കുടുംബത്തിലും ജോലിസ്ഥലത്തും അങ്ങനെ എല്ലാ തുറകളിലും പ്രായോഗികമായി ജീവിക്കുന്നതു് എങ്ങനെയെന്നു് കാണിച്ചുകൊടുക്കണം. മിശിഹായുടെ പ്രബോധനം വെറുമൊരു തത്വസംഹിതയല്ല, അനുദിന ജീവിതത്തിൻെറ വിവിധ മണ്ഡലങ്ങളിലേക്കു കടന്നുവന്നു് അതിനെ നയിക്കയും ഭരിക്കയും ചെയ്യേണ്ട ജീവിതപ്രമാണമാണതു്. നമുക്കൊരു മാതൃകയാകുന്നതിനു വേണ്ടി ക്രിസ്തു ഒരിക്കൽ പലസ്തീനായിലെ സാധാരണക്കാരുടെ ഇടയിൽ വസിച്ചാണു് തൻെറ സുവിശേഷം വെളിപ്പെടുത്തിത്തന്നതു്. എന്നാൽ ഇന്നാകട്ടെ പ്രവാചകനായ ക്രിസ്തു അത്മായൻ മുഖേന തൻെറ സുവിശേഷമെന്തെന്നു് ദൃശ്യമായും വ്യക്തമായും അവതരിപ്പിക്കുന്നതിനു് ആഗ്രഹിക്കയാണു്. നാമും അപ്രകാരംതന്നെ ചെയ്യണമെന്നുള്ളതാണു് അവിടത്തെ താല്പര്യവും.

ഒരു പടികൂടി കടന്നു് പറയുകയാണെങ്കിൽ പ്രവാചകനായ ക്രിസ്തു അന്നു് തൻെറ പ്രബോധനങ്ങളെ വാമൊഴിയായി ഉൽബോധിപ്പിക്കയാണു ചെയ്തതു്. എന്നാൽ ഇന്നാകട്ടെ അവിടന്നു് അത്മായൻെറ ജീവിതംവഴി ധാർമ്മിക മൂല്യങ്ങളെയും, സനാതനങ്ങളായ വിശ്വാസസത്യങ്ങളേയും മനുഷ്യവംശത്തോടു് പ്രഘോഷണം ചെയ്യുവാൻ ഉൽക്കടമായി ദാഹിക്കുകയാണു ചെയ്യുന്നതു്. മിശിഹായുടെ പഠനങ്ങളിൽ വ്യുൽപ്പത്തി നേടിയവനും, ജീവനുള്ള വിശ്വാസത്താൽ പ്രചോദിതനുമായ അത്മായൻ ക്രിസ്തുവിനോടു്

താദാത്മ്യം പ്രാപിച്ച് വിനയത്തോടും, മനോവിശ്വാസത്തോടുംകൂടി അവിടത്തെ ദിവ്യവചസ്സുകളെ കുടുംബത്തിലും, പൊതുരംഗത്തും ജീവിതത്തിലൂടെ ഉൽഘോഷണം ചെയ്യണം. അപ്പോൾ ദൈവവചനം ധാരാളം ഫലം പുറപ്പെടുവിക്കയും (1. തെസ്സ. 3–1) കുടുംബം, സമൂഹം മുതലായ ആധുനിക പ്രശ്നങ്ങൾക്ക് ക്രിസ്തുമതം നൽകുന്ന പോംവഴി ലോകം അറിയുകയും ചെയ്യും.

അപ്പസ്തോലന്മാരുടെയും, അവരുടെ പിൻഗാമികളുടെയും പ്രബോധനം ശ്രവിച്ചാണ് അത്മായൻ കത്തോലിക്കാപഠനങ്ങളിൽ പ്രവീണനാകുന്നത്. എന്നാൽ ഇവയെ എളുപ്പം മനസ്സിലാക്കേണ്ടത് പള്ളിയുടെ പ്രബോധനാധികാരത്തിന് വിധേയമായിക്കൊണ്ട് വിശ്വാസത്തിന്റെ നൈസർഗ്ഗികപ്രകടനംവഴിയാണ്. പ്രവാചകനായ മിശിഹായുടെ നിരന്തരസഹായംനിമിത്തംതിരുസഭ സത്യത്തെ ഒരിക്കലും ഒററിക്കൊടുക്കാതെ കാത്തുസൂക്ഷിക്കുന്നു. ഈ യാഥാർത്ഥ്യങ്ങളെ സൂക്ഷ്മാവലോകനം ചെയ്ത് സ്വന്ത ജീവിതത്തിലേക്ക് പകർത്തുകയാണ് അത്മായൻ ചെയ്യേണ്ടത്.

3) മിശിഹായോടു ചേർന്നുകൊണ്ട് അവിടത്തെ രാജകീയ ദൗത്യത്തെ പ്രായോഗികമാക്കുകയാണ് അത്മായന്റെ ദൈവവിളി. ക്രിസ്തു സനാതനസത്യങ്ങളെ കേവലം മനുഷ്യബുദ്ധിയോട് പ്രസംഗിക്കയല്ല ചെയ്തത്. പ്രത്യുത തന്നിൽ എല്ലാത്തിനേയും നവീകരിക്കയാണ് അവിടന്നു ചെയ്തത്. ക്രിസ്തു ഇഹത്തിലായിരുന്നപ്പോൾ എന്തായിരുന്നു അവിടത്തെ രാജകീയ പ്രവൃത്തി? പ്രതാപത്തിന്റെയും ഔന്നത്യപ്രൗഢിയുടേയും ഒരു ജീവിതമായിരുന്നില്ല, നമ്മുടെ സ്രഷ്ടാവും, പിതാവുമായ ദൈവത്തിന്റെ തിരുചിത്തത്തിനനുസരണമായി ക്ലേശഭൂയിഷ്ഠമായ ഒരു ജീവിതപന്ഥാവിനെ അനുധാവനം ചെയ്തുകൊണ്ടുള്ള ഒരു ജീവിതമായിരുന്നു അവിടത്തേതു്. ഇതോടുകൂടി സ്വാഭാവികവും,അതിസ്വാഭാവികവുമായ നമ്മുടെ അനുദിന ജീവിതത്തെ ക്രമീകരിക്കുന്നതിനും, സ്നേഹോഷ്മളമാക്കുന്നതിനും യത്നിക്കയായിരുന്നു അവിടത്തെ ജോലി. ക്രിസ്തു തന്റെ പ്രാപഞ്ചിക ജീവിതംവഴി ഈ പ്രപഞ്ചവസ്തുക്കളിൽ ഒരു പുത്തൻ ക്രമീകരണം സാധിക്കയും മനുഷ്യമക്കൾക്ക് ഒരു നവീന ശക്തി സമ്പാദിച്ചുതരുകയും ചെയ്തു.

പുനരുത്ഥാനവും സ്വർഗ്ഗാരോഹണവും വഴി മനുഷ്യവംശത്തിന്റെ ആദ്യജാതനായ ക്രിസ്തു തന്റെ മഹത്വത്തിൽ പങ്കുചേരുവാനും, അതിസ്വഭാവികമായ അന്ത്യം പ്രാപിക്കുവാനുംവേണ്ട ശക്തിയും കഴിവും മാനുഷിക ഉപാധികളിലൂടെ മനുഷ്യവംശത്തിനു നൽകി. എന്നാൽ ഇന്നാകട്ടെ അത്മായന്റെ സഹായത്തോടെ ലോകത്തിന്റെ വിശുദ്ധീകരണം സാധിക്കുവാനുള്ള പദ്ധതി ക്രിസ്തു ആവിഷ്കരിക്കയാണ്.

അതുകൊണ്ട് ആദ്യമായി സമാധാനത്തിന്റെ രാജ്യം തന്നിൽത്തന്നെ സംസ്ഥാപിതമാക്കാൻ അത്മായരെ ഞങ്ങൾ ആഹ്വാനം ചെ

ശുകയാണു്. ഇതു സാധിക്കേണ്ടതു് പ്രസാദവരത്തിൻെറ സൃഷ്ടിയായ പുത്തൻ മനുഷ്യനെ ധരിച്ചുകൊണ്ടാണു്. ഇതിൻെറ ബാഹ്യദർശനം ഉണ്ടാകേണ്ടതു് സത്യം നമ്മിൽ നിന്നു് ആവശ്യപ്പെടുന്ന വിധത്തിലുള്ള വിശുദ്ധവും, ഭക്തിപരവുമായ ഒരു ജീവിതത്തിലൂടെയാണുതാനും (അപ്പെ. 4 : 23-24). ഇങ്ങനെ അത്മായൻ പ്രകൃതിക്കനുസരണമായി ഉപയോഗിക്കുന്ന ആത്മശരീരങ്ങളെയും, ഭൗതികവസ്തുക്കളേയും ദൈവത്തിൻെറ മഹത്വത്തിനും, മനുഷ്യരാശിയുടെ നന്മയ്ക്കുമായി തിരിച്ചുവിടുന്നു.

എന്നാൽ ക്രിസ്തുവിൻെറ അഭിലാഷം ഒരു പടികൂടി കടന്നാണു്. അത്മായൻവഴി തൻെറ സമാധാനത്തിൻെറ ഭരണം സർവ്വ ലൗകിക മണ്ഡലങ്ങളിലേക്കുംകൂടിവ്യാപിപ്പിക്കണമെന്നാണു് അവിടത്തെ അഭിലാഷം. എളിമയോടെ സ്വസമുദായത്തെ സേവിച്ചുകൊണ്ടു്, അത്മായൻ നന്മനസ്സുള്ള എല്ലാ നല്ല മനുഷ്യരോടും സഹകരിച്ചു് പ്രവർത്തിക്കണം. അങ്ങനെയാകുമ്പോൾ കുടുംബത്തിലും, സമൂഹത്തിലും, രാഷ്ട്രത്തിലും, അന്തർരാഷ്ട്രീയമണ്ഡലങ്ങളിലും വിദ്യാഭ്യാസവും ക്രമസമാധാനവുംവഴി പരസ്പരധാരണയുടെയും, സമാധാനത്തിൻെറയും ഒരു പൊൻപുലരിപൊട്ടിവിടരുകയും ചെയ്യും. ചുരുക്കത്തിൽ നമ്മുടെ ഉന്നം സമ്പൂർണ്ണമായ ഒരു ക്രിസ്തീയ അന്തരീക്ഷം സംജാതമാക്കുകയാണു്. ശാസ്ത്രീയവും, സാങ്കേതികവുമായി മനുഷ്യരാശിക്കു് കൈവന്നിട്ടുള്ള എല്ലാ അഭിവൃദ്ധിയും അത്മായൻമുഖേന പ്രയോജനപ്പെടുത്താൻ ക്രിസ്തു അഭിലഷിക്കുന്നു. ഇവവഴി മനുഷ്യരാശി കൂടുതൽ മാനുഷികമാംവിധം തങ്ങളുടെ ജീവിതത്തെ ക്രമീകരിക്കുവാനും രൂപപ്പെടുത്തുവാനും ശക്തരാകും. കൂടാതെ വിവിധ സംസ്ക്കാരങ്ങളിൽനിന്നു് ഉൽഭൂതമാകുന്ന നന്മകളുമായി അടുത്ത സമ്പർക്കത്തിലേർപ്പെടുവാനും, ദൈവമക്കളുടെ യഥാർത്ഥസന്തോഷവും, സ്വാതന്ത്ര്യവും സംജാതമാക്കുവാനും, നമ്മുടെ നാഥൻെറ ആഗമനത്തെ പ്രതീക്ഷയോടെ കാത്തിരിക്കുവാനും അത്മായനോടു് ക്രിസ്തു ആവശ്യപ്പെടുന്നു.ഇപ്രകാരം ക്രിസ്തുവിൻെറ രക്ഷണീയകർമ്മം യഥാർത്ഥത്തിൽ പ്രാപഞ്ചിക യാഥാർത്ഥ്യങ്ങളിൽ ‚‚മാംസം ധരിക്കണം.'' ക്രമേണ എല്ലാം പവിത്രീകരിക്കപ്പെടുകയും, നവീകരിക്കപ്പെടുകയും, ക്രിസ്തുവിൻെറ സമാധാനത്തിൻെറ ഭരണത്തിൻ കീഴിലാകയും ചെയ്യും. (അപ്പെ. 1: 10)

ഇതാണു് മീശിഹായുടെ പൗരോഹിത്യത്തിൽ അംശഭാഗിത്വം വഹിക്കുന്ന അത്മായൻെറ മഹോന്നതമായ ദൈവവിളി.

എന്നാൽ എന്താണു് ഈ സാർവ്വത്രിക പൗരോഹിത്യവും തൻെറ സഭയെ ഏല്പിച്ചുകൊടുത്തിരിക്കുന്ന ആചാര്യത്വത്തിൻെറ പൗരോഹിത്യവും തമ്മിലുള്ള ബന്ധം?

അത്മായരെ തങ്ങളുടെ, വൈദികവും, പ്രവാചകത്വത്തിനടുത്തതും, രാജകീയവുമായ ഉദ്യോഗങ്ങൾ കാര്യക്ഷമമായി നടത്താൻ ശക്തരാക്കുവാൻ വേണ്ടി, ഈശോമിശിഹാ അവരെ സഹായിക്കാ

നും പഠിപ്പിക്കാനും, ഭരിക്കുവാനുമുള്ള അവകാശം തൻെറ ഹൈരാക്കിക്കു് കൊടുത്തിട്ടുണ്ടു്.

പ്രധാനാചാര്യനായ മിശിഹാ തന്നെയാണു് ഹൈരാക്കിയിലെ വൈദികശുശ്രൂഷകളിൽ പ്രവർത്തിക്കുന്നതു്, തന്മൂലം രക്ഷാകരബലിയായ വി. കുർബാനയോടും, കൂദാശകളോടും, അവയിൽ നിന്നു് നിർഗ്ഗമിക്കുന്ന പ്രസാദവരത്തോടും അത്മായനു് സുകരമായി സമീപിക്കുന്നതിനു് സാധിക്കുന്നു.

അദ്ധ്യയനാധികാരം ഹൈരാക്കിയെ ഭരമേല്പിച്ചുകൊണ്ടു് മിശിഹാ അത്മായനു് സുവിശേഷ സത്യങ്ങളെപ്പററിയുള്ള പ്രാമാണികമായ അറിവും, അവയെ ഗാഢമായി പഠിക്കുന്നതിനുള്ള തെററാത്ത മാർഗ്ഗവും തുറന്നു തരുന്നു.

ഭരണാധികാരം ഹൈരാക്കിക്കു് നൽകിക്കൊണ്ടു് മിശിഹാ എല്ലാം ക്രിസ്തുവിൽ നവീകരിക്കുക എന്ന ക്ലിഷ്ടമായ ജോലി ചെയ്യുന്നതിനായി അത്മായരെ അനാഥരായി വിട്ടുകളയുകയല്ല; അവിടന്നു് അവരുടെ ഹൃദയങ്ങളെ ആനന്ദത്തിൻെറ കൊച്ചലകളാൽ നിറക്കുകയും, അവരെ സഹായിക്കുകയും, അവരുടെ സന്തോഷത്തെ മററാരും അപഹരിക്കാതിരിക്കുന്നതിനായി അവരുടെ ഇടയിൽ വസിക്കുകയുമാണു ചെയ്യുന്നതു്.

5 സ്റ്റീഫൻ ലാസലോ
ഐെസൻസ്റ്റാട്ടിൻെറ മെത്രാൻ
ഓസ്ട്രിയ.

# പാപം ദൈവത്തിൻെറ വിശുദ്ധസഭയിൽ

വി. സഭയുടെ വരുവാനിരിക്കുന്ന അന്ത്യത്തെപ്പററിയുള്ള പഠനങ്ങളെ അവമതിക്കുന്നതിൽ നിന്നു് ഉൽഭൂതമാകുന്ന അപകടങ്ങളെ ഈ സമ്മേളനത്തിൽ നേരത്തെ സൂചിപ്പിച്ചതാണല്ലോ. സഭയെന്നു പറയുന്നതു് കത്താവിൻെറ മരണത്തെയും, ഉത്ഥാനത്തെയും അവിടന്നു് വീണ്ടും ആഗതനാകുന്നതുവരെ പ്രകീത്തനം ചെയ്തുകൊണ്ടു് കാലത്തിലൂടെ തീത്ഥാടനം ചെയ്യുന്ന ദൈവത്തിൻേറതായ ജനസമൂഹമാണു് (I കോറ.11:26). എന്നാൽമിക്കപ്പോഴും അതിസ്വഭാവികലക്ഷ്യത്തെ ലാക്കാക്കിക്കൊണ്ടുള്ള സഭയുടെ ഈ ലോകത്തിലെ ഈ പ്രയാണത്തെ വളരെ അസ്പഷ്ടമായിട്ടാണു് നാം മനസ്സിലാക്കുന്നതു്. ഇപ്പോഠം നമുക്കു് ചിന്തിക്കാനുള്ളതു് സഭയുടെ, ദുഷ്കരവും നിഗൂഢവുമായ ഇഹത്തിലെ പ്രയാണത്തെപ്പററിയത്രെ. നാം സഭയെ ഇവിടെ 'തീത്ഥാടകസഭ' എന്നു വിളിക്കുന്നതു് വേദപുസ്തകത്തെ ആധാരമാക്കിക്കൊണ്ടാണെങ്കിൽ ഇതിൻെറ അത്ഥവ്യാപ്തി വളരെ വലുതാണു്; 'ദൈവത്തിൻെറ സഭ തീത്ഥാടനത്തിലാണു്' എന്നു പറയുമ്പോഠം വേദപുസ്തകത്തിൽ നിന്നു മനസ്സിലാക്കുന്നതു്, ഈ സഭയ്ക്കു് വളരെ അധികം ദുഃഖദുരിതങ്ങളുമായി ഏററുമുട്ടേണ്ടതുണ്ടു്; ഇതിലെ അംഗങ്ങഠംക്കു് കുററങ്ങളും കുറവുകളും ഉണ്ടു്; പാപപങ്കിലരാണവർ, എന്നൊക്കെയാണു്.

ഈ വീക്ഷണകോണത്തിലൂടെ പുതിയ നിയമത്തിലെ ദൈവത്തിൻെറ ജനതയെ ഒന്നു് അവലോകനം ചെയ്യുകയാണെങ്കിൽ ഈ ജനത പഴയ നിയമത്തിലെ ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനതയുടെ തുടർച്ചക്കാരാണെന്ന യാഥാത്ഥ്യം തെളിവായിക്കാണാം. മിക്കപ്പോഴും ഇവർ കത്താവിൻെറ വഴികളെ അനുധാവനം ചെയ്യാൻ ആഗ്രഹിക്കുന്നു. പക്ഷെ നിർഭാഗ്യമെന്നേ പറയേണ്ടൂ. കത്താവിൻെറ വഴിയിൽ നിന്നു ഇവർ വീണ്ടും വീണ്ടും വ്യതിചലിച്ചു

പോകുന്നു. ദൈവത്തോട് വിശ്വസ്തരായി വർത്തിക്കാൻ ഇവർ ആഗ്രഹിക്കുന്നു. എന്നിട്ടും അവിശ്വസ്തതയുടെ പര്യായമായി കാണപ്പെടുകയാണ്. പ്രസാദവരത്തിനു കീഴ്പ്പെട്ട് വിശുദ്ധിയിലും, നീതിയിലും, അധിഷ്ഠിതമായൊരു ജീവിതം നയിക്കാൻ ഈ ജനതയ്ക്കഭിലാഷമുണ്ട്. പക്ഷെ നേരെ മറിച്ചാണ് ഫലം: എന്തുകൊണ്ടെന്നാൽ വീണ്ടും, വീണ്ടും പാപത്തിൽ നിപതിക്കയും, ദൈവകോപത്തിനു ഇരയാകയും ചെയ്യുകയാണിവർ. അനുഭവത്തിലുള്ള സഭ, ദൈവശാസ്ത്രജ്ഞന്മാരും, പ്രസംഗകന്മാരും ചിത്രീകരിച്ചിട്ടുള്ള (ആദർശ)സഭയിൽ നിന്നു വിഭിന്നമാണെന്നു സാമാന്യലോകം പലപ്പോഴും പറയാറുണ്ട്. വേദശാസ്ത്രം നമുക്കു കാണിച്ചുതരുന്ന സഭ വിശുദ്ധരുടെ സഭയാണ്. എന്നാൽ ജീവിതം സ്പഷ്ടമാക്കുന്ന സഭ പാപികളുടെ സമൂഹമാണെന്ന്. ഇന്നത്തെ കാലത്ത് ക്രിസ്ത്യാനികഠം പോലും ചോദിക്കുന്ന ഈ ചോദ്യത്തിനു എന്തു ഉത്തരമാണ് നാം നൽകേണ്ടതു്?

നമ്മുടെ ഉത്തരം ഇന്നത്തെ ആളുകളെ ബോദ്ധ്യപ്പെടുത്താൻ സാധിക്കണമെങ്കിൽ അതു് നൂറു ശതമാനം പരമാർത്ഥവും ആത്മാർത്ഥവുമായിരിക്കണം. അല്ലാതെ ഒളിച്ചുകളിയും, ജയഭേരി മുഴക്കുന്നതുമായിരിക്കരുതു്. മററു വാക്കുകളിൽ പറഞ്ഞാൽ നാം പ്രതിപാദിക്കുന്ന സഭാശാസ്ത്രം മഹത്വം പ്രാപിച്ച സഭയുടെ ഒരു ശാസ്ത്രമല്ല. ഇങ്ങനെയുള്ള സഭയുടെ ആഗമനം ലോകാവസാനത്തോടുകൂടിയാണ്. 'തീർത്ഥാടനസഭ'യെപ്പററി പ്രതിപാദിക്കുമ്പോഠം എപ്പോഴും കുരിശിൻെറ ശാസ്ത്രത്തിൽ നിന്നു വേണം നമ്മുടെ പ്രതിപാദനം ആരംഭിക്കുവാൻ. എന്താണ് ഇതിൻെറ അർത്ഥം?

വിശുദ്ധമായിരിക്കുന്ന സഭയിൽ നാം വിശ്വസിക്കുകയും അതിൻെറ പഠനങ്ങളെ ഏററു പറയുന്നതിൽ അഭിമാനിക്കുകയും ചെയ്യുന്നു. സഭ വിശുദ്ധമാണെന്നു പറയുമ്പോഠം ദൈവത്തിൽ കാണുന്ന വിധത്തിലുള്ള പരിപൂർണ്ണവിശുദ്ധിയല്ല ഇവിടെ വിവക്ഷിക്കുന്നതു്; "പരിപൂർണ്ണവിശുദ്ധിയുള്ളവൻ ദൈവം മാത്രമെ" ഉള്ളല്ലോ. അപകടങ്ങളെയും, പരീക്ഷകളെയും സദാ അഭിമുഖീകരിക്കുന്ന ഒന്നാണ് സഭയുടെ വിശുദ്ധി. "നമ്മോടുള്ള സാധർമ്മ്യം മൂലം പാപമൊഴിച്ച് ബാക്കി എല്ലാത്തിലും അവിടന്നു പരീക്ഷണം ചെയ്യപ്പെട്ടു." (എബ്രാ. 4:15) എന്ന വി. അപ്പസ്തോലൻെറ വാക്യം മിശിഹായെപ്പററി മാത്രമെ പറയാൻ സാധിക്കു. സഭയെപ്പററി പറയാൻ സാധിക്കയില്ല. സഭയെപ്പററി പ്രതിപാദിക്കുമ്പോഠം നാം ഇപ്രകാരം വി. പൗലോസിനോടുകൂടി പറയണം "ആകയാൽ കരുണ ലഭിക്കാനും, ഞെരുക്കസമയത്ത് സഹായത്തിനു കൃപ പ്രാപിക്കാനുമായിട്ട് അവൻെറ കൃപയുടെ പീഠത്തെ മനോധൈര്യത്തോടെ സമീപിക്കാം" (എബ്രാ. 4:16) ദൈവകൃപയും, കരുണയും, പാപങ്ങളുടെ മോചനവും സഭയ്ക്കു് എല്ലായ്പ്പോഴും ആവശ്യമുണ്ട്. ക്രിസ്തുവിൻെറ തിരുചിത്തമനുസരിച്ച് സഭയെന്നു പറയുന്നതു് വിശുദ്ധാ

ത്മാക്കളുടെ ഒരു കൂട്ടമാകുന്നു. എന്നാൽ വസ്തുനിഷ്ഠമായി പറയുകയാണെങ്കിൽ സഭയുടെ ദൈവോന്മുഖമായുള്ള പ്രയാണത്തിൽ മനുഷ്യരുടെ പാപപ്രവൃത്തികൾ മൂലം അവർ പാപികളുടെയും ഒരു കൂട്ടമായിത്തീരുന്നു. അങ്ങനെ അവർ അനുതാപികളുടെ ഒരു സംഘവും. ദൈവത്തിന്റെ വിശുദ്ധ സഭയിൽ സംഭവിക്കുന്ന പാപങ്ങളുടെ ക്ഷാളനം ദൈവപ്രസാദവരം കൊണ്ടാണ് നടക്കുന്നത്. സഭ ലോകത്തിലാണ്; ലോകം സഭയിലാണെന്നു പറയുന്നതും വാസ്തവം. പ്രസാദവരവും പാപവും തമ്മിലുള്ള ഈ ഏറ്റുമുട്ടലുകളുടെ പോർക്കളം മനുഷ്യഹൃദയമാണ്. വി. അഗസ്റ്റീനോസിന്റെ വാക്കുകളിൽ ''നാം ക്രിസ്തുവിൽ ജീവിക്കുന്നതുകൊണ്ട് നമുക്കു പ്രസാദവരം എന്ന ഒരു സംഗതിയാണ് ആവശ്യം; നാം ഇഹത്തിൽ വസിക്കുന്നതുകൊണ്ട് പ്രസാദവരത്തിൽ നിന്ന് വ്യതിരിക്തമായ മററ് എന്തോ ആണ് നാം ആഗ്രഹിക്കുന്നത്'' (Commentary on St John 81, 4; PL 35, 1842) സഭയുടെ വിശുദ്ധി തന്നെയാണ് അവളെ എപ്പോഴും അനുതാപത്തിന്റെ സഭയായിരിക്കുവാൻ പ്രേരിപ്പിക്കുന്നത്; പാപങ്ങളുടെ മോചനത്തിനായി എളിമയോടെ സദാ ദൈവത്തെ പ്രാർത്ഥിക്കുവാനും.

പാപമോചനത്തിനായുള്ള ഈ പ്രാർത്ഥന അനുദിനം നമ്മുടെ അൾത്താരകളിലെ ദിവ്യവിരുന്നിൽ ആവർത്തിക്കപ്പെടുന്നു. ദിവ്യബലി ആരംഭിക്കുന്നത് എല്ലാവരുടെയും അനുതാപപ്രകടനമായ ''ഞാൻ പിഴയാളി'' എന്ന പ്രലപനത്തോടെയാണ്. ഇതുതന്നെയാണ് തിരുസഭ സ്വർഗ്ഗസ്ഥനായ പിതാവേ എന്നു തുടങ്ങുന്ന നമസ്കാരത്തിൽ ''ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടു ക്ഷമിക്കണമേ'' എന്നു പ്രാർത്ഥിക്കുമ്പോൾ ചെയ്യുന്നത്. സഭ അനുതാപത്തിന്റെ സഭയാണ് എന്ന ആശയം അഞ്ചാം നൂററാണ്ടിന്റെ ആരംഭത്തിൽ (418) കാർത്തേജിൽ സമ്മേളിച്ച പതിനാറാമത്തെ (പ്രാദേശിക) കൗൺസിലിൽ വളരെ വ്യക്തമായി കാണിച്ചിട്ടുണ്ട്. സഭ വിജയസഭയാണെന്നു അക്കാലത്ത് വാദിച്ചിരുന്ന നൊവേഷ്യൻ (Novatian) അഥവാ ഡൊനാററിസ്റ്റ് (Donatist) പാഷണ്ഡികളുടെ തിരുസഭാശാസ്ത്രത്തെ അവമതിച്ചുകൊണ്ടാണ് ഇപ്രകാരം വ്യക്തമായൊരു തീരുമാനത്തിൽ ആ കൗൺസിൽ എത്തിച്ചേർന്നത്. ആ കൗൺസിലിലെ ഒരു തീരുമാനത്തിൽ ഇപ്രകാരം കാണുന്നു: സഭയിലെ വിശുദ്ധർതന്നെയും തങ്ങൾ പാപികളാണെന്ന് ഏററു പറഞ്ഞുകൊണ്ട് ''ഞങ്ങളുടെ കടങ്ങൾ ഞങ്ങളോട് ക്ഷമിക്കണമേ'' എന്ന് സദാ പ്രാർത്ഥിക്കണം. ഇപ്രകാരം ചെയ്യേണ്ടത് ''എളിമ''യുടെ ഒരു പ്രകടനമായിട്ടല്ല; വാസ്തവത്തിൽ സഭയിൽ ഉള്ളവർ പാപികളായതുകൊണ്ടാണ്. (See Denz. 106–108)

ഇതിൽനിന്ന് അനുമാനിക്കേണ്ടത് എന്താണ്? ''സഭയിൽ കറയും, മുഖചുളിവും ഒന്നും ഇല്ലെന്ന്'' (അപ്പെ. 5:27) പറയുമ്പോൾ നാം മനസ്സിലാക്കേണ്ടത് നിഷ്കൃഷ്ടാർത്ഥത്തിൽ സഭയുടെ ലോകാവ

സ്ഥാനത്തിലുണ്ടാകുവാനിരിക്കുന്ന പരിപൂർണ്ണാവസ്ഥയെപ്പററിയാണ്. വി. അഗസ്റ്റീനോസിൻെറ വാക്കുകളിൽ "സഭയുടെ മുഖകമലത്തിൽ മാലിന്യവും ചുളിവും ഒന്നും ഇല്ലെന്ന് ഈ പുസ്തകങ്ങളിൽ ഞാൻ പ്രസ്താവിച്ചിട്ടുള്ളത് മനസ്സിലാക്കേണ്ടതു് സഭ ഇപ്പോൾ പാപരഹിതമായ ഒരവസ്ഥയിലാണെന്നല്ല; മറിച്ച് കളങ്കരഹിതമായ ഒരു അവസ്ഥ പ്രാപിക്കാൻ സഭ തയ്യാറായിക്കൊണ്ടിരിക്കയാണെന്നും സഭ അവളുടെ മഹത്വീകരിക്കപ്പെട്ട അവസ്ഥയിലെത്തുമ്പോൾ പാപരഹിതമായ ഒരു സ്ഥിതിവിശേഷത്തിലായിരിക്കുമെന്നുമാണ്. എന്നാൽ ഇപ്പോഴാകട്ടെ അവളുടെ മക്കളുടെ ദൗർബല്യവും, അജ്ഞതയും നിമിത്തം പാപത്തിൽ നിപതിക്കുന്നതുകൊണ്ട് 'ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടു ക്ഷമിക്കണമെ' എന്നാണ് അനുദിനം തിരുസഭ മുഴുവനും പറയേണ്ടതു്. (Retr. II, 18; PL 32, 637 f) ഇതേ ആശയം തന്നെ വി. തോമസ് അകവീനാസ് തൻെറ 'സുമ്മാ തെയളോജിക്ക' എന്ന പ്രാമാണികഗ്രന്ഥത്തിൽ വിശദമാക്കിയിട്ടുണ്ട്. (III, q, 8, a. 3, ad. 2) പന്തക്കുസ്താ കഴിഞ്ഞിട്ടുള്ള പതിനഞ്ചാം ഞായറാഴ്ചത്തെ ദിവ്യബലിയിൽ ഇപ്രകാരം നാം പ്രാത്ഥിക്കുന്നു: "കത്താവേ, നിൻെറ സഭയെ സദാ നിൻെറ നിരന്തരമായ കൃപകൊണ്ട് പവിത്രീകരിക്കയും തിന്മയിൽ നിന്ന് സംരക്ഷിക്കയും ചെയ്യേണമെ. നിന്നെ കൂടാതെ അവൾക്ക് തനിച്ചു നിൽക്കാനുള്ള ശക്തിയില്ല. അതുകൊണ്ട് നിൻെറ പ്രസാദവരം എപ്പോഴും അവളെ നയിക്കട്ടെ.''

സഭയെപ്പററി പ്രസ്താവിച്ച മേൽപ്പറഞ്ഞ കാര്യങ്ങൾ അവയുടെ നിഷ്കൃഷ്ടാത്ഥത്തിലേ വ്യാഖ്യാനിക്കപ്പെടാവൂ. പ്രത്യേകിച്ച് താഴെ പറയുന്ന നാലു കാര്യങ്ങളിൽ.

1) തിരുസഭയിലും, അവളുടെ ഹൈരാർക്കിയിൽ തന്നെയും ഉണ്ടാകാവുന്ന പാപങ്ങളുടെ നേരെ മൗനം ദീക്ഷിച്ചിട്ടു കാര്യമില്ല സഭയുടെ മഹത്വത്തെപ്പററിയും ദൈവത്തിൻെറ ജനത്തിൻെറ പാപങ്ങളെപ്പററിയും നാം സംസാരിക്കണം.

2) സഭയെന്നു പറയുമ്പോൾ മിശിഹായോടു് ഐക്യപ്പെട്ട സഭയെന്നു മാത്രമല്ല മനസ്സിലാക്കേണ്ടതു്. ഇഹത്തിൽ ക്രിസ്തുവിൽ നിന്നു് വളരെ വിദൂരതയിൽ തീത്ഥാടനത്തിലിരിക്കുന്ന അനുതാപത്തിൻെറ സഭയെക്കൂടി കണക്കിലെടുക്കണം. ക്രിസ്തു മാത്രമാണ് സഭയുടെ അതിനാഥൻ, അവിടന്നു മാത്രമാണ് പരിശുദ്ധനും.

3) സഭ എല്ലാക്കാലത്തും നവീകരണത്തിനു് വിധേയമാകണമെന്ന യാഥാത്ഥ്യവും തുറന്നു് പ്രസ്താവിക്കേണ്ടതാണ്. ഈ സെപ്റ്റംബർ 22-ാം തീയതി പരിശുദ്ധ പിതാവ് നമ്മോടു ചെയ്ത പ്രഭാഷണത്തിൽ ഇതു വ്യക്തമാക്കിയിട്ടുണ്ട്. അവിടന്നു് പറയുന്നു: മാനുഷികവും, ലൗകികവുമായൊരു സ്ഥാപനമെന്ന നിലയിൽ സഭയിൽ നിരന്തരമായ നവീകരണം ഉണ്ടാകണം.

4) രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ രണ്ടാം സെഷ

നിൽ പരിശുദ്ധ പിതാവു് തൻെറ ആമുഖ പ്രസംഗത്തിൽ അസന്നിഗ്ദ്ധമായി ഇപ്രകാരം പറയുകയുണ്ടായി: ക്രൈസ്തവരുടെ ഇടയിലുണ്ടായ ശൈഥില്യത്തിനു് നമ്മുടെ സഭയും ഉത്തരവാദിയാണു്; തെററുകാരിയുമാണു്. ഇതു് നാം പരസ്യമായി ഏററു പറയുക വേണം.

---

## 6 ഏലിയാസ് സോഗ്ബി
ഈജിപ്തിലെ ഗ്രീക്കുമെൽക്കൈററ്
പാത്രിയക്കാവികാരി

# കത്തോലിക്കാസഭയിലെ പാശ്ചാത്യ പൗരസ്ത്യ പാരമ്പര്യം

ഒരു സഹസ്രാബ്ദക്കാലത്തെ ശീശ്മയുടെയും വ്യതിരിക്തമായ പുരോഗതിയുടെയും ശേഷം ലത്തീൻ പൗരസ്ത്യസഭകൾ തമ്മിലുള്ള കാതലായ സാദൃശ്യത്തിൽ നിന്നും എന്താണു നാം അനുമാനിക്കേണ്ടതു്? ആയിരം വർഷങ്ങൾക്കു മുമ്പു് പരസ്പരബന്ധം വിടർത്തുവാൻ അതിപ്രധാനമായ വല്ല കാരണവും അവയ്ക്കുണ്ടായിരുന്നുവോ? തീർച്ചയായും ഇല്ലാ, എന്നു വേണം പറയുവാൻ. പാശ്ചാത്യ പൌരസ്ത്യ സാമ്രാജ്യങ്ങളെ തമ്മിൽത്തല്ലിച്ച സംഘട്ടനത്തിൽ ഇരുസഭകളും പരോക്ഷമായി ഉൾപ്പെടാതിരുന്നുവെങ്കിൽ ഒരു കാലത്തും ഈ ശീശ്മ രൂപം കൊള്ളുകയില്ലായിരുന്നു. വാസ്തവത്തിൽ ഹൃദയം തുറന്ന ഒരു സംഭാഷണത്തിനു് അനുകൂലവും പ്രതികൂലവുമായ സമയങ്ങളുണ്ടു്. ഇരു കൂട്ടരും ഉത്തരവാദികളായ ഈ പൗരസ്ത്യശീശ്മ, എക്യുമെനിസത്തിൻെറ ഭാഷയിൽ ക്രിസ്തീയമഹാശീശ്മ—ഉടലെടുക്കുന്നതു് പാശ്ചാത്യ പൗരസ്ത്യ ക്രൈസ്തവരാജ്യങ്ങൾ തമ്മിൽ സമഭാവനയോടു കൂടിയതും ഫലദായകവുമായ ഒരു സംഭാഷണം അസാദ്ധ്യമായ അവസരത്തിലായിരുന്നു.

പാശ്ചാത്യ പൗരസ്ത്യസഭകൾ തമ്മിൽ ചെറിയ ചെറിയ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ടു്. ഒരേ കുടുംബത്തിലെ സഹോദരന്മാക്കിടയിലുള്ള നിസ്സാരമായ അഭിപ്രായഭിന്നതകളായിട്ടാണു് ഇന്നുവരെയും അവ പരിഗണിക്കപ്പെട്ടിരുന്നതു്. ഈ ചെറിയ സംഘട്ടനങ്ങൾ ക്രമേണ വളർന്നുവന്നു് അവസാനം അതു മേല്പറഞ്ഞ രണ്ടു

സാമ്രാജ്യങ്ങളെത്തന്നെയും അനിഷ്ടകരമായ ഒരു സംവാദത്തിലെത്തിച്ചു. ലത്തീൻസഭ ഈ സംഭവവികാസത്തെ പത്രോസിൻെറ പരമാധികാരത്തോടുള്ള ധിക്കാരപരമായ എതിപ്പായി വ്യാഖ്യാനിച്ചു. ഒർത്തഡോക്സ് സഭയാകട്ടെ ലത്തീൻസഭയ്ക്ക് പൌരസ്ത്യസഭയുടെ മേൽ ആധിപത്യം സ്ഥാപിക്കുവാനുള്ള ഒരു സംരംഭമായി ഇതിനെ കണക്കാക്കി. ഇതോടുകൂടി പരമാധികാരത്തോടുള്ള വിധേയത്വത്തിനും തദനുസാരിയായ ശുശ്രൂഷയ്ക്കുംകോട്ടം തട്ടുകയാണു ചെയ്തതു്

ആയിരം വർഷത്തെ ഒന്നിച്ചുനിന്നുള്ള പാരമ്പര്യമാണു് പാശ്ചാത്യ പൌരസ്ത്യസഭകരം തമ്മിലുള്ളതു്. ഈ പാരമ്പര്യം, റോമ്മാ മെത്രാൻെറ പരമാധികാരത്തെ ഉഭയസഭകരം തമ്മിലുള്ള ഐക്യത്തിൻെറ കണ്ണിയായി കരുതിയിരുന്നു. കാലാന്തരത്തിൽ ഇതിനെ ഒരു പ്രാദേശികസഭയുടെ സാർവ്വത്രികസഭയായുള്ള വ്യാപ്തിയായി (വളർച്ചയായി) പൌരസ്ത്യർ പരിഗണിച്ചു. സഭാബഹിഷ്കരണത്തിലവസാനിച്ച ആ പ്രതിസന്ധിയുടെ ആരംഭമിതായിരുന്നു.

വിഖ്യാതരായ ചില ആധുനിക കത്തോലിക്കാ ചരിത്രപ്രവീണന്മാർ, ഈ മഹാശീശ്മയെ പാശ്ചാത്യസഭയുടെ അധികാരകേന്ദ്രീകരണത്തിൻ കീഴിൽ പൌരസ്ത്യസഭയെ കൊണ്ടുവരുന്നതിലുള്ള പരാജയമായി വ്യാഖ്യാനിക്കുന്നുണ്ടു്. റോമുമായുള്ള പത്തു ശതവത്സരക്കാലത്തെ ഐക്യത്തിനിടയിൽ പൌരസ്ത്യസഭ അതിൻെറ ഏകത്വവും നീതിയുക്തമായ വൈവിദ്ധ്യവും ഒരുമിച്ചു കൊണ്ടുപോയിരുന്നു.

പൌരസ്ത്യസഭകരം റോമിൻെറ അധികാരകേന്ദ്രീകരണനയത്തെ നഖശിഖാന്തം എതിർത്തിരുന്നുവെന്നുള്ളതു് ഒരു പരമാർത്ഥമാണു്. അന്നത്തെ സിവിൽ അധികാരത്തോടുള്ള വിശ്വസ്തതയാണിതിനു കാരണമെന്നു് ഒരു കൂട്ടർ പറയുന്നു. മററൊരു കൂട്ടരുടെ അഭിപ്രായത്തിൽ പൌരസ്ത്യരുടെ അഹങ്കാരമാണിതിനു കാരണം. അതിനാണു സാദ്ധ്യതയും. ഏതായാലും ഇതുവരെ തെളിയിക്കപ്പെട്ടിട്ടില്ലാത്ത ഒരു പ്രസ്താവനയാണിതു്. തികച്ചും വിഭിന്നമായ ചിന്താഗതിയുള്ളവരാണു് പൌരസ്ത്യർ. പരിശുദ്ധ റോമ്മാ സിംഹാസനവുമായുള്ള ആയിരം വർഷത്തെ ഐക്യത്തിനിടയിൽ കൂട്ടുഭരണവ്യവസ്ഥിതിയിലുള്ള ഒരു ഭരണസമ്പ്രദായമാണു് പൌരസ്ത്യർ അവലംബിച്ചതു് (Collegial Synod). ഇതിലെന്തെങ്കിലും അപാകതയുള്ളതായി റോമും അന്നു കാണുകയുണ്ടായില്ല. ഇതിനുമുപരിയായി, അന്നുവരെ പാശ്ചാത്യ പൌരസ്ത്യസഭകരം പങ്കിട്ടനുഭവിച്ചുകൊണ്ടിരുന്ന യഥാർത്ഥ പാരമ്പര്യത്തെ മറികടന്നു്, പെട്ടെന്നുണ്ടായ റോമിൻെറ അധികാരകേന്ദ്രീകരണത്തിനു് മതപരമായ നീതീകരണവും പൌരസ്ത്യസഭാധികാരികരംക്കു കൊടുക്കുവാൻ കഴിഞ്ഞില്ല. അപ്പസ്തോലന്മാരും അവരുടെ അനന്തരാവകാശികളും നട്ടുവളർത്തിയതാ

ണ് പൌരസ്ത്യസഭകൾ. അതിൻെറ ഉത്ഭവത്തിനോ, വികാസത്തിനോ യാതൊരു കടപ്പാടും പാശ്ചാത്യസഭയോടതിനില്ല. റോമിൻെറ അധികാരകേന്ദ്രീകരണത്തിൻെറ കാലത്തും പൌരസ്ത്യസഭകൾ ആധ്യാത്മികവും, ദൈവശാസ്ത്രപരവും, ആരാധനാപരവും, ധ്യാനപരവും, യോഗപരവുമായ (disciplinary) പിതൃസ്വത്തിൻെറ അവകാശികളാണെന്നു് സ്വയം പരിഗണിച്ചിരുന്നു. ഇവയെല്ലാം പാശ്ചാത്യസഭകളുടേതിൽ നിന്നും തികച്ചും ഭിന്നമായിരുന്നെങ്കിലും അവയൊന്നിനും എതിരല്ലായിരുന്നു. ഒരു സഭയെ അതിൻെറ പാരമ്പര്യത്തിൽ വളർത്തപ്പെടാത്ത മററു സമൂഹങ്ങൾ ഭരിക്കുകയാണെങ്കിൽ ആ സഭയുടെ പാരമ്പര്യത്തിനു കാതലായ ഉടവു തട്ടുമെന്നുള്ളതു് വളരെ വ്യക്തമായ ഒരു വസ്തുതയാണു്.

പൌരസ്ത്യർ, റോമിൻെറ അധികാരകേന്ദ്രീകരണത്തെ തങ്ങളുടെ മേൽ അടിച്ചേല്പിക്കുന്ന സഭാ ഏകീകരണമാർഗ്ഗമായി കരുതി. ഈ നീക്കം അവരുടെ പിതൃദത്തമായ മതപാരമ്പര്യത്തിൻെറ നീതിയുക്തതയിൽ സംശയം ജനിപ്പിക്കുവാൻ പോരുന്നതായിരുന്നു. ഈ പാരമ്പര്യമാകട്ടെ തങ്ങളുടെ പൂർവ്വപിതാക്കൾ അപ്പസ്തോലന്മാരിൽനിന്നും സ്വീകരിച്ചിട്ടുള്ളതും അതിൻെറ വിശ്വാസസാക്ഷ്യങ്ങൾ തെററുപററുവാൻ പാടില്ലാത്തതുമായിരുന്നു.

ഇന്നു നാം ഈ കൗൺസിലിൽ ചെയ്യുന്നതുപോലെ ഹൃദയം തുറന്ന ഒരു സംഭാഷണമായിരുന്നു അന്നത്തേയും ആവശ്യം. മാർപ്പാപ്പായുടെ പരമാധികാരവും മെത്രാന്മാരുടെ സംഘവും, റോമിലെ പ്രാദേശികരൂപതയും റോമ്മാ മെത്രാൻെറ പരമാധികാരവും, തമ്മിലുള്ള ബന്ധം, സഭയുടെ നിഗൂഢതയുടെ സ്വഭാവം, മുതലായവയെപ്പററിയുമുള്ള ധാരണകൾ വ്യക്തമാക്കേണ്ടിയിരുന്നു. അന്നത്തെ പ്രതികൂല സമൂഹ്യരാഷ്ട്രീയ ചട്ടക്കൂട്ടിൽ അത്തരമൊരു സംഭാഷണം ഫ്ളോറൻസിലോ, പതിനൊന്നാം ശതകത്തിലോ രൂപംകൊള്ളുക അസാദ്ധ്യമായിരുന്നു.

ദൌർഭാഗ്യകരമായ ഈ സഭാവിച്ഛേദനത്തെ, സഭയ്ക്കു തെററാവരം നൽകുന്ന ദൈവം, എന്തുകൊണ്ടു തടഞ്ഞില്ല? ലളിതമാണിതിൻെറ ഉത്തരം. ക്രൈസ്തവഐക്യം ദൈവത്തിൻേറതു മാത്രമായ ഒരു പ്രവർത്തനമല്ല. അതു മനുഷ്യൻേറതുകൂടിയാണു്. പത്രോസിൻെറ പരമാധികാരം ക്രിസ്തീയവിശ്വാസമാകുന്ന പിതൃധനത്തെ അതിൻെറ പൂർണ്ണതയിൽ സംരക്ഷിക്കുകയാണു ചെയ്യുന്നതു്. എങ്കിലും പരമാധികാരത്തെ സഭയുടെ പരിപൂർണ്ണതയ്ക്കു ഹാനി വരത്തക്കവിധം പ്രയോഗിക്കുവാൻ ദൈവം ഒരിക്കലും ആഗ്രഹിക്കുകയില്ല. ലത്തീൻ, പൌരസ്ത്യപാരമ്പര്യങ്ങൾ അപ്പസ്തോലികവും ആധികാരികവുമാണു്. വ്യത്യസ്തപ്പെട്ടതെങ്കിലും ഒന്നു് മറെറാന്നിനെ പൂർത്തീകരിക്കുന്നു. ക്രിസ്തുവിൽനിന്നും നാം സ്വീകരിച്ച പിതൃധനത്തിൻെറ അർദ്ധാംശങ്ങളാണു് ഇവ ഓരോന്നും. ഇരു ഭാഗങ്ങളും കൂട്ടിച്ചേർക്കുമ്പോൾ ക്രൈസ്തവസഭ പൂർണ്ണിമയുള്ളതായിത്തീരുന്നു. ഈ സഭയിൽ

ലോകാവസാനം വരെയും ദൈവികപരിപാലന ഉണ്ടായിരിക്കുക യും ചെയ്യും. മേൽപ്പറഞ്ഞ സഭകളിലേതിന്റെയെങ്കിലും അപ്പസ്തോ ലികപാരമ്പര്യത്തെ ബലികഴിച്ചുകൊണ്ടുള്ള ഐക്യം സഭയെ പോ ഷിപ്പിക്കുന്നതിനു പകരം നശിപ്പിക്കുകയേയുള്ളു.

കത്തോലിക്കാ ഐക്യത്തെ മുൻനിറുത്തി മുന്നോട്ടു നീങ്ങുന്ന സഭാ ഐക്യപ്രസ്ഥാനമായിരിക്കും കൂടുതൽ വ്യാപകവും ഫലദായ കവും. ഇന്നത്തെ കത്തോലിക്കാ ഐക്യപ്രസ്ഥാനം വൈഭാഗികവും ലത്തീൻ ഛായയുള്ളതുമായിട്ടാണ് പ്രത്യക്ഷത്തിൽ കാണുക. ഇതു് പാശ്ചാത്യനാടുകളിലെ ലത്തീൻ സഭകളെയും മിഷൻ നാടുകളിൽ അവ വളർത്തിയെടുത്ത ലത്തീൻസഭകളെയും പൗരസ്ത്യ യൂണിയേററു് സഭകളെയുമാണ് മാററിനിറുത്തി ഒന്നിച്ചുകൊണ്ടുപോകുന്നതു്. പൗരസ്ത്യ യൂണിയേററു് സഭ കാതലായ വിധത്തിൽ ലത്തീൻ കര ണത്തിനു വിധേയമായിട്ടുണ്ടു്. എങ്കിലും അവയുടെ ബാഹ്യാരാധന ക്രമങ്ങൾ പരിരക്ഷിക്കപ്പെട്ടിട്ടുണ്ടു്. ഓർത്തഡോക്സുസഭ മാത്രമെ ഇന്നു യഥാർത്ഥത്തിലുള്ള പൗരസ്ത്യ പാരമ്പര്യങ്ങളെ നിലനിർത്തിക്കൊ ണ്ടു പോന്നിട്ടുള്ളു. ചിലപ്പോഴെല്ലാം ഇതിനും അപവാദങ്ങൾ സംഭ വിച്ചിട്ടുണ്ടു്. തുല്യതയർഹിക്കുന്ന ലത്തീൻ ഓർത്തഡോക്സുസഭ കൾക്കു മാത്രമേ കത്തോലിക്കാ ഐക്യം പൂർണ്ണമാക്കുന്നതിനും അ പ്പസ്തോലികപാരമ്പര്യം അതിന്റെ പൂർണ്ണിമയിൽ കൊണ്ടുവരുന്ന തിനും സാദ്ധ്യമാകൂ.

തുല്യതയർഹിക്കുന്ന സഭകളുടെ ഐക്യം എന്നു ഞാൻ പറഞ്ഞ തു് വെറുതെയല്ല. എന്നു് ലത്തീൻ ഓർത്തഡോക്സ് സഭൈക്യം നിലവിൽ വരുന്നുവോ അന്നു് ഓർത്തഡോക്സുസഭക്കു് എന്തുമാത്രം കത്തോലിക്കാസഭയിൽ നിന്നു സ്വീകരിക്കാനുണ്ടാകുമോ, അത്രമാ ത്രം കൊടുക്കാനും ഉണ്ടായിരിക്കും. അതുകൊണ്ടു് പത്രോസിന്റെ പരമാധികാരത്തിലുള്ള കത്തോലിക്കാസഭാഭരണത്തിനു്, പുനരൈ ക്യപ്പെട്ട ഓർത്തഡോക്സുസഭക്കും ലത്തീൻസഭക്കും സമാവകാശമാ ണുണ്ടായിരിക്കേണ്ടതു്. റോഡ്സിലെ സമ്മേളനത്തിൽ തീരുമാ നിച്ചതുപോലെ സമാനന്മാർ തമ്മിലുള്ള സൗഹാർദ്ദസംഭാഷണ ത്തിനു മുൻകൈ എടുത്തു പ്രവർത്തിക്കേണ്ടതു് കത്തോലിക്കാസഭയാ ണു്. ഓർത്തഡോക്സുസഭയ്ക്കെന്നപോലെ കത്തോലിക്കാസഭക്കും പലതും സ്വീകരിക്കുവാനുണ്ടെന്നുള്ള ഉത്തമബോദ്ധ്യമായിരിക്കണം ഇതിന്റെ പിന്നിലുള്ളതു്.

ഇരുസഭകളെയും ഈ ശീശ്മ വികൃതമാക്കിയിട്ടുണ്ടു്. പൗര സ്ത്യനാടുകളിലെ അപ്പസ്തോലികസഭകളുമായുള്ള ബന്ധം വിഛേദി ച്ചതോടുകൂടി പാശ്ചാത്യസഭക്കു് മെത്രാന്മാരുടെ സംഘത്തിലെ ഒരു നല്ല വിഭാഗത്തെയാണു് നഷ്ടപ്പെട്ടതു്. റോമിന്റെ അധികാര കേന്ദ്രീകരണം അതിവേഗത്തിലും അനിയന്ത്രിതവുമായിട്ടാണു് നട ന്നതു്. പാശ്ചാത്യസഭയെ ഭരിച്ചിരുന്നതു് റോമൻ കോൺഗ്രിഗേഷ ന്റെ പുരോഹിതസഭ (Consistory) ആണു്. പ്രയോഗത്തിൽ കേ

ന്ദ്ര്ഭരണസമിതിയിലെ (Curia) ഉദ്യോഗസ്ഥന്മാരുടെ പ്രതിവാര സമ്മേളനങ്ങളാണ് സഭയെ ഭരിച്ചിരുന്നതു്.

ഈ ശീശ്മ മുഖാന്തിരം പൗരസ്ത്യസഭകരം റോമ്മാമെത്രാനുമായുള്ള ബന്ധം വിടത്തിക്കളഞ്ഞു. സഭയുടെ ഐക്യത്തിൻെറ കേന്ദ്രബിന്ദുവാണു് റോമ്മാ മെത്രാൻ. അതോടെ അനാവശ്യമായ അധികാരവികേന്ദ്രീകരണം പൗരസ്ത്യസഭകളെ ദുർബലപ്പെടുത്തി. തന്മൂലം മെത്രാന്മാരുടെ ക്രമാനുസൃതമായ സംഘാതപ്രവർത്തനം അഭംഗുരം നിലനിർത്തുക അസാദ്ധ്യമായിരുന്നു.

തിന്മയിൽ നിന്നു നന്മയുളവാക്കുന്ന ദൈവം, നിർഭാഗ്യകരമായ ഈ സഭാവിഛേദനത്തെ ലത്തീൻസഭയുടെ അധികാരകേന്ദ്രീകരണത്തിൽ നിന്നും സ്വാധീനവലയത്തിൽനിന്നും ഓർത്തഡോക്സു സഭകളെ സംരക്ഷിക്കുവാൻ തിരുമനസ്സായി. ഇതു് സഭൈക്യസംഭാഷണത്തെ ഉപകാരമുള്ളതാക്കിത്തീർത്തു. തന്നെയല്ല ഇരുസഭകളും ഇനി യോജിപ്പിലെത്താൻ സാധിക്കുകയാണെങ്കിൽ ഇതു് സഭയുടെ വളർച്ചയ്ക്കു് വളരെയധികംസഹായകമായിരിക്കുകയുംചെയ്യും.

പാശ്ചാത്യപൌരസ്ത്യസഭകരം തമ്മിൽ തെററിപ്പിരിഞ്ഞ കാലത്തു് ലത്തീൻകാരും ഓർത്തഡോക്സുസഭക്കാരും ഒന്നിച്ചിരുന്നൊരു സംഭാഷണം തികച്ചും അപ്രായോഗികമായിരുന്നു. എന്നാൽ ഇന്നതു് സാദ്ധ്യമാണു്. മനുഷ്യസമുദായം സാർവ്വലൗകികാടിസ്ഥാനത്തിൽ എല്ലാ ജനവിഭാഗങ്ങളേയും പ്രതിനിധീകരിച്ചുകൊണ്ടു് മുന്നോട്ടു നീങ്ങുമ്പോരം ഇപ്രകാരം ഒരു സംഭാഷണം തികച്ചും അനിവാര്യവും പ്രായോഗികവുമാണു്.

മേല്പറഞ്ഞ സംഭാഷണത്തോടൊപ്പംതന്നെ കത്തോലിക്കാസഭയുടെഅധികാരവികേന്ദ്രീകരണത്തിനുള്ള ഒരുശ്രമവുംനടത്തേണ്ടതായിട്ടുണ്ടു്.ഇപ്പോഴത്തെ കൗൺസിൽഅതിനിപ്പോരംത്തന്നെ പ്രാരംഭവുമിട്ടിരിക്കുന്നു. പരമ്പരാഗതമായ കൂട്ടുഭരണത്തിൻെറ ചട്ടക്കൂട്ടിൽ ഒതുങ്ങിനിന്നു് പത്രോസിൻെറപിൻഗാമിയിൽഅധികാരംകേന്ദ്രീകരിക്കുന്നതിനു് ഓർത്തഡോക്സുസഭകളും പരിശ്രമിക്കേണ്ടിയിരിക്കുന്നു.

പ്രധാനമായും ലത്തീൻ ഓർത്തഡോക്സു് സഭകളെ സംബന്ധിക്കുന്ന ഈ സംഭാഷണത്തിൽ പൗരസ്ത്യയൂണിയേററു സഭകരംക്കും നിരീക്ഷകരെന്നുള്ള നിലയിൽ ഒരു സ്ഥാനമുണ്ടായിരിക്കണം. ഇതു് അനിവാര്യമോ, അത്ര പ്രാധാന്യമർഹിക്കുന്നതോ അല്ല. അവർ (പൗരസ്ത്യയൂണിയേററുകരം) ലത്തീൻ സഭയുടെ കെട്ടുപൊട്ടിച്ചു പുറത്തു വന്നു് പൗരസ്ത്യപാരമ്പര്യമനുസരിച്ചു് കത്തോലിക്കാസഭയിൽ ജീവിക്കണം. ഇതു് ലത്തീൻ കത്തോലിക്കരെ പൗരസ്ത്യപാരമ്പര്യങ്ങരം മനസ്സിലാക്കുവാൻ ഉപകരിക്കും. ഇതു് ലത്തീൻ ഓർത്തഡോക്സുസഭകരം തമ്മിലുള്ള സംഭാഷണം വിജയത്തിലെത്തിക്കാനും എളുപ്പമാക്കിത്തീക്കാനും വഴി തെളിക്കും. ഈശോമിഹായുടെ സഭയ്ക്കു വേണ്ടി അവക്കു ചെയ്യാവുന്ന ഏററവും വലിയ സേവനമാണിതു്.

7

പോറം റഷ്
ഇൽസ്ബക്ക് മെത്രാൻ
ഓസ്ട്ട്റിയ.

# മെത്രാന്മാരുടെ സംഘം പുതിയ നിയമത്തിൽ

ജർമ്മനിയിലേയും ഓസ്റ്റ്റിയായിലേയും മെത്രാന്മാരുടെ നാമത്തിൽ മെത്രാന്മാരുടെ സംഘത്തെ സംബന്ധിച്ച് ഏതാനും സംഗതികൾ പരാമർശിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം കാർഡിനൽ ആൽഫ്റിങ്കിൻെറ അഭിപ്രായത്തോട് അടുത്തുവരുന്ന ഒന്നാണ് ഞങ്ങളുടേതും. മെത്രാന്മാരുടെ ഗണത്തെപ്പററിയുള്ള പ്രസ്താവത്തിനും തെളിവിനും രണ്ടു തലങ്ങളുണ്ട്: ക്രിസ്തു അപ്പസ്തോലന്മാരുടെ ഒരു സമൂഹം സൃഷ്ടിച്ചു. ഒന്നാമത്തെ ഘട്ടമാണിത്. ആദിമസഭയിൽ മെത്രാന്മാരുടെ ഗണമെന്നു വച്ചാൽ, മെത്രാന്മാരെല്ലാം പിൻതുടർച്ചയായി സ്വീകരിക്കുന്ന ആ മെത്രാൻസ്ഥാനമാണ് (Episcopacy). ഇതാണു രണ്ടാമത്തെ ഘട്ടം.

ക്രിസ്തുനാഥൻ മെത്രാന്മാരുടെ ഒരു സമൂഹത്തെ സ്ഥാപിച്ചുവെന്നുള്ള പ്രസ്താവത്തിന് മൂന്നു തെളിവുകളാണ് നിരത്തിവയ്ക്കാനുള്ളത്.

ഒന്ന്. ക്രിസ്തു അപ്പസ്തോലന്മാരുടെ ഒരു സംഘത്തെയാണ് സ്ഥാപിച്ചത്. "ഉഷസ്സായപ്പോൾ അവൻ(ഈശോ) ശിഷ്യരെ വിളിച്ച് അവരിൽ നിന്നു പന്ത്രണ്ടു പേരെ തെരഞ്ഞെടുത്ത് അവക്ക് ശ്ലീഹന്മാർ എന്നു പേർ വിളിച്ചു" എന്ന് വി. ലൂക്കായുടെ സുവിശേഷം ആറാം അദ്ധ്യായം 13–ാം വാക്യത്തിൽ നാം വായിക്കുന്നുണ്ട്. കേപ്പാ എന്നു പേർ വിളിച്ച ശെമ്ഓനും അവൻെറ സഹോദരനായ അന്ത്രയോസും തുടങ്ങി പന്ത്രണ്ടു പേരാണ് ആ അപ്പസ്തോലസംഘത്തിൽ ഉണ്ടായിരുന്നത്. ഈ പന്ത്രണ്ടു പേരേയും ഒരു സംഘമായിട്ടാണ് വി. മത്തായിയുടേയും (10: 1–4) മർക്കോസിൻേറയും (3: 13–19) സുവിശേഷങ്ങളിൽ കാണുന്നത്. യോഹന്നാൻ

സുവിശേഷകൻെറ "ആ പന്ത്രണ്ടു പേർ" (The Twelve) എന്ന പ്രയോഗവും അപ്പസ്തോലസംഘത്തെയാണ് ദ്യോതിപ്പിക്കുന്നത്. ക്രിസ്തുനാഥൻ പന്ത്രണ്ടു പേരുള്ള മെത്രാന്മാരുടെ ഒരു സംഘത്തെ സ്ഥാപിച്ചു എന്നുള്ളതിന് ഈ വേദപുസ്തകഭാഗങ്ങൾ തന്നെ മതിയായ തെളിവു നൽകുന്നു.

രണ്ട്. ഈ സമൂഹത്തിന് തിരുനാഥൻ പ്രത്യേകമായ ചില അധികാരങ്ങൾ നൽകുകയുണ്ടായി. "നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതു സ്വർഗ്ഗത്തിൽ അഴിക്കപ്പെട്ടിരിക്കും." (മത്തായി 18: 18) "നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ മോചിച്ചാൽ അവ മോചിക്കപ്പെടും; എന്നാൽ ആരുടേതെങ്കിലും നിങ്ങൾ ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടവയായിരിക്കും" (യോഹ. 20: 23) എന്നീ സുവിശേഷവാക്യങ്ങൾ മിശിഹാ അപ്പസ്തോലസംഘത്തിനു കല്പിച്ചുകൊടുത്ത ഭരണാധികാരത്തേയും വിശുദ്ധീകരണാധികാരത്തേയുമാണല്ലോ സൂചിപ്പിക്കുന്നത്. "നിങ്ങൾ പോയി സകല ജാതികളേയും ശിഷ്യപ്പെടുത്തി പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അവർക്ക് മാമ്മോദീസാ നൽകി, ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" (മത്തായി 28: 19–20) എന്ന വാക്യവും മുൻ പറഞ്ഞ പ്രസ്താവനയ്ക്ക് മറെറാരു തെളിവാണ്. പഠിപ്പിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന അധികാരത്തോടുകൂടി സഭയെ നിയന്ത്രിക്കുന്നതിനുള്ള അധികാരവും അപ്പസ്തോലസംഘത്തിന് നൽകപ്പെട്ടിട്ടുണ്ടെന്നുള്ളതിനും ഉദ്ധൃതവാക്യങ്ങളുടെ ഉൾപ്പൊരുൾ സാക്ഷീകരിക്കുന്നുണ്ട്. സഭ മുഴുവനേയും നയിക്കുവാൻ ഓരോ വ്യക്തിക്കും സാദ്ധ്യമല്ല. പരമാധികാരത്തെ സംബന്ധിച്ച സുവിശേഷഭാഗം ഇതു വ്യക്തമാക്കുന്നുണ്ട്. എങ്കിലും പന്ത്രണ്ടു അപ്പസ്തോലന്മാരും ഒരു സമൂഹമെന്ന നിലക്ക് ആ സമൂഹത്തിൻെറ പിന്തുടർച്ചയായ മെത്രാന്മാരുടെ സംഘത്തിനും ഈ അധികാരമുണ്ട്.

മൂന്ന്. മെത്രാന്മാരുടെ ഗണം മുഴുവനും കൂടി സഭയെ നിയന്ത്രിച്ചിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. "ആകയാൽ പന്ത്രണ്ടു ശ്ലീഹന്മാരും ശിഷ്യരുടെ കൂട്ടം മുഴുവനേയും വിളിച്ച് അവരോടു പറഞ്ഞു: ഞങ്ങൾ ദൈവത്തിൻെറ വചനം വിട്ട് മേശകളിൽ ശുശ്രൂഷ ചെയ്യുന്നതു നല്ലതല്ല" (നടപടി 6: 2) "ഇവർ ശ്ലീഹന്മാരുടെ മുമ്പാകെ നിന്നു. അവർ പ്രാർത്ഥിച്ചശേഷം ഇവരുടെ മേൽ കൈവച്ചു" എന്ന് നടപടി ഗ്രന്ഥം വീണ്ടും പറയുന്നു. (6: 6) അപ്പസ്തോലസംഘം ഡീക്കൻ സ്ഥാനം സ്ഥാപിച്ചതിനെപ്പററിയാണ് ഈ വാക്യങ്ങൾ പറയുന്നത്.

"ശമ്റായ്രായ ജനം ദൈവത്തിൻെറ വചനം സ്വീകരിച്ചു എന്ന് ഓറശ്ലെമ്മിലെ ശ്ലീഹന്മാർ കേട്ടപ്പോൾ അവർ ശെമ്ഓൻ കേ

പ്പായേയും യോഹന്നാനേയും അവരുടെ അടുക്കൽ അയച്ചു. അവർ ചെന്നു പരിശുദ്ധാത്മാവിനെ പ്രാപിക്കേണ്ടതിനു് അവക്കുവേണ്ടി പ്രാത്ഥിച്ചു'' (നടപടി 8: 14–15). "അവർ ശെമ്ഓൻ കേപ്പായെ അയച്ചു'' എന്ന വേദവാക്യത്തെപ്പററി നമുക്കു അത്ഭുതം തോന്നിയേക്കാം. എങ്കിലും ഇതേപ്പററി അത്ഭുതത്തിനു് അവകാശമില്ല തന്നെ. കാരണം ശെമ്ഓൻ പ്രൈഹികപ്രഭുവായിരുന്നെങ്കിലും അപ്പസ്തോലസംഘത്തിൻെറ ഈദൃശ നിർദ്ദേശങ്ങരം അദ്ദേഹവും സ്വീകരിക്കേണ്ടതായിരുന്നു. മുമ്പു് സൂചിപ്പിച്ചതുപോലെ ഈ വാക്യങ്ങരം സ്ഥൈര്യലേപനം എന്ന കൂദാശ വി. പത്രോസ് നിർവ്വഹിച്ചതിനെയാണു് സൂചിപ്പിക്കുന്നതു്. അങ്ങനെ ഒരിക്കൽ കൂടി അപ്പസ്തോലന്മാർ സംഘാതമായി പ്രവത്തിക്കുന്നതിനു് ഇതൊരുദാഹരണമാണു്.

അപ്പസ്തോലന്മാർ ഒരു ഗണമായി നിലനിന്നു പ്രവത്തിച്ചിരുന്നെന്നുള്ളതിനു് വെളിപാടു ഗ്രന്ഥത്തിലും തെളിവുണ്ടു്. "നഗരത്തിൻെറ മതിലിനു പന്ത്രണ്ടു അടിസ്ഥാനങ്ങളും, അവയിന്മേൽ കുഞ്ഞാടിൻെറ പന്ത്രണ്ടു ശ്ലീഹന്മാരുടെ പന്ത്രണ്ടു പേരുകളുമുണ്ടു്.'' (വെളി. 21: 14) ക്രിസ്തുവിൻെറ പന്ത്രണ്ടു ശ്ലീഹന്മാരേപ്പററിയാണു് 'പന്ത്രണ്ടു അടിസ്ഥാനങ്ങരം' എന്നു പറഞ്ഞിരിക്കുന്നതു്. ഇതു വെറും ഭാവനയാണെന്നു പറഞ്ഞുകൂടാ. "ജറുസലം നഗരത്തിനു് പന്ത്രണ്ടു വാതിലുകളും അവയിന്മേൽ ഇസ്രായേൽ മക്കളുടെ പന്ത്രണ്ടു വംശങ്ങളുടെ നാമങ്ങളാകുന്ന എഴുതപ്പെട്ട പേരുകളും ഉള്ള വലുതും ഉയന്നതുമായ മതിലുണ്ടു്'' എന്ന വേദവാക്യം തന്നെയാണു് അതിനു കാരണം (വെളി. 21: 12). അങ്ങനെ വി. യോഹന്നാൻ പഴയ നിയമത്തിലേയും പുതിയ നിയമത്തിലേയും രക്ഷണീയകമ്മത്തെപ്പററി വ്യക്തമായി സംസാരിക്കുന്നു. ഇതിൽ നിന്നെല്ലാം അപ്പസ്തോലസമൂഹമാണു് തിരുസഭയുടെ അടിസ്ഥാനം എന്ന സത്യം എത്രയോ വ്യക്തമാണു്. അപ്പസ്തോലന്മാരാകുന്ന അടിത്തറയിന്മേലാണു് സഭയാകുന്ന ഭവനം മുഴുവൻ പണുതുയത്തിയിരിക്കുന്നതു്.

ആപൽക്കരമായ ഒരു സിദ്ധാന്തമായി ഇതിനെ പിതാക്കന്മാർ വീക്ഷിക്കയില്ലെന്നു വിശ്വസിക്കട്ടെ. ഈ സിദ്ധാന്തം പത്രോസിൻെറ പരമാധികാരത്തെ നിഷേധിക്കയല്ല പ്രത്യുത ശക്തിയേറിയ വാദമുഖങ്ങരം കൊണ്ടു് അതിനെ അരക്കിട്ടുറപ്പിക്കുകയാണു ചെയ്യുന്നതു്. അപ്പസ്തോലന്മാർക്കു് വ്യക്തിപരമായി ഒന്നും ചെയ്യാൻ നിവൃത്തിയില്ലായിരുന്നുവെന്നല്ല ഞങ്ങരം പറയുന്നതു്—വി. പൗലോസു തന്നെ സ്വയമായി ധാരാളം സംഗതികരം പ്രവത്തിച്ചിട്ടുണ്ടല്ലോ?— അപ്പസ്തോലന്മാർ എല്ലാ പ്രധാന കാര്യങ്ങളിലും, ഐക്യമേനിക്കൽ കൗൺസിലിനു പുറമേ ആയാലും, കൂട്ടുത്തരവാദിത്വത്തോടുകൂടിയാണു് പ്രവത്തിച്ചിരുന്നതെന്നു മാത്രമേ ഇതുവഴി ഞങ്ങരം വ്യക്തമാക്കാൻ ഉദ്ദേശിക്കുന്നുള്ളു.

ആപൽക്കരമല്ലാത്ത ഒരു പഠനമാണിതെന്നു മാത്രമല്ല, പരി.

പിതാവു് അടുത്ത കാലത്തു നടത്തിയ രണ്ടു ആഹ്വാനങ്ങൾക്കു പററിയ മറുപടിയാണിതെന്നും ഞങ്ങൾ കരുതുന്നു. "സാർവ്വലൗകികമായ ഒരുദ്യോഗമാണു മാപ്പാപ്പായുടേതു്. നമ്മുടെ വത്സലമക്കളും അഭിവന്ദ്യസഹോദരന്മാരുമായ മെത്രാന്മാരുടെ ഭാഗത്തുനിന്നും ഫലപ്രദവും ഉത്തരവാദിത്വപൂർണ്ണവുമായ സഹായസഹകരണങ്ങൾ ലഭിക്കുമെന്നു നാം പ്രത്യാശിക്കുന്നു'' എന്നുമല്ലേ ഈ സമ്മേളനത്തിൻെറ ഉൽഘാടനപ്രസംഗത്തിൽ പരി. പിതാവു തന്നെ പറഞ്ഞതു്? പരി.പിതാവിൻെറആഹ്വാനത്തിനു്ഞങ്ങളുടെഭാഗത്തുനിന്നുള്ളഅനുസരണാപൂർവ്വകമായ പ്രതികരണമാണിതെന്നും ഞങ്ങൾ കരുതുന്നു.

---

**8** പോൾ ഗ്രുയോ
റെനേ സഹായ മെത്രാപ്പോലീത്താ
ഫ്രാൻസ്.

# സഭാപാരമ്പര്യവും മെത്രാന്മാരുടെ സംഘവും

റോമാമാപ്പാപ്പായുടെ പരമാധികാരവും മെത്രാന്മാരുടെ സഹപ്രവത്തനത്വവും (Collegiality) രണ്ടു പരമാത്ഥങ്ങളാണു്; അതിപുരാതനമാണു് അവയുടെ ഉത്ഭവം. കാലാന്തരത്തിൽ ഇവ രണ്ടും സമാന്തരമായി മുന്നോട്ടുനീങ്ങുകയാൽ ഏതെങ്കിലും ഒന്നിനെപ്പററിയുള്ള വിവാദം മറെറതിനേയും ബാധിക്കുമായിരുന്നു. നമ്മുടെ പരിഗണനയിൽപെടുന്ന രണ്ടും മൂന്നും നൂററാണ്ടുകളെ സംബന്ധിച്ചിടത്തോളം ഇതു ശരിയാവുകയാണുണ്ടായതു്. ഈ വസ്തുത മുന്നിൽവച്ചുകൊണ്ടു് പ്രസ്താവിതഘട്ടത്തിലേക്കു തിരിഞ്ഞാൽ, മൂന്നുവിധം തെളിവുകൾ നമുക്കു് അവിടെ ദൃശ്യങ്ങളാണു്. ഇവയിലൊന്നാമത്തേതു് വിഖ്യാതരായ മെത്രാന്മാർ അവരിൽനിന്നും അതിദൂരം സ്ഥിതിചെയ്തിരുന്ന സഭകൾക്കും വിശ്വാസികൾക്കും എഴുതിയ എഴുത്തുകളാണു്. നിഖ്യാസൂനഹദോസിനു് ആമുഖമായിട്ടുള്ള മെത്രാന്മാരുടെ പ്രാദേശിക സമ്മേളനങ്ങളാണു് രണ്ടാമത്തേതു്. മെത്രാഭിഷേകകമ്മത്തിൽ കാണുന്ന സഹകാരികത്വസ്വഭാവമാണു് അവസാനത്തേതു്.

## 1 മെത്രാന്മാരുടെ പുരാതന ലേഖനങ്ങൾ

വി. പൗലോസ് റോമിലെ വിശ്വാസികളെ തൻെറ വായ്മൊഴികളിലൂടെ സുവിശേഷം പഠിപ്പിക്കുന്നതിനു മുമ്പു് അവരുടെ

പേക്ക് ഒരു ലേഖനമെഴുതുകയുണ്ടായി. അദ്ദേഹത്തിന് ഇതിനുള്ള അധികാരത്തെപ്പററി ആരുംതന്നെ ചോദ്യം ചെയ്യാൻ മുതിർന്നില്ല. എന്നുമാത്രമല്ല, വി. പത്രോസുപോലും തൻെറ രണ്ടാംലേഖനത്തിൽ ഇതേപ്പററി വി. പൗലോസിനെ ശ്ലാഘിക്കുന്നതായും നാം കാണുന്നു. അതുപോലെ ഒന്നാം നൂററാണ്ടിൻെറ ആരംഭത്തിൽ അന്ത്യോക്യായിലെ ഇഗ്നേഷ്യസ് ഏഷ്യയിലെ സഭകൾക്ക് ഉപദേശം കൊടുത്തതിനേയും സ്മിർണായിലെ സഹമെത്രാനായിരുന്ന പൊലിക്കാപ്പിന് പൈതൃകമായ പ്രോത്സാഹനനിർദ്ദേശങ്ങൾ നൽകിയതിനേയും ആരുംതന്നെ കുററപ്പെടുത്തിയിട്ടില്ല. ഇദ്ദേഹം റോമിലെസഭയ്ക്കും സബഹുമാനം പ്രൗഢങ്ങളായ കത്തുകൾ എഴുതിയിട്ടുണ്ട്.

രണ്ടാംശതകത്തിൻെറ മദ്ധ്യഭാഗത്തു് പൊലിക്കാർപ്പ് ഫിലിപ്പിയിലെ വിശ്വാസികൾക്ക് ലേഖനങ്ങളയച്ചിട്ടുണ്ട്.

കുറച്ചുകാലങ്ങൾക്കുശേഷം ഏഷ്യയിലെ ഏഴുസഭകൾക്ക് കോറിന്തിലെ ഡയനീഷ്യസും എഴുത്തുമൂലം ഉപദേശങ്ങൾ നൽകിയിട്ടുണ്ട്.

ഈ മെത്രാന്മാരാരുംതന്നെ വെറും ഉപചാരത്തിൻെറ പേരിലല്ല ഈ കത്തുകൾ അയച്ചിട്ടുള്ളതു്. മറിച്ച്, തങ്ങളുടെ വായനക്കാരുടെ വിശ്വാസത്തെ സജീവമാക്കുന്നതിനും അതിൽ ഉറച്ചുനില്ക്കണമെന്ന് അവരെ മുന്നറിയിപ്പുനൽകുന്നതിനുംവേണ്ടി ആയിരുന്നു. ഈ മെത്രാന്മാരുടെ ഉപദേശം അവർ നേരിട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

ലേഖനകർത്താക്കളായ ഈ മെത്രാന്മാർ സഭയിലെ ഇതര മെത്രാന്മാരോടു തങ്ങൾക്കുള്ള കൂട്ടുത്തരവാദിത്വത്തെപ്പററി അജ്ഞാതരായിരുന്നെങ്കിൽ അവരുടെ താദൃശപ്രവൎത്തനങ്ങൾക്ക് എന്താണൎത്ഥം?

റോമിലെ ക്ലെമെൻറും കോറിന്തിലെ വിശ്വാസികളെ ഉപദേശിക്കുകയും തൻെറ പ്രത്യേകാധികാരത്തെ ദ്യോതിപ്പിക്കുന്നവിധത്തിൽ അവരോടു സംസാരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽനിന്നും മെത്രാന്മാർക്ക് പരിധികല്പിക്കാത്ത ഒരധികാരം ഉണ്ടെന്ന് നമുക്ക് ന്യായമായും അനുമാനിക്കാം.

## 2 ആദ്യത്തെ പ്രാദേശിക സമ്മേളനങ്ങൾ

രണ്ടാംനൂററാണ്ടിൻെറ ആരംഭത്തിൽ മെത്രാന്മാർ പ്രാദേശിക സമ്മേളനങ്ങൾ വിളിച്ചുകൂട്ടുകയും ഒന്നിച്ചുകൂടുകയും ചെയ്തിരുന്നു. പാശ്ചാത്യപൗരസ്ത്യസഭകൾ തമ്മിലുണ്ടായിരുന്ന ഉയിർപ്പുതിരുനാളിൻെറ തീയതിപ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയാണ് വിക്ടർ പാപ്പാ ഈ കൗൺസിലുകളെല്ലാം വിളിച്ചുകൂട്ടിയതു്. പൊളിക്രാററസിൻെറ സാന്നിദ്ധ്യത്തിൽ മെത്രാന്മാർ ഈ പ്രശ്നത്തെ എഫേസൂസിൽ വച്ചുമാത്രമല്ല, ക്രൈസ്തവലോകത്തിൻെറ നാനാഭാഗങ്ങളിലും വച്ചും ചർച്ചചെയ്തു. ഈ വിവാദം ഘോരമായ ഒരു പ്രതിസന്ധിഘട്ടത്തിലേക്ക് നീങ്ങാതിരിക്കാൻ ലയൺസിലെ ഇരണേവൂസിനെപ്പോലെയുള്ള ചില മെത്രാന്മാർ റോമാ മാർപ്പാപ്പായേയും അദ്ദേഹത്തിൻെറ പരമാധികാരത്തേയും ശരണംഗമിച്ചു. ഓരോ സഭയു

ടെയും പ്രത്യേകമായ പാരമ്പര്യത്തെ സംരക്ഷിക്കുകയോ, നിണ്ണയിക്കുകയോ നിരാകരിക്കുകയോ ചെയ്തുകൊണ്ടിരുന്നതു് മെത്രാന്മാർ സംഘാതമായി പ്രവത്തിച്ചുകൊണ്ടായിരുന്നു.

അതിനുശേഷം മൂന്നാംനൂററാണ്ടു മുഴവനിലും ഇത്തരം പ്രാദേശിക കൗൺസിലുകരം കാർത്തേജ്, ഇക്കോണിയാ, അലക്സാന്ത്രിയ തുടങ്ങിയ പല സ്ഥലങ്ങളിലുംവച്ചു് നടത്തപ്പെട്ടു. മതപീഡനമവസാനിച്ചപ്പോരം കൂടുതൽ കൂടുതലായി മെത്രാന്മാരുടെ സമ്മേളനങ്ങരം വിളിച്ചുകൂട്ടുകയുണ്ടായി. നിഖ്യാസൂനഹദോസ് ഇതിനൊരുദാഹരമാണു്. ഇതിൽ റോമാമാപ്പാപ്പാ തൻെറ പ്രതിനിധികരംവഴി ആദ്ധ്യക്ഷം വഹിച്ചു.

ഇപ്രകാരം വിളിച്ചുകൂട്ടിയ മെത്രാന്മാരുടെ സമ്മേളനങ്ങളിൽ ഓരോരുത്തരുടെയും അധികാരസീമയിലുള്ള സഭയെപ്പററിമാത്രമല്ല ചർച്ചചെയ്യപ്പെട്ടതു്. സാർവ്വത്രികസഭയെ സംബന്ധിച്ചുള്ള കാര്യങ്ങളായിരുന്നു അവരുടെ മുഖ്യപ്രതിപാദ്യവിഷയം. ഇതിനുള്ള അവരുടെ അധികാരത്തെ ആരുംതന്നെ ചോദ്യം ചെയ്തിരുന്നുമില്ല. ഇതിൽനിന്നും റോമാമാപ്പാപ്പാ തലവനായിട്ടുള്ള മെത്രാന്മാരുടെസംഘത്തിനു് സാർവ്വത്രികസഭയിലുള്ള താല്പര്യം സുവിദിതമല്ലേ?

## 3 മെത്രാഭിഷേകകമ്മത്തിൻെറ സഹകാരികത്വസ്വഭാവം

പുരാതനകാലം മുതല്ക്കേ മെത്രാഭിഷേകകമ്മം ഒരു മെത്രാൻ തനിച്ചല്ല, പല മെത്രാന്മാർ ഒരുമിച്ചാണു് നടത്തിയിരുന്നതു്.

മൂന്നാംശതകത്തിൻെറ ആരംഭത്തിലുണ്ടായിരുന്ന അപ്പസ്തോലിക പാരമ്പര്യത്തെപ്പററി ഹിപ്പോളിററസ് സാക്ഷ്യം നൽകുന്നതിങ്ങനെയാണു്: ''ഒരാളെ മെത്രാനായി നാമനിർദ്ദേശം ചെയ്യുമ്പോരം അദ്ദേഹം വൈദികഗണത്തോടും അവിടെ സന്നിഹിതരായിരിക്കുന്ന മററു മെത്രാന്മാരോടുംകൂടി സമ്മേളിക്കുകയും . . . . . അവരെല്ലാവരും തങ്ങളുടെ അനുവാദം നൽകുമ്പോരം — മെത്രാന്മാർ അവരുടെ കരങ്ങരം അദ്ദേഹത്തിൻെറമേൽ വയ്ക്കുകയും ചെയ്യുന്നു.''

ഈ വാക്യശകലം വിവിധ ഭാഷകളിലേക്കു് വിവത്തനം ചെയ്യപ്പെട്ടിട്ടുണ്ടു്. ഇതിൻെറ സ്വാധീനം എല്ലായിടത്തും, പ്രത്യേകിച്ചു്, അലക്സാന്ത്രിയായിലും വളരെ വലുതായിരുന്നു.

ഒരു പ്രോവിൻസിലുള്ള മെത്രാന്മാരെല്ലാംകൂടി മറെറാരു മെത്രാനെ വാഴിക്കുന്നതു് യുക്തമായിരിക്കുമെന്നു് നിഖ്യാസൂനഹദോസിൻെറ നാലാം കാനോനയിൽ പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ടു്. ''ഇങ്ങനെ ഒന്നിച്ചുകൂടുന്നതിനു് എന്തെങ്കിലും പ്രയാസം അനുഭവപ്പെട്ടാൽ ചുരുങ്ങിയതു് മൂന്നുപേരെങ്കിലും ഒന്നിച്ചു കൂടുകയും, ഒന്നിച്ചുകൂടാൻ സാധിക്കാത്തവർ മററുള്ളവരുടെ നിശ്ചയങ്ങരംക്കു വഴങ്ങുകയും, അവരുടെ ഭാഗത്തുനിന്നുള്ള സമ്മതം രേഖാമൂലം സമപ്പിക്കുകയും വേ

ണം'' എന്നും മേല്പറഞ്ഞ കാനൻതന്നെ അനുശാസിക്കുന്നുണ്ട്. മെത്രാഭിഷേകകർമ്മത്തിന്റെ മോടിക്കുവേണ്ടിയല്ല മെത്രാന്മാർ ഒന്നിച്ചുകൂടണമെന്നു നിർദ്ദേശിച്ചിരിക്കുന്നത്. ഈയവസരത്തിൽ പുതിയ മെത്രാൻ മററുമെത്രാന്മാരുടെഗണത്തിൽ ചേരുകയും അവരോടൊപ്പമുള്ള കർത്തവ്യങ്ങളും അവകാശങ്ങളും അനുഭവിക്കുകയും ചെയ്യുന്നു.

കൈവെപ്പിന്റെ കാര്യത്തിൽ അഭിപ്രായഭിന്നതകളുണ്ടെങ്കിലും ഈ നിയമത്തിനു യാതൊരപവാദവുമില്ല. എല്ലാ ആരാധനക്രമങ്ങളുടെയും ആരംഭം മുതലേ നിലനിന്നുപോരുന്ന ഒന്നാണിത്. റോമാമാർപ്പാപ്പാപോലും മെത്രാന്മാരെ വാഴിക്കുമ്പോൾ അനുസരിച്ചുപോന്ന നിയമവും ഇതുതന്നെയാണ്. കാലാന്തരത്തിൽ ഈ കർമ്മം അദ്ദേഹം തനിച്ചു നടത്തിയിട്ടുമുണ്ട്. എങ്കിലും മാർപ്പാപ്പാ, മെത്രാന്മാരുടെ ഗണത്തെ ആധികാരികമായി പ്രതിനിധീകരിക്കുന്നുവെന്ന താത്വിക സാധൂകരണം ഇതിനുണ്ട്. ആധുനിക ക്രമാനുഷ്ഠാനങ്ങൾ മറെറാരു വഴിയേ പൗരാണികതത്വത്തിലേക്കു മടങ്ങിപ്പോവുകയാണ്. പന്ത്രണ്ടാംപീയൂസിന്റെ കല്പനകൾക്കു ശേഷം മെത്രാഭിഷേകകർമ്മത്തിൽ സംബന്ധിക്കുന്ന മെത്രാന്മാരെ ''സഹായികൾ'' (13—ാം നൂററാണ്ടിന്റെ അവസാനഭാഗത്തു് ഇവർ സഹായികളെപ്പോലെയായിരുന്നു സംബന്ധിച്ചിരുന്നതു്) എന്നതിനു പകരം 'സഹഅഭിഷേചകർ' എന്നാണ് വിളിക്കുന്നതെന്നുള്ള വസ്തുത ഏവർക്കും അറിയാവുന്നതാണല്ലോ.

ഇപ്രകാരമുള്ള വസ്തുതകൾ സഹകാരികതത്വത്തിന്റെ പൗരാണികതത്വത്തെ വിളിച്ചറിയിക്കുകയാണു ചെയ്യുന്നതു്. അതുകൊണ്ട് തെർത്തുല്യൻ, സിപ്രിയാൻ, ഒപ്ററററസ് തുടങ്ങിയ പിതാക്കന്മാരുടെ സഹകാരികതത്വത്തെപ്പററിയുള്ള ആശയം മെത്രാന്മാരുടെ സംഘം, ഗണം ഇവയത്രെ. ഇതിൽ അതിശയിക്കുവാൻ വകയില്ല. സിപ്രിയാൻ പറയുന്നു: ''നമ്മൾ ഇടയന്മാർ പലരാണെങ്കിലും ഒററ അജഗണത്തെയാണു നാം നയിക്കുന്നതു്. എല്ലാ ആടുകളെയും നാം ഒരുമിച്ചുകൂട്ടുകയും പരിചരിക്കുകയും വേണം.''

ഞങ്ങൾ ഉപസംഹരിക്കുകയാണ്. മെത്രാന്മാരുടെ സംഘത്തിനുള്ള ആധാരം വിശുദ്ധ ലിഖിതങ്ങളാണല്ലോ. അപ്പസ്തോലന്മാരുടെ മരണാനന്തരം ഇതൊരു സജീവാനുഷ്ഠാനമായിത്തീർന്നു— മാർപ്പാപ്പായുടെ പരമാധികാരത്വംപോലെ. ഈ പരമാധികാരം മെത്രാന്മാരുടെ സഹകാരികതത്വത്തിൽനിന്നും വേർപെടുത്തുവാൻ സാധ്യമല്ല.

ഈ സമ്മേളനത്തിന്റെ ഉൽഘാടനപ്രസംഗത്തിൽ പരി. പിതാവും ഈ ആശയമത്രെ പറഞ്ഞതു്. ''അഭിവന്ദ്യസഹോദരരേ, അപ്പസ്തോലന്മാരായ നിങ്ങൾ അപ്പസ്തോലഗണത്തിന്റെ പിന്തുടർച്ചക്കാരും യഥാർത്ഥാനുഗാമികളുമാണ്. അയോഗ്യനും, എളിയവനും പ്രഥമാപ്പസ്തോലനായ വി. പത്രോസിന്റെ അധികാരത്തോടും ദൗത്യത്തോടും തുല്യനുമായ നമ്മുടെ ചുററും നിങ്ങളിവിടെ കൂടിയിരിക്കുകയാണ്.''

9 മൈക്കിൾ ഡുമിത്ത്
സാർബാ മാറൊണൈററ് മെത്രാൻ
ലെബനോൺ.

# മെത്രാഭിഷേകകർമ്മത്തിന്റെ അർത്ഥവ്യാപ്തി

പൊതുവെ പറഞ്ഞാൽ, കൂദാശകളെ സംബന്ധിച്ചിടത്തോളം സ്വീകരിക്കുന്നവന്റെ നീതീകരണത്തിന്ന് ആവശ്യമായ വരപ്രസാദം അവ നൽകുന്നുണ്ട്. ഇതിനുംപുറമേ, ഈ കൂദാശകൾ ഏതിന്നുവേണ്ടി ഉദ്ദേശിച്ചിരിക്കുന്നുവോ അതിന്റെ നിർവഹണത്തിനു വേണ്ട സഹായവും നൽകുന്നുണ്ട്.

മെത്രാന്റെ ഉദ്യോഗം തന്റെ അജഗണങ്ങളുടെ വിശുദ്ധീകരണത്തിനുള്ള അധികാരം മാത്രമല്ല. ഈ വസ്തുത ആദിമസഭയുടെ ആചാരവിധികളും ആരാധനക്രമങ്ങളും വ്യക്തമാക്കുന്നുണ്ട്. വിശുദ്ധീകരണാധികാരത്തോടൊന്നിച്ച് ഭരിക്കുക, പഠിപ്പിക്കുക മുതലായ അധികാരങ്ങൾകൂടി അദ്ദേഹത്തിനുണ്ട്.

a) പൗരാണിക സഭയിലെ നടപ്പ്.

അഭിഷേകം കഴിഞ്ഞാലുടൻതന്നെ ഒരു മെത്രാന് തന്റെ ഉദ്യോഗം നടത്തിക്കൊണ്ടുപോകുവാൻ അനുവാദമുണ്ട്. ഇതിൽനിന്നും ഒരു കാര്യം വ്യക്തമല്ലേ? മെത്രാഭിഷേകത്തിൽ നിന്നാണ് എല്ലാ ആനുകൂല്യങ്ങളും അധികാരങ്ങളും പുറപ്പെടുന്നതെന്ന്. അഭിഷിക്തന് പഠിപ്പിക്കുവാനും സുവിശേഷം ആധികാരികമായി പ്രസംഗിക്കുവാനും അധികാരം കിട്ടുന്നു. മററുള്ളവരെ പൗരോഹിത്യപദവിയിലേക്കുയർത്തുവാനധികാരമുള്ള ഒരു പുരോഹിതനായിത്തീരുന്നു അദ്ദേഹം. അതോടുകൂടി അജഗണത്തിന്റെ പാലകനായും, അപ്പസ്തോലന്മാരിൽ നിന്നും പിന്തുടർച്ചാവകാശമുള്ള മെത്രാന്മാരുടെ ഗണത്തിലെ ഒരംഗമായും തീരുന്നു. ഈ വസ്തുത പൗരസ്ത്യസഭയുടെ പുതിയ കാനൻ നിയമത്തിൽ തറച്ചുപറയുന്നുണ്ട്: ‘‘അഭിഷിക്തരായിത്തീർന്നാലുടൻതന്നെ മെത്രാന്മാർക്കു ഭരണാധികാരവും വരുമാനത്തിന്മേലുള്ള അധികാരവും ലഭിക്കുന്നു.’’ (കാനൻ.396: 2) ലത്തീൻ നിയമത്തിൽ ഇപ്രകാരമു

ള്ള അധികാരവും അവകാശവും ലഭിക്കുന്നതു് കാനോനികാവരോധനം കഴിഞ്ഞവർക്കു മാത്രമാണു്. (C.I.C. 349)

b) ആരാധനപ്പുസ്തകങ്ങൾ

ക്ലൂദാശകളുടെ അന്തരാർത്ഥവും സഭയുടെ മനസ്ഥിതിയും വ്യക്തമാക്കപ്പെട്ടിട്ടുള്ളതത്രേ ആരാധനപ്പുസ്തകങ്ങൾ. അതിൽ അഭിഷേകത്തോടുകൂടി മെത്രാന്മാർക്കുള്ള എല്ലാ അവകാശങ്ങളും മെത്രാൻസ്ഥാനത്തിനുണ്ടു് എന്നു പറഞ്ഞിരിക്കുന്നു. ഇതിനു് യാതൊരു പരിധിപരിഗണനയും ഇല്ല.

''ലയണൈൻ സാക്രമെൻററി''യിൽ ''നിൻെറ സഭയെ ഭരിക്കുന്നതിനു അവർക്കു് മെത്രാസനം നൽകേണമെ. . . .'' എന്നു പറയുന്നുണ്ടു്.

കോപ്റ്റിക്കു് ആരാധനക്രമത്തിൽ പറയുന്നതിപ്രകാരമാണു്. ''നിൻെറ ആട്ടിൻകൂട്ടത്തെ മേയിക്കുവാനും പോഷിപ്പിക്കുവാനും നിൻെറ ദാസൻെറമേൽ പരിശുദ്ധാത്മാവിനെ അയയ്ക്കേണമെ. നിൻെറ ഏകസുതൻെറ അപ്പസ്തോലന്മാർക്കു നീ കൊടുത്ത എല്ലാ അധികാരങ്ങളും ഇയ്യാൾക്കു നൽകേണമെ....''

ആട്ടിൻകൂട്ടത്തെ പോഷിപ്പിക്കുകയെന്ന ഉദ്യോഗം ഐക്യത്തേയും,വിശുദ്ധീകരിക്കുവാനും പഠിപ്പിക്കുവാനുമുള്ളഅധികാരങ്ങളേയും ഉൾക്കൊള്ളുന്നുണ്ടു്. ചുരുക്കത്തിൽ അപ്പസ്തോലികാധികാരത്തെയാണു സൂചിപ്പിക്കുന്നതു്.

ഈ അധികാരം ആർക്കെങ്കിലും കൈമാറുന്നെങ്കിൽ (delegation) അതും അഭിഷേകകർമ്മത്തിലുൾപ്പെട്ടിട്ടുണ്ടു്. മേൽപ്രസ്താവിച്ച ആരാധനപ്പുസ്തകങ്ങൾപ്രകാരം അഭിഷേകം ഒരു സഭയ്ക്കുവേണ്ടിയാണു്. ഇന്നും അപ്രകാരംതന്നെ. പുരാതന കാലങ്ങളിൽ ഒരു സഭയോടു ബന്ധപ്പെടാത്ത അഭിഷേകങ്ങൾ നിരോധിക്കപ്പെട്ടിരുന്നു. (Conc Chalced. Can.6).

ഒരാളെ ഒരു സ്ഥലത്തേക്കു കാനോനികമായി നിശ്ചയിക്കുക അഥവാ മറെറാരാൾക്കു് ആ ഉദ്യോഗം കൈമാറുക എന്നതിൽനിന്നു് എന്താണു നാം മനസ്സിലാക്കേണ്ടതു്? ലത്തീൻ കാനൻ നിയമത്തിലെ നിർണ്ണയാധികാരമാണോ ഇതു്? അങ്ങനെയെങ്കിൽ അതു വരപ്രസാദം നൽകുന്നില്ല, കൌദാശികപദവി ലഭിക്കുന്നുമില്ല. അപ്പസ്തോലിക പാരമ്പര്യമെന്ന പിതൃസ്വത്തിൽ പെട്ടതാണോ അതു്? പൗരസ്ത്യസഭയുടെ പാരമ്പര്യങ്ങൾ, പഠനം, ചിന്താഗതി ഇവയിൽ എന്താണു കാണുന്നതു്? ഐക്യത്തിനു് അതിപ്രാധാന്യമർഹിക്കുന്ന ഒന്നാണിതു്. സഭയുടെ കാനൻ നിയമത്തിൽ പറഞ്ഞിരിക്കുന്ന നിയമനങ്ങളെല്ലാം മെത്രാൻ സ്ഥാനത്തിൻെറ അധികാരനിർവഹണത്തിനുള്ള പ്രായോഗിക പരിപാടി മാത്രം. മെത്രാൻെറ ഈ അധികാരമോയെന്നാൽ തൻെറ അഭിഷേകത്തിൽ നിന്നുകിട്ടുന്നതും. പൊതുനന്മക്കുവേണ്ടി മെത്രാൻെറ നിയമാനുസൃതമായ അധികാരപ്രയോഗത്തെ ഈ നിയമനങ്ങൾ ക്രമവൽക്കരിക്കുന്നു. സ്വഭാ

വത്താൽത്തന്നെ നൽകപ്പെട്ട ഈ അധികാരം ദൈവികവും അപ്പസ്തോലികവുമാണ്. ഇതു് ഒരാളുടെ നിയമനംകൊണ്ടു് ലഭിക്കാവുന്നതോ നിഷേധിക്കപ്പെടാവുന്നതോ അല്ല. ദൈവം കൊടുത്തതു മനുഷ്യനെടുത്തു കളയുവാനധികാരമില്ല. അതിലെന്തെങ്കിലും കുറവുണ്ടെങ്കിൽ അതു നികത്തുവാനും അവനു സാദ്ധ്യമല്ല. പൊതുനന്മയെ പ്രതി മെത്രാൻ ഉപയോഗിക്കുന്നതും, ഉപയോഗിക്കേണ്ടതുമായ പരിമിതികളും, സംവരണങ്ങളും, നിശിതമായ ശിക്ഷകളും തൻെറ അധികാരപ്രയോഗത്തിൻെറ നിയമസാധുത്വത്തെ മാത്രമേ ബാധിക്കുന്നുള്ളു.

ഇങ്ങനെ നോക്കിയാൽ സഭ, ദൈവികഉത്ഭവത്തോടു കൂടിയതും, സത്താപരമായി കൂദാശാപരവുമായ ഒരു സ്ഥാപനമാണെന്നു മനസ്സിലാകും. സഭയുടെ മഹത്തായ ഉദ്ദേശം, ദൈവവും മനുഷ്യനും തമ്മിലുള്ള സംസർഗ്ഗം ഉദ്ദീപിപ്പിക്കുകയെന്നതാണു്. ക്രിസ്തുവിൽനിന്നും നേരിട്ടു കിട്ടിയിട്ടുള്ളതും, മാനുഷികമായ യാതൊരു താല്പര്യവും നുഴഞ്ഞുകയറാത്തതുമായ അവളുടെ അവകാശത്തിലൂടെയാണു് ഈ സംസർഗ്ഗം പാലിക്കേണ്ടതു്.

---

## 10 ജോസഫ് ഡെസ്ക്ലൂഫി
സ്മിർണായുടെ മെത്രാപ്പോലീത്താ
ടർക്കി.

# തിരുസഭയിൽ മാർപ്പാപ്പായുടെ അപ്രമാദിത്വം

മാർപ്പാപ്പായുടെയും തിരുസഭയുടെ അദ്ധ്യാപനോദ്യോഗത്തിൻെറയും അപ്രമാദിത്വം ക്രിസ്തീയ ഐക്യത്തെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഒന്നായതിനാൽ ഇതിനെപ്പററി തിരുസഭയുടെ 'അദ്ധ്യാപനോദ്യോഗം' എന്ന ശീർഷകത്തിൽ പ്രത്യേക വിധം പരാമർശിക്കണമെന്നാണ് എൻെറ അഭിപ്രായം. ഇതിൽ അപ്രമാദിത്വവരത്തെ സംബന്ധിച്ചും, റോമാമാർപ്പാപ്പായുടെ നിർവ്വചനങ്ങൾ അതിൽത്തന്നെ(ex sese)പ്രമാദരഹിതമാണെന്നും, ഈ പ്രമാദരാഹിത്യം തിരുസഭയുടെ അനുമതിയിൽ നിന്നു് ഉത്ഭവിക്കുന്നതല്ലെന്നുമുള്ള ഒന്നാംവത്തിക്കാൻ സൂനഹദോസിൻെറ ദ്വയാർത്ഥമുണ്ടെന്നുതോന്നിയേക്കാവുന്ന പ്രസ്താവനയെക്കുറിച്ചും വ്യക്തവും സമഗ്രവുമായ ഒരു വിശദീകരണം ഉണ്ടായിരിക്കണം.

കൂടുതലായി എന്തെങ്കിലും ഇതിനെപ്പററി പറയുന്നതിനുമുമ്പായി, ഒന്നാം വത്തിക്കാൻ സൂനഹദോസിലെ വിശ്വാസകാര്യങ്ങളുടെ നേതൃത്വം വഹിച്ചിരുന്ന കൗൺസിൽ പിതാവായ ഗാസർ വ്യക്തമാക്കിയ ചില ആശയങ്ങളെക്കുറിച്ചുള്ള എൻെറ അഭിപ്രായം പറയുവാൻ ഞാനാഗ്രഹിക്കുന്നു. അദ്ദേഹം പ്രസ്താവിച്ചു. "തിരുസഭയുടെ സഹകരണത്തെ നാം അവഗണിക്കാതിരിക്കുന്നതിനു കാരണം റോമാമാർപ്പാപ്പായുടെ അപ്രമാദിത്വവരം നിവേശനം വഴിയൊ, വെളിപാടു വഴിയൊ ലഭിക്കുന്നതല്ലെന്നുള്ളതാണു്. ദൈവത്തിൻെറ ഒരു പ്രത്യേക സഹായം മൂലമാണു് മാർപ്പാപ്പാക്കു് തെററാവരം ഉണ്ടായിരിക്കുന്നതു്. അതുകൊണ്ടു് സത്യം എന്തെന്നു് കണ്ടുപിടിക്കുന്നതിനും അതിനെവേണ്ടവിധത്തിൽ വെളിപ്പെടുത്തുന്നതിനും ആവശ്യമുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ മാർപ്പാപ്പാക്കു് കടമയുണ്ടെന്നുള്ള വസ്തുത മേൽപ്രസ്താവിച്ചതിൽ നിന്നുംവ്യക്തമാണു്. അങ്ങനെയുള്ള മാർഗ്ഗങ്ങളാണു് സൂനഹദോസുകൾ, മെത്രാന്മാർ, കർദ്ദിനാള

ന്മാർ, ദൈവശാസ്ത്രജ്ഞന്മാർ മുതലായവരുടെ ഉപദേശങ്ങൾ. ഈ ഉപാധികൾ കാലാനുസൃതം മാറിക്കൊണ്ടിരിക്കും. എന്നാൽ മിശിഹാ, വി. പത്രോസിനും അദ്ദേഹത്തിൻെറ പിൻഗാമിക്കും നൽകുന്ന പ്രത്യേക സഹായത്തിൽ, മാർപ്പാപ്പായുടെ വിധിതീർപ്പിനെ പ്രമാദരഹിതമാക്കിത്തീർക്കുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങളിലും തെററു പററുകയില്ലെന്നുള്ള വാഗ്ദാനവും ഉൾപ്പെടുന്നുണ്ടെന്ന് നാം ആത്മാർത്ഥമായി വിശ്വസിക്കണം.

ഒന്നാം വത്തിക്കാൻ സൂനഹദോസിൻെറ, റോമാമാർപ്പാപ്പായുടെ നിർവ്വചനങ്ങൾ (1) അതിൽതന്നെ യാതൊരു നവീകരണത്തിനും വിധേയമല്ലെന്നും, (2) ഇത് തിരുസഭയുടെ അനുമതിയിൽനിന്ന് രൂപമെടുക്കുന്നതല്ലെന്നുമുള്ള പ്രസ്താവന തികച്ചും ശരിയാണെന്നു തോന്നുന്നു. എന്നാൽ ഈ പ്രസ്താവന അസ്പഷ്ടമാണ്; പ്രത്യേകിച്ചും ഒന്നും രണ്ടും അക്കങ്ങൾ അടപ്പിച്ചിട്ടിരിക്കുന്നതുകൊണ്ട്. ഇത് താഴെ വരുന്ന തെററായ ചില വ്യാഖ്യാനങ്ങൾക്ക് ഇടം നൽകുന്നുണ്ട്. ഒന്നാമത്തെ അക്കത്തിൽ തിരുസഭയുടെ സമ്മതത്തിനെതിരായൊ, അല്ലെങ്കിൽ തിരുസഭയുടെ അസാന്നിദ്ധ്യത്തിലൊ മാർപ്പാപ്പാക്ക് തെററാവരമുണ്ടെന്നും, രണ്ടാമത്തെ അക്കത്തിൽ, മാർപ്പാപ്പായുടെ തെററാവരത്തോട് സഭയുടെ ഒന്നാകെയുള്ള തെററാവരം എതിരായി നിൽക്കാം എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

ഇപ്രകാരമുള്ള ഒരു സ്ഥിതിവിശേഷത്തെപ്പററി ചിന്തിക്കുവാൻ പോലുംവയ്യ. ഈ രണ്ടു തെററാവരങ്ങളും അതായത് മാർപ്പാപ്പായുടെയും തിരുസഭയുടെയും— അവയുടെ ഉത്ഭവത്തിലും വിഷയത്തിലും വ്യത്യസ്തമാണെങ്കിലും, ഒന്ന് മററതിന് എതിരായിരിക്കുവാൻ പാടില്ല, രണ്ടും ഒരേ അപ്രമാദിത്വത്തിൽസംയോജിപ്പിക്കപ്പെടണം.

ആദ്യം പറഞ്ഞ തെററാവരത്തിൻെറ വിഷയം മാർപ്പാപ്പായാണ്. അതിൻെറ ഉത്ഭവം, അപ്പസ്തോല സമൂഹത്തിൻെറ തലവനെന്ന നിലയിൽ ക്രിസ്തുവിൻെറ ചോദ്യത്തിന് മറുപടി നൽകിയ പത്രോസിനോട് ക്രിസ്തു ചെയ്ത വാഗ്ദാനത്തിൽ നിന്നുമാണ്. രണ്ടാമത്തേത് വിശ്വാസസത്യങ്ങൾ നിദർശിക്കുന്നതിലും നിർവ്വചിക്കുന്നതിലുമുള്ള തിരുസഭയുടെ തെററാവരമാണ്. ഇത് എപ്പോഴും മാർപ്പാപ്പായുടെ അപ്രമാദിത്വത്തോട് യോജിച്ചു നിൽക്കുന്ന ഒന്നാണ്. അതുകൊണ്ട് (1) മാർപ്പാപ്പായുടെ നിർവ്വചനങ്ങൾ അതിൽ തന്നെ (ex sese) തെററാവരമുള്ളതാണെന്ന് പറയുമ്പോൾ അർത്ഥമാക്കുന്നത്, ഈ അപ്രമാദിത്വം തിരുസഭയുടെ തലവനെന്ന നിലയിൽ മിശിഹായിൽ നിന്ന് നേരിട്ട് ലഭിക്കുന്നതാണെന്നാണ്. മറിച്ച് തിരുസഭയുടെ അനുമതിയിൽ നിന്നല്ലെന്നും, അഥവാ ചിലർ സഭയുടെ വിസമ്മതത്തെ കൂട്ടാക്കാതെ വാദിക്കുന്നതുപോലെയും പഠിപ്പിക്കുന്നതുപോലെയും മാർപ്പാപ്പാക്കുള്ള അറിവ്, വിശുദ്ധി തുടങ്ങിയ പ്രത്യേക ഗുണങ്ങളിൽ നിന്നുത്ഭവിക്കുന്നതല്ലെന്നുമാണ്. (2) തിരുസഭയുടെ അനുമതിയിൽ നിന്നുമ

ല്ലെന്നു പറയുമ്പോൾ മനസ്സിലാക്കേണ്ടതു് തിരുസഭയുടെ അപ്രമാദിത്വം മാർപ്പാപ്പായുടെ സൃഷ്ടിയൊന്നുമല്ലെന്നും അദ്ദേഹം അതിനെ ബലിഷ്ഠമാക്കുക മാത്രമേ ചെയ്യുന്നുള്ളുവെന്നുമാണു്. തലവനെന്ന നിലയിൽ മാർപ്പാപ്പാ തിരുസഭയോടു് ഐക്യത്തിലാണു്. എന്നാൽ തിരുസഭയുടെഅനുമതിയന്നൊന്നില്ലെന്നുള്ള വിധത്തിൽ പ്രവർത്തിക്കുകയൊ, നിഷ്പ്രയോജനമെന്നു കരുതുകയൊ, അതിനെ അഗണ്യമാക്കി തള്ളിക്കളയുകയൊ ചെയ്യുവാൻ പാടുള്ളതല്ല.

അപ്രമാദിത്വം നിവേശനമൊ വെളിപാടൊ ഒന്നുമല്ലെന്നു നേരത്തെ നാം പറഞ്ഞുകഴിഞ്ഞു. തെററിൽനിന്നും വിമുക്തമാക്കുന്ന ഒരു പ്രത്യേക ദൈവസഹായം മാത്രമാണതു്. പഠനം വഴിയും, ആലോചന വഴിയും കാലാനുസൃതമായ മററു മാർഗ്ഗങ്ങൾ വഴിയും, സത്യം അന്വേഷിച്ചുകണ്ടുപിടിക്കേണ്ട ബുദ്ധിമുട്ടിൽനിന്നും ഈ പ്രത്യേക ദൈവസഹായം മാർപ്പാപ്പായെ ഒഴിവാക്കുന്നുമില്ല. അതുകൊണ്ടു് റോമാമാർപ്പാപ്പാ തിരുസഭയുടെ പരമാധികാരി എന്ന നിലയിലും അദ്ധ്യാപകനെന്ന നിലയിലും സംസാരിക്കുമ്പോഴും തന്റെ സഹോദരന്മാരെ ''ഉറപ്പിക്കുമ്പോഴും'' തിരുസഭയുടെ മനോഭാവം എന്തെന്നു്, സാർവ്വത്രികമൊ; ദേശീയമൊ, പ്രദേശികമൊ ആയ സൂനഹദോസുകൾവഴിയൊ അല്ലെങ്കിൽ മററുപയുക്തങ്ങളായ മാർഗ്ഗങ്ങളിലൂടെയൊ, അന്വേഷിച്ചറിയുന്നതിൽ വിമുഖത പ്രദർശിപ്പിക്കുവാൻ സാദ്ധ്യമല്ല. ഇതുവരെ ചെയ്തിട്ടുള്ളതും അപ്രകാരമാണു്. സഭയെന്നു 'പറയുന്നതു് മാർപ്പാപ്പാമാത്രമല്ല. എന്നാൽ എവിടെ മാർപ്പാപ്പായുണ്ടോ അവിടെ അദ്ദേഹത്തോടൊരുമിച്ചു് തിരുസഭയും ഉണ്ടായിരിക്കും. ശിരസ്സും ശരീരവുംപോലെ മാർപ്പാപ്പായും തിരുസഭയും ഒരേ തെററാവരത്തിന്റെ വേർതിരിക്കപ്പെടുവാൻ വയ്യാത്ത രണ്ടു് അവയവങ്ങളാണു്. മാത്രമല്ല സാർവ്വലൗകികസഭയുടെ ഇടയനും ഭരണകർത്താവുമായി മാർപ്പാപ്പാ, തിരുസഭയിലങ്ങോളമിങ്ങോളം സ്നേഹവും ഐക്യവും ഭരണം നടത്തണമെന്നാഗ്രഹിക്കുമ്പോൾ അതിനു് ഏററവും പററിയ മാർഗ്ഗമായ സാർവ്വലൗകികസഭയുടെ അഥവാ ഇന്നത്തെ മെത്രാന്മാരുടെ സമൂഹത്തിന്റെ ആലോചന, ദൈവപരിപാലന മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള വിധത്തിൽ ചോദിക്കുന്നതിൽ അദ്ദേഹത്തിനു് അത്യധികമായ സന്തോഷമേ ഉണ്ടായിരിക്കുകയുള്ളു.

## 11

മാക്സിമോസ് നാലാമൻ
അന്ത്യോക്യായിലെ പാത്രിയർക്കീസ്
സിറിയ

# ദൈവത്തിൻെറ ദാസന്മാരുടെ ദാസൻ

ഒന്നാം വത്തിക്കാൻ സൂനഹദോസ് മാപ്പാപ്പായുടെ പരമാധികാരത്തെ ഒരു വിശ്വാസസത്യമായി നിർവ്വചിക്കുകയുണ്ടായി. ഈ നിർവ്വചനം പലയിടങ്ങളിലും, അതിൻെറ ശരിയായ അർത്ഥത്തെ വളച്ചൊടിക്കുന്നവിധത്തിലുള്ള ദുർവ്യാഖ്യാനങ്ങൾക്ക് ഇടംനൽകുകയും ക്രിസ്തു തൻെറ സഭയ്ക്കു നൽകിയ പരമാധികാരമെന്ന വിശേഷദാനത്തെ ക്രിസ്തീയ ഐക്യത്തിനുള്ള ഒരു വിലങ്ങുതടിയാക്കിത്തീർക്കുകയും ചെയ്തു. പക്ഷെ ഇന്നു നമുക്ക് വ്യക്തമായിട്ടുണ്ട്, ഐക്യത്തിന് വിഘ്നമായി നില്ക്കുന്നതു് തിരുസ്സഭയുടെ പരമാധികാരത്തെക്കുറിച്ചുള്ള പഠനമല്ല എന്നു്. വി. ഗ്രന്ഥവും പാരമ്പര്യവും ഇതിനു് ഉപോൽബലകമായി നില്ക്കുന്നുണ്ട്. പിന്നെ എന്താണു്? പരമാധികാരത്തെസംബന്ധിച്ചുള്ള തിരുസ്സഭയുടെ പഠനത്തിനു നൽകുന്ന അതിശയോക്തിപരമായ വ്യാഖ്യാനമാണു്. ഇതിലുമുപരിയായി വെറും മനുഷ്യാധികാരത്തിൻെറ തലത്തിലുള്ള അനഭിലഷണീയമായ ചില കാര്യങ്ങൾ പരമാധികാരത്തിൻെറ പ്രയോഗത്തിൽ ദൈവികങ്ങളായ ഘടകങ്ങളോടും, തിരുസ്സഭയുടെ നിയമാനുസൃതമായ പുരോഗതിയോടും അറിഞ്ഞോ, അറിയാതെയൊ കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ടെന്നുള്ള വസ്തുതയാണു്.

രണ്ടാംവത്തിക്കാൻ സൂനഹദോസിൻെറ ലക്ഷ്യം പ. പിതാവ് പോൾ ആറാമൻ പ്രസ്തുത സൂനഹദോസിൻെറ രണ്ടാംസമ്മേളനത്തിൻെറ ഉൽഘാടനാവസരത്തിൽ പ്രസ്താവിച്ചതുപോലെ, ഐക്യത്തിലേയ്ക്കു നയിക്കുന്ന പാതകളെയെല്ലാം വിസ്തൃതമാക്കുക എന്നുള്ളതാണു്. അതുകൊണ്ട് എനിക്കു തോന്നുന്നതു്, ഒന്നാംവത്തിക്കാൻ സൂനഹദോസ് ഈവിഷയത്തെപുരസ്ക്കരിച്ചു് പ്രസ്താവിച്ചിട്ടുള്ളതു് ആവർത്തിച്ചു പറഞ്ഞുകൊണ്ടു മാത്രം ഈ കൗൺസിൽ തൃപ്തിപ്പെടരുതെന്നാണു്. കാരണം അതു് തിരുസ്സഭയുടെ ഇതഃപര്യന്തമുള്ള പഠന

മാണ്. അതിനാൽ മെത്രാൻസ്ഥാനത്തിൻെറ ദൈവിക സ്ഥാപനത്തേയും, അന്യാധീനപ്പെടുത്തുവാൻ പാടില്ലാത്ത അതിൻെറ അവകാശങ്ങളേയുംകുറിച്ചുള്ള തിരുസ്സഭയുടെ പഠനത്തിൻെറ വെളിച്ചത്തിൽ ഒന്നാംവത്തിക്കാൻ സൂനഹദോസിൻെറ വാക്കുകളെ വിശദമാക്കുകയും പൂർണ്ണമാക്കുകയുമാണ് ഈ സൂനഹദോസ് ചെയ്യേണ്ടതു്.

റോമൻപരമാധികാരത്തെസംബന്ധിച്ചതത്വത്തിനും, പ്രയോഗത്തിനും, സഭയുടെ സ്ഥാപകനായ ക്രിസ്തുതന്നെ ആഗ്രഹിച്ച ശരിയായ ഒരു സമനില സുനിശ്ചിതമാക്കിത്തീർക്കുന്ന അടിസ്ഥാനതത്വങ്ങൾക്ക് കുറേക്കൂടെ സമുന്നതമായ ഒരു സ്ഥാനം നൽകുവാൻ താഴെപ്പറയുന്ന തത്വങ്ങളെ നാം ഊന്നിപ്പറയേണ്ടതാണ്.

1) സഭയുടെ അതായതു് മിശിഹായുടെ മൗതികശരീരമാകുന്ന തിരുസ്സഭയുടെ തലവൻമിശിഹാ മാത്രമാണെന്നും,മിശിഹായല്ലാതെ മററാരുമല്ലെന്നുമുള്ളവസ്തുത നമുക്കേവർക്കും സുവിദിതമായിരിക്കണം. വി.പത്രോസ്അപ്പസ്തോലസമൂഹത്തിൻെറ തലവനായിരുന്നതുപോലെ റോമാമാപ്പാപ്പാ മെത്രാന്മാരുടെസമൂഹത്തിൻെറ തലവനാണ്. പിൻഗാമിക്ക് മുൻഗാമിയെക്കാൾ കൂടുതൽ അധികാരങ്ങളൊന്നുമില്ല.ഇക്കാരണത്താൽമിശിഹായെനാംതിരുസ്സഭയുടെ തലവനെന്നുവിളിക്കുന്ന അതേ അത്ഥത്തിൽതന്നെ മാപ്പാപ്പായേയും തിരുസ്സഭയുടെ തലവൻ എന്നു വിളിച്ചാൽ അതു് അത്ര ശരിയായിരിക്കുകയില്ല.

2) തിരുസ്സഭയുടെഅടിസ്ഥാനത്തെസംബന്ധിച്ച്വന്ദ്യ പിതാക്കന്മാരിൽ ചിലർ നൽകിയിട്ടുള്ള വിശദീകരണത്തോട് നാം പൂർണ്ണമായും യോജിക്കുന്നു. വി. പത്രോസിൻെറമേൽ മാത്രമല്ല മറെറല്ലാ അപ്പസ്തോലന്മാരുടേയും മേലാണ് സഭയുടെ സ്ഥാപനം. ഇതിനു് വിശുദ്ധ ഗ്രന്ഥത്തിൽ ഉദ്ധരണികൾ സുലഭമാണ്. ഈ സത്യം വിശുദ്ധ പത്രോസിൻെറയോ അദ്ദേഹത്തിൻെറ പിൻഗാമികളുടെയോ പരമാധികാരത്തിനു് ഒരുവിധത്തിലും എതിരല്ല. നേരേമറിച്ച് അതിന്മേൽ ഒരു പുതിയ വെളിച്ചം വീശുകയാണു ചെയ്യുന്നതു്. വി. പത്രോസ് അപ്പസ്തോലസമൂഹത്തിലെ ഒരംഗവും അതേസമയം അവരുടെ തലവനുമാണ്. അപ്രകാരംതന്നെ റോമാമാപ്പാപ്പാ മെത്രാന്മാരുടെ സമൂഹത്തിലെ ഒരംഗവും അതേസമയം ആ സമൂഹത്തിൻെറ തലവനുമാണ്. ശിരസ്സ് ശരീരത്തെ നയിക്കുന്നു; പക്ഷെ അതു് ശരീരത്തിൽനിന്നും വേർപെട്ടുനില്ക്കുന്ന ഒന്നല്ല.

3) റോമാമാപ്പാപ്പായ്ക്കു്തിരുസ്സഭമുഴുവൻേറയുംമേലുള്ള അധികാരം മെത്രാന്മാരുടെസമൂഹത്തിനു്തിരുസ്സഭ മുഴുവൻേറയുംമേലുള്ളഅധികാരത്തെ എടുത്തുകളയുന്നില്ല. മെത്രാന്മാരുടെ സമൂഹമെന്നു പറയുമ്പോൾ, ആ സമൂഹത്തിൻെറ പരമാധികാരി എന്ന നിലയിൽ മാപ്പാപ്പായും അതിൽ ഉൾപ്പെടുന്നുണ്ടെന്നാണ് എൻെറ വിവക്ഷ. അഥവാ മാപ്പാപ്പായുടെ അധികാരം ഓരോ മെത്രാനും തൻെറ രൂപതയിന്മേലുമുള്ള അധികാരത്തെ തുടച്ചുനീക്കുന്നില്ല. ഓരോ രൂപതയി

ലുമുള്ള കാനോനികമായ ആധികാരിക നിയമനം മെത്രാനിൽനിന്നും അദ്ദേഹത്തിൽനിന്നു മാത്രവുമാണുണ്ടാകേണ്ടത്.

ഇതിനുംപുറമെ ഈ പരമാധികാരത്തെ, പൗരസ്ത്യസഭകളുടെ ആസ്തിക്യത്തെതന്നെ ചോദ്യം ചെയ്യുന്നവിധത്തിൽ അവതരിപ്പിച്ചാൽ അതു് റോമൻ പരമാധികാരത്തിൻെറ തത്വത്തിനു് ഹാനികരമായിരിക്കുമെന്നു മാത്രമല്ല, ഓർത്തഡോക്സ് സഭകളുമായുള്ള സൗഹൃദ്സംഭാഷണസാദ്ധ്യതയെ അപകടത്തിലാക്കുകയും ചെയ്യും. റോമാസിംഹാസനത്തിൻെറ ഇടപെടൽ വളരെ വിരളമായിട്ടുള്ള പൗരസ്ത്യസഭയിൽ ഇന്നു് നിലവിലിരിക്കുന്ന കൗദാശികവും, ആരാധനാപരവും ദൈവശാസ്ത്രപരവും ശിക്ഷണപരവുമായ ജീവിതം സജീവമായ ഒരപ്പസ്റ്റോലികപാരമ്പര്യത്തിൽനിന്നും ഉടലെടുത്തിട്ടുള്ളതാണു്.

4) റോമാമാർപ്പാപ്പായുടെ സാർവ്വലൗകികമായ അധികാരം, പൂർണ്ണവും അതിൻേറതായ തലത്തിൽ നില്ക്കുന്നതുമാണെങ്കിലും, അദ്ദേഹത്തിനു് നൽകിയിരിക്കുന്നതു് ഹയരാർക്കി മുഴുവൻേറയും തലവൻ എന്ന നിലയിലും പരമാധികാരി എന്ന നിലയിൽ ചെയ്യേണ്ട കൃത്യങ്ങാം നിർവ്വഹിക്കുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കിത്തീർക്കേണ്ടതിനുമാണെന്നുള്ള വസ്തുത നാം ഊന്നിപ്പറയേണ്ട ഒന്നാണു്. വി. മത്തായി എഴുതിയ സുവിശേഷം 16–ാം അദ്ധ്യായം 12–ാം വാക്യത്തിൽ „നീ പാറയാകുന്നു'' എന്നു പറഞ്ഞിരിക്കുന്നതിൽനിന്നും വി. ലൂക്കാ എഴുതിയ സുവിശേഷം 22–ാം അദ്ധ്യായം 32–ാം വാക്യത്തിൽ „നിൻെറ സഹോദരന്മാരെ നീ ഉറപ്പിക്കുക'' എന്നു പ്രസ്താവിച്ചിരിക്കുന്നതും വേർതിരിച്ചു് കണക്കാക്കുവാൻ പാടില്ല. ഈ അധികാരം ഇടയനടുത്തതും വ്യക്തിഗതവുമാണു്. ആജ്ഞാപിക്കുവാൻവേണ്ടി മാത്രമുള്ള ഒരു അധികാരമല്ല ഇതു്. അതിനാലാണു് അതു് ഇടയനടുത്ത ഒരു പ്രവൃത്തിയായിരിക്കുന്നതു്. പ. പിതാവു്പോാംആറാമൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ ഇതു്ഒരു ശുശ്രൂഷയാണു്, ഒരു സേവനമാണു്, ഇടയനടുത്ത ഒരു പ്രവൃത്തിയാണു്. ഈ അധികാരം വ്യക്തിമുദ്ര പതിച്ചിട്ടുള്ളതാകകൊണ്ടും അപ്രകാരം സ്ഥിതിചെയ്യുന്നതുകൊണ്ടും യാതൊരുവിധത്തിലും കൈമാററം നടത്തുവാൻ പാടുള്ളതല്ല.

5) മെത്രാന്മാരുടെയും അവരുടെ കാനോനിക കമ്മീഷൻെറയും നിയമനം ദൈവികാധികാരത്താൽതന്നെ മാർപ്പാപ്പാക്കു മാത്രമായി നീക്കിവച്ചിട്ടുള്ളതല്ലെന്നു് ധരിച്ചിരിക്കേണ്ടതാണു്. പാശ്ചാത്യസഭയിൽ സന്ദർഭവശാൽ കടന്നുകൂടിയിട്ടുള്ളവ സഭ മുഴുവനെയും ബാധിക്കുന്ന ഒരു നിയമമൊ, അല്ലെങ്കിൽ ഒരു തത്വമൊ ആക്കിത്തീർക്കുവാൻ പാടില്ല.

അങ്ങനെ മാർപ്പാപ്പായുടെ പരമാധികാരത്തെ അതിൻെറ താത്വികമായ വശത്തെക്കുറിച്ചും പ്രയോഗത്തെക്കുറിച്ചുമുള്ള അതിവർണ്ണനകളിൽനിന്നെല്ലാം വിമുക്തമാക്കിക്കഴിയുമ്പോാം അതു് ക്രിസ്തീയഐ

കൃത്തിന്ന ഒരു പ്രതിബന്ധമായിരിക്കുകയില്ലെന്നു മാത്രമല്ല, ഐക്യത്തിനായി ആഹ്വാനം ചെയ്യുന്നതും അതിനെ പരിരക്ഷിച്ചുകൊണ്ടുപോകുന്ന അതിപ്രധാനമായ ഒരു ശക്തിയായിത്തീരുകയും ചെയ്യും. സഭയുടെ ഐക്യത്തിന്റെ കേന്ദ്രം എന്ന നിലയിൽ ഇതു് അനിവാര്യമാണു്. മിശിഹാ തന്റെ സഭയിൽ ഏപ്പെടുത്തിയിരിക്കുന്ന ഈ ഉദ്യോഗത്തിനു് അവിടത്തോടു വേണ്ടവിധത്തിൽ നന്ദി പ്രദർശിപ്പിക്കുവാൻ ക്രൈസ്തവർ അശക്തരാണു്.

---

## രണ്ടാം ഭാഗം

# സഭയുടെ നവീകരണം

**1** പോപ്പ് പോൾ ആറാമൻ,
റോമിൻെറ മെത്രാൻ.

## നാം സാധിക്കേണ്ടതു്

ഈ സൂനഹദോസിൻെറ പരിഗണനയ്ക്കു വിധേയമായിട്ടുള്ള പ്രധാന വിഷയങ്ങളിൽ ഒന്നായ തിരുസ്സഭയുടെ നവീകരണത്തെ സംബന്ധിച്ചും ഇതേ പ്രതീക്ഷതന്നെ വച്ചുപുലത്താവുന്നതാണ്. ഇതു് നമ്മുടെ അഭിപ്രായത്തിൽ, മിശിഹായും സഭയും തമ്മിലുള്ള ബന്ധത്തെപ്പററി നമുക്കുള്ള ബോധത്തിൽനിന്നും പുറപ്പെടുന്ന ഒന്നായിരിക്കണം.

മിശിഹായുടെ വധുവായ തിരുസ്സഭ, അവളുടെ പ്രതിഛായ മിശിഹായിൽ ദശിക്കുന്നതിനു് അവിടത്തെ ഉററുസൂക്ഷിക്കുന്നതായി നാം പറഞ്ഞുകഴിഞ്ഞു. അങ്ങനെ ചെയ്യുമ്പോൾ അവളുടെ കല്യാണവസ്ത്രത്തിൽ അല്പമെങ്കിലും കറയൊ, നിഴലൊ, കേടുപാടൊ കാണുന്നതിനിടവരുമ്പോൾ എന്തായിരിക്കണം അവളുടെ നൈസർഗ്ഗികവും ധീരവുമായ പ്രതികരണം? തീർച്ചയായും അവളുടെ പ്രഥമ കത്തവ്യം സ്വയനവീകരണവും തിരുത്തലുംവഴി തന്നെത്തന്നെ സ്വർഗ്ഗീയമണവാളനു് അനുരൂപയാക്കിത്തീക്കുകയാണെന്നുള്ളതിൽ രണ്ടുപക്ഷമില്ല.

പീഡാസഹനത്തിൻെറ മണിക്കൂറുകൾ തന്നെസമീപിച്ചപ്പോൾ ക്രിസ്തുനാഥൻ നടത്തിയ പ്രാത്ഥനയിൽ അവിടന്നെന്താണു് പറഞ്ഞതെന്നു് അല്പം വിചിന്തനം ചെയ്തുനോക്കു. "..........സത്യത്തിൽ അവരും വിശുദ്ധീകരിക്കപ്പെടേണ്ടതിനായി ഞാൻ എന്നെ

ത്തന്നെ വിശുദ്ധീകരിക്കുന്നു.'' (യോഹന്നാൻ 17:19)നമ്മുടെ അഭിപ്രായത്തിൽ രണ്ടാംവത്തിക്കാൻ സൂനഹദോസ് സ്വീകരിക്കേണ്ടതും ക്രിസ്തുവിനുണ്ടായിരുന്ന മുഖ്യമായ ഈ മനോഭാവംതന്നെയാണ്. ഈ ആന്തരിക വിശുദ്ധീകരണം നടത്തിയതിനുശേഷം മാത്രമെ, തിരുസ്സഭക്ക് തന്നെത്തന്നെ ലോകത്തിനു കാണിച്ചുകൊടുത്തുകൊണ്ട് ''എന്നെക്കാണുന്നവൻപിതാവിനെ കാണുന്നു''എന്നു മിശിഹാ അരുളിച്ചെയ്തതുപോലെ, ''എന്നെ കാണുന്നവൻ ക്രിസ്തുവിനെ കാണുന്നു'' എന്നു പറയുവാൻ സാധിക്കുകയുള്ളു.

മേൽപറഞ്ഞ അത്ഥത്തിൽ ഈ രണ്ടാംവത്തിക്കാൻ സൂനഹദോസ് ഇപ്പോഠം നിദ്രയിലാണ്ടുകിടക്കുന്ന സുശക്തങ്ങളായ ആദ്ധ്യാത്മികവും ധാമ്മികവുമായ ശക്തികളുടെയെല്ലാം ഒരു ഉയിത്തെഴുന്നേൽപ്പും, അവയെ പുറപ്പെടുവിക്കുന്ന ഒരു പുതിയ അരുവിയും ആയിരിക്കണം. തിരുസ്സഭയുടെയും അതിൻെറ ആരാധനാപരവും കാനോനികവുമായ ഘടനയുടെയും ക്രമീകരണങ്ങഠക്കും, ആന്തരികശക്തികഠക്കും ഒരു പുനർയൗവ്വനം പകർന്നുകൊടുക്കുന്നതിനുള്ള നമ്മുടെ ദൃഢനിശ്ചയത്തിൻെറ ഒരു തെളിവായിരിക്കണം ഈ സൂനഹദോസ്. പരിശുദ്ധാത്മാവിവഴി ക്രിസ്തുവിനോടുള്ള മൗതിക ഐക്യത്തിൽനിന്നും, മിശിഹായെ അനുകരിക്കുന്നതിൽനിന്നും മാത്രം ലഭ്യമാകുന്ന പരിപൂണ്ണതയുടെയും വിശുദ്ധിയുടെയും മനോഹാരിത തിരുസ്സഭയിൽ വർദ്ധിപ്പിക്കുവാൻ സൂനഹദോസ് പരിശ്രമിക്കുകയാണ്.

അതെ, സൂനഹദോസ് ഒരു നവീകരണത്തെ ലക്ഷ്യമാക്കി പ്രവത്തിക്കുകയാണ്. പക്ഷേ ഒരുകാര്യം നാമോക്കണം. നവീകരണം എന്നുപറയുമ്പോഠ, ഇന്നത്തെ തിരുസ്സഭ അതിൻെറ സ്ഥാപകനായ മിശിഹായോട് സാരമായവിധത്തിൽഅവിശ്വസ്തതപ്രകടിപ്പിക്കുന്നുവെന്നു കുററപ്പെടുത്താമെന്ന് അത്ഥമാക്കുന്നില്ല. നേരെമറിച്ച് അവളെ കൃതജ്ഞതാനിർഭരയും വിനയമുള്ളവളുമാക്കിത്തീക്കുന്നതും മാനുഷികമായ ബലഹീനതനിമിത്തം ഉണ്ടാകുന്ന പോരായ്മകളെ സുധീരം തിരുത്തുവാൻ പ്രേരിപ്പിക്കുന്നതുമായ മിശിഹായോടുള്ള അവളുടെ കാതലായ വിശ്വസ്തതയുടെ കുറേക്കൂടെ അഗാധമായ ഒരു സാക്ഷാത്ക്കാരമെന്നു മാത്രമായിരിക്കണം നവീകരണമെന്നതുകൊണ്ടത്ഥമാക്കേണ്ടതു്.

അതുകൊണ്ട് ഈ സൂനഹദോസിൻെറ ലക്ഷ്യം തിരുസഭയുടെ ഇന്നത്തെ ജീവിതരീതിയുടെ ഒരു തകിടം മറിക്കലോ അല്ലെങ്കിൽ അവളുടെ പാരമ്പര്യത്തിൻെറ കാതലും ആദരണീയവുമായ എന്തിനെയെങ്കിലും പൊളിച്ചെഴുതുകയെന്നതോ അല്ല. പിന്നെയോ, തിരുസഭയുടെ പാരമ്പര്യത്തിലുള്ള കുററങ്ങളെയും കുറവുകളെയുമെല്ലാം തുടച്ചുനീക്കി അതിനെ ബലിഷ്ഠവും ഫലദായകവുമാക്കിത്തീർത്ത് വേണ്ടത്ര വില കല്പിക്കുകയാണ് നാം ചെയ്യുന്നതു്. ''ഞാൻ സാക്ഷാത്തായ മുന്തിരിവള്ളിയും എൻെറ പിതാവ് കൃഷിക്കാരനുമാകുന്നു.

എന്നിൽ ഫലങ്ങൾ തരാത്ത ശാഖകളൊക്കെയും അവൻ നീക്കിക്കളയുന്നു; ഫലങ്ങൾതരുന്നതിനെ, അധികം ഫലങ്ങൾ ഉളവാക്കേണ്ടതിന് അവൻ വെട്ടി ശരിപ്പെടുത്തുകയും ചെയ്യുന്നു'' എന്ന് മിശിഹാ തന്റെ ശിഷ്യരോട് അരുളിച്ചെയ്തിട്ടില്ലേ? (യോഹ. 15: 1–2)

ഈ വാക്യം തിരുസഭ, ഇന്നുണ്ടാകണമെന്നാഗ്രഹിക്കുന്ന നവീകരണരീതിയുടെയും, അതിലുമുപരിയായി അവളുടെ ആന്തരികവും ബാഹ്യവുമായ ജീവിതത്തിന്റെയും ഒരു രത്നച്ചുരുക്കമാണ്. ജീവത്തായ തിരുസഭ ജീവിക്കുന്ന ക്രിസ്തുവിനോട് അനുരൂപയായിത്തീരട്ടെ. വിശ്വാസവും സ്നേഹവുമാണ് അവളുടെ ജീവിതത്തിന്റെ മൂലതത്വങ്ങളെങ്കിൽ, വിശ്വാസത്തെ ബലിഷ്ഠവും ആഹ്ളാദജനകവുമാക്കിത്തീർക്കുന്നതിനും, ക്രിസ്തീയപ്രബോധനങ്ങളും പഠനോപാധികളും അതിപ്രധാനമായ ഈ ലക്ഷ്യപ്രാപ്തിക്കുതകത്തക്കവിധത്തിൽ കൂടുതൽ കാര്യക്ഷമമാക്കിത്തീർക്കുന്നതിനാവശ്യമായ യാതൊരു ബുദ്ധിമുട്ടും അത്ര കാര്യമായി കണക്കാക്കേണ്ടതല്ല.

പ്രഥമമായി ഈ നവീകരണത്തിനാവശ്യമായതു് ദൈവികവചനത്തെക്കുറിച്ചുള്ള അവഗാഢമായ പഠനവും പ്രഘോഷണവുമാണ്. ഈ അടിസ്ഥാനത്തിന്മേൽ സ്നേഹത്തിന്റേതായ ഒരദ്ധ്യയനരീതി രൂപംകൊള്ളും. സ്വയ നവീകരണത്തിനും അതുപോലെ തനിക്കു ചുററുമുള്ള ലോകത്തെ നവീകരിക്കുന്നതിനും പ്രാപ്തിയുള്ള ഒരു സഭയായിരിക്കണം നമ്മുടേതെന്ന് നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ സ്നേഹത്തിന് സമുന്നതമായ ഒരു സ്ഥാനം നൽകുകയും അപ്രകാരം തന്നെ സ്നേഹത്തിന്റേതായ ഒരു പള്ളിയെ നാം പണുതുയർത്തുകയും വേണം. ഇതു വളരെ ശ്രമകരമായ ഒന്നാണെന്നുള്ളതിൽ തെല്ലും സംശയത്തിനു വകയില്ല.

സ്നേഹത്തെ നാം പോററിപ്പുലർത്തണം; കാരണം വിനയം, ദാരിദ്ര്യം, ആരാധന, ത്യാഗാരൂപി, ആത്മധൈര്യം, നീതിയോടുള്ള സ്നേഹം തുടങ്ങിയ എല്ലാ ക്രിസ്തീയ പുണ്യങ്ങളുടെയും അപ്രകാരം തന്നെ ആധുനിക മനുഷ്യനെക്കൊണ്ടു് പ്രവർത്തിപ്പിക്കുന്ന എല്ലാ ശക്തിവിശേഷങ്ങളുടെയും നാരായവേരാണതു്.

ഇത്തരുണത്തിൽ കൗൺസിലിന് പ്രാവർത്തികമാക്കുവാൻ വളരെ വ്യാപകമായ പരിപാടിയുണ്ടു്. ആരാധനക്രമം ഏററം പ്രാധാന്യം അർഹിക്കുന്ന വിഷയങ്ങളിൽ ഒന്നത്രെ. സൂനഹദോസിന്റെ ഒന്നാം സമ്മേളനം ഈ വിഷയത്തെ പുരസ്കരിച്ച് വളരെയധികം ചർച്ചകൾ നടത്തിക്കഴിഞ്ഞു. രണ്ടാം സമ്മേളനത്തിൽ ഈ വിഷയത്തെ സംബന്ധിച്ച് എല്ലാവർക്കും സ്വീകാര്യവും സന്തോഷപ്രദവുമായ ഒരു നിഗമനത്തിൽ എത്തിച്ചേരുവാൻ സാധിക്കുമെന്ന് നാം പ്രത്യാശിക്കുന്നു.

മററു വിഷയങ്ങളിലും സൂനഹദോസിലെ പിതാക്കന്മാർ സ

വിശേഷമായ ശ്രദ്ധ ചെലുത്തുന്നതാണ്. എന്നിരുന്നാലും ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ എല്ലാ വിഷയങ്ങളും അവയർഹിക്കുന്ന വിധത്തിൽ ചർച്ചചെയ്യപ്പെടുവാൻ സാധിച്ചേക്കുമോ എന്നും, ഇനി നടക്കാൻ പോകുന്ന സമ്മേളനങ്ങളിൽ അവയെപ്പററി ചർച്ചകൾ ആവശ്യമായി വരികയില്ലേയെന്നും അല്പം ആശങ്കയുണ്ട്.

---

2 ഏണസ്റ്റ് പ്രീമോ
മാഞ്ചസ്റ്ററിൻെറ മെത്രാൻ
യു. എസ്. ഏ.

# അൽമായൻെറ ഉത്തരവാദിത്വമുള്ള സ്വാതന്ത്ര്യം

ഹൈരാക്കിയും അൽമായരും തമ്മിലുള്ള ബന്ധത്തിന് അജപാലനത്തിനടുത്തതായ ഒരു വശമുണ്ട്. ഇതിൻെറ പ്രാധാന്യത്തെ പ. പിതാവ് ഊന്നിപ്പറയുകയുണ്ടായി തൻെറ ഉൽഘാടനപ്രസംഗത്തിൽ. അതുകൊണ്ട് അൽമായരെക്കുറിച്ച് ചിന്തിക്കുന്ന ഈ അവസരത്തിൽ സഭയുടെ അപ്പസ്തോലിക വേലയിൽ അവരുടേതായ ഭാഗഭാഗിത്വത്തെക്കുറിച്ച്, അവരിൽത്തന്നെ വളർന്നുവരുന്ന ധാരണയെപ്പററി നാം ബോധവാന്മാരായിരിക്കേണ്ടതാണ്. ഇതു നാം നിസ്സാരമായി തള്ളിയാൽ, ഇവിടെ എന്തൊക്കെ നിർദ്ദേശിച്ചാലും, എന്തൊക്കെ പ്രസിദ്ധപ്പെടുത്തിയാലും യാതൊരുപകാരവും ഉണ്ടാകാൻ പോകുന്നില്ല.

കേവലം പൊതുവായ ചില തീരുമാനങ്ങളെടുത്തു കൊണ്ടു മാത്രം നാം സംതൃപ്തരായിപിരിയരുത്. ആ രീതിയിലുള്ള ഒരു നിലപാട് നാം കഴിയുന്നതും ഉപേക്ഷിക്കണം, ഉപേക്ഷിച്ചേ തീരൂ. ഒരു മിണ്ടാപ്രാണിയെപ്പോലെ ഇന്നത്തെ അത്മായൻ, ഏതിലും എന്തിലും സഭയുടെ അധികാരത്തെ അപ്പാടെ കണ്ണടച്ചനുസരിക്കമെന്ന് വിശ്വസിക്കുവാൻ നിവൃത്തിയില്ല. സഹിക്കുവാനും, വഹിക്കുവാനും മാത്രമായി സഭയിൽ അംഗത്വമുള്ളവനായിരിക്കുവാൻ

ഇനി ഒരുനാളും അവന്ന് സാദ്ധ്യമല്ല. കാരണം അവൻ തൻെറ കഴിവുകളെപ്പററി ബോധവാനായിരിക്കുകയാണ്.

പല രംഗങ്ങളിലും ശിക്ഷണം ലഭിച്ച അത്മായർ—യഥാത്ഥ വിശ്വാസികൾ ഇന്നു ധാരാളമുണ്ട്. വൈദികരെക്കാൾ അത്മായർക്കു പ്രാവീണ്യം ഉള്ള ചില കാര്യങ്ങളെ സംബന്ധിച്ച് തങ്ങളുടെ അഭിപ്രായമാരായണമെന്ന് അവർ ആഗ്രഹിക്കാറുമുണ്ട്. സഭയുടെ പ്രേഷിതപ്രവത്തനങ്ങളിൽ ആത്മാത്ഥമായി സഹകരിക്കുവാൻ അത്മായർ ആഗ്രഹിക്കുന്നു; ഹൈരാക്കിയുടെ പൂണ്ണനേതൃത്വത്തിൽ കാര്യങ്ങൾ നടത്തുന്നതിനും അവക്കു പൂണ്ണസമ്മതമാണ് എന്നാൽ അവക്കു പ്രത്യേക പ്രാവീണ്യമുള്ള കാര്യങ്ങളിൽ, തങ്ങളോടുകൂടി ആലോചിച്ച് ഹൈരാക്കി തൽക്കാര്യങ്ങൾ നടത്തണമെന്നുമാത്രം. അങ്ങനെയുള്ള കാര്യങ്ങളിൽ, ഹൈരാക്കി തങ്ങളെ വിശ്വസിക്കണമെന്ന് അവർ പ്രതീക്ഷിക്കുന്നുമുണ്ട്.

മാതാവായ പരിശുദ്ധ പള്ളിയെ അവർ അഗാധമായി സ്നേഹിക്കുന്നു. ന്യായമായ അധികാരത്തെ അവർ മാനിക്കുന്നു, വിശ്വസിക്കുകയും ചെയ്യുന്നു. ഇതു് അവർ പലപ്പോഴും പ്രകടമാക്കുകയും ചെയ്യുന്നുണ്ട്. അതേസമയം സ്വന്തം അന്തസ്സിനെയും കഴിവുകളെയും പററി അവക്കു നന്നായിട്ട് അറിയുകയും ചെയ്യാം. ഈ അറിവ് കേവലം ഭൗതികകാര്യങ്ങളിൽ മാത്രമല്ല, സഭയുടെ ആന്തരികജീവിതത്തേയും ബാധിക്കുന്നതാണ്. അവർ പ്രധാനമായി ആശിക്കുന്നതു് വിശാലമായ ഒരു സമീപനമാണ്—ഇതൊരുതരം സംഭാഷണം തന്നെയാണ്. ഹൈരാക്കിയും അത്മായരും തമ്മിലുള്ള ഒരു തുറന്ന സംഭാഷണം. ഇതുമൂലം സഭയുടെ പൊതുനന്മയ്ക്കുവേണ്ടി ആവതു പ്രവത്തിക്കുവാൻ അവക്കു കഴിയും. അപ്പസ്തോലിക ജോലിയിൽ തങ്ങൾക്കുള്ള പ്രത്യേക പങ്ക് വ്യക്തമാക്കുവാനും ഇതു് ഉപകരിക്കും. ദൈവകൃപയാൽ ഈ സാർവ്വത്രിക സൂനഹദോസ് ഇത്തരത്തിലുള്ള ഒരു സമീപനരീതിക്കു വേണ്ടതു് ഒട്ടേറെ ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഇതു് അൽമായരിൽ വളരെ പ്രതീക്ഷകൾ ഉണത്തിയിട്ടുമുണ്ട്. പല ജിജ്ഞാസകളാണ് ഇതിനകം അത്മായർ പ്രകടിപ്പിച്ചിരിക്കുന്നതു്. അതിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് അത്മായരുടെ സ്വാതന്ത്ര്യം, അധികാരം എന്നിവയെ പരാമശിച്ചുള്ള ചോദ്യങ്ങൾ. സ്വാതന്ത്ര്യവും അധികാരവും തമ്മിലുള്ള ബന്ധത്തെ സംബന്ധിക്കുന്ന പ്രശ്നത്തിന്ന് ശരിയായ ഒരുത്തരം ഈ സമ്മേളനം കണ്ടുപിടിക്കേണ്ടതായിട്ടുണ്ട്. ഇല്ലെങ്കിൽ (1) അത്മായരിൽ അധികാരവിദ്വേഷം മൂർദ്ധന്യത്തിലെത്തും. (2) അതോടെ ഒരു നിഷ്പക്ഷമനോഭാവം വളരുകയായി; സഭയുടെ ജീവിതത്തിലും പ്രവത്തനത്തിലും സജീവമായ ഭാഗഭാഗിത്വമൊന്നുമില്ലാതെ കേവലം നിയമങ്ങളെ മാത്രം അനുസരിക്കുകയെന്നതു് അവക്ക്സാദ്ധ്യമായിത്തീരുകയും ചെയ്യും. (3) നിർഭാഗ്യവശാൽ, ചിലപ്പോൾ അവർ സഭയേയും വിശ്വാസത്തേയും കൂടി ഉപേക്ഷിച്ച് മതത്യാഗികളായി മാ

റിയെന്നും വരാം. സഭ വളരണമെങ്കിൽ, അവർക്കു അൽമായരുടെ, പ്രത്യേകിച്ചു് പ്രതിഭാശാലികളുടെ സഹായം കൂടിയേ തീരു. അവരുടെ ന്യായമായ സ്വാതന്ത്ര്യത്തേയും സർഗ്ഗശക്തിയേയും സഭ അംഗീകരിക്കണം. എങ്കിൽ മാത്രമേ അവരുടെ സഹായങ്ങളും നിർദ്ദേശങ്ങളും സഭയ്ക്കു കിട്ടുകയുള്ളു. അതുപോലെതന്നെ അവർക്കു് നല്ല പാടവമുള്ള സംഗതികളിൽ അവരുടെ അഭിപ്രായമാരായുവാൻ ആദരപൂർവ്വം സഭ തുനിയുകയും വേണം.

നാം പലപ്പോഴും ആവശ്യത്തിലേറെ എന്നുതന്നെ പറയട്ടെ, അനുസരണം, ബഹുമാനം, വിധേയത്വം എന്നിവയെക്കുറിച്ചു് ഉറക്കെ പ്രസംഗിക്കാറുണ്ടു്. എന്നാൽ വ്യക്തിപരമായ ഉത്തരവാദിത്വത്തേയും; ക്രിയാത്മകതയേയും നാം അത്ര പരിഗണിക്കാറില്ല. എന്നാൽ അത്മായരിൽ ഈ കാര്യങ്ങൾക്കു് നാം തീർത്തും അനുലോമവും ചൈതന്യപൂർണ്ണവുമായ ഒരു വിലയിരുത്തൽ നടത്തേണ്ടതാണു്. ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ അവയവങ്ങളാണല്ലോ അവരും. ബഹുമാനിക്കുവാനും വിധേയമായിരിക്കുവാനുമുള്ള അവരുടെ കടമയെപ്പററി സദാ അവരോടു് ഉപദേശിച്ചുകൊണ്ടിരുന്നാലോ? ഈ ആവർത്തനം കേട്ടാൽ തോന്നും അത്മായരുടെ ജീവിതം നാലു പദങ്ങളിൽ സംഗ്രഹിക്കാമെന്നു്: വിശ്വസിക്കുക, പ്രാർത്ഥിക്കുക, അനുസരിക്കുക (പള്ളിക്കു്), ദാനം ചെയ്യുക. ഈ ചുരുങ്ങിയ പദങ്ങളിൽ ഒതുങ്ങിപ്പോകുന്നതാണു് അത്മായന്റെ ദൈവവിളി.

നാം ഒരു കാര്യം സ്മരിക്കുന്നതു കൊള്ളാം. വിശ്വസ്ഥരായ അത്മായർ നമ്മേപ്പോലെതന്നെ സഭയെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നുണ്ടു്. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാകുന്നതിനു് അവരും ആഗ്രഹിക്കുന്നു. വൈദികരുടെയോ ഹൈരാർക്കിയുടെയോ വെറും പ്രതിപുരുഷൻ മാത്രമായിരിക്കുവാൻ അത്മായനാഗ്രഹമില്ല. സഭയുടെ പ്രവർത്തനത്തിൽ തനിക്കുള്ള പ്രത്യേക പങ്കു് വഹിക്കുന്നവനായി കാണപ്പെടുവാനാണു് ഓരോ അത്മായനും ആഗ്രഹിക്കുന്നതു്. സഭ അംഗീകരിക്കുകയും നിർവ്വചിക്കുകയും ചെയ്തിട്ടുള്ള അത്മായരുടെ സ്ഥാനമേ അവർ അവകാശപ്പെടുന്നുള്ളതാനും.

നാം മടികൂടാതെ അത്മായരുടെ കഴിവുകൾ അംഗീകരിച്ചാൽ മാത്രമെ ഈ പറഞ്ഞതിനു് എന്തെങ്കിലും അർത്ഥമുള്ളു, ആത്മാർത്ഥതയുള്ളു. നാംഅവരെ കേൾക്കാൻ എപ്പോഴുംസന്നദ്ധരാകാതെ വൈദികാധികാരത്തോടു് സ്വാതന്ത്ര്യത്തോടുംസഹകരണബോധത്തോടും കൂടിവർത്തിച്ചാൽ,അവർക്കു്അവരുടെ ആദ്ധ്യാത്മിക കാര്യങ്ങളെ സ്വന്തക്രിയാത്മകതയിൽ നടത്തുവാൻ അവകാശമുണ്ടെന്നു സമ്മതിക്കാതെ നാം ഈ പറയുന്നതിനെന്തിനെങ്കിലും വിലയുണ്ടെന്നു തോന്നുന്നില്ല. ഇക്കാര്യത്തിന്റെ ഫലപ്രദമായ നടത്തിപ്പിനുവേണ്ടി മെത്രാന്മാർ മുൻകൈ എടുത്തു പ്രവർത്തിക്കണം. സംഘടനകൾ തുടങ്ങിയ പ്രവർത്തനോപാധികൾ ഉപയോഗിച്ചു് ഇതു പ്രാവർത്തികമാക്കണം.

ഇങ്ങനെ പ്രവൎത്തിക്കുന്ന ഓരോ സ്ഥാപനമെങ്കിലും ഓരോ രൂപതയിലും ഉണ്ടാകണം. ഇതുമൂലം അത്മായൎക്ക്—അതിൽ പ്രത്യേകിച്ചും ബുദ്ധിശാലികരംക്കു—മെത്രാന്മാരോടും വൈദികരോടും അടുത്ത സമ്പൎക്കം പുലർത്തുവാൻ സാദ്ധ്യമാകും. ഞാനിന്നിവിടെ പ്രസംഗിച്ചതു് അത്മായൎക്കു വേണ്ടിയാണു്. അവരുടെ ചില ആഗ്രഹങ്ങരം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണു് ഞാൻ ഇത്രയും പറഞ്ഞതു്. ഈ രീതിയിൽ ഇതിനു മുൻപും പലേ മെത്രാന്മാരും ഇവിടെ പ്രസംഗിച്ചിട്ടുണ്ടു്. ഒരു കാര്യംകൂടി എനിക്കു സൂചിപ്പിക്കുവാനുള്ളതു് ഇതാണു്. ഇവിടെ സന്നിഹിതരായിരിക്കുന്ന അത്മായ ശ്രോതാക്കളിൽനിന്നുതന്നെ പിതാക്കന്മാർ അവരുടെ ആശയങ്ങരം ശ്രവിക്കട്ടെ. "ശ്രോതാക്കളായി ഈ ഹാളിൽ സമ്മേളിച്ചിരിക്കുന്ന അവർ എല്ലാ അത്മായരുടെയും വക്താക്കളായി നമ്മോടു സംസാരിക്കട്ടെ."

---

3 ജോസഫ് ഹേഫ്നർ
മൂൺസ്റ്ററിലെ മെത്രാൻ
ജൎമ്മനി.

# അത്മായ പ്രേഷിതത്വവും അധികാരത്തിൻെറ പരിധി നിർണ്ണയവും

രണ്ടുകാര്യങ്ങളെപ്പററി അല്പം ചിന്തിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കട്ടെ.

1) ഹൈരാൎക്കി നിശ്ചയിച്ചിട്ടുള്ള ഏതാനും ജോലി പൂൎത്തിയാക്കുന്നതിലാണു് അത്മായപ്രേക്ഷിതത്വം അടങ്ങിയിരിക്കുന്നതെന്നു ധരിച്ചാൽ അതുമുഴുവൻ ശരിയാണെന്നുപറയുവാൻ നിവൃത്തിയില്ല. അത്മായപ്രേഷിതത്വത്തിൻെറപ്രധാനമായഘടകങ്ങരം പലതാണു്: മാതൃകാപരമായ ഒരു ക്രിസ്തീയജീവിതം നയിക്കുക; സ്നേഹത്തിൻെറയും നീതിയുടെയും തത്വങ്ങരംക്കനുസൃതമായി ഭൗതികകാര്യങ്ങരം ക്രമീകരിക്കുക, മുതലായവ അത്മായപ്രേഷിതത്വത്തിൻെറ പ്രധാനാംശങ്ങരംതന്നെയാണു്. ആത്മാക്കളുടെ രക്ഷയിൽ വളരെയധികം പ്രാധാന്യമർഹിക്കുന്നതാണു് അവസാനം പറഞ്ഞ നീതിയുടെയും, സ്നേഹത്തിൻെറയും തത്വങ്ങരം. പ്രത്യേകിച്ചും രാഷ്ട്രീയവും സാമ്പത്തികവുമായ പ്രവൎത്തനങ്ങളിൽ, സാമ്പത്തികരാഷ്ട്രീയരംഗം നീതിക്കും

സ്നേഹത്തിനും പലപ്പോഴും എതിരായിത്തീരാറുണ്ട്. തന്നിമിത്തം യഥാർത്ഥ ക്രിസ്തീയജീവിതംതന്നെ നയിക്കുവാൻ പലക്കും അസാദ്ധ്യമാകാറുമുണ്ട്. ഇതിൻെറഫലമായി അവർക്ക് ക്രിസ്തുവിനെയും സഭയെപ്പോലും ഉപേക്ഷിക്കേണ്ടിവരുന്നു. അതുകൊണ്ട് ഈ നിലപാടിനെ നവീകരിക്കുകയെന്നതുതന്നെ ഒരു അത്മായപ്രേഷിതത്വമാണ്.

2) പ്രേഷിതപ്രവൃത്തി പലപ്പോഴും ബാഹ്യകാര്യപ്രസക്തമാണ്. അതിനെ വേണ്ടവിധത്തിൽ നിയന്ത്രിച്ച് ക്രിസ്തീയാരൂപിക്കനുരൂപമാക്കുകയെന്നത് സാധാരണഗതിയിൽ അത്മായരുടെ പ്രത്യേക കടമയായിത്തീരുന്നു. വൈദികരേക്കാൾ കൂടുതലായി അത്മായർക്കാണ് ഈ കടമയുള്ളത്. കാരണം വൈദികരുടെ പ്രധാനജോലി ദൈവവചനം പ്രസംഗിക്കുകയും ദിവ്യരഹസ്യങ്ങൾ മററുള്ളവർക്ക് പകർന്നുകൊടുക്കുകയുമാണ്. വിശ്വാസികളും ഹൈരാക്കിയും തമ്മിലുള്ള ബന്ധത്തിൽ "സബ്സിഡിയാരിററി തത്വം"കണിശമായി കാക്കേണ്ടതാണ്. ഈ തത്വത്തെയാണ് "ക്വാദ്രജേസ്സിമൊ ആന്നൊ"എന്ന വിശ്വലേഖനം ഏററം പ്രാധാന്യമേറിയ തത്വം എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. പ. പിതാവ് പന്ത്രണ്ടാംപീയൂസ് ഈ തത്വത്തെ വളരെ കാര്യമായി കരുതിയിട്ടുള്ളതാണ്. അവിടുന്നു പറയുന്നു: സഭയുടെ അദ്ധ്യക്ഷാധിപത്യമുള്ള(hierarchical) ഘടനയ്ക്കു് കോട്ടം തട്ടാത്തിടത്തോളം ഈ തത്വം മറെറല്ലാ സമൂഹത്തിനുമെന്നപോലെ സഭയ്ക്കും ബാധകമാണെന്നു് (Allocution of February 2, 1946). ഈ തത്വം തിരുസഭയുടെ കാര്യത്തിൽ പ്രയോഗിക്കുമ്പോൾ ഉദ്ദേശിക്കുന്നതിതാണ്. ഇടവകവൈദികർക്കു ചെയ്യാവുന്നത് അവർതന്നെ ചെയ്യട്ടെ. അതു മെത്രാൻെറ ക്കൂരിയ കയ്യടക്കിചെയ്യരുത്. സഭയുടെ അദ്ധ്യക്ഷാധിപത്യത്തിനു് തകർച്ച ഒന്നും ഉണ്ടാകുന്നില്ലെങ്കിൽ മെത്രാന്മാർക്കോ അവരുടെ കോൺഫ്രൻസുകൾക്കോ ചെയ്യുവാൻ കഴിയുന്നത് അവർക്കു വിട്ടുകൊടുക്കുക. അതുപോലെതന്നെ അത്മായരുടെ ഉത്തരവാദിത്വത്തിലും നേതൃത്വത്തിലും അവർക്കു ചെയ്യുവാൻ കഴിയുന്നത് ഒരിക്കലും വൈദികർ ഏറെറടുക്കരുതു്. സഭയുടെ അദ്ധ്യക്ഷാധിപത്യസ്വഭാവത്തിനു് ഭംഗം നേരിടാതിരുന്നാൽ മതിയല്ലോ.

---

4 കാർഡിനൽ പോൾ എ മിൽ
ലെഷർ, മോൺട്രിലിലെ മെത്രാൻ
ക്യാനഡാ.

# സഭയിൽ എല്ലാവരുടെയും വിശുദ്ധി

## 1 സഭയിലെ വിശുദ്ധി

ചരിത്രത്തിൽ നോക്കിയാൽ നമുക്ക കാണാം ക്രിസ്തീയജീവിതം കരുപ്പിടിപ്പിക്കുവാൻ മരുഭൂമിയിലും, സന്യാസാശ്രമങ്ങളിലും കഴിഞ്ഞിരുന്ന സന്യാസികളുടെ വിശുദ്ധിയെയാണു് ദീർഘകാലത്തേയ്ക്കു് മാതൃകയായി സഭ സ്വീകരിച്ചിരുന്നതെന്നു്. വളരെ നല്ല ഫലങ്ങൾ ഇതിൽനിന്നും സഭയ്ക്കുണ്ടായിട്ടുണ്ടു്. എന്നിരുന്നാലും സന്യാസികളെ അപ്പാടെ അനുകരിക്കുക എളുപ്പമായിരുന്നില്ല. വൈദികർക്കും അതിൽ പ്രത്യേകിച്ചു് സാധാരണക്കാർക്കും. സന്യാസികളിൽനിന്നു് വളരെ വ്യത്യസ്ഥമായ ഒരു ജീവിതരീതിയാണല്ലോ സാധാരണക്കാരനേറ്റതു്. തന്നിമിത്തം വിശുദ്ധിപ്രാപിക്കുക തങ്ങൾക്കസാധ്യമാണെന്നുവരെ അത്മായർ വിചാരിച്ചുതുടങ്ങി. അവരുടെ ആവശ്യങ്ങളെ കണക്കിലെടുത്തുകൊണ്ടുള്ള രീതിയിൽ സുവിശേഷാനുസാരമായ ഒരു നല്ല ജീവിതം കഴിക്കാൻ പലരും വളരെ പണിപ്പെട്ടു. എന്നാൽ അവരുടെ ശ്രമം പലപ്പോഴും പരാജയത്തിലാണു കലാശിച്ചതു്. സഭയ്ക്കു് ആദ്ധ്യാത്മികശക്തിയുടെ ഒരു വലിയ നഷ്ടം അനുഭവിക്കേണ്ടിവന്നുവെന്നുള്ളതാണു് അതിന്റെ ഫലം.

a) അൽമായരുടെ വിശുദ്ധിയെപ്പററി പരാമർശിച്ചിട്ടുള്ള അദ്ധ്യായം അവർ സന്തോഷത്തോടെ സ്വാഗതംചെയ്യും. ഈ അദ്ധ്യായത്തിൽപറഞ്ഞിരിക്കുന്നവയ്ക്കു ഉപോൽബലകമെന്നോണം ഞാൻചിലതു നിർദ്ദേശിക്കാം. അത്മായജീവിതാന്തസ്സുകളിൽ വൈവാഹികജീവിതത്തെപ്പററിമാത്രമേ ആ അദ്ധ്യായത്തിൽ പരാമർശമുള്ളു. ജീവിതത്തിന്റെ എല്ലാ തുറകളിലേയ്ക്കും വിശുദ്ധിവ്യാപിക്കേണ്ടതാണെന്നു് കാണിക്കുന്നതു് നല്ലതായിരിക്കും. വളരെ പ്രാധാന്യമേറിയ വൈവാഹികജീവിതത്തിനും ഉപരിയായി മനുഷ്യന്റെ എല്ലാ

പ്രവൎത്തനരംഗങ്ങളും നാം കണക്കിലെടുക്കേണ്ടതാണ്. അനുദിന ജോലി, രാഷ്ട്രീയഇടപാടുകൾ, സാംസ്കാരികപ്രവൎത്തനങ്ങൾ, വിനോദം, വിശ്രമം തുടങ്ങിയ രംഗങ്ങളെല്ലാംതന്നെ അതിൽപെടുന്നതാണ്. ഈ സംഗതികളിൽ കൂടിയും ഇവവഴിയായിട്ടും ഒരുവന് വിശുദ്ധിയിൽ പടിപടിയായി ഉയരുവാൻ സാധിക്കും. വിശുദ്ധി പ്രാപിക്കുകയെന്നതിൽനിന്നും ആർക്കും ഒഴിവില്ല. എല്ലാ പ്രായക്കാരും വിവാഹിതരല്ലാത്തവരും വിശുദ്ധിയെ ഉന്നംവച്ച് യത്നിക്കേണ്ടതാണ്.

b) ഈ അദ്ധ്യായത്തിൽ അത്ര വിശദമല്ലാത്ത ഒരു കാര്യമുണ്ട്: എല്ലാ ക്രിസ്ത്യാനികളും സുവിശേഷോക്തികൾക്കനുസരണമായി ജീവിക്കുവാൻ കടമയുള്ളവരാണെന്ന ഭാഗം അത്ര സ്പഷ്ടമാക്കപ്പെട്ടിട്ടില്ല. വിശ്വാസത്തിൻെറയും പ്രതീക്ഷയുടെയും കാര്യത്തിൽ വന്നിട്ടുള്ള ആശയവ്യത്യാസങ്ങളെയും ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. അതുപോലെ സുവിശേഷസൽബുദ്ധികളെപ്പററി എല്ലാ ക്രൈസ്തവരോടും പ്രസംഗിക്കേണ്ടിവരുന്നതുകൊണ്ട്, ഈ അദ്ധ്യായം മലയിലെ പ്രസംഗത്തിൻെറ അരൂപിയിൽ നിറഞ്ഞതായിരിക്കട്ടെ.

നീതി, വിനയം, സൗമ്യത, ആർദ്രത എന്നിവയേയും ഉൾപ്പെടുത്തിയാണ് നാമിവിടെ സുവിശേഷപുണ്യങ്ങളെ വിവക്ഷിക്കുന്നത്. ക്രിസ്തീയജീവിതത്തിൻെറ ഈ പ്രത്യേകതകളെല്ലാം, സഭയുടെ മനസ്സിനനുയോജ്യമായ വിധം വിശുദ്ധിയിൽ ജീവിക്കുവാനാഗ്രഹിക്കുന്നവരിൽനിന്നും പ്രതീക്ഷിക്കുന്നുണ്ട്. അതുകൊണ്ട് സന്യാസ ജീവിതത്തിൽ അഭ്യസിക്കുന്നതുപോലെ, സുവിശേഷസൽബുദ്ധികളെ സ്വജീവിതത്തിൽ അനുവൎത്തിക്കുന്നതിലാണ് അത്മായൻെറ വിശുദ്ധിയെന്ന് മേലിൽ തെററിദ്ധാരണയുണ്ടാകുകയുമില്ല.

c) സഭയുടെ ബുദ്ധിപരമായകാര്യങ്ങളിലും അത്മായർ പങ്കെടുക്കണം. എങ്കിൽമാത്രമേ അവൎക്കനുയോജ്യമായിട്ടുള്ള ഒരുത്തമ ആദ്ധ്യാത്മികാദർശം നിർദ്ദേശിക്കുവാൻ സാദ്ധ്യമാകുകയുള്ളു. കൂടാതെ വൈദികരോടും സന്യാസികളോടും യോജിച്ചുകൊണ്ട് അവർ ദിവ്യശാസ്ത്രാഭ്യസനങ്ങൾക്കും ശ്രദ്ധവയ്ക്കണം. പ്രത്യേകിച്ച് ഈ ലോകയാഥാൎത്ഥ്യങ്ങളുടെ ദൈവശാസ്ത്രം പഠിക്കുന്നതിന്. ഇക്കാര്യത്തിൻ പുരോഗതി ഉണ്ടാകണമെങ്കിൽ മതപരമായ ശാസ്ത്രങ്ങൾ പഠിപ്പിക്കുന്ന സെമിനാരി തുടങ്ങിയ സഭാസ്ഥാപനങ്ങളിലേയ്ക്ക് അത്മേനികളെയും ക്ഷണിച്ച് അവിടെ പഠിപ്പിക്കണം.

## 2 സന്യാസജീവിതത്തിൻെറ ദൈവശാസ്ത്രം

സഭയുടെ സമ്പത്താണ് സന്യാസികളും അതുപോലെ സമൎപ്പിതജീവിതം കഴിക്കുന്നവരും. അതുകൊണ്ട് ഈ ജീവിതത്തെപ്പററിയുള്ള ദൈവശാസ്ത്രം നന്നായി വിശദീകരിക്കപ്പെടണം. അതിനുതകിയ ചില നിർദ്ദേശങ്ങളാണ് താഴെ പറയുന്നവ.

a) ദൈവശാസ്ത്രപുനഃപരിശോധനയ്ക്ക് സർവ്വപ്രധാനമായി ചെയ്യുവാനുള്ളതു് അതിൻെറ മൂലങ്ങളിലേക്കു തിരിയുകയെന്നുള്ളതാണു്. സന്യാസജീവിതത്തിൻെറ ദൈവശാസ്ത്രം നവീകരിക്കണമെങ്കിൽ വേദപുസ്തകവും സഭയുടെ പാരമ്പര്യവും നന്നായി പഠിക്കണം. പരമ്പരാഗതമായി അനുഷ്ഠിച്ചുപോരുന്ന ''സൽബുദ്ധികൾ'' മൂന്നിനും വിശുദ്ധഗ്രന്ഥങ്ങളിൽ ഒരേ അടിസ്ഥാനമല്ല കാണുക. അനുസരണം എന്ന സുവിശേഷസൽബുദ്ധി ഒരു ''ഉപദേശം'' (Counsel) എന്ന രീതിയിൽ കരുതിയാൽ അതു് വ്യാഖ്യാനദൃഷ്ട്യാ, പല പ്രശ്നങ്ങൾക്കും ഇടനൽകുന്നതായിട്ടാണു് മിക്ക ദൈവശാസ്ത്രജ്ഞന്മാരും അഭിപ്രായപ്പെടുന്നതു്. എന്നാൽ കന്യാത്വത്തെപ്പററി അങ്ങനെയല്ല.

വിശുദ്ധഗ്രന്ഥങ്ങളിൽനിന്നും പാരമ്പര്യങ്ങളിൽനിന്നും ഇതുവ്യക്തമാണു്. സമപ്പ്ണജീവിതസ്ഥിതിയുടെ ഒരു അവസ്ഥാഭേദമായി പലരും കന്യാത്വത്തെ കണക്കാക്കുന്നു.

സഭയിൽ ഇന്നു നിലവിലിരിക്കുന്ന നിയമങ്ങളുടെ വെളിച്ചത്തിൽ സന്യാസജീവിതത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ, ആദ്യം സന്യാസത്തെപ്പററി പൊതുവായും, പിന്നീടു് കന്യാത്വത്തെപ്പററി പ്രത്യേകിച്ചും ഊന്നിപറയേണ്ടതാണു്. തന്മൂലം സന്യസ്ഥരല്ലാത്ത വൈദികർ കാക്കേണ്ട ബ്രഹ്മചര്യത്തെപ്പററിയും കൂടുതൽ വിശദമാകും.

b) വ്രതത്രയങ്ങളനുഷ്ഠിച്ചു ജീവിക്കുന്നവരെ വിവിധ പേരുകളിൽ വിവക്ഷിക്കാറുണ്ടു്. ''പരിപൂൎണ്ണതയുടെ അന്തസ്സിൽ ജീവിക്കുന്നവർ'', ''സുവിശേഷസൽബുദ്ധികൾ അനുസരിക്കുവാൻ വിളിക്കപ്പെട്ടവർ'', ക്രിസ്തുവിനെ അനുകരിക്കുവാൻ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവർ'', തുടങ്ങിയവ അവയിൽ ചിലതാണു്. സന്യാസജീവിതത്തെ പരാമശിക്കുന്ന പുതിയ നക്കൽഡിക്രിയുടെ വെളിച്ചത്തിൽ, മേലുദ്ധരിച്ചപേരുകൾ സന്യാസികൾക്കു മാത്രമാണു് അനുയുക്തമായിരിക്കുന്നതു് എന്നു വരുന്നില്ല. ഈ സ്ലേമായിൽ പറയുന്നു, എല്ലാവരും പുണ്യപൂൎണ്ണതയ്ക്കായി വിളിക്കപ്പെട്ടവരാണെന്നു്; വിശുദ്ധിയിലേക്കും, അതുപോലെ ക്രിസ്ത്വനുകരണത്തിലേക്കും എല്ലാവൎക്കും വിളിയുണ്ടെന്നു്. സ്ലേമാ തുടർന്നുപറയുന്നു, മാമ്മോദീസാവഴിയുള്ള തിരഞ്ഞെടുപ്പും വിശ്വാസപ്രഖ്യാപനവുംവഴി ഈ കടമ എല്ലാവരിലും നിക്ഷിപ്തമായിരിക്കുന്നുവെന്നു്.

5 ജെറാർദ്ദ് ഹ്യൂഗ്,
ആറായിലെ മെത്രാൻ,
ഫ്റാൻസ്സ്.

# സുവിശേഷ പരിപൂർണ്ണത

ഇതേക്കുറിച്ച് നമുക്കു മുൻകൂട്ടി അറിയാവുന്ന മൂന്നു കാര്യങ്ങളുണ്ട്. ദിവ്യനാഥൻ തന്റെ ശിഷ്യരെയെല്ലാവരേയും പുണ്യപൂർണ്ണത പ്രാപിക്കുവാനായി ക്ഷണിക്കുന്നു. ഈ പുണ്യപൂർണ്ണത, വിശ്വാസത്തിലും, ശരണത്തിലും ഉപവിയിലും പ്രാപിക്കേണ്ട പൂർണ്ണതയാണ്. ഇതിന്റെ അടിസ്ഥാനം ദൈവപ്രസാദവരമാണ്. ക്രിസ്തീയ പുണ്യപൂർണ്ണതയെക്കുറിച്ച് ചർച്ചചെയ്യുമ്പോൾ, ദൈവകല്പനകളെക്കുറിച്ചും, സുവിശേഷപുണ്യങ്ങളെക്കുറിച്ചും, സന്യാസവ്രതങ്ങളെ സംബന്ധിച്ചും, അവസാനമായി സന്യാസജീവിതത്തിന്റെ വിവിധ രൂപങ്ങളെക്കുറിച്ചും പ്രതിപാദിക്കേണ്ടതാണ്.

## ദൈവകല്പനകൾ

ഏററക്കുറച്ചിലുകൾ കണ്ടേക്കാമെങ്കിലും, അബദ്ധ ജടിലമായ ചില ബോധനങ്ങൾ പുറത്തു വരാറുണ്ട്. കത്തോലിക്കരെ മൊത്തത്തിൽ എടുത്താൽ അവർക്ക് കല്പനകൾ മാത്രം കാത്താൽ മതിയെന്നും, തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ചിലർക്കുമാത്രമായിട്ടുള്ളതാണ് പ്രത്യേകനിബന്ധനകൾ എന്നും കരുതുന്നതാണ് ഈ തെററായ പഠനം. ഇതു് ജ്ഞേയവാദത്തിന്റെയും (Gnostici sm) നിഷ്ക്കർമ്മവാദത്തിന്റെയും (Quietism) ചുവയുള്ള ഒരു വക പാഷണ്ഡതയാണ്.

മലയിലെ പ്രസംഗത്തിലെ പ്രബോധനങ്ങൾ ദിവ്യരക്ഷകൻ എല്ലാവർക്കുംവേണ്ടി നൽകിയിട്ടുള്ളതാണ്. ക്രൂശിതനായ ക്രിസ്തുവിനെ അനുകരിക്കണമെങ്കിൽ സ്വയനിഗ്രഹം ആവശ്യമാണ്. ഇതിൽനിന്നും ആർക്കാണ് ഒഴിവുള്ളതു്?

ഈ ഉദ്ധരണികളിൽ കല്പനകളും ഉപദേശങ്ങളും ഏതേതെന്നു്

വേർതിരിച്ച് കാണുവാൻ അത്ര എളുപ്പമല്ല. ചിലപ്പോൾ എല്ലാം കല്പനകളെപ്പോലെ കരുതി എല്ലാവരും അനുസരിക്കേണ്ടതായിവരും. സഭയിൽ, പുണ്യപൂർണ്ണത പ്രാപിക്കുന്നതിനുള്ള ഓരോ ക്രിസ്ത്യാനിയുടെയും ദൈവവിളിപ്പിന്റെ രൂപമാണ് സുവിശേഷം. സമ്പൂർണ്ണസുവിശേഷം കല്പനകളെ മാത്രമല്ല ഉൾക്കൊള്ളുന്നത്; ഉപദേശങ്ങളേയുമതുൾക്കൊള്ളുന്നു.

## സുവിശേഷസൽബുദ്ധികൾ

സുവിശേഷസൽബുദ്ധികളെപ്പററി ചിന്തിക്കുന്നതോടുകൂടി രണ്ടുമൂന്നു സംഗതികളെക്കുറിച്ചുള്ള തെററിദ്ധാരണകളും തീർക്കേണ്ടതായിട്ടുണ്ട്.

(1) ഒന്നാമത്തെ കുഴപ്പം സുവിശേഷസൽബുദ്ധികളെ കല്പനകൾ എന്നപോലെ കരുതാറുണ്ടെന്നുള്ളതാണ്. ശരിയാണ്. രണ്ടും സ്നേഹത്തിൽനിന്നുമാണ് നിർഗ്ഗളിക്കുന്നതു്. കല്പനകൾ നമ്മെപ്പററിയുള്ള ദൈവേഷ്ടമാകയാൽ നാം അവ അനുസരിച്ചേ പററൂ. എന്നാൽ ഉപദേശങ്ങൾ അങ്ങനെയല്ല. ഒരു സ്നേഹിതനെപ്പോലെ നമ്മുടെ കർത്താവ് നമുക്കു തന്നിരിക്കുന്ന സൽബുദ്ധികൾ മാത്രമാണ്. ഇവ നമ്മുടെ സ്നേഹത്തിന്റെ പൂർത്തീകരണത്തിനുള്ളവയത്രെ. കല്പനകളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ടു് തന്റെ ശിഷ്യരെ വീർപ്പുമുട്ടിക്കുവാൻ മിശിഹാ ഉദ്ദേശിച്ചില്ല. വി. അഗസ്റ്റീനോസും. വി. തോമസ് അക്വീനാസും പറയുന്നതുപോലെ അത്തരം കല്പനകൾ പുതിയ നിയമത്തിൽ അധികം കാണുകയില്ല. അവിടെ, തന്റെ അനുയായികളുടെ ആദ്ധ്യാത്മിക നന്മയെ മാത്രം മുൻനിറുത്തി ദൈവസുതന്മാർക്കു് അനുയോജ്യമായ സ്വാതന്ത്ര്യത്തോടൊത്തു പോകുന്ന ചില ഉപദേശങ്ങൾ മാത്രമെ നിർദ്ദേശിച്ചിട്ടുള്ളു. (ഈ ഉപദേശങ്ങളെ അതിസ്വാഭാവികമായ വൈഭവത്തോടെ ഓരോരുത്തനും തിരഞ്ഞെടുക്കേണ്ടതുമാണ്)

ഈ ഉപദേശങ്ങൾ അനുസരിച്ച് സംഘാതമായി ജീവിക്കുന്നവരെ പുതിയനിയമത്തിലും സഭയുടെ പാരമ്പര്യത്തിലും നമുക്കു കാണുവാൻ കഴിയും. അദ്ധ്യാത്മികപുരോഗതിയിലും ദൈവമക്കൾക്കുടുത്ത സ്വാതന്ത്ര്യത്തിന്റെ വളർച്ചയിലുമാണ് അവർ ശ്രദ്ധവെച്ചിരുന്നതും. ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കും, ആദ്ധ്യാത്മികജീവിതത്തിന്റെ നവീകരണത്തിനും ഇത്തരം സംഘടനകൾ ആവശ്യമാണ്; പ്രത്യേകിച്ചും ആധുനികകാലത്തു്.

(2) നമ്മുടെ രണ്ടാമത്തെ തെററിദ്ധാരണയിതാണ്. സുവിശേഷസൽബുദ്ധികൾ കേവലം തിരഞ്ഞെടുക്കപ്പെട്ട കുറേ സന്യാസികൾക്കുവേണ്ടി മാത്രമുള്ളതാണെന്നും, അല്ലാതെ എല്ലാ ക്രിസ്ത്യാനികളേയും ബാധിക്കുന്നവയല്ല എന്നും ചിന്തിക്കുന്നവരുണ്ട്. ഇതൊരു തെററിദ്ധാരണയും, വളരെ അപകടംപിടിച്ച ഒരു ചിന്താ

ഗതിയുമാണു്;സന്യാസികൾക്കും സാധാരണക്രിസ്ത്യാനികൾക്കും ഒരു പോലെ.തന്നെഅനുഗമിക്കുന്ന എല്ലാ ജീവിതാന്തസ്സുകാൎക്കും വേണ്ടിയാണു് ക്രിസ്തുനാഥൻ ഈ ഉപദേശങ്ങൾ സുവിശേഷത്തിൽനൽകിയിട്ടുള്ളതു്. പൂൎണ്ണസ്വാതന്ത്ര്യത്തോടെ ഈ ഉപദേശങ്ങൾ അനുസരിച്ചു് എല്ലാവരും ഉപവിയുടെ പൂൎണ്ണതയിലേക്കു നീങ്ങണം. തങ്ങളുടെ അവസാന ജീവിതലക്ഷ്യത്തെ ദൈവവരപ്രസാദത്തിൻെറ ശക്തിയാൽ പ്രാപിക്കുകയും വേണം. ഇതാണു് മിശിഹായുടെ തിരുമനസ്സു്.

(3) സുവിശേഷോക്തികളുടെ എണ്ണവും തരവും സംബന്ധിച്ചതാണു് നമ്മുടെ മൂന്നാമത്തെ തെററിദ്ധാരണ. ലത്തീൻസഭയിലെ രീതി അനുസരിച്ചു് സുവിശേഷ സൽബുദ്ധികളും സന്യാസ സമൂഹങ്ങളിൽ അനുഷ്ഠിക്കപ്പെടുന്ന വ്രതങ്ങളും തമ്മിൽ കാര്യമായ വ്യത്യാസമൊന്നുമില്ല. ഉണ്ടെങ്കിൽത്തന്നെ അതത്ര സ്പഷ്ടവുമല്ല. സന്യാസസമൂഹങ്ങളിൽ സാധാരണയായി മൂന്നു വ്രതങ്ങളാണു് അനുസരിക്കാറുള്ളതു്. അവയാണു് അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നിവ. ഇതിൽനിന്നുമത്രെ ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നിവ മൂന്നുമാണു് സുവിശേഷസൽബുദ്ധികളെന്നു നാം പലപ്പോഴും ധരിക്കാറുള്ളതു്

a) പുതിയ നിയമത്തിൽ, സ്വമനസ്സാലെ എടുത്തിരുന്ന ദാരിദ്ര്യത്തേയും, ബ്രഹ്മചര്യത്തേയും കുറിച്ചു് ദിവ്യനാഥനും ശിഷ്യന്മാരും പറയുന്നുണ്ടു്. എന്നാൽ 'അനുസരണം' എന്നൊരു സൽബുദ്ധിയെക്കുറിച്ചു് പ്രത്യേകമായി ഒന്നും കാണുന്നില്ല. ഇവ കൂടാതെ വേറെയുമുണ്ടു് ഉപദേശങ്ങൾ. മലയിലെ പ്രസംഗം തന്നെയെടുക്കുക. ഔന്നത്യമേറിയ സ്നേഹത്തിൻെറ മണ്ഡലത്തിലേയ്ക്കു നമ്മെ നയിയ്ക്കുവാൻ കെല്പുള്ളവയാണു് ഇവയിലെ പ്രധാന പ്രതിപാദ്യം. ഈ ഉപദേശങ്ങളാകട്ടെ എല്ലാവൎക്കും, എല്ലാ ജീവിതാന്തസ്സുകാൎക്കും വേണ്ടിയുള്ളതാണു്.

b) സഭയുടെ ആദിമകാലങ്ങളിൽ വാനപ്രസ്ഥരും സന്യസ്തരും മാത്രമാണു് സ്വമനസ്സാലെ ദാരിദ്ര്യം അനുഷ്ഠിച്ചുപോന്നിരുന്നതു്. അതുപൊലെ കന്യകകളും വിധവകളും, സമൎപ്പണജീവിതം കഴിച്ചിരുന്നവരും തങ്ങളുടെ യൗവ്വനം മുതൽ ബ്രഹ്മചര്യവും അനുഷ്ഠിച്ചിരുന്നു. നാലാം നൂററാണ്ടിലാണു് സംഘാതമായ സന്യാസജീവിതം ആരംഭിക്കുന്നതു്. അന്നു മുതൽ സന്യാസികൾ സ്ഥിരമായ ചില വാഗ്ദാനങ്ങളും, പിന്നീടു് അനുസരണം ഒരു വ്രതമായും അനുഷ്ഠിക്കുവാൻ തുടങ്ങി.

c) എല്ലാ ക്രിസ്ത്യാനികളും സന്യാസസമൂഹത്തിൽ അംഗങ്ങളായിചേരുന്നില്ല. അതുകൊണ്ടു് സന്യാസജീവിതത്തിലുള്ളതുപോലുള്ള പ്രത്യേകതരം അനുസരണത്തിനു് അവർ ബാദ്ധ്യസ്ഥരുമല്ല. എന്നാൽ പൊതുവായിട്ടുള്ള അനുസരണമെന്ന കല്പന അവരെ നിർബന്ധിക്കുന്നുമുണ്ടു്. അതേ സമയം ക്രിസ്തീയ വിവേകത്തിനനുസ്യ

തമായി സ്വമനസ്സാലെ ദാരിദ്ര്യവും ബ്രഹ്മചര്യവും കാക്കുവാൻ അവക്കു സാധിക്കുന്നതുമാണു്.

d) ഇന്നും മാതൃകാപരമായി ക്രിസ്തീയ ജീവിതം കഴിക്കുന്ന അനേകർ തങ്ങളുടെ ഭൗതികവസ്തുക്കളും അവകാശങ്ങളും പാവപ്പെട്ടവരെ സഹായിക്കുന്നതിനോ, പള്ളിയുടെ ഭൗതികാവശ്യങ്ങൾക്കായിട്ടോ ചിലവഴിക്കാറുണ്ടു്. ഇതു നമ്മുടെ വൈദിക ജീവിതത്തിലെ അനുഭവങ്ങളിൽനിന്നും നമുക്കറിയാവുന്നതാണല്ലോ. ഇന്നും ക്രിസ്തീയ ദമ്പതിമാർ പരസ്പര സമ്മതപ്രകാരം, ഒരു ചുരുങ്ങിയ കാലത്തേക്കാണെങ്കിലും, ലൈംഗികബന്ധങ്ങളിൽനിന്നും ഒഴിഞ്ഞുമാറി ജീവിക്കുന്നുണ്ടു്. ലോകത്തിൽ ജീവിച്ചുകൊണ്ടുതന്നെ ക്രിസ്തീയവനിതകൾ തങ്ങളുടെ കന്യാത്വവും വിരക്തിയും പാലിച്ചുകൊണ്ടു് സ്വശരീരവും മനസ്സും ദിവ്യനാഥനു് അപ്പിക്കാറുണ്ടു്. പുരുഷന്മാരും സ്ത്രീകളുമായ ഇങ്ങനെയുള്ള സമപ്പിതജീവിതക്കാർ സുവിശേഷസൽബുദ്ധികളിൽ ദാരിദ്ര്യവും ബ്രഹ്മചര്യവും എന്ന രണ്ടെണ്ണത്തെ മാത്രം അനുസരിച്ചനുഷ്ഠിക്കുന്നവരാണു്.

അതുകൊണ്ടു് ഈ ഉപദേശങ്ങളുടെ സന്യാസ ജീവിതത്തിലുള്ള പരിശീലനത്തെക്കുറിച്ചു് പറഞ്ഞിരിക്കുന്നതിനുമുമ്പായി, വിശുദ്ധിയിലേക്കുള്ള ദൈവവിളിയെപ്പററി പ്രതിപാദിക്കുന്ന അദ്ധ്യായത്തിൽ, സ്വമനസ്സാ അനുഷ്ഠിക്കുന്ന ദാരിദ്ര്യത്തേയും. ബ്രഹ്മചര്യത്തേയും, ദിവ്യനാഥൻ എല്ലാ ക്രിസ്ത്യാനികൾക്കുംവേണ്ടി നിർദ്ദേശിച്ചിരിക്കുന്നതാണു് എന്നു സ്പഷ്ടമാക്കുന്നതു് വളരെ അഭിലഷണീയമാണു്. കാരണം, അനുസരണം എന്ന വ്രതംവഴി സന്യാസ ജീവിതത്തെ സാമൂഹികജീവിതമാക്കി മാററുകയാണു് തിരുസഭ ചെയ്യുന്നതു്.

## സന്യാസവ്രതങ്ങൾ

സന്യാസവ്രതങ്ങൾ അവയുടെ പ്രത്യേകതകൾ പരിഗണിച്ചാൽ വിവിധ പദവികളുള്ളവയാണു്. ഇവവഴിയായി തിരുസഭയിൽ സുവിശേഷോക്തികൾക്കനുസൃതമായ ഒരു ജീവിത പദ്ധതി വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. സഭയിൽ എല്ലായിടത്തും നിലവിലുള്ള സമപ്പ്ണജീവിതം വഴിയായി ഈ വ്രതങ്ങൾ തിരുസഭയുടെ തന്നെ വിശുദ്ധിയുടെ പ്രതീകങ്ങളായിത്തീർന്നിട്ടുണ്ടു്. അതിനാൽ സഭയുടെ പാരമ്പര്യംസന്യാസജീവിതത്തെ എല്ലാക്കാലത്തും പ്രകീർത്തിക്കുന്നു. മെത്രാന്മാരും വികാരിമാരുമായ നമുക്കെല്ലാവക്കും നമ്മുടെ അനുഭവത്തിൽനിന്നും, സന്യാസജീവിതത്തിൻെറ മഹത്വം അറിയാവുന്നതാണു്. സ്ത്രീകളായിരുന്നാലും പുരുഷന്മാരായിരുന്നാലും തീക്ഷ്ണമായ സന്യാസജീവിതം നയിക്കുന്നവരുടെ സമൂഹങ്ങൾ അപ്പസ്തോലികമോ, പ്രാദേശികമോ ആയിരുന്നാലും, അവരുടെ ആശ്രമങ്ങളും മഠങ്ങളും വിശുദ്ധിയുടെ വിളനിലങ്ങളാണു്. മററുകാലങ്ങളെ അ

പേക്ഷിച്ച് തിരുസഭ സന്യാസികളിൽനിന്ന് ഇന്ന് വളരെയേറെ പ്രതീക്ഷിക്കുന്നുണ്ട്. സാക്ഷാൽ ദൈവമക്കാംക്കടുത്ത സ്വാതന്ത്ര്യത്തോടെ സുവിശേഷോക്തികളെ പ്രവൃത്തിപഥത്തിലാക്കുന്നതിൽ അവർ മററെല്ലാ ക്രിസ്ത്യാനികാംക്കും മാതൃകയായിരിക്കണം.

## സന്യാസജീവിതം-വിവിധ നൂററാണ്ടുകളിൽ

കമ്മപരമോ അപ്പസ്തോലികമോ ആയ വേലകാംക്കായുള്ള ഒട്ട വളരെ സന്യാസസഭകാം അടുത്ത നൂററാണ്ടിൽ വെളിച്ചം കണ്ടിട്ടുണ്ട്. അതിൽ സ്ത്രീകാംക്കുള്ളതും പുരുഷന്മാർക്കുള്ളതും ഉാംപ്പെടുന്നുണ്ട്. കാനൻ നിയമവും പാരമ്പര്യവും സന്യാസികളെ സമൂഹജീവിതത്തിനും വ്രതത്രയങ്ങളുടെ അനുഷ്ഠാനത്തിനും നിർബന്ധിക്കുന്നു. ഇതിനും പുറമേ അവർതന്നെയുണ്ടാക്കിയിട്ടുള്ള നിയമാവലിയും, സന്യാസാനുഷ്ഠാനങ്ങളും അവരെ കടപ്പെടുത്തുന്നവയായുണ്ട്; "ആവൃതിക്കകത്തു് വസിക്കുക" എന്നതുപോലുള്ള വഴക്കങ്ങളും പ്രബലങ്ങളാണ്. ഇതിലൊക്കെ പ്രത്യേകമായി എടുത്തുപറയാനുള്ളതു്, ധ്യാനപരമായ ജീവിതത്തിൻേറതായ ഒരു ആത്മീക ശിക്ഷണത്തിലാണ് സന്യാസികാം വാർത്തെടുക്കപ്പെടുന്നതെന്നുള്ളതത്രെ. അപ്പസ്തോലികവേലയ്ക്കായിട്ടുള്ള പരിശീലനം ഇതിലൊട്ട് കാണുകയുമില്ല. ഫലമോ? ഒരു സന്യാസാത്മാവു് രണ്ടു വ്യത്യസ്തദിശകളിലേയ്ക്ക് വെട്ടിമുറിക്കപ്പെട്ട രീതിയിലാണ് വളർന്നു വരിക.

ഇപ്പറഞ്ഞതിൽനിന്നും നമ്മുടെ പരമ്പരാഗതമായി നിലനിന്നുപോരുന്ന സന്യാസജീവിതരീതിയെ താഴ്ത്തിക്കെട്ടുന്നുവെന്ന് കരുതരുതു്. എന്നാൽ, പരിശുദ്ധാത്മാവിൻെറ നിവേശനത്തിനനുസരണമുള്ള നവീനരീതിയിലുള്ള സന്യാസജീവിതത്തിൻെറ വാതിൽ അടയ്ക്കരുതെന്നു മാത്രം. കമ്മപരമായ ജീവിതം നയിക്കുന്ന സന്യാസസഭകളെ നാം പ്രത്യേകവിധം സഹായിച്ചെങ്കിൽ മാത്രമേ, അപ്പസ്തോലിക വേലയ്ക്ക് പററിയതായ ഒരു ആദ്ധ്യാത്മികത അവരിൽ വളർത്തിയെടുക്കാൻ പററൂ. ഇതിനുവേണ്ട പ്രേരണാശക്തി, അപ്പസ്തോലികജീവിതത്തിൽനിന്നുമാണ് കിട്ടേണ്ടതും.

## 6 ഇഗ്നേഷ്യസ് സിയാഡ്, ബെയ്റൂട്ടിലെ മാറൊനൈററ്– മെത്രാപ്പോലീത്താ, ലെബനോൻ.

# നിത്യഡീക്കന്മാർ, ഇന്നത്തെ ആവശ്യം

വൈദിക ഉദ്യോഗത്തിൻെറ ചില പ്രായോഗിക വശങ്ങളെക്കുറിച്ചു മാത്രമാണ് ഞാൻ സംസാരിക്കുവാൻ പോകുന്നത്. ഡിയാക്കൊനെയ്ററിൻെറ പ്രാധാന്യം കേവലം പാശ്ചാത്യരാജ്യങ്ങൾക്കു മാത്രമായിട്ടുള്ളതല്ല. പല മിഷൻസ്ഥലങ്ങളിലും വൈദികർ കുറച്ചും വിശ്വാസികൾ അധികവുമുള്ള ലാററിൻ അമേരിക്ക തുടങ്ങിയ സ്ഥലങ്ങളിലും ഇതിനു വളരെ പ്രാധാന്യമുണ്ട്.

1. ലാവെഗാ രൂപതയിൽ 800,000വിശ്വാസികൾക്ക് 46 വൈദികരാണുള്ളത്. അതായത് ഏകദേശം 17000 വിശ്വാസികൾക്ക് ഒരു വൈദികൻ വീതം. ഇത് 1963–ലെ ''അനുവാരിയോ പൊന്തിഫിച്ചിയോ''യിൽ കാണുന്ന കണക്കനുസരിച്ചാണ്. ഇതിൽ, വയസ്സായവരും, സുഖക്കേടുകാരും, ചാപ്ലെയിൻസും, അദ്ധ്യാപകരും, ചാൻസറിയിൽ ജോലി നോക്കുന്നവരും ഉൾപ്പെടുന്നുണ്ട്. ബ്രസീലിലെ ചില ഇടവകകൾക്ക് 400 ച. മൈൽ വിസ്തീർണ്ണമുണ്ട്. ഇങ്ങനെയുള്ള ഒരു ഇടവകയ്ക്കുതന്നെ 25 ഉപപള്ളികളും, ആകെക്കൂടി ഒരു വൈദികനുമുണ്ടായിരിക്കുന്ന അവസ്ഥയാണുള്ളത്. മൂന്നു മാസത്തിലൊരിക്കലേ മിഷൻ ഗ്രാമങ്ങൾ സന്ദർശിക്കുവാൻ ഒരു മിഷനറിക്കു സാധിക്കുന്നുള്ളു. ചില സ്ഥലങ്ങളിൽ, സന്ദർശനം ആണ്ടിലൊരിക്കൽ മാത്രമായിരിക്കും. തൽസ്ഥാനങ്ങളിൽ ക്രിസ്ത്യാനികളുടെയും, മാമ്മോദീസാ സ്വീകരിക്കുവാനൊരുങ്ങുന്നവരുടെയും മേൽനോട്ടം ഒരു ഉപദേശിയിൽ നിക്ഷേപിക്കാതിരിക്കുവാൻ വൈദികന് സാദ്ധ്യമല്ല.

2. ഇത്ര വിശാലമായ സ്ഥലങ്ങളിൽ വളരെ നാളത്തേയ്ക്കു് വൈദികനില്ലാതിരുന്നാൽ പല പ്രശ്നങ്ങളും തലപൊക്കുന്നതാണ്. ആദ്ധ്യാത്മികസഹായവും പരിശീലനവും നൽകി ക്രിസ്തീയ ജീവിതം നയിക്കാൻഅവരെ സഹായിക്കുന്നതിനു് നമുക്കെങ്ങനെ സാധിക്കും?

ആദ്ധ്യാത്മിക ജീവിതത്തെ ഫലഭൂയിഷ്ഠമാക്കുന്ന ആരാധന, വിശുദ്ധ ഗ്രന്ഥപാരായണം, ദിവ്യകാരുണ്യസാന്നിദ്ധ്യം, ദിവ്യനാഥനെ ആരാധിക്കുവാനും സ്വീകരിക്കുവാനുമുള്ള സൗകര്യം, പൊതു പ്രാത്ഥനകഠം തുടങ്ങിയ ആദ്ധ്യാത്മികാഭ്യാസങ്ങളുടെ അഭാവത്താൽ ക്രിസ്ത്യാനികളുടെ ആത്മിക ജീവൻ വാടി വരളുന്നു. അവരുടെ സ്വന്ത കുററംകൊണ്ടല്ലെങ്കിലും ഒരത്ഥത്തിൽ സഭയുടെ സാമൂഹ്യജീവിതത്തിൽ നിന്നും അവർ വെട്ടിമാററപ്പെടുകയാണ്. അവരിൽ പലരും ആത്മികസമാധാനമില്ലാതെ മരിക്കുന്നു. തൃപ്പാഥേയമോ, തിരുസ്സഭയുടെ മററിതര ഔദ്യോഗികകമ്മങ്ങളിൽ അല്പമെങ്കിലുമോ പങ്കുപററാൻ സാധിക്കാതെയും പലരും മരിക്കുന്നുണ്ട്.

ഡീക്കന്മാരുടെ സ്ഥാനം പുനരുദ്ധരിച്ചാൽ ഈ പറഞ്ഞവയ്ക്കും മററു പല ആവശ്യങ്ങഠംക്കും അതൊരു പ്രതിവിധിയായിരിക്കും.

3. തിരുസ്സഭയിലെല്ലായിടത്തും നിത്യഡീക്കന്മാരെ വേണമെന്നല്ല, ആവശ്യമുള്ളിടത്തെങ്കിലും അവരെ വയ്ക്കണമെന്നാണിവിടത്തെ വാദം. കൃത്യമായ നിയമങ്ങളും മററു സാഹചര്യങ്ങളും ആവശ്യപ്പെടുന്ന വൈദികജീവിതത്തിൻെറ പ്രാരംഭപദവിയായിട്ടല്ല നാം ഇതിനെ കണക്കാക്കേണ്ടതു്. വൈദിക ജീവിതം കേവലം ഉപരിപ്ളവമാക്കിത്തീക്കാനല്ല നിത്യഡീക്കന്മാരെക്കൊണ്ടുദ്ദേശിക്കുന്നതു്. ഡീക്കന്മാർ എപ്പോഴും വൈദികരുടെ കീഴിലും സംരക്ഷണയിലും അധികാരത്തിലുമായിരിക്കണം.

4. ഇവിടെ നാം ഉൽബോധിപ്പിക്കുന്നതു് ഒരു ജീവിതാന്തസ്സു തന്നെയായ ഡീക്കൻസ്ഥാനത്തേയാണ്. അതിൽ പ്രത്യേകിച്ചും സുസ്ഥിരമായ ജീവിതസ്ഥിതിയാണ് വേണ്ടതു്; വൈദികരില്ലാത്തിടത്തെ ക്രിസ്തീയസമൂഹത്തെ സഹായിക്കലാണിവരുടെ ജോലി.

പള്ളിയുടെ ഉത്തരവാദിത്വം മുഴുവനും അവിടത്തെ ഡീക്കനായിരിക്കും. പള്ളി തുറന്നു് അവിടത്തെ കാര്യങ്ങഠം നടത്തുക, ആഘോഷമായ മാമ്മോദീസാ നൽകുക, ദിവ്യകാരുണ്യനാഥനെ പള്ളിയിൽ സൂക്ഷിക്കുക, വിശ്വാസികഠംക്കു് വിതരണം ചെയ്യുക, തൃപ്പാഥേയം നൽകുക, മരണാസന്നരെ ആശ്വസിപ്പിക്കുക, വിശ്വാസികളുടെ പൊതു ആരാധനയിൽ പ. കർബാനയുടെ ആശീർവാദം നൽകുക, അതുപോലെ കുരിശുകൊണ്ടോ, തിരുസ്വരൂപങ്ങഠംകൊണ്ടോ ഉള്ള ആശീർവാദം നൽകുക, ചില പ്രത്യേക അവസരങ്ങളിൽ വെള്ളം, ചാരം, കുരുത്തോല, മെഴുകുതിരി, വയലുകഠം മുതലായ കൗദാശികങ്ങഠം (Sacramentals) നടത്തുക മുതലായവ ഡീക്കന്മാരുടെ ജോലികളായിരിക്കണം.

വി. ഗ്രന്ഥം വായിച്ചു് അതു് വിശ്വാസികഠംക്കു് വിവരിച്ചുകൊടുക്കുകയെന്നതു് ഡീക്കന്മാരുടെ ജോലിയായിരിക്കും. വേദോപദേശം പഠിപ്പിക്കുക, മെത്രാൻെറ തീരുമാനാനുസരണം പ്രസംഗങ്ങഠം നടത്തുക, വിവാഹത്തിൽ കാമ്മികനായിരുന്നുകൊണ്ടു് സഭയുടെ നാമത്തിൽ ദമ്പതികഠംക്കു് ആശീർവാദം നൽകുക, കുട്ടികളെ

തഴക്കിയും വിശ്വാസികളെ ഒരുക്കിയും ദിവ്യകാരുണ്യസ്വീകരണത്തിനണയിക്കുക, മുതലായവയും ഡീക്കന്മാൎക്ക് ചെയ്യാവുന്നവയാണ്.

ശവസംസ്ക്കാരചടങ്ങുകളിലും മററും കാൎമ്മികത്വം വഹിക്കുന്നതും അദ്ദേഹത്തിന്റെ ചുമതലയായിരിക്കും. ചുരുക്കത്തിൽ, പട്ടണങ്ങളിലും ഗ്രാമങ്ങളിലും വിശ്വാസികളുടെ ഇടയിൽ അദ്ദേഹം ഒരു സജീവചിഹ്നമായി പ്രവൎത്തിക്കണം. വൈദികനു് വന്നെത്തുവാൻ സാധിക്കുന്ന അപൂൎവ്വാവസരങ്ങളിൽ ജനങ്ങളെ ദിവ്യബലിക്കൊരുക്കുവാനും ഡീക്കന്മാൎക്ക് കഴിയും.

5. കൂദാശകളും പ്രാൎത്ഥനയും വഴിയായി വിശ്വാസികളുടെ ഇടയിൽ ഡീക്കൻ തന്റെ സ്വകാര്യ ക്രിസ്തീയജീവിതം ആഴപ്പെടുത്തേണ്ടതാണു്. പക്വതവന്നു് മാതൃകാപരമായി ധാൎമ്മികജീവിതം നയിക്കുന്നവനായിരിക്കണം അദ്ദേഹം. വി. രഹസ്യങ്ങൾ വിശ്വാസികൾക്കു് വിതരണം ചെയ്യുന്നതിനു് വിഘ്നാതമായ യാതൊന്നും അദ്ദേഹത്തിലുണ്ടായിരിക്കരുതു്.

ഭക്തിയും വിവേകവും ഉള്ള ഒരാളെയാണു് ഇതിനായി മെത്രാൻ തിരഞ്ഞെടുക്കേണ്ടതു്. അയാൾ ഒരു സമൂഹത്തിന്റെ ഉത്തരവാദിത്വമുള്ള കൂട്ടരുടെ മതിപ്പിനും ബഹുമാനത്തിനും യോഗ്യനായിരിക്കണം. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന ആൾ മാതൃകാപരമായി ക്രിസ്തീയജീവിതം നയിക്കുന്നവനായിരിക്കണം. യാതൊരു പരപ്രേരണയും കൂടാതെ മെത്രാൻതന്നെ ഇതിനായിട്ടുള്ളവരെ നാമനിൎദ്ദേശം ചെയ്യണം.

തന്റെ വിളിയെ സ്വതന്ത്രമായും തീക്ഷ്ണതയോടുംകൂടെ സ്വീകരിക്കുന്നവനെ മാത്രമെ മെത്രാൻ ഡീക്കൻപദത്തിലേയ്ക്കു് ഉയൎത്താവൂ. ആത്മാക്കളുടെ ആവശ്യനിവൃത്തിക്കായി നിയമിക്കുകയും, കൗദാശികമായ യഥാൎത്ഥ പട്ടം വഴി അയാളെ വിശുദ്ധീകരിക്കുകയും വേണം. അദ്ദേഹം നിത്യമായി ഒരു ഡീക്കനായിരിക്കണം. വൈദികനാകണമെന്ന ഉദ്ദേശം അയാൾക്കുണ്ടായിരിക്കരുതു്. അങ്ങനെ ആകണമെങ്കിൽ അതിനുവേണ്ട സുദീൎഘമായ സെമിനാരിജീവിതവും വൈദികൎക്കടുത്ത കൎശമായ കടമകളും വഹിക്കുവാൻ തയാറുണ്ടായിരിക്കണം.

6. വൈദികരിൽനിന്നും വ്യത്യസ്തമായി നിത്യഡീക്കന്മാരുടെ സംഘം ഏൎപ്പെടുത്തുന്നതിൽ പലൎക്കും എതിരഭിപ്രായമുണ്ടു്. ചില പ്രതിഷേധസ്വരങ്ങൾക്കുത്തരമായി പറയുവാനുള്ളതിതാണു്:

a) തന്റെ ജോലി കൃത്യമായി കാത്തുകൊണ്ടുപോകുവാൻ ഡീക്കനു കഴിയണം അതു് തനിക്കും തന്റെ കുടുംബത്തിനും മഹത്വവുമായിരിക്കണം. അങ്ങനെയെങ്കിൽ അയാൾ ഒരിക്കലും വിശ്വാസികൾക്കു് ഒരു ഭാരമായിത്തീരുകയില്ല.

b) വൈദികരെപ്പോലെ സുദീൎഘമായ സെമിനാരിജീവിതം കഴിക്കാൻ ഡീക്കൻ ബാദ്ധ്യസ്ഥനല്ല. ദൈവവചനത്തിന്റെ ജോ

ലി അയാൾക്ക കൊടുക്കുവാൻ മെത്രാൻ തീരുമാനിക്കുന്നില്ലെങ്കിൽ ദീർഘകാലപഠനം ആവശ്യമേയില്ല.

c) കാനോനനമസ്കാരം ജപിക്കാൻ അയാൾക്ക് കടമയുണ്ടായിരിക്കരുതു്.

d) ലാററിൻ സഭയിലെ വൈദികപദവിയിലേയ്ക്കുയരാനുള്ള ഡീക്കന്മാരെപ്പോലെയോ, വൈദികരെപ്പോലെയോ, ബ്രഹ്മചര്യം കാക്കുവാനും അയാൾക്ക കടമയില്ല. തന്മൂലം ഒരു നിത്യഡീക്കൻെറ ഭാര്യ മരിച്ചാൽ അയാൾക്ക് പുനർവിവാഹം കഴിക്കാം.

7. ഉപസംഹാരം:— വില്ലേജുകളിലും അതുപോലെ വൈദികരില്ലാത്ത സ്ഥലങ്ങളിലും പ്രവൎത്തിക്കുവാനുദ്ദേശിക്കുന്ന ഡീക്കന്മാരെ വളരെ ശ്രദ്ധയോടെ തിരഞ്ഞെടുക്കേണ്ടതാണ്. കാരണം നിത്യഡീക്കന്മാരുടെ അന്തസ്സിലേയ്ക്കു് കൂടുതൽ ക്ഷണം നടത്തിയാൽ തൽസ്ഥലങ്ങളിൽ വൈദികദൈവവിളികൾ കുറഞ്ഞുപോകുവാൻ പാടുണ്ടു്.

എന്നാൽ, സാവധാനത്തിൽ ഈ പ്രശ്നത്തിനു് നമുക്കു് പരിഹാരം ഉണ്ടാകും. നല്ല ക്രിസ്ത്രീയജീവിതം നയിക്കുന്ന ഒരു പുതിയ ക്രിസ്തീയസമൂഹത്തെ വാർത്തെടുക്കുവാൻ ഡീക്കന്മാർക്ക് കഴിയുമ്പോൾ അതിൽ നിന്നും ശരിയായ ദൈവവിളികൾ ധാരാളമുണ്ടാകും.

അവസാനമായി, തൊഴിലാളികളുടെയിടയിൽ തൊഴിലാളികളായി പ്രേഷിതവേല ചെയ്യുന്ന വൈദികരുടെഅപ്പസ്തോല പ്രവൎത്തനങ്ങൾക്കു് തുച്ഛമായ ഫലങ്ങളേ ഉണ്ടായിക്കാണുന്നുള്ളു. എന്നാൽ കുടുംബപിതാക്കന്മാർ തന്നെയായ ഡീക്കന്മാർക്ക് തൊഴിലാളികളുടെ മണ്ഡലത്തിൽ തൊഴിലാളികളേപ്പോലെതന്നെയായി അവരുടെയിടയിലുള്ള അപ്പസ്തോലികവേലയിൽ കൂടുതൽ വിജയിക്കുവാൻ സാധിക്കുന്നതുമാണു്.

7 കർദ്ദിനാൾ ലെയോൻ സുവെനൻസ്
മെക്ക്ളിൻ—ബ്രസ്സെൽസിൻെറ മെത്രാപ്പോലീത്താ
ബൽജിയം.

# ഡീക്കൻ സ്ഥാനത്തിൻെറ ദൈവശാസ്ത്രം

സ്ഥിരമായ ഡീക്കൻസ്ഥാനം പുനരുദ്ധരിക്കുന്നതിനനുകൂലമായി സംസാരിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. പ്രതികൂലാഭിപ്രായം പ്രകടിപ്പിച്ചവർ ഇതു സഭയുടെ ഘടനയെത്തന്നെ സ്പർശിക്കുന്ന ഒരു പ്രശ്നമാണെന്ന വസ്തുത ചിലപ്പോൾ വിസ്മരിച്ചതുപോലെ തോന്നിപ്പോകുന്നു.

1. ഒരുവക സ്വാഭാവിക കാഴ്ചപ്പാടിൽനിന്ന് നാം ആരംഭിക്കരുത്. സ്വഭാവാതീത യാഥാർത്ഥ്യത്തിൽ നിന്ന്, ഡീക്കൻ സ്ഥാനത്തിൻെറ കൗദാശിക സവിശേഷതയിലുള്ള ജീവൻ വിശ്വാസത്തിൽ നിന്ന് നാം തുടങ്ങേണ്ടിയിരിക്കുന്നു.

വി. സ്റ്റീഫൻേറയും മററ് ആറു പേരുടേയും തിരഞ്ഞെടുപ്പിനെ സംബന്ധിക്കുന്ന പുതിയ നിയമഭാഗം (നടപടി 6: 3—6) പോലെ ഇന്നും തുറന്ന പ്രശ്നങ്ങളായി അവശേഷിക്കുന്ന വിവാദവസ്തുതകളെ ഊന്നിപ്പറയുവാൻ ഞാനഭിലഷിക്കുന്നില്ല.

ഏതായാലും ചില കാര്യങ്ങൾ പുതിയ ഉടമ്പടിയിൽ സുനിശ്ചിതവും പകൽ പോലെ തെളിവുള്ളതുമാണ്. അതുപോലെ തന്നെ അപ്പസ്തോലികപിതാക്കന്മാരിൽ നിന്നും (പ്രത്യേകിച്ച് റോമിലെ അലക്സാണ്ടർ, അന്ത്യോക്യായിലെ ഇഗ്നേഷ്യസ് എന്നിവരിൽ നിന്ന്) പിന്തുടർന്നു പോന്ന നിരന്തര പാരമ്പര്യത്തിൻ നിന്നും, പാശ്ചാത്യ പൗരസ്ത്യ ദേശങ്ങളിലെ ആരാധനക്രമസംബന്ധമായ ഗ്രന്ഥങ്ങളിൽ നിന്നും ചില കാര്യങ്ങൾ അസന്നിഗ്ദ്ധമായും വളരെ തെളിവായും കാണാവുന്നതാണ്.

(1) അപ്പസ്തോലികവും, ഉപാപ്പസ്തോലികവുമായ സഭയുടെ കാലം മുതൽ ദൈവികശുശ്രൂഷയുടെ അത്ഭുതസിദ്ധികളിൽ ചിലതു പൗരോഹിത്യത്തിൽ നിന്നും വ്യതിരിക്തമായ ഒരു പദവിയെ വിശേഷിപ്പിച്ചിരുന്നു.

(2) മെത്രാനെ നേരിട്ട സഹായിക്കുന്നതിനാണ് പ്രത്യേകമായി ഈ പദവി സ്ഥാപിക്കപ്പെട്ടതെന്നു് തോന്നുന്നു. (a) സാധുജന സംരക്ഷണം, സമൂഹത്തെ ശരിയായി നയിക്കുക എന്നിവകളിൽ സഹായം നൽകുന്നതിനും (b) തദ്ദേശസഭയുടെ സാമൂഹ്യസജ്ജീകരണത്തിനും (പ്രത്യേകിച്ച് സഹോദരസ്നേഹം വഴി) യഥാർത്ഥസന്യാസസമൂഹം പടുത്തുയർത്തുവാൻ ''അപ്പം മുറിക്കലിൽ'' അതിൻെറ പൂജാവിധിപ്രകാരമുള്ള ഒരുക്കങ്ങൾ ചെയ്യുന്നതിനും മററും. (നടപടി 2: 42; 4: 32—35; എബ്രാ. 13: 16)

സഭ അതിൻെറ സ്വഭാവത്തിൽ പരിശുദ്ധവും അവശ്യം ആരാധനാക്രമസംബന്ധവുമാകുന്നതിന് സമൂഹത്തെ സജ്ജീകരിക്കേണ്ടതായ ചുമതല ഒരുവൻ ശരിയായി കാണുന്നില്ലെങ്കിൽ, അവൻ സഭയെ അവൾ വാസ്തവത്തിലായിരിക്കുന്ന പോലെ, കൂദാശകളിൽ അധിഷ്ഠിതമായിരിക്കുന്നതായി മനസ്സിലാക്കുന്നില്ല. മുമ്പ് കാണിച്ച ചുമതല പരിശുദ്ധാത്മാവിൻെറ വരങ്ങളിലൂടെ പട്ടം വഴി അവർക്കു് പ്രദാനം ചെയ്തിട്ടുണ്ട്.

ഡീക്കന്മാർക്കു് നിർദ്ദേശിച്ചിരിക്കുന്ന ജോലികൾ അത്മേനികൾക്കു് നൽകാമെന്നു് പറയുന്നതു് ഡീക്കൻസ്ഥാനസമുദ്ധാരണത്തിനെതിരായ വിലപ്പോകുന്ന ന്യായമല്ല.

ഈ ബാഹ്യപ്രവർത്തനങ്ങൾ (പ്രാർത്ഥനാവസരങ്ങളിൽ നേതൃത്വം കൊടുക്കുക, മതപഠനം നടത്തുക, സാമൂഹ്യപ്രവർത്തനങ്ങളേറെറടുക്കുക എന്നിവ) എങ്ങനെയെങ്കിലും ഉപേക്ഷിക്കുകയോ ഏതെങ്കിലും വിശ്വാസികളെ ഭരമേല്പിക്കുകയോ ചെയ്യാവുന്ന ഒരു പ്രശ്നമല്ല ഇവിടെയുള്ളതു്. യഥാർത്ഥസമൂഹം കെട്ടിപ്പടുക്കുന്നതിൽ യാതൊരുവക അലംഭാവവും അതിസ്വാഭാവികഫലദായകത്വത്തിന് സംഭവിക്കാതിരിപ്പാൻ, ഈ ജോലികൾ, തൽക്കാര്യാർത്ഥമുള്ള പ്രസാദവരം പൂർണ്ണമായി സ്വീകരിച്ചവർക്കു മാത്രം നൽകേണ്ടതാണ്. ഇങ്ങനെയല്ലെങ്കിൽ സഭയ്ക്കു് ഒരു യഥാർത്ഥ അതിസ്വാഭാവികസമൂഹം മിശിഹായുടെ സത്യമായ മൗതികശരീരം, അവിടന്നു് മുൻകൂട്ടി നിശ്ചയിച്ച ദൈവശുശ്രൂഷകളിന്മേലും വരപ്രസാദത്തിന്മേലും അടിസ്ഥാനമുറപ്പിച്ച സമൂഹമാകുവാൻ കഴിയാതെ വരും.

അതിനും പുറമെ സച്ചരിതരായ അത്മായർക്കു് ജ്ഞാനസ്നാനവും സ്ഥൈര്യലേപനവും വഴി ഉണ്ടാകാവുന്ന ദാനങ്ങളും വരങ്ങളും, കലപ്പില്ലാത്ത സ്വഭാവാതീതചൈതന്യവും മാത്രം ഡീക്കന്മാർക്കുണ്ടായാൽ പോരാ. സമൂഹത്തിലെവൈദികശുശ്രൂഷയുടെ നിർവ്വഹണത്തിന് പ്രത്യേകതരമായി യോജിച്ച മററു ദാനങ്ങൾ മുന്നേ നിശ്ചയിക്കപ്പെട്ടിട്ടുള്ളതുകൊണ്ടു് അവയെ അവഗണിക്കുവാൻ പാടില്ല. ക്രൈസ്തവസമൂഹത്തിന് സഭയുടെ പിതൃസ്വത്തവകാശത്തിൻെറ ഭാഗമായ ഇത്തരം ദാനങ്ങൾ വഴി സ്വയം ഫലം കൈക്കൊള്ളുവാൻ അവകാശമുണ്ട്.

2. ഈ ദൈവശാസ്ത്രപരമായ പ്രമാണങ്ങൾ അടിസ്ഥാനമാ

ക്കി നമുക്കു് കാണാം എന്താണു് ലോകത്തിൻെറ വിവിധ ഭാഗങ്ങളിലെ യഥാൎത്ഥ സ്ഥിതിയെന്നു്. ഇക്കാര്യത്തെക്കുറിച്ചു് വിരുദ്ധാഭിപ്രായങ്ങൾ നമുക്കു കേൾക്കാം. എന്നാൽ ഡീക്കൻസ്ഥാന പുനരുദ്ധാരണത്തിൻെറ നേരെ തൊടുത്തു വിട്ടിട്ടുള്ള ആക്ഷേപങ്ങൾ ചില സാഹചര്യങ്ങളിൽ കുറച്ചൊക്കെ ശക്തി പ്രാപിച്ചിട്ടുണ്ടെങ്കിലും സർവ്വസ്ഥാനങ്ങളിലും എല്ലാ ജനപദങ്ങളിലും അവർക്കു പിന്തുണ കിട്ടിയിട്ടില്ല.

അതുകൊണ്ടു് എല്ലായിടത്തും ബാധിക്കുന്ന തീരുമാനം എടുക്കുകയോ, സഭ മുഴുവനും ഡീക്കൻപദവി അത്യാവശ്യമാണെന്നോ, അല്ലെന്നോ പറയുകയോ ചെയ്യുക ഈ കൗൺസിലിൻെറ ജോലിയല്ല. കൗൺസിൽ ചെയ്യേണ്ടതു് ഇവ്വിധം ഒരു നിലനില്ക്കുന്ന വൈദികശുശ്രൂഷയ്ക്കു സാദ്ധ്യത ഉണ്ടോയെന്നു് വേണ്ടവിധം വെളിവായി നോക്കിക്കാണുകയാണു്. പക്ഷെ അതു് സഭ മുഴുവനും വേണ്ടിയല്ല; സഭ തളരാതെ വളർച്ച പ്രാപിച്ചു് പുഷ്ടിപ്രാപിക്കണമെങ്കിൽ ഈ പുനരുദ്ധാരണം അത്യാവശ്യമാണെന്നു് നിയമാനുസൃതവൈദികമേലദ്ധ്യക്ഷന്മാർ കരുതുന്ന പ്രദേശങ്ങൾക്കു വേണ്ടി മാത്രം. അതും ന്യായാനുസൃത അധികാരിയുടെ സമ്മതത്തോടെ.

അഭിവന്ദ്യ പിതാക്കന്മാരേ, നാം ഓരോരുത്തരുടേയും മനസ്സാക്ഷിക്കു മുമ്പിലുയരുന്ന പ്രശ്നമിതാണു്. വെറും നിഷേധാത്മകമായ ഡിക്രി മൂലം ദൈവത്താൽ മുൻകൂട്ടി ആസൂത്രണം ചെയ്യപ്പെട്ട ഈ പരിശുദ്ധ പദവിയുടെ സാദ്ധ്യതയെ ഒഴിവാക്കുവാൻ ഒരുമ്പെടണമോ. നൂററാണ്ടുകളായി സഭ പ്രയോഗത്തിൽ വരുത്തിയിരുന്നതും ഇന്നു സഭയുടെ നവീകരണത്തിനു് അത്യന്താപേക്ഷിതവുമായ ഈ മാർഗ്ഗത്തിൻെറ സാദ്ധ്യതയെ ഇല്ലാതാക്കണമോ? ദൈവത്തിൻെറ പ്ലാൻ അനുസരിച്ചു് മെത്രാൻ ദൈവികശുശ്രൂഷയുടെ പരമാധികാരവും പൂൎണ്ണതയും ദൈവത്തിൽ നിന്നും സ്വീകരിക്കുന്നു. അതുപോലെ തന്നെ തൻെറ അജഗണങ്ങൾക്കു് ഒഴിച്ചുകൂടാൻ വയ്യാത്ത എല്ലാ സ്വഭാവാതീതസമൂഹങ്ങളും സ്ഥാപിക്കുവാനുള്ള ദൗത്യവും പരാപരനിൽ നിന്നു് അദ്ദേഹം കൈക്കൊള്ളുന്നുണ്ടു്. തന്മൂലം തൻെറ ജനസമൂഹത്തിൻെറ ഘടനയും സ്ഥലകാലസാഹചര്യങ്ങളുമായി ഇടപെടുന്നതിനു് അനുയോജ്യമായി അദ്ദേഹത്തിൻെറ അധികാരങ്ങളിൽ ഒരു പങ്കു് മററു ദൈവശുശ്രൂഷികൾക്കും നൽകുന്നതിനു് മെത്രാനു് അധികാരമുണ്ടു്.

രണ്ടു കാര്യങ്ങളിലാണു് ഡീക്കൻ സ്ഥാനത്തിൻെറ പ്രായോഗികാവശ്യം സ്പഷ്ടമാകുന്നതു്. (1) വളരെ ചെറിയൊരു സമൂഹം വിജാതീയരുടെ ഇടയിൽ (diaspora) കഴിയുവാൻ നിർബന്ധപ്പെടുമ്പോൾ: (അതായതു് മററുള്ള ക്രൈസ്തവവിഭാഗങ്ങളിൽ നിന്നു് മതവിഭിന്നതയാലോ, ഭൂമിശാസ്ത്രപരമായ വ്യാപ്തിയാലോ, രാഷ്ട്രീയസാഹചര്യങ്ങളാലോ അകന്നിരിക്കുമ്പോൾ). (2) ജനത്തിരക്കു് അത്യധികമാകുമ്പോൾ, പ്രത്യേകിച്ചു് സഭ ഒരു കുടുംബമെന്ന അവ

ബോധം പുനർജ്ജീവിപ്പിക്കുക അത്യാവശ്യമാകത്തക്കവിധം ജന സാന്ദ്രത അധികരിക്കുന്ന നഗരപ്രാന്തങ്ങളിൽ.

സഭ സ്വയം പ്രേഷിതയാണെന്ന വാക്കിൻെറ പൂർണ്ണവും ശരിയുമായ ആശയത്തിൽ തന്നെത്തന്നെ കാണിച്ചുകൊടുക്കുവാൻ അവസരം ലഭിക്കുന്ന പരിതസ്ഥിതികരം ധാരാളമുണ്ട്. ദൈവം അവരംക്ക് നൽകിയിട്ടുള്ള ഘടനയോടൊത്തു പോകുന്നിടത്തോളം വിവിധ ദേശങ്ങരംക്ക് പ്രശ്നങ്ങളുടെ വ്യത്യസ്തസമാധാനമാർഗ്ഗങ്ങരം സ്വീകരിക്കുവാൻ സന്നദ്ധമാകേണ്ട സന്ദർഭങ്ങളും കുറവല്ല. ഇങ്ങനെയുള്ള കാര്യങ്ങളിൽ ഞാൻ പറയും ജനനന്മയാണ് അസന്നിഗ്ദ്ധമായ മാനദണ്ഡമെന്ന്.

3. ഇത്രയും നാം പ്രസ്താവിച്ചതു്, സ്ഥിരമായ ഡീക്കൻസ്ഥാനം പുനരുദ്ധരിക്കണമെന്ന നിർദ്ദേശത്തിനെതിരായ പ്രമുഖാക്ഷേപത്തിനു് മറുപടിയായിട്ടാണ്: അതായതു് വിവാഹിതർക്കു് ഡീക്കൻ പദവി തുറന്നു കൊടുക്കുന്നതുകൊണ്ടു് പരിശുദ്ധ അവിവാഹിതാവസ്ഥയുടെ നിയമം ദുർബലമാകുകയും അതേ സമയം പൗരോഹിത്യത്തിലേയ്ക്കുള്ള ദൈവവിളി വിരളമാകുകയും ചെയ്യുമെന്നുള്ള ഭയാശങ്കകരംക്കെതിരായിട്ടു്.

എന്നാൽ ഡീക്കൻ സ്ഥാനം ഒരു ദാനമാണെങ്കിൽ, ഒരു വരമാണെങ്കിൽ, നിയമാനുസൃതവൈദികമേലദ്ധ്യക്ഷന്മാർ ദൈവവരത്തിൻെറ ഈ പിതൃസ്വത്താവകാശത്തിൽ നിന്നു് ചൈതന്യം കോരിയെടുക്കുക യുക്തമാണെന്നു് വിചാരിക്കുന്നെങ്കിൽ, ഡീക്കൻ സ്ഥാന പുനരുദ്ധാരണം യാതൊരു വിധത്തിലും ക്രൈസ്തവസമൂഹത്തിൽ ക്രിസ്തുവിൻെറ പൂർണ്ണതയെ നിഷ്പ്രഭമാക്കുവാൻ പോരുന്നവയാകയില്ല. എന്നു മാത്രമല്ല അതിനെ സമ്പന്നമാക്കുകയും ചെയ്യും. അവിവാഹിതാവസ്ഥയായ പൗരോഹിത്യത്തിൻെറ ഔൽകൃഷ്ട്യം തീർച്ചയായും സംരക്ഷിക്കപ്പെടണം; ലത്തീൻസഭയുടെ പുരാതനവും വന്ദനീയവുമായ ഇക്കാര്യത്തിലുള്ള പാരമ്പര്യം പാലിക്കപ്പെടുകയും വേണം.

പക്ഷെ അവിവാഹിതാവസ്ഥയെക്കുറിച്ചുള്ള നിയമത്തിൻെറ വ്യക്തമായി നിർവ്വചിക്കപ്പെട്ട ഒരു ലഘൂകരണം ഡീക്കൻ സ്ഥാനത്തിനുവേണ്ടി നടത്തുന്നതു് ഈ ആചാരാനുഷ്ഠാനത്തിനെതിരല്ല. ചിലർ അത്യധികം ഭയപ്പെടുന്ന നിഷേധാത്മകഫലങ്ങരംക്കു് പകരം പല നന്മകരം നമുക്കു് പ്രതീക്ഷിക്കാം. പൗരോഹിത്യദൈവവിളി വിരളമാകുമെന്നു പറയുന്നതു് അത്ര തെളിവില്ലാത്ത ഒരു പ്രസ്താവമാണ്; ഒരു മുൻവിധിയും. നേരെ മറിച്ചു് ഡീക്കന്മാർ വഴി കൂടുതലായി ഐക്യം പ്രാപിച്ച സമൂഹങ്ങളിൽ വൈദിക ദൈവവിളി വർദ്ധമാനമാകും. അവർ ഒരുക്കിയതും അവരുടെ പരിശുദ്ധാത്മപ്രകാശനത്താൽ കൂടുതൽ ഫലപ്രദമായി ജീവത്തായതുമായ ദൈവവിളികളാണവ. ക്രമേണ പൗരോഹിത്യദൈവവിളി കൂടുതൽ ആത്മാർത്ഥവും, അകൃത്രിമവും, കലപ്പില്ലാത്തതും, മെച്ചമായി പരി

ശോധിക്കപ്പെട്ടതുമാകും; സ്വർഗ്ഗരാജ്യത്തിനുവേണ്ടിയുള്ള പൂർണ്ണവിരക്തി അതിനെ ദീപ്തിമത്താക്കും, പരിപക്വമായ സാക്ഷ്യം നൽകുകയും ചെയ്യും.

ഒരു പ്രായോഗികവശം കാണിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുകയാണു്. ഈ നിർദ്ദേശം പിതാക്കന്മാരുടെ പരിചിന്തനത്തിനു് വിഷയമാകുന്നതിനുവേണ്ടി ഞാൻ അവതരിപ്പിച്ചുകൊള്ളട്ടെ: ബിഷപ്പു് കോൺഫറൻസുകഠം ഡീക്കൻ സ്ഥാനസമുദ്ധാരണം കാലോചിതമാണെന്നു് തീരുമാനിക്കുന്ന പ്രദേശങ്ങളിൽ അതു ആരംഭിക്കുന്നതിനു് അവർ മടിക്കരുതു്.

---

**8** ഡെന്നിസു് ഇ. ഹർലി
ഡർബാൻ മെത്രാപ്പോലീത്താ
സൗത്താഫ്രിക്ക.

# മെത്രാനും വൈദികരുമായുള്ള ഇടയനടുത്ത സഹകരണം

സ്വന്ത വൈദികശ്ശുശ്രൂഷയുടെ സ്വഭാവത്താൽതന്നെ മെത്രാൻ പഠിപ്പിക്കുവാനും, പവിത്രീകരിക്കുവാനും, ഭരിക്കുവാനുമുള്ളവനാണു്. പക്ഷെ വാസ്തവം പറഞ്ഞാൽ എന്താണു് പ്രായോഗികതലത്തിൽ, നടക്കുന്നതു്? മെത്രാനല്ല, വൈദികനാണു് പ്രായോഗികമായി എല്ലാ ദിവസവും പവിത്രീകരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതു്. മെത്രാൻ തൻെറ അജഗണങ്ങളിൽ തൊണ്ണൂററൊമ്പതു് ശതമാനത്തിനും അപരിചിതനായ ഒരകന്ന ആളാണു്. വ്യക്തിഗതവും മാനുഷികമായ നിലയിലും അറിയപ്പെടാത്തവനാണദ്ദേഹം. പൊതുവായ നയപരിപാടികഠം രൂപീകരിക്കുക, രൂപതാകാര്യങ്ങഠം യോജിപ്പിച്ചു് സംഘടിപ്പിച്ചു നടത്തുക, ആരംഭിച്ച വിവിധ തരത്തിലുള്ള നവീനപദ്ധതികഠം സമീകരിക്കുക തുടങ്ങിയവയാണു് അദ്ദേഹത്തിൻെറ ചുമതല. എന്നാൽ തൻെറ അജഗണത്തിൽ മെത്രാനടുത്ത സ്വാധീനം അധികമായൊന്നുമില്ല. സഭാഭരണസംബന്ധമായ സർവ്വസംഗതികളും അതിലെ വൈദികർ വഴി മെത്രാൻ നിർവ്വഹിക്കുന്നു. കാരണം: വൈദികരാണു് മെത്രാൻെറ കരചരണങ്ങളും കണ്ണും ചെവിയുമെല്ലാം. അവരദ്ദേഹത്തിൻെറ ശബ്ദം കൂടിയാണു്. ശാരീരികാവയവങ്ങഠം കൂടാതെ യാതൊരുത്തനും പ്രവൎത്തിക്കാൻ

വഹിയാത്തവിധം മെത്രാൻ, താൻ ആരംഭിക്കുവാൻ അഗ്രഹിക്കുന്ന, സർവ്വ സംഗതികളിലും, ചെയ്യുവാൻ ആശിക്കുന്ന എല്ലാ കാര്യങ്ങളിലും അദ്ദേഹത്തിൻെറ ആശയങ്ങൾ പ്രയോഗത്തിൽ വരുത്തുവാൻ തൻെറ വൈദികരെ മുഴുവനായും പൂർണ്ണമായും ആശ്രയിക്കുന്നു. ഒരു വൈദികൻെറ ഇടയലേഖനം വായിക്കുന്ന രീതിയേതന്നെ എത്രമാത്രം അതു് ആശ്രയിക്കുന്നുവെന്നു് നമുക്കറിയാം. ഒന്നുകിൽ മെത്രാൻെറ വാക്കുകൾ മുഖ്യദൂതൻെറ കാഹളം പോലെ പ്രതിദ്ധ്വനിക്കും. അല്ലെങ്കിൽ ടെലഫോൺ ഡിറക്ടറിയുടെ കോളങ്ങൾ പോലെ മുഷിപ്പനായിരിക്കും. ഇതിൽ നിന്നെല്ലാം സുവിദിതമാണു് അദ്ധ്യാപനം, പവിത്രീകരണം, ഭരണം എന്നീ ത്രിവിധഉത്തരവാദിത്വം മെത്രാൻ നിർവ്വഹിക്കുന്നതു് എല്ലാററിലുമുപരിയായി അദ്ദേഹം വൈദികർക്കു് നൽകിയിരിക്കുന്ന നേതൃത്വംവഴിയാണെന്നു്. ആധുനികലോകത്തിലെസങ്കീർണ്ണപരിതസ്ഥിതികൾ മൂലം മെത്രാനു് ജനങ്ങളുമായി നേരിട്ടു സമ്പർക്കം പുലർത്താൻ അസാദ്ധ്യമാകയാൽ മെത്രാൻെറ ജാഗ്രത തൻെറ വൈദികർക്കു് ഇടയനടുത്ത നേതൃത്വം പ്രദാനം ചെയ്യുവാനായിരിക്കണം. കാരണം അദ്ദേഹം തൻെറ വൈദികരെ നയിക്കുകയും, സംഘടിപ്പിക്കുകയും, ഉത്തേജിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും വേണം. ഇതു് പ്രായോഗികതലത്തിലാണു് വിശ്വാസപരമായ ഘടനയിലല്ല ഉൾപ്പെടുന്നതെന്നു് ആക്ഷേപം ആരെങ്കിലുമുന്നയിച്ചാൽ എൻെറ മറുപടി ഇതാണു്. വിശ്വാസപരമായ ഘടന വസ്തുതകൾ കണക്കിലെടുക്കണം. മെത്രാന്മാരുടെ ജോലിയെ ബാധിക്കുന്ന പ്രധാന സത്യം, (പ്രത്യേകിച്ചു് അവരുടെ അദ്ധ്യാപനം, പവിത്രീകരണം എന്നീ ജോലികൾ) നമ്മുടെ കാലത്തു് സാധാരണയായി ഈ വൈദികവേലകൾ നിർവ്വഹിക്കുന്നതു് മെത്രാന്മാരല്ല വൈദികരാണ എന്നതാണു്. മെത്രാൻെറ പ്രധാന ചുമതല നേതൃത്വവും പ്രോത്സാഹനവും നൽകുകയാണെന്നതും ഇതിൽ നിന്നും മനസ്സിലാകുന്നു.

നേതൃത്വചുമതലയുടെകൃത്യമായ സ്വഭാവം കാണിക്കുവാൻ ഞാൻ കഴിവററവനാണെന്നെനിക്കു്അറിയാം; അതുകൊണ്ടു് ഞാൻ സംസാരിക്കുന്നയിതെല്ലാംപണ്ഡിത്യക്കുറവുള്ളവനെപ്പോലെയാണെന്നതു്സമ്മതിക്കുന്നു. ഏതായാലും ഇതു പരമപ്രാധാന്യമർഹിക്കുന്ന വിഷയമാണെന്നതു എനിക്കു സുവ്യക്തമാണു്. നൂതനദശകങ്ങളിൽ സാമൂഹ്യപ്രേഷിതത്വം മിഷൻ, അത്മായപ്രേഷിതത്വം. വേദോപദേശസംബന്ധവും ആരാധനക്രമസംബന്ധവുമായ നവീകരണം എന്നിവയെപ്പററിയുള്ള മാർപ്പാപ്പാമാരുടെ പ്രബോധനങ്ങൾക്കു് പ്രത്യുത്തരം നൽകുന്നതിൽ സഭ മന്ദത കാണിക്കുന്നതായി തോന്നിപ്പോകുന്നു. അതിനുള്ള പ്രധാന കാരണം മെത്രാന്മാരായ നാം നേതൃത്വത്തെ സംബന്ധിച്ച നമ്മുടെ ദൗത്യം നിറവേററുന്നതിൽ പരാങ്മുഖരാകുന്നതാണു്.

മാർപ്പാപ്പായുടെ തിരുവെഴുത്തുകളുടെ സന്ദേശം നമ്മുടെ വൈദി

കർക്ക് ജീവൽപഠനമായി കൈമാറുവാൻ നാം അജ്ഞരാണ്. ദൈവത്തിൻെറ ജനങ്ങൾക്കും അതുപോലെതന്നെ പകർന്നുകൊടുക്കുവാൻ വൈദികർക്കും കഴിയണമെങ്കിൽ ഇവ്വിധമുള്ള കൈമാററം അവശ്യാവശ്യമാണ്.

കത്തോലിക്കാനവീകരണത്തിൻെറ ആരംഭം പലപ്പോഴും നമ്മിൽ നിന്നല്ല വൈദികരുടേയും അത്മേനികളുടേയും പ്രത്യേകവിഭാഗങ്ങളിൽനിന്നാണ് വരുന്നതെന്നതു് ഒരു ദു:ഖസത്യമാണ്.

ഇപ്പറയുവാൻപോകുന്നവയെക്കുറിച്ച് എനിക്ക് പൂൎണ്ണബോദ്ധ്യമുണ്ട്. സുശക്തവും അതേ സമയം നയപരവുമായ ഇടയനടുത്ത നേതൃത്വം വൈദികർക്ക് കൈവരുത്തുന്നതിലാണ് ഈ വൈദികശുശ്രൂഷയുടെ യാഥാൎത്ഥീകരണം പ്രാധാനമായും അടങ്ങിയിരിക്കുന്നതു്. ഇതൊരു തെളിവേറിയ പ്രമാണമായി നാം കണക്കിലെടുക്കണം. വൈദികർ അവരുടെ ഭാഗത്തുനിന്നു് സന്യാസികളുടേയും അത്മേനികളുടേയും സഹകരണത്തോടെ നമുക്ക് സ്വയം ചെയ്യുവാൻ സാധിക്കാത്ത കാര്യങ്ങൾ പൂൎത്തീകരിക്കും. ഈ വിചിന്തനങ്ങളിൽനിന്നും എടുക്കേണ്ട സ്വാഭാവികവും പ്രത്യക്ഷവുമായ അനുമാനമിതാണ്: ഹൈരാൎക്കിയുടെ ദൌത്യനിർവ്വഹണത്തിൽ പൌരോഹിത്യപദവി പരമപ്രാധാന്യമർഹിക്കുന്നു. പക്ഷെ ഇനിയും ഇതു് കൂടുതൽ വിശദീകരിക്കുന്നതിനു് എനിക്കു സമയമില്ല.

---

9 ഇഗ്നേഷ്യസ് സിയാഡ്
ബൈറൂട്ടിലെ മാറോനീത്ത മെത്രാപ്പോലീത്താ
ലെബനോൻ.

# മെത്രാന്മാരുടെ അവകാശങ്ങൾ

രണ്ടു വിഷയത്തെക്കുറിച്ചാണ് എൻെറ നിരൂപണങ്ങൾ: (a) മെത്രാന്മാരുടെ അവകാശങ്ങൾ. (b) അവരുടെ അധികാരങ്ങൾ.

1. ഒരു സാർവ്വത്രിക സൂനഹദോസിൽ പങ്കെടുക്കുവാനുള്ള അവകാശം: ഒരു മെത്രാൻ നാമനിർദ്ദേശത്താലോ, തിരഞ്ഞെടുപ്പാലോ അല്ല കൗദാശികസ്വഭാവമുള്ള മെത്രാഭിഷേകത്താലാണ് മെത്രാന്മാരുടെ സംഘത്തിൽ അംഗത്വം സ്വീകരിക്കുന്നതു്. എല്ലാ അഭിഷിക്തമെത്രാന്മാൎക്കും (സ്ഥാനികമെത്രാന്മാർ ഉൾപ്പെടെ) സാർവ്വത്രിക സൂനഹദോസിൽ ഭാഗഭാക്കുകളാകുന്നതിനും നിൎണ്ണായകവോട്ടുകൾ രേഖപ്പെടുത്തുന്നതിനും അവകാശമുണ്ട്; അവൎക്കുമാത്രമേയുള്ളുതാനും.

2. മെത്രാന്മാരുടെ അധികാരങ്ങൾ: മെത്രാന്മാരുടെ അധികാരപരിധി വിസ്തൃതമാക്കേണ്ടതിനെക്കുറിച്ചുള്ള സംസാരം പലപ്പോഴും കേൾക്കാം. അതു വെറും കുറെ നിശ്ചിതാധികാരങ്ങളുടെ പ്രശ്നമല്ല; മെത്രാൻപട്ടമെന്ന കൂദാശയിൽതന്നെ വേരുറച്ചിരിക്കുന്ന യഥാർത്ഥ അധികാരങ്ങളാണ്. വിപുലമോ സങ്കുചിതമോ ആയിക്കൊള്ളട്ടെ മെത്രാന്മാർ "അധികാരം നൽകപ്പെട്ടവരല്ല"; അവർ അപ്പസ്തോലന്മാരുടെ യഥാർത്ഥ പിന്തുടർച്ചക്കാരും, മിശിഹായുടെ യഥാർത്ഥവികാരിമാരും, യഥാർത്ഥ ഇടയന്മാരും, വിശ്വാസികളുടെ യഥാർത്ഥ അദ്ധ്യാപകന്മാരും, ആത്മാക്കളുടെ യഥാർത്ഥ ഭരണകർത്താക്കളുമായിരുന്നു, അങ്ങനെതന്നെയാണിപ്പോഴും. അജക്കൂട്ടത്തെ മേയിക്കുന്നതിൽ അവർ റോമാമാർപ്പാപ്പായുടെ വികാരിമാരോ അദ്ദേഹത്തിൻെറ പ്രതിപുരുഷന്മാരോആയിരുന്നില്ല. പക്ഷെ കാലാന്തരത്തിൽ അവരുടെ വാസ്തവികമായ അധികാരങ്ങൾ പല കാരണങ്ങളാൽചുരുങ്ങിപ്പോയിട്ടുണ്ട്; വിശിഷ്യാ താഴെപറയുന്ന ത്രിവിധ കാരണങ്ങളാൽ.

a) പൊതുനിയമങ്ങൾ മൂലം: സഭയുടെ നിയമങ്ങളെല്ലാംതന്നെ പൊതുനിയമങ്ങളാണ്. മററു വാക്കുകളിൽ പറഞ്ഞാൽ അവ പരമാദ്ധ്യക്ഷനാലോ, ജനറൽകൗൺസിലുകളാലോ നിർമ്മിതങ്ങളാണ്. അതുകൊണ്ട് നിയമദാതാവിനും അദ്ദേഹത്തിൻെറ പിൻഗാമികൾക്കും മാത്രമെ ഈ നിയമങ്ങളിൽനിന്നും പ്രത്യേക സംഗതികളിൽപോലും ഒഴിവ് കൊടുക്കുവാൻ പാടുള്ളു എങ്കിലും ആഗോളസഭയുടെ ഏകതയ്ക്ക് ഈ പൊതുനിയമങ്ങൾ അവശ്യാവശ്യകങ്ങളാണ്.

b) അപ്പസ്തോലിക റോമാസിംഹാസനത്തിൻെറ സംവരണം മൂലം: ഈ സംവരണം പൊതുനന്മയ്ക്ക് അത്യന്താപേക്ഷിതങ്ങൾ തന്നെ.

c) നമ്മുടെ ബലഹീനതകാരണം: വളരെയധികം പ്രശ്നങ്ങളിൽ അജഗണമല്ല വൈദികമേലദ്ധ്യക്ഷന്മാരാണ് നിസ്സാരകാര്യങ്ങളിൽക്കൂടി എന്തുചെയ്യണം എന്തു ചെയ്യരുതെന്നറിയാതെ നഷ്ടധൈര്യരായി പരമാധികാരത്തെ സമീപിക്കുന്നത്. 'നാം ഈയവസരത്തേയ്ക്ക് അഥവാ മൂന്നുവർഷത്തേയ്ക്ക് ഈ അധികാരം നൽകുന്നു' എന്ന മറുപടി ലഭിക്കുന്നു. പിന്നീട് അതു ലോകം മുഴുവനും വേണ്ടിയുള്ള നിയമമായി പരിണമിക്കുന്നു. 'നായകൻ നിസ്സാര സംഗതികളാൽ ഉഴറുന്നില്ല' എന്നാണ് നമ്മെക്കുറിച്ച് പറയപ്പെടേണ്ടതു്.

ഈവക കാരണങ്ങളാൽ, എല്ലാ വിശ്വാസികളുടേയും കൂട്ടത്തിന്മേൽ ക്രമാനുഗതവും നേരിട്ടുള്ളതുമായ അധികാരത്തോടുകൂടി ദൈവികാവകാശത്താൽ ഒരു യഥാർത്ഥ ഇടയനുമായ മെത്രാന് നിരോധിതഗ്രന്ഥങ്ങൾ വായിക്കുവാനൊ, സൂക്ഷിക്കുവാനൊ, പള്ളിക്ക് പുറമെ ദിവ്യബലി അർപ്പിക്കുവാനൊ, വി. കുർബാന സ്വന്തം

ചാപ്പലിൽ സൂക്ഷിക്കുവാനൊ പാടില്ല; സങ്കീർത്തു്, കെത്താന, മുതലായി തിരുകർമ്മത്തിനുപയോഗിക്കുന്ന വസ്ത്രങ്ങളുടെ പ്രഥമക്ഷാളനം ഒരു അത്മേനിയെക്കൊണ്ടു നടത്തിക്കുവാൻപോലും ഒരു മെത്രാനു് അനുവദിക്കുവാൻ പാടില്ല: ഈ അത്മേനിയരാണു്? മിശിഹായുടെ ഒരവയവമാണു്, പരിശുദ്ധാത്രൂപിയുടെ ആലയമാണു്, അത്രൂപിക്കടുത്ത പുരോഹിതനുമാണു്; എന്നിട്ടും? ഇക്കാലത്തു് ആത്മാക്കളുടെ പരിരക്ഷയിൽ എന്തൊക്കെ ചെയ്യാം എന്തു് ചെയ്യാൻ പാടില്ല എന്നൊന്നും മെത്രന്മാക്കു് അറിഞ്ഞുകൂടാ.

മൂന്നുമാററങ്ങൾ വിനയാന്വിതം നിർദ്ദേശിച്ചുകൊണ്ടു് ഞാൻ ഉപസംഹരിക്കയാണു്.

1) നിർണ്ണായകവോട്ടു് രേഖപ്പെടുത്തുന്നതിനുള്ള അധികാരത്തോടുകൂടി എല്ലാ അഭിഷിക്ത മെത്രാന്മാരും, അവർ മാത്രവും, സാർവ്വത്രിക സൂനഹദോസിൻെറ അംഗങ്ങളാകുന്നു.

2) റോമാമാർപ്പാപ്പാ ചില കാര്യങ്ങളുംപ്രശ്നങ്ങളുംതനിക്കായി സംവരണം ചെയ്യുന്നു. മററു പ്രത്യേകമായ വിധത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളവ പാത്രിയക്കീസുമാക്കും,അവരുടെ സിനഡുകൾക്കും ബിഷപ്സ് കോൺഫറൻസുകൾക്കുമുണ്ടാകാം. ഈ സംവരണം ചെയ്യപ്പെട്ട കാര്യങ്ങളൊഴിച്ചുള്ളവയിൽ മെത്രാന്മാർ അവരുടെ രൂപതകളിൽ സ്വതന്ത്രരാകണം.

3) സ്ഥലത്തെ മെത്രാന്മാക്കു് ചില പ്രത്യേക സംഗതികളിൽ ഒരു നിശ്ചിത കാലത്തേയ്ക്കു് ഒഴിവു നൽകുവാൻ സാധിക്കേണ്ടതാകുന്നു.

10 കാർഡിനൽ പോറം എമിലി ലെജർ,
മോൺട്രിൽ മെത്രാപ്പോലീത്താ,
കാനഡ.

# മെത്രാന്മാരും സുവിശേഷലാളിത്യവും

മിശിഹായുടെ വാക്കുകൾ അനുസ്മരിച്ചുകൊണ്ടു് മെത്രാൻെറ സ്ഥാനം പ്രധാനമായും സേവനാത്മകമാണെന്നു് വിശദീകരിക്കുന്നതായിരിക്കും കാലോചിതം. ഈ പഠനത്തിൻെറ പ്രാധാന്യം വേഗം സുവ്യക്തമാകുന്നതിനു് ഈ അദ്ധ്യായത്തിൻെറ തലവാചകത്തിൽത്തന്നെ 'സേവനം' എന്ന വാക്കു് ഉൾക്കൊള്ളിച്ചിരിക്കണമെന്നു് ഞാൻ നിർദ്ദേശിക്കുകയാണു്. മിശിഹായുടെ കാലടികളെ പിന്തുടർന്നുകൊണ്ടു്, സേവിക്കപ്പെടുവാനല്ല സേവിക്കുവാൻ വന്ന അവിടത്തെ അനുകരിക്കുന്ന മെത്രാനെ പരാമർശിക്കുന്ന ഭാഗം വിശിഷ്ടമാണെന്നു് പറയാതെ തരമില്ല. വിനീത സേവനത്തിൻേറയും സുവിശേഷ ദാരിദ്ര്യത്തിൻേറയും ഈ ചൈതന്യം വിശ്വാസികളും ലോകവുമായുള്ള മെത്രാന്മാരുടെ ഇടപാടുകളിൽ കൂടുതൽ പ്രകാശിതമാകട്ടെയെന്നുള്ള ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ടു് ഞാൻ ഉപസംഹരിച്ചുകൊള്ളാം. നമ്മുടെ ഇടയനടുത്ത ജോലിക്കു് വിഘാതമാകുന്നതും നമ്മുടെ മനസ്സിനെതിരായി പലപ്പോഴും നാം ഉപയോഗിക്കുന്നതുമായ അധികാര ചിഹ്നങ്ങൾ, വേഷഭൂഷണങ്ങൾ, സ്ഥാനനാമങ്ങൾ, എന്നിവയെ സംബന്ധിക്കുന്ന കുറെ നിയന്ത്രണങ്ങൾ ഉണ്ടാകേണ്ടതുണ്ടു്. ഇവയെക്കുറിച്ചു് ഒരു പഠനംതന്നെ നടത്തണമെന്നു് ഞാൻ സധൈര്യം നിർദ്ദേശിക്കുകയാണു്.

പാവങ്ങൾക്കുവേണ്ടിയുള്ള സഭയുടെ വിശേഷ ശ്രദ്ധയെപ്പററി ഇവിടെവച്ചു് പ്രസ്താവിച്ചവയ്ക്കു് ഞാൻ പൂർണ്ണഹൃദയത്തോടുകൂടെ പിന്തുണനൽകുന്നു. എന്നാൽ സുവിശേഷചൈതന്യത്തിൽ അവർക്കുവേണ്ടി ജോലി ചെയ്യുന്നതിനു് പുരാതനാഡംബരങ്ങളുടെ തുടർന്നുള്ള ഉപയോഗം തടസ്സം സൃഷ്ടിക്കുമെന്നതിനു് സംശയമില്ല. ചില മെത്രാന്മാർ ഭൗതികാധികാരങ്ങൾകൂടി വഹിച്ചിരുന്നപ്പോൾ ഒരുപക്ഷേ ഈ ആഡംബരങ്ങളെല്ലാം അത്യാവശ്യമായി പരിഗണിച്ചിരുന്നിരിക്കാം. എന്നാൽ നമ്മുടെ കാലത്തു് ഇത്തരം പ്രകടനങ്ങൾ സാധാരണ പൊതുജീവിതത്തിനു് യോജിക്കാത്തതും നമ്മുടെ അരൂപിക്കു് കടകവിരുദ്ധവുമാണു്.

11 കാർഡിനൽ ലെയോൻ സൂവെനൻസ്
മെക്ക്ളിൻ—ബ്രസ്സൽസ്സ് മെത്രാപ്പോലീത്താ
ബെൽജിയം.

## മെത്രാന്മാരുടെ ഉദ്യോഗകാലാവധി

ഉദ്യോഗം ഒഴിയുന്നതിനെക്കുറിച്ചാണ് എൻെറ നിരൂപണങ്ങൾ.

ഞാൻ കൂടി അംഗമായിരുന്ന സജ്ജീകരണസമിതിയിൽ (Preparatory Commission) ഇക്കാര്യം ചർച്ചചെയ്തു വന്നപ്പോൾ മിക്കവാറും അതിലെ എല്ലാ അംഗങ്ങളും വയസ്സിൻെറ പരിധിയെ സംബന്ധിച്ച ചില നൈയാമിക നിയന്ത്രണങ്ങൾ വേണമെന്ന ആശയം നിരാകരിക്കയാണുണ്ടായത്. പക്ഷെ ദീർഘവും സമ്പൂർണ്ണവുമായ ഈ ചർച്ച അവസാനിച്ചപ്പോൾ റിലേററർ (Relator) ചൂണ്ടിക്കാണിച്ചതുപോലെ മെത്രാന്മാരിൽ വലിയ ഭൂരിപക്ഷം ഇത്തരം നിയന്ത്രണത്തിനനുകൂലമായി വോട്ടുചെയ്തു. ശക്തമായ പല ന്യായങ്ങളാലും അതു വേണ്ടതാണെന്നാണ് എനിക്കു തോന്നുന്നത്.

സ്വന്തകാര്യത്തിൽ ആരും നല്ല വിധികർത്താവല്ലാത്തതിനാൽ ഇതൊരു മൃദുലപ്രകൃതിയുള്ള പ്രശ്നമാണ്. ഈ പ്രശ്നം മെത്രാൻസ്ഥാനത്തിൻെറ ദൈവശാസ്ത്രം ഉൾക്കൊള്ളുന്നുവെന്നതു് വളരെ വ്യക്തമത്രെ. മററുള്ളവരെ വിസ്മരിക്കുകയും ഏകപക്ഷീയമായ രീതിയിൽ ചില പ്രമാണങ്ങൾ കുത്തിത്തിരുകുകയും ചെയ്യാതിരിക്കുവാൻ സൂക്ഷിക്കേണ്ടതുണ്ട്. പ്രസംഗകരിൽ ചിലർ ഇവിടെ ''പിതാവ്'' എന്ന നിലയിലുള്ള മെത്രാൻെറ നിത്യമായ പ്രവർത്തനത്തിൻെറ താത്വികവശത്തെ പുരസ്കരിച്ച് സംസാരിക്കുകയുണ്ടായി. ഒരു പിതാവ് തീർച്ചയായും എന്നും പിതാവായിത്തന്നെ നില്ക്കണം. പക്ഷെ വർഷങ്ങൾ കഴിയുന്നതോടെ മക്കൾ പിതാവിൽനിന്നും കുടുംബകാര്യങ്ങളെ നയിക്കേണ്ട ഉത്തരവാദിത്വം കൂടുതൽ കൂടുതലായി ഏറെറടുക്കാറുണ്ട്. തൻെറ സൂക്ഷത്തിന് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ജനതയും മെത്രാനും തമ്മിലുള്ള ബന്ധത്തിൻെറ അവിഭാജ്യത കാത്തു പരിപാലിക്കേണ്ട ആവശ്യകതയെ ഊന്നിപ്പറയുകയുണ്ടായി. പ

ക്ഷെ ഈ കൗൺസിൽഹാരം തന്നെ ഇത്തരം ബന്ധത്തിൽനിന്നും വിച്ഛേദിക്കപ്പെട്ട മെത്രാന്മാരാൽ നിറഞ്ഞിരിക്കയാണ്; ചിലർ രണ്ടും മൂന്നും പ്രാവശ്യവും; നാം ഇത്തരം തത്വങ്ങളെ മുറുകെപ്പിടിക്കരുത്. എല്ലാററിലുമുപരിയായി, മററു തത്വങ്ങൾ വാസ്തവത്തിൽ കൂടുതൽ അസന്നിഗ്ദ്ധമാണെന്ന വസ്തുത നാം വിസ്മരിക്കരുത്. സുവിശേഷം തന്നെയും, അപ്പസ്തോലികവും ഉപാപ്പസ്തോലികവുമായ പാരമ്പര്യവും, നമ്മുടെ ജോലി ആത്മാക്കളുടെ നന്മയ്ക്കു വേണ്ടിയുള്ള ഒരു സേവനമാണെന്നു് നമ്മെ അനുസ്മരിപ്പിക്കുന്നില്ലേ?

ആത്മരക്ഷയും രൂപതയുടെ യഥാർത്ഥസേവനവും ഇക്കാര്യത്തിൽ എന്താവശ്യപ്പെടുന്നു എന്നതാണ് ഇവിടത്തെ പ്രശ്നം മുഴുവനും.

(1) കാര്യങ്ങളെ ഈ വെളിച്ചത്തിൽനോക്കിക്കാണുമ്പോൾ ചില നിയന്ത്രണങ്ങളുടെ ആവശ്യകത കൂടുതൽ സ്പഷ്ടമാവുകയാണു ചെയ്യുന്നത്. നമുക്കറിയാം വെറും ഭക്തോപദേശങ്ങൾകൊണ്ടു് ഈ പ്രശ്നം പരിഹരിക്കാമെന്നുവച്ചാൽ യാതൊന്നും പരിഹരിക്കപ്പെടുകയില്ല എന്നു്. അതു് വെള്ളത്തിൽ എഴുതുന്നതുപോലെയായിരിക്കും. എങ്കിലും കാര്യം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. കൂടാതെ ഇടയനടുത്ത നവീകരണത്തിനുവേണ്ടിയുള്ളതുമാണ് ഈ സൂനഹദോസ്.

ഈ നവീകരണം കർദ്ദിനാളന്മാരടക്കമുള്ള മെത്രാന്മാരിൽനിന്നു തന്നെ ആരംഭിക്കേണ്ടിയിരിക്കുന്നു. രണ്ടാം വത്തിക്കാൻ സമ്മേളനം, ചരിത്രത്തിൽ മെത്രാന്മാരെ സംബന്ധിച്ച ഒരു സമ്മേളനമായി കരുതപ്പെടും. ഇതുവരെ ചർച്ചാവിഷയമായവ എല്ലാം തന്നെ അവർക്കു പ്രത്യേകമായ സഭയിലും, അവരുടേതായ രീതിയിൽ ആഗോളസഭയിലും, സ്വീകരിച്ചിരിക്കുന്ന മഹത്തരമായ ഉത്തരവാദിത്വങ്ങളെക്കുറിച്ചായിരുന്നു. എവിടെ മഹത്തായ ഉത്തരവാദിത്വമുണ്ടോ അവിടെ മഹത്തരമായ സാമർത്ഥ്യവും ആവശ്യപ്പെടുന്നുണ്ടു്. നമ്മുടെ കാലത്തു് മെത്രാന്റെ പ്രവർത്തനച്ചുമതല പുതിയ ഭാവങ്ങൾ ഉൾക്കൊണ്ടിട്ടുണ്ടു്. നൂററാണ്ടുകളായി നിലവിലിരുന്നവയല്ല ഇപ്പോഴുള്ളതു്. എല്ലാ അപ്പസ്തോലികവേലയേയും ഏകീഭവിപ്പിച്ചു് ജീവൽചൈതന്യമുള്ളതാക്കുന്നതിനുള്ള ദൗത്യം കൂടുതൽ കൂടുതലായി അവർ സ്വീകരിച്ചുപോരുകയാണ്. അത്തരം സാമൂഹികമായ പ്രവർത്തനത്തിന്റെ നായകനും ആത്മാവും ആകുകയാണിന്നു് മെത്രാന്മാർ. സർവ്വവും ഉറവെടുക്കുന്നതു് അദ്ദേഹത്തിൽ നിന്നാണ്. അത്തരം നേതൃത്വം, തന്നെ ഭരമേല്പിച്ചിരിക്കുന്ന—ഇടവക വൈദികർ, സന്യാസവൈദികർ, സഹോദരീസഹോദരന്മാർ, അൽമായ പ്രേഷിതപ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവർ, സകല വിശ്വാസികൾ എന്നിവർക്കു് നൽകിക്കൊണ്ടു്, സഭ മുഴുവനേയും പ്രേഷിതപ്രവർത്തനത്തിന്റെയും സുവിശേഷ പ്രചരണത്തിന്റെയും നിലയിലാക്കുന്നതിനുവേണ്ടി ഏക ചൈതന്യത്തോടും ഏകീകൃതശക്തിയോടുംകൂടി അവർ ഒരുമിച്ചു് ജോലിചെയ്യുന്നതിന് അദ്ദേഹം ആരംഭമിടുന്നു. ഇതെല്ലാം

അസാധാരണശക്തിയും വീര്യവും ആവശ്യപ്പെടുന്നുണ്ടെന്നതിന് സംശയമില്ല.

(2) കൂടാതെ ലോകത്തിൻെറ സാമൂഹ്യ ഉദ്ഗതി ആധുനിക മനുഷ്യജീവിതത്തെ അതിശീഘ്രം പായിക്കുന്നു; എന്നും പുതിയ പ്രശ്നങ്ങൾ ഉയരുകയാണ്. പുതിയ ആവശ്യങ്ങളെ അഭിമുഖീകരിക്കുന്നതിൽ നിരന്തരം ജാഗ്രതയുള്ളവനായിരിക്കണം മെത്രാൻ. എന്തു പൊരുത്തപ്പെടുത്തലുകളാണ് ആവശ്യമെന്നറിയുന്നതിനും അവയെ പ്രയോഗത്തിൽ വരുത്തുന്നതിനും മാനസികമായും, ശാരീരികമായും ചെറുപ്പക്കാരായവരെയാണ് ഇന്ന് പരിത:സ്ഥിതികൾ ആവശ്യപ്പെടുന്നത്. വാർദ്ധക്യം സ്വമേധയാ മെത്രാനും അദ്ദേഹത്താൽ സമുദ്ധരിക്കപ്പെടേണ്ട ലോകത്തിനുമിടയ്ക്കും, വൈദികനും മെത്രാനുമിടയ്ക്കും വിടവുകൾ നിർമ്മിക്കുന്നു. രൂപതയുടെ ആദ്ധ്യാത്മികക്ഷേമത്തെ ഇതു് കാർന്നുതിന്നുന്നു. വാർദ്ധക്യം പ്രകൃത്യാ, മനുഷ്യന് തൻെറ അപ്രാപ്തിയെക്കുറിച്ചുള്ള ബോധം അസാദ്ധ്യമാക്കുന്നു. എന്തെന്നാൽ വാർദ്ധക്യം മനുഷ്യൻെറ ഹിതമന്വേഷിക്കാതെതന്നെ വന്നു ഭവിക്കുന്നു.

(3) വൃദ്ധനായ മെത്രാൻ ഭരിക്കുന്ന ഒരു രൂപതയുടെ സ്ഥിതി പരിശോധിച്ചാൽ ഇക്കാര്യത്തെക്കുറിച്ചുള്ള ആരോഗ്യകരമായ തീരുമാനത്തിലെത്തുവാൻ സാധിക്കും. ഇതിനു ഉദാഹരണങ്ങൾ നമുക്കെല്ലാവർക്കുമറിയാം. ഇതേക്കുറിച്ചു കൂടുതൽ പ്രതിപാദിക്കേണ്ട ആവശ്യമില്ല. രൂപതകളിൽ വളരെ കഷ്ടനഷ്ടങ്ങൾ സംഭവിക്കുന്നുണ്ടെന്നുള്ളതു് വളരെ വ്യക്തമാണ്.

(4) വൃദ്ധവൈദികനോട്ട് അദ്ദേഹം കയ്യേററിരുന്ന ഒരു ഇടവകയുടേയോ സ്ഥാനത്തിൻേറയോ, നന്മയ്ക്കുവേണ്ടി ജോലിയിൽ നിന്നു വിരമിക്കുവാൻ പലപ്പോഴും ആവശ്യപ്പെടേണ്ടിവരുമെന്നുള്ളതു് നാം ഓർക്കണം. മെത്രാൻതന്നെ വയോധികനായാൽ ഇതെങ്ങനെ സാധിതമാകും. അങ്ങനെയുള്ള വൈദികനെ "വൈദ്യാ നീ നിന്നെത്തന്നെ സുഖപ്പെടുത്തു" എന്നു പറയുന്നതിൽ നിന്നോ അല്ലെങ്കിൽ ചുരുങ്ങിയതു് അങ്ങനെ വിചാരിക്കുന്നതിൽ നിന്നോ എങ്ങനെ പ്രതിനിവർത്തിപ്പിക്കാൻ കഴിയും?

(5) അതിനും പുറമേ, നമ്മുടെ വിശ്വാസികൾ നമ്മെ വളരെ അടുത്തു സൂക്ഷിച്ചുകൊണ്ടിരിക്കയാണ്; ഇക്കാര്യത്തിലുള്ള നമ്മുടെ പ്രതികരണം കാണുവാൻ ആകാംക്ഷാഭരിതരായിരിക്കയാണ്. അവർക്ക് നമ്മിൽനിന്നുള്ള ഇത്തരം ഒരു പ്രസ്താവന വൈദികമേലദ്ധ്യക്ഷന്മാരുടെ നവീകരണത്തിൽ നമുക്കുള്ള ആത്മാർത്ഥതയുടെ തെളിവായ ഒരടയാളമായിരിക്കും. വിശ്വാസികൾക്ക് ഇടർച്ചയ്ക്കു വകനൽകാതിരിക്കുവാൻ നാം സൂക്ഷിക്കേണ്ടതുണ്ട്. കാരണം നമ്മുടെ ഇക്കാലത്തു് പ്രത്യേകിച്ച് പൊതുനന്മയ്ക്കുവേണ്ടി എല്ലായിടത്തും വയസ്സിൻെറ പരിധി നിശ്ചയിച്ചിട്ടുണ്ട്. അതും എഴുപത്തഞ്ചു വയസ്സിനെക്കാൾ താഴെയുമാണ്. ഭൗതികലോകത്തിൽ സർവ്വകലാശാല

കളിലും, വ്യവസായശാലകളിലും, രാഷ്ട്രസേവനത്തിലും എല്ലാം ഈ പരിധിനിർണ്ണയമുണ്ട്. ഭൗതികതലത്തിൽ ഇതു അത്യാവശ്യമെങ്കിൽ എന്തുകൊണ്ട് ആത്മാക്കളുടെ സ്വഭാവാതീതനന്മയ്ക്കുവേണ്ടി നമുക്കും നിഷ്കർഷിച്ചുകൂടാ? മാനുഷികസ്ഥാനവും മെത്രാൻപദവിപോലുള്ള പ്രകൃത്യതീത സ്ഥാനങ്ങളും തമ്മിൽ വലിയ അന്തരമുണ്ടെന്നുള്ളതു് പരമാർത്ഥം തന്നെ. പക്ഷെ മന:ശാസ്ത്രപരവും ശരീരശാസ്ത്രസംബന്ധവുമായ നിയമങ്ങൾ ഒരുപോലെതന്നെയാണു് രണ്ടു തലങ്ങളിലും. പോരാ, അതിസ്വാഭാവിക നന്മ വെറും പ്രാപഞ്ചികനന്മയെക്കാൾ സുപ്രധാനങ്ങളുമാണു്.

സ്പഷ്ടമായ നിഗമനങ്ങളിലെത്തിച്ചേരുന്നതിനുമുമ്പു് എൻെറ അഭിപ്രായങ്ങളെ സംഗ്രഹിച്ചു ചേർത്തുകൊള്ളട്ടെ.

a) സംഗതിയുടെ സ്വഭാവത്തിൽ നിന്നു തന്നെ തെളിവാണു് ഇപ്രകാരം ഒരു വയ:പരിധി പ. പിതാവിനു് ബാധകമല്ലെന്നു് സഭയുടെ പൊതുനന്മയ്ക്കു് ആജീവനാന്തം അവിടുന്നു തൻെറ ജോലിയിൽ നിലനില്ക്കണം.

b) സ്ഥാനമൊഴിയുന്ന മെത്രാനു് അദ്ദേഹത്തിൻെറ പദവിക്കനുസരണമായ വിധത്തിൽ വേണ്ട സഹായ സഹകരണങ്ങൾ നൽകുവാൻ അവകാശമുണ്ടെന്നുള്ളതും സ്പഷ്ടമാണു്.

c) ഇപ്പോൾ വയ:പരിധിയെ സമീപിക്കുന്ന മെത്രാന്മാർക്കു് ഈ നിയമത്തിൽ നിന്നു് ഒഴിവുകൊടുക്കുന്നതിനു് സാദ്ധ്യതകളുണ്ടായിരിക്കും.

d) ഒരുപക്ഷേ, പൗരസ്ത്യസഭകളുടെ സാമൂഹ്യ പരിതസ്ഥിതി ഇത്രയ്ക്കു് അടിയന്തിരമായ പരിഹാരമാർഗ്ഗങ്ങൾ ആവശ്യപ്പെടുന്നില്ലായിരിക്കാം.

ഈ വിധ സംവരണങ്ങളോടുകൂടി ഞാൻ ഊന്നിപ്പറയുകയാണു്, ആത്മാക്കളുടെ നന്മ ഉപദേശവും പ്രോത്സാഹനവും, പ്രേരണയും മാത്രമല്ല, ശുദ്ധവും നിയമപരവുമായ നിയന്ത്രണങ്ങളുംകൂടി ആവശ്യപ്പെടുന്നുണ്ടെന്നു്. വാസ്തവത്തിൽ അസാധാരണമായ കാര്യങ്ങളിൽ റോമാ മാർപ്പാപ്പായുടെ തീരുമാനത്തിനു് സദാപി കീഴ്പെടുകയും, വളരെ സൂക്ഷത്തോടുകൂടി കരുപ്പിടിപ്പിക്കുകയും ചെയ്യേണ്ടതാണിവയെങ്കിലും അവ ഒഴിച്ചുകൂടാൻ വയ്യാത്തവയാണു്.

ഉപസംഹാരമായി എനിക്കു നിർദ്ദേശിക്കുവാനുള്ളതിതാണു്. എഴുപത്തിയഞ്ചു വയസ്സു് ഒരു നിർബ്ബന്ധിത വയ:പരിധിയായി വയ്ക്കുന്നില്ലെങ്കിൽ കുറഞ്ഞതു് ആ വയസ്സിനു ശേഷം എല്ലായ്പോഴും ഒരു മെത്രാനു് ഒരു സഹായിയെ നൽകണമെന്നെങ്കിലും ഈ കൗൺസിൽ ഒരു ഡിക്രി പുറപ്പെടുവിക്കണം. മെത്രാൻ ഒരു വന്ദ്യ പിതാവിനെപ്പോലെ വളരെ ആനുകൂല്യങ്ങളും ബഹുമാനവും ആസ്വദിച്ചുകൊണ്ടു് തൻെറ വസതിയിൽത്തന്നെ താമസിക്കണം. എന്നാൽ സഹായമെത്രാൻ ക്രമേണ രൂപത മുഴുവൻെറയും കേന്ദ്രനിയന്ത്രണം ഏറ്റെടുക്കണം. ശ്ലൈഹികസിംഹാസനം ഓരോ കാര്യത്തി

ലും നിശ്ചയിക്കുന്ന വിധത്തിലുള്ള അധികാരാവകാശങ്ങളോടെ പ്രായംചെന്ന മെത്രാന്റെ അപ്രാപ്തി മനസ്സിൽ വച്ചുകൊണ്ട് ഭരണം നിർവഹിക്കുകയും വേണം. ഇവ്വിധം പ്രശ്നത്തിന്റെ വിവിധ വശങ്ങൾ നമ്മുടെ കൗൺസിലിന്റെ ലക്ഷ്യമായ ഇടയനടത്ത നവീകരണത്തിനുവേണ്ടി ഒത്തൊരുമിച്ച് പ്രാവർത്തികമാക്കാമെന്നു തോന്നുന്നു.

---

12 എവുജിൻ ഡിസൂസാ
ഭോപാൽ മെത്രാപ്പോലീത്താ
ഇൻഡ്യ.

# മെത്രാന്മാരുടെ കോൺഫ്രൻസ്

മിഷനറിമാരായ പതിനെട്ടു മെത്രാന്മാരെ പ്രതിനിധീകരിച്ച് ഒരു മിഷനറി എന്നനിലയിലാണ് ഞാൻ സംസാരിക്കുന്നത്. എനിക്കു സംസാരിക്കുവാനുള്ളത് മിഷൻ സ്ഥലങ്ങളിൽ, മെത്രാന്മാരുടെ കോൺഫ്റൻസുകൊണ്ടുണ്ടാകുന്ന പ്രയോജനം എന്നവിഷയത്തെക്കുറിച്ചത്രെ.

ഇന്നത്തെ ആവശ്യങ്ങളോട് സഭയെ പൊരുത്തപ്പെടുത്തുവാനാണ് സ്വർഗ്ഗസ്ഥനായ ജോൺ പാപ്പാ നമ്മെ വിളിച്ചിരിക്കുന്നതെന്നു് ഇവിടെ പറഞ്ഞുകഴിഞ്ഞു. എന്നാൽ മററുവിടെയുമെന്നതിനേക്കാൾ മിഷൻ സ്ഥലങ്ങളിലാണ് സഭയെ ആധുനിക ആവശ്യങ്ങളോട്പൊരുത്തപ്പെടുത്തേണ്ടതായുള്ളത്. സാംസ്കാരികവൈവിദ്ധ്യമുള്ള പ്രദേശങ്ങളിൽ റോമൻരീതിയിലുള്ള ആരാധനക്രമം, അതു് എത്രതന്നെവിശിഷ്ടവും മനോഹരവുമായിരുന്നാലുംശരി, ഒരു പുറംചരക്കാണ്. അതു് എന്നും പുറംചരക്കായി ഇരിക്കുകയും ചെയ്യും. അവിടങ്ങളിൽ,ഈആരാധനക്രമത്തെ സംസ്കാരത്തോടനുരൂപപ്പെടുത്തുവാൻ ഏതദ്വിഷയങ്ങളിൽ പ്രത്യേകപരിജ്ഞാനമുള്ളവരുടെ സഹായത്തോടുകൂടി, മെത്രാന്മാരുടെ കോൺഫ്റൻസുകൾക്കല്ലാതെ മററാർക്കാണ് കാര്യക്ഷമമായി സാധിക്കുക?

ആരാധനക്രമത്തിന്റെ പുതിയ പദ്ധതി (schema) വളരെ വിവേകപൂർവ്വം ഈ ആനുകൂല്യം നൽകിയിട്ടുണ്ട്. പൊതുതത്വത്തിന്റെ ഒരു വിശദീകരണമെന്നോണം ഞാനിവിടെ നിങ്ങളോട് അതേപ്പററി അല്പം പരാമർശിക്കുന്നതേയുള്ളൂ.

ഇപ്പോൾ നിലവിലുള്ള കാനൻനിയമങ്ങളുടെ ചട്ടക്കൂട്ടിൽ ഒതുക്കിനിറുത്തിക്കൊണ്ടുള്ള ഒരു തരം സഹായസഹകരണം മാത്രമായി

രിക്കരുതു് "മെത്രാന്മാരുടെ കോൺഫ്റൻസു്." അതിനു് വിശാലമായ ഒരു മണ്ഡലം ഉണ്ടായിരിക്കണം. ഈ കോൺഫ്റൻസുകളുടെ ഉപയോഗം ശരിക്കു് ഗ്രഹിക്കുന്നതിനു് ഒരു ഭരണാധികാരിയുടെ വീക്ഷണത്തോടുകൂടി കാര്യത്തെപ്പററി പഠിക്കുകയെന്നതു് തീർത്തും അപര്യാപ്തമാണു്. ഒരു വിശാലവീക്ഷണം, ഒരു വിധത്തിൽ പറഞ്ഞാൽ പ്രവാചകദൃഷ്ടി, അതാണു് നമുക്കു വേണ്ടതു്.

എല്ലാ ജനപദങ്ങളിലും സംസ്ക്കാരത്തിലും സഭയാകുന്ന സുപ്രധാനകൂദാശയേയും മിശിഹായുടെ സുവിശേഷത്തേയും അവതരിപ്പിക്കുന്നതിനുതകുന്ന നൂതനമാർഗ്ഗങ്ങളെ കണ്ടുപിടിക്കുവാൻ മെത്രാന്മാരുടെ ഈ കോൺഫ്റൻസുകൾ ശ്രമിക്കണം. "പ്രത്യേകം പ്രത്യേകം ചുററുപാടുകൾ" എന്ന മുൻവിധിയോടുകൂടി മാത്രമിരുന്നാൽ കാര്യങ്ങളൊന്നും മുന്നോട്ടു നീങ്ങുകയില്ല. ചുററുപാടുകൾ മാത്രമല്ല വ്യത്യസ്തങ്ങളായിരിക്കുന്നതു്; അടിസ്ഥാനപരമായതിൽ എന്തും എല്ലായിടത്തും ഒരുപോലെയാണെന്നു് കരുതത്തക്കവിധം, നിസ്സാരങ്ങളായ ചില ബാഹ്യകാര്യങ്ങളിൽ മാത്രമേയുള്ളോ വ്യത്യാസം? ഇതിനപവാദമല്ലേ, ചിലപ്പോഴൊക്കെ ചിലയിടങ്ങളിൽ യാഥാർത്ഥ്യത്തിൻെറ നൂതനരൂപംപോലും കാണാറുണ്ടെന്നുള്ളതു്? പാശ്ചാത്യരുടെ സാങ്കേതികരീതികൾ ലോകമെങ്ങും വ്യാപിച്ചിട്ടുണ്ടു്; എന്നാൽ ഇൻഡ്യാ, അമേരിക്കാ, കോംഗോ, പോളണ്ടു് ഇക്വഡോർ മുതലായ രാജ്യങ്ങൾ ആകമാനം വ്യത്യസ്ഥങ്ങളല്ലേ? ഓരോ പ്രദേശങ്ങൾക്കുമനുരൂപമായി യഥാർത്ഥവും പൂർണ്ണവുമായ വിധത്തിൽ ക്രിസ്തുവിനെ അവതരിപ്പിയ്ക്കണമോ? എങ്കിൽ പ്രയോഗലുപ്തമായ വ്യവസ്ഥാപിതരീതികൾതന്നെ മുറുകെപ്പിടിച്ചാൽ മതിയാവുകയില്ല. സർവ്വോപരി ആവശ്യമായിരിക്കുന്നതു് അദ്ധ്വാനിച്ചുള്ള പഠനവും ചിന്തയുമാണു്; എന്നിട്ടു് ഈ ആശയങ്ങളെ ധൈര്യപൂർവ്വം പ്രവൃത്തിയിലേയ്ക്കു് പകർത്തുക; എങ്കിൽ മാത്രമേ എല്ലാവരുടേയും ഏകോപിച്ചുള്ള ബുദ്ധിമുട്ടുകൊണ്ടു് ഉപയോഗപ്രദമായ ആശയങ്ങളെ പ്രയോഗത്തിൽ വരുത്തുവാൻ സാധിക്കുകയുള്ളു. ഇതു് മെത്രാന്മാരുടെ ആലോചനായോഗങ്ങൾക്കല്ലാതെ മററാർക്കു് ചെയ്യുവാൻ സാധിക്കും.

വന്ദ്യസഹോദരരെ, ഇതാണു് കാര്യത്തിൻെറ കിടപ്പു്; എല്ലാവരും സമ്മതിക്കണം മെത്രാന്മാരുടെ കോൺഫ്റൻസിനു് വ്യക്തമായ നിർണ്ണായകാധികാരം ഉണ്ടായിരിക്കണമെന്നു്. നിയമനിർമ്മാണാധികാരം ഒന്നും തന്നെയില്ലാതെ വെറും ആലോചനാ സമിതിയാണു് മെത്രാന്മാരുടെ കോൺഫ്റൻസെങ്കിൽ, ഇങ്ങനെയൊന്നുണ്ടാക്കിയവർ വെറുതെ സമയം പാഴാക്കുകയാണു് ചെയ്തതു്. കാനൻ നിയമത്തിൻെറ പരിഷ്ക്കരിച്ചപതിപ്പിലെങ്കിലും, സുപ്രധാനങ്ങളായ ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം, സഭയ്ക്കു്, ഐക്യരൂപത്തിലുള്ള ഒരേ ഒരു നിയമമേ ഉണ്ടാകാവൂ എന്ന പ്രമാണം കാണുകയില്ലെന്നു് പ്രതീക്ഷിക്കാം; അങ്ങനെയുള്ള കാര്യങ്ങളെ വി

വേകപൂർവം കൈകാര്യം ചെയ്യുവാനുള്ള അധികാരം മെത്രാന്മാരുടെ കോൺഫ്ഹറൻസുകൾക്ക് നൽകണം. ഇതുപോലെ മറെറാന്നുകൂടി വ്യക്തമായിരിക്കണം; അതായത് ഈ കാര്യത്തിൽ ജനാധിപത്യരീതിയിൽ എടുത്തിട്ടുള്ള കോൺഫ്ഹറൻസിൻെറ തീരുമാനത്തിനൊത്ത് ഓരോമെത്രാനും ഗ്രീങ്ങണം; കാരണം, തന്നിൽത്തന്നെ ഭിന്നിച്ചിരിക്കുന്ന ഏതു രാജ്യവും നശിക്കും. കോൺഫ്ഹറൻസിനെ മെത്രാന്മാർ അവരവരുടെ സ്വന്ത ക്കുറുപാടുകൊണ്ട് നിർജ്ജീവമാക്കുകയോ, കോൺഫ്ഹറൻസിനെ ഒരു വാദപ്രതിവാദ ക്ലബ്ബാക്കി മാററുകയോ ചെയ്താൽ ഒരേ ഒരു പ്രതിവിധിയേ ഉള്ളൂ. വീണ്ടും റോമിൻെറ ഐകരൂപ്യമുള്ള നിബന്ധനകൾക്കനുസരണം കാര്യങ്ങൾ നടത്തുക. അങ്ങനെ കൗൺസിലിനു മുമ്പുണ്ടായിരുന്ന അവസ്ഥയിലേയ്ക്കു ശീഘ്രം തിരിച്ചുപോകുകയും ചെയ്യാം.

എന്നാൽ കോൺഫ്ഹറൻസിൻെറ തീരുമാനങ്ങളോട് സന്തോഷ സമന്വിതം സഹകരിക്കുകയുംസഹായിക്കുകയും ചെയ്യണമെങ്കിൽ അവർ തങ്ങളുടെ ജോലികൾ ജനാധിപത്യമുറയിലും സംഘാതമായ രീതിയിലും നടത്തിക്കൊണ്ടു പോകണം. ഈ വിഷയത്തെക്കുറിച്ച് എനിക്കുള്ള ചിലനിർദ്ദേശങ്ങൾ ഇവയാണ്.

കോൺഫ്ഹറസിനു നിയമനിർമ്മാണാധികാരം ഉണ്ടായിരിക്കുന്നതിനോട് ചില മെത്രാന്മാർക്ക് സ്പഷ്ടമായ എതിർപ്പുണ്ട്. കോൺഫ്ഹറൻസിൻെറ പ്രസിഡൻറിൻേറയോ, ഭൂരിപക്ഷത്തിൻേറയോ ഒരു വക സ്വേഛാധിപത്യത്തിനിരയാകുമെന്നതായിരിക്കാം ഇവരുടെ ഭയം; അതുമല്ലെങ്കിൽ ഏതാനും പേരുടെ മുഷ്കരത്വത്തിൽ കാര്യങ്ങളൊക്കെ ഒതുങ്ങിപ്പോകുമെന്ന് ഭയന്നിട്ടായിരിക്കാം; അഥവാ, എപ്പോഴും ഒരേ ആളുകൾതന്നെ കാര്യങ്ങൾ ചെയ്യേണ്ടിവരുന്നതുകൊണ്ട്, താമസംവിനാ കോൺഫ്ഹറൻസും മററും തണുത്തുമരച്ചു പോയേക്കുമെന്ന ആശങ്കയുമാകാം.

ഇവയൊക്കെ ന്യായമായ പരിഗണനകൾതന്നെ; അതുകൊണ്ട് ഇങ്ങനെയുള്ള വ്യതിചലനങ്ങൾ സംഭവിക്കാതിരിക്കുവാൻ സൂനഹദോസ് ചില മുൻകരുതലുകൾ നിർദ്ദേശിക്കേണ്ടതാണ്. ഓരോ കോൺഫ്ഹറൻസിനും സ്വന്തമായി നിയമാവലിയും, ഇതരചട്ടങ്ങളും നിർമ്മിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കണം; എന്നിരുന്നാലും ചില സുപ്രധാനഘടകങ്ങൾ അഭംഗുരം പരിരക്ഷിക്കപ്പെടേണ്ടതുമാണ്.

അതുകൊണ്ട് ഈ സൂനഹദോസ് നിശ്ചയിക്കേണ്ട ചില കാര്യങ്ങളാണ്:

1) കോൺഫ്ഹറൻസ്, അതിൻെറ അദ്ധ്യക്ഷനേയും ആലോചനാസമിതിയേയും, പ്രവർത്തകസംഘത്തേയും, അഞ്ചു വർഷത്തിൽ കവിയാത്ത ഒരു കാലത്തേയ്ക്കു രഹസ്യക്കുറിമൂലം തിരഞ്ഞെടുക്കണം; എന്നാൽ പൗരസ്ത്യറീത്തുകളിലെ പാത്രിയർക്കീസുമാരുടെ അവകാശങ്ങൾ ഭദ്രമായിരിക്കുകയും വേണം.

2) എല്ലാവോട്ടും രഹസ്യത്തിലായിരിക്കണം.

3) നാലിൽ മൂന്നു ഭാഗത്തിൻെറ ഭൂരിപക്ഷത്തോടെ മാത്രം തീരുമാനങ്ങളെടുക്കണം:

എന്നാൽ മൂന്നിൽ രണ്ടു ഭാഗത്തിൻെറ ഭൂരിപക്ഷമുണ്ടെങ്കിൽ, കാര്യത്തിൻെറ സ്വഭാവംപോലെ മൂന്നുവർഷത്തേയ്ക്കു് അതു് പരീക്ഷിച്ചുനോക്കുവാൻ കൃപാശ് ചെയ്യാവുന്നതാണു്. ഈ മൂന്നുവർഷം കഴിയുമ്പോരം ആ കാര്യം പുനപ്പരിശോധനയ്ക്കു് എടുക്കുകയും വേണം.

രണ്ടു് പ്രധാന കാര്യങ്ങരംകൂടി ചേർത്താൽ കൊള്ളാമെന്നുണ്ടു്. ഒന്നാമത്തേതു് പ്രോവിൻഷ്യൽ, അഥവാ പ്രാദേശികകോൺഫ്റൻസുകളെക്കുറിച്ചാണു്. പത്തുകൊല്ലത്തിലൊരിക്കലെങ്കിലും ഒരു പ്രോവിൻഷ്യൽ കൗൺസിൽ കൂടിയിരിക്കണമെന്നാണല്ലോ ഇപ്പോഴത്തെ വയ്പ്പ്. എന്നാൽ ഇതു് യാത്രാസൗകര്യങ്ങരം കുറഞ്ഞ കാലത്തു് വെച്ച നിയമമല്ലേ? എൻെറ പ്രോവിൻസിലും, അതുപോലെ ഇൻഡ്യയൊട്ടാകെയുമുള്ള മെത്രാന്മാർ ആണ്ടിലാണ്ടിൽ രണ്ടു പ്രാവശ്യം സമ്മേളിക്കാറുണ്ടു്. ഇപ്രകാരമുള്ള ഇരുപതു സമ്മേളനങ്ങളിൽ ഒന്നിനു് മാത്രമായി നിർണ്ണായകാധികാരമുണ്ടായിരിക്കുന്നതെന്തുകൊണ്ടു്?

''എൻെറ പ്രോവിൻസ്'' എന്നു് ഞാൻ പറഞ്ഞപ്പോരം ഒരു കാര്യംകൂടി ഓക്കണമെ; ഇൻഡ്യയിൽ 460,000,000 ജനങ്ങളുണ്ടു്; ഇററലിയുടെ മൂന്നിരട്ടിയുണ്ടു് എൻെറ പ്രോവിൻസ്. ഇത്ര വിസ്തീർണ്ണതയുള്ളതും, അസാധാരണമായ രീതിയിൽ വൈവിധ്യങ്ങരം നിറഞ്ഞതുമായ രാജ്യങ്ങളിൽ, അതും സ്വയം ഭരണാധികാരവുമുള്ള ഒരു രാജ്യത്തു്, മെത്രാന്മാരുടെ കോൺഫ്റൻസുകരം വളരെ ഉപകാരപ്രദമാണെന്നു് പറഞ്ഞതെന്തുകൊണ്ടാണെന്നു് നിങ്ങരംക്കിപ്പോരം മനസ്സിലാക്കുവാൻ കഴിയും; അതുപോലെതന്നെ ദേശീയകോൺഫ്റൻസ്, പ്രാദേശിക കൗൺസിലുകളുടെ ഒരുതരം സംയുക്തസമ്മേളനമായിരിക്കണമെന്നതും.

രണ്ടാമതു് എനിക്കു് പറയുവാനുള്ള കാര്യത്തിൻെറ അടിസ്ഥാനമിതാണു്: കോൺഫ്റൻസുകളിലൂടെ എല്ലാവരുടേയും സഹകരണം വർദ്ധിപ്പിക്കുവാൻ നാം ശ്രമിക്കണം. ഇന്നു് വൈദികഗണത്തിൽ നല്ലൊരുഭാഗം, സദാ വളർന്നുകൊണ്ടിരിക്കുന്ന സന്യാസസഭാംഗങ്ങളാണു്. ദിവസത്തിൻെറ ഭാരവും ചൂടും ഒട്ടുമുക്കാലും സഹിക്കുന്നതിവരാണെന്നു് പറയാം. പ്രധാന സന്യാസസഭകളുടെ ശ്രേഷ്ഠന്മാർക്കു് എക്യുമേനിക്കൽ കൗൺസിലിൽ ഓരോ നിർണ്ണായക വോട്ടുള്ളതുപോലെ, മേൽശ്രേഷ്ഠന്മാരുടെ സ്ഥിരമായ കൗൺസിലിലെ അംഗങ്ങരംക്കു്; മെത്രാന്മാരുടെ ഈ കൗൺസിലിൽ പൂർണ്ണ അവകാശങ്ങളോടുകൂടിയ അംഗത്വം ഉണ്ടായിരിക്കണം. ചുരുങ്ങിയപക്ഷം, കോൺഫ്റൻസിൽ മെത്രാന്മാരുടെ എണ്ണം കുറവായിരുന്നാൽ, മേ

ൽപ്പറഞ്ഞ സന്യാസമേൽശ്രേഷ്ഠന്മാരുടെ കൗൺസിലിന്റെ അദ്ധ്യക്ഷനെങ്കിലും ഈ അവകാശമുണ്ടായിരിക്കണം.

വന്ദ്യസഹോദരരെ, വളരെ പ്രധാനപ്പെട്ട ഒന്നാണ് ഈ പദ്ധതി. ക്രിയാത്മകമായ വിധത്തിൽ ഈ പദ്ധതിയിലേയ്ക്ക് എന്റെ ആശയങ്ങൾ മുതൽക്കൂട്ട നടത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

---

13 ഏലിയാസ് സോഗ്ബി
ഈജിപ്തിലെ, ഗ്രീക്ക്-മെൽക്കൈറ്റ
റീത്തിന്റെ പാത്രിയാക്കൽവികാരി.

# പൗരസ്ത്യസഭകളും മെത്രാന്മാരുടെ കോൺഫ്രൻസുകളും

മെത്രാന്മാരുടെ കോൺഫറൻസുകളേപ്പററി എനിക്കു പറയുവാനുള്ളതു് താഴെപ്പറയുന്ന നാലുകാര്യങ്ങളിൽ സംക്ഷേപിക്കാം. അവയിൽ ചിലതു് ഐക്യത്തേസംബന്ധിച്ചും പ്രാധാന്യമർഹിക്കുന്നതാണ്.

1) പത്തു നൂററാണ്ടുകളായി നിലവിലിരിക്കുന്ന ഐക്യത്തിൽ നിന്നും റോമാസഭയും, പൗരസ്ത്യ ഓത്തഡോക്സുകാരും തമ്മിലുള്ള ബന്ധം പുലർന്നുപോരുന്നു. ഈ കാലഘട്ടത്തിനിടയ്ക്കു് പൗരസ്ത്യരുടെ മെത്രാന്മാർ ഏകോപിച്ച് സംഘാതമായും, പാത്രിയാക്കീസിനോട്ട് യോജിച്ചും ഉള്ള കൗൺസിലുകൾവഴിയായും (Collegial and Synodal) നടത്തുന്ന ഭരണം റോമാപ്പള്ളി അംഗീകരിക്കുകമാത്രമല്ല ചെയ്തിട്ടുള്ളതു്; പൗരസ്ത്യദേശത്തെ, അപ്പസ്തോലികപാരമ്പര്യമുള്ള സഭകളോട്ട് യോജിച്ചുകൊണ്ടു്, ഈ രീതിയനുസരിച്ച് ജീവിക്കുക കൂടി ചെയ്തിട്ടുണ്ടു്.

ഇനി, പാശ്ചാത്യവും പൗരസ്ത്യവുമായ മെത്രാസനങ്ങളെ റോമാമെത്രാന്റെ അനിഷേദ്ധ്യാധിപത്യത്തിൽ ഏകോപിപ്പിച്ച സാർവ്വത്രികസൂനഹദോസുകളെ കണക്കിലെടുക്കുന്നില്ലെന്നുതന്നെ വയ്ക്കുക. എന്നാലും, പ്രാദേശികവും സാർവ്വത്രികവുമായ സഭകളെ സംബന്ധിക്കുന്ന പ്രശ്നങ്ങളെപ്പററി റോമാപള്ളി അപ്പസ്തോലികപാരമ്പര്യമുള്ള പൗരസ്ത്യസഭകളുമായി കത്തിടപാടുകൾ (Synodal letters) നടത്തിയിരുന്നുവെന്നതു് ഒരു പരമാത്ഥം മാത്രമാണു്.

പൗരസ്ത്യഓത്തഡോക്സു സഭകളുമായി ഐക്യത്തിലടുക്കുവാൻ

കത്തോലിക്കാസഭ പരിശ്രമിക്കുന്ന കാലമാണല്ലോ ഇതു്. ഐക്യത്തിനായുള്ള സംഭാഷണങ്ങൾക്കു് ഒരുക്കങ്ങൾ കൂട്ടുകയും ചെയ്തിരിക്കുന്നു. ഇത്തരുണത്തിൽ പൗരസ്ത്യസഭകൾക്കുവേണ്ടി രണ്ടാംവത്തിക്കാൻ സൂനഹദോസിനു് നിർദ്ദേശിക്കുവാൻ കഴിയുന്ന ഏക ഭരണക്രമം ''സിനഡു്'' രീതിയാണു്. യഥാർത്ഥാധികാരമുള്ള മെത്രാന്മാരുടെ കോൺഫറൻസുകൾവഴിയായുള്ള ഭരണമാണിതു്. ആലോചന നടത്തുവാൻവേണ്ടിമാത്രം ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന കൗൺസിലുകൾതന്നെയും, ഐക്യത്തിനായുള്ള സംഭാഷണത്തിൻെറ സാദ്ധ്യതയെ പ്രവചിക്കുകയാണു് ചെയ്യുന്നതു്.

2) പൗരസ്ത്യറീത്തിലുള്ള കത്തോലിക്കാസഭയുടെ മെത്രാന്മാരുടെ സിനഡുകൾക്കും, കോൺഫറൻസുകൾക്കും ഇന്നു് കാര്യമായയാതൊരധികാരവും ഇല്ലാതിരിക്കുകയാണു്. റോമൻ കൂരിയായുടെ, പ്രത്യേകിച്ചു് പൗരസ്ത്യസഭയ്ക്കുവേണ്ടിയുള്ള തിരുസംഘത്തിൻെറ ഹസ്തങ്ങളിലാണു് അധികാരം ഇന്നു് നിക്ഷിപ്തമായിരിക്കുന്നതു്. ഇതു മനസ്സിലാക്കണമെങ്കിൽ, പൗരസ്ത്യർക്കായുള്ള പുതിയ കാനൻനിയമങ്ങളിലേയ്ക്കൊന്നു് കണ്ണോടിച്ചാൽ മാത്രംമതിയാകും. ഒരുതരം പാത്രിയർക്കീസ് സിംഹാസനത്തിൻെറ സ്ഥാനം കൈക്കൊണ്ടിരിക്കുകയാണു് ഈ തിരുസംഘം ഇന്നു്.

പൗരസ്ത്യസഭയിലെ ആറു പാത്രിയർക്കീസുമാരും ഈ തിരുസ്സംഘത്തിലെ സഹകാരികളായ അംഗങ്ങളായി എണ്ണപ്പെടുന്നുണ്ടെന്നുള്ളതു് ശരിയാണു്; എന്നാൽ ഈ തിരുസംഘത്തിൽ ഇപ്പോൾതന്നെ മുപ്പതു അംഗങ്ങളുണ്ടു്; എല്ലവാരും കർദ്ദിനാളന്മാരുമാണു്. കാര്യമായി എന്തെങ്കിലും ചെയ്യുന്നതിൽ ഈ വ്യവസ്ഥിതി പരാജയമടയുകയാണു് ചെയ്യുന്നതു്. ഇതു് സാർവ്വത്രികമോ, മാന്യമോ ആയ ഒരു ക്രമീകരണമല്ല.

പാത്രിയർക്കീസുമാർ അവരുടെ ഉദ്യോഗത്താൽതന്നെ തങ്ങളുടെ സിനഡിലെ അദ്ധ്യക്ഷന്മാരാണു്. അവരെ പിടിച്ചു് ഒരു തിരുസ്സംഘത്തിലെ രണ്ടാം തരക്കാരും ന്യൂനപക്ഷവുമായ അംഗങ്ങളാക്കുക! അതേസമയം ഈ തിരുസ്സംഘത്തിനു് ആ പാത്രീയർക്കീസുമാരുടെ പത്രാസനങ്ങളിലെ കാര്യാദികൾ നിർണ്ണയിക്കുവാൻ അധികാരമുണ്ടായിരിക്കുക! സിനിഡൽ രീതിയിലുള്ള പള്ളിഭരണക്രമത്തിനു് തീർത്തും ഒരു ശാപം തന്നെയാണിതു്.

എന്താണു് ഈ തിരുസ്സംഘത്തിൻെറ സ്ഥാനത്തു് സ്ഥാപിക്കേണ്ടതു്? ഇവിടെ ഒരു സ്ഥാപനമുണ്ടായിരിക്കണം; പൗരസ്ത്യറീത്തിലെ സഭകളിലെ മെത്രാന്മാരുടെ സിനഡുകളുടേയും, കോൺഫറൻസുകളുടേയും പ്രതിനിധികളടങ്ങിയ ഒരു സ്ഥാപനം.

3) എല്ലാ അത്മായപ്രേഷിതത്വത്തിൻെറയും കത്തോലിക്കാപ്രവർത്തനങ്ങളുടെയും അജപാലന്മാരാണു് മെത്രാന്മാർ; ഈ പ്രവർത്തനത്തിൻെറ പ്രധാന ഉത്തരവാദിത്വം വഹിക്കുന്നവരും അവർതന്നെ. എന്നാൽ ഈ പ്രേഷിതത്വം, പ്രത്യേകം ചില ഇടവകകളുടേയോ,

ത്രുപതകളുടേയോ അതിർത്തിവരമ്പുകൾക്കുള്ളിൽ ഒതുങ്ങിനല്ക്കുകയില്ല. ദേശീയമോ, ലോകവ്യാപകമോ ആയ ഒരു തോതിലാണു് അതിനെ സംഘടിപ്പിച്ചിരിക്കുന്നതു്. ഈ അൽമായ പ്രേഷിത പ്രസ്ഥാനം മെത്രാന്മാരുടെ നിയന്ത്രണത്തിൽ നടക്കേണ്ടതാണു്; ഇതിൻെറ ദേശീയവും, സാർവ്വലൗകികവുമായ തലങ്ങളിൽ അജപാലനത്തിനടുത്ത മെത്രാന്മാരുടെ പ്രവൎത്തനംചെലുത്തുവാൻ അവരുടെ സംഘാതമായ അധികാരത്തിനുമാത്രമേ കഴിയൂ.

4) മെത്രാന്മാരുടെ സംഘത്തിനും, കോൺഫ്ററൻസിനുമെതിരായ വാദമുഖങ്ങൾ നാം ഈ ഹോളിൽനിന്നും ശ്രവിച്ചു; ഈ വാദമുഖങ്ങൾക്കു് ഉപോൽബലകമായിട്ടുള്ളതു് അപകടകരമായേക്കാവുന്ന ദേശീയതത്വത്തെക്കുറിച്ചുള്ള ഭീതിയാണു്.

എന്നാൽ, ഏററം ഇടുങ്ങിയതരത്തിലുള്ള ഒരുതരം ദേശീയതയൊഴിച്ചാൽ, സാർവ്വത്രികനന്മയ്ക്കു് ദേശീയത ഒരിക്കലും ഒരു വിപത്തല്ല. നേരേമറിച്ചു് അതു് മനുഷ്യസമുദായത്തെ ഒന്നാകെ സമ്പന്നമാക്കുകയേ ഉള്ളൂ. ഇതാണു് നാം ഇന്നു് എത്തിച്ചേർന്നിരിക്കുന്ന ചരിത്രത്തിലെ അവസ്ഥ. ചെറുരാജ്യങ്ങൾ പുരോഗമിക്കുകയും സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യുന്നു. ഇതോടുകൂടി ഇവരും തുല്യനിലയിൽ പങ്കുപററുന്ന അന്താരാഷ്ട്രീയസ്ഥാപനങ്ങൾ, വാസ്തവം പറഞ്ഞാൽ, മുന്നേക്കാളധികം സജീവവും പ്രാധാന്യമുള്ളവയുമായി ഭവിച്ചിട്ടുണ്ടു്.

തിരുസ്സഭാംഗങ്ങൾ, രാജ്യതന്ത്രജ്ഞന്മാരെ അപേക്ഷിച്ചു് സങ്കുചിതചിത്തരും ഹൃദയവിശാലതയില്ലാത്തവരും ആയിരിക്കുമോ?

---

14 എവുജിൻ ഡിസൂസാ,
ഭോപാൽ മെത്രാപ്പോലീത്താ
ഇൻഡ്യ.

# മെത്രാന്മാരും റോമൻകൂരിയായും

ഈ വിശുദ്ധ സൂനഹദോസിൽ നാം കേൾക്കുകയുണ്ടായി, മെത്രാന്മാരോടുകൂടിയുള്ള സംഘാതഭരണത്തെ (Collegiality) പ്പററിയുള്ള പ്രശ്നം ഇതുവരെ തീരുമാനമായിട്ടില്ല, അതുപോലെ ഈ പ്രശ്നത്തിനനുകൂലിച്ചു് ഉന്നയിച്ച ചില ന്യായങ്ങൾ അസാധുവും നിയമസാധുത്വമില്ലാത്തവയുമാണന്നൊക്കെ. മറുപടിയായി എനിക്കു് രണ്ടുകാര്യങ്ങൾ പറയാനുണ്ടു്.

1) ഈ കഴിഞ്ഞ ആഴ്ചകളിൽ നമ്മുടെ സ്നേഹബഹുമാനാർഹ

നായ പാപ്പാ, പോൾ ആറാമൻെറ വാക്കുകൾ ശ്രവിച്ചിട്ടുള്ള ഏതൊരുവനും നിഷ്പ്രയാസം മനസ്സിലാക്കാം എന്തായിരുന്നു അദ്ദേഹത്തിൻെറ ചിന്താഗതി എന്ന്. എന്നിട്ടും 85% കൗൺസിൽ പിതാക്കന്മാരുടെ വ്യക്തമായ വോട്ടോടുകൂടി രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായത്തിന്മേൽ യാതൊരു തീരുമാനവും എടുക്കുവാൻ സാധിച്ചിട്ടില്ലെങ്കിൽ അതു് ഈ കൗൺസിലിനോട്ട് ചെയ്യുന്ന ഒരു അവഹേളനമല്ലേ?

2) പത്തു മിഷനറിമെത്രാന്മാരെ പ്രതിനിധീകരിച്ച് ഒരു മിഷനറി എന്ന നിലയിൽ, വന്ദ്യസഹോദരരെ, ഞാൻ നിങ്ങളോടപേക്ഷിക്കുകയാണ് ഇതിനെ നിയമപരമായ ഒരു പ്രശ്നമാക്കി മാററരുതേയെന്ന്; എല്ലാററിനുമുപരിയായി ആത്മാക്കളുടെ രക്ഷയെ ആണ് കണക്കിലെടുക്കേണ്ടതു്; അതുതന്നെയാണ് ഇതിൻെറ നിർണ്ണായകമായ അളവുകോലും.

സഭയുടെ ആധുനീകരണത്തിനാണ് ഭാഗ്യസ്മരണാർഹനായ 23–ാം യോഹന്നാൻ പാപ്പാ നമ്മളെയൊക്കെ ഇങ്ങനെ വിളിച്ചു കൂട്ടിയതു്. എന്താണിതിൻെറ അർത്ഥം? ജീവനുള്ള ഒരു സംഘടനയാണ് സഭയെങ്കിൽ, അതു് അതതുകാലത്തോടനുരൂപപ്പെടണം. സാരവത്തായ കാര്യങ്ങൾ ഭദ്രമായിരിക്കുന്നിടത്തോളം, സഭ സനാതനമായി യാതൊരു വികാരവുമില്ലാത്തവളായിരിക്കേണ്ടതല്ല. ഈ നിയമത്തിൽനിന്നും റോമൻ കൂരിയാപോലും ഒഴിവാക്കപ്പെടുന്നില്ലെന്ന് നമ്മുടെ പ്രിയപ്പെട്ട പോൾ ആറാമൻ പാപ്പാ, കൂരിയായോടു നടത്തിയ അവിസ്മരണീയമായ പ്രഭാഷണത്തിൽ പറയുകയുണ്ടായി. കൂരിയാക്ക് അഭിമാനിക്കാവുന്നവയായുള്ള എല്ലാ കാര്യങ്ങളേയും അദ്ദേഹം അനുസ്മരിപ്പിച്ചു. എന്നാൽ അദ്ദേഹത്തോടുകൂടി ഞങ്ങളും തുറന്നുചോദിക്കുകയാണ് അതിനെ എന്തുമാത്രം എപ്രകാരം നവീകരിക്കണമെന്ന്.

കൂരിയായുടെ സമ്മേളനങ്ങളിൽ ആലോചനക്കാരായോ, അംഗങ്ങളായോ മറേറാ,ഏതാനും മെത്രാന്മാരേക്കൂടി നിശ്ചയിക്കുന്നതുകൊണ്ടു എന്തെങ്കിലും നേടാമെന്ന് കരുതാമോ? അടിസ്ഥാനപരമായി അനക്കമില്ലാതിരിക്കുന്നിടത്തു് ഇതു വെറും ഉപരിപ്ലവമായ ഒരു വ്യതിയാനമേയായിരിക്കുകയുള്ളു. അതൊരിക്കലും യഥാർത്ഥ നവീകരണമാവില്ല. ഇങ്ങനെയുള്ള പ്രശ്നങ്ങൾ വ്യക്തമാകുന്നില്ലെങ്കിൽ, ഇവിടെയിരിക്കുന്ന വൻപിച്ച ഭൂരിപക്ഷത്തിൻെറ അഭിപ്രായമനുസരിച്ച് റോമൻകൂരിയായുടെ അധികാരസീമയ്ക്കു് അതിർത്തികല്പിക്കുന്നില്ലെങ്കിൽ, ഏതാനും കൊല്ലങ്ങൾക്കുശേഷം കാര്യങ്ങളൊക്കെ പഴയതുപോലെ പോകും. ലോകത്തിൻെറ നാനാഭാഗത്തുനിന്നുമായി ഈ കൗൺസിലിൽ സമ്മേളിച്ചിരിക്കുന്ന 2,200 മെത്രാന്മാർക്ക് ചില സമ്മർദ്ദങ്ങളെ എതിരിടുവാൻ കഴിയുന്നില്ലെങ്കിൽ, പല സാമൂഹ്യബന്ധങ്ങളിലായി ചിന്നിച്ചിതറിയിരിക്കുന്ന ഞങ്ങ

ളെപ്പോലുള്ള ഈ ഏതാനും മെത്രാന്മാർക്ക് എന്തു ചെയ്യുവാൻ കഴിയും? അന്ത്യം ആരംഭത്തേക്കാൾ വഷളാകും; അത്രമാത്രം.

മെത്രാന്മാർക്ക് കൂടുതൽ അധികാരംകൊടുത്താൽ പള്ളിയുടെ ഐക്യം അപകടത്തിലാകുമെന്നാണ് ചിലർ ഭയപ്പെടുന്നത്. ഇത് അർത്ഥമില്ലാത്തൊരു തെററിദ്ധാരണയാണ്. ഇതു തിരുത്തുവാൻ മാർഗ്ഗങ്ങൾ പലതുണ്ട്.

അധികാരവികേന്ദ്രീകരണം ഐക്യത്തിനാപത്താണുപോലും! മറെറാരുരീതിയിൽ പറഞ്ഞാൽ, സംയുക്തവും ജനാധിപത്യമാതൃകയിലുള്ളതുമായ ഗവണ്മെൻറിന് ഐക്യമെന്നതേയില്ലതന്നെ!

ഇരുപതാം നൂററാണ്ടിലെ മെത്രാന്മാരായ ഞങ്ങൾ അത്രയ്ക്ക് അപകടകാരികളോ? പള്ളിയോട് ഞങ്ങൾക്കു യാതൊരു ഉത്തരവാദിത്വബോധവും ഇല്ലേ? ഞങ്ങളുടെ പരിരക്ഷണത്തിനേല്പിച്ചിരിക്കുന്ന പള്ളികൾക്ക് എന്താണ് കൊള്ളാവുന്നതെന്നു നിശ്ചയിക്കുവാൻ ഞങ്ങൾക്ക് കഴിവില്ലേ? തിരുസഭ ലോകം മുഴുവനിലും വ്യാപിച്ചിട്ടുണ്ട്. അക്രൈസ്തവചുററുപാടുകളുടെ വലയത്തിലുള്ള സഭയിൽപോലും (Church in diaspora) അവർ വളരുകയാണ്: അവരുടെ ആദ്ധ്യാത്മികതയുടേയും, വേദവിജ്ഞാനീയത്തിൻേറയും, ആരാധനക്രമത്തിൻേറയും ജീവനിലും, അജപാലനത്തിൻെറ തണലിലും, അവർ തഴച്ചുവളരുകയാണ്. പ്രശ്നങ്ങൾ കുന്നുകൂടി സഭയെ ഞെട്ടിപ്പിക്കുന്ന സ്ഥലങ്ങളുണ്ട്; തൽസ്ഥാനങ്ങളിലെ അജപാലകർക്കറിയാം എന്തുകൊണ്ടാണ് തങ്ങൾക്ക് ആ പ്രശ്നങ്ങളെ ദൂരീകരിക്കുവാൻ സാധിക്കാത്തതെന്ന്; മറെറാന്നുമല്ല കാരണം: സഭയുടെ നിയമങ്ങളും പ്രായോഗികരീതികളും സ്ഥലകാലങ്ങളോടനുരൂപപ്പെടുന്നില്ലെന്നുമാത്രം. കൂടുതൽ വ്യക്തമായിപറഞ്ഞാൽ, ലോകത്തിനൊന്നാകെവേണ്ടിയുള്ള കാനൻനിയമമുണ്ടല്ലോ, അതു മേൽപ്പറഞ്ഞ സ്ഥാനങ്ങളിൽ ''കൊല്ലുന്ന വചനങ്ങൾ മാത്രമായവശേഷിക്കുന്നു.'' ഇവിടെയാണ് പ്രശ്നത്തിൻെറ മർമ്മസ്ഥാനത്തേക്കു വന്നതു്. ഐക്യത്തെ (unity) ഐകരൂപ്യ (uniformity) വുമായി കൂട്ടിക്കുഴയ്ക്കരുതു്. ഐകരൂപ്യത്തിനുവേണ്ടി നിലകൊള്ളുകയാണെന്നു് തോന്നുന്ന സഭയുടെ കേന്ദ്രസ്ഥാനങ്ങൾ

കേന്ദ്രീകൃതമായ ഒരു ശക്തിയെന്നനിലയിൽ റോമൻ കൂരിയാ ഐകരൂപ്യമുള്ള നിയമനിർമ്മാണമാണ് നടത്തുന്നതു്. ഇതു് തീർച്ചയായും വളരെ ഉപകാരപ്രദമായിരുന്നിട്ടുണ്ട്. പ്രത്യേകിച്ചും രാജാക്കന്മാരും ഗവണ്മെൻറുകളും തങ്ങൾ സാധാരണനിയമിക്കാറുള്ള മെത്രാന്മാരുടെമേൽ ആധിപത്യം നടത്തുന്നതിനുദ്യമിച്ചിരുന്നപ്പോൾ, പോരെങ്കിൽ ആശയവിനിമയോപാധികളും മററും നന്നാ ചുരുങ്ങിയിരുന്നകാലത്തു്, പള്ളിയെ ഒന്നാകെ ഇണക്കിച്ചേർത്തുകൊണ്ടുപോകണമെങ്കിൽ വളരെ കക്ശമായ ബാഹ്യചട്ടങ്ങൾ ആവശ്യമായിരുന്നു.

ഇന്നു് യാതൊരു രാഷ്ട്രീയാധികാരികളുടേയും ഇടപെടലില്ലാ

തെ മാർപ്പാപ്പായാണ് നേരിട്ട് മെത്രാന്മാരെ എല്ലായിടത്തും നിയമിക്കുന്നത്. ഇതിലും പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ഇന്ന് വാർത്താവിതരണോപാധികൾ കാര്യക്ഷമമായവിധം സുകരമായിരിക്കുന്നതിനാൽ, എല്ലാ മെത്രാന്മാരും, പരിശുദ്ധ സിംഹാസനവുമായി ബൗദ്ധികവും ഹൃദയംഗമവുമായ ഐക്യം പുലർത്തുന്നുവെന്നുള്ളത്. വാസ്തവത്തിൽ ഇതാണ് ഐക്യത്തിന്റെ ശരിയായ കെട്ടുറപ്പും. ചില തിരുസ്സംഘങ്ങളുടെ പ്രവർത്തനത്തേക്കാൾ, ടെലവിഷനാണ് മാപ്പാപ്പായുടെ ഹൃദയഹാരിയായ സ്നേഹത്തെ പ്രകടിപ്പിക്കുവാൻ കൂടുതൽ ഉപകരിക്കുക. ''സ്നേഹത്തിന്റേതായ ഒരു സാർവ്വത്രിക സമുദായത്തിന്റെമേലാണ് റോമാപ്പള്ളി ആദ്ധ്യക്ഷംവഹിക്കുന്നത്'' ഇതു അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസിന്റെ വാക്കുകളാണ്. ഈ വാക്കുകളുടെ യാഥാർത്ഥ്യം ഇതുവരെ പ്രകടമാക്കിയിട്ടില്ല.

ഈ സ്നേഹത്തെ ചിലപ്പോഴൊക്കെ വികലമാക്കിയിട്ടുണ്ട്, റോമൻകൂരിയായുടെ ഇന്നത്തെ നടത്തയെന്ന് വിശാലമായ ആത്മാർത്ഥതയോടെ നാം സമ്മതിച്ചേ മതിയാവൂ. കുററക്കാരന്റെ സമാധാനം കേൾക്കാതെ അയാളെ ശിക്ഷിക്കുക; ഒരു വിശ്രുത ഗ്രന്ഥകാരന്റെ ഗ്രന്ഥത്തിൽ എന്തൊക്കെയാണ് സ്തുത്യർഹമായിട്ടുള്ളത്, എന്തൊക്കെയാണ് ചോദ്യംചെയ്യപ്പെടാവുന്നത് എന്നൊന്നും കൃത്യമായി പറയാതെ അയാളെ പൊതുനിരത്തിൽ നോട്ടപ്പുള്ളിയാക്കിത്തീർക്കുക; പ്രാദേശികപരിതസ്ഥിതികൾക്ക് പററാത്ത പൊതുനിബന്ധനകളെ പ്രഖ്യാപിക്കുക; ഏതെങ്കിലുമൊരു പ്രോവിൻസിലേയോ ഒരു രാജ്യത്തിലെതന്നെയോ, മെത്രാന്മാരുടെയെല്ലാം കൂലംകഷപരിചിന്തനത്തിനുശേഷം സമർപ്പിക്കപ്പെട്ട ഒരു നിർദ്ദേശത്തിന്റെ മേൽ ''അത്ര പററിയതല്ല'' എന്ന മുദ്രയുംകുത്തിയങ്ങു തള്ളുക; സംയോഗംനടക്കാത്ത (non-consummated) ഒരു വിവാഹമോചനത്തിനായി അപേക്ഷ അയച്ചാൽ, ഉത്തരംനൽകാതെ ആ കാര്യം വർഷങ്ങൾതന്നെ അങ്ങ് നീട്ടിക്കൊണ്ടുപോകുക; ഇങ്ങനെയാണ് റോമൻ കൂരിയായുടെ ഇന്നത്തെപോക്കു്.

ഞാൻ ഉപസംഹരിക്കുകയാണ്; ഒരു നിരീക്ഷണംകൂടി. റോമൻ കൂരിയായെ നിർത്തലാക്കണമെന്നോ, അതിനെ ദുർബലമാക്കണമെന്നോ ഒന്നും ആരും വിചാരിക്കുന്നില്ല. എന്നാൽ ഇതിനെ അടിമുടി ഒന്ന് പരിഷ്ക്കരിക്കതന്നെ വേണം. ഈ കൗൺസിലിന് ഉണ്ടായിരിക്കണമെന്ന് ലോകത്തിന്റെ നാനാഭാഗത്തുനിന്നും ഉന്നയിച്ചിട്ടുള്ള അടിസ്ഥാനലക്ഷ്യങ്ങളിൽ ഒന്ന് ഇതാണ്. വന്ദ്യസഹോദരരെ, ഈ പ്രതീക്ഷകളെ തകർക്കാതിരിക്കുവാൻ നമുക്ക് ശ്രദ്ധയുള്ളവരായിരിക്കാം.

1512മുതൽ 1517 വരെ കൂടിയ അഞ്ചാം ലാറററൻ കൗൺസിലിനെ ഒന്നനുസ്മരിക്കുക. വീക്ഷണത്തിന്റെ അഭാവമോ, ആത്മധൈര്യത്തിന്റെ കുറവോ, എന്തെന്നെനിക്കറിഞ്ഞുകൂടാ, അന്നത്തെ ആളുകൾ

പ്രതീക്ഷിച്ച നവീകരണങ്ങൾ ഒന്നും സാധിക്കുവാൻ ആ കൗൺസിലിനു കഴിഞ്ഞില്ല. ഏതാനും മാസങ്ങളേ കഴിഞ്ഞുള്ളൂ, തിരുസ്സഭാചരിത്രത്തിലെ വിലപനീയങ്ങളായ ദുരന്തങ്ങൾ സഭയിൽ സംഭവിച്ചു. സഹോദരന്മാരെ, നമ്മുടെകാലത്തെ പ്രശ്നങ്ങൾക്ക് ഉത്തരംനൽകുവാൻ നമുക്ക് ധൈര്യമുണ്ടായിരിക്കട്ടെ.

---

15 മാക്സിമോസ് നാലാമൻ
അന്ത്യോക്യായിലെ പാത്രിയർക്കീസ്
സിറിയ.

## കത്തോലിക്കാസഭയിലെ പരമോന്നത തിരുസംഘം

തിരുസംഘങ്ങൾ, ന്യായവിചാരണ കോടതികൾ, മററു് ഔദ്യോഗികസ്ഥാപനങ്ങൾ മുതലായവയാണ് റോമൻക്കൂരിയായുടെ ഘടകങ്ങൾ. ഈ റോമൻക്കൂരിയായുടെ സഹായത്തോടുകൂടി മാത്രം സാർവ്വത്രിക സഭയുടെ ഭരണം മാപ്പാപ്പായുടെ പരമാധികാരത്തിൽ നിക്ഷിപ്തമാണെന്നു് നാം കരുതിയാൽ പല പ്രശ്നങ്ങളും പൊന്തിവരുന്നതാണ്. സഭയുടെ ഇന്നത്തെ ആവശ്യങ്ങളെ കണക്കിലെടുക്കുവാൻ സാധിക്കാതെവരും; തിരുസ്സഭയിലെ മെത്രാന്മാരുടെ സംഘാതമായ ഉത്തരവാദിത്വത്തിനു് കാര്യമായ പ്രാധാന്യവും ഉണ്ടായിരിക്കുകയില്ല.

ഇന്നത്തെ ആവശ്യങ്ങൾക്ക് തക്കതായ സമാധാനം നൽകുവാനും, നമ്മുടെ ദൈവശാസ്ത്രത്തിനു് പരിപക്വമായ ചില തത്വങ്ങൾ നിർദ്ദേശിക്കുവാനും പററിയ ഒരു നവീനമാർഗ്ഗം എനിക്കു പറയുവാനുണ്ട്.

പത്രോസ് അപ്പസ്തോലന്മാരോടുകൂടി എങ്ങനെയോ, അങ്ങനെയാണ് പാപ്പായും മെത്രാന്മാരുടെ സമൂഹവും. പാപ്പാ റോമിൻെറ മെത്രാനാണ്; ഇററലിയുടെ പ്രൈമെററുമാണ്; പാശ്ചാത്യരുടെ പാത്രിയർക്കീസാണ്. എന്നാൽ അദ്ദേഹത്തിനുള്ള സാർവ്വത്രികപരമാധികാരത്തോട് തുലനംചെയ്യുമ്പോൾ ഇവ യാഥാർത്ഥ്യങ്ങളെങ്കിലും അപ്രധാനങ്ങളാണ്. ഇതിൽനിന്നും ഒരുകാര്യം സുവിദിതമാകുന്നു. പാപ്പാ സാർവ്വത്രികസഭയെ ഭരിക്കുമ്പോൾ തൻെറ കർതൃത്വത്തിൽ

പങ്കുചേരുവാൻ അപ്പസ്തോലസംഘത്തിന്റെ പിന്തുടർച്ചക്കാരായ മെത്രാന്മാരുടെ സമൂഹത്തെയാണ് സ്വീകരിക്കേണ്ടതു്. അല്ലാതെ റോമൻരൂപതയിലെ വൈദികരേയോ, ഡീക്കന്മാരേയോ അല്ല. റോമിന്റെ പ്രത്യേകക്കൂരിയാ റോമാമെത്രാസനത്തിനു വേണ്ടിയുള്ളതാണ്. അതിലൂടെ അപ്പസ്തോലസമൂഹത്തിന്റെ സ്ഥാനം തട്ടിയെടുക്കുവാനിടയാകരുതു്. അതു് അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരിലാണ് നിക്ഷിപ്തമായിരിക്കുന്നതു്. ഈ സത്യം സുവിദിതമാക്കുന്നതിനു് ആവശ്യമായ നടപടിയെടുക്കുക ഈ വിശുദ്ധ കൗൺസിലിന്റെ കടമയാണ്.

നൂററാണ്ടുകളായുള്ള നടപടിക്രമങ്ങൾ ഈ വസ്തുതയെ സ്പഷ്ടമാക്കിയിട്ടുണ്ട്. കാലത്തിന്റെ കറുത്തിരുണ്ട കാർമേഘങ്ങൾ ഇതിനു് മൂടുപടമായിത്തീർന്നു. തന്നിമിത്തം നമ്മുടെ കൂട്ടത്തിൽതന്നെ പലരും ഈ നിലപാടിനെ ശരിവച്ചിരിക്കുകയാണ്. എന്നാൽ കാര്യത്തിന്റെ ശരിയായ രൂപം അങ്ങനെയൊന്നുമല്ല. കാരണം റോമിലെ മെത്രാന്റെ കൂരിയായും പത്രോസിന്റെ പിൻഗാമിയുടെ അപ്പസ്തോലിക സമൂഹവും രണ്ടും രണ്ടാണ്. ഈ കൂരിയായോടുകൂടിയുള്ളപാപ്പായുടെ ഇന്നത്തെ നിലപാട് കത്തോലിക്കാസഭയ്ക്കു് പുറത്തുള്ളവർക്കു് സ്വീകാരയോഗ്യവുമല്ല. സഭയുടെ സാർവ്വത്രികതയ്ക്കു ഇതു് ഒരു വിലങ്ങുതടിയാണെന്നു് കത്തോലിക്കാസഭയ്ക്കുപുറത്തുനിന്നു ചിന്തിക്കുന്നവരും കുറവല്ല. സാർവ്വത്രികതയ്ക്കുപകരം ഒരുപ്രത്യേകസഭയുടെ വിശേഷരൂപം മാത്രം അവർ ദശിക്കുന്നു. ഇതിനു് ചിലയാളുകളും, ഒരു ചരിത്രപശ്ചാത്തലവും, സാഹചര്യവും അനല്പമായ ശക്തിയും പ്രാഭവവുമാണ്, മാനുഷികവും ഭൗതികവുമായ മുതൽക്കൂട്ട നടത്തിയിട്ടുള്ളതു്. റോമിലുള്ള ഇതരപള്ളികളുടെ മേൽനോട്ടത്തിനു് കർദ്ദിനാളന്മാരെ നിയമിച്ചിട്ടുണ്ട്. ഇതുതന്നെ തെളിയിക്കുന്നുകാർഡിനൽസ് ക്രിസ്തുവിന്റെ സാർവ്വത്രികസഭയെ അല്ല, പ്രത്യുത റോമായിലെ പള്ളിയെ പ്രതിനിധീകരിക്കുന്നവരാണെന്നു്.

ലോകത്തിലെ എല്ലാ മെത്രാന്മാരെയും വിളിച്ചു് തോന്നുമ്പോൾ തോന്നുമ്പോൾ കൗൺസിൽ കൂടുവാൻ സാധിക്കുകയില്ലെന്നു സമ്മതിക്കുന്നു. സഭയുടെ പൊതുവായ ഭരണത്തിൽ മാർപ്പാപ്പായെ സഹായിക്കുവാൻ ഏതാനും ചില മെത്രാന്മാരെ ചുമതലപ്പെടുത്തണം. അവർ മററു മെത്രാന്മാരുടെപ്രതിനിധികളായിരിക്കട്ടെ. ഇവരാണ് സാർവ്വത്രികസഭയുടെ തിരുസംഘമായി വർത്തിക്കേണ്ടതു്. ഇതിൽ സഭയിലെ പ്രധാന മെത്രാന്മാരെല്ലാം ഉൾപ്പെട്ടിരിക്കണം. പ്രഥമമായി ആദിമനൂററാണ്ടുകളിലെ സാർവ്വത്രിക സൂനഹദോസുകൾ അംഗീകരിച്ചിരുന്ന അപ്പസ്തോലിക പാത്രിയർക്കീസുമാർ എല്ലാവരും അംഗങ്ങളായിരിക്കണം. അടുത്തതായി മെത്രാപ്പോലീത്താമാരായ കർദ്ദിനാളന്മാരാണ്. അവർതങ്ങളുടെ കത്തീദ്രലിന്റെ ഔദ്യോഗിക നാമത്തിലായിരിക്കണം; അല്ലാതെ റോമിലെ ഒരു ഇടവകയുടെ നാമത്തിലല്ല. ഓരോ രാജ്യത്തിലെയും മെത്രാന്മാരുടെ കോൺ

ഫ്രൻസുകൾ തിരഞ്ഞെടുത്തയയ്ക്കുന്ന മെത്രാന്മാരും ഈ തിരുസംഘത്തിൽ അംഗങ്ങളായിരിക്കണം. ഈ ആശയം പ്രായോഗികമാകുവാൻ കൂലങ്കഷമായി പഠിക്കേണ്ടതുണ്ട്. നിശ്ചിതാവസരങ്ങളിൽ പാപ്പാക്ക് ഈ തിരുസംഘത്തെ വിളിച്ചുകൂട്ടാം. സഭയുടെ പൊതുവായ കാര്യങ്ങൾ ചർച്ചചെയ്യേണ്ടതുണ്ട് എന്നു കാണുമ്പോഴും ഇങ്ങനെ ചെയ്യാവുന്നതാണ്.

പക്ഷേ ഇതുമാത്രം പോരാ; പൗരസ്ത്യസഭയിൽ പാത്രിയക്കീസിനോടുകൂടിയുള്ള ആലോചനാസമിതി പോലുള്ള ഒന്ന് (1) എപ്പോഴും റോമിലുണ്ടായിരിക്കണം. അതായത് മേൽപ്പറഞ്ഞ സാർവ്വത്രികവും അപ്പസ്തോലികവുമായ തിരുസംഘത്തിലെ ഏതാനും പേർ അവരുടെ തലവനായ പാപ്പായോടൊത്തു് പ്രവർത്തിക്കുന്നു. അവസാനതീരുമാനം പരമാധികാരത്താൽതന്നെ പാപ്പായ്ക്കാണ്. ഇവിടെയാണ് സഭയുടെ അതിശ്രേഷ്ഠസംഘത്തിൻെറ ഉന്നതസ്ഥാനം വെളിപ്പെടുന്നതു്. സാർവ്വത്രികസഭയുടെ ഉന്നതമായ കാര്യനിർവ്വാഹകസമിതിയും, ന്യായാധികരണസമിതിയും(2)ഇതുതന്നെയായിരിക്കും. ഇതിനു കീഴിലായിരിക്കണം റോമാപള്ളിയുടെ മററു ഉദ്യോഗങ്ങളെല്ലാം. ഇതിൻെറ ഘടനയെ നിർണ്ണയിക്കുന്നതിനു് പ്രത്യേകമായ നിയമവും ഉണ്ടായിരിക്കണം. ലോകം മുഴുവനിലും ഇതു് ക്രിസ്തുവിനെ പ്രകാശിപ്പിക്കും. പ്രത്യേകിച്ചു് അക്രൈസ്തവ ലോകത്തിൽ. ഇതു് മററുള്ളതിൽനിന്നു് വിച്ഛേദിക്കപ്പെട്ടു് ഒരു പ്രത്യേക കേന്ദ്രത്തിൽ ബന്ധിക്കപ്പെടുന്നില്ല. അതിനാൽ എല്ലാം കുത്തകയാക്കണമെന്നും, സർവ്വതും നിയന്ത്രണത്തിൽ പെടുത്തണമെന്നും, എല്ലാത്തിനും അതിരുകടന്ന ഐകരൂപ്യം വേണമെന്നും, എല്ലാത്തിലും തലയിടണമെന്നുമുള്ള ആശയംപോലും ഉണ്ടാകുകയില്ല. മനുഷ്യരുടെ പ്രശ്നങ്ങളെ പരിഹരിക്കേണ്ടതു് അവരെക്കൊണ്ടുതന്നെയും, അവരോടുകൂടി ആണെന്നും, അവരെക്കൂടാതെ ഒരിക്കലും സാധിക്കയില്ലെന്നും അപ്പോൾ മനസ്സിലാകും.

ചുരുക്കത്തിൽ പ. പിതാവിനോ, ഈ ലോകത്തിൽ മററാക്കെങ്കിലുമോ, വ്യക്തിഗതമായ സഹായംകൊണ്ടു മാത്രം സാർവ്വത്രികസഭയെപ്പോലെ വലുതായ ഒരു സ്ഥാപനത്തെ ഭരിക്കുവാൻ കഴിയുകയില്ല. കാരണം ഇവിടെ ക്രൈസ്തവസമൂഹത്തിൻെറ ഒന്നാകെയുള്ള താൽപര്യമാണ് ത്രാസ്സിൽ തൂങ്ങിയിരിക്കുന്നതു്. ഇതെല്ലാം സുവിശേഷാനുസാരമാണ്. ഒരു പ്രത്യേകരീതിയിൽ പത്രോസിനും തൻെറ അനുഗാമികൾക്കും സഭയെ ഏല്പിച്ചുകൊടുത്തുവെ

(1) Syndos Endimousa.

(2) "Supreme Executive and Judicial Council of the Universal Church."

ങ്കിൽ, അപ്പസ്തോലന്മാരിലും അവരുടെ അനുഗാമികളിലും ഇതുതന്നെ നിക്ഷിപ്തമായിരിക്കുന്നുണ്ട്: സഭയുടെ സ്വഭാവമനുസരിച്ച് ഈ പദവി ലഭിക്കാത്തവരായ ഓരോരുത്തരുടെ സിൽബന്ധികളിലോ, സ്ഥലത്തെ പുരോഹിതവർഗ്ഗത്തിലോ സഭാഭരണം കയ്യേല്പിച്ചാൽ പൊതുനന്മയ്ക്കു് കോട്ടം തട്ടാം; അനാശാസ്യമായ പലതും സംഭവിക്കുകയും ചെയ്യും. ചരിത്രത്തിൽ ഇതിനുദാഹരണങ്ങൾ സുലഭമാണ്.

ദൈവശാസ്ത്രത്തേയും, സഭയുടെ സ്വഭാവത്തേയും; നടപടിയേയും സ്പർശിക്കുന്ന ഈ വാസ്തവങ്ങൾ ഇന്നു് വളരെ ഗുരുതരങ്ങളായ പ്രശ്നങ്ങളായിത്തീർന്നിട്ടുണ്ട്.

മെത്രാന്മാരുടെ കോൺഫ്റൻസുകൾ: ഇവ ചരിത്രത്തിൽ കാണുന്ന പത്രാസനങ്ങളുടെ പുതിയ പതിപ്പാണെന്നു പറയാം. മെഡിററേനിയൻ നാഗരീകതയിൽ വളർന്ന പുരാതന റോമാസാമ്രാജ്യത്തിന്റെ കിഴക്കും പടിഞ്ഞാറുമുള്ള രാജ്യങ്ങളുടെ കാര്യമെടുത്താൽ, മെത്രാന്മാരുടെ കോൺഫ്റൻസുകൾക്കു് വേണ്ടത്ര അധികാരങ്ങൾ നൽകുകയാണെങ്കിൽ കാര്യങ്ങളെല്ലാം ഏറ്റനാളത്തേയ്ക്കു് ശുഭമായി നീങ്ങിക്കൊള്ളും. ഇവയിൽനിന്നും വിട്ടുപോന്നിട്ടുള്ള രാജ്യങ്ങളിലും ഇതുതന്നെ അനുഭവപ്പെട്ടേക്കാം. എന്നാൽ ഇൻഡ്യയും ചൈനയും പോലെ ജനസാന്ദ്രതയുള്ള രാജ്യങ്ങളിൽ, മെഡിററേനിയൻ സംസ്ക്കാരവുമായി യാതൊരു ബന്ധവുമില്ലാത്ത, മഹത്തായ പ്രാചീനസംസ്ക്കാരത്തിന്റെ തറവാടുകളിൽ വേറെ ചിലതുകൂടി ആവശ്യമുണ്ട്; ക്രിസ്തീയതത്വത്തിന്റെ താങ്ങും തണലും കൂടിയേ കഴിയൂ വെന്നു ചിലതു്. ഇതുതന്നെയാണ് വളരെ സമ്പന്നമായ ആഫ്റിക്കയിലെ സഭകളെക്കുറിച്ചും പറയേണ്ടതു്. ഭാഷയിലും ആചാരാനുഷ്ഠാനങ്ങളിലും, മനസ്ഥിതിയിലും, സഭയ്ക്കു് ഇവിടങ്ങളിൽ സമൂലമായ അനുരൂപണം ആവശ്യമാണ്. സഭ, സ്ഥലകാലങ്ങളോടു സ്വയം അനുരൂപപ്പെടുത്തേണ്ടിയിരിക്കുന്നു. ക്രിസ്തുമതം വിദേശീയമെന്നു് അവർക്കു് അനുഭവപ്പെടരുതു്. ക്രിസ്തുമതം അവരുടെ ആത്മാവിന്റെ ആത്മാവായിത്തീരണം. മെഡിററേനിയൻ രാജ്യങ്ങളെക്കാൾ ഇവിടങ്ങളിലുള്ള സഭയ്ക്കു് കൂടുതൽ സ്വയംനിർണ്ണായകാധികാരം ഉണ്ടായിരിക്കണം. അതേസമയം പത്രോസിന്റെ സിംഹാസനത്തോടു് അനുപേക്ഷണീയമായി ബന്ധപ്പെട്ടിരിക്കുകയും വേണം. സഭാഘടനയിൽ സത്താപരമായി ആവശ്യമായിരിക്കുന്നവ മാത്രമേ അവരിൽനിന്നു് ആവശ്യപ്പെടാവൂ. ഇതിനുദാഹരണമായി പുറജാതികൾക്കുവേണ്ടി പ്രഥമ ജറുസലം കൗൺസിൽ നിശ്ചയിച്ചുറപ്പിച്ചവ നോക്കിയാൽ മതിയാവും. ഇത്രയധികം അഭിമാനാർഹമായ, പരിശ്രമത്തിനും ആത്മാർപ്പണത്തിനും, ത്യഗത്തിനുംശേഷവും ക്രിസ്തുമതം ജനലക്ഷങ്ങളുടെ ഹൃദയങ്ങളെ നേടിയെന്നു് നമുക്കു് പറയുവാൻ കഴിയുമോ? എന്നാലും ഇതുതന്നെയാണ് ഇനിയും ചെയ്യേണ്ടതു്.

ഈ ജീവൽ പ്രശ്നങ്ങളിൽ തുവെളിച്ചം തൂകുക തിരുസംഘത്തിൻെറ ചുമതലയാണ്. പ്രാർത്ഥനയും, പഠനവുംവഴിവേണ്ടസമയമെടുത്തു് വിവേകപൂർവ്വം തക്കതായ പരിഹാരമാർഗ്ഗം കണ്ടുപിടിക്കേണ്ടതാണ്. പുതിയ തിരുസംഘത്തിൻെറ അംഗങ്ങൾക്കു് ഇതു ശുഭമായി നിർവ്വഹിക്കുവാൻ എളുപ്പം സാധിക്കും. അവർ ലോകത്തിൻെറ നാനാഭാഗത്തുനിന്നുമുള്ള പ്രതിനിധികളാണ്. ആയതിനാൽ സാർവ്വത്രികമനഃസ്ഥിതിയുമുണ്ട്. കത്തോലിക്കാ ഐക്യത്തിൽ എല്ലാ ജനങ്ങൾക്കും സമർത്ഥമായ നേതൃത്വം നൽകാൻ പോരുന്ന ഒരു സംഘത്തെ ഇതു രൂപപ്പെടുത്തുകയും ചെയ്യും.

നയിക്കുന്നതിനും, ജീവൻ നൽകുന്നതിനും, പരിശുദ്ധാരൂപി എപ്പോഴും സഭയോടുകൂടിയുണ്ട്. അതുകൊണ്ടാണ്, പരിശുദ്ധാത്മാവു്, സുഭഗസ്മരണാർഹനായ 23-ാം ജോൺപാപ്പായെ കരുവാക്കിക്കൊണ്ട്, ഈ സമ്മേളനംവഴി, സഭയും ലോകവുമായുള്ള സംഭാഷണത്തിനു് വഴിതുറക്കണമെന്നു തീരുമാനിച്ചതു്. ജോൺപാപ്പാ ദിവംഗതനായപ്പോൾ ഈ മഹനീയജോലി തുടരുന്നതിനും, ക്രമീകരണങ്ങൾ നടത്തുന്നതിനും, നമ്മുടെ പ. പിതാവു പോൾ ആറാമനെ തിരഞ്ഞെടുത്തതും ഈ പരിശുദ്ധാരൂപിതന്നെയാണ്. "കർത്താവേ നിൻെറ അരൂപിയെ അയക്കുക; അതു ഭൂമുഖത്തെ നവീകരിക്കട്ടെ!"

---

## 16

ജൊവാക്കിം അമ്മാൻ,
ടിററുലർ മെത്രാൻ, മ്യൂൻസ്റ്റർഷ്വാർസക്
ജമ്മനി.

# പേപ്പൽ പ്രതിനിധികൾ

സഭയെക്കുറിച്ചുള്ള കരടുരൂപത്തിൻെറ ദ്വിതീയാദ്ധ്യായത്തിൻെറ സംവാദത്തിനു വിരാമമിടുവാൻ മിക്കവാറും ഐകകണ്ഠ്യേന സമ്മതിച്ചിരിക്കുകയാണ് ഇതു് പരമാധികാരിയായ മാർപ്പാപ്പായും മെത്രാന്മാരും തമ്മിലുള്ള ബന്ധം ചർച്ചചെയ്യുന്നു.

വന്ദ്യപിതാക്കന്മാരെ, ഈ ബന്ധത്തിൻെറ സൗഹാർദ്ദത സുദൃഢമാക്കുന്നതിനു് ഉപകരിച്ചേക്കാവുന്ന ആ പ്രത്യേക സ്ഥാപനത്തെക്കുറിച്ച് ഒന്നുരണ്ടു വാക്കുകൾ പറയുവാൻ ഈ വൈകിയ വേളയിൽ തുനിയുന്നതിൽ എന്നോടു ക്ഷമിക്കണമേ. അത്യുന്നത പാത്രിയർക്കീസ് ഗ്രഗോറി ഈ വിഷയത്തെക്കുറിച്ച് ചിലതെല്ലാം പറഞ്ഞുകഴിഞ്ഞു. അപ്പസ്തോലിക പ്രതിനിധികളുടെയും, പേപ്പൽ ഡലഗേററുകളുടെയും പ്രാധാന്യത്തെയാണ് ഞാൻ ഇവിടെ വിവക്ഷിക്കുന്നതു്.

തെററിദ്ധാരണകൾക്കൊന്നും, ഇടംകൊടുക്കാതിരിക്കുവാൻ ചില

HEART PROVINCIAL

പ്രാഥമികകാര്യങ്ങളെക്കുറിച്ച് ആദ്യമായി പരാമർശിക്കാമെന്നു വിചാരിക്കുന്നു.

(1) ഞാൻ മെത്രാന്മാരുടെ കോൺഫ്റൻസുകളിലൊന്നിലെയും അംഗമല്ല. എന്നുവരികിലും ഞാൻ പറയുവാൻ പോകുന്നത് കൗൺസിൽ പിതാക്കന്മാരിൽ ചിലരെല്ലാം സമ്മതിക്കുന്നതാണെന്ന് സ്പഷ്ടമായിട്ടുണ്ട്. അവരിൽ അഞ്ചുപേരുടെ പേരുകൾ ജനറൽ സെക്രട്ടറിയേററിനെ കുറിച്ചേല്പിച്ചിട്ടുമുണ്ട്. എൻെറ മനസ്സാക്ഷി എന്നെ കടപ്പെടുത്തുന്നതായി അനുഭവപ്പെടുന്നതുകൊണ്ടാണ് ഞാൻ ഇതു് സംസാരിക്കുന്നതു്.

(2) ഒരു പ്രമേയം അവതരിപ്പിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. "ചോദിക്കുന്നതുകൊണ്ടു പാപമില്ല", എന്നൊരു ആഫ്റിക്കൻ പഴമൊഴി കേട്ടിട്ടുണ്ട്. അതുകൊണ്ട് ഒരു ചോദ്യമായി ചോദിക്കുന്നതേയുള്ളു.

(3) വീണ്ടും ഏതെങ്കിലും ഒരു പ്രത്യേക വ്യക്തിക്കെതിരെ വിധിതീർപ്പെഴുതി പാസ്സാക്കുന്നതിനും ഞാൻ ലവലേശം ഇച്ഛിക്കുന്നില്ല. ഈ ഉദ്യോഗങ്ങൾ വഹിക്കുന്ന മെത്രാന്മാരായ എൻെറ സഹോദരന്മാരുടെ ഉന്നത വിശുദ്ധിയും യോഗ്യതയും ഞാൻ ചോദ്യം ചെയ്യുകയില്ല. ആ സ്ഥാനത്തേക്കുറിച്ചു മാത്രമാണ് സംസാരിക്കുന്നതു്.

(4) സെപ്റ്റംബർ 29-ന് പ. പിതാവു് പോൾ ആറാമൻ നടത്തിയ വിജ്ഞാപനമാണ്, ഈ സ്കേമായുടെ ദ്വിതീയ അദ്ധ്യായത്തോടു അനുബന്ധിച്ച്, ഇതു് ചോദിക്കുവാൻ എന്നെ പ്രേരിപ്പിക്കുന്നതു്. അദ്ദേഹം പറഞ്ഞു: "ക്രിസ്തുവിലാണ് സഭ അവളുടെ മാതൃക ദർശിക്കേണ്ടതു്. ഈ തിരിഞ്ഞുനോട്ടത്തിനുശേഷം, തൻെറ ആകാരത്തിലോ കല്യാണകളേബരത്തിലോ എന്തെങ്കിലും കറ കണ്ടാൽ, എന്തു പ്രതികരണമാണ് ധൈര്യസമേതം ചെയ്യേണ്ടതു്?" മാർപ്പാപ്പാ തന്നെ ഉത്തരം നൽകുന്നുണ്ട്: "മററു് യാതൊന്നും ചെയ്യുവാനില്ല; സ്വയം തിരുത്തുക, അതുതന്നെ; അവളുടെ ദിവ്യവരൻെറ മാതൃകയോടു് സ്വയം അനുരൂപമാകുക. അങ്ങനെ സഭയ്ക്കു് തൻെറ മുഖകമലം സമസ്തലോകത്തിൻെറയും മുമ്പാകെ പ്രസന്നമാക്കുവാൻ കഴിയും." ക്രിസ്തുവിനോടുള്ള അവളുടെ വിശ്വസ്തതയെ ഒരു അഗ്നിപരീക്ഷണത്തിനു് വിധേയമാക്കണം. അങ്ങനെ മാനുഷിക ബലഹീനതകളിൽ നിന്നും ഉത്ഭവിക്കുന്ന മാലിന്യങ്ങൾ നീക്കപ്പെടുകതന്നെ വേണം.

പ. പിതാവിൻെറ ഇതരവിജ്ഞാപനവും നാം അവഗണിക്കരുതു്. സത്താപരവും ബഹുമാനാർഹവുമായ സഭയുടെ പാരമ്പര്യത്തെ നാം വിട്ടുകളയാതിരിക്കുവാൻ നമുക്കു് ശ്രദ്ധയുണ്ടായിരിക്കണം.

ഈ പ്രാഥമികപരിചിന്തനങ്ങൾ ഇവിടെ നിൽക്കട്ടെ: ഇനി ചില ചോദ്യങ്ങളിലേക്കു്.

1) പ. സിംഹാസനത്തിൻെറ നയതന്ത്ര പ്രതിനിധികളെന്ന നിലയിലുള്ള ന്യൂൺഷ്യോമാർ, ഇൻററർന്യൂൺഷ്യോമാർ, പേപ്പൽ ഡെലഗേററുകൾ, മുതലായസ്ഥാനങ്ങൾ ഏതിനത്തിൽ പെട്ടതാണു്? മുൻപറഞ്ഞ ആദരണീയവും, സത്താപരവുമായ പാരമ്പര്യത്തിൽ പെട്ടതാണോ? അതു് സർവ്വവിധത്തിലും അലംഘനീയമാണോ? ഈ സ്ഥാനങ്ങൾ സഭയുടെ യഥാർത്ഥഭാവം ആധുനിക മനുഷ്യനിൽ നിന്നു് മറച്ചുകളയുന്ന ഒരു കരിനിഴലായി കരുതുന്നവർ ധാരാളമുണ്ടു്. ഇന്നത്തെ പരിതസ്ഥിതിയിൽ ലൌകികശക്തികളുടെ നയതന്ത്രപ്രസ്ഥാനങ്ങളുടെ അനുകരണമെന്നോണമാണു് ഇതിനെ വീക്ഷിക്കുന്നതു്. ക്രിസ്തുവിൻെറ സഭയെ ലൌകികശക്തികൾക്കു സമാനമാക്കുന്നു. സാമൂഹ്യവും രാഷ്ട്രീയവുമായ തർക്കങ്ങളിൽ സഭ ഏതെങ്കിലും ഒരു ഭാഗത്തു് പാർട്ടിപിടിക്കുന്നവളാണെന്നു് പലരും, ക്രൈസ്തവർതന്നെയും, വിചാരിച്ചുപോകുന്നു. നമ്മുടെ എതിർന്യായങ്ങൾ ഒന്നും ഇവിടെ വിലപ്പോകുന്നില്ല.

2) ഈ നയതന്ത്രപ്രതിനിധികളുടെ മതപരവും, സഭാസംബന്ധവുമായ ചുമതലകൾ പാട്രിയാർക്കിനോ, പ്രൈമെററിനോ, മെത്രാന്മാരുടെ കോൺഫറൻസുകൾ തിരഞ്ഞെടുക്കുന്നവർക്കോ ആയി കൈമാറുവാൻ കാലമായില്ലേ? ഇവർ ഓരോ രാജ്യത്തിൻെറ മനോഭാവം, സംസ്ക്കാരം, പാരമ്പര്യം, ഭാഷ, തുടങ്ങിയവ കൂടുതൽ ഗാഢമായി അറിയാവുന്നവർ ആയിരിക്കും. തങ്ങളുടെ മാതൃഭൂമിയുടെ സ്ഥിതിഗതികളെകുറിച്ചു് കൂടുതൽ ശരിയായ അറിവു് സഭയുടെ കേന്ദ്രമായ റോമിലേക്കു് തയ്യാറാക്കിക്കൊടുക്കാൻ ഇവർക്കു കഴിയും.

അസാധാരണ കാര്യങ്ങൾക്കു് അസാമാന്യ നടപടികൾ വേണ്ടിവന്നേക്കാമെന്നുള്ളതും ഇവിടെ നിഷേധിക്കുന്നില്ല. പല ലൌകികകാര്യങ്ങളിലും സഭയ്ക്കു് ഇടപെടേണ്ടി വന്നേക്കാം. ഈ പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടിവരുമ്പോൾ പ്രമുഖരെ, വിദഗ്ദ്ധരും പ്രാപ്തരുമായ അത്മേനികളെ, സ്ഥലത്തേയോ, രാജ്യത്തേയോ ഹൈരാർക്കി നിർദ്ദേശിക്കുന്നതായിരിക്കും ഉത്തമം. ഈ ആളുകൾ മുഖ്യാചാര്യന്മാരായിരിക്കണമെന്നില്ല; നലം തികഞ്ഞ വിശ്വാസി ആയിരുന്നാൽ മതി.

3) ദൈവത്തിൻെറ സഭയെ ഭരിക്കാൻ പരിശുദ്ധാരൂപി നിയമിച്ചിരിക്കുന്ന മെത്രാന്മാരെക്കാൾ നയതന്ത്രപീഠങ്ങളിൽ നിന്നുള്ള അഭ്യസനത്തെ നമുക്കു് കൂടുതൽ വിശ്വസിക്കാമെന്നാണു് ഭാവമെങ്കിൽ ഇതിനെന്താണു തെളിവു്? സുവിശേഷത്തിൽനിന്നോ വേദവിജ്ഞാനത്തിൽനിന്നോ, നമ്മുടെ അനുഭവത്തിൽ നിന്നോ, ഏതിൽ നിന്നാണു് ഇതിനു് തെളിവുള്ളതു്?

ഈ സ്ഥാനങ്ങൾ ഒരു കാലത്തു് സ്തുത്യർഹങ്ങളായിരുന്നിട്ടുണ്ടു്. അതിനാൽ നമ്മുടെ ബഹുമാനവും ആദരവും അവ അർഹിക്കുന്നുമുണ്ടു്. എന്നാൽ ഇന്നു് ഇവകൊണ്ടു് നാം ആഗ്രഹിക്കുന്ന പ്രയോജനമുണ്ടാകണമെങ്കിൽ, ഞാൻ ഇവിടെ പറഞ്ഞ നിർദ്ദേശങ്ങൾ ഫല

മണിയണമെങ്കിൽ: ഈ സ്ഥാനങ്ങളുടെ ആവശ്യകതയെ ഒന്നു പുനഃപരിശോധന ചെയ്ത് വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. (വേണ്ടിവന്നാൽ, ഈ സ്ഥാനങ്ങളെ നിർത്തലാക്കി ആ സ്ഥാനമുദ്രകളെ, ചരിത്രരേഖകളും തിരുശേഷിപ്പുകളും ശേഖരിച്ചിരിക്കുന്ന മുറികളിൽ സൂക്ഷിക്കുകയും ചെയ്യുക).

---

മൂന്നാം ഭാഗം

# ക്രൈസ്തവ ഐക്യം

## 1 ആറാം പൗലോസ് പാപ്പാ റോമായുടെ മെത്രാൻ.

## നാം സാധിക്കേണ്ടതു്

ആദ്ധ്യാത്മിക തലത്തിൽ അതിപ്രാധാന്യമർഹിക്കുന്ന മൂന്നാമതൊരു ലക്ഷ്യംകൂടിയുണ്ടു്, ഈ കൗൺസിലിനു്. ഇതും നമ്മുടെ മുമ്പിൽ അവതരിപ്പിച്ചതു്, 23–ാംയോഹന്നാൻ പാപ്പാ തന്നെയാണു്: ''ഇതരക്രൈസ്തവരെ''പ്പററിയുള്ള പരാമശം. മിശിഹായിൽ അവർ വിശ്വസിക്കുന്നുണ്ടു്. പക്ഷേ, അവിടത്തോടുള്ള ഐക്യത്തിന്റെ പൂർണ്ണത പരിഗണിച്ചാൽ അവരെ നമ്മോടുകൂടി കണക്കാക്കാൻ പ്രയാസമുണ്ടു്; കാരണം കത്തോലിക്കാസഭയ്ക്കുമാത്രം വാഗ്ദാനം ചെയ്യാൻ സാധിക്കുന്ന ഒന്നാണു് ആ ഐക്യം.

വസ്തുനിഷ്ഠമായി പറഞ്ഞാൽ ഈ ഐക്യം ജ്ഞാനസ്നാനത്തോടെ അവക്കു സ്വായത്തമാണു്; എന്നല്ല, രൂപകാത്ഥത്തിലെങ്കിലും അവരതാഗ്രഹിച്ചുതുടങ്ങിയിരിക്കുന്നതാനും. ഇന്നു പൂർണ്ണപുഷ്ടി പ്രാപിച്ചിരിക്കുന്നതും നമ്മിൽ നിന്നു വേർപെട്ടു നിൽക്കുന്നതുമായ ക്രിസ്തീയ ഘടകങ്ങളിൽ പ്രകടമായി കാണുന്ന അടുത്തകാലത്തെ ചില ചലനങ്ങൾ രണ്ടു കാര്യങ്ങൾ സുതരാം വ്യക്തമാക്കുന്നുണ്ടു്. ക്രിസ്തുവിന്റെ സഭ ഒന്നു മാത്രമേ ആയിരിക്കുവാൻ പാടുള്ളുവെന്നും അതിനാലതു് ഏകമായിരിക്കണമെന്നുമുള്ള ധാരണയാണതിലാദ്യത്തേതു്. നിഗൂഢവും ദൃശ്യവുമായ ഈ ഐക്യം വിശ്വാസ സാരൂപ്യത്തിലൂടെയല്ലാതെ പ്രാപിക്കുക അശക്യമാണു്. ഈ ദ്വിതീയ ആഭിമുഖ്യം ആവിഷ്കരണത്തിലും, പരിവത്തനത്തിലും, നിയമാനുസൃത

സംഘടനകളിലുമെന്നപോലെ പ്രവത്തനരീതികളുടെ ആസ്വാദ്യത യിലും പല വൈവിധ്യങ്ങളും വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും ഒരേ കൂദാശകളിൽ പങ്കുപററിയും ഏകയോഗക്ഷേമമായി ഒരേ സഭാ നിർദ്ദേശങ്ങരംക്കു വിധേയമായും വത്തിച്ചുകൊണ്ടുവേണമിതു പ്രാപിക്കുവാൻ.

സഭയുടെ ഏകത്വത്തിൽ വൈവിധ്യത്തിനുള്ള സാദ്ധ്യതയേയും വേർപ്പെട്ടുനിൽക്കുന്ന സഹോദരങ്ങളുടെ ആ വലിയ സഞ്ചയത്തോടുള്ള സൂനഹദോസിൻെറ സമീപനത്തെയുംപററി ആശങ്കയ്ക്കുവകാശമില്ല. ഇതും ഈ കൗൺസിലിൻെറ ഒരു പ്രത്യേകതയാണ്.

സമ്പൂർണ്ണവും സാർവ്വത്രികവുമായ സഭൈക്യമാണ് സൂനഹദോസിൻെറ ലക്ഷ്യം: അതിൻെറ പ്രാത്ഥനകളും, പരിയത്നങ്ങളും അഭിലാഷങ്ങളും മററൊന്നല്ലതന്നെ. ഈ അഭിവാഞ്ഛ നാളെ യാഥാത്ഥീകരിക്കപ്പെടുമെന്ന പ്രതീക്ഷയോടെയാണ് ഇന്നു നാമങ്ങനെ ചെയ്യുന്നതു്. ഈ കൗൺസിൽ മിശിഹായുടെ ആലയിൽപ്പെടുന്ന ആടുകളെ ഏററം പൂർണ്ണവും വാസ്തവവുമായ അത്ഥത്തിൽ അതിൻെറ സ്വന്തമായി വിളിക്കുകയും പരിഗണിക്കുകയും ചെയ്യുന്നതോടൊപ്പം അതിൻെറ വാതിൽ തുറന്നിടുകയാണ്. ഏക ആലയിൽ ഉരംപ്പെടാത്ത മിശിഹായുടെ അസംഖ്യം ആടുകളെ ആകാംക്ഷാഭരിതമായ പ്രതീക്ഷയോടെ അതു മാടിവിളിക്കുകയാണ്.

അതുകൊണ്ടു് യഥാത്ഥ എക്യുമേനിസത്തിൽ കൂടുതൽ വിശാലവും സാഹോദര്യത്വപൂർണ്ണവുമായ വിധത്തിൽ പങ്കുചേരുവാനുദ്ദേശിക്കപ്പെട്ടിട്ടുള്ള ഈ സൂനഹദോസ്, ക്ഷണനത്തിൻേറതാണ്, പ്രതീക്ഷയുടേതാണ്, പ്രത്യാശയുടേതുമാണ്.

നിരീക്ഷകരായി ഈ മഹാസമ്മേളനത്തിൽ സംബന്ധിച്ചിരിക്കുന്ന ക്ഷണിതാക്കളോടു്, കത്തോലിക്കാസഭയിൽനിന്നു പിരിഞ്ഞുപോയ ക്രൈസ്തവസഭാവിഭാഗങ്ങളുടെ പ്രതിനിധികളോടു് സംസാരിക്കുവാൻ നാം ആഗ്രഹിക്കുകയാണ്. ഏററം ഹൃദയപൂർവ്വം നാമവരെ സ്വാഗതം ചെയ്യുന്നു. അവരുടെ സഹകരണത്തിനു് നാം നന്ദി പറയുന്നു. അവർ പ്രതിനിധാനം ചെയ്യുന്ന അനുഗൃഹീത ക്രിസ്റ്റീയസമൂഹങ്ങരംക്കു് അവരുടെ ഒരു പിതാവും ഒരു സഹോദരനുമെന്ന നിലയിൽ അവർവഴി നമ്മുടെ സന്ദേശം നാമയയ്ക്കുന്നു.

അവരുടെ ഇവിടത്തെ സാന്നിദ്ധ്യം പ്രദാനം ചെയ്യുന്ന വണ്ണനാതീതമായ ആത്മസംതൃപ്തിയും അമോഘമായ പ്രതീക്ഷയും നമ്മെ കോരംമയിർ കൊള്ളിക്കുന്നതുപോലെതന്നെ സുദീർഘമായ അവരുടെ വേർപാടിൻെറ സ്മരണ നമ്മെ വികാരതരളിതനാക്കുകയും ചെയ്യുന്നതുകൊണ്ടു് തുടിക്കുന്ന ഹൃദയത്തോടും വിറയ്ക്കുന്ന ശബ്ദത്തോടും കൂടിയാണ് നാമിവിടെ നിൽക്കുന്നതു്.

ആ വേർപാടിനു് ഏതെങ്കിലും വിധത്തിൽ നമ്മരം കാരണക്കാരായിട്ടുണ്ടെങ്കിൽ വിനീതമായി ദൈവത്തോടു നാം മാപ്പു യാചിക്കുന്നു. നമ്മുടെ ഉപദ്രവമേൽക്കേണ്ടിവന്നിട്ടുണ്ടെന്നു സ്വയം ക

രുതുന്ന സഹോദരങ്ങളോട് നാം മാപ്പു ചോദിക്കുന്നു. കത്തോലിക്കാ സഭ സഹിക്കേണ്ടിവന്നിട്ടുള്ള പീഡനങ്ങളെ നമ്മുടെ ഭാഗത്തുനിന്നു നാമും പൂർണ്ണമനസ്സോടെ ക്ഷമിക്കുന്നു. അതോടൊപ്പം അനൈക്യത്തിന്റെയും ചേരിതിരിവിന്റെയും നീണ്ട കാലഘട്ടം വരുത്തിവച്ച സങ്കടത്തെ നാം വിസ്മരിക്കുന്നു. സ്വർഗ്ഗപിതാവ്, നമ്മുടെ പ്രാർത്ഥനകൾ ശ്രവിക്കുകയും പരമാർത്ഥമായ സാഹോദര്യശാന്തി നമുക്കേകുകയും ചെയ്യട്ടെ!

പഠിക്കേണ്ടതും, പരാമർശിക്കേണ്ടതും, പ്രതിവിധി നിർദ്ദേശിക്കേണ്ടതുമായി കുഴഞ്ഞുമറിഞ്ഞ ഗൗരവാവഹങ്ങളായ പല പ്രശ്നങ്ങളും ഇനിയുമവശേഷിക്കുന്നുണ്ടെന്നുള്ള ബോദ്ധ്യം നമുക്കുണ്ട്. "നമ്മെ നിർബന്ധിച്ചുകൊണ്ടിരിക്കുന്ന" മിശിഹായോടുള്ള സ്നേഹം പെട്ടന്നുതന്നെ അതു സുസാദ്ധ്യമാക്കുമെന്നു നാം പ്രതീക്ഷിക്കുന്നു. എങ്കിലും ചാരിതാർത്ഥ്യജനകമായ നിഗമനങ്ങളിലെത്തിച്ചേരുന്നതിനുമുമ്പ് പല വ്യവസ്ഥകളും, ഇനിയും പരിപക്വമാകാത്ത പല വ്യവസ്ഥകളും ഈ പ്രശ്നങ്ങളുടെ നിർദ്ധാരണത്തിനാവശ്യമാണെന്നും നമുക്കറിയാം. അതുകൊണ്ട് പരിപൂർണ്ണ ഐക്യത്തിന്റെ ആ സുപ്രഭാതത്തിനുവേണ്ടി ക്ഷമാപൂർവ്വം കാത്തിരിക്കാനും നാമൊരുക്കമാണ്.

ഇവിടെ സമാഗതരായിരിക്കുന്ന നിരീക്ഷകരുടെ സമക്ഷം ചില കാര്യങ്ങൾ ഉറപ്പിച്ചുപറയുവാൻ നാം ആഗ്രഹിക്കുന്നു. അവ വേർപെട്ടുപോയ സഹോദരങ്ങളുമായുള്ള പുനരൈക്യത്തിൽ നമ്മുടെ നിലപാടിനെ വ്യക്തമാക്കുന്ന ചില കാര്യങ്ങളാണ്. നിരീക്ഷകർ, തങ്ങളുമായി ബന്ധപ്പെട്ട ക്രിസ്തീയസമൂഹങ്ങൾക്കു ഇക്കാര്യങ്ങൾ അറിയിച്ചുകൊടുക്കുവാൻവേണ്ടിയത്രേ ഇവ അവരെ അറിയിക്കുന്നതു്.

നമ്മിൽനിന്നകന്നു നിൽക്കുന്നവരും ഈ കൗൺസിലിൽ സംബന്ധിക്കുവാൻ നാം നൽകിയ സ്വാതന്ത്ര്യമായ ക്ഷണം സ്വീകരിക്കാതിരുന്നവരുമായ മററു അനുഗൃഹീത ക്രിസ്തീയസമൂഹങ്ങളിലും നമ്മുടെ സ്വരം ചെന്നുചേരാനിടവരട്ടെ. പരക്കെ അറിയപ്പെടുന്ന ചില തത്വങ്ങളാണെങ്കിലും ഇവിടെ അവ ആവർത്തിക്കുന്നതു ഉപകാരപ്രദമായിരിക്കുമെന്നു നമുക്കു തോന്നുന്നു.

നാമവയെ പരാമർശിക്കുന്നതു സൗഹൃദബോധത്തോടും തികഞ്ഞ ആത്മാർത്ഥതയോടും, വിധേയത്വ മനഃസ്ഥിതിയോടും കൂടിയാണ്. യാതൊരുടക്കും അതിലില്ല. കേവലം താൽക്കാലികമായ ഒരു താല്പര്യവുമിതിനു പിന്നിലില്ല. ദൈവികമെന്നു നാം കരുതുന്ന നമ്മുടെ വിശ്വാസത്തോട് കലവറയില്ലാത്തതും സുദൃഢവുമായ ബന്ധം പുലർത്തുവാൻ നാം ബാദ്ധ്യസ്ഥനാണ്.

എന്നാൽ അതേ സമയംതന്നെ ഇതു് കർത്താവിൽ നിന്നുള്ളസത്യവും ഐക്യത്തിനു നിദാനവുമായതുകൊണ്ട് വേർപിരിഞ്ഞുനില്ക്കുന്ന നമ്മുടെ സഹോദരന്മാരുമായി അഭിലഷണീയമായ പരസ്പര

ധാരണ പുലർത്തുന്നതിനു് ഇതൊരു വിലങ്ങുതടിയായി നില്ക്കുകയില്ലെന്ന ബോദ്ധ്യവും നമുക്കുണ്ടു്. കാരണം, എന്തുതന്നെയായാലും നമ്മുടെ വിശ്വാസം വിവാദത്തിനുള്ള ഒരവസരമാകുവാൻ നാം ആഗ്രഹിക്കുന്നില്ല.

അടുത്തതായിട്ടു്, പൊതുവായി നാം അവകാശപ്പെടുന്ന മതപരമായ ആ പിതൃധനത്തെ ബഹുമാനപൂർവ്വം നാം അഭിവീക്ഷിക്കുന്നു. വേർപെട്ടുനില്ക്കുന്ന നമ്മുടെ സഹോദരങ്ങൾ അതു കാത്തുസൂക്ഷിക്കുകയും ഭാഗികമായിട്ടെങ്കിലും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. സത്യത്തിൻെറയും *യഥാർത്ഥമായ ആദ്ധ്യാത്മികത്വത്തിൻെറയും നിധിയെ ബഹുമാനിക്കുന്നതിനും പരസ്യപ്പെടുത്തുന്നതിനുമായി തികഞ്ഞ ആത്മാർത്ഥതയോടെ അവർ നടത്തിയിട്ടുള്ള പഠനങ്ങളെ അനുസ്മരിക്കുവാൻ നമുക്കു സന്തോഷമുണ്ടു്. അവരുമായുള്ള നമ്മുടെ ബന്ധങ്ങളെ മെച്ചപ്പെടുത്തുവാൻ അവ സഹായിക്കും.

അവക്കിന്നാഗ്രഹമുണ്ടു്, നമ്മുടെ ചരിത്രത്തേയും മതപരമായ അനുഷ്ഠാനങ്ങളേയും പററി കൂടുതൽ അറിയുവാൻ. അതുപോലെതന്നെ, നമ്മുടെ പഠനങ്ങളെയും, ദൈവിക വെളിപാടിൻെറ ഭണ്ഡാഗാരത്തിൽനിന്നുള്ള അവയുടെ യൗക്തികമായ ആഗമനത്തെയും പററി അടുത്തറിയുവാൻ അവർ ആഗ്രഹിക്കുമെന്നു നാം വിശ്വസിക്കുന്നു.

സർവ്വോപരി, നാം ആഗ്രഹിക്കുന്ന ഈ ഐക്യത്തിനു മാർഗ്ഗതടസ്സം വരുത്തുന്ന ഒട്ടേറെ വിഘ്നങ്ങളെപ്പററിയും നാം ബോധവാനാണു്. അതുകൊണ്ടു് നമ്മുടെ പ്രത്യാശ എളിമയോടെ ദൈവത്തിൽ നാം അർപ്പിക്കുന്നു. നമ്മുടെ പ്രാത്ഥന തുടർന്നുകൊണ്ടിരിക്കാം. യഥാർത്ഥമായ ക്രിസ്തീയജീവിതം നയിച്ചുകൊണ്ടും സഹോദരസ്നേഹമഭ്യസിച്ചുകൊണ്ടും നമ്മുടെ യത്നങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട സാക്ഷ്യം നൽകുവാൻ നമുക്കു ശ്രമിക്കാം. ചരിത്രയാഥാത്ഥ്യങ്ങൾ നമ്മുടെ പ്രതീക്ഷകൾക്കെതിരായി പൊന്തിവരുമെന്നു ഭയപ്പെടുമ്പോൾ ക്രിസ്തുനാഥൻെറ സാന്ത്വനപ്രദങ്ങളായ വാക്കുകൾ നമുക്കോമ്മിക്കാം. ''മനുഷ്യക്കു സാദ്ധ്യമല്ലാത്തതു് ദൈവത്തിനു സാദ്ധ്യമാണു്.'' (ലൂക്കാ 18:27)

## 2
കാർഡിനൽ ജെ. ഹ്യൂംബെർട്ടോ കവിന്തേറൊ
കാരക്കാസിലെ മെത്രാപ്പോലീത്താ
വെനിസ്വലാ.

# ഏററു പറയാം

ഇങ്ങനെയൊരു സൂനഹദോസ് സമ്മേളിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നുള്ള വാർത്ത ആദ്യമായി പുറത്തുവന്ന നിമിഷത്തിൽ ആഗോളവ്യാപകമായി തിരയടിച്ചുയർന്ന ആ ചിരന്തന പ്രതീക്ഷയുടെ സ്മരണ നമ്മിലുണ്ടെങ്കിൽ നമുക്കു കാണാം എത്ര പ്രാധാന്യമർഹിക്കുന്ന ഒരു കാര്യത്തെപ്പററിയാണ് നാമിപ്പോൾ സംവാദത്തിലേപ്പെട്ടിരിക്കുന്നതെന്ന്. ലോകമാസകലമുള്ള ജനങ്ങൾ വിശ്വസിച്ചു, ക്രിസ്തീയനാമത്തിൽ അഭിമാനംകൊള്ളുന്ന സഭകളുടെ ഐക്യം വീണ്ടെടുക്കുകയാവും ഈ കൗൺസിലിൻെറ ഉദ്ദേശമെന്ന്; അവരുടെ ആ പ്രതീക്ഷകൾ ഇന്നും നിലനില്ക്കുകയാണ്. അതുകൊണ്ട് എക്യുമേനിസത്തിൻെറ പരമപ്രാധാന്യത്തെപററിമാത്രം പറഞ്ഞുകൊണ്ടിരുന്നാൽ അതൊരു സമയനഷ്ടമാകും.

മനുഷ്യവർഗ്ഗം എല്ലാ മണ്ഡലങ്ങളിലും ഐക്യംസ്ഥാപിക്കുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിതെന്നുവേണം പറയുവാൻ. ഒന്നു വ്യക്തമാണ്: ജനപദങ്ങൾ തമ്മിലുള്ള ആശയവിനിമയം ക്ഷിപ്രസാദ്ധ്യമാക്കിത്തീർത്തിരിക്കുന്ന ഇന്നത്തെ ശാസ്ത്രീയനേട്ടങ്ങൾ ഈ ഐക്യത്തിൽ ഒരു വലിയ പങ്കുവഹിച്ചിട്ടുണ്ട്. പക്ഷേ, ഐക്യത്തിനുവേണ്ടിയുള്ള ഏററം ഉൽക്കടമായ ആഗ്രഹാവേശം ദൃശ്യമാകുന്നത് ആദ്ധ്യാത്മികതലത്തിലാണ്, മതപരമായ പശ്ചാത്തലത്തിലാണ്. അതുകൊണ്ട് തീർച്ചയായും നമുക്കു പറയുവാൻ സാധിക്കും, നമ്മുടെ കർത്താവീശോമിശിഹായുടെ അഭിലാഷം—ഒരു തൊഴുത്തും ഒരിടയനുമായിക്കാണുവാനുള്ള ആഗ്രഹം ഇന്നുസാർവ്വത്രികമായിരിക്കുന്നുവെന്ന്. തിരുസഭ ശ്രദ്ധാപൂർവ്വം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്, മനുഷ്യരെ ഐക്യത്തിൻെറ ഈ അന്ത്യഫലത്തിലെത്തിക്കാൻ. അതേ, ആത്മാക്കളുടെ നിത്യരക്ഷയാണതിൻെറ ലക്ഷ്യം. ഈ സ്കേമാ (schema) തന്നെ അതിനൊരു തെളിവാണ്.

സഭയുടെ ആന്തരിക നവീകരണം, ഹൃദയപരിവർത്തനം, ജീവിതവിശുദ്ധി ഇവയെ യഥാർത്ഥ എക്യുമേനിസത്തിൻെറ അസ്ഥിവാരമെന്ന നിലയിലാണ് ഈ സ്കീമായിൽ അവതരിപ്പിച്ചിരിക്കുന്നതു്. അങ്ങനെ സഭയുടെ സൗന്ദര്യം എല്ലാവരുടേയും മുമ്പിൽ പ്രകാശിക്കുന്നതിനും അപരിചിതരെ ആകർഷിക്കുന്നതിനുമതു സഹായിക്കും. കാരണം, സൗന്ദര്യത്തിൻെറ ആകർഷണശക്തി അപാരമാണ്. പക്ഷേ സത്യത്തിൻെറ പ്രകാശമാണ് സൗന്ദര്യം എന്നതാണല്ലോ പ്രസിദ്ധമായ നിർവ്വചനം. അതുകൊണ്ട് സഭ അവളുടെ സത്യത്തിൻെറ നിധി എമ്പാടും പരത്തണം. ഞാനുദ്ദേശിക്കുന്നതു് ആവിഷ്കൃത വിശ്വാസസത്യങ്ങൾ മാത്രമല്ല; മറിച്ച്, ചരിത്രസത്യങ്ങളെ ഉൾക്കൊള്ളുന്ന സഭയുമായി ബന്ധപ്പെട്ട തത്വസംഹിതമുഴുവനേയുമാണ്.

ചരിത്രത്തിൻെറ വഴിത്തിരിവിൽ തിരുസഭയിൽ നിന്ന് സംഭവിച്ചിട്ടുള്ള വേർപിരിവിൻെറ ഉത്ഭവസ്ഥാനങ്ങളെപ്പററി പരാമർശിക്കുമ്പോൾ കുററം മുഴുവൻ സാധാരണയായി സഭയിൽനിന്നു ഭിന്നിച്ചുപോയവരുടെ തലയിൽ കെട്ടിവയ്ക്കുവാൻ നാം തത്രപ്പെടാറുണ്ട്. 12–ാം പീയൂസിൻെറ വാക്കുകളിൽ പറഞ്ഞാൽ "കൂടുതൽ ശാന്തമായി പരിശോധിക്കുകയും, കോപവികാരത്തിൽനിന്നും ബാലിശമായ തീക്ഷ്ണതയിൽ നിന്നും മോചനം നേടുകയും ചെയ്തുകൊണ്ട്" ചരിത്ര വസ്തുതകളെ അവധാനപൂർവ്വം വീക്ഷിക്കുകയും നിരീക്ഷിക്കുകയും ചെയ്താൽ നാമേററു പറയേണ്ടിവരും ഈ ഭിന്നിപ്പുകളുടെ അപരാധത്തിൽ നിന്നു നാം പൂർണ്ണമായും സ്വതന്ത്രരല്ലെന്ന്. ഉദാഹരണത്തിനായി 16–ാം നൂററാണ്ടിലെ ശോകസങ്കലമായ നവീകരണത്തിൻെറ (Reformation) കാര്യമെടുക്കാം നവോത്ഥാന (Renaissance) സാഹിത്യപ്രേമത്തോടൊപ്പം ഒരു വിജാതീയ ജീവിതവീക്ഷണത്തോടൊട്ടിച്ചേർന്ന്, ലജ്ജാരഹിതമായി ക്രിസ്തീയസുകൃതങ്ങളിൽനിന്നും, പുണ്യപൂർണ്ണതാപഥത്തിൽനിന്നും ഹീനമായി തെററിമാറി ജീവിച്ച അനേകം വൈദികാദ്ധ്യക്ഷന്മാരാണ് ക്രൈസ്തവസഭയിലെ ആ പൊട്ടിത്തെറിക്കലിൻെറ ഉത്തരവാദികളിൽ ഒരു നല്ലഭാഗം. അനന്തരകാലത്തു് സത്യം സ്ഥാപിച്ചുറപ്പിക്കുവാൻ നിശിതമായ വാഗ്വാദങ്ങൾ ആവശ്യമായിവന്നപ്പോഴും ഉപവിയുടെ ആ നിയമം— അതേ, തെററിനെ നാം എതിർക്കണം, എന്നാൽ തെററുചെയ്ത ആളിനെ നാം സ്നേഹിക്കണം എന്ന ആ നിയമം എല്ലായ്പ്പോഴുമോ എല്ലാ സ്ഥലത്തുമോ നാം ആദരിച്ചിട്ടില്ല. മനുഷ്യബലഹീനത മിശിഹായുടെ മണവാട്ടിയുടെ സുന്ദരമായ മുഖത്തെ കുറെയൊക്കെ വിരൂപമാക്കിയ ചുളിവുകളാണവ.

വീണ്ടും രമ്യപ്പെടണമെന്നുള്ള ശരിയായ ആഗ്രഹത്താൽ നാം പ്രബുദ്ധരായിരിക്കുന്ന ഈ അവസരത്തിൽ എക്യുമേനിസം അതിൻെറ യഥാർത്ഥമായ രൂപത്തിൽത്തന്നെ നമുക്കാരംഭിക്കാം. കഴി

ഞ്ഞകാലത്തു നടന്ന വേർപാടിൻെറ അപരാധങ്ങൾ മറച്ചുവച്ചുകൊണ്ടല്ല; ഏററംവിനീതമായി അവ ഏററുപറഞ്ഞുകൊണ്ടുതന്നെ. പരമപ്രാധാന്യമർഹിക്കുന്ന ഈ കർത്തവ്യം നേരായ മാർഗ്ഗത്തിലൂടെ നമുക്കാരംഭിക്കാം. സർവ്വ അപരാധങ്ങളിൽ നിന്നും സ്വതന്ത്രനാണെന്നു സ്വയം നീതീകരിച്ച അന്യാപദേശത്തിലെ ആ ഫ്രീശനേപ്പോലെയാകാതെ എളിയവനായ ആ ചുങ്കക്കാരനെപ്പോലെ തകന്ന ഹൃദയത്തോടെ നമുക്കും മാറത്തടിക്കാം. ഈ സൂനഹദോസിൻെറ ദ്വിതീയ സമ്മേളനോത്ഘാടനാവസരത്തിൽ നമ്മുടെ പരിശുദ്ധ പിതാവു് പൗലോസു് ആറാമൻ ഈ ഹോളിൽ വച്ചു ചെയ്ത പ്രസംഗംവഴി ഏററം ഹൃദ്യമായ രീതിയിൽ നിർവ്വഹിച്ചതും അതുതന്നെയാണല്ലൊ. വികാരാവേശംകൊണ്ടു് അവിടത്തെ സ്വരം എങ്ങനെ വിറച്ചിരുന്നുവെന്നു ശ്രവിക്കുവാൻ തീർച്ചയായും നിങ്ങൾക്കേവെക്കും സാധിക്കുമായിരുന്നു. അവിടത്തെ ആത്മാവിനെ കോൾമയിർ കൊള്ളിച്ച ആ ഹൃദയചലനം നിങ്ങൾക്കു ദർശിക്കുവാൻ കഴിയുമായിരുന്നു. ഏതൊരാത്മാർത്ഥതയോടെ അവിടുന്നു സംസാരിച്ചുവോ അതിൻെറ പ്രത്യക്ഷലക്ഷണമായിരുന്നു അതു്.

ലളിതമായ എൻെറ ഈ കൊച്ചുപ്രസംഗത്തിനുശേഷം ഒരു നിർദ്ദേശം ഉന്നയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണു്: തിരുസഭാസന്താനങ്ങളാൽ തങ്ങൾ ഉപദ്രവിക്കപ്പെട്ടുന്നുവെന്നു് നമ്മുടെ വേർപെട്ടുനില്ക്കുന്ന സഹോദരങ്ങൾ വിശ്വസിക്കുന്നെങ്കിൽ, കർത്താവിൻെറ അജഗണത്തിൽ ഇന്നുവരെ സംഭവിച്ചിട്ടുള്ള വേർപാടുകളിൽ ഖേദംപ്രകടിപ്പിക്കുകയും നമ്മുടെ പരിശുദ്ധപിതാവു് പൗലോസു് ഷഷ്ഠമൻെറ പാദരേണുക്കളെ പിൻതുടരുകയും ചെയ്തുകൊണ്ടു്, ഈ വിശുദ്ധസമ്മേളനം അവരോടു മാപ്പുചോദിക്കുന്ന ഒരു പ്രസ്താവന പുറപ്പെടുവിക്കുന്നതു നന്നായിരിക്കും. അതുപോലെതന്നെ തിരുസഭയ്ക്കു ഏതെങ്കിലും വിധത്തിലുള്ള ഉപദ്രവമവരിൽ നിന്നുണ്ടായിട്ടുണ്ടെങ്കിൽ സ്നേഹപൂർണ്ണയായ ഒരമ്മയെപ്പോലെ അതു പൂർണ്ണമായി ക്ഷമിക്കുന്നുവെന്നു്, സ്നേഹാദ്രപിയോടെ ക്ഷമിക്കുന്നുവെന്നു് കാണിച്ചുകൊടുക്കുകയും ചെയ്യാം.

3 സ്റ്റീഫൻ എ. ലെവെൻ,
സാൻ അൻേറാണിയോയുടെ സഹായമെത്രാൻ,
ഐക്യസംസ്ഥാനങ്ങൾ.

## എക്യുമേനിസത്തിൻെറ അപകടങ്ങൾ?

എക്യുമേനിസത്തിൻെറ തത്വങ്ങളേയും പ്രായോഗികതയേയും കുറിച്ചു പറയുവാനാണു ഞാനാഗ്രഹിക്കുന്നതു്.

ദിവസംതോറും കൂടുതൽ വ്യക്തമായിക്കൊണ്ടിരിക്കുകയാണു് സംസർഗ്ഗത്തിൻെറ (Dialogue) ആവശ്യം. പ്രോട്ടസ്റ്റൻറുകാരുമായി മാത്രമല്ല, നമ്മൾ മെത്രാന്മാർ തമ്മിലും അതാവശ്യമാണു്,

കാരണം, സൂനഹദോസ്സിൽ പലപ്പോഴും നമ്മോടു സംസാരിക്കാറുള്ള ചില പിതാക്കന്മാരുണ്ടു്. അവരുടെ സംസാരത്തിൽ വി. വേദപുസ്തകത്തിലെ ഏകവാക്യം വി. മത്തായി 16:18, ''നീ പാറയാകുന്നു, ഈ പാറമേൽ എൻെറ പള്ളി ഞാൻ പണിയും'' എന്നതുമാത്രമാണെന്നു തോന്നിപ്പോകുന്നു. അവർ ഇടപെടുമ്പോഴെല്ലാം മെത്രാന്മാരുടെ സംയുക്താധികാരത്തിനെതിരായി (Collegiality) വാദിക്കുന്നു. അവരുടെ പ്രസംഗങ്ങളിലും അപലപനങ്ങളിലും തങ്ങിനില്ക്കുന്നുണ്ടു്, പത്രോസിനും തൻെറ പിൻഗാമികൾക്കുമെതിരാണു നമ്മളെന്ന ധ്വനി. എന്നല്ല, നമ്മുടെ അജഗണത്തിൽ നിന്നും അവരുടെ വിശ്വാസം നാം തട്ടിമാററി ഒരുമാതിരി മതനിഷ്പക്ഷമനോഭാവം (indifferentism) അവരിലുളവാക്കാൻ ആഗ്രഹിക്കുന്നവരാണോ നാം എന്നുപോലും തോന്നിപ്പോകും.

''അവർ നമ്മുടെ സഹോദരന്മാരാകുന്നു; 'സ്വർഗ്ഗസ്ഥനായ പിതാവേ'. . . എന്ന പ്രാർത്ഥന നിറുത്താത്ത കാലത്തോളം അവർ നമ്മുടെ സഹോദരന്മാരായിരിക്കുകയും ചെയ്യു''മെന്ന വി. അഗസ്റ്റീനോസിൻെറ വാക്യം നമ്മുടെ ഈ കാലത്തു് പരിശുദ്ധ 23-ാം യോഹന്നാൻ പാപ്പാ ഒരിക്കലുമുപയോഗിച്ചിട്ടില്ലെന്നു തോന്നും അവരുടെ സംസാരം കേട്ടാൽ. ''ഭൂമിയിൽ സമാധാനം'' (Pacem in Terris) എന്ന വിശ്വലേഖനത്തിലൂടെ ഓരോരുത്തർക്കുമുള്ള മനഃസാക്ഷി സ്വാതന്ത്ര്യത്തെപററിയുള്ള പഠനംമുഴുവൻ ശുദ്ധാത്മാക്കൾക്കൊരു

ഭീഷണിയാണെന്നു സംശയിക്കത്തക്ക തരത്തിലാണവരുടെ പെരുമാററം.

വ്യക്തമായ അടയാളങ്ങളാൽ മററു സഭാശരീരങ്ങളിലെ വ്യക്തികളിലുള്ള പരിശുദ്ധാരൂപിയുടെ ദാനങ്ങൾക്ക പ്രത്യുത്തരം നൽകുവാൻ നിർബന്ധിക്കപ്പെട്ടിട്ടെന്നുതോന്നുമാറു്, വിശ്വാസത്തെ നിഷേധിക്കുകയും നിഷ്ഫലങ്കർക്കു വലിയ ഇടർച്ചയ്ക്കു ഹേതുവാകുകയും ചെയ്ത മെത്രാന്മാരെ എന്നപോലെ ഈ ഹോളിൽവച്ചു് അവർ നമ്മെ വീണ്ടും വീണ്ടും കുററപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

പള്ളികളിൽവച്ചു തങ്ങളുടെ സന്താനങ്ങൾക്കു ശിക്ഷണം നൽകുന്നതിനുപകരം ഒരു പക്ഷേ, ഒരിക്കൽപോലും കണ്ടിരിക്കുകൂടി ചെയ്തിട്ടില്ലാത്ത അകത്തോലിക്കരെ അധിക്ഷേപിക്കുന്നതിനാണവർ മുൻഗണന നൽകുന്നതു്. അല്ലെങ്കിൽ പിന്നെഎന്തിനാണു് എക്യുമേനിസത്തിൻെറ സൽഫലങ്ങളുടെ നേരെ അവർ ഇത്ര ആശങ്കകാണിക്കുന്നതു്? എന്തുകൊണ്ടു് അവരുടെ ജനങ്ങൾക്കു് ഉപരിപരിശീലനം നൽകാതിരിക്കുന്നു? എന്തുകൊണ്ടാണവർ മടികാണിക്കുന്നതു്, തങ്ങളുടെ ജനങ്ങളെ അവരുടെ ഭവനങ്ങളിൽചെന്നു സന്ദർശിക്കുവാൻ? എന്തുകൊണ്ടവരുടെ ഇടവകകളിൽ ഇല്ലാതെ പോകുന്നു, സജീവവും പ്രവൎത്തനനിരതവുമായ ക്രിസ്തീയപഠനങ്ങളുടെ ഒരു ഭക്തസംഘടന?

എക്യുമേനിസത്തിൽ നിന്നും പൊന്തിവരുന്ന അപകടങ്ങൾ പർവ്വതീകരിക്കപ്പെടാം. പരിശുദ്ധപിതാവിനോടു സ്നേഹമില്ലാത്തവരോ വിധേയത്വമില്ലാത്തവരോ അല്ല, അകത്തോലിക്കരുമായി ആത്മാൎത്ഥവും ഫലപ്രദവുമായ സംസർഗ്ഗത്തിലേർപ്പെടുവാൻ ശ്രമിക്കുന്ന വൈദികാദ്ധ്യക്ഷന്മാർ. ഞായറാഴ്ച ദിവ്യബലിക്കണയാതിരിക്കുകയും, കൂദാശകൾ പരിത്യജിക്കുകയും കമ്യൂണിസ്റ്റുകാൎക്കു വോട്ടുകൊടുക്കുകയും ചെയ്യുന്നവർ ഞങ്ങളുടെ ആളുകളല്ല.

ആറാംപൗലോസ് പാപ്പായുടേയും 23—ാംയോഹന്നാൻ പാപ്പായുടേയും സർവ്വജനീനവും പുനരാവൎത്തിതവുമായ (വാക്കാലും മാതൃകയാലും) അഭിലാഷങ്ങളെ ശിഥിലമാക്കുന്നതു ഞങ്ങളല്ല. വി. പൗലോസ് പ്രസ്താവിക്കുന്നതുപോലെ (1തിമോ.2:4) "സകലമനുഷ്യരും രക്ഷപ്രാപിക്കണമെന്നും സത്യത്തിൻെറ അറിവിലേക്കു തിരിയണമെന്നും ഇച്ഛിക്കുന്ന" ദൈവത്തിൻെറ അഭീഷ്ടത്തെപ്പററി എന്തു പറയുന്നു? "നിങ്ങൾക്കു വിരോധിയല്ലാത്തവൻ നിങ്ങൾക്കനുകൂലിയാകുന്നു" (മൎക്കോ. 9:40) എന്നു് മിശിഹാ തന്നെ അരുൾ ചെയ്തിട്ടുണ്ടതാനും.

ഞങ്ങളുടെ കത്തോലിക്കർ നല്ല കത്തോലിക്കരാണു്. മെത്രാന്മാരായ ഞങ്ങളോടും, തിരുസഭാമാതാവിനോടും, പരിശുദ്ധ പിതാവിനോടും അനുസരണമുള്ളവരാണു്. അദ്ധ്വാനിക്കുന്ന ജനവിഭാഗം ഞങ്ങൾക്കു നഷ്ടപ്പെട്ടിട്ടില്ല. അവരാണു് സഭയുടെ അസ്ഥിവാരവും ആലംബവും.

സൂനഹദോസിലെ അനുഗൃഹീതരായ സഹോദരന്മാരേ, എനിക്കൊരഭ്യത്ഥനയുണ്ട്. പരസ്പരം കരിതേച്ചുകാണിക്കുന്ന ആ ഇടർച്ചയ്ക്കൊരവസാനമിടണം. എക്യൂമേനിസമെന്നറിയപ്പെടുന്ന ദൈവപരിപാലനയുടെ ഈ നീക്കത്തെ പഠിക്കുകയും പരിശോധിക്കുകയും ചെയ്തുകൊണ്ട് ക്രമീകൃതമായ വിധത്തിൽ നമുക്കു മുമ്പോട്ടുപോകാം. അങ്ങനെ അവസാന അത്താഴാവസരത്തിൽ കത്താവായ യേശു പ്രാത്ഥിച്ച ഐക്യം ക്ഷമയോടും എളിമയോടുംകൂടി നമുക്കു നേടാം. വി. പൗലോസ് എഴുതിയിരിക്കുന്നു: (1കോറ. 13:13) ''എന്തെന്നാൽ നിലനില്ക്കുന്നവ ഇവ മൂന്നുമാകുന്നു; വിശ്വാസം, പ്രതീക്ഷ, സ്നേഹം. ഇവയിൽ പ്രധാനമായതു സ്നേഹംതന്നെ.''

---

4 കാശ്മീർ മോർച്ചീള്ളോ,
സ്പെയിനിലുള്ള സറഗോസായുടെ
മെത്രാപ്പോലീത്താ.

# സംഭാഷണം സാദ്ധ്യമാണ്

1. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പരിപാടിയിൽ (agenda) ഉരംക്കൊള്ളിച്ചിരിക്കുന്ന എക്യൂമേനിസമെന്ന ഈ വിഷയത്തെ തികഞ്ഞ ആനന്ദപ്രഹർഷത്തോടെ ഞങ്ങരം സ്വാഗതം ചെയ്യുന്നു. ഇതുപോലെയുള്ള ഒരു വിഷയം ഇദംപ്രഥമമായിട്ടാണ് ഒരു സാർവ്വത്രികസമ്മേളനത്തിൽ ചർച്ച ചെയ്യപ്പെടുന്നത്.

സഭയുടെ സാരവത്തായ ഐക്യത്തെ വിശ്വസ്തതാപൂർവ്വം കാത്തുസൂക്ഷിക്കുക എന്ന കടമയിൽ സഭ വീഴ്ചവരുത്തി എന്ന് ഇതിൽനിന്നും അത്ഥമാക്കേണ്ടതില്ല. ആ ഐക്യത്തെ അവരം അനുദിനവും അവളുടെ ദിവ്യമണവാളന്റെ കരങ്ങളിൽ ഭരമേല്പിക്കുകയും കരുണാപൂർവ്വം അതിനെ ശക്തിപ്പെടുത്തുവാൻ പ്രാത്ഥിക്കുകയും ചെയ്യുന്നുണ്ട്. അവളിൽനിന്നും പിരിഞ്ഞുപോയ എല്ലാവക്കുംവേണ്ടി മാതൃകരങ്ങരം നീട്ടിക്കൊടുക്കുവാൻ പ്രേരിപ്പിക്കുന്ന മാതൃസ്നേഹം അവരം ഉപേക്ഷിച്ചുകളഞ്ഞു എന്ന് ഇതിൽനിന്ന് അത്ഥമാകുന്നില്ല. ദു:ഖവെള്ളിയാഴ്ചയിലെ ആരാധനക്രമത്തിലെ പ്രാത്ഥനകരം അവളുടെ ഈ മാതൃസ്നേഹത്തെ വിളിച്ചറിയിക്കുന്നുണ്ട്.

പിന്നെന്തുകൊണ്ട് ഈ വിഷയം നാമിവിടെ അവതരിപ്പിക്കുന്നു? അതിനുള്ള കാരണം സുവിദിതമാണ്. ''സഭയുടെ നൂററാണ്ട്'' (The century of the church) എന്നറിയപ്പെടുന്ന ഈ കാലത്തു ജീവിക്കുന്ന നാം രണ്ടാം വത്തിക്കാൻ സൂനഹദോസ്‌വഴി സഭയെ

പ്പററി അവഗാഢമായ ഒരു പഠനം നടത്തുവാൻ ശ്രമിക്കുമ്പോൾ അവളുടെ യഥാർത്ഥസ്വഭാവത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്നതും സഭാ ഐക്യത്തെ ലക്ഷ്യമാക്കി ഊർജ്ജിതമായി പ്രവർത്തിക്കുന്ന എക്യൂമേനിസമെന്ന സംരംഭത്തെ സാരമായി സ്പർശിക്കുന്നതുമായ ഒരു ഘടകം നിശബ്ദമായി കടത്തിവിടുക സാദ്ധ്യമല്ല.

2. വളരെ ശ്രദ്ധേയമായ മറെറാരു വശമുണ്ട് ഈ സ്കേമായ്ക്ക്. മുൻകാലങ്ങളിൽ ഇതുപോലുള്ള രേഖകളിൽ പ്രത്യക്ഷപ്പെടാറുള്ള വളരെയേറെ അനുശാസനകളിൽനിന്നും ശാപവാക്യങ്ങളിൽനിന്നും വിമുക്തമാകണമെന്നുള്ളതും ക്രിയാത്മകമായ ഒരു സമീപനം സ്വീകരിച്ചിട്ടുണ്ടെന്നുള്ളതും ഈസ്കേമായുടെ ഒരു പ്രത്യേകതയാണ്. എന്താണ് സംഭവിച്ചതു്? ഇതരക്രിസ്റ്റീയ വിഭാഗങ്ങളിൽ ഉണ്ടായിരുന്ന ക്രിസ്റ്റീയമൂല്യങ്ങൾ സഭക്ക് അജ്ഞാതമായിരുന്നില്ല. അവ അവളുടെ വക്ഷസ്സിൽ നിന്നുതന്നെ പുറപ്പെട്ടതാണ്. അവ എക്കാലവും "സഭയുടെ ഛായകൾ" (Traces of the church) കാത്തുസൂക്ഷിച്ചിരുന്നു. അവയിൽ കാണുന്ന സ്വർണ്ണക്കട്ടികൾ, അവ ഖനനം ചെയ്യപ്പെട്ട സ്ഥലത്തെ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ മതനിഷ്പക്ഷത, വിശ്വാസസംഹിതയില്ലാത്ത ഒരു മതം, സാർവ്വലൗകികക്രിസ്റ്റീയ സമൂഹം മുതലായ ആപത്തുകളിൽനിന്ന് സഭ ഒഴിഞ്ഞുനിന്നെന്നു മാത്രം. ഏതു് എക്യൂമേനിക്കൽ സംരംഭങ്ങളുടേയും ആരംഭത്തിൽ ത്തന്നെ അകററിനിർത്തേണ്ടതായ വിപത്തുകളാണിവ.

ഇപ്പോൾ ഈ വിപത്തുകളുടെ സാദ്ധ്യത വളരെ അധികം കുറഞ്ഞിട്ടുണ്ട്. അല്ല, മുഴുവനായിത്തന്നെ ഇല്ലാതായിട്ടുമുണ്ട്. എക്കാലവും വിഭജനത്തെപ്പററി പ്രലപിച്ചിരുന്ന സഭ, ആ വിഭജനത്തിനെതിരായി പ്രവർത്തിക്കുവാനുള്ള ഇതരക്രിസ്റ്റീയ സഹോദരന്മാരുടെ ആഗ്രഹത്തെ പ്രശംസിക്കുകയാണ്.

ക്രിയാത്മകമായ ഈ സമീക്ഷണം ഡിക്രിയെ കൗൺസിലിൻെറ പൊതു വീക്ഷണഗതിയുമായി സാധർമ്മ്യപ്പെടുത്തുന്നു. ഏവരുടേയും പൊതുലക്ഷ്യമായ "എല്ലാവരും ഒന്നായിത്തീരുക" എന്ന അന്ത്യപ്രാപ്തിയെ സുഗമമാക്കിത്തീർക്കുന്ന പല ഗുണങ്ങളും ഇന്നത്തെ എക്യൂമേനിക്കൽ സംരംഭങ്ങളിൽ കാണുന്നുണ്ട്. ഇത്ര പ്രാധാന്യമേറിയ ഈ പ്രശ്നത്തിനു് ഉത്തരം കണ്ടുപിടിക്കുവാൻ പരിശ്രമിക്കുമ്പോൾ തൽക്കാര്യസാദ്ധ്യതക്കായി ഇതരക്രിസ്റ്റീയ സഹോദരന്മാർ കാണിക്കുന്ന സഹായസഹകരണങ്ങളെ വിഗണിക്കുന്നതു് തീർത്തും അക്ഷന്തവ്യമായിരിക്കും.

3. ഈ വിഷയം സാർവ്വത്രികസമ്മേളനത്തിൽ കൊണ്ടുവരാനിടയായതും ക്രിയാത്മകമായ ഇതിൻെറ അവതരണവും വലിയനേട്ടങ്ങൾതന്നെയാണ്. എന്നാൽ നാം പ്രായോഗികമാക്കിക്കൊണ്ടിരിക്കുന്ന മാർഗ്ഗങ്ങളിൽ എന്തെങ്കിലും പുരോഗമനം സാദ്ധ്യമാണോ എന്നു് നാം ചിന്തിക്കുകതന്നെ വേണം.

ഒരു "തിരിച്ചുവരവി"നുള്ള ക്ഷണം നമ്മുടെ അകത്തോലി

ക്കാ സഹോദരന്മാർ നിരസിക്കുന്നുവെന്നു നമുക്കറിയാം. അവരാണു് വിഭജനത്തിനു് കാരണക്കാരെന്നു് പറഞ്ഞാൽ അതവക്കു മനസ്സിലാക്കുക സാദ്ധ്യവുമല്ല. അവർ മിശിഹായുടെ സഭയുടെ അംഗങ്ങളാണെന്നു ദൃഢമായി വിശ്വസിക്കുകയും ക്രിസ്തുമതത്തിൻെറ കാതലായ ഭാഗം എന്നെന്നും വിശ്വസ്തതയോടെ കാത്തുസൂക്ഷിച്ചിട്ടുണ്ടെന്നു് അവർ അഭിമാനിക്കുകയും ചെയ്യുന്നു. "തിരിച്ചുവരവു്" എന്ന ആശയം തന്നെ അവക്കു് അസഹനീയമാണെന്നു മാത്രമല്ല ഒരുമിച്ചു പ്രവത്തിക്കുന്നതിനുള്ള എല്ലാ സാദ്ധ്യതകളേയും അതു് വേരോടെ നശിപ്പിച്ചു കളയുകയും ചെയ്യുന്നു.

എന്നാൽ മറെറാരു വാസ്തവമുണ്ടു്. സഭ അവളുടെ ഐക്യത്തേയും സത്യസ്ഥിതിയേയും കുറിച്ചു് ബോധ്യമുള്ളവളാണു്. അതുകൊണ്ടു് സത്യത്തിൻെറ നടത്തുണം അസ്ഥിവാരവുമായിരിക്കുക എന്ന കത്തവ്യത്തിൽ അവിശ്വസ്തയായിരിക്കുവാൻ അവരംക്കു് നിവൃത്തിയില്ല. കത്തോലിക്കാസത്യങ്ങൾ പഠിപ്പിക്കുന്നതെന്താണെന്നു് അകത്തോലിക്കാ സഹോദരങ്ങളിൽ കൂടുതൽ അറിവുള്ള ചിലക്കെങ്കിലുമറിയാം. അതു വളരെ ദുഷ്ക്കരമായി തോന്നിയാലും ഇന്നല്ലെങ്കിൽ നാളെ ഐക്യത്തിനുവേണ്ടിയുള്ള പരിശ്രമത്തിനിടയിൽ ഈ വാസ്തവവുമായി ഏററുമുട്ടേണ്ടിവരുമെന്നു് അവക്കു് ബോധ്യമുണ്ടു്. അതുകൊണ്ടുതന്നെയാണു് ഇക്കാര്യത്തിലേക്കു് അവരുടെ ശ്രദ്ധയെ ക്ഷണിക്കുമ്പോൾ അവരതിൽ താല്പര്യമൊന്നും പ്രദശിപ്പിക്കാത്തതു്. എന്നുമാത്രമല്ല സദാചാരത്തിൻെറ പേരിലോ, അല്ലെങ്കിൽ വിഭജനത്തിൻെറ പ്രശ്നങ്ങൾ അനിഷ്ടകരമായി അവതരിപ്പിക്കരുതെന്ന ആഗ്രഹത്താലോ യാതൊന്നും മറച്ചുവയ്ക്കരുതെന്നു് അവർ നമ്മോടു് അഭ്യത്ഥിക്കുകയും ചെയ്യുന്നു.

ഐക്യത്തിലേക്കു് വഴിതെളിക്കുന്ന സാർവ്വത്രിക സമ്മേളനം നടന്നുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ മറെറാരു പ്രശ്നം ഉദിക്കുന്നുണ്ടു്. യാതൊരു ഫലവും ഉണ്ടാകാൻ പോകുന്നില്ല എന്ന മുൻവിധികളൊന്നും കൂടാതെ ഓരോരുത്തരും അവരവരുടെ വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ടു തന്നെ, അതേസമയം യഥാത്ഥ സത്യത്തിലേക്കു് നയിക്കത്തക്കവിധത്തിൽ യഥാത്ഥത്തിലുള്ള ഒരു സംഭാഷണം സാദ്ധ്യമാണോ എന്നു് നാം ചിന്തിക്കണം.

വിശ്വാസസത്യങ്ങൾക്കു് ക്ഷതം ഭവിക്കാതെയും തത്വസംഹിതകൾക്കു് മുഴുവനായുള്ള വ്യാഖ്യാനം നൽകാതെതന്നെയും ഒരു ആത്മാത്ഥ സംഭാഷണം സാദ്ധ്യമാണെന്നു് വിശ്വസിക്കുന്ന ഒരാളാണു് ഞാൻ. രണ്ടാംവത്തിക്കാൻ സൂനഹദോസു് അതിൻെറ ഈ ഡിക്രിയുടെ വെളിച്ചത്തിൽ കഴിയുമെങ്കിൽ അപ്രകാരമുള്ള ഒരു സംഭാഷണത്തിനു് പ്രാരംഭമിടണമെന്നുള്ളതാണു് എൻെറ താല്പര്യവും. നമ്മുടെ സമീപനരീതിയുടെ അടിസ്ഥാന തത്വങ്ങളെ വിശകലനം ചെയ്യുകയല്ല നമ്മുടെ ഉദ്ദേശം. എങ്കിലും അപ്രകാരമുള്ള ഒരു സമീപനരീതി താഴെ പറയുന്ന രണ്ടു കാര്യങ്ങൾ മാനിച്ചുകൊണ്ടുള്ളതായി

രിക്കണമെന്നെനിക്കു് തോന്നുന്നു. ആദ്യമായിത്തന്നെ സത്യം നമ്മുടെ കുത്തകയല്ല, അതു് മിശിഹായുടേയും സുവിശേഷത്തിൻേറയും സഭയുടേതുമാണെന്നു് നാം മനസ്സിലാക്കണം. രണ്ടാമതായി സംഭാഷണത്തിൽ അകത്തോലിക്കാ ക്രൈസ്തവവിഭാഗങ്ങളോട് നമുക്കു കാര്യമായ ബഹുമാനമുണ്ടായിരിക്കണം. കത്തോലിക്കാ വിശ്വാസസത്യങ്ങളുമായി നാമവരെ സമീപിക്കുമ്പോൾ യാതൊരു എതിർപ്പുംകൂടാതെ അവർ നമ്മെ സ്വാഗതം ചെയ്യുന്നുണ്ടെന്നു് വിസ്മരിക്കരുതു്. തത്തുല്യമായ ഒരു മനോഭാവം നമ്മുടെ ഭാഗത്തുനിന്നും പ്രകടിപ്പിക്കണം, സഭയോടുള്ള നമ്മുടെ സഹോദരന്മാരുടെ ആത്മാർത്ഥമായ സമീപനത്തെ നാം ആദരിക്കണം.

വിശ്വാസസത്യങ്ങളിൽ നിന്നും വിഭിന്നമായ ഈ സാഹോദര്യബന്ധങ്ങൾ സ്ഥാപിച്ചുകഴിഞ്ഞാൽ, കാലാന്തരത്തിൽ കൂടുതൽ പരസ്പരധാരണകൾ വളർത്തുന്നതിനും മുൻവിധികൾ ഇല്ലാതാക്കുന്നതിനും സഹകരണമനോഭാവം വർദ്ധിപ്പിക്കുന്നതിനും അതുകാരണമാകും.

വിശദാംശങ്ങളിലേക്കു് ഞാൻ പ്രവേശിക്കുന്നില്ല. ഇപ്രകാരമുള്ള ഒരു സമീപനരീതി സാദ്ധ്യമാണെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. ഉഭയ സമ്മതമായ ഒരു സ്ഥാനത്തു നിന്നു് കൂടുതൽ പൂർണ്ണമായവകളിലേക്കു് നീങ്ങുന്നതിനെ ആദരിക്കുന്ന വി. തോമസ് നമ്മുടെ ഈ നീക്കത്തിനു് അനുകൂലിയായിരിക്കുവാനേ തരമുള്ളു. മാർപ്പാപ്പാമാർ കഴിഞ്ഞകാലങ്ങളിൽ "സഭയുടെ ഛായകളെ" പ്പററിയുള്ള അവരുടെ പഠനങ്ങൾ വഴിയായും ഇക്കാലത്തു് കൂടുതലായി അവരുടെ മാതൃകവഴിയായും നമ്മുടെ ഈ സംരംഭത്തെ അനുകൂലിക്കുന്നുണ്ടു്.

ഇനിയും ഈ സ്കീമായെക്കുറിച്ചു പറയാനുള്ളതു്, എക്യുമേനിസത്തിൻെറ രീതിയോടുള്ള ആഭിമുഖ്യത്തെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ താഴെക്കാണുന്ന ചോദ്യം വളരെ പ്രാധാന്യമർഹിക്കുന്നു. ക്രിസ്ത്യൻ എക്യുമേനിക്കൽ സംരംഭത്തിനു് സഹായകമായ വിധത്തിൽ, നമ്മിൽ നിന്നു വേർതിരിഞ്ഞുനില്ക്കുന്ന നമ്മുടെ സഹോദരന്മാരുമായി ആത്മാർത്ഥമായ ഒരു സംഭാഷണത്തിൽ ഏർപ്പെടുക സാദ്ധ്യമാണോ? അതു സാദ്ധ്യമെങ്കിൽ എവിടംവരെ നാം കടന്നുചെല്ലണം? എന്തായിരിക്കണം നമ്മുടെ വർത്തനരീതി?

ഒരു പക്ഷെ ഇതിനൊരാരംഭമിടുന്നതിനു് കൗൺസിൽ ആഗ്രഹിക്കുകയും അതിനായി ഒരവസരം പാർത്തിരിക്കുകയും ചെയ്യുന്നുണ്ടാവാം. എന്നാൽ അതിനുമുമ്പായി താഴെ പറയുന്ന നിർദ്ദേശങ്ങൾ കൗൺസിലിൻെറ മുമ്പാകെ വയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

1. നിലവിലുള്ള എല്ലാ പരിതസ്ഥിതികളേയുംവേണ്ടവിധം കണക്കിലെടുത്തുകൊണ്ടും ഭാവിപുരോഗമനത്തിനു് വാതിൽ തുറന്നുകൊടുത്തുകൊണ്ടുമുള്ള ഒരു ഡിക്രി ഉണ്ടാക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടിവേണം അതിൻെറ ആമുഖം ആരംഭിക്കുവാൻ.

2. സമീപനരീതിയെക്കുറിച്ചുള്ള നമ്മുടെ ഉദ്വേഗം ശക്തിപ്പെടുത്തുകയും ആ ഉദ്വേഗം പ്രവൎത്തനത്തിൽ സ്വീകരിക്കേണ്ട പ്രായോഗിക തത്വങ്ങൾ ക്രോഡീകരിക്കുന്നതിൽ കേന്ദ്രീകരിക്കുകയും വേണം.

3. "കത്തോലിക്കാ എക്യുമേനിസത്തിൻെറ തത്വങ്ങൾ" എന്നുള്ള സ്കീമായുടെ ശീർഷകം "എക്യുമേനിസത്തിൻെറ കത്തോലിക്കാ തത്വങ്ങൾ" എന്നാക്കി മാററണം. ഈ മാററം വരുത്തുവാൻ നിർബന്ധിക്കുന്ന ന്യായങ്ങൾ താഴെപറയുന്നവയാണ്.

a). ഒരു പുതിയ "കത്തോലിക്കാ എക്യുമേനിസം" ഉണ്ടാക്കുന്നതിനേക്കാൾ നിലവിലിരിക്കുന്ന എക്യുമേനിക്കൽ പ്രസ്ഥാനത്തിൻെറ യഥാൎത്ഥമായ ഘടകങ്ങളെ കത്തോലിക്കാതത്വങ്ങളുമായി തട്ടിച്ചുനോക്കുകയായിരിക്കും കൂടുതൽ എളുപ്പം.

b). സഭയുടെ ഔദ്യോഗിക രേഖകളിൽ കാണുന്ന എക്യുമേനിസത്തെക്കുറിച്ചുള്ള സാധാരണ ആശയത്തെ നാം സ്വീകരിക്കുകയാണെങ്കിൽ സാങ്കേതിക സംജ്ഞയെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ ലഘുവായി മാത്രമേ പ്രത്യക്ഷപ്പെടുകയുള്ളു.

c). നിലവിലിരിക്കുന്ന നല്ല സംഗതികളെ അനുഭാവപൂർവ്വം വീക്ഷിക്കുകയും അവയെ കൂടുതൽ ബലവത്താക്കുവാൻ ശ്രമിക്കുകയും ചെയ്യുന്ന സാർവ്വത്രികസമ്മേളനത്തിൻെറ പൊതുവീക്ഷണഗതിക്കനുസരണമായിരിക്കും ഈ മാററം. നേരേമറിച്ച് നാമൊരു "കത്തോലിക്കാ എക്യുമേനിസം" അവതരിപ്പിക്കുവാൻ ശ്രമിക്കുകയാണെങ്കിൽ നിലവിലിരിക്കുന്ന എക്യുമേനിക്കൽ പ്രസ്ഥാനത്തെ പൂർണ്ണമായി നിരുത്സാഹപ്പെടുത്തുന്ന ഒരു പ്രതീതി അതു് വരുത്തിവയ്ക്കും. അതുപോലെതന്നെ ഇതുവരെ വേണ്ടവിധത്തിൽ പഠിച്ചിട്ടില്ലാത്തതും വികസിപ്പിച്ചിട്ടില്ലാത്തതുമായ എക്യുമേനിസത്തിൻെറ വിവിധ കഴിവുകളെ നാം അവഗണിക്കുന്നതായി പ്രത്യക്ഷപ്പെടുകയും പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന ഒന്നിനെ സഹകരണമനോഭാവത്തോടുകൂടി ശക്തിപ്പെടുത്തുന്നതിനുപകരം വ്യത്യസ്ഥമായ മറെറാന്നു് സൃഷ്ടിക്കുന്നുവെന്നുള്ള പ്രതീതി ഉളവാക്കുകയും ചെയ്യും.

## 5 ജോൺ കാർമ്മൽ ഹീനൻ,
വെസ്റ്റ്മിൻസ്റ്ററിലെ മെത്രാപ്പോലീത്താ,
ഇംഗ്ലണ്ട്.

# എക്യുമേനിസം ഇംഗ്ലണ്ടിൽ

എക്യുമേനിസത്തെ സംബന്ധിക്കുന്ന ഈ 'കോൺസ്റ്റിററ്യൂഷൻ' ഇംഗ്ലണ്ടിലേയും വെയിൽസിലേയും സഭാഭാരവാഹികൾ അംഗീകരിക്കുകയും സന്തോഷസമേതം അതിനെ സ്വാഗതം ചെയ്യുകയും ചെയ്യുന്നുണ്ട്. സന്തോഷസമേതം എന്നുതന്നെ ഞാനുന്നിപറയുന്നു. കാരണം, ഈ രേഖ സഭയുടെ മനസ്ഥിതിയെത്തന്നെ നമുക്കു കാണിച്ചുതരികയും ഭാവിയിലേക്ക് നമ്മെ നയിക്കുകയും ചെയ്യുന്നു. സഭയുടെ പരമാധികാരത്തിൽനിന്നുള്ള ഈ നേതൃത്വം ഞങ്ങളെല്ലാവരും പാർത്തിരുന്നതാണ്. അതുകൂടാതെ എക്യുമേനിക്കൽ പ്രസ്ഥാനം പുരോഗമിക്കുക സാദ്ധ്യമല്ല.

ഇംഗ്ലണ്ടിലെ കത്തോലിക്കർ എക്യുമേനിക്കൽ പ്രസ്ഥാനത്തിൽ വേണ്ട താല്പര്യം പ്രദർശിപ്പിക്കുന്നില്ല എന്നു ധരിച്ചിരുന്ന പലരുമുണ്ട്. അതുകൊണ്ടുതന്നെ ഇംഗ്ലണ്ടിലെ ഇതര ക്രൈസ്തവ സഹോദരന്മാർ എക്യുമേനിക്കൽ സംഭാഷണങ്ങൾക്കായി മററു രാജ്യങ്ങളിലെ കത്തോലിക്കരെ സമീപിച്ചിട്ടുമുണ്ട്. അന്തർദ്ദേശീയ എക്യുമേനിക്കൽ സമ്മേളനങ്ങളിൽ പങ്കെടുക്കുവാനുള്ള അവരുടെ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കണമെന്നു ഞങ്ങൾക്കാഗ്രഹമില്ല. പക്ഷെ സാധാരണയായി പറഞ്ഞാൽ കത്തോലിക്കരും ഇതര ക്രൈസ്തവരും തമ്മിലുള്ള സംഭാഷണം അവർ ഒരുമിച്ചു വസിക്കുന്ന രാജ്യങ്ങളിൽ വച്ചുതന്നെ നടത്തുന്നതാണ് എല്ലാംകൊണ്ടും നല്ലതെന്നു ഞങ്ങൾക്കു തോന്നുന്നു. അതിനുവേണ്ടി കൗൺസിൽ ശ്രദ്ധപാൾചെയ്യണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ഈ സംഭാഷണം അതാതുസ്ഥലത്തെ വൈദികാധികാരത്തിൻെറ നേരിട്ടുള്ള മേൽനോട്ടത്തിൽ നടക്കണം. ഇതിനു രണ്ടു കാരണങ്ങളാണ് പറയുവാനുള്ളത്.

a) സംഭാഷണത്തിലേപ്പെടുന്ന കത്തോലിക്കരും അകത്തോലിക്കാക്രൈസ്തവരും ഒരുമിച്ച് താമസിക്കുന്ന സ്ഥലത്തെ സാഹ

ചര്യങ്ങളുടെ പശ്ചാത്തലത്തിൽ സംഭാഷണം നടക്കുന്നതു് വളരെ ഉചിതമാണു്.

b). എന്നുതന്നെയുമല്ല, അവസാനം ഐക്യം സംസ്ഥാപിതമാകുമെങ്കിൽ ഇവരെല്ലാവരും ഒരുമിച്ചു വസിക്കുക ആവശ്യവുമാണു്.

ഇംഗ്ലണ്ടിലും വെയിൽസിലും എക്യുമേനിക്കൽ സംഭാഷണം എല്ലാത്തരത്തിലും പുരോഗമിപ്പിക്കുന്നതാണെന്നു് മററു ക്രൈസ്തവ സഹോദരങ്ങൾക്കു് ഞങ്ങൾ ഉറപ്പു നൽകുന്നു.

ദൃശ്യമായ ഐക്യത്തിലേയ്ക്കു് നമ്മെ നയിക്കുന്നതിനായി നമ്മനസ്സുള്ള എല്ലാ ക്രൈസ്തവർക്കും പരിശുദ്ധാത്മാവു് നൽകിക്കൊണ്ടിരിക്കുന്ന സഹായത്തിലും പ്രേരണയിലുമുള്ള ഞങ്ങളുടെ വിശ്വാസത്തെ ഞങ്ങൾ ആനന്ദസമേതം പ്രഖ്യാപിക്കുന്നു. ദൈവസഹായം കൂടാതെ എക്യുമേനിക്കൽ പ്രസ്ഥാനം ഉടലെടുക്കുകയോ പുരോഗമിക്കുകയോ ചെയ്യുക സാദ്ധ്യമല്ല. യോഹന്നാൻ പാപ്പായുടെ വാക്കുകളിൽ പറഞ്ഞാൽ, മിശിഹായുടെ നാമത്തിൽ സന്തോഷിക്കുന്ന എല്ലാവരും തമ്മിൽ യോജിക്കുമെന്നു് പരിശുദ്ധാത്മാവിയും ക്രിസ്തീയശരണവും നമുക്കുറപ്പു നൽകുന്നു. എല്ലാവരും മഹത്തായ നമ്മുടെ പൊതുസ്വത്തിനെ ആദരിക്കുകയും കഴിഞ്ഞ കാലങ്ങളിൽ വന്നുപോയ ഉപദ്രവങ്ങളെ വിസ്മരിക്കുകയും ചെയ്യണം. അങ്ങനെ സ്നേഹം ഭരണം നടത്തുകയും വിഭജനത്തിന്റെ അരൂപി പുറംതള്ളപ്പെടുകയും ചെയ്യും. അതീതകാലങ്ങളെ അപേക്ഷിച്ചു്, ക്രിസ്തുവിന്റെ വിരോധികൾ ഒത്തൊരുമിച്ചു് അവിടത്തെ രാജ്യത്തെ നശിപ്പിക്കുവാൻ ഒരുങ്ങി പുറപ്പെട്ടിരിക്കുന്ന ഈ കാലത്തു് ഈ ഐക്യം അത്യന്താപേക്ഷിതമായിത്തീന്നിരിക്കുന്നു.

കത്തോലിക്കരും അകത്തോലിക്കരുമായ എല്ലാ ക്രൈസ്തവരും ഒത്തൊരുമിച്ചു് എളിമയോടും മനസ്താപചൈതന്യത്തോടും കൂടി ആത്മാർത്ഥമായി ഐക്യത്തിനുവേണ്ടി പരിശ്രമിക്കണമെന്നു് രണ്ടാം സെഷന്റെ ആരംഭത്തിൽ പൗലോസ് പാപ്പാ ആഹ്വാനം ചെയ്യുകയുണ്ടായി. ഐക്യത്തിലേയ്ക്കുള്ള ആദ്യത്തെ പടി വ്യക്തികളുടെ ആദ്ധ്യാത്മിക ജീവിതനവീകരണമാണെന്നു് ഈ രേഖയിൽ പറഞ്ഞിരിക്കുന്നതു് വളരെ വാസ്തവമാണു്. ഒരു സംവാദം വഴി നാം ഐക്യം സമ്പാദിക്കുവാൻ പോകുന്നില്ല. വിശുദ്ധമായ ഒരു ജീവിതം വഴി മാത്രമേ അതു് സാദ്ധ്യമാകുകയുള്ളു.

ഈ ഉപവിയുടെയും എളിമയുടെയും ചൈതന്യത്തിൽ നിന്നുകൊണ്ടു്, നമ്മുടെ പരിശ്രമങ്ങളെ ഒരുതരത്തിലും വിഘ്നപ്പെടുത്തരുതെന്നുള്ള ആഗ്രഹത്തോടുകൂടിയും ഒരു പ്രശ്നം കൗൺസിൽ പിതാക്കന്മാരുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. എക്യുമേനിക്കൽ പ്രസ്ഥാനത്തിന്റെ സ്വഭാവം ഇതുവരെ വേണ്ടവിധത്തിൽ വിശദമായിട്ടില്ല. അതിന്റെ ഉദ്ദേശങ്ങളെക്കുറിച്ചു് വേണ്ടവിധത്തിൽ അന്വേഷണം നടത്തിയിട്ടുമില്ല. എക്യുമേനിക്കൽ സംഭാഷണത്തിൽ നമ്മുടെ ഉദ്ദേശവും ലക്ഷ്യവുമെന്തെ

ന്നു് എല്ലാവക്കും വിശദമാക്കിക്കൊടുക്കുക വളരെ ആവശ്യമാണു്. സമീപസ്ഥവും വിദൂരസ്ഥവും ആയ അതിൻെറ അന്ത്യങ്ങളേവയെന്നു് ക്ലിപ്തമായി പ്രസ്താവിക്കണം.

കമ്മവിഷയകമായ മറെറാന്നിനെക്കുറിച്ചു് അടുത്തതായി ഞാൻ സംസാരിക്കാം.

ചില വ്യക്തികളെ മാത്രം ഉദ്ദേശിച്ചോ, സംവാദത്തിൽ വിജയം നേടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയോ അല്ല എക്യുമേനിക്കൽ സംഭാഷണങ്ങരം സംഘടിപ്പിക്കുന്നതു്. ഭിന്നിച്ചു നിൽക്കുന്ന നമ്മുടെ സഹോദരന്മാരുടെ വിശ്വാസത്തെ മനസ്സിലാക്കുവാനുള്ള ആത്മാത്ഥമായ ഒരു പരിശ്രമമായിരിക്കണം ഈ സംഭാഷണം. അതോടുകൂടിത്തന്നെ കത്തോലിക്കാ പഠനങ്ങരം അവക്കു് കാണിച്ചുകൊടുക്കുകയും വിശദീകരിച്ചുകൊടുക്കുകയും വേണം. എക്യുമേനിക്കൽ സംഭാഷണം ശത്രുവുമായുള്ള സംഘട്ടനമല്ല, പ്രത്യുത സഹോദരന്മാരുടെ സമ്മേളനമാണു്, സാധാരണയായി രണ്ടു സമുദായങ്ങരം തമ്മിലായിരിക്കും ഈ സംഭാഷണം നടക്കുന്നതു്. അതായതു് കത്തോലിക്കാസഭയും അകത്തോലിക്കാക്രൈസ്തവസഭകളും അഥവാ സമുദായങ്ങളും തമ്മിൽ. പരസ്പരവിശ്വാസത്തിലും നല്ല ഉപവിയിലും വേരുറച്ചവയായിരിക്കണം ഈ രണ്ടു വിഭാഗങ്ങളും. ഒരു വാഗ്വാദത്തിൽ ജയിക്കുന്നതിനുള്ള പരിശ്രമം രണ്ടുഭാഗത്തുനിന്നും ഉണ്ടായിക്കൂടാ.

എല്ലാ ക്രൈസ്തവരും മിശിഹായുടെ ഏകസഭയിൽഐക്യപ്പെടുക എന്നതാണു എക്യുമേനിസത്തിൻെറ വിദൂരമായ ലക്ഷ്യമെങ്കിൽ ജ്ഞാനസ്നാനം വഴി ഐക്യപ്പെട്ടും വിശ്വാസസംഹിതയിൽ ഭിന്നിച്ചും നില്ക്കുന്നവർ തമ്മിൽ സ്നേഹവും പരസ്പരധാരണയും സംജാതമാക്കുകയാണു് അതിൻെറ അടുത്ത അന്ത്യം. ഇപ്പോരം ഈ അടുത്ത അന്ത്യം സാധിക്കുവാൻ വേണ്ടിയാണു് നാം പരിശ്രമിക്കേണ്ടതു്. പരമാന്ത്യം നമ്മുടെ ശക്തിയിൽ പെട്ടതല്ല.

എക്യുമേനിക്കൽ സംഭാഷണത്തെ സ്തുതിക്കുന്നതു് വളരെ നല്ലതാണു്. എന്നാൽ അതേസമയം തന്നെ സത്യം മുഴുവനും എല്ലാ മനുഷ്യരോടും പ്രസംഗിക്കുന്നതിനുള്ള കടമയെപ്പററിക്കൂടി നാം ചിന്തിക്കണമെന്നാണു് എനിക്കു തോന്നുന്നതു്. മിശിഹാ അപ്പസ്തോലന്മാക്കു് നൽകിയ കല്പനയിൽനിന്നു മുളയെടുത്ത ഈ കടമ ശ്രദ്ധയോടും വിനയത്തോടുംഎളിമയോടും കൂടി നിർവ്വഹിക്കുവാൻ കടപ്പെട്ടവരാണു്ആ ദിവ്യപഠനങ്ങളുടെ സമാഹാരം സ്വീകരിച്ചിട്ടുള്ളവരെല്ലാം.

ആകയാൽ എക്യുമേനിക്കൽ സംഭാഷണത്തിൻെറ ആവശ്യകതയേയും സത്യം മുഴുവൻ പ്രസംഗിക്കുന്നതിനായി മിശിഹാ നൽകിയ കത്തവ്യത്തെയും ഈ രേഖ വിശദമാക്കണമെന്നാണു് ഞാനാഗ്രഹിക്കുന്നതു്. അപ്രകാരമുള്ള ഒരു സമീപനത്തെ ഇതര ക്രൈസ്തവസഹോദരന്മാർ എതിക്കുകയില്ല. കാരണം, അതു് നല്ലതും സത്യവുമായ ബോദ്ധ്യത്തിൽനിന്നു് ഉളവാകുന്നതും മിശിഹായുടെ കല്പനയെ

നിറവേററുവാനുള്ള നമ്മുടെ ആഗ്രഹത്തെ പ്രദ്യോതിപ്പിക്കുന്നതുമാണ്. ഇതുവഴി ഉപവിയുടെ ആവശ്യങ്ങളും ക്രിസ്തീയസത്യത്തിൻെറ പ്രചോദനങ്ങളും ഒരേസമയം സാക്ഷാത്ക്കരിക്കപ്പെടും. അപ്രകാരമുള്ള ഒരു പ്രസ്താവനകൂടി ഈ രേഖയിൽ ചേർക്കുകയാണെങ്കിൽ എക്യമേനിക്കൽ പ്രസ്ഥാനത്തെ അതു് വളരെയധികം സഹായിക്കും. എക്യമേനിക്കൽ പ്രസ്ഥാനത്തെ സംശയദൃഷ്ട്യാ വീക്ഷിക്കുന്ന കത്തോലിക്കരുണ്ട്. ഇതിൽ നിന്നും എന്തെങ്കിലും നന്മയുണ്ടാകുമോ എന്നവർ വിസ്മയിക്കുകയാണ്. എക്യമേനിസത്തിൽ നിന്നുളവായേക്കാവുന്ന അനിഷ്ടഫലങ്ങളെക്കുറിച്ചാണവർ കൂടുതലായി ചിന്തിക്കുന്നതു്. സാമൂഹ്യരംഗത്തും ഉപവിപ്രവൃത്തികളിലും ഇതര ക്രൈസ്തവരുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിനവർ സന്നദ്ധരാണ്. പക്ഷെ, നമുക്കറിയാവുന്നതുപോലെ, അതുകൊണ്ടു മാത്രം ഗുണമുണ്ടാകാൻ പോകുന്നില്ല. സഭയുടെ നവീകരണത്തിനു് ആവശ്യമായിരിക്കുന്നതു് യഥാർത്ഥത്തിലുള്ള ഒരു മതപരസംഭാഷണമാണ്. ഇടയപ്രമുഖനായ മിശിഹാ ഇതിനായി നമ്മെ ആഹ്വാനം ചെയ്യുന്നു. സഭതന്നെ അതിനായി ആഗ്രഹിക്കുന്നു.

തീക്ഷ്ണതയേറിയ സംവാദങ്ങൾ ഇംഗ്ലണ്ടിലെ ക്രൈസ്തവരെ ഭിന്നിപ്പിച്ച ആ ദിവസങ്ങൾ, വൈരാഗ്യമനസ്ഥിതി അവിടത്തെ സാമൂഹ്യജീവിതത്തെ അലങ്കോലപ്പെടുത്തിയ കാലങ്ങൾ ഇന്നു് ഇംഗ്ലണ്ടിൽ ജീവിക്കുന്ന ഏതൊരു ക്രൈസ്തവൻേറയും സ്മരണയിലുണ്ട്. ക്രൈസ്തവരും പ്രോട്ടസ്റ്റൻറുകാരുംഅന്യോന്യം ശത്രുക്കളേപ്പോലെ കരുതുകയും എതിരാളിയെ തോല്പിക്കുന്നതിനുവേണ്ടി സർവ്വ പരിശ്രമങ്ങളും നടത്തുകയും ചെയ്തിരുന്നു. ക്രൈസ്തവരുടെ ഇടയിൽ ഇപ്പോൾ വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന മൈത്രിയും നന്മനസ്സും വളരെ ശ്ലാഘനീയമാണ്. അതിനായി നമുക്കു ദൈവത്തോടു് നന്ദി പറയാം. ക്രൈസ്തവ ഐക്യം സംസ്ഥാപിതമാകുന്നതിനുവേണ്ടി, വിശ്വാസത്യാഗമൊഴിച്ചു് എന്തും ചെയ്യുന്നതിനുള്ള ഞങ്ങളുടെ സന്നദ്ധതയെ ഇംഗ്ലണ്ടിലേയും വെയിൽസിലേയും വൈദികാധികാരത്തിൻെറ നാമത്തിൽ ഞാൻ ഏററുപറയുന്നു. ഏതു വിഭാഗത്തിൽ പെട്ട ക്രൈസ്തവരുമായി കൂടുതൽ സൗഹാർദ്ദപൂർണ്ണമായിട്ടുള്ളതും വളരെ അടുത്തടുത്തുമുള്ള സംഭാഷണം നടത്തുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു,

അന്ത്യ അത്താഴത്തിൽ, ഈലോകജീവിതത്തിലെ അവസാന മണിക്കൂറുകൾ സമാഗതമായപ്പോൾ, തൻെറ ശിഷ്യരെല്ലാവരും ഒന്നായിത്തീരുന്നതിനായി മിശിഹാ പിതാവിനോടു പ്രാർത്ഥിച്ചു. മിശിഹായുടെ ഈ പ്രാർത്ഥന ഫലശൂന്യമാകുക സാദ്ധ്യമല്ല. ആകയാൽ കത്തോലിക്കരും നമുക്കേററം പ്രിയപ്പെട്ട അകത്തോലിക്കാസഹോദരന്മാരുമായ എല്ലാവരുംസദാ ഐക്യത്തിൽ മിശിഹായുടെ രാജ്യത്തിൻെറ വരവു് ത്വരിതപ്പെടുത്തുവാൻവേണ്ടി ദൈവമാതാവായ മറിയത്തിൻെറ സംരക്ഷണയിൽ ഒത്തൊരുമിച്ചു് പ്രവർത്തിക്കട്ടെ.

6 കർദ്ദിനാരം അഗസ്റ്റിൻ ബെയാ.

# ചില വിശകലനങ്ങരം

ക്രിസ്റ്റീയ സഭാ ഐക്യത്തിനായി നിയുക്തമായിരിക്കുന്ന സെക്രട്ടറിയേററ്, 'സ്കേമാ'യുടെ ആദ്യത്തെ മൂന്നു അദ്ധ്യായങ്ങളുടെ കാര്യത്തിൽ സൂചിപ്പിച്ചിരുന്ന എല്ലാ ഭേദഗതികളും വിശദീകരണങ്ങളും കൃതജ്ഞതയോടു കൂടി സ്വീകരിക്കുകയാണ്. ഇതിലെ ചില സംഗതികളെക്കുറിച്ച് കുറേക്കൂടി ദീർഘമായ ഒരു വിശദീകരണം നൽകുന്നതു് ഉപകാരപ്രദമായിരിക്കുമെന്നു കരുതുന്നു.

സഭൈക്യ പരിശ്രമങ്ങരം മൂലം വന്നുപെട്ടേക്കാവുന്ന മത നിഷ്പക്ഷത (indifferentism), വിഭാഗസങ്കരത്വം (interdenominationalism), ബാഹ്യമാത്രസമാധാനവാദം (false irenicism), വിശ്വാസവിഷയങ്ങളെ സംബന്ധിച്ചുള്ള സംശയങ്ങരം തുടങ്ങിയ വിവിധ അപകടങ്ങളെക്കുറിച്ചും ചർച്ചയിൽ പല സൂചനകളും നൽകിയിരുന്നു. ചിലപ്പോരം സംഭവിക്കുന്നതുപോലെ, ചിലർ സദുദ്ദേശത്തോടെയെങ്കിലും, വിവേകത്തിൻെറയും ശ്രദ്ധയുടെയും അഭാവത്തിൽ പുനരൈക്യസംബന്ധമായ പ്രശ്നങ്ങളെക്കുറിച്ച് സംസാരിക്കുകയോ എഴുതുകയോ ചെയ്യുമ്പോരം ഈ അപകടത്തിൽ ഉരംപ്പെടാറുണ്ട്. എന്നാൽ ഇതിനുള്ള പ്രതിവിധി, ഐക്യം ത്വരിതപ്പെടുത്തുവാനുള്ള പ്രവത്തനത്തിനു വിരാമമിടുകയല്ല, നേരേമറിച്ച് സഭാദ്ധ്യക്ഷന്മാർ ഇതു് വേണ്ടവിധം നിരീക്ഷിക്കുക എന്നതിലുപരിയായി നയിക്കുകയും ആവശ്യമുള്ളിടത്തു് ബുദ്ധിപൂർവ്വമായ തിരുത്തലുകരം ചെയ്യുകയുമാണ് വേണ്ടതു്. അവർ ഇതു ചെയ്യണമെന്നു് ഞാൻ ഊന്നിപ്പറയുകയാണ്. കാരണം മിശിഹായുടെ അജഗണത്തോടു സുവിശേഷം പ്രസംഗിക്കുകയും അവരെ നയിക്കുകയും ചെയ്യുക എന്നതു് രൂപതാദ്ധ്യക്ഷൻെറ സാർവ്വജനീനമായ കടമയാണ്. അതുപോലെതന്നെ അദ്ദേഹത്തിൻെറ പ്രഥമവും പ്രധാനവുമായ ഒരു കത്തവ്യമാണ് ഐക്യത്തിനായി പരിശ്രമിക്കുക എന്നതും. പരിശുദ്ധ സിംഹാസനത്തിനും അതിൻെറ

പേരിൽ പ്രവർത്തിക്കുന്ന യൂണിററി സെക്രട്ടറിയേററിനും ക്രിസ്തീയൈക്യത്തിനും വേണ്ടിയ ചില തത്വങ്ങളും പൊതുനിയമങ്ങളും സൃഷ്ടിക്കാവുന്നതാണ്. അവയെ ക്രോഡീകരിച്ച് വേണ്ട വിശദീകരണങ്ങളോടുകൂടിയും ഒരു എക്യുമേനിക്കൽ ഡിറക്ടറി (Ecumenical Directory) യിൽ നൽകാവുന്നതുമാണ്. എന്നാൽ പ്രസ്തുത നിയമങ്ങൾ മെത്രാന്മാർ സ്വീകരിക്കുകയും പ്രായോഗികമാക്കുകയും ചെയ്യണം. എന്തെന്നാൽ നമ്മുടെ അകത്തോലിക്കാ സഹോദരങ്ങളുടെ പ്രവർത്തനങ്ങൾ ദേശവ്യത്യാസമനുസരിച്ച് വ്യത്യസ്ഥമായിരിക്കുന്നതുപോലെ മതപരമായ അന്തരീക്ഷവും ലോകത്തിൻെറ വിവിധ മേഖലകളിൽ വിവിധ തരത്തിലാണ്. അതാതു സ്ഥലങ്ങളിൽ വസിക്കുന്നവർക്കു മാത്രമേ ഈ സാഹചര്യങ്ങൾ പൂർണ്ണമായി മനസ്സിലാക്കുന്നതിനും, അവയെപ്പററി സമൃക്കായ വിധി പ്രസ്താവിക്കുന്നതിനും സാധിക്കുകയുള്ളു. അതുകൊണ്ടു് മെത്രാന്മാരുടെ കോൺഫറൻസുകൾ വിവിധ സ്ഥലങ്ങളിൽ പ്രാദേശിക സെക്രട്ടറിയേററുകൾ സ്ഥാപിക്കുന്നതു് വളരെ ഉപകാരപ്രദമായിരിക്കും. അതുവഴി ക്രിസ്തീയ ഐക്യത്തിൻെറ സംഗതിയിൽ വേണ്ടത്ര താല്പര്യം പ്രകടിപ്പിക്കുന്നതിനും, റോമൻ സെക്രട്ടറിയേററിനോടും, പ്രാദേശിക മെത്രാന്മാരോടും യോജിച്ച് പ്രവർത്തിക്കുന്നതിനും സാധിക്കും.

ഇപ്രകാരം ചെയ്യുകയാണെങ്കിൽ, ചിലർ ഭയപ്പെടുന്നതുപോലെ, തെററായ എക്യുമേനിസത്തിൽ നിന്നുണ്ടാകുന്ന വിപത്തു് വിപാടനം ചെയ്യുന്നതിനു് സാധിക്കും. മാത്രമല്ല ദൈവശാസ്ത്രപരമായ സംവാദങ്ങളിൽ പങ്കെടുക്കുന്നതിനു്, അതിൽ (ദൈവശാസ്ത്രത്തിൽ) പാണ്ഡിത്യമുള്ളവരും, ഇക്കാര്യത്തിൽ സഭ നിർദ്ദേശിച്ചിട്ടുള്ള തത്വങ്ങളേയും ക്രമങ്ങളേയും മുറുകെപ്പിടിക്കുന്നവരും അങ്ങനെ ഈ സംരംഭത്തിനു് യോഗ്യരെന്നു സ്വയം തെളിയിക്കുന്നവരും മാത്രം ഇതിൽ പങ്കെടുക്കേണ്ടതാണ്. (Instruction of the Holy Office, December 20, 1949, A. A. S. 42, 1950, 145). ഈ യോഗ്യതയെല്ലാമുള്ള റോമൻ ക്കൂരിയായുടെ ഏതൊരു വിഭാഗത്തേയുംകാൾ വളരെ കൂടുതൽ അറിവു്(ഈ കാര്യത്തിൽ) രൂപതാദ്ധ്യക്ഷനു് ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. സംവാദം ഈ വിധം ക്രമീകരിച്ചാൽ മതനിഷ്പക്ഷതാപകടം ഒരിക്കലുമുണ്ടാകുവാൻ പോകുന്നില്ല. കാരണം ഇവയുടെ അസ്ഥിത്വം തന്നെ ശരിയായ പ്രബോധനങ്ങൾ ചൂണ്ടിക്കാണിക്കുന്നതിലാണ്.

നാം കത്തോലിക്കാതത്വങ്ങൾ അപൂർണ്ണമായും തെളിവില്ലാത്ത രൂപത്തിലും തങ്ങളെ അറിയിക്കണമെന്നു് നമ്മുടെ ക്രിസ്തീയസഹോദരങ്ങൾക്കാഗ്രഹമില്ല. കത്തോലിക്കാസഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതു് എന്തെന്നു് ഏററം തെളിവായി മനസ്സിലാക്കുന്നതിനാണ്  അവർ ആഗ്രഹിക്കുന്നതു്. കൂടാതെ കത്തോലിക്കാപഠനത്തിൻെറ പരിശുദ്ധിയെ അപകടപ്പെടുത്തുന്നതോ അതിൻെറ ശരിയായ അർത്ഥം വെളിപ്പെടുത്താത്തതോ ആയ ഒരു തെ

ററായ ബാഹ്യമാത്ര സമാധാനവാദംപോലെ യഥാൎത്ഥ എക്യമേനിസത്തിൽനിന്നും വിട്ടുനില്ക്കുന്ന മറെറാന്നില്ല. ഇപ്രകാരമുള്ള സംവാദങ്ങൾ സഭാ ശ്രേഷ്ഠന്മാരുടെ പ്രത്യേക മേൽനോട്ടത്തിൽ തന്നെവേണം നടത്തുവാൻ. പല അകത്തോലിക്കാവിഭാഗങ്ങളുള്ള സ്ഥലങ്ങളിലും സാധാരണ, കത്തോലിക്കാവിശ്വാസികൾ അനുദിനം അവരുമായി സമ്പക്ത്തിലേപ്പെടുന്ന സ്ഥലങ്ങളിലും കത്തോലിക്കൎക്ക് വേദോപദേശംവഴിയും സമ്യക്കായ പ്രസംഗങ്ങൾ വഴിയും അവരുടെ മതത്തെപ്പററി ശരിയായ ജ്ഞാനം നൽകുന്നതിന് സഭാശ്രേഷ്ഠന്മാർ വേണ്ട ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇപ്രകാരം ചെയ്യുന്നതുകൊണ്ട് പുനരൈക്യനീക്കങ്ങൾ നമ്മുടെ വിശ്വാസികൾക്ക ഹാനികരമായിത്തീരുകയില്ലെന്നു മാത്രമല്ല, മറിച്ച് വിശ്വാസത്തെക്കുറിച്ചുള്ള അവരുടെ ജ്ഞാനവും, സ്നേഹവും വർദ്ധിപ്പിക്കുന്നതിന് പര്യാപ്തമായിത്തീരുകയും ചെയ്യും.

നമ്മുടെ അകത്തോലിക്കാ സഹോദരങ്ങളുടെ ഇടയിൽ കാണുന്ന നന്മയേയും സത്യത്തേയും കുറിച്ച് വളരെ പ്രശംസിക്കുന്ന ഈ 'സ്കേമാ' കത്തോലിക്കാവിശ്വാസത്തെക്കുറിച്ചുള്ള ഒരു ശരിയായ ജ്ഞാനം നൽകുന്നതിൽ പരാജയപ്പെടുന്നു എന്ന് ഒരു ആരോപണമുണ്ട്. എന്നാൽ അകത്തോലിക്കൎക്കു വേണ്ടിയല്ല, സഭാസന്താനങ്ങൾക്കുവേണ്ടിയാണ് സ്കേമാ തയ്യാറാക്കിയിരിക്കുന്നതെന്ന് അനുസ്മരിക്കുന്നതു് നന്നായിരിക്കും. സഭയുടെ സ്വഭാവം, പരമാധിപത്യം, തെററാവരം, ക്രിസ്തു പ്രാൎത്ഥിച്ച ഐക്യം തുടങ്ങിയ കത്തോലിക്കാസഭയുടെ പഠനങ്ങൾ സുവ്യക്തങ്ങൾ—എല്ലാ കത്തോലിക്കരുടെ കാര്യത്തിലും ഇങ്ങനെ ആയിരുന്നെങ്കിൽ!—എന്ന ഭാവേന വിഗണിച്ചിരിക്കുകയാണ്. എങ്കിലും നമ്മുടെ സഭൈക്യപ്രസ്ഥാനങ്ങളിൽ വളരെ പ്രാധാന്യമർഹിക്കുന്ന സത്യത്തെക്കുറിച്ച് കുറച്ചുകൂടി തെളിവായ ഒരു വിശദീകരണം നൽകുക അത്ര പ്രയാസമുള്ള കാര്യമല്ല. എന്നാൽ നമ്മുടെ അകത്തോലിക്കാ സഹോദരങ്ങളുടെ ഇടയിൽക്കാണുന്ന നന്മയെപ്പററി കത്തോലിക്കരിൽ പലൎക്കും വേണ്ടത്ര അറിവൊന്നുമില്ല. അവയെ (പ്രസ്തുത നന്മകളെ) ക്കുറിച്ച് ശരിയായ അറിവ് സമ്പാദിക്കുക പുനരൈക്യപ്രസ്ഥാനത്തിലെ പ്രാഥമികമായ ആവശ്യമാണ്; അറിവുമാത്രം പോരാ, അവയെപ്പററി പരമാൎത്ഥമായ മതിപ്പും, ക്രിസ്തീയ ഉപവിയുംകൂടി വേണ്ടതാണ്. അതുകൊണ്ടാണ് ലെയോ പതിമൂന്നാമൻ മുതലുള്ള പരിശുദ്ധ പിതാക്കന്മാർ നമ്മുടെ അകത്തോലിക്കാ സഹോദരങ്ങളിൽ കാണുന്ന, മിശിഹായുടെ പ്രതിഫലനവും, പരിശുദ്ധാത്മാവിന്റെ ദാനങ്ങളും ഉയൎത്തിക്കാണിക്കുന്നതിൽ എന്നും ശ്രദ്ധചെലുത്തിയിരുന്നതു്. മാമ്മോദീസാസ്വീകരണം വഴി ലഭിക്കുന്ന വരപ്രസാദമാണ് അവരിൽ നാം ദശിക്കുന്നതു്. അതിനാൽ ഈ പ്രവൎത്തനങ്ങൾക്കു് വിഘാതമുണ്ടാക്കുന്നവർ ലെയോ പതിമൂന്നാമൻ മുതൽ പോൾ ആറാമൻ വരെയുള്ള പരിശുദ്ധ പിതാക്കന്മാരെത്തന്നെയായിരിക്കും എതിൎക്കുന്നതു്.

ഐക്യത്തെക്കുറിച്ചുള്ള വീക്ഷണം ഓരോരുത്തനിലും വ്യത്യസ്തമാണു്. അതുകൊണ്ടായിരിക്കണം സഭൈക്യത്തിനായി ഒന്നിച്ചു പ്രാർത്ഥിക്കുന്നതിനെ ചിലർ എതിർക്കുന്നതായി തോന്നുന്നതു്. "സ്വർഗ്ഗസ്ഥനായ പിതാവേ, അഥവാ കത്തോലിക്കാസഭ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും പ്രാർത്ഥന" ഒന്നിച്ചു ജപിക്കുന്നതു് മേൽ പ്രസ്താവിച്ച ഹോളി ഓഫീസിന്റെ നിർദ്ദേശങ്ങൾക്കു് തടസ്സമാകയില്ല. (A. A. S. 42, 1950 146, M V). അതാണു് ശരിയായിട്ടുള്ളതു്. കാരണം തന്റെ സഭയ്ക്കുണ്ടായിരിക്കണമെന്നു് മിശിഹാ ആഗ്രഹിച്ച ആ ഐക്യത്തിനുവേണ്ടിയാണു് ഓരോരുത്തനും ദൈവത്തോടു പ്രാർത്ഥിക്കുന്നതു്. എന്നാൽ അതു് എപ്പോൾ എങ്ങനെ പ്രാപിക്കണമെന്നതു് ദൈവനിശ്ചയത്തിനു വിട്ടുകൊടുക്കുന്നു. അതുകൊണ്ടു് അജ (ആത്മീയ) പാലകർ, ജനങ്ങൾക്കു് ഇത്തരം പ്രാർത്ഥനകൾക്കു് പരിശീലനം നൽകേണ്ട ആവശ്യമില്ലെന്നർത്ഥമില്ല.

ഇത്രയും പറഞ്ഞതിൽ നിന്നും ഞാൻ ഉദ്ദേശിക്കുന്നതു് സഭൈക്യനീക്കങ്ങളെക്കുറിച്ചുള്ള ഒരു ശരിയായ ജ്ഞാനം എല്ലാ കത്തോലിക്കർക്കും ഉണ്ടാകണം എന്നതാണു്. പരിശുദ്ധ പിതാക്കന്മാർ ഇതു് ആഗ്രഹിക്കുകയും ഇതിനുവേണ്ടി എന്നും തീക്ഷ്ണതാപൂർവ്വം യത്നിക്കുകയും ചെയ്യുന്നു; കൂടാതെ, ഈ ജോലി വിവേകപൂർവ്വവും ശ്രദ്ധാപൂർവ്വവും നിർവഹിക്കുന്നതിനു്--ഇതു് ഒരു ആവശ്യസംരംഭമായി കണക്കിലെടുക്കുന്നതിനു്—നിരീക്ഷണപൂർവ്വകമായ സംരക്ഷണ നൽകുന്നതിനു്, മെത്രാന്മാരുടെ സഹായം ആവശ്യമാണു്: അവർ തന്നെയാണു് നയിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതും. അതുപോലെതന്നെ പുനരൈക്യപരിശ്രമങ്ങൾ വേണ്ടവിധത്തിൽ നിർവ്വഹിക്കുന്നതായാൽ, അതുവഴി കത്തോലിക്കർക്കുതന്നെ ഉണ്ടാകുന്ന വലിയ ഗുണവും വിസ്മരിക്കാവുന്നതല്ല. ഇതു് അവരുടെ മതപരവും സാന്മാർഗ്ഗികവുമായ ജീവിതത്തെ നവീകരിക്കുന്നതിനുള്ള ഒരു വെല്ലുവിളിയായിരിക്കും. കത്തോലിക്കാപ്രബോധനങ്ങൾ കുറേക്കൂടെ ആഴമായി അറിയുന്നതിനു്,—ഹൃദയനിർഭരമായ സ്നേഹത്തിനുവേണ്ട പരിശീലനത്തിനു്—ഉള്ള ഒരു വെല്ലുവിളിയാണിതു്.

"എല്ലാവരും ഒന്നാകുന്നതിനു്" ഉള്ള അവിടത്തെ തീക്ഷ്ണമായ ആഗ്രഹപൂർത്തിക്കായി യോജിച്ചു് പരിയത്നിക്കുന്നവരെ, കർത്താവായ മിശിഹാ തന്റെ പ്രസാദവരപൂർണ്ണതയിൽ നിന്നും അവരെ അനുഗ്രഹിക്കട്ടെ.

## 7 കർദ്ദിനാൾ റോൾ സിൽവാ ഹെൻ റിക് സാൻറിയാഗോയുടെ മെത്രാപ്പോലീത്താ, ചില്ലി.

# ഐക്യമനോഭാവം

എക്യുമേനിസം എങ്ങനെ നടത്തണമെന്നതു് അജപാലകവൃത്തിയിൽ അതിപ്രാധാന്യമർഹിക്കുന്ന ഒന്നാണു്. എക്യുമേനിസത്തെപ്പററി നല്ലൊരു വാദംനടത്തി, അതിൽതന്നെ ഏതാനും തത്വങ്ങൾ ക്രോഡീകരിച്ചതുകൊണ്ടായില്ല; ഐക്യപരമായി നാം വർത്തിക്കുകതന്നെ വേണം.

തത്വപരമായ ഒന്നല്ല എക്യുമേനിസം. അതു് ഒരു പ്രത്യേക "ചിന്താഗതി"ക്കനുരൂപമായ ആത്മീയപാലനത്തിനുള്ള ഒരു മാർഗ്ഗമാണു്. സഭൈക്യമനോഗതിയോടെ നടത്താത്ത ഇടയനടുത്ത പ്രവൃത്തികൾ അതിനാൽത്തന്നെ കാലാനുകൂല (anachronism) മല്ലാതായിത്തീരുകയാണു്; പ്രത്യേകിച്ച് ഇക്കാലത്തു്.

സഭൈക്യപ്രസ്ഥാനത്തിനു് രണ്ടു നിർദ്ദേശങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാനാഗ്രഹിക്കുന്നു.

1) എങ്ങനെ ആരംഭിക്കണം.

2) എന്താണു് അതിൻെറ സമാനരൂപങ്ങൾ (analogical aspects)

## 1 സഭൈക്യപ്രസ്ഥാനത്തിൽ ആദ്യപടി.

"ഉപവിയിൽ സത്യം പാലിച്ചുകൊണ്ടു്" (അപ്പെ. 4–15) വേർപെട്ടുനില്ക്കുന്ന നമ്മുടെ സഹോദരങ്ങളോട് സാഹോദര്യപൂർവ്വകമായ സമ്പർക്കം പുലർത്തുന്നതിനും വാദത്തിലേർപ്പെടുന്നതിനും വേണ്ടിയാണു് സഭൈക്യപ്രസ്ഥാനത്തിൽ ഏപ്പെടേണ്ടതു്. വി. പൗലോസിൻെറ ഈ പ്രസ്താവന നല്ലതുതന്നെ. എന്നാൽ അഭിവന്ദ്യപിതാക്കന്മാരെ, ഈ കൗൺസിൽഹാളിൽ അത്തരമുള്ള പ്രസ്താവനകളു്

വ്യത്യസ്തമായരീതിയിലുള്ള വ്യാഖ്യാനം നാം കേരംക്കുകയുണ്ടായി. ചിലർ പറയുന്നു: അവർ "സത്യ"ത്തിൻെറപേരിൽ ആരംഭിച്ചിട്ട് അകൽച്ചയുടെ പ്രഥമ കാരണം സത്യമായിരിക്കുന്നതുകൊണ്ടും, ഈ സത്യം സ്ഥിരമായി നിൽക്കുന്നതുകൊണ്ടും, അതിനെപ്പററി തെളിവായും വ്യക്തമായും സ്ഥിരീകരിക്കാതെ എക്യുമേനിസം പ്രയോഗത്തിൽവരുത്തുവാൻ സാധ്യമല്ലെന്നു്. റോമൻകത്തോലിക്കാസഭയുടെ ദൃശ്യാതിർത്തികരംക്കു പുറമേ യഥാർത്ഥ വിശ്വാസവും, പ്രതീക്ഷയും ഉപവിയും നിലനില്ക്കുക അസാധ്യമെന്നു കരുതിയിട്ടെന്നതുപോലെ, പ്രാർത്ഥനയിൽപോലും നമ്മിൽനിന്നു വേർപെട്ട സഹോദരങ്ങളോട്ട് അരൂപിയിൽ ഒന്നാകുവാൻ നമുക്കു പാടില്ല എന്ന നിഗമനത്തിലാണ് അവർ എത്തിച്ചേരുന്നതു്. തീർച്ചയായിട്ടും കുറെക്കൂടി അഗാധമായ സത്യത്തിൻെറ ഐക്യത്തിൽ എത്തിച്ചേരുന്നതിനു് നാം എല്ലാവരും ആഗ്രഹിക്കുകയും പരിയത്നിക്കുകയുംചെയ്യുന്നുണ്ടു്. എന്നാൽ മാർഗ്ഗത്തിൽനിന്നും ലക്ഷ്യത്തിൽനിന്നും വളരെ വ്യത്യസ്തമായ ഒന്നാണ് യാഥാർത്ഥ പൂർത്തീകരണം എന്ന പൊതുതത്വം നാം ഒരിക്കലും മറന്നുപോകരുതു്. അതുകൊണ്ടു് നാം പ്ലാൻചെയ്യുമ്പോരം ആദ്യം വരണമെന്നു ആഗ്രഹിക്കുന്നതു് അവസാനമായിപ്പോയെന്നുവരാം.

മററു ചിലർ സ്നേഹത്തിൽനിന്നു ആരംഭിക്കുന്നു. എന്നാൽ അവരും പുനരൈക്യപരിശ്രമങ്ങളുടെ അന്ത്യലക്ഷ്യം സത്യമെന്നവിധത്തിൽ ഐക്യം സത്യത്തിലാണു് അന്വേഷിക്കുന്നതു്. അതെ, പരിശുദ്ധാരൂപിയുടെ നിയന്ത്രണത്തിൽ സത്യത്തിൻെറ ഐക്യത്തിൽ എത്തിച്ചേരുന്നതിനു് അവർ ദൈവസ്നേഹത്തിൽനിന്നും സഹോദരസ്നേഹത്തിൽനിന്നും ആരംഭിക്കുകയാണു്.

സംശയമെന്യേ ഈ രണ്ടാമത്തെ സമീപനം ആധാരമാക്കിയുള്ളതാണു് യഥാർത്ഥ ഐക്യപരിശ്രമങ്ങരം. ആവിഷ്കൃതസത്യത്തിലേയ്ക്കുള്ള പാത തയ്യാറാക്കുന്നതിനു് സ്വാഭാവികമായിത്തന്നെ അനുയോജ്യമായിരിക്കുന്ന സ്നേഹത്തിൽ നിന്നും ഇതു് തുടങ്ങുന്നു. എവിടെ ഒരേ സ്നേഹമുണ്ടോ അവിടെ ഒരേ വിശ്വാസത്തിൽ എത്തിച്ചേരുക കൂടുതൽ എളുപ്പമാണു്.

എങ്കിലും, വന്ദ്യപിതാക്കന്മാരെ, ആദ്യപടി അതിൽത്തന്നെ ഉപവിയോ ദീനാനുകമ്പയോ അല്ല, മറിച്ചു് സമ്പർക്കം പുലർത്തുന്നതിനു് കൂടുതൽ യുക്തവും, കൂടുതൽ വ്യക്തവുമായ ഒന്നാണു്.

മാനുഷികവിദ്യാഭ്യാസത്തിൻെറ കാര്യത്തിൽതന്നെ ആദ്യപടി ഒരു സത്യത്തിൻെറ കൈവശപ്പെടുത്തലൊ അതെക്കുറിച്ചുള്ള ഒരു വിശദീകരണമൊ അല്ല, പൊതുവായി സ്നേഹത്തെക്കുറിച്ചുള്ള ഒരു വിശദീകരണവുമല്ല, പ്രത്യുത വിദ്യാർത്ഥിയുമായുള്ള അടുത്ത സ്നേഹബന്ധമാണു്.

സ്നേഹത്തിൻെറ ശരിയായ മാർഗ്ഗങ്ങരം നന്നായി ഉപയോഗിച്ച വി. ജോൺബോസ്കോ, ഇക്കാര്യത്തിൽ സ്നേഹംമാത്രംപോര ("non basta amare"), ഈടുററതും അനുഭവവേദ്യവുമായവിധത്തിലും സ്നേ

ഹം തന്നത്താൻ പ്രത്യക്ഷപ്പെടുത്തേണ്ടതു് ആവശ്യമാണെന്നും, ഇതു് സ്നേഹിക്കപ്പെടുന്ന വ്യക്തി തെളിവായിട്ടു അറിയണമെന്നും പറയുക പതിവായിരുന്നു.

കൂടാതെ അദൃശ്യനായ ദൈവം മാംസമായിത്തീരുന്നതിനു്, യഥാർത്ഥത്തിൽ കേൾക്കപ്പെടുകയും കാണപ്പെടുകയും കരങ്ങൾകൊണ്ടു് സ്പർശിക്കപ്പെടുകയും ചെയ്യുന്നതിനുവേണ്ടിയുള്ള മനുഷ്യാവതാരത്തിന്റെ നിയമവും ഇതുതന്നെയല്ലേ?

അതുകൊണ്ടു് സഭൈക്യപരിശ്രമങ്ങളിലെ ആദ്യപടി സത്യം സ്ഥാപിക്കുകയോ വിശദീകരിക്കുകയോചെയ്യുക എന്നതിനേക്കാൾ യഥാർത്ഥസ്നേഹം പ്രദർശിപ്പിക്കുകയാണു് ആവശ്യം. ഞാൻ വീണ്ടും ആവർത്തിക്കുകയാണു്, ഈ സ്നേഹം പ്രദർശിപ്പിക്കുകതന്നെവേണം. സ്നേഹപ്രകടനങ്ങളൊ എന്നാൽ ദൃശ്യമായിരിക്കണം. അതു് ഹൃദയസ്പർശകവുമാകണം. അങ്ങനെനോക്കുമ്പോൾ, ഐക്യമേനിസപരിശ്രമങ്ങളെപ്പററിയുള്ള ഈ അദ്ധ്യായം ഏററം പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്നു് കാണാം. ഇതിന്റെ പ്രാരംഭപടി വ്യക്തമായി ആരംഭിക്കുന്നതിനുവേണ്ട ഏതാനും മാർഗ്ഗങ്ങളെക്കുറിച്ചുള്ള അറിവു അവയിൽനിന്നു ലഭിക്കുന്നതിനു് ഇതു കാരണവുമാകും.

## 2 ഐക്യപരിശ്രമങ്ങളുടെ സമാനരൂപങ്ങൾ

ഒരു കാര്യം വ്യക്തമായി മനസ്സിലാക്കിയിരിക്കണം; അതായതു് ഐക്യപ്രസ്ഥാനം ഏകരീതിയിലുള്ള (univocal) തല്ല. സദൃശ്യങ്ങളായവ (analogous) ആണു്. തത്വത്തിൽമാത്രമല്ല വർത്തനത്തിലും സമാനരൂപത്തിന്റെ തത്വങ്ങൾ ഏററം പ്രാധാന്യമർഹിക്കുന്നവയാണു്. സമാനരൂപം കൂടാതെ ദൈവശാസ്ത്രം അസാദ്ധ്യവും ഇടയനടുത്ത പ്രവൃത്തികൾ ബുദ്ധിപൂർവ്വംനയിക്കുന്നതിനു് പ്രയാസവുമായിത്തീരും.

പുനരൈക്യപരിശ്രമത്തിലെ ഈ സമാനരൂപത്തെക്കുറിച്ചു് കഴിഞ്ഞ ദിവസം കർദ്ദിനാൾ ബെയാ വളരെ ഭംഗിയായി പറയുകയുണ്ടായി.വിവിധ രാജ്യങ്ങളിലുള്ള വ്യത്യസ്തമായ സാഹചര്യങ്ങൾക്കനുസരണം വ്യതിരിക്തമായിരിക്കണം ഐക്യപരിശ്രമപദ്ധതികളുമെന്നു് സ്ലേമാ അവതരിപ്പിച്ച മെത്രാൻ പറയുകയും ചെയ്തു.

പതിനാറും ഇരുപതും നൂററാണ്ടുകളിലെ വേർപെട്ടുനില്ക്കുന്ന സഹോദരങ്ങളുടെ വ്യത്യസ്തരീതികളെക്കുറിച്ചു് പിതാക്കന്മാരിൽ ഒരാൾ നേരത്തെതന്നെ സംസാരിച്ചിട്ടുള്ളതാണു്. അതുകൊണ്ടു് ചരിത്രത്തിൽ വിവിധ നൂററാണ്ടുകളിലെ വൈവിദ്ധ്യത്തെപ്പററിമാത്രമല്ല ഭൂമിശാസ്ത്രപരമായ മേഖലാടിസ്ഥാനത്തിലും അല്പം സംസാരിക്കാമെന്നു കരുതുന്നു.

ഉദാഹരണമായി ദക്ഷിണ അമേരിക്കയിൽ ഇന്നുവളർന്നുവരുന്ന പ്രോട്ടസ്റ്റൻറിസത്തിൽനിന്നും അടിസ്ഥാനപരമായി വ്യത്യസ്ഥമാ

ണ് ഇന്നത്തെ യൂറോപ്യൻ പ്രോട്ടസ്റ്റൻറിസം. കടന്നുപോയ നൂററാണ്ടുകളിലെ ക്രൈസ്തവരുടെ പാപത്തിൻെറയും തെററിൻെറയും ഫലമായിട്ടു വളർന്നുവന്ന മതപരമായ കലാപങ്ങളുടെ ശോചനീയമായ ഫലങ്ങൾ ഇനിയും യൂറോപ്പിൽ കെട്ടടങ്ങിയിട്ടില്ല. മറിച്ച് പലപല കാരണങ്ങളിൽനിന്നും ഉയിർകൊള്ളുന്ന എന്തോ ഒന്നാണ് ദക്ഷിണ അമേരിക്കയിൽ നാം കാണുന്നതു്. മനുഷ്യൻെറ മതപരമായ ആവശ്യങ്ങൾക്കുവേണ്ടിയുള്ള നീക്കങ്ങൾ അവയിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നുതന്നെയാണ്. അവിടത്തെ ജനങ്ങൾക്ക് ഇടയനടുത്ത നമ്മുടെ ശ്രമങ്ങൾ പലപ്പോഴും അപൂർണ്ണങ്ങളാണ് അതിനുള്ള കാരണം ഒന്നുകിൽ വൈദികരുടെ അഭാവം, അല്ലെങ്കിൽ അത്മായരുടെ അവഗണന, അഥവാ മനസ്സിലാകാത്ത തിരുക്കർമ്മാനുഷ്ഠാനം, അല്ലെങ്കിൽ സാന്മാർഗ്ഗികവും ഭക്തിപരവുമായ ദഹിക്കാത്ത വേദോപദേശങ്ങൾ, അതുമല്ലെങ്കിൽ ചില കത്തോലിക്കാമുതലാളിമാരുടെ സാമുദായിക നീതി— ഇവയെല്ലാമാകാം. അതുപോലെതന്നെ മിഷൻസാഹചര്യത്തിനുപററിയതു് എന്നതിനേക്കാൾ തനി ‚‚ക്രിസ്തീയസമൂഹ''ത്തിനു പററിയ അജപാലകപരിപാടി ആസൂത്രണംചെയ്യുന്നതുകൊണ്ടോ മററു കാരണങ്ങൾകൊണ്ടോ ഇങ്ങനെ സംഭവിച്ചുകൂടായ്കയില്ല.

ഈ സന്ദർഭത്തിൽ പ്രത്യേകിച്ച് രണ്ടു കാര്യങ്ങൾ എടുത്തുപറയേണ്ടതുണ്ട്:

a) പ്രത്യേക മേഖലകളിലെ മെത്രാന്മാരും, അവരുടെ സംഘവും, വിവിധസ്ഥലങ്ങളിലെ അവരുടെ വ്യക്തിപരമായ പ്രശ്നങ്ങളും, പ്രവർത്തനങ്ങൾക്കുപയുക്തമായ നിയമങ്ങളും ശരിയായി ചർച്ച ചെയ്യുന്നതിനു പററിയ ഒരു സ്റ്റെയ്ററ്മെൻറ് ഉണ്ടാകണം.

b) ഇടയനനുയോജ്യമായ നവീകരണത്തിൻെറ ആവശ്യകതയുടെ തെളിവായ ഒരു സ്റ്റെയ്ററ്മെൻറ് ആവശ്യമാണ്: ''ക്രിസ്തീയ സമൂഹ''ത്തിന് എന്നതിനേക്കാൾ മിഷൻസാഹചര്യങ്ങളിൽ കൂടുതൽ ശ്രദ്ധചെലുത്തുവാനുപയുക്തമായ നവീകരണമായിരിക്കണം ഈ പ്രസ്താവനയുടെ ഉള്ളടക്കവും ഉദ്ദേശ്യവും.

സഭ ഒരു ചരിത്രവസ്തുതയാണ്. പക്ഷെ അതിൻെറ ഇടയനടുത്ത പ്രവർത്തനങ്ങൾ (pastoral structures) മാററത്തിനധീനമല്ലെന്നു് ഒരിക്കലും വിചാരിക്കുവാൻ പാടുള്ളതല്ല.

---

8 പോ൦ ഗ്രയോ, റെന്നസിൻെറ സഹായമെത്രാപ്പോലീത്താ ഫ്രാൻസ്സ്.

# സീമാതീതമായ ലഘൂകരണമരുതു്

പൗരസ്ത്യ ഓത്തഡോക്സ്സുസഭകൾക്കും നമുക്കും പൊതുവായിട്ടുള്ള വസ്തുതകളെക്കുറിച്ച് നാം ഇപ്പോൾ കേട്ടുകഴിഞ്ഞു. അതുപോലെതന്നെ ആധുനികയുഗങ്ങളിൽ രൂപംകൊണ്ടിട്ടുള്ള മററു ക്രിസ്തീയ വിഭാഗങ്ങളെക്കുറിച്ചും നാം സംസാരിക്കേണ്ടിയിരിക്കുന്നു. അപ്രകാരം ചെയ്യാതിരുന്നാൽ അതു അവരുടെനേക്കുള്ള ഒരു കടുത്ത അവഗണനയും യഥാത്ഥ സ്നേഹത്തിൻെറ അഭാവവുമായിരിക്കും. അതുകൊണ്ടു് ജ്ഞാനസ്നാനത്താലും ഈശോമിശിഹായുടെ പരിശുദ്ധ നാമത്താലും നമ്മോടു് അവഗാഢം ബന്ധപ്പെട്ടിരിക്കുന്ന ആ വിഭാഗങ്ങളെക്കുറിച്ച് നാം ചർച്ചചെയ്യുന്നു എന്നുള്ളതിൽ ഞാൻ അതീവം സന്തുഷ്ടനാണ്. അതിസ്വാഭാവികവരങ്ങളാൽ അലങ്കരിക്കപ്പെട്ട മിശിഹായുടെ സ്നേഹത്തിൽ ജീവിക്കുവാൻ കഴിവുള്ള ഈ വിഭാഗങ്ങളിലെ വിശ്വാസികളെ നമ്മുടെ യഥാത്ഥ സഹോദരങ്ങൾ എന്നു വിളിച്ചുകേൾക്കുന്നതുതന്നെ നമുക്കു വലിയ സന്തോഷത്തിനു കാരണമാണു്. നമ്മുടെ ചർച്ചായോഗങ്ങളിൽ എല്ലാ ദിവസവും സാഹോദര്യത്തോടും സൗമനസ്യത്തോടും കൂടി സംബന്ധിക്കുന്ന നമ്മുടെ സ്നേഹിതരായ നിരീക്ഷകരോടുള്ള ബഹുമാനത്തിൻെറ അടയാളമായി എൻെറ ആശയങ്ങൾ അവതരിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു. എന്നാൽ ഒരു കാര്യം നാം ശ്രദ്ധിക്കേണ്ടതുണ്ടു്. ജനങ്ങൾ പ്രതീക്ഷിക്കുന്ന സാർവ്വദേശീയ മതിപ്പ് നമ്മുടെ വേലയ്ക്കുണ്ടാകണമെങ്കിൽ, സാധിക്കുന്നിടത്തോളം യാതൊന്നും ഉപേക്ഷിക്കരുതു്. യാതൊന്നും കുഴച്ചുമറിക്കയുമരുതു്. അതുപോലെതന്നെ യാതെന്നും ക്രമാതീതമായി ലഘൂകരിക്കയുമരുതു്.

1) നമ്മുടെ ശ്രദ്ധയെ ആകർഷിക്കേണ്ട യാതൊന്നിനെയും നാം വിസ്മരിക്കേണ്ടതല്ല. ക്രിസ്തുവിനെ നാഥനും രക്ഷകനുമായി അംഗീകരിക്കുന്ന എല്ലാ ക്രിസ്തീയ വിഭാഗങ്ങളേയുംപററി പരാമശിക്കുവാൻ

നാം ആഗ്രഹിക്കുന്നു. അതിൽ ആംഗ്ലിക്കൻ സഭയെ പ്രത്യേകം എടുത്തുകാണിക്കേണ്ട ഒന്നായിട്ടാണ് എനിക്കുതോന്നുന്നത്. കാരണം അതിൻെറ ഉത്ഭവം മററു പ്രോട്ടസ്റ്റൻറു സമൂഹങ്ങളിൽനിന്നും തികച്ചും വിഭിന്നമാണ്. കൂടാതെയും 'സമൂഹം' (Community) എന്നുള്ള വാക്കുതന്നെയും ഒരു മതേതരലോകത്തെ സൂചിപ്പിക്കുന്നു. അതിനു പകരം അവരുടെ മതബോധത്തെ പ്രദ്യോതിപ്പിക്കുന്ന ഒരു പദം വിശുദ്ധ ഗ്രന്ഥത്തിൽനിന്നോ, പാരമ്പര്യത്തിൽനിന്നോ നമുക്ക് കണ്ടുപിടിക്കുവാൻ സാദ്ധ്യമല്ലെന്നു വരുമോ? 'സായൂജ്യം' (Communion) (Koinonia) എന്ന വാക്ക് ക്രൈസ്തവ പാരമ്പര്യത്തിന് അനുയോജ്യവും മേൽപ്പറഞ്ഞ ആശയങ്ങളെ ഉൾക്കൊള്ളുന്നതുമാകയാൽ പ്രസ്തുത പ്രയോഗത്തെ നമ്മുടെ പരിചിന്തനത്തിന് ഞാൻ അവതരിപ്പിക്കുന്നു.

2) യാതൊന്നും കുഴച്ചുമറിയ്ക്കരുത്. എന്നാൽ വിഭിന്നമായവസ്തുതകളെ വ്യക്തമായി വേർതിരിച്ചുകാണിക്കേണ്ടിയിരിക്കുന്നു. ഓത്തഡോക്സ്സഭകളേയും ആംഗ്ലിക്കൻസഭകളേയും ഒന്നിച്ചു വിശകലനംചെയ്യുന്നത് ഒരിക്കലും ശരിയല്ല. ഓരോ സമൂഹത്തിനും വേർതിരിച്ച് ഒരു വ്യക്തിത്വം കല്പിക്കുന്നത് നന്നായിരിക്കും. അതുകൊണ്ടു് എനിക്കു തോന്നുന്നത് ഓർത്തഡോക്സ്സഭകൾക്കും ആംഗ്ലിക്കൻ 'സായൂജ്യ'ത്തിനും അതുപോലെ പ്രോട്ടസ്റ്റൻറു വിഭാഗത്തിൽ നിന്നും ഉടലെടുത്തിട്ടുള്ള മററു 'സായൂജ്യ'ങ്ങൾക്ക് ഓരോന്നിനും വേർതിരിച്ചുള്ള അദ്ധ്യയങ്ങൾ തുറക്കണമെന്നാണ്. ഈ അവസരം ''സഭകളുടെ സാർവ്വലൗകിക സമ്മേളന''ത്തോടു (World council of Churches) നമുക്കുള്ള ബഹുമാനാദരങ്ങളെ പ്രകടിപ്പിക്കുവാൻ ഞാൻ വിനിയോഗിച്ചുകൊള്ളുന്നു. പരിശുദ്ധാത്മാവിയുടെ പ്രേരണയാൽ നയിക്കപ്പെട്ട് ആ സംഘടന ഇന്നു ചെയ്യുന്ന ആത്ഭുതാവഹമായ പ്രവർത്തനങ്ങളിൽ നാം സന്തോഷിക്കുന്നു. എന്നിരുന്നാലും അവരുടെ ഡൽഹിസമ്മേളനത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള തത്വസംഹിത ഒരു പൊതുവിശ്വാസസംഹിതയായി എടുത്തുകാണിക്കുവാൻ പാടില്ല. കാരണം, പരസ്പരയോജിപ്പിനുള്ള ഒരു അടിസ്ഥാനമായിട്ടുമാത്രമെ അതിൻെറ നിർമ്മാതാക്കൾ അതിനെ കരുതുന്നുള്ളു. അതു പ്രോട്ടസ്റ്റൻറുവിഭാഗത്തിൻെറ മാത്രം ഒരു തത്വസംഹിതയല്ല, 'സാർവ്വലൗകികസമ്മേളനസംഘടന'യിൽ ഓർത്തഡോക്സുസഭകൾകൂടി ഉൾക്കൊള്ളുന്നുണ്ട്. പ്രസ്തുതസംഘടന അംഗീകരിച്ചിട്ടുള്ള തത്വസംഹിതയെ, അവരുടെ ഇതുവരെയുള്ള വിപുലമായ പ്രവർത്തനങ്ങളെ എടുത്തു കാണിച്ചുകൊണ്ട്, പ്രസിദ്ധംചെയ്തുകാണുവാൻ എനിക്ക് അതിയായ ആനന്ദമുണ്ട്.

3) അതിപ്രധാനങ്ങളായവ ഒന്നിനേയും ക്രമാതീതമായി ലഘൂകരിക്കരുത്. പ്രോട്ടസ്റ്റൻറുസഭയിൽപ്പെട്ട പല വിഭാഗങ്ങൾക്കും അവർ അർഹിക്കാത്തതും അംഗീകരിച്ചിട്ടില്ലാത്തതുമായ ചില ആരോപണങ്ങൾ ഉന്നയിച്ചുകാണുന്നുണ്ട്. ദൈവത്തിൻെറ ഔന്നത്യം

കൂടുതൽ സ്പഷ്ടമാക്കിക്കാണിക്കുന്നതിനുള്ള ആഗ്രഹത്താൽ മതിമറന്നു് സഭയുടെ മാദ്ധ്യസ്ഥത്തെ അവർ അവഗണിച്ചുകളഞ്ഞു എന്നു പറയുന്നതു് ശരിയല്ല. "ദൈവത്തിനുമാത്രം സ്തുതി, അതു് വേദപുസ്തകവും വിശ്വാസവും മാത്രംവഴി," എന്നുള്ള പ്രശസ്തമായ ചൊല്ലു് അവരുടെ ആശയഗതികളെ മുഴുവനായും വെളിവാക്കുന്നില്ല. പ്രോട്ടസ്റ്റൻറുഭിന്നതയ്ക്കുള്ള കാരണം തത്വത്തെമാത്രം അടിസ്ഥാനമാക്കിയുള്ളതല്ല. ദൈവശാസ്ത്രവുമായി ബന്ധപ്പെടാത്ത പല കാരണങ്ങളും അതിനുണ്ടു്.

സഭകളുടെ ഐക്യത്തിനുവേണ്ടി സ്ഥാപിക്കപ്പെട്ടിരിക്കുന്ന സെക്രട്ടറിയേററിന്റെ പ്രവർത്തനലക്ഷ്യത്തിൽനിന്നും, ക്രിസ്തീയസഭകൾ തമ്മിൽ അടിസ്ഥാനപരമായി ഭിന്നിപ്പുണ്ടെന്നു സൂചിപ്പിക്കുന്ന സകലത്തിനേയും മാററിക്കളഞ്ഞിരിക്കുകയാണു്. തികച്ചും നിരർത്ഥകങ്ങളല്ലെങ്കിലും, പലപ്പോഴും അനാവശ്യമായ വഴക്കുകൾക്കു് കാരണമാകുന്ന ന്യായവാദങ്ങളുടെസ്ഥാനത്തു് സ്നേഹചൈതന്യം പ്രതിഷ്ഠിക്കുവാൻ പരിശ്രമിച്ചുകാണുന്നതിൽ നാം സന്തോഷിക്കണം. നമുക്കു പൊതുവായിട്ടുള്ളവയെ സമ്മതിച്ചു പറയുവാൻ സത്യംതന്നെ ആവശ്യപ്പെടുന്നു. അതു പരസ്പരധാരണയ്ക്കും സഹതാപത്തിനും വഴി തെളിക്കും. അങ്ങനെ "അവർ എല്ലാവരും ഒന്നായിരിക്കുവാ"നുള്ള നമ്മുടെ ക്രിസ്തുനാഥന്റെ പ്രാർത്ഥന നിവർത്തിതമാക്കുവാനും നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഇതായിരിക്കണം ഇന്നത്തെ എക്യുമേനിസത്തിന്റെ പ്രാവർത്തിക മാർഗ്ഗദീപം. ഇപ്പോൾ പരസ്പര സംഭാഷണവും പ്രാർത്ഥനയും കൂടുതൽ സാധിതപ്രായമായിട്ടുണ്ടെന്നുള്ളതു് തീർച്ചയാണു്. ഇതു് ക്രിസ്തുവിലുള്ള വിശ്വാസത്തെ അഗാധമായി പഠിക്കുന്നതിനും, ലോകത്തിനു മുഴുവനും അവിടത്തെ പ്രകാശിപ്പിച്ചു കാണിക്കുവാൻതക്ക മാർഗ്ഗങ്ങളെ ആരായുന്നതിനും വഴിതെളിക്കും. ഈ വത്തിക്കാൻസൂനഹദോസിന്റെ വമ്പിച്ച നേട്ടം ഈ വിഷയത്തിൽ ഫലപ്രദമായ ഒരു സഹായമായിരിക്കും.

---

9 സെർജിയൊ മെൻറസ്' അർച്ചെയൊ,
കർണവക്കായുടെ മെത്രാൻ,
മെക്സിക്കോ.

# തിരുസഭ, ഒരു തുറന്ന സമൂഹം

നമ്മുടെ കർത്താവീശോമിശിഹായിൽ, സ്വർഗ്ഗീയ തലത്തിലെ എല്ലാ ആദ്ധ്യാത്മിക ദാനങ്ങളും നമ്മുടെ മേൽ വർഷിച്ച അവിടത്തെ പിതാവായദൈവത്തിനു സ്തുതിയുണ്ടായിരിക്കട്ടെ (അപ്പെ.1:3). കാരണം, സൂനഹദോസിൽ കൂടിയിരിക്കുന്ന സഭാപിതാക്കന്മാരായ നമുക്ക്' അവിടന്നു ചെയ്തിട്ടുള്ള നന്മകളിൽ എക്യുമേനിസത്തേക്കുറിച്ചുള്ള ചിന്ത ഒരു പ്രഥമസ്ഥാനംതന്നെ അർഹിക്കുന്നുണ്ട്. അത്' വിശ്വാസത്തിൻേറയും ശരണത്തിൻേറയും ഉപവിയുടേയും, എളിമയുടേയും സഹാനുഭൂതിയുടേയും ആത്മാർത്ഥതയുടേയും ഫലമാണ്'. സത്യാത്മാവു' നമ്മെ എല്ലാവരേയും നയിക്കുന്ന ആ സത്യത്തിലുള്ള ഐക്യത്തിൻെറ പൂർണ്ണതയിലേക്ക്' അതു' വഴിതെളിക്കുകയും ചെയ്യും.

ഇക്കാര്യത്തിൽ തിരുസഭയുടെ വിധി വളരെ സ്വീകാര്യമായ ഒന്നാണ്'. എന്നാൽ നാമൊന്നനുസ്മരിക്കേണ്ടതുണ്ട്. അകത്തോലിക്കരായ നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി മാത്രമല്ല, നമ്മുടെ തീരുമാനങ്ങളെ ആകാംക്ഷയോടുകൂടി നോക്കിപ്പാർത്തിരിക്കുന്ന ലോകം മുഴുവനുവേണ്ടിയും തിരുസഭ ഇതാദ്യമായിട്ടാണ്' അവളുടെ എക്യുമേനിസം എന്തെന്നു' ശാസ്ത്രീയമായ രീതിയിൽ നിർണ്ണയിക്കുന്നതു'. എക്യുമേനിസത്തിൻെറ നല്ലഫലങ്ങൾ ഞാൻ അനുഭവിച്ചറിഞ്ഞുകഴിഞ്ഞു. കഴിഞ്ഞകൊല്ലം ഈ കൗൺസിൽഹാളിൽ വച്ചുതന്നെ അതിൻെറ ഭാവിവിജയത്തെക്കുറിച്ചുള്ള എൻെറ പ്രതീക്ഷകൾ ഞാൻ പ്രകടിപ്പിച്ചിട്ടുള്ളതാണ്'. എന്നാൽ ഇപ്പോൾ, ഐക്യത്തിനുവേണ്ടി സ്ഥാപിക്കപ്പെട്ടിരിക്കുന്ന സിക്രട്ടറിയേററ്' ആത്മരക്ഷയെ മുൻനിറുത്തി സാമർത്ഥ്യപൂർവ്വം തയ്യാറാക്കിയിട്ടുള്ള പദ്ധതിയിൽ വരുത്താവുന്ന അഭിവൃദ്ധോന്മുഖമായ ചില ആശയങ്ങൾ വളരെ സന്തോഷസമേതം നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്'.

1. സഭകൾ അല്ലെങ്കിൽ സഭാസമൂഹങ്ങൾ എന്നു വിളിക്കപ്പെടാവുന്ന ക്രമീകൃതസമൂഹങ്ങളെക്കുറിച്ചു നാം പര്യാലോചിച്ചു. എന്നാൽഇത്രമാത്രം ക്രമീകൃതമല്ലാത്തചില ജനനീക്കങ്ങൾ(movements) ഉണ്ടല്ലോ. അവയെക്കുറിച്ച് നാം ഒന്നും പറഞ്ഞിട്ടില്ല. ഉദാഹരണത്തിനു് പന്തക്കൊസ്താക്കാർ. അവർ പ്രാവർത്തികസ്നേഹത്താൽ നിറഞ്ഞവരാണ്. അവരുടേതായ ഒരു ആരാധനക്രമം അവർക്കുണ്ട്. സാമൂഹ്യനിലയ്ക്ക് അവർ പൂർണ്ണരാണ്. അവർ ആവേശപൂർണ്ണരാണ്. വിശ്വാസം എന്നതിനേക്കാൾ വികാരമാണ് അവരെ നയിക്കുന്നത്. അവരെ ഒരിക്കലും തിരസ്കരിക്കാൻ പാടില്ല. അമേരിക്കയിലുള്ള നമ്മുടെ മററു സഹോദരങ്ങൾ അവരെ അവഗാഢം പഠിച്ചുകൊണ്ടിരിക്കുന്നു. ഞാൻ പ്രശ്നം ഉന്നയിക്കുക മാത്രമേ ചെയ്യുന്നുള്ളു; ഉത്തരം എനിക്കില്ല.

2. അകത്തോലിക്കരായ നമ്മുടെ സഹോദരങ്ങളുടെ ഐക്യത്തെ ത്വരിതപ്പെടുത്തുന്നതിനു് ഇന്നു നിലവിലിരിക്കുന്ന ആരാധനാപരവും വിശുദ്ധഗ്രന്ഥസംബന്ധവുമായ കരുനീക്കങ്ങൾ വളരെ സഹായിക്കും. അതുകൊണ്ട് അവയിൽ കൂടുതൽ പ്രായോഗികമതബോധനശ്രദ്ധ ചെലുത്തേണ്ടതു് അത്യന്താപേക്ഷിതമാണെന്നു ഞാൻ കരുതുന്നു. ക്രിസ്തുവിനേയും വേദപുസ്തകത്തേയും കേന്ദ്രമാക്കിയുള്ള ആരാധനക്രമത്തിന്റെ പ്രാധാന്യം ഇന്നു് ആർക്കും ബോധ്യമാണ്. അവരണ്ടും ഏതൊരു ക്രൈസ്തവസഭയുടേയും കാതലാണ്. ഇന്നു് നമ്മുടെ അകത്തോലിക്കാസഹോദരങ്ങൾ വേദപുസ്തകത്തിനു കൊടുക്കുന്ന വിലയും, ബോധപൂർവ്വമായ അവയുടെ ഉപയോഗവും, അവയിൽനിന്നു് അവർ കണ്ടെടുക്കുന്ന ആദ്ധ്യാത്മിക നന്മയും പ്രശംസനീയംതന്നെ. ആ വാസ്തവം നാം ആദരപൂർവ്വം അനുസ്മരിക്കുന്നു. എന്നാൽ അവരുടെ ആരാധനക്രമനവീകരണത്തേക്കുറിച്ച് യാതൊരു അനുസ്മരണയും ചെയ്യുകണ്ടില്ല. അവരുടെ ആ നവീകരണം തിരുസഭയുടെ ആരാധനക്രമനവീകരണത്തിൽനിന്നും ആവിർഭവിച്ചിട്ടുള്ളതാണ്. ഈ നവീകരണ സംരംഭമാണ് ക്രിസ്ത്യാനികളായ നമ്മെ എല്ലാവരേയും ഗാഢമായി ഐക്യപ്പെടുത്തുന്നതു്.

ഒരു ഇടയന്റെ മതാനുഷ്ഠാന കാര്യങ്ങളിൽ അനുഭവം ഒരു വലിയ പങ്കുവഹിക്കുന്നതുകൊണ്ട് ഒന്നുരണ്ടാശയങ്ങൾ നിങ്ങളുടെ മുമ്പിൽ ഞാൻ അവതരിപ്പിക്കുവാൻ പോകയാണ്.

a) ന്യൂമാന്റേയും ട്രക്ററാരിയൻസിന്റേയും പ്രവർത്തനങ്ങളിൽ നിന്നാണ് എക്യുമേനിസത്തിന്റെ ആരംഭംതന്നെ. അവർ മററു പാധികളോടൊപ്പംതന്നെ ആരാധനക്രമത്തേയും ഉപയോഗപ്പെടുത്തിയിരുന്നു. വേറൊരു വസ്തുതകൂടി ഇവിടെ സ്മരണീയമാണ്. പ്രായോഗിക ആരാധനക്രമ (pastoral liturgy)ത്തിന്റെ പിതാവെന്നു വിളിക്കപ്പെടാവുന്ന ലാമ്പർട്ട് ബൗഡിൻ സോഫിയായിലായിരുന്നപ്പോൾ, എക്യുമേനിക്കൽ മൂവ്മെൻറ് എന്ന സംരംഭത്തിന്റെ

പ്രാധാന്യത്തെക്കുറിച്ചുള്ള ചിന്തകൾ ആഞ്ചലോ റൊങ്കാല്ലിയിൽ അങ്കുരിപ്പിച്ചു.

b) ഇത്തരുണത്തിൽ എൻെറ ഒരനുഭവം നിങ്ങളുടെ മുമ്പിൽ വെച്ചുകൊള്ളട്ടെ. എൻെറ ത്രൂപതയിൽ ആരാധനക്രമത്തേയും വേദപുസ്തകത്തേയും സംബന്ധിച്ച ഒരു നവീകരണം ആരംഭിച്ചു. എന്നാൽ എക്യൂമേനിസത്തെ പ്രോത്സാഹിപ്പിക്കാൻ ഞാൻ പ്രത്യേകമായി ഒന്നുംചെയ്തില്ല. പക്ഷേ നമ്മുടെ അകത്തോലിക്കാസഹോദരങ്ങൾ ധാരാളമായി എന്നെ സമീപിച്ചുതുടങ്ങി. ഞാനിപ്പോൾ അവരുമായി വളരെ സാഹോദര്യത്തോടും സ്നേഹത്തോടും കൂടിയ സംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുന്നു.

3. യൂദജനത്തിന് എതിരായുള്ള എല്ലാ പ്രവണതകളേയും ശപിക്കണമെന്ന് കുറേ ശങ്കയോടും അല്പം പിടിച്ചുമാണ് ഞാൻ കഴിഞ്ഞകൊല്ലം സംസാരിച്ചത്. എന്നിരുന്നാലും ഈ വിഷയത്തെക്കുറിച്ച് അല്പംകൂടി തുറന്നുസംസാരിക്കാൻ സാധിക്കുമെന്നു എനിക്കു ശരണമുണ്ടായിരുന്നു. ആ അവസരം ഇപ്പോൾ ഇതാ ആഗതമായിരിക്കുന്നു. യൂദന്മാരുടെ കാര്യം അക്രൈസ്തവരുടേതിൽ നിന്നും തികച്ചും വ്യത്യസ്തപ്പെട്ട ഒരു തലത്തിൽ ചിന്തിക്കണം. കാരണം, അവർക്കു നമ്മോട് ഒരു പ്രത്യേക ബന്ധമുണ്ട്. അത് രേഖാമൂലം അംഗീകരിക്കപ്പെട്ടിട്ടുള്ളതുമാണ്. ഉപേക്ഷിക്കാൻ പാടില്ലാത്ത വേറൊരു ബന്ധംകൂടിയുണ്ട്. അവർ ദൈവത്തിൻെറ തെരഞ്ഞെടുക്കപ്പെട്ട ജനമാണെന്നുള്ളതാണത്. വി. പൗലോസ്ശ്ലീഹാ എന്നും ശക്തിയുക്തം പ്രസ്താവിച്ചിരുന്ന ഒരു വസ്തുതയാണത്. അതുകൊണ്ട് യൂദന്മാരെ ഒരിക്കലും നമ്മുടെ പരിചിന്തനത്തിൽനിന്ന് മാററിനിറുത്തേണ്ടതല്ല. "കാത്തലിക് എക്യൂമേനിസത്തെ"സമ്പന്നമാക്കുന്നതിന് അത് സഹായിക്കും. കൂടാതെ, നമ്മുടെ മററു സഹോദരങ്ങൾക്ക് അതു അനിഷ്ടകരമാകയുമില്ല. കാരണം, നമുക്കു പൊതുവായുള്ള വിശുദ്ധ ഗ്രന്ഥത്തിന്മേലും, പൂർവ്വവും ആധുനികവും വരുവാനിരിക്കുന്നതുമായ നമ്മുടെ രക്ഷയുടെ ചരിത്രത്തിന്മേലും അത് പുതിയ പ്രകാശം വീശുകയും ചെയ്യും.

4. നമ്മുടെ പരിചിന്തനത്തിന് എന്തെങ്കിലും സ്ഥായിയായ ഒരു വീക്ഷണം ഉണ്ടാകണമെങ്കിൽ, മതസ്വാതന്ത്ര്യമെന്ന വിഷയത്തിൽ നിന്നും നാം തുടക്കമിടണം. മതസ്വാതന്ത്ര്യം എന്നു പറയുന്നത് ഒരു നിഗമനമോ, വെച്ചുകെട്ടലോ, ആധുനിക ചിന്താഗതിക്കുള്ള ,ഒരു അനുമതിയോ അല്ല. അത് അടിസ്ഥാനപരമായ ഒരു കത്തോലിക്കാതത്വമാണ്. അഭിവൃദ്ധോന്മുഖമായ ബന്ധങ്ങളുടെ ഒരു ചിന്താവീക്ഷണം ഏതാണ്ടിപ്രകാരമായിരിക്കും: മിശിഹായുടെ സഭയും നിരീശ്വരലോകവും, സഭയും ത്രൂപീകൃതമതമില്ലാത്ത വിശ്വാസികളും, സഭയും അക്രൈസ്തവമതങ്ങളും, സഭയും മുഹമ്മദ്മതവും, സഭയും സർവ്വ ക്രിസ്ത്യാനികളും. അഭിവൃദ്ധി ഉണ്ടാകേണ്ടത് ഐക്യത്തിലേക്കുള്ള പടിപടിയായ നീക്കംകൊണ്ടാണ്. നാം ആദ്യം

തന്നെ ഐക്യത്തിൽ ആരംഭിച്ചാൽ മററുള്ളവരോടുള്ള അനുഭാവത്തിനു് ഭംഗംവരും. മാത്രമല്ല, സ്വാതന്ത്ര്യത്തെ ഹനിച്ചിട്ടുള്ള ഐക്യം സാക്ഷാൽ മതപരമായ ഒരൈക്യം ആയിരിക്കയില്ല.

തിരുസഭയിൽ പരിശുദ്ധകുർബാന ഐക്യത്തിൻെറ കൂദാശ ആയിരിക്കുന്നതുപോലെ, തിരുസഭ ലോകത്തിൽ ഐക്യത്തിൻെറ ഒരു കൂദാശയാണെന്നു കാണിച്ചുകൊടുക്കണം. ഒരു പക്ഷേ ജനബാഹുല്യംകൊണ്ടു് മിശിഹായുടെ യഥാൎത്ഥസഭ ഒരു ചെറിയ അജഗണമായി തോന്നിയേക്കാം. എല്ലാവരും അതിൽ ചേർക്കപ്പെട്ടില്ലെന്നും വന്നേക്കാം. എന്നാൽ ലോകത്തിൽ ഐക്യത്തിനുള്ള ഏകനിദാനം അതാണു്. ഐക്യത്തിൻെറ കൂദാശ എന്ന നിലയിൽ തിരുസഭയാണു് ഐക്യം പ്രാപിക്കാനുള്ള ഏകമാർഗ്ഗം.

എക്യുമേനിസത്തിൻെറ ലക്ഷ്യം വിഭിന്നമതവിശ്വാസികളുടെ ഐക്യമാണു്. അതു് ഹൃദയങ്ങളുടെ അടുപ്പമാണു്. ലോകത്തെ മുഴുവനും ഏക ചിന്താഗതിയിലേയ്ക്കു നയിക്കുന്ന ഒരു ഐക്യമാണു്. അതിനുള്ള മാർഗ്ഗം എപ്പോഴും ഒന്നുതന്നെ. മാനുഷിക ചട്ടക്കൂടുകളെയെല്ലാം അകററിനിറുത്തി, ക്രിസ്തുവിൻെറ സുവിശേഷം പ്രാവൎത്തികമാക്കുക, അതു മററുള്ളവർക്കു് പകർന്നു കൊടുക്കുക.

5. യൂദന്മാരേയും മതസ്വാതന്ത്ര്യത്തേയും കുറിച്ചു പരാമൎശിക്കുന്ന ഭാഗം ഒരിക്കലും ഉപേക്ഷിക്കാൻ പാടില്ല എന്നാണു് എനിക്കു തോന്നുന്നതു്. അടുത്തതായി ഉന്നയിക്കാനുള്ള പ്രശ്നം ഫ്റീമെയ്സൺസിൻേറതാണു് (Freemasons) പല മതങ്ങളിൽപ്പെട്ട ആളുകരം കൂടിയുള്ള ഒരു സംഘടനയാണതു്. എന്നാൽ അതിൻെറ ഉത്ഭവം മുഴുവനായും ക്രിസ്തീയമാണെന്നു ചരിത്രം സാക്ഷിക്കുന്നു. ഇന്നു് അതു് ഭാഗികമായി ക്രിസ്തീയമാണു്; അതിൻെറ ക്രിയതപത്തെ നവീകരിക്കുവാൻ അതു് പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. മിശിഹായുടെ പഠനത്തിനെതിരായി, കളകളും ഗോതമ്പുകളും ഒന്നിച്ചു് സഭയിൽനിന്നു് വെട്ടിമാററപ്പെടാതിരിക്കേണ്ടതിനായി, ഈ ഗ്രൂപ്പിനെതിരായി സഭ പല അവസരങ്ങളിലായി സ്വീകരിച്ച ശിക്ഷണനടപടികളെ ഒന്നു പുനരാലോചിക്കേണ്ടിയിരിക്കുന്നു. ക്രിസ്തീയതത്വങ്ങരംക്കെതിരായി ചിന്തിക്കുന്നവർ ഈ ഗ്രൂപ്പിൽ ചുരുക്കമല്ല. എന്നാൽ വളരെപ്പേരും സ്വയം ലോകത്തിനു വെളിപ്പെടുത്തുന്ന ദൈവത്തിൽ വിശ്വസിക്കുന്നവരാണു്; ക്രിസ്തീയനാമധാരികളുമാണു്. ചുരുങ്ങിയപക്ഷം സഭയ്ക്കോ രാഷ്ട്രത്തിനോ എതിരായി ഗൂഢാലോചന ചെയ്യുന്നില്ലാത്തവരാണു്. സഭ അവരോടു സംഭാഷണത്തിലേർപ്പെടാൻ ആഗ്രഹിക്കുന്നവരും അവരിലുണ്ടു്.

ബഹുമാന്യപിതാക്കന്മാരേ, എക്യുമേനിസം യഥാൎത്ഥത്തിൽ ഒരു പുതിയ കാൽവെപ്പാണു്. പരിശുദ്ധപിതാവു് 23–ാം യോഹന്നാൻ പാപ്പാ പരിശുദ്ധാത്മപ്രിയാൽ പ്രേരിതനായി ആരംഭിച്ച നവീകരണസംരംഭ (aggiornamento) ത്തിൻെറ പ്രധാന ലക്ഷ്യവുംഎക്യുമേനിസംതന്നെ. വൈദികമേലദ്ധ്യക്ഷസംഘത്തിൻെറ തല

വനായ പോൾ ആറാമൻ പാപ്പായും, സഭയുടെ അടിസ്ഥാനമെന്ന നിലയിൽ, അദ്ദേഹത്തിൻേറതായ കാര്യസാദ്ധ്യതയോടും ക്രമത്തോടുംകൂടി, ജോൺ 23–ാമൻെറ വഴിത്താരയിൽക്കൂടി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

നമ്മിലുള്ള എക്യുമേനിസചൈതന്യത്തിൻെറ അഭാവം, വിലപനീയമായ ആ കുറവ് പരിഹരിക്കുന്നതിനുള്ള സുവർണ്ണാവസരം നമുക്കിപ്പോൾ കൈവന്നിരിക്കുന്നു. മാംസളഹൃദയത്തോടും (എസക്കി. 36:26) നവീകൃതമനസ്സോടും (അപ്പെ.4:23) ഉണർവ്വോടും കൂടി നമുക്കു മുന്നേറാം. എന്തിനു്? ഐക്യത്തിൻേറയും സമാധാനത്തിൻേറയും പതാകയായ ഈ നിർണ്ണയം മനുഷ്യവർഗ്ഗത്തെ മുഴുവനും കഴിയുന്നതും വേഗം അറിയിക്കുവാൻ.

---

## 10

ജോർജ്ജ് ഫ്ളാഹിഫ്
വിന്നിപ്പെഗ്ഗിലെ മെത്രാപ്പോലീത്താ
കാനഡാ.

# ദൈവത്തിൻെറ പ്ലാനും മനുഷ്യൻെറ വൈരുദ്ധ്യവും

എക്യുമേനിസത്തെ പുരസ്കരിച്ചുള്ള ഈ സ്ലേമാസഭയുടെ ജീവിതത്തിൽ ചരിത്രപരമായി വളരെ പ്രാധാന്യമുള്ളതാണു്. ഇതു് ലോകത്തിൽ സുവിശേഷപ്രചരണ വ്യാപ്തിയെ ശക്തിപ്പെടുത്തുവാൻ വളരെ ഉപകരിക്കും. തന്നിമിത്തം പല കർദ്ദിനാളന്മാരും മെത്രാന്മാരും ഇതിനെ പ്രശംസിക്കുന്നുണ്ടു്. അവരോടു ഞാനും യോജിക്കുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ ഉദ്ദേശത്തെ വെളിപ്പെടുത്തുന്ന 23–ാംയോഹന്നാൻ പാപ്പായുടേയും ആറാം പൗലോസ് പാപ്പായുടേയും ആശയത്തോടു് ഇതിനു പൂർണ്ണയോജ്യതയുണ്ടു്. അതുകൊണ്ടു് ഇതു തികച്ചും തൃപ്തികരമാണു്.

എന്നിരുന്നാലും ക്രൈസ്തവരുടെ ഇടയിലുണ്ടായിരിക്കുന്ന നിർഭാഗ്യമായ ഭിന്നതയുടെ ചരിത്രപരമായ വശത്തെ കൂടുതൽ ഊന്നിപ്പറയണമെന്നാണു് എൻെറ അഭിപ്രായം. ക്രൈസ്തവരുടെ ഇടയിലുള്ള ശീശ്മ ഉപരി ഓജസ്സോടുകൂടി വിശദീകരിക്കേണ്ടതാണു്. സഭാചരിത്രത്തിൽ വന്നു ഭവിച്ചിട്ടുള്ള ഭിന്നതയുടെ അർത്ഥം എന്താണെന്നും, അഥവാ, അതു് എന്തിനെ കുറിക്കുന്നു എന്നും മററുമുള്ള ബോധ്യത്തിലെത്തിച്ചേരേണ്ട കർത്തവ്യം നമ്മുടേതല്ലേ? നമുക്കെല്ലാ

വക്തമറിയാം ഈ ഭിന്നതകൾ അനിഷ്ടഫലങ്ങളാണുളവാക്കിയതെന്നു്. അതു് മിഷൻ പ്രവത്തനത്തെ ക്ഷയിപ്പിച്ചു. സുവിശേഷപ്രചരണത്തിനു വിലങ്ങുതടിയായി. എന്നാൽ, സകല ചരിത്രസംഭവങ്ങളുടേയും കത്താവായ ദൈവം ഇവ അനുവദിച്ചതിൽനിന്നും ഇതിൻെറ ധനവശം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. കാരണം യഹൂദരിലാരംഭിച്ചു് മിശിഹായിൽ പൂത്തീകരിക്കപ്പെട്ട രക്ഷണീയ ചരിത്രം തീത്ഥസഭയിലും (Pilgrim Church) തുടരുന്നു എന്നു് പൂണ്ണമായി നാം വിശ്വസിക്കുന്നു.

ഈ ശീശ്മകൾവഴി എന്താണു് ദൈവം നമ്മേ പഠിപ്പിക്കുവാനാഗ്രഹിക്കുന്നതു്?

a) എല്ലാ ക്രൈസ്തവരും ഭാഗഭാക്കാകുന്ന പാപത്തിൻെറ അനന്തരഫലമായി ഈ ശീശ്മകൾ ഉടലെടുത്തു. 23–ാംയോഹന്നാൻ പാപ്പാ പറഞ്ഞതുപോലെ കഴിഞ്ഞുപോയവയിൽ ഒരു പരീക്ഷണം നടത്തുകയെന്നതല്ല നമുക്കു കരണീയമായിട്ടുള്ളതു്. പ്രത്യുത എല്ലാ ക്രൈസ്തവവിഭാഗങ്ങളും തങ്ങളുടെ തെററുകൾ ഏററുപറയുവാൻ കടപ്പെട്ടവരാകണം. ഈ ഭിന്നതകൾ നിലനില്ക്കുന്നിടത്തോളം കാലം അവ ദൈവത്തിൻെറ മുൻപിൽ നമ്മേ കുററക്കാരാക്കുകയും, പാപികളായ നമ്മുടെമേൽ ദൈവികവിധിപ്രസ്താവിക്കുകയും ചെയ്യും. ഇവ തിരുസഭയ്ക്കു ലഭിച്ചിരിക്കുന്ന ആഹ്വാനത്തെ പൂണ്ണമായി അനുസരിച്ചിട്ടില്ലെന്നും, അവൾ പ്രാപിക്കേണ്ട വിശുദ്ധി ഇതേവരെ പ്രാപിച്ചിട്ടില്ലെന്നും സഭയെ അനുസ്മരിപ്പിക്കുന്നു.

b) നമ്മുടെ ഭിന്നതകൾക്കു് ഇതിലും ഉപരി ധനാത്മകമായ മറെറാരു വശമുണ്ടു്. വി. പൗലോസ് പഠിപ്പിക്കുന്ന കാരുണ്യത്തിൻെറ കത്താവാണു് ദൈവം. അവിടന്നു് തിന്മയിൽനിന്നും സദാ നന്മ ഉളവാക്കുന്നു. കൃപയോടെ പുറജാതികൾക്കു നിത്യരക്ഷകൊടുത്തതുപോലെ, ഈ കാലയളവിൽ, തിരുസഭയുടെ ഭിന്നതകൾവഴി തൻെറ ജനത്തിനു പരിശുദ്ധാത്മാവിയുടെ വരങ്ങൾ ധാരാളം കൊടുക്കുവാൻ ആഗ്രഹിക്കുന്നു.

ഈ എക്യുമേനിക്കൽ സംരംഭങ്ങൾതന്നെ ഭിന്നിക്കപ്പെട്ടിരിക്കുന്ന ജനതാമദ്ധ്യേ പരിശുദ്ധാത്മാവ് പ്രവത്തിക്കുന്നതിൻെറ മുഖ്യഫലമല്ലേ? ഈ സംരംഭങ്ങൾ തീർത്തും പരിശുദ്ധാത്മാവിൻെറ പ്രവത്തനമാണു്. ഇതുവഴി ശീശ്മയിൽനിന്നും അഥവാ, അതിനെ ജയിക്കുവാനുള്ള പരിശ്രമത്തിൻ നിന്നും, എല്ലാ സഭാവിഭാഗങ്ങൾക്കും നവീകരണത്തിനും പരസ്നേഹപരമായ പ്രവത്തനത്തിനും മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനും, അതുപോലെതന്നെ സുവിശേഷം ആഴമായി ഗ്രഹിക്കുന്നതിനും പ്രചോദനം നൽകുമെന്നതിൽ എനിക്കു പരിപൂണ്ണബോധ്യമുണ്ടു്. ഈ എക്യുമേനിക്കൽ സംരംഭങ്ങളിൽ, ചരിത്രത്തിൽ ഇദംപ്രഥമമായി, എല്ലാ സഭാവിഭാഗങ്ങളും ഒന്നിച്ചു് രക്ഷകനായ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്നു. അങ്ങനെ ഇഹ

ത്തിലെ സുവിശേഷപ്രഖ്യാപനത്തിനു് ഒരു നവചൈതന്യം കൊടുക്കുന്നു.

എക്യുമേനിക്കൽ സംരംഭങ്ങരം ശരിയായി മനസ്സിലാക്കുന്നതിനു് ആവശ്യമായിരിക്കുന്നതു് ചലനാത്മകമായ പരിശുദ്ധാത്മാവിൻെറ ഉദ്ദീപിപ്പിക്കുന്ന പ്രവർത്തനങ്ങളാണു്. മറിച്ചു് ഇതര സമൂഹങ്ങളിൽ കാത്തുസൂക്ഷിച്ചുപോരുന്ന സഭാമൂല്യ (ecclesial values)ങ്ങളുടെ പട്ടികയല്ല. ഈ സ്കേമാ വിശ്വസ്തതാപൂർവ്വം ഇതു നിർവ്വഹിച്ചിട്ടുണ്ടു്. ഈ എക്യുമേനിക്കൽ പ്രസ്ഥാനംവഴി ദൈവാത്മാവു് താൻ അഭിലഷിക്കുന്ന തരത്തിൽ വിവിധങ്ങളായ ഫലങ്ങരം ഉളവാക്കുകയും ദൈവതിരുമനസ്സിനോടു കൂടുതൽ വിശ്വസ്തരായിരിപ്പാൻ എല്ലാ ക്രൈസ്തവരേയും നയിക്കുകയും ചെയ്യുന്നു. എക്യുമേനിസത്തിൻെറ ചരിത്രപരവും ചൈതന്യപരവുമായ വശങ്ങരം വിവരിക്കുകയാണെങ്കിൽ ഒരു വസ്തുത കൂടുതൽ വ്യക്തമാകും. അതായതു് എക്യുമേനിസത്തെപ്പററി പറഞ്ഞവ ഒരു നിർവ്വചനമോ, അന്ത്യവിധിയോ അല്ല. മറിച്ചു് ദൈവാരൂപിതന്നെ കാരണക്കാരനായിരിക്കുന്ന ഒരു പ്രവർത്തനത്തിൻെറ ആരംഭമോ വികസനമോ മാത്രമാണെന്നു് സ്പഷ്ടമാകുന്നതാണു്.

---

## 11 ആൻഡ്രേയ പാൻഗ്രാസിയോ ഗൊറിസിയായിലെ മെത്രാപ്പോലീത്താ ഇററലി.

# സഭാചരിത്രരഹസ്യം

കത്തോലിക്കാസഭയേയും അകത്തോലിക്കാസഭയേയും സംബന്ധിക്കുന്ന ഓരോ വിവരണവും, അവ തമ്മിലുള്ള ഒരു താരതമ്യപഠനവുമാണു് എൻെറ സംസാരവിഷയം.

തിരുസഭയെപ്പററിയുള്ള വിവരണം അചഞ്ചലവും (static) പൃഥക്കൃത (abstract)വുമാണു്. സഭയുടെ ചലനാത്മകവും വസ്തുനിഷ്ഠവുമായ വശം അവഗണിക്കപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും ഇതു എക്യുമേനിക്കൽ ഡയലോഗിനെ സംബന്ധിച്ചിടത്തോളം അതിപ്രാധാന്യമർഹിക്കുന്നതാണു്. എൻെറ അഭിപ്രായത്തിൽ സഭാചരിത്രരഹസ്യം വേണ്ടിടത്തോളം പരിഗണിക്കപ്പെടുന്നില്ല.

ഒരു കണ്ണാടിയിലെന്നപോലെ, പഴയനിയമത്തിലെ ദൈവജ

നത്തിൻെറ ചരിത്രം തിരുസ്സഭ ചിന്തയ്ക്കു വിഷയമാക്കണം. വി. പൗലോസ് പറയുന്നു: "അവക്ക സംഭവിച്ച ഇവയെല്ലാം നമുക്ക ദൃഷ്ടാന്തത്തിനുവേണ്ടിയായിരുന്നു. ലോകങ്ങളുടെ അവസാനം നമുക്ക അടുത്തിരിക്കുന്നതിനാൽ നമ്മുടെ പഠനത്തിനായി എഴുതപ്പെടുകയും ചെയ്തിരിക്കുന്നു.'' (1 കോറ. 10: 11)

ദൈവം തൻെറ ചോദ്യംചെയ്യപ്പെടാത്ത നീതിയാൽ പഴയ നിയമത്തിലെ സ്വജനത്തെ അവരുടെ അവിശ്വസ്ഥതയ്ക്കു ശിക്ഷിച്ചു. വീണ്ടും അവിടത്തെ ശക്തിയിലേയ്ക്കുയർത്തി. അവർ അനുതപിക്കുകയും കരുണയ്ക്കായി യാചിക്കുകയും ചെയ്തപ്പോരം അവൻ അവരെ രക്ഷിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്തു. അതുപോലെ തന്നെയത്രെ പുതിയ ഉടമ്പടിയിലെ തൻെറ സഭയിൽ സമ്മേളിച്ചിരിക്കുന്നവരോട് ഇപ്പോഴും അവിടുന്നു പ്രവർത്തിക്കുന്നതും.

സഭയുടെ ചരിത്രത്തിൽ ഇവ യാതൊരു ദൈവശാസ്ത്രപദ്ധതിയ്ക്കും മുൻകൂട്ടി കാണുവാനോ മനസ്സിലാക്കുവാനോ സാദ്ധ്യമല്ല. പരിശുദ്ധാത്മാവിയുടെ പ്രവർത്തനത്തിൻെറയും മനുഷ്യസഹകരണനിസ്സഹകരണങ്ങളുടെയും ഫലമായി അപ്രതീക്ഷിതങ്ങളും സംശയാതീതവുമായ മാർഗ്ഗങ്ങളിൽ ധാരാളം സംഭവങ്ങരം ഒന്നിനു പുറകെ ഒന്നായി നടക്കുന്നുണ്ട്. ഉദാഹരണമായി 13–ാം നൂററാണ്ടിലെ ഏതു വലിയ ദൈവശാസ്ത്രജ്ഞനാണ് 16–ാം നൂററാണ്ടിൽ തിരുസ്സഭയെ തുണ്ടുതുണ്ടായി വിഭജിച്ച പാശ്ചാത്യശീശ്മയുടെ സാധ്യതയെപ്പററിയെങ്കിലും ചിന്തിക്കുവാൻ സാധിച്ചതു്? അഥവാ 'റിഫൊർമേഷനു' മുൻപ് സഭയെ വികൃതമാക്കിയ വക്രതയേയും ദുർവിനയോഗത്തേയും പററി ചിന്തിക്കുവാൻ സാധിച്ചവരാരുണ്ട്? മറിച്ച് റിഫോർമേഷൻെറ കാലത്തുള്ളവരിൽ ത്രെന്തോ സൂനഹദോസിനുശേഷം ദൈവപ്രസാദവരത്താൽ തിരുസ്സഭയ്ക്കു കൈവരുവാനിരുന്ന അത്ഭുതകരമായ ശക്തിയേപ്പററി പ്രവചിക്കുവാൻ ആർക്കു കഴിഞ്ഞു?

സഭാചരിത്രത്തിൻെറഅതിഗഹനമായ സ്വഭാവത്തെപ്പററിയുള്ള ചിന്ത കാത്തലിക് എക്യുമേനിസത്തിനു് പരമപ്രാധാന്യം നൽകുന്നവയാണെന്നാണ് എനിക്കു തോന്നുന്നതു്. പഴയ ഉടമ്പടിയിലെ ദൈവത്തിൻെറ ജനങ്ങരംക്ക്, ദൈവാവിഷ്കരണത്താൽ അവിടത്തെ കരുണ നിറഞ്ഞ ഉദ്ദേശങ്ങരം അറിഞ്ഞുകൊണ്ടു് അവരുടെ കഷ്ടത നിറഞ്ഞ ചരിത്രത്തിൽ നിന്നും, ദൈവത്തിൻെറ സംശയാതീതമായ പ്രവർത്തനങ്ങരം വഴി അവിടന്നു് സദാ നന്മ ഉളവാക്കുമെന്ന് പ്രതീക്ഷിക്കാമായിരുന്നു; പ്രതീക്ഷിക്കേണ്ടിയിരുന്നു. അതുപോലെ പുതിയ നിയമത്തിലെ ജനമായ നമുക്കും, നമ്മരംക്ക് അജ്ഞാതവും, നമ്മിൽ ആർക്കും മുൻകൂട്ടി കാണുവാനോ പ്രവചിക്കുവാനോ സാധിക്കാത്തതുമായ വിധത്തിൽ ദൈവകരുണ സഭയെ നയിക്കുമെന്നുള്ള പ്രതീക്ഷ വർദ്ധിപ്പിക്കാം; വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

സഭാചരിത്രത്തിലെ സ്പന്ദിക്കുന്ന വൈദിക ചലനാത്മകത്വം വ്യക്തമായി ഊന്നിപ്പറയണമെന്നാണ് എൻെറ അഭിപ്രായം. നമ്മുടെ തലമുറയ്ക്കോ, ഈ സൂനഹദോസിനോ വിചാരിക്കാൻ സാധിക്കാത്ത വിധത്തിൽ, സഭയ്ക്കു പുറത്തുള്ള സമുദായങ്ങളിൽ മാത്രമല്ല സഭയ്ക്കുള്ളിലും, വളരെയധികം സംഭവങ്ങളും, അവയുടെ അഭിവൃദ്ധിയും വ്യതിയാനങ്ങളും സൃഷ്ടിക്കുവാൻ, ഈ ചലനാത്മകശക്തിവഴി ദൈവത്തിനു സാധിക്കും.

ഭിന്നിച്ചു നിൽക്കുന്ന ക്രൈസ്തവരുടെ ഐക്യത്തിനുള്ള അഭിലാഷം ഇന്നും അസാദ്ധ്യമായിത്തോന്നാമെങ്കിലും, ഈ പ്രവർത്തനങ്ങൾ വഴി സാധിതമാക്കുവാൻ ദൈവത്തിനു കഴിയും. എല്ലാ ക്രൈസ്തവരും ദൈവപ്രേരണയ്ക്ക് അനുസരണമുള്ളവരായിരുന്നെങ്കിൽ മാത്രമേ ഇതു സാധിതമാകയുള്ളു.

രണ്ടാമതായി എനിക്കു പറയുവാനുള്ളത് അകത്തോലിക്കാ സമുദായങ്ങളെ പരാമർശിക്കുന്നതാണ്. ദൈവത്തിൻെറ കരുണയാൽ ഈ സമൂഹങ്ങളിൽ ഇതുവരെ സംരക്ഷിച്ചുപോന്നതും ഇന്നും രക്ഷണീയഫലം തുടർന്നു പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നതുമായ തത്വങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുക എന്നതു് അഭിലഷണീയമായ ഒന്നാണ്. എന്നാൽ എൻെറ വിനീതാഭിപ്രായം പറയുകയാണെങ്കിൽ അതു വളരെ നീണ്ടുപോകും. അതു തത്വങ്ങളുടെ ഒരു സമാഹാരം മാത്രമേ ആകുന്നുള്ളു. ഈ വിഭിന്നങ്ങളായ തത്വങ്ങൾക്ക് ഒരു യോജ്യത ആവശ്യമാണെന്നു ഞാൻ വിശ്വസിക്കുന്നു. ഈ തത്വങ്ങൾ എല്ലാം ബന്ധിക്കപ്പെട്ടിരിക്കുന്ന കേന്ദ്രത്തെ നാം ലക്ഷ്യം വയ്ക്കണം. അതുകൂടാതെ ഇതു വിശദീകരിക്കുവാൻ സാദ്ധ്യമല്ല. ഈ ബന്ധവും കേന്ദ്രവും ക്രിസ്തു ആകുന്നു. ഈ ക്രിസ്തുവിനെയാണ് ക്രൈസ്തവർ സഭയുടെ നാഥനായി ഏററു പറയുന്നതു്. അദ്ദേഹത്തെത്തന്നെയാണ് സകല സമൂഹത്തിലും പെട്ട ക്രിസ്ത്യാനികൾ ചോദ്യം കൂടാതെ വിശ്വസ്തതയോടുകൂടി സേവിക്കുവാനാഗ്രഹിക്കുന്നതു്. അവിടുന്നു തന്നെയാണ് ഭിന്നിച്ചു നിൽക്കുന്ന സമൂഹങ്ങളിലും തൻെറ പരിശുദ്ധാത്മാവി വഴി ക്രിയാത്മകമായ സാന്നിദ്ധ്യം കൊണ്ടു് വലിയ കാര്യങ്ങൾ ചെയ്യുന്നതു്. മനുഷ്യൻെറ യാതൊരു യോഗ്യതയുംകൊണ്ടല്ല പ്രത്യുത, അവിടത്തെ കരുണ കൊണ്ടു മാത്രമാണ് ഇവ ചെയ്യുന്നതു്.

മൂന്നാമതായി ക്രൈസ്തവരുടെ ഇടയിൽ ഇന്നും നിലകൊള്ളുന്ന ഐക്യത്തേയും അനൈക്യത്തേയും സംബന്ധിച്ച് തെളിവായ ഒരു അഭിപ്രായത്തിൽ എത്തിച്ചേരേണ്ടിയിരിക്കുന്നു. ഇതിന് ക്രിസ്തുവിൻെറ രഹസ്യങ്ങളും തിരുസഭയെ അതാക്കിത്തീർക്കുന്ന സത്യങ്ങളും വ്യക്തമായി കാണിക്കുന്ന വെളിപ്പെടുത്തപ്പെട്ട സത്യങ്ങളുടെ ക്രമാനുഗതമായ യോജിപ്പിലേയ്ക്കു് (hierarchical order) നമ്മുടെ സവിശേഷശ്രദ്ധ പതിയേണ്ടതാണെന്നു് എനിക്കു തോന്നുന്നു.

ദൈവികവിശ്വാസത്താൽ വെളിപ്പെടുത്തപ്പെട്ട എല്ലാ സത്യങ്ങ

ളും അതേ വിശ്വാസത്തോടുകൂടി വിശ്വസിക്കുകയും, സഭയെ അതാക്കിത്തീർക്കുന്ന എല്ലാ തത്വങ്ങളും ഒരേ വിശ്വസ്ഥതയോടുകൂടി കാത്തുസൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. എങ്കിലും അവയെല്ലാം ഒരുപോലെ പ്രാധാന്യങ്ങളല്ല.

പരിശുദ്ധ ത്രിത്വത്തിൻെറ രഹസ്യം, മനുഷ്യാവതാരം, പരിത്രാണം, പാപാത്മകമായ മനുഷ്യപ്രകൃതിയുടെ നേരെയുള്ള ദൈവത്തിൻറ കരുണയും സ്നേഹവും, ദൈവരാജ്യത്തിലുള്ള നിത്യജീവിതം മുതലായ ചില സത്യങ്ങൾ നമ്മുടെ പരമാന്ത്യത്തിൻെറ തലത്തിൽ പെട്ടതാണ്.

എന്നാൽ ഏഴു കൂദാശകൾ, സഭയുടെ വൈദികാധികാരഘടന, ശ്ലീഹന്മാരുടെ പിൻതുടർച്ച മുതലായവ രക്ഷയ്ക്കുള്ള മാർഗ്ഗങ്ങളുടെ തലത്തിലുള്ളവയാണ്. സഭയുടെ ഈലോക പ്രവാസകാലത്തേയ്ക്ക് മിശിഹാ നിർദ്ദേശിച്ചുകൊടുത്തിട്ടുള്ള മാർഗ്ഗങ്ങളാണീ സത്യങ്ങൾ. പ്രവാസം അവസാനിക്കുന്നതോടൊപ്പം ഈ മാർഗ്ഗങ്ങളും അവസാനിക്കുന്നു.

അന്ത്യത്തിൻെറ തലത്തിൽപെട്ട പ്രാഥമികസത്യങ്ങളെ സംബന്ധിച്ചിടത്തോളം ക്രൈസ്തവരുടെ ഇടയിൽ സാരമായ വ്യത്യാസമില്ല, മാർഗ്ഗങ്ങളോളം പ്രാധാന്യമുള്ളതും അപ്രധാനങ്ങളുമായ തത്വങ്ങളെ സംബന്ധിച്ചു മാത്രമേ കാര്യമായ അഭിപ്രായവ്യത്യാസം ഉള്ളൂ.

എന്നാൽ നമുക്കു പറയുവാൻ സാധിക്കും ക്രൈസ്തവഐക്യം അടങ്ങിയിരിക്കുന്നതു് ലക്ഷ്യത്തെ സംബന്ധിക്കുന്ന തത്വങ്ങളിൽ ഉള്ള പൊതു വിശ്വാസത്തിലാണെന്ന്.

സത്യത്തിൻേറയും തത്വത്തിൻേറയും ക്രമീകരണത്തോടു യോജിച്ച് ഈ വസ്തുത നാം സ്പഷ്ടമാക്കുകയാണെങ്കിൽ എനിക്കു തോന്നുന്നതു് ക്രൈസ്തവരുടെ ഇടയിലെ ഐക്യം കൂടുതൽ വ്യക്തമാകുമെന്നാണ്. ക്രൈസ്തവമതത്തിൻെറ പ്രമുഖ സത്യങ്ങളാൽ യോജിക്കപ്പെട്ടിട്ടുള്ള ഒരു കുടുംബമാണ് ക്രൈസ്തവരെന്ന വസ്തുത തെളിവാകുന്നതാണ്.

12 ജോസഫ് റാവിൽ
ഡമാസ്ക്കസിലെ രൂപതയുടെ
ഗ്രീക്ക പാത്രിയക്കീസിന്റെ വികാരി.

# കിഴക്കിന്റെ സ്വരം

എക്യുമേനിസം എന്ന സ്കേമായുടെ പ്രഥമ അദ്ധ്യായത്തിൽ മൂന്നു നിർദ്ദേശങ്ങൾ സമപ്പിക്കുവാനാണു് ഞാൻ ആഗ്രഹിക്കുന്നതു്.

1. കത്തോലിക്കാ എക്യുമേനിസത്തിന്റെ തത്വങ്ങളെപ്പററി പ്രതിപാദിക്കുതിനേക്കാൾ നല്ലതു് എക്യുമേനിസത്തിന്റെ കത്തോലിക്കാ തത്വങ്ങളെപ്പററി പ്രതിപാദിക്കുന്നതായിരിക്കും. എക്യുമേനിസം ക്രൈസ്തവരുടെ ഉപരി യോജിപ്പിനു് ഒരു സംരംഭമാണെങ്കിൽ അതിനെ കാത്തലിക്ക്, ഓത്തഡോക്സ്, ആംഗ്ലിക്കൻ അഥവാ ഇതുപോലെ എന്തെങ്കിലും പേരിൽ കൃത്യമായി വിളിക്കുക സാദ്ധ്യമല്ല.

എന്നാൽ ഈ എക്യുമേനിസത്തിന്റെ തന്നെ, കാത്തലിക്ക്, ഓത്തഡോക്സ്, ആംഗ്ലിക്കൻ മററിതുപോലുള്ളതിന്റെ തത്വങ്ങൾ എന്നു പറയാവുന്നതാണു്.

2. വർണ്ണനാപരമായ വിധത്തിലാണു് വിഭാഗങ്ങളെ വിവരിച്ചിരിക്കുന്നതു്. ഭിന്നതയുടെ ദൈവവിജ്ഞാനീയം സംബന്ധിച്ച് യാതൊന്നും പറഞ്ഞിട്ടില്ല. ഈ വിഷയത്തെക്കുറിച്ച് വിശുദ്ധ ഗ്രന്ഥം അല്പം പ്രകാശം വീശുന്നുണ്ടു്.

വിശ്വാസത്താലുള്ള രക്ഷയുടെ അന്വേഷണത്തിൽ ദൈവത്തിന്റെ ജനതയ്ക്കു ഐക്യമുണ്ടു്, അതു വാഗ്ദാനം സ്വീകരിക്കുമ്പോൾ. നേരെ മറിച്ച് ഭൗതികമായതിൽ ആശ്രയിച്ചുകൊണ്ടു് വാഗ്ദാനം നഷ്ടപ്പെടുത്തുമ്പോൾ അതു ഭിന്നമാകുന്നു. പ്രവാചകന്മാരുടേയും, നിയമത്തിന്റേയും വ്യക്തമായ ദൈവവിജ്ഞാനീയം ഇതാകുന്നു. ഇതു വീണ്ടും പുതിയ ഉടമ്പടിയിൽ വിശ്വാസത്തേക്കാൾ കൂടുതലായി നിയമത്തിലാശ്രയിച്ച ഭൂരിഭാഗം യഹൂദരുടെ ഭിന്നതയിൽ കാണപ്പെടുന്നു. അതിന്റെശേഷം ദൈവത്തിന്റെ ജനമായ സഭയ്ക്കു് യഹൂദീകരിക്കുന്നതിനും, യവനായീകരിക്കുന്നതിനും(5—ാം നൂ

ററാണ്ടിൽ) ലത്തിനീകരിക്കുന്നതിനും(11—ാം നൂററാണ്ടിൽ)അവസാനമായി റോമീകരിക്കുന്നതിനും(16—ാം നൂററാണ്ടിൽ)പരീക്ഷ തോന്നിയിരുന്നു. അപ്പോൾ മാംസത്തിൻെറ നീതീകരണമല്ലാതെ വിശ്വാസത്തിൻേറതു്ഒട്ടും അവശേഷിച്ചിട്ടില്ലെന്നു്അവർക്കു ബോദ്ധ്യമായി (പീലിപ്പോ: 3: 7—9)

എന്നാൽ ദൈവദാനങ്ങൾ പിൻവലിക്കപ്പെടുന്നില്ല. (റോമ. 11: 29). അവൻ ഒരിക്കലും തൻെറ ജനത്തെ ഉപേക്ഷിക്കുന്നില്ല. പ്രസാദവരം വഴിയാണു് ഐക്യം നൽകിയിരിക്കുന്നതെങ്കിൽ, നാമെല്ലാവരും കരുണസ്വീകരിക്കേണ്ടതിനായി ഭിന്നത തന്നെ ഉപരിപ്രാസാദവരത്തിനായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. പഴയനിയമകാലം മുതൽ ഇന്നു വരെ ദൈവത്തിൻെറ വിസ്മയനീയമായ പ്രവൎത്തനങ്ങൾ, സമൃദ്ധമായ ദാനത്തിലേയ്ക്കു നയിക്കുന്ന നിത്യരക്ഷയുടെ സ്വാതന്ത്ര്യദാനത്തിൻെറ തിരസ്ക്കരണത്തിൽ നിന്നും ഉടലെടുക്കുന്ന ഭിന്നതകളാണു്. ദൈവജനത്തിൻെറ ഐക്യത്തെയും അനൈക്യത്തെയും പററിയുള്ള വി. ഗ്രന്ഥത്തിൻെറ വീക്ഷണം കരുണയുടെയും പ്രസാദവരത്തിൻെറയും വെളിച്ചത്തിൽ സഭാചരിത്രം അവതരിപ്പിക്കുന്നു. കാരണം; ''ദൈവം എല്ലാ മനുഷ്യരോടും കരുണ ചെയ്യേണ്ടതിനു് എല്ലാ മനുഷ്യരേയും അനുസരണമില്ലായ്കയിൽ ബന്ധിച്ചു.'' (റോമ 11: 32).

പൗരസ്ത്യപിതാക്കന്മാർ പാശ്ചാത്യരോടു് എല്ലായ്പ്പോഴും യോജിക്കുന്നില്ല. ഭൂരിപക്ഷം ലത്തീൻകാരായ ഈ കൗൺസിൽ പിതാക്കന്മാൎക്കു് ഇതു ആശ്ചര്യകാരണമായിരിക്കുന്നു. ആദ്യമായിത്തന്നെ പറയേണ്ട ഒരു കാര്യം ഈ ഭിന്നിപ്പു ലത്തീൻ പിതാക്കന്മാരുടെ ഇടയിലുള്ള ഭിന്നതകളിൽ നിന്നും കൂടുതൽ വ്യത്യസ്തങ്ങളല്ല. താഴെ വരുന്ന കാര്യങ്ങളിൽ നിന്നും ഇതു വ്യക്തമാകും.

1. ഓൎത്തഡോക്സ് പാരമ്പര്യത്തോടു ബന്ധപ്പെട്ട ബിസൻറയിൻ, സിറിയൻ, കോപ്റ്ററിക്കു് പാരമ്പര്യങ്ങൾ യഥാൎത്ഥത്തിൽ വ്യത്യസ്തങ്ങളാണു്. ഇവയ്ക്കു തമ്മിൽ കാതലായ സാമ്യമുണ്ടെങ്കിലും സ്പഷ്ടമായ വ്യത്യാസമുണ്ടു്.

2. സ്ലാവു്, ജൎമ്മൻ, ഇംഗ്ലീഷ് മുതലായ മദ്ധ്യപശ്ചിമയൂറോപ്പിലെ ആളുകളുടെ മാനസാന്തരത്തിനു വളരെ മുൻപു തന്നെ പല പല സമൂഹങ്ങളുടെ ഘടനയിൽ നിന്നും ഉടലെടുത്ത വിവിധ സാമൂഹ്യമന:ശാസ്ത്രപരമായ പ്രത്യാഘാതങ്ങൾ കാത്തുസൂക്ഷിച്ചു പോന്നു. ഉദാഹരണമായി പറഞ്ഞാൽ, അതിൻെറ ഫലമായി ഏതാണ്ടു് 1500 കൊല്ലത്തേയോ, 1300 കൊല്ലത്തെയോ വേർപെടുത്തപ്പെട്ട ജീവിതം മാറോനായ്ത്തക്കാരുടെ കാര്യത്തിൽ അനുഭവപ്പെട്ടു.

3. പൗരസ്ത്യകത്തോലിക്കരും അവർ 'ലത്തിനീകരിക്കപ്പെട്ട'തിൻെറ വിവിധ പദവികൾ അനുസരിച്ചു് വ്യത്യസ്തരാണു്. കാരണം നമ്മുടെ എല്ലാ സഭാവിഭാഗങ്ങളും ലത്തീൻ സ്വാധീനതയിൽ

പെട്ടതാണ്. ഇതിൻെറ തെളിവാണ് ഞാൻ ഈ കൗൺസിൽ ഹോളിൽ ലത്തീൻ സംസാരിക്കണമെന്നത്. വംശമോ ജനപദമോ ഒരുവനെ പൗരസ്ത്യനാക്കുന്നില്ല. പ്രത്യുത അതിലുമുപരിയായി നേരിട്ടുള്ളതും ലത്തീൻ പാരമ്പര്യത്തിനെതിരല്ലാത്തതും എന്നാൽ അതിൽനിന്നും വ്യത്യസ്തമായതുമായ സജീവ അപ്പസ്തോലിക പാരമ്പര്യമാണ് പൗരസ്ത്യനാക്കുന്നതെന്ന് ദൈവശാസ്ത്രം പഠിച്ചിട്ടുള്ള ഏതൊരുവനും മനസ്സിലാക്കുവാൻ സാധിക്കും. പാരമ്പര്യത്തിൽ നിന്നും തെളിവുകളെടുക്കുമ്പോറം ആദ്യമായി ഉദ്ധരിക്കുന്നത് ഗ്രീക്കു പിതാക്കന്മാരെയാണ്. അതിനു ശേഷം മാത്രമെ ലത്തീൻ പിതാക്കന്മാരെ ഉദ്ധരിക്കുന്നുള്ളൂ. അവയുടെ ഉല്പത്തിസ്ഥാനങ്ങറം വിവിധങ്ങളാണെങ്കിലും അവ പരസ്പരം സ്ഥിരീകരിക്കുന്നവയാണ്. ഇതിൽ നിന്നും ഒരു കാര്യം മനസ്സിലാക്കാവുന്നതാണ്. ലത്തീൻകാരായിത്തീൎന്നിട്ടുള്ള ജനതയ്ക്കു എക്യുമേനിസത്തിൻെറ ആവശ്യം ബോദ്ധ്യമാകുന്നില്ല. ഈ മനസ്ഥിതിയോടുകൂടിയ പിതാക്കന്മാരിൽ ചിലരാണ് കിഴക്കിനും പടിഞ്ഞാറിനും കൂടി ഒരു നിയമാവലിയും ഒരു ഭരണഘടനയും ആവശ്യപ്പെട്ടത്. ഓർത്തഡോക്സ് പാരമ്പര്യത്തിൻെറയും ചിന്താഗതിയുടെയും സാക്ഷാത്തായ അൎത്ഥം അറിയാവുന്ന ആർക്കും ഇതു ഗ്രഹിക്കുക സാദ്ധ്യമല്ല.

അവസാനമായി, പൗരസ്ത്യകത്തോലിക്കാ സഭകളെല്ലാം കൂടി ഒന്നിച്ചെടുത്താലും കഷ്ടിച്ച് അകത്തോലിക്കരുടെ രണ്ടു ശതമാനം മാത്രമേയുള്ളൂ എന്ന് അനുസ്മരിക്കണം. അവർ (അകത്തോലിക്കർ) 200,000.000–യോളമുണ്ട്. അവയിൽ 180,000,000 ബിസൻെറയിൻ റീത്തുകാരും, 15,000,000 കോപ്റ്ററിക്ക് എത്തിയോപ്പിയൻ എന്നീ റീത്തുകാരും 5,000,000 സുറിയാനിക്കാരുമാണ്. ഇവർ ഓർത്തഡോക്സ് പാരമ്പര്യത്തെ പ്രതിനിധീകരിക്കുന്നു. അതുകൊണ്ട് അതിനോടു ബന്ധപ്പെട്ട എക്യുമേനിക്കൽ കാഴ്ചപ്പാടിൽ മാത്രമെ ഈ സഭകറംക്കു താല്പര്യം ഉള്ളൂ. ഓരോരുത്തരും ഇതിൻെറ പൂ ൎത്തീകരണത്തിനാഗ്രഹിക്കുന്നുണ്ട്. അതിനാൽ ഇവയെ ഐക്യത്തിനുള്ള ഒരു മാർഗ്ഗമായല്ലാതെ, അടസ്സപ്പെട്ടതായി കണക്കാക്കുവാൻ സാദ്ധ്യമല്ല. കിഴക്കും പടിഞ്ഞാറും സഭകറംക്കായി ഏകരൂപമായ ഒരു നിയമാവലിയോ, ഭരണഘടനയോ ചോദിക്കുകയെന്നത് എക്യുമേനിസത്തിലേക്ക് നയിക്കുന്ന സകല മാർഗ്ഗങ്ങളും അടയ്ക്കുകയായിരിക്കും ചെയ്യുക. സ്വയം നാശകരമായി വേർപെടുത്തുകയായിരിക്കും ഇതിൻെറ ഫലം. ഇതു സാർവ്വത്രികസഭയുടെ ഐക്യത്തിന് ക്രിയാത്മകമായ ഒരു തടസ്സമായിത്തീരുകയും ചെയ്യും.

## 13 ജെരാർദ് ഹ്യൂഗ്
'ആരെ'യുടെ മെത്രാൻ
ഫ്രാൻസ്.

# നാമെല്ലാവരിലും ഉണ്ടാകേണ്ട മാനസാന്തരം

കത്തോലിക്കരായ നാം യഥാൎത്ഥത്തിൽ നമ്മുടെ വിശ്വാസത്തിനനുസരണമായ, നമ്മുടെ വിശ്വാസത്തിൽ അധിഷ്ഠിതമായ ഒരു ജീവിതം നയിക്കുകയാണെങ്കിൽ അതു് എല്ലാ ജനപദങ്ങളും കത്തോലിക്കാസഭയിലേയ്ക്കു് അടുക്കുന്നതിനുള്ള ഒരെളുപ്പമാർഗ്ഗമായിരിക്കുമെന്നു് എക്യുമേനിസത്തെ അവതരിപ്പിക്കുന്ന നക്കൽ ഡിക്രി ചൂണ്ടിക്കാണിക്കുന്നു.

"തിരിച്ചു വരവു്" എന്നുള്ളതിനുപകരം "സമീപിക്കുക" എന്ന പദമാണു് ഈ സ്കീമായുടെ അവതാരകന്മാർ ഉപയോഗിച്ചിരിക്കുന്നതെന്നുള്ളതു് തീർച്ചയായും വലിയ സന്തോഷത്തിനു് നിദാനമാണു്. കാരണം കുറച്ചു കൊല്ലങ്ങൾക്കുമുമ്പു് ക്രിസ്തീയ ഐക്യത്തെപ്പററി നാം ചിന്തിക്കുമ്പോഴെല്ലാം നമ്മിൽ പലരുടെയും ചിന്താഗതി ഇതിൽനിന്നും തികച്ചും വിഭിന്നമായിരുന്നു. അന്നു് നാം കഴിഞ്ഞ കാലത്തേക്കു് തിരിഞ്ഞുനോക്കിക്കൊണ്ടു് ഇങ്ങനെ പറയുമായിരുന്നു: "കത്തോലിക്കാ തിരുസഭയെ ഉപേക്ഷിച്ചു് പാഷാണ്ഡതയിലും മതഭിന്നതയിലും വീണിട്ടുള്ളവർ അവരുടെ അബദ്ധങ്ങളെ ഉപേക്ഷിച്ചു് കത്തോലിക്കാ തിരുസഭയിലേയ്ക്കു് തിരിച്ചു വരാത്തിടത്തോളം കാലം ഐക്യം സാദ്ധ്യമല്ല. അവർ അവരുടെ അബദ്ധസിദ്ധാന്തങ്ങളെ തിരസ്കരിച്ചു്, ഒരിക്കലും സ്വീകരിക്കാത്തതോ, അഥവാ സ്വീകരിച്ച ശേഷം തിരസ്കരിച്ചതോ ആയ വിശ്വാസസത്യങ്ങളെ സ്വീകരിച്ചേ മതിയാവൂ. കൈകളും കാലുകളും ബന്ധിക്കപ്പെട്ടവരായി അവർ നമ്മുടെ പക്കലേയ്ക്കു് തിരിച്ചു വരട്ടെ. കത്തോലിക്കരെന്ന നാമത്തിൽ അഭിമാനംകൊള്ളുന്ന നാം, കത്തോലിക്കാതിരുസഭയിൽനിന്നും ഭിന്നിച്ചുപോയിരിക്കുന്നവരുടെ തിരിച്ചുവരവിനെ നിർവ്വികാരരായിമാത്രം ചിന്തിച്ചുകൊണ്ടിരിക്കുന്ന നാം സത്യവും പരിപൂൎണ്ണവുമായ നമ്മുടെ കത്തോലിക്കാസഭയിൽ ഒരു

മാററവും വരുത്തുകയില്ല.'' അത്തരത്തിലുള്ള ഒരു തിരിച്ചുവരവ് യഥാൎത്ഥത്തിൽ നിരുപാധികമായ ഒരു കീഴടങ്ങൽമാത്രമായിരിക്കുമല്ലോ.

എന്നാൽ ഇന്നാകട്ടെ നമ്മുടെ ചിന്താഗതിയിൽ വലിയൊരു മാററംതന്നെ സംഭവിച്ചിട്ടുണ്ട്. ഇപ്രകാരമൊരു മാററത്തിന്ന് ഇരുപത്തിമൂന്നാം യോഹന്നാൻ മാപ്പാപ്പായുടേയും, ആറാം പൗലോസ് മാപ്പാപ്പായുടേയും ഹൃദയനിർഭരമായ വാക്കുകൾ നമ്മെ വളരെയധികം സഹായിച്ചിട്ടുണ്ട്. ഇന്നു നാം സംസാരിക്കുന്നതു് ഈ വിധമാണ്. ''നമ്മുടെ സഹോദരന്മാർ നമ്മെ വിട്ടുപോയി എന്നുള്ളതു് ശരിയാണ്; എന്നാൽ നാമും അതിൽ കുററക്കാരാണ്.'' ഭാഗ്യമോടെ വാഴുന്ന പൗലോസ് പാപ്പായോടൊപ്പം നാമും പറയുകയാണ് ''താഴ്മയോടുകൂടെ ദൈവത്തോടും നമ്മുടെ സഹോദരന്മാരോടും മാപ്പു ചോദിക്കുന്നു'' എന്ന്.

പ്രത്യാശാപൂർവ്വം നാം ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന ഈ ഐക്യം കൈവരാനുള്ള ഉപാധികൾ എന്തെല്ലാമെന്നാണ് അടുത്തതായി നമുക്ക് ചിന്തിക്കുവാനുള്ളതു്. അതിനുള്ള മാർഗ്ഗങ്ങൾ ഈ കൗൺസിൽ ഹാളിൽഇതിനകംഅവതരിപ്പിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ''അടുപ്പിക്കുക'' എന്ന വാക്കിൽ അടങ്ങിയിരിക്കുന്ന അൎത്ഥവ്യാപ്തിയെ വിവരിക്കുന്നതോടൊപ്പം ഇവിടെ അവതരിപ്പിക്കപ്പെട്ട മാർഗ്ഗങ്ങളിൽ രണ്ടെണ്ണത്തെ ഊന്നിപ്പറയുവാനാണ് എൻെറ ഉദ്യമം.

ഞാനുദ്ദേശിക്കുന്ന രണ്ടുപാധികൾ ഇവയാണ്: (1) എല്ലാ ക്രൈസ്തവരിലും ഉണ്ടാകേണ്ടതായ ഒരു വ്യതിയാനം. (2) എല്ലാ ക്രൈസ്തവരും ഏകോപിച്ചുനിന്നുള്ള പ്രവൎത്തനം.

1) നാമെല്ലാവരും മിശിഹായിലേക്കു തിരിച്ചു വരണം. നാം കാംക്ഷിക്കുന്ന ഐക്യം ഒരു ദാനം മാത്രമല്ല, ഒരു വാഗ്ദാനംകൂടിയാണ് ഐക്യം കത്തോലിക്കരായ നമ്മുടെ സ്വകാര്യസ്വത്താണെന്നും, അതു് നമ്മുടെ സൂക്ഷ്മവും വീരോചിതവുമായ ശ്രദ്ധയ്ക്കു് കയ്യേല്പിക്കപ്പെട്ടിരിക്കുകയുമാണെന്നും നാം വിചാരിക്കുകയാണെങ്കിൽ അതു് നമ്മെ അഹങ്കാരികളും ഐക്യത്തെ ഒററിക്കൊടുക്കുന്നവരുമായി അവതരിപ്പിക്കുകയായിരിക്കും ചെയ്യുക. കത്തോലിക്കരായ നമുക്ക് ഐക്യമുണ്ടെങ്കിൽ അതു് മാമ്മോദീസാസ്വീകരിച്ച എല്ലാ സഹോദരന്മാരെയും അതിൽ ഭാഗഭാക്കുകളാക്കുന്നതിനും അങ്ങനെ നമ്മുടെ ലക്ഷ്യത്തെ മുൻനിറുത്തി എല്ലാവരും ഒത്തൊരുമിച്ചു് പുരോഗമിക്കുന്നതിനുമാണെന്നുള്ള വസ്തുത നാം മറക്കരുതു്. നിരീക്ഷകരായി വന്നിരിക്കുന്ന സഹോദരന്മാരോട് വാസ്തവത്തിൽ ഇതാണ് പ. പിതാവു് പറഞ്ഞതു്. അദ്ദേഹം പറഞ്ഞു: ''കഴിഞ്ഞ കാലത്തേക്ക് പിന്തിരിഞ്ഞുനോക്കുകയല്ല, പ്രത്യുത വൎത്തമാനകാലത്തിൽ, വിശിഷ്യാ ഭാവിയിൽ നമ്മുടെ ദൃഷ്ടികൾ ഉറപ്പിക്കുകയെന്നതാണ് ഏററവും പററിയമാർഗ്ഗം. ഭൂതകാലത്തിൽ എന്തു സംഭവിച്ചുവെന്നല്ല, ഭാവിയിൽ എന്താണ് കരണീയം എന്നതായിരിക്ക

ണം നമ്മുടെ ചിന്ത. നവീനമായ ഒന്നിലേയ്ക്ക് നമ്മുടെ ദൃഷ്ടികളെ തിരിച്ചുവിടണം. യഥാൎത്ഥീകരിക്കപ്പെടേണ്ട എന്തോ ഒന്നിൽ, ചെയ്യുതീൎക്കേണ്ട എന്തോ ഒന്നിലായിരിക്കണം നമ്മുടെ ശ്രദ്ധ മുഴുവൻ കേന്ദ്രീകരിക്കേണ്ടതു്.'' വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ പ. പിതാവു് ഉദ്ധരിക്കുകയാണു്: ''ഞാൻ എന്റെ പിമ്പിലുള്ളവയെ മറന്നിട്ടു്, മുമ്പിലുള്ളവയിലേയ്ക്കു് ആഞ്ഞുകൊണ്ടു്, ഈശോമിശിഹാമൂലമായി മുകളിൽനിന്നുള്ളവയിലേയ്ക്കു് ആഞ്ഞുകൊണ്ടു്, ഇശോമിശിഹാമൂലമായി മുകളിൽനിന്നുള്ള ദൈവവിളിയുടെ വിരുതു പ്രാപിക്കുവാനായി ലക്ഷ്യത്തിന്റെ നേരേ ഓടുന്നു.'' (ഫീലിപ്പോ. 3: 13–14)

ഈ പാതയിലൂടെ നാം പുരോഗമിക്കണമെങ്കിൽ നാം അനുനിമിഷം കൂടുതൽ നല്ലതായ ഒന്നിലേയ്ക്കു് ആഞ്ഞുകൊണ്ടിരിക്കണം. ഹൃദയത്തിന്റെ അഗാധത്തിൽനിന്നും നിർഗ്ഗമിക്കുന്ന യഥാൎത്ഥമായ എളിമ അഥവാ ഹൃദയശാലീനത കൂടാതെ ക്രിസ്തീയ ഐക്യം ഒരുനാളും ഉണ്ടാകുക സാദ്ധ്യമല്ല. എന്നാൽ ഇതുണ്ടാകണമെങ്കിൽ അവശ്യം ഉണ്ടാകേണ്ട മറെറാരു സംഗതിയുണ്ടു്. ഓരോ ക്രൈസ്തവനും, ഓരോ ക്രിസ്തീയസമൂഹവും ദുർവിധികളെല്ലാംമാററിവച്ചു്, ദുഷ്യവിമൎശനങ്ങളെല്ലാംമാററിവച്ചു് സ്വയം ഒന്നു പരിശോധിച്ചുനോക്കണം.

ഇതു സാധിക്കണമെങ്കിൽ ശരിയായഒരു മന:സാക്ഷി വാൎത്തെടുക്കുന്നതിനു് ദീർഘകാലമായി വിലങ്ങുതടിയായിനില്ക്കുന്ന നിയമങ്ങളിൽ കടിച്ചുതൂങ്ങിക്കിടക്കുന്ന ആ മക്കടമുഷ്ടി നാം നമ്മിൽനിന്നു് വേരോടെ പിഴുതെറിഞ്ഞേ മതിയാവൂ. ഇതു് അവശ്യം ഉൾക്കൊള്ളുന്ന മറെറാരു ഘടകമാണു് മററുള്ളവരിൽനിന്നും നമ്മുടെ പൊതു വിശ്വാസപ്രമാണത്തിൽനിന്നും കൂടുതലായി യാതൊന്നും ആവശ്യപ്പെടരുതു് എന്നുള്ളതു്. ജറുസലേമിൽവച്ചു കൂടിയ ഒന്നാമത്തെ കൗൺസിലിൽ വി. യാക്കോബു അപ്പസ്തോലൻ ഉന്നയിച്ച അഭിപ്രായത്തിലേയ്ക്കു് ഞാൻ നിങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളട്ടെ. ശ്ലീഹാ പറഞ്ഞു: ''ഇതിനാൽ ഞാൻ പറയുന്നു: (പുറജാതികളിൽനിന്നു്) ദൈവത്തിന്റെ പക്കലേയ്ക്കു് തിരിയുന്നവരെ അസഹ്യപ്പെടുത്തരുതു്.'' (നടപടി 15: 19) വി. ശ്ലീഹായുടെ ഈ വാക്കുകൾ അവിടെ കൂടിയിരുന്ന എല്ലാവരേയും സ്പൎശിക്കതന്നെ ചെയ്തു. അവർ ഏകകണ്ഠമായി ഇങ്ങനെ തീരുമാനിക്കുകയും ചെയ്തു. ''......ആവശ്യമായ ഇവയ്ക്കു പുറമേ കൂടുതലായ ഭാരം നിങ്ങളുടെമേൽ വയ്ക്കരുതു് എന്നാണു് പരിശുദ്ധാത്മാവിനും ഞങ്ങൾക്കുമുള്ളമനസ്സു്.''(നടപടി 15: 28) പ്രത്യാശാപൂർവ്വം നാം കാംക്ഷിച്ചുകൊണ്ടിരിക്കുന്ന ആ ഐക്യം സംസിദ്ധമാകുവാൻ നമ്മിൽ ഉണ്ടാകണമെന്നു് ഇതുവരെ ചൂണ്ടിക്കാണിച്ച ഗുണങ്ങളെല്ലാം നമ്മിൽ ഉണ്ടാകണമെങ്കിൽ ഒരു സംഗതി കൂടി നമ്മിൽ ഉണ്ടായേ തീരൂ. യഥാൎത്ഥമായ ആദരവു്, യഥാൎത്ഥമായ ബഹുമാനം, ഇതാണതു്. പരിശുദ്ധ പിതാവിന്റെ വാക്കുകൾ തന്നെ ഉദ്ധരിക്കുകയാണെങ്കിൽ: ''പൗരാണികകാലം മുതല്ക്കേ നാം

ഏറ്റുവാങ്ങിയിട്ടുള്ള, നാമെല്ലാവരും പൊതുസ്വത്തായി കാത്തുസൂക്ഷിച്ചുപോരുന്ന, നമ്മിൽനിന്നും പിരിഞ്ഞുപോയ സഹോദരന്മാർ കോട്ടം കൂടാതെ പരിരക്ഷിച്ചുപോരുന്ന, അല്ല, ഒരുപക്ഷേ ഭാഗികമായി അവർ വികസിപ്പിക്കുകയും സംസ്കരിക്കുകയുംചെയ്ത തത്വങ്ങളെ അവയർഹിക്കുന്ന പ്രാധാന്യത്തോടുകൂടി ആദരിക്കണം.'' (1963, സെപ്തംബർ 29—ാം തീയതിയിലെ പ്രഭാഷണത്തിൽ നിന്ന്.)

2) നാമെല്ലാവരും സംഘടിതമായി എല്ലാം മിശിഹായെപ്രതി ചെയ്യണം. പ്രവൃത്തികൾ വാക്കുകൾക്ക് മുന്നോടിയാണെന്നുമാത്രമല്ല, വാക്കുകളേക്കാൾ ശ്രേഷ്ഠവുമാണ്. മിശിഹായെ സംബന്ധിച്ചിടത്തോളം ഇതു തികച്ചും അന്വർത്ഥമാണ്. കാരണം, അവിടുന്ന് പ്രവർത്തിക്കുകയും പഠിപ്പിക്കുകയുംചെയ്തു. നമ്മെസംബന്ധിച്ചിടത്തോളവും ഇതു ശരിയായിരിക്കാതെ തരമില്ല; കാരണം എത്രത്തോളം നാം ചെയ്യുന്ന പ്രവൃത്തികളിൽ നാം സംഘടിച്ചുനില്ക്കുന്നുവോ അത്രത്തോളം എളുപ്പമായിരിക്കും ഐക്യത്തിലേക്കു നയിക്കുന്ന പാത കണ്ടുപിടിക്കുവാൻ. എവിടെയാണ് ഇങ്ങനെ സംഘടിതമായി നിന്ന് പ്രവർത്തിക്കുവാൻസാധിക്കുക എന്നതാണ് അടുത്ത പ്രശ്നം.

ഒന്നാമത്തെ പ്രവർത്തനരംഗം ഐക്യത്തിനായുള്ള പ്രാർത്ഥനയാണ്. വളരെക്കൊല്ലങ്ങളായി നമ്മുടെ ക്രൈസ്തവസഹോദരന്മാർ പ്രാർത്ഥിക്കുവാൻ തുടങ്ങിയിട്ട്. ''ദൈവമെ അങ്ങ് ആഗ്രഹിക്കുന്ന ഐക്യം അവിടുന്ന് നിശ്ചയിച്ചിരിക്കുന്ന സമയത്തും മാർഗ്ഗങ്ങളിലൂടെയും കൈവരുത്തണമേ'' എന്ന്. (Fr. Couturier ചൊല്ലിയിരുന്ന പ്രാർത്ഥനയാണിതു്). ഇന്ന് കത്തോലിക്കാജനപദങ്ങളുടെ ഹൃദയങ്ങളിൽ ഐക്യം വേഗം ഉണ്ടായിക്കാണുവാൻ പൊന്തിവന്നിട്ടുള്ള ആദാഹം, എക്യുമേനിസം അവതരിപ്പിക്കുന്ന സ്നേമായിൽ ഉണ്ടായിട്ടുള്ള ആ പുരോഗതി തീക്ഷ്ണമായ ഈ പ്രാർത്ഥനയുടെ ഫലമല്ലേയെന്നു ഞാൻ ചോദിക്കുകയാണ്. നമ്മിൽനിന്നു പിരിഞ്ഞുപോയിരിക്കുന്ന ക്രൈസ്തവസഹോദരന്മാർ ഒരുമിച്ച് പ്രാർത്ഥിക്കുവാൻ തുടങ്ങുമ്പോൾ തന്നെ അവരുടെ ഹൃദയങ്ങളിൽ ഒരു മാററം ഉണ്ടാകാതിരിക്കുകയില്ല; മററു സഹോദരന്മാരുമായി ഐക്യപ്പെടുന്നതിനുള്ള ഒരു വിശാല മനോഭാവം ഉണ്ടാകാതിരിക്കുകയില്ല. ഒന്നിച്ചുള്ള പ്രാർത്ഥന ഐക്യത്തിന്റെ മുന്നോടിയായിരിക്കും.

രണ്ടാമതുചെയ്യാവുന്നതു് ലോകത്തിലുള്ള എല്ലാ സാധുക്കളേയും സഹായിക്കുവാൻവേണ്ടി എല്ലാ ക്രൈസ്തവരും ഒത്തൊരുമിച്ച് എക്യുമേനിക്കൽ അടിസ്ഥാനത്തിൽ ഒരു പിരിവുനടത്തുക എന്നതായിരിക്കും. വി. ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ സാധൂകരിക്കാവുന്ന ഒന്നാണിതു്. തിരുസഭയുടെ ആരംഭത്തിൽതന്നെ വിശ്വാസികൾ നയിച്ച പൊതുജീവിതത്തിന്റെ പ്രതിഫലനമാണിതെന്നു പറയാം. ക്രിസ്തീയ ഐക്യത്തിന്റെ ബാഹ്യമായ ഒരടയാളംകൂടിയായിരിക്കും ഇതു്.

ഇന്ന് ഏററംഅവശ്യാവശ്യമായിരിക്കുന്ന ചില പ്രശ്നങ്ങളെ

ദൈവശാസ്ത്രപരമായി പരിചിന്തനം ചെയ്യുകയായിരിക്കും മറ്റൊരു രംഗം. അത്തരത്തിലുള്ള പ്രശ്നങ്ങളിലൊന്നാണ് ദാരിദ്ര്യം. ഈ പ്രശ്നത്തെ സംബന്ധിച്ച് കാര്യമായി ഒന്നും ഇതുവരെ ചെയ്തിട്ടില്ലെന്ന് സമ്മതിക്കാതെ തരമില്ല. വിവിധ സമൂഹങ്ങളിലെ ദൈവശാസ്ത്രജ്ഞന്മാർകൂടി ചർച്ചചെയ്ത് നിഗമനങ്ങൾ എടുക്കുകയാണെങ്കിൽ അത് തീർച്ചയായും സാധുസംരക്ഷണത്തിന് വലിയ സഹായമാവാതിരിക്കയില്ല.

നമുക്ക് സംഘടിതമായി നിന്ന് പ്രവർത്തിക്കാവുന്ന നാലാമതൊരു രംഗം സാമൂഹ്യമായ അപ്പസ്തോലികവേലയാണ്. ക്രൈസ്തവരായ നാമെല്ലാവരും സംഘടിച്ചാൽത്തന്നെയും അക്രൈസ്തവരുമായി താരതമ്യം ചെയ്താൽ നാം വെറുമൊരു ന്യൂനപക്ഷം മാത്രമേ ആയിരിക്കുകയുള്ളു എന്നതു് ഒരു വസ്തുത മാത്രമാണ്. സുവിശേഷം ഇനിയും പ്രസംഗിക്കപ്പെടാത്ത ഭാഗങ്ങളിലുള്ള ജനസംഖ്യ ഒന്നിനൊന്നിന് വർദ്ധിച്ചുകൊണ്ടിരിക്കുന്ന എന്ന വസ്തുത നമ്മെ തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നംതന്നെയാണ്. ഇത്തരുണത്തിൽ അർത്ഥശൂന്യങ്ങളായ വാഗ്വാദങ്ങളെല്ലാം മാററിവച്ച്, സജീവമായ വിശ്വാസത്തോടുകൂടി സുവിശേഷം അറിയിക്കുവാൻ തുനിഞ്ഞിറങ്ങണം.

ഞാൻ അവസാനിപ്പിക്കുകയാണ്. ഈ വ്യവസ്ഥകളെല്ലാം നിവർത്തിതമാകുകയാണെങ്കിൽ ക്രിസ്തീയ ഐക്യം സാധിക്കതന്നെ ചെയ്യും. എന്നാൽ ഇതു് അത്ഭുതകരമായി ഉടനടി ഉണ്ടാകാവുന്ന ഒന്നല്ല. മറിച്ച് സാവകാശം അദൃശ്യമായ വിധത്തിലുള്ള സംവിധാനത്തിലേ സംഭവിക്കൂ. കൊല്ലങ്ങൾക്കുശേഷം, ഒരുപക്ഷെ നാമും പിരിഞ്ഞുനില്ക്കുന്ന സഹോദരന്മാരും തമ്മിൽ യാതൊരകൽച്ചയുമില്ലാത്ത ഒരു സുദിനം ദർശിക്കുവാനുള്ള ഭാഗ്യം നമുക്കു ലഭിക്കും.

ക്രൈസ്തവ ഐക്യം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന സംഘടനകളുടെ പരിശ്രമങ്ങൾ സഫലമാകുമാറു് ഞങ്ങൾക്കുവേണ്ട നിർദ്ദേശങ്ങൾ നൽകണമെന്ന അഭ്യർത്ഥനയോടെ ഞാൻ വിരമിച്ചുകൊള്ളട്ടെ.

14 കർദ്ദിനാറം വലേരിയൻ ഗ്രേഷ്യസ്
ബോംബെ മെത്രാപ്പോലീത്താ
ഇൻഡ്യാ.

# ഒരുമിച്ചുനിന്നുള്ള സാധുജനസേവനം

വേർപെട്ടുനില്ക്കുന്ന നമ്മുടെ സഹോദരങ്ങളുമായുള്ള സഹകരണത്തെപ്പററിയാണ് ഞാൻ സംസാരിക്കുന്നത്.

1. ക്രൈസ്തവർ ഒരുമിച്ചുപ്രവർത്തിക്കേണ്ടതിൻെറ പ്രാധാന്യം നമ്മുടെ 'സ്കേമാ' ചൂണ്ടിക്കാട്ടുന്നുണ്ട്. കാരണം സ്നേഹത്തിലുള്ള ഐക്യം ക്രിസ്തുവിൻെറ അടയാളമാകുന്നു. ഇക്കാര്യം എനിക്കു വലിയ ആനന്ദത്തിനും ചാരിതാർത്ഥ്യത്തിനും നിദാനമാണ്. എന്നാൽ ഐക്യത്തിലേയ്ക്കുള്ള ഏററം വിസ്തൃതമായ മാർഗ്ഗം സാധുജനസേവനത്തിലുള്ള സഹകരണമാണെന്നതിന് വ്യക്തമായ യാതൊരു പ്രസ്താവനയും കണ്ടില്ല. ദൈവവിജ്ഞാനീയ തലത്തിലെ പ്രവർത്തനങ്ങറം ആവശ്യങ്ങളാണ്. എന്നാൽ സഹകരണം പല ദുർഘടങ്ങളേയും കടന്നുപോകും. 1950–ൽ തന്നെ ഇൻഡ്യൻ പ്ലീനറി കൗൺസിൽ ഇപ്രകാരമൊരു ഡിക്രി പുറപ്പെടുവിച്ചു. "സഭയുടെ നിയമങ്ങളും ഉചിതമായ മുൻകരുതലുകളും എടുത്തുകൊണ്ട് സ്വാഭാവികനിയമങ്ങറംക്കനുസരണം പൊതുവും സാമുദായികവും സാന്മാർഗ്ഗികവുമായ ഉന്നമനത്തിനുവേണ്ടി ആത്മാർത്ഥതയുള്ള അകത്തോലിക്കരോടു ചേർന്നു പ്രവർത്തിക്കുന്ന വിശ്വാസികറം പ്രശംസനീയരാണ്". സിദ്ധാന്തപരമായ സ്വരചേർച്ചകൂടാതെയെങ്കിലും നമുക്കൊന്നിക്കാം. "പൊതുശത്രുവിനെതിരായി നാം ഒന്നിക്കുന്നില്ലെങ്കിൽ ശത്രുക്കറം നമ്മെ ഓരോരുത്തരായി കഴുവിലേററും" എന്നൊരു ആംഗ്ലേയ ചൊല്ലുണ്ട്. ഈ ആശയത്തിൽ ചിന്തിക്കുമ്പോറം കാണാം, ദാരിദ്ര്യവും കഷ്ടപ്പാടുകളും പൗരസ്ത്യ ദിക്കുകളിലെ പൊതുവായ ശത്രുക്കളാണെന്ന്. ഭാരതത്തിൻെറ ഒരു ഭാഗത്തു് ഒരിക്കൽ പ്രസംഗിച്ചതു് ഞാനോർമ്മിക്കുന്നു. മീററിംഗിൽ ആദ്ധ്യക്ഷ്യംവഹിച്ച ഒരു മാർത്തോമ്മാമെത്രാൻ അന്നു പറഞ്ഞു: "ശിഥിലരായ ക്രൈസ്തവർക്ക് എതിരിടുവാൻ കഴിയാത്തവണ്ണം ലോകം സുശക്തമാകുന്നു." ഈ വാക്കുകറം ഞാൻ ഒരിക്കലും മറന്നിട്ടില്ല.

2. സാമുദായികവും അന്താരാഷ്ട്രീയവുമായ പ്രവത്തനങ്ങളിൽ സഹകരിക്കുവാൻ പരിശുദ്ധ പിതാവ് (പീയൂസ് XII) നടത്തിയ ആഹ്വാനം ക്രിസ്ത്യാനികളിൽ കുറെക്കൂടി വലിയ സ്വാധീനം ചെലുത്താതിരുന്നതു് നിർഭാഗ്യകരമായിപ്പോയി. പരിശുദ്ധ പിതാവ് പോൾ ആറാമൻതന്നെയും മിലാനിലെ മെത്രാപ്പോലീത്തായായിരിക്കയിൽ പറഞ്ഞു: "ദരിദ്രർ ക്രിസ്തുവിൻെറ പ്രതിരൂപങ്ങളാകുന്നു; അവർ ജീവിക്കുന്ന ഒരു കൂദാശപോലുമാകുന്നു"വെന്നു്. (Lenten Pastoral 1963)ഞാൻ നിങ്ങളെ ചില യാഥാർത്ഥ്യങ്ങൾ, പരുപരുത്ത യാഥാർത്ഥ്യങ്ങൾ അനുസ്മരിപ്പിച്ചുകൊള്ളട്ടെ. ഞാൻ ഒരു സമകാലീന പ്രസിദ്ധീകരണത്തിൽനിന്നു് (Christian Responsibility and poverty) അല്പം ഉദ്ധരിച്ചുകൊള്ളട്ടെ. കാർഡിനൽ സുവനൻസ്, ആർച്ചുബിഷപ്പ് ഹീനാൻ, മോൺ. ലിഗ്ഗുത്തി, ഫാ. ദെലെസ്റ്റാപ്പി തുടങ്ങിയവർ ഇതിലെഴുതിയിട്ടുണ്ടു്. അവികസിതരാജ്യങ്ങളിൽ 150,000,000, കുടുംബങ്ങൾ മനുഷ്യോചിതമായ സാമ്പത്തികനിലവാരം പുലർത്തുന്നില്ല. ലോകജനതയിൽ മൂന്നിൽ രണ്ടുഭാഗത്തിനും ദിവസം 2500 കലോറിക്കുമാത്രം ഭക്ഷണം ലഭിക്കുന്നില്ല. ഈ അളവു് ജീവസന്ധാരണത്തിനു് ആവശ്യമായി കരുതപ്പെടുന്നതാണും. ഇൻഡ്യയിൽ ഇപ്പോഴും 1000 ത്തിനു് 180 വീതം ശിശുമരണം നടക്കുന്നുണ്ടു്. ഒരു നവജാത ശിശുവിൻെറ ആയുർദൈർഘ്യം ഇന്നും 32 വർഷമാകുന്നു, ഇൻഡ്യയിൽ. ലോകജനതയുടെ 16 ശതമാനം വരുമെന്നു പറഞ്ഞാൽ പത്തു സമ്പദ്ധരാഷ്ട്രങ്ങൾ ലോകത്തിലാകെയുള്ള വരവിൻെറ 75 ശതമാനം കയ്യടക്കുന്നു. അവികസിതരാജ്യങ്ങളിൽ 150,000,000, കുടുംബങ്ങളും വികസിതരാജ്യങ്ങളിൽ 30,000,000 കുടുംബങ്ങളും മനുഷ്യമഹത്വത്തിനു ചേരാത്ത ദാരിദ്ര്യമാണനുഭവിക്കുന്നതു്. ഇൻഡ്യയിൽ 83.4% നിരക്ഷരകുക്ഷികളാണു്.

അതുകൊണ്ടു് കഴിഞ്ഞവർഷം കൗൺസിൽപിതാക്കന്മാർ അഖിലലോകത്തിനു നൽകിയ സന്ദേശത്തിൽചെയ്ത ആഹ്വാനത്തെപ്പററി ഒരുപക്ഷേ നാം വേണ്ടത്ര ചിന്തിക്കുന്നില്ല എന്നു് എനിക്കു തോന്നിപ്പോകുന്നു.

ഈ നിലയിൽ പരിശുദ്ധ പിതാവിനു് (കൗൺസിൽ പ്രസിഡൻസിയും മോഡറേറററന്മാരുംവഴി) ഒരു പെററീഷൻ സമപ്പിക്കേണ്ടതല്ലേ? ഞാനുദ്ദേശിക്കുന്നതു് പതിനേഴാം സ്കേമായെ കൂടുതൽ പരിശോധിക്കുന്നതിനു് അടുത്ത സമ്മേളനത്തിൽ മുൻഗണനനൽകുന്നതിനുവേണ്ടിയുള്ള ഒരപേക്ഷയാണു്. ഞങ്ങളിൽ ഏഷ്യയിലും ആഫ്റിക്കയിലും തെക്കേഅമേരിക്കയിലുമുള്ളവൎക്കു് ഇതു വളരെ പ്രധാനമായ ഒന്നത്രെ.

3) ദിവ്യകാരുണ്യകോൺഗ്രസ്സുവഴി പതിനേഴാം 'സ്കേമാ'യുടെ ചർച്ചയ്ക്കു് സുപ്രധാന ബന്ധമുണ്ടെന്നും ഞാൻ അനുസ്മരിപ്പിച്ചുകൊള്ളട്ടെ. കോൺഗ്രസ്സിൽ നാം പ്രതിപാദിക്കുവാൻപോകുന്നവയുടെ ഒരു പ്രാരംഭ നടപടിയായിരിക്കും ഈ ചർച്ചകൾ. നമുക്കുവേണ്ടി ദരിദ്ര

നാകുകയും തന്നെ അനുഗമിക്കുവാൻ നമ്മെക്ഷണിക്കുകയും ചെയ്യുന്ന മിശിഹാ ഏഷ്യയിൽ മിക്കവാറും ഭാഗങ്ങളിൽ അറിയപ്പെടുന്നില്ല. അതുകൊണ്ട് കോൺഗ്രസ്സോടുകൂടി നമുക്കൊരു പ്രത്യേക പഠനം നടത്തണം. അതായത് ആരോഗ്യം, ഭക്ഷണം എന്നിവയെപ്പററി ചർച്ചചെയ്യുന്ന ഒരു സെമിനാർ: അന്താരാഷ്ട്രീയവും(FAO Misereor, NCWC, OXFAM, etc.) ദേശീയവുമായ സംഘടനകളുടെ സഹകരണവും നാം പ്രതീക്ഷിക്കുന്നു. മെത്രാന്മാരും, ഇക്കാലത്ത് നമ്മുടെ ലോകത്തെ ഞെരുക്കുന്ന പ്രശ്നങ്ങളിൽ പാണ്ഡിത്യമുള്ളവരും ഏഷ്യയിൽ സമ്മേളിക്കണം. (വിശപ്പ്, അനീതിയായ വിതരണം, യുദ്ധവും സമാധാനവും തുടങ്ങിയവയാണല്ലോ പ്രസ്തുത പ്രശ്നങ്ങൾ) അതിന്റെ ഉദ്ദേശം ഇതാണ്: കൌൺസിൽപിതാക്കന്മാർ ആരംഭത്തിൽ ലോകത്തോടു പ്രഖ്യാപിച്ചത് കുറേക്കൂടി വ്യക്തമായി പ്രഖ്യാപിക്കത്തക്കവണ്ണം സാമൂഹികശാസ്ത്രം പരിശോധിക്കുക. അങ്ങനെ എല്ലാ ക്രിസ്ത്യാനികളും ദിവ്യകാരുണ്യത്താൽ സൂചിപ്പിക്കപ്പെടുന്ന സ്നേഹത്തിന്റെ അടയാളം ഇന്നത്തെ ലോകത്തിനു നൽകേണ്ടതാണെന്ന് നമുക്ക് കൂടുതൽ വ്യക്തമായി മനസ്സിലാകും.

അങ്ങനെ ദിവ്യകാരുണ്യരഹസ്യങ്ങളുടെ ആഘോഷമായ ആചരണം, മഹിമാവിന്റേയോ പ്രചരണത്തിന്റേയോ (ചുരുങ്ങിയതു നമ്മുടെയെങ്കിലും കാര്യത്തിൽ) ഒരു പ്രകാശനമാകാതെ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ പ്രകാശനമായിമാറും. ദാരിദ്ര്യത്തിന്റേയും ദരിദ്രരോടുള്ള താല്പര്യത്തിന്റേയും ശരിയായ സാക്ഷ്യംനൽകുവാൻ ദിവ്യകാരുണ്യം നമ്മെ നിർബന്ധിക്കുന്നു. സഭയുടെ രൂപം സേവനം ചെയ്യുന്ന ഒരു സഭയുടേതായിരിക്കണമെന്ന് ഞാൻ പറഞ്ഞുകഴിഞ്ഞു. "ഞാൻ ശുശ്രൂഷിക്കുവാനല്ലാതെ ശുശ്രൂഷിക്കപ്പെടുവാനല്ല വന്നിരിക്കുന്നതു്" എന്നു പറഞ്ഞ സ്ഥാപകന്റെ മാതൃകയെ അങ്ങനെ മാത്രമേ അനുകരിക്കാനാവൂ. "അവൻ നന്മചെയ്തുകൊണ്ട് കടന്നുപോയി" എന്ന് അങ്ങയെപ്പററി പറയപ്പെട്ടിരിക്കുന്നതു് മറെറാരു വിധത്തിലും അനുകരിക്കാവുന്നതല്ല.

15 എമിൽ ബ്ളൻഷേ,
കാത്തലിക്ക് ഇൻസ്റ്റിററ്യൂട്ട്
പാരീസ്.

# വേദവിജ്ഞാനീയമില്ലാതെ പുനരൈക്യമില്ല

ക്രൈസ്തവരുടെ ഐക്യം നാമെല്ലാം കാംക്ഷിക്കുന്നുണ്ട്. പക്ഷേ രണ്ടുഭാഗക്കാരും സന്മനസ്സുമാത്രമേന്തി സമീപിച്ചാൽ ഇതു യാഥാർത്ഥ്യീകരിക്കുവാൻ പോകുന്നില്ല. അതുകൊണ്ട് ഇതിൻെറ പരിപൂർണ്ണ ഒരുക്കത്തിനാവശ്യമായ ബൗദ്ധികമായ പ്രവർത്തനങ്ങളെക്കുറിച്ച് രണ്ടു പരാമർശനങ്ങൾ നടത്തുന്നതസ്ഥാനത്താകയില്ലെന്നു കരുതുന്നു. സത്യമനോഭാവത്തിൻെറ വികാരങ്ങൾ ആവശ്യംതന്നെ. പക്ഷെ വ്യക്തികൾ തമ്മിലുള്ള സൗഹാർദ്ദം മാത്രമല്ല നമ്മുടെ പ്രശ്നം. സത്യത്തേയും മനസ്സാക്ഷിയേയും ബാധിക്കുന്ന ഒന്നാണ് പുനരൈക്യം. ഈ സത്യത്തിനും മനസ്സാക്ഷിക്കും ചില പ്രത്യേക നിയമങ്ങളുണ്ടല്ലോ.

## 1. ഈ ജോലിയുടെ പ്രാധാന്യം

a) രണ്ടുകൂട്ടരുടേയും പ്രബോധനങ്ങളും, അവയോടു സംബന്ധിച്ച സകലതും അറിയാതെ ശരിയായ ഐക്യത്തിന് സാദ്ധ്യതയില്ലെന്ന് വ്യക്തമാണ്. ചർച്ച വളരെ നല്ലതുതന്നെ. പക്ഷെ ഭാഗഭാഗിത്വമെടുക്കുന്നവർ തങ്ങളുടെ ഭാഗം ജയിക്കുവാനുള്ള അത്യാകാംക്ഷയിൽ പരസ്പരം മനസ്സിലാക്കുകയെന്ന പ്രഥമ കൃത്യം വിസ്മരിക്കരുതെന്നു മാത്രം. പണ്ഡിതരായ വേദാന്തികളും, ചരിത്രകാരന്മാർ, മനശ്ശാസ്ത്രവിദഗ്ദ്ധന്മാർ, ദാർശനികർ എന്നിവരും സത്യത്തോടുള്ള സ്നേഹത്താൽമാത്രം പ്രേരിതരായി പലപ്പോഴും പ്രതിഫലമില്ലാത്ത ഒരു വലിയ ജോലി നിർവ്വഹിച്ചിട്ടുണ്ട്. അവരെല്ലാം ക്രൈസ്തവരുടെ ഐക്യത്തിന് കാര്യമായ സംഭാവനകൾചെയ്തു; ഇപ്പോഴും ചെയ്തുകൊണ്ടുമിരിക്കുന്നു. പാണ്ഡിത്യത്തിൻെറ കർശനരീതികൾ ഒരുപോലെ അവലംബിക്കുകയും സത്യത്തെ സേവിക്കുന്നതിന് ഒരുപോലെ

ആഗ്രഹിക്കുകയുംചെയ്താൽ, അതുതന്നെ ഒരു വലിയ പുരോഗതിയായിരിക്കും. പണ്ഡിതന്മാരുടെ ഇടയിൽ ദൃഢമായ ഒരു ബന്ധം സ്ഥാപിക്കുകയും ചെയ്യും.

ഇത്തരം ജോലികളെ പ്രത്യേകിച്ചെടുത്തു സ്തുതിക്കുന്നതിനു് ഒരു പ്രത്യേക കാരണമുണ്ടു്. അതിരുവിട്ട ബാഹ്യപ്രവൎത്തനങ്ങൾക്കായി ഇക്കാലത്തു് ഒരു വലിയ പ്രവണതയുള്ളതുതന്നെ. ഇതു കണ്ടാൽതോന്നും, ഉടനടൻ പ്രതിഫലംകിട്ടുന്ന കാര്യങ്ങളിൽമാത്രം ശ്രദ്ധിക്കുന്ന ഉത്സാഹംമാത്രമാണു് വല്ലതും നേടുന്നതെന്നു്. പക്ഷേ പുസ്തകങ്ങൾക്കു് അവയുടേതായ ശക്തിയുണ്ടു്. അതൊരു വലിയ ശക്തിയാണു്. ഒരുദാഹരണം നോക്കുക: "ക്രൈസ്തവസിദ്ധാന്തത്തിന്റെ വളൎച്ചയെപ്പററി ഒരു പ്രബന്ധം" എന്ന കൎദ്ദിനാൾ ന്യൂമാന്റെ ഒരു പുസ്തകമുണ്ടല്ലോ. നാമിപ്പോൾ ചൎച്ചചെയ്യുന്ന പ്രശ്നത്തെ സംബന്ധിച്ചു് ഈ ഗ്രന്ഥത്തിന്റെ പ്രാധാന്യവും സ്വാധീനവും എത്രമാത്രമായിരുന്നുവെന്നു് ആൎക്കു പറയുവാൻ കഴിയും? ഒരു നൂറുവൎഷങ്ങൾക്കു ശേഷം ഇന്നും ആ സ്വാധീനം തുടൎന്നുപോരുന്നു.

പക്ഷെ ഇതൊരു സങ്കീൎണ്ണപ്രശ്നമാണു്. പ്രയാസങ്ങൾ നിറഞ്ഞതാണു്. ഈ വിഷയത്തിൽ ഇടയ്ക്കും തലയ്ക്കും വല്ലവരും വിമൎശനയോഗ്യമായി വല്ലതും എഴുതിയെന്നിരിക്കട്ടെ. അതായതു്, മുഴുവൻ പരിപക്വമല്ലെന്നോ അതു സ്വീകരിക്കുവാൻ ക്രൈസ്തവജനത ഇനിയും തയ്യാറില്ലെന്നോ വരും. അങ്ങനെയുള്ളപ്പോൾ പൊതുഗുണം ആവശ്യപ്പെടുന്നിടത്തോളം ഗൗരവത്തിൽ ഒരു താക്കീതുകൊടുക്കാമല്ലോ. എന്നാൽ പുത്രനെന്നമട്ടിലായിരിക്കണം അത്തരം താക്കീതു നൽകേണ്ടതു്. അല്ലാതെ സംശയപടലത്തിനുകീഴേ എന്നേയ്ക്കുമായി അമൎന്ന ഒരുവനെന്നവണ്ണമായിരിക്കരുതു്. അങ്ങനെയായാൽ അതു പുനരൈക്യപരിശ്രമങ്ങൾക്കു് എത്ര ഉപദ്രവകരമായിരിക്കും എന്നു പറയേണ്ടതില്ലല്ലോ.

വീണ്ടും ഒരു സംഗതികൂടി നാം അനുസ്മരിക്കണം. അതായതു്, നമ്മുടെ വേർപിരിഞ്ഞുനില്ക്കുന്ന സഹോദരങ്ങളുടെ മതം നല്ല വാദമുഖങ്ങളാൽ പൂൎണ്ണമായി ഖണ്ഡിക്കാവുന്ന ഏതാനും പ്രസ്താവനകളിലൊതുക്കുക സാദ്ധ്യമല്ല. അത്തരം പ്രസ്താവനകളേക്കാൾ അഗാധമായ എന്തോ അതിലുണ്ടു്. ഓരോ പ്രത്യേക മതത്തിന്റേയും വ്യക്തിത്വത്തെക്കുറിച്ചു സജീവമായ ഒരു ബോധം ആവശ്യമാണെന്നു സാരം. ഈ മതങ്ങൾ എങ്ങനെയാണുത്ഭവിച്ചതു്? മിക്കപ്പോഴും ക്രമക്കേടുകൾക്കും പോരായ്കകൾക്കും എതിരടിച്ചു, അല്ലെങ്കിൽ വ്യക്തിപരമായി പ്രത്യേകാനുഭവങ്ങൾ ലഭിച്ചവരാണു് ഇവയുടെ സ്ഥാപകർ. അവർ വേർപാടിന്റെ ആരംഭത്തിൽ മതാത്മകപ്രബോധനങ്ങളുടേയോ ക്രൈസ്തവജീവിതത്തിന്റേയോ ഏതോ ഒരുവശംപൂൎണ്ണതയോടും തീവ്രതയോടുംകൂടി ദൎശിച്ചു. തൽഫലമായി മററുവശങ്ങൾ ഉപേക്ഷിക്കുകയോ നിഷേധിക്കുകയോ ചെയ്തു. അങ്ങനെ ആ പ്രത്യേക പരിതസ്ഥിതി ഒരു തെററിനു കാരണമായി. ബാക്കിയുള്ളവയ്ക്കെല്ലാം

ആധാരമായ ആ സജീവകാഴ്ചപ്പാടെന്താണെന്നു ചികഞ്ഞെടുക്കുക വേദാന്തികളുടേയും ചരിത്രകാരന്മാരുടേയും കടമയാകുന്നു. വേദാന്തികൾക്ക് മനോവിജ്ഞാനീയത്തിൻെറ അറിവു സഹായിക്കും. ചരിത്രകാരൻ സംഭവങ്ങളുടെ ഉപരിതലത്തിനുകീഴെ മുങ്ങിത്തപ്പുകയും ചെയ്യും. ഇതു വളരെ പ്രധാനമാണ്. കാരണം സത്താപരമായ ഭാഗത്തേക്കിറങ്ങിച്ചെല്ലുന്നില്ലെങ്കിൽ ഉപരിതലത്തിൽ നില്ക്കുകയും തന്നെ ശരിയായി മനസ്സിലാക്കിയില്ലല്ലോ എന്ന വിചാരം അകത്തോലിക്കനായ കൂട്ടുകാരനിൽ അവശേഷിക്കുകയും ചെയ്യും.

2. ആരെങ്കിലും കത്തോലിക്കനായാൽഅതുവഴിയായി അതേവരെ വിശ്വസിച്ചിരുന്നതെല്ലാം അവിശ്വസിച്ച് തൻെറ സ്വന്തം മാതാവിനെ പരിത്യജിക്കുന്ന മട്ടിൽ പ്രവൎത്തിക്കേണ്ടതില്ല. ഇതു മനസ്സിലാകത്തക്കവിധത്തിൽ ഒരു വിശദീകരണം നൽകുക അത്യന്താപേക്ഷിതമാകുന്നു. വാസ്തവത്തിൽ അയാളുടെ നിഷേധാത്മകമായ പ്രസ്താവനകളെയല്ലാതെ മറെറാന്നും അയാൾ നിഷേധിക്കുകയില്ല. അയാൾ നേരത്തെ വിശ്വസിച്ചിരുന്ന സത്യങ്ങൾ സംരക്ഷിക്കുകയും പൂരകങ്ങളായ മററുസത്യങ്ങൾവഴി വീക്ഷണം വിപുലീകരിക്കുകയുമത്രെ ചെയ്യുന്നതു്. അങ്ങനെ പഴയ വിശ്വാസങ്ങൾ നശിക്കയല്ല സമ്പന്നമാകയാണ്. പഴയ വിശ്വാസങ്ങൾ വിപുലപ്പെട്ട് അവയുടെ യഥാൎത്ഥമായ സ്ഥാനം കത്തോലിക്കാസഭയിൽ കണ്ടെത്തുന്നു. കത്തോലിക്കാസഭയാകട്ടെ ഏററമധികം കുടുംബബന്ധമുള്ള മതവിഭാഗങ്ങളെ (Religious Families) ഉൾക്കൊള്ളുന്നുമുണ്ട്. ന്യായാനുസൃതമായ വൈവിധ്യത്തോടുകൂടി അവയെല്ലാം ഒരേ വിശ്വാസത്തിൽ സംയോജിച്ചുനില്ക്കുന്നു. കൗൺസിലിനെപ്പററിയും ഭാവിയിലുള്ള ഐക്യത്തിൻെറ പ്രത്യാശയെപ്പററിയും സന്തോഷസമേതം പറഞ്ഞതുപോലെ ''ആവശ്യകമായ നവീകരണങ്ങൾക്കും പുനരുദ്ധാരണങ്ങൾക്കുംശേഷം ഇനിയും വേർതിരിഞ്ഞു നില്ക്കുന്നവരോട് നമുക്കു പറയാറാവണം: ''പള്ളിയുടെ ഈ മനോഹരഭവനം ഞങ്ങളുടെ വകയല്ല. കാണുകയും പ്രവേശിക്കുകയും ചെയ്യുവാൻ നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ ഞങ്ങളുടെ പക്കലേയ്ക്കു് നിങ്ങൾക്കു വരേണ്ടതില്ല. നിങ്ങൾ സ്വന്തഭവനത്തിലാണ്. ദൈവത്തിൻെറ ഭവനം നിങ്ങളുടെ ഭവനമാകുന്നു''. പുനരൈക്യ പരിശ്രമങ്ങൾക്ക് ഒരുത്തമമാതൃകയാണിതു്. വിശ്വാസം ദാനമായി നമുക്കു നൽകപ്പെട്ടതാകുന്നു. നാം അതു അവകാശപ്പെടുന്നുമില്ല. ദൈവപ്രകാശിത സത്യങ്ങളുടെ ശുശ്രൂഷകന്മാരാണ് അധിപന്മാരല്ല നാം. അതുകൊണ്ട് പുനരൈക്യപരിശ്രമങ്ങളെ തീരെ എളുപ്പം എന്നു ഗണിക്കരുതു്. കാരണം അതിൽ പല പ്രശ്നങ്ങളുമുണ്ട്. അതിൻെറ സജീവമായ ആന്തരികഹൃദയത്തിലെത്തിയാലേ നമുക്കു പ്രവൎത്തിക്കാനാവൂ. പല പ്രശ്നങ്ങളും ശ്രദ്ധാർഹങ്ങളും കൈകാര്യം ചെയ്യുവാൻ പ്രയാസമുള്ളവയുമാണ്. എങ്കിലും വാഗ്വാദങ്ങൾ നാം ഉപേക്ഷിക്കണം.

എൻെറ അനുമാനങ്ങളെ ഇങ്ങനെ സംഗ്രഹിക്കുന്നു: (1) ആവ

ശ്യമായ ഭൗതികപ്രവർത്തനങ്ങളുടെ പ്രാധാന്യത്തിനു കുറേക്കൂടി ശക്തി കൊടുക്കണം. (2) വേർതിരിഞ്ഞു നിൽക്കുന്നവരുടെ ആത്മാർത്ഥതയ്ക്കു മാത്രമല്ല (അതു വ്യക്തമാണല്ലോ) അവർ സൂക്ഷിക്കുന്ന നല്ല കാര്യങ്ങളേയും പ്രത്യേകിച്ച് ബഹുമാനിക്കണം.

---

## 16

എവുജിൻ ഡിസൂസാ,
ഭോപാൽ മെത്രാപ്പോലീത്താ,
ഇൻഡ്യാ.

# ഔദ്ധ്യികമായ വിനയം

ഞാൻ ഇപ്പോൾ പറയുവാൻ പോകുന്നതിനെക്കുറിച്ച് വളരെയധികം മിഷനറി മെത്രാന്മാർ പ്രതിപാദിച്ചിട്ടുള്ളതാണ്.

ഈ നക്കൽ എഴുതിയിട്ടുള്ളവരെ ഹൃദയംഗമമായി അനുമോദിക്കുന്നു. അവർ ഈടുള്ളതും സുന്ദരവും യാഥാർത്ഥ ക്രിസ്തീയവുമായ പാഠം (Text) ആണ് നൽകിയിരിക്കുന്നത്. സഭയിൽ ആധുനികകാലത്ത് ഉടലെടുത്തിട്ടുള്ള ആശയഗതിയെ ഇത് അരക്കിട്ടുറപ്പിക്കുമെന്ന് നാമാഗ്രഹിക്കുന്നു. ഒരു സഭയെന്ന സ്ഥിതിക്ക് കത്തോലിക്കാസഭ എളിമ മനസ്സിലാക്കിയെന്ന വസ്തുത പ്രസ്താവിച്ചുകൊള്ളട്ടെ.

ഈ സമ്മേളനത്തിന്റെ ആരംഭത്തിൽതന്നെ പ. പിതാവ് ദൈവത്തോടും ഭിന്നിച്ചുനിൽക്കുന്ന നമ്മുടെ സഹോദരന്മാരോടും വിനയാന്വിതം മാപ്പപേക്ഷിക്കുകയുണ്ടായി. ഈ നക്കൽ ആന്തരിക നവീകരണത്തിനും ഹൃദയപരിവർത്തനത്തിനും നമ്മെ ഉത്ബോധിപ്പിക്കുന്നു. ഈ വസ്തുതയെപ്പററി ഒരു നിഷ്കൃഷ്ട വീക്ഷണം ചെയ്യുന്നതിന് ഞാനാഗ്രഹിക്കുന്നു.

ഈ സംഗതിയാൽ പുരോഗതിയുടെ നിയമത്തേക്കാൾ കൂടുതൽ തുടർച്ചയുടെ (Continuity) നിയമത്തിന് ശക്തിചെലുത്തുവാൻ സാധിക്കുമെന്ന് നാം സമ്മതിക്കുന്നു. ജർമ്മനിയിലെ നവീകരണ (Reformation) ത്തിന്റെ പ്രാരംഭത്തിൽ ചെയ്യുന്നതിന് ഹഡ്റിയാൻ 6–ാം മാർപ്പാപ്പാ തന്റെ പ്രതിനിധിയോട് കല്പിച്ചരുളിയ ആ വിഖ്യാതമായ ഏറ്റുപറച്ചിലിനു ശേഷം അപ്രകാരമുള്ള പ്രസ്താവങ്ങൾ പിന്നീടുള്ള നൂററാണ്ടുകളിൽ വളരെ വിരളമായിട്ടേ ഉണ്ടായിട്ടുള്ളൂ. സത്യത്തിന്റെ പൂർണ്ണതയും പ്രസാദവരത്തിനുള്ള മാർഗ്ഗങ്ങളും കത്തോലിക്കാസഭ സ്വീകരിച്ചിട്ടുണ്ടെന്നതു വാസ്തവംതന്നെ.

എന്നാൽ പ്രായോഗികമായി അവരം തെററില്ലാത്തവളാണെന്ന നിഗമനം ഇതിൽനിന്നും എടുത്തിരിക്കുന്നതായി തോന്നിപ്പോകും

ഈ അടുത്ത ദശാബ്ദങ്ങളായിട്ട് ഏററുപറച്ചിൽ സാധാരണയായിട്ടുണ്ട്. എന്നാൽ ഈ ഏററു പറഞ്ഞിട്ടുള്ള വസ്തുത ഭരണഘടനയുടെ അംഗങ്ങളെ സംബന്ധിച്ചിടത്തോളമെങ്കിലും പരിമിതമായിത്തന്നെയിരിക്കുന്നു. സാന്മാർഗ്ഗികജീവിതത്തിനും, ക്രിസ്തീയ പുണ്യങ്ങളുടെ അഭ്യസനത്തിനും പരിമിതപ്പെട്ട് സഭയുടെ ഘടനയെപ്പററിയും, തത്വസംഹിതയുടെ വെളിപ്പെടുത്തലിനെപ്പററിയും, യാതൊന്നുംതന്നെ സൂചിപ്പിക്കുകയുണ്ടായിട്ടില്ല.

ഭിന്നിച്ചുനിൽക്കുന്ന നമ്മുടെ സഹോദരന്മാർക്ക് സഭയുടെ ആകർഷണീയവശം കാണിച്ചുകൊടുക്കേണ്ട ആവശ്യകതയെ വിഗണിച്ചു ഏതാനും ദിവസങ്ങരംക്കുമുമ്പ് മററുചില പ്രസംഗകർ, സഭയുടെ വിവിധങ്ങളായ ഘടകങ്ങളിലേക്കും ഭരണരീതികളിലേക്കും ചെലുത്തേണ്ട ആന്തരികനവീകരണത്തിന്റെ ആവശ്യകതയെ പണ്ഡിതോചിതമായ രീതിയിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ പ്രസ്താവത്തെ കാര്യമാത്രമായി ആരും ഖണ്ഡിച്ചുകണ്ടില്ല. അതുകൊണ്ട് തത്വസംഹിത അവതരിപ്പിക്കുന്നതിൽ ഉണ്ടാകേണ്ട നവീകരണത്തെപ്പററിമാത്രം ഞാൻ സംസാരിക്കാം.

കത്തോലിക്കാസഭമാത്രമേ വിശ്വാസനിക്ഷേപം അഭംഗുരം കാത്തുസൂക്ഷിച്ചിട്ടുള്ളൂ എന്നതു് എല്ലാംകൊണ്ടും സുനിശ്ചയമാണ്. ഭിന്നിച്ചുനിൽക്കുന്ന നമ്മുടെ സഹോദരന്മാരുടെ മുമ്പിൽ നമ്മുടെ കർത്താവിൽ വിനയസമന്വിതം ഈ വസ്തുതക്ക് നാം സാക്ഷ്യംവഹിക്കുന്നു. ഔദ്യോഗിക രേഖകളിലോ, സാധാരണമായ ഔദ്യോഗിക പഠനത്തിലോ,വെളിപ്പെടുത്തപ്പെട്ടിട്ടുള്ള യാതൊരു സത്യവും തിരസ്കരിക്കപ്പെടുകയോ, തെററായി പഠിപ്പിക്കപ്പെടുകയോ ചെയ്തിട്ടില്ല. എന്നാൽ സഭ എപ്പോഴും സ്വകീയമായ തുല്യത കാക്കുകയും എല്ലാം ഉചിതമായി വ്യാഖ്യാനിക്കുകയും കത്തോലിക്കാ ദൈവശാസ്ത്രത്തിനും ആദ്ധ്യാത്മിക പഠനത്തിനും എപ്പോഴും യഥാർത്ഥമായ പ്രാധാന്യം നൽകുകയും ചെയ്തിട്ടുണ്ടോയെന്ന് ചോദിച്ചാൽ വസ്തുനിഷ്ഠമായ ഒരു നിരീക്ഷകനു് ഇല്ലായെന്ന്പറയേണ്ടിവരും.ഇതിനുള്ള കാരണങ്ങരം വിവിധങ്ങളാണ്. ഉദാഹരണമായി അനിയന്ത്രിതമായ വികാരമോ അധികാരനിഷ്ഠമായ സമീപനമോ സംഗതികരം കുഴപ്പമാക്കാം. ഓരോരുത്തനും ഉപകരിക്കത്തക്കവിധവും ഇഷ്ടപ്പെട്ടതുമായി കാണത്തക്കവിധത്തിലും വിശ്വാസനിക്ഷേപം അത്ര സങ്കീർണ്ണമാണ്. മന:ശാസ്ത്രപണ്ഡിതന്മാർ പറയുന്നതുപോലെ വ്യക്തിപരമായ സ്വഭാവവും, സ്വന്ത ചായ്‌വുകളും, സ്വന്ത പ്രവണതകളും അനുസരിച്ച് ചിന്തിച്ചുകൂട്ടത്തക്കവിധം വിശ്വാസം സങ്കീർണ്ണമായിരിക്കുകയാണ്. ഒരു മെത്രാനോ, ഒരു ദൈവശാസ്ത്രപണ്ഡിതനോ എന്ന നിലയിൽ തനിക്കു അധികാരം ഉണ്ടായിരുന്നാൽതന്നെയും അയാരം ആ വസ്തുത സന്തോഷത്തോടുകൂടി വിശകലനം ചെയ്തുകൊ

ടുക്കും. ഇങ്ങനെ ഏകപക്ഷീയമായ ഒരു പഠനം അയാൾ മുമ്പോട്ടു കൊണ്ടുവരും.

ഈ നക്കൽ (Schema) സ്വയം പരിത്യാഗവും വിനയവും തൽഫലമായുള്ള മാനസികപരിവൎത്തനത്തിനും നിർബ്ബന്ധിക്കുന്നുണ്ട് എന്നതു് ഈ ഒരു വീക്ഷണകോണത്തിൽത്തന്നെയും ഒരു നല്ല സംഗതിയാണ്. കാരണം മനസ്സിനു് ഹൃദയത്തിൽ നിന്നും വേർതിരിഞ്ഞു് നിൽക്കുവാൻ സാധിക്കുകയില്ല.

ഈ വ്യതിയാനത്തിന്റെ മറെറാരുകാരണം ജയിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയ വിവാദപരമായ സംവാദമാണ്. തൎക്കത്തിൽ ഒരു ഭാഗക്കാർഒരുപ്രബന്ധം അവതരിപ്പിക്കുമ്പോൾ എതിർഭാഗക്കാർ സാധാരണയായി എതിർപ്രബന്ധം അവതരിപ്പിക്കുന്നു. പലപ്പോഴും ഇങ്ങനെ അവതരിപ്പിക്കുന്നതു് ഒരു സംയോജിപ്പിക്കലാണ്. ഏതെങ്കിലും ഒരു പ്രത്യേകസത്യം അവഗണിക്കപ്പെട്ടാൽ കത്തോലിക്കാ ദൈവശാസ്ത്രം സാധാരണയായി ഒരു തുടക്കമെന്നോണം അതിനു് ഒരു താത്വിക വിശദീകരണം കൊടുക്കുന്നു. പലപ്പോഴും ഇതു് അതിശയോക്തിപരമായി തീരത്തക്കവണ്ണം അഭിവൃദ്ധിപ്പെട്ടു് അവസാനം അപര്യാപ്തമായ ഒരു രൂപം പ്രാപിക്കുന്നു. പൗരാണിക (Classical) കത്തോലിക്കാ ദൈവശാസ്ത്രം (സഭാശാസ്ത്രത്തിലും മാതാവിനെ സംബന്ധിച്ച പഠനത്തിലും വരപ്രസാദത്തിലും ആവിഷ്ക്കരണത്തിലും) അതിനെത്തന്നെ ഈ വിവാദപരമായ അവകാശത്തിൽ നിന്നും വിടുത്തിയെന്നു് ആർക്കു പറയുവാൻ കഴിയും?

സഹോദരന്മാരെ; ഇവിടെയും നമുക്കു് വിനയം ആവശ്യമായിരിക്കുന്നു. ആത്മാർത്ഥവും സത്യസന്ധവുമായ ഹൃദയങ്ങളോടുകൂടി നമ്മുടെ ശ്രദ്ധയെ ബഹുമാനിക്കപ്പെടാവുന്ന ആ സത്യത്തിലേക്കു് തിരിക്കാം. നമ്മിൽനിന്നും ഒരാൾ പറഞ്ഞതുപോലെ പിരിഞ്ഞുപോയ നമ്മുടെ സഹോദരന്മാർ ഒരു പക്ഷെ നാം ഊന്നിപ്പറയുന്നതിനേക്കാൾ നന്നായി അവർ ഈ വിഷയത്തെപ്പററി പറയുന്നുണ്ട്. പിരിഞ്ഞുപോയ സഹോദരന്മാർ നമ്മേക്കാൾ ഊന്നിപ്പറയുന്ന ബാക്കി സത്യങ്ങളിലേയ്ക്കു് കടക്കാം.

ഈ സംഗതിയെപ്പററി ഊന്നിപ്പറയുവാൻ ഞാനാഗ്രഹിക്കുന്നു. സ്നേഹം സർവ്വവ്യാപ്തവും മുഴുവനായതുമല്ലെങ്കിൽ പൂൎണ്ണമല്ലാത്തതുപോലെ എളിമയും പൂൎണ്ണമായിരിക്കേണ്ടതിനു് മുഴുവനായതും ബൗദ്ധികവുമായിരിക്കണം.

അടുത്തദിവസങ്ങളിൽ നാം കേൾക്കുകയുണ്ടായി, പിരിഞ്ഞുപോയ നമ്മുടെ സഹോദരന്മാൎക്കു് കത്തോലിക്കാസത്യം മുഴുവൻ നിർദ്ദേശിച്ചുകൊടുക്കണമെന്നു പറയുന്നതു്. "പാപികളെങ്കിലും ക്രിസ്ത്യാനികളായ നമുക്കു് മുഴുവൻ സത്യവും കൈവശമുണ്ടു്. ഇതാണു് നമ്മുടെ വലിയ മഹത്വം" എന്നു് നാം. ധരിക്കുന്നതായി എനിക്കു തോന്നുന്നുവെന്നു് ഞാൻ പറഞ്ഞാൽ എന്നോടു ക്ഷമിക്കണം.

കത്തോലിക്കരായ നാം താഴ്ന്നവരാണെന്ന ബോദ്ധ്യം പുലത്തിയിട്ടാവശ്യമില്ലയെന്നതു് വാസ്തവമാണു്. എന്നാൽ വലിയഭാവം കളയേണ്ടസമയം അതിക്രമിച്ചിരിക്കുന്നു. നാം സത്യം മുറുകെ പിടിക്കുന്നു, നാം പറയുന്നതുതന്നെ മററുള്ളവർ പറയുന്നു, അല്ലെങ്കിൽ അവക്കു് തെററു് പററിയിരിക്കുന്നു, ''അതുകൊണ്ടു് അവർ പറയുന്നതു് ഖണ്ഡിക്കുന്നതിനുവേണ്ടിയല്ലാതെ, ശ്രദ്ധിച്ചിട്ടു കാര്യമില്ല എന്നുള്ള അതിരു കവിഞ്ഞ ലാഘവപ്പെടുത്തൽ'' നശിപ്പിക്കുന്നതിനുവേണ്ടി നമ്മുടെ കഴിവതു പ്രവത്തിക്കേണ്ടിയിരിക്കുന്നു.

ഹൊറസ് പറഞ്ഞിട്ടുണ്ടു് ശത്രുവിൽനിന്നു് പഠിക്കുന്നതു് യുക്തമാണെന്നു്. അങ്ങനെയാണെങ്കിൽ കത്താവിൽ നമ്മുടെ സഹോദരന്മാരിൽനിന്നും പഠിക്കുന്നതു് എത്രയോ ന്യായയുക്തമാണു്; കാരണം, ''കാതോലികം'' എന്ന സംജ്ഞകൊണ്ടു് വിവക്ഷിക്കുന്നതു് സാർവ്വലൗകികമെന്നാണു്. ക്രിസ്തു പാപമൊഴിച്ചു് മാനുഷികമായിട്ടുള്ളതെല്ലാം സ്വീകരിച്ചിട്ടുള്ളതുപോലെ, കത്തോലിക്കർ നിഷേധാത്മകമായതെല്ലാം ഉപേക്ഷിച്ചു് ആ പേരിനു് ചേന്നതായി ക്രിസ്തീയമായിട്ടുള്ളതെല്ലാം സ്വീകരിക്കണം. യാഥാത്ഥത്തിൽ നവീകരണത്തിൻെറ പ്രധാനപ്പെട്ട ആദ്യഫലത്തിനു് മററുള്ളവരോടു് നാം കടപ്പെട്ടിരിക്കുന്നു. പ്രോട്ടസ്റ്റൻറുകാരുടെ വേദപുസ്തകസംബന്ധമായ മുന്നേററത്തിനും ഓത്തഡോക്സുകാരുടെ ആരാധനാപരമായ മുന്നേററത്തിനും അവരോടു് വളരെയധികം നാം കടപ്പെട്ടിരിക്കുന്നു. അവരുടെ സഹായത്തിലാശ്രയിച്ചുകൊണ്ടു്, ഒരു പ്രത്യേക ദൈവശാസ്ത്രവിഭാഗത്തിനോ, ഒരു പ്രാദേശികചിന്താഗതിക്കോ, സന്യാസ സമൂഹത്തിനോ ഉള്ളതും വളരെ പ്രാധാന്യമുള്ളതായി തെററിധരിച്ചിട്ടുള്ളതുമായ പാരമ്പര്യത്തെ നമുക്കു് ഉപേക്ഷിക്കാം. ഉപരിപ്ലവവും അപ്രധാനവുമായ ഭക്തമുറ മാററി അഗാധവും സ്ഥായിയായതും സ്വീകരിക്കാം. ഇതെല്ലാം ക്രിസ്തുവിൻെറയും സഭയുടെയും രഹസ്യങ്ങൾ പൂണ്ണമായിമനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്നു.

ഇങ്ങനെ ഐക്യമേനിസംസഭയുടെ പഠനങ്ങളുടെ ആധുനീകരണത്തിനുപകരിക്കും. (doctrinal aggiornamento) വാസ്തവം പറഞ്ഞാൽ, സൗകര്യത്തിനുവേണ്ടിയോ, സമാധാനത്തിനുള്ള നാട്യത്തിലോ, വിശ്വാസസത്യങ്ങളിൽ ചിലതിനെ ഉപേക്ഷിക്കുകയെന്നതല്ല ഇതു്, മറിച്ചു് നമ്മുടെ മുമ്പിൽ നിരത്തിവച്ചിരിക്കുന്ന ചോദ്യശകലങ്ങൾ സംയോജനത്തിൻെറ (Synthesis) പൂണ്ണ സമന്വയങ്ങൾ അന്വേഷിക്കുവാൻ നമ്മെ കൂടുതൽജിജ്ഞാസുക്കളാക്കുന്നുവെന്നുമാത്രം. പ. പിതാവു് നിരീക്ഷകരോടു് പറഞ്ഞതുപോലെ, പൂണ്ണമായ അത്ഥത്തിൽ ആത്മാത്ഥഹൃദയത്തോടെ മററുള്ളവർ പറയുന്നതു് ശ്രദ്ധിക്കാൻ പഠിച്ചാൽ ഇതു് യാഥാത്ഥ്യമാകും. എന്നാൽ നാം സ്വയം സംപ്രീതരാകാതെ വിനീത ഹൃദയരായിരിക്കണമെന്നുള്ള വസ്തുത മുൻകൂട്ടി കണക്കാക്കണം.

വന്ദ്യസഹോദരന്മാരെ! അപ്പസ്തോലന്മാരുടെ പിൻഗാമികളെ! വി. ശ്ലീഹായുടെ ഈ വാക്കുകളെ കൂടെക്കൂടെ നമുക്കു ധ്യാനിക്കാം. "എനിക്കു ന. കർത്താവായ ഈശോമിശിഹായുടെ കുരിശിലല്ലാതെ പ്രശംസിക്കുവാൻ ഇടയാകാതിരിക്കട്ടെ.''(ഗലാ. 6:14)അല്ലെങ്കിൽ ഈ വാക്യങ്ങൾ "പ്രശംസിക്കുന്നതു് യുക്തമാകുന്നു. എന്നാൽ. . . അതിനാൽ മിശിഹായുടെ ശക്തി എന്നിൽ വസിക്കേണ്ടതിനു് എന്റെ ബലഹീനതകളിൽ ഞാൻ സന്തോഷത്തോടെ പ്രശംസിക്കുന്നു.''

---

## 17

ലെയോൻ ആർതർ എൽക്കിംഗർ
സ്ട്രാസ്ബൂർഗ് സഹായമെത്രാപ്പോലീത്താ,
ഫ്രാൻസു്.

# സത്യത്തെക്കുറിച്ചു ഭയം വേണ്ടാ

എക്യുമേനിസത്തെക്കുറിച്ചുള്ള ഈ ഡിക്രി നമ്മുടെ ഈ കാലസന്ധിയിലുള്ള ദൈവത്തിന്റെ കൃപാപൂർവ്വമായ ഒരു ദാനമാണു്. ഈ ഡിക്രിയിൽ നാളിതുവരെ സഭയുടെ ഐക്യത്തിനുവേണ്ടി പറയുകയും പ്രവർത്തിക്കുകയും ചെയ്തതെല്ലാം, പ്രത്യേകിച്ച് കത്തോലിക്കാ എക്യുമേനിസത്തിന്റെ മുൻഗാമികളുടെ പരിശ്രമങ്ങളെല്ലാം നിറവേറുന്നതായി തോന്നുന്നു. ഈ കൗൺസിലിലെ ഒരു പണ്ഡിതൻ (ഫാ. യിവ് കോങ്കാർ ഒ. പി ) എഴുതിയിട്ടുള്ളതുപോലെ സത്യത്തിന്റെ സംരക്ഷണത്തിനു് വിശ്വാസപ്രമാണങ്ങളുടെ പ്രഖ്യാപനത്തേക്കാൾ ഫലപ്രദമായ ചില പ്രവർത്തനങ്ങളും. സംഭവങ്ങളും സഭയിലുണ്ടു്. ഈ ഡിക്രി അത്തരത്തിലുള്ള ഒരു സംഭവമാണു്.

എന്നാൽ എക്യുമേനിസത്തെ സംബന്ധിച്ചുള്ള ഈ ആശയം സുപ്രധാനമായ ഒന്നാകയാൽ ഈ ഡിക്രിയെ കുറേക്കൂടി മെച്ചപ്പെടുത്തുവാൻ നാമെല്ലാവരും സഹകരിച്ചുപ്രവർത്തിക്കേണ്ടതുണ്ടു്. ഫ്റാൻസിലുള്ള പ്രോട്ടസ്റ്റന്റു ക്രൈസ്തവരിൽ മൂന്നിലൊരു ഭാഗം അധിവസിക്കുന്ന ഒരു പ്രദേശത്തിന്റെ സഹായമെത്രാനായ എനിക്കു് ഈ നക്കൽ ഡിക്രി പഠിക്കുമ്പോൾ ഉണ്ടായ ആശയം ഇതാണു്: എക്യുമേനിസത്തിന്റെ പുരോഗമനത്തിനും, ദൈവകൃപയാൽ അതിന്റെ വിജയത്തിനും വേണ്ട പ്രാഥമികവ്യവസ്ഥ, തിരുസഭയിൽ സത്യത്തേയും, ആവിഷ്കരണത്തേയും വിശകലനം ചെയ്യുന്ന രീതിയിലുള്ള ആത്മാർത്ഥമായ ഒരു നവീകരണമാണു്.

അഭിവന്ദ്യ സഹോദരരെ, എക്യുമേനിസത്തിൻെറ വളർച്ചയ്ക്ക് അവശ്യം ഉണ്ടായിരിക്കേണ്ട പരിതസ്ഥിതിയെക്കുറിച്ച് നാലു ചിന്തകൾ നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ പരിതസ്ഥിതി സംജാതമാകാതെ എക്യുമേനിസം റോമൻ കത്തോലിക്കാസഭയിൽ വളർച്ച പ്രാപിക്കുകയില്ല.

1. സഭയുടെ ബഹുമാനത്തിന് അത്ര ചേരാത്ത ചരിത്രസത്യങ്ങളെ അംഗീകരിക്കുവാൻ ഇന്നുവരെ പലപ്പോഴും നാം ധൈര്യപ്പെട്ടിരുന്നില്ല. എന്നാൽ ഇപ്പോൾ പതിമൂന്നാം ലെയോൻ പാപ്പാ വത്തിക്കാൻ ഗ്രന്ഥാലയം പണ്ഡിതലോകത്തിനു തുറന്നുകൊടുത്തുകൊണ്ട് പ്രഖ്യാപിച്ചതുപോലെ കൈപ്പുളവാക്കുന്ന ചരിത്രസത്യങ്ങളെ അംഗീകരിക്കുവാനുള്ള സമയം സമാഗതമായിരിക്കുകയാണ്.

സഭ സാർവ്വത്രികവും ശ്ലൈഹികവുമായിരിക്കുന്നതുപോലെ തന്നെ വിശുദ്ധവുമാണെന്ന് നാമെല്ലാം സത്യമായി വിശ്വസിക്കുന്നുണ്ട്. എന്നാൽ ദൈവം അവിടത്തെ വിശുദ്ധ ദാനങ്ങൾ മൺപാത്രങ്ങളിലാണ്, (2 കോറ. 4:7) അതായത് പാപികളായ മനുഷ്യർക്കാണ് നൽകിയിരിക്കുന്നതെന്നും നമുക്കറിയാം. പ. പിതാവ് പൗലോസ് പാപ്പാ സെപ്റ്റംബർ 29–ാം തീയതിയിലെ പ്രസംഗത്തിലും, ഒക്ടോബർ 19–ാം തീയതി കൗൺസിൽ നിരീക്ഷകരായ നമ്മുടെ സഹോദരന്മാർക്കു നൽകിയ സ്വീകരണാവസരത്തിലും പ്രസ്താവിച്ചതുപോലെ നമ്മുടെ തെററുകൾ ഏററുപറയുവാൻ നാം വിസമ്മതിക്കുന്നില്ല. ഈ ഏററുപറച്ചിൽ വെറും പൊതുവായ ഒന്നായിരുന്നാൽ മാത്രം പോരാ. പല പ്രകാരത്തിൽ നമ്മുടെ ഭാഗത്തുനിന്നും നോട്ടക്കുറവു സംഭവിച്ചിട്ടുള്ള പ്രത്യേക പ്രശ്നങ്ങളെയും സംഭവങ്ങളെയും, വേർപെട്ടുനില്ക്കുന്ന നമ്മുടെ സഹോദരന്മാർ നമ്മേക്കാൾ തീക്ഷ്ണമായി സമാദരിക്കുന്ന ദൈവാവിഷ്കൃതസത്യങ്ങളെയും കുറിച്ച് വിശദമായിത്തന്നെ നാം പരിഗണിക്കണം.

ഇതിന് മൂന്നു ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം. നമ്മുടെ ഭിന്നിപ്പിൻെറ തുടക്കത്തിൽ അതിൻെറ പ്രണേതാക്കൾക്ക്, ഒന്നാമതായും നിരുപാധികമായും സഭയുടെ ഐക്യത്തിനെതിരായി പ്രവർത്തിക്കണമെന്ന ആഗ്രഹം ഉണ്ടായിരുന്നില്ലെന്നുള്ളതു് തക്കമെററ ചരിത്രസത്യമാണ്. ദൈവാവിഷ്കരണത്തിലെ ചില സത്യങ്ങൾ മൗലികമെന്നു നിഷ്കർഷിച്ചുകൊണ്ടാണ് അനൈക്യം ആരംഭിക്കുന്നതു്. 11–ാം നൂററാണ്ടിലെ ശീശ്മകളിൽ സഭകളുടെ ശ്ലൈഹികാവകാശങ്ങളെക്കുറിച്ചുള്ള ആശയവും, 16–ാം നൂററാണ്ടിലെ നവീകരണത്തിൽ നമ്മുടെ രക്ഷകനിലുള്ള വിശ്വാസം മൂലമുള്ള നീതീകരണത്തെക്കുറിച്ചുള്ള സത്യവും ഇതിനുദാഹരണമായി എടുക്കാം. വിശ്വാസം മൂലമുള്ള നീതീകരണത്തെക്കുറിച്ച് ശ്ലീഹന്മാരുടെ ഓർശലത്തെ ആദ്യകൗൺസിലിൽ നിർണ്ണയം ചെയ്തതാണ്. എന്നാൽ ഇവ അനിഷേധ്യസത്യങ്ങളാണെങ്കിലും, മറുവശത്തു് ഈ വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾക്ക് സാക്ഷ്യം വഹിച്ചവരായി പല പ്രകാരത്തിൽ

പല ക്രൈസ്തവരും, ചിലപ്പോൾ കത്തോലിക്കാസഭയിലെ വൈദികാധികാരികൾ പോലും, തെററുചെയ്കയും ഈ സത്യങ്ങളെ നിസ്സാരമായി തള്ളുകയും ചെയ്തു എന്നു കാണാം. ഈ രണ്ടു കാലഘട്ടങ്ങളിലെ ചരിത്രത്തിൽ വ്യുല്പത്തിനേടിയിട്ടുള്ള ഏതു പണ്ഡിതനാണ് ഇതേപ്പററി സംശയിക്കുകയും ഇതു നിഷേധിക്കുകയും ചെയ്യുക?

ഇക്കാലത്തു് എക്യുമേനിക്കൽ സംരംഭങ്ങളുടെ വളർച്ചയെക്കുറിച്ചു് തീക്ഷ്ണതയുള്ള ധാരാളം പണ്ഡിതന്മാർ നമ്മിൽനിന്നു ഭിന്നിച്ചുനില്ക്കുന്ന സഭകളിൽനിന്നാണ് ഉണ്ടാകുന്നതെന്നതു് ഒരു ചരിത്രസത്യമാണ്. എന്നാൽ നമ്മുടെ സഭയിൽ പലപ്പോഴും, എക്യുമേനിക്കൽ സംരംഭങ്ങളുടെ മുന്നോടികൾ അസഹ്യമായ പ്രതിബന്ധങ്ങളെ അഭിമുഖീകരിച്ചിരുന്നു. ഉദാഹരണമായി സമാദരണീയനായ ആംഗ്ലിക്കൻ ഹായി ഫാക്സിനോടൊത്തുള്ള എക്യുമേനിക്കൽ സംരംഭങ്ങളിൽ കാർഡിനൽ മേഴ്സിയക്കു് സംഭവിച്ചതു് ഇതുതന്നെയാണ്. അതും അദ്ദേഹത്തിനു് സമുന്നതമായ ഒരു സ്ഥാനം ഉണ്ടായിരുന്നിട്ടുപോലും.

വീണ്ടും വിശുദ്ധ ഗ്രന്ഥങ്ങളിൽ അടങ്ങിയിട്ടുള്ള ദൈവാവിഷ്കനത്തിൻെറ സത്യങ്ങളെ കൂടുതൽ മനസ്സിലാക്കുകയും, വിശദീകരിക്കുകയും ചെയ്യുന്ന വിഷയത്തിൽ റോമൻ സഭയുടെ പ്രബോധനാധികാരം തീർച്ചയായും ഒരമൂല്യസഹായം തന്നെയാണ്. അവളുടെ അതിസൂക്ഷ്മമായ താല്പര്യത്തിലും, വിവേകത്തിലും, വിജ്ഞാനത്തിലും ആശ്രയിക്കുക നമുക്കു് തികച്ചും ആവശ്യവുമാണ്. എന്നാൽ നമ്മുടെ വേർപെട്ടുനില്ക്കുന്ന സഹോദരങ്ങൾക്കു് അവരുടെ സഭകളിൽ കത്തോലിക്കാ വിശുദ്ധ ഗ്രന്ഥപണ്ഡിതന്മാരേക്കാൾ കൂടുതലായ ഒരു ഭ്രാതൃവിശ്വാസം ലഭിച്ചിട്ടുണ്ടെന്നുള്ളതു് ഒരു ചരിത്രവസ്തുതയാണ്. നേരേമറിച്ചു് കത്തോലിക്കാ പണ്ഡിതന്മാർ തങ്ങളുടെ സഹോദരങ്ങളിൽ നിന്നും, തങ്ങളുടെ മേലദ്ധ്യക്ഷന്മാരിൽനിന്നുപോലുമാണ് വളരെ അധികം സഹിച്ചിട്ടുള്ളതു്. അവിസ്മരണീയനായ ഫാ. ലെഗ്രാൻഷിൻെറ ജറുസലത്തെ ബൈബിൾ സ്കൂൾ (Ecole Bibique) ഇതിനു് ഒരു ഉദാഹരണമാണ്.

2. ഭിന്നിച്ചുനില്ക്കുന്ന ക്രൈസ്തവരുമായി നാം വാദപ്രതിവാദത്തിൽ ഏർപ്പെട്ടിരുന്നപ്പോഴെല്ലാം ഇന്നുവരെ നാം തെററായി കരുതിയിരുന്ന അവരുടെ പഠനങ്ങളെയെല്ലാം സർവ്വാബദ്ധമായി തിരസ്കരിച്ചിരുന്നു. എന്നാൽ ഇപ്പോൾ വലിയ ബഹുമാനത്തോടെ അവരുടെ പ്രബോധനങ്ങളിലെല്ലാം ഒരു സത്യാംശമുണ്ടെന്നു്, അല്ല, പലപ്പോഴും അഗാധമായ സത്യംതന്നെയുണ്ടെന്നു് അംഗീകരിക്കേണ്ട കാലം സമാഗതമായിരിക്കുന്നു. പ്രോട്ടസ്റ്റൻറുകാർ നിഷേധിക്കുകയോ, അതിരുവരമ്പുകൾ നിർദ്ദേശിക്കുകയോ ചെയ്തുകൊണ്ടു് എടുക്കുന്ന നിലപാടിലും ഒരു ധനവശമുണ്ടെന്നു് ദൈവാവിഷ്കരണത്തിലെ യഥാർത്ഥത്തിൽ മൗലികമായ ചില സത്യങ്ങളിൽ വിശ്വാസം

കേന്ദ്രീകരിക്കുവാനാണ് അവർ ഉദ്ദേശിക്കുന്നതെന്ന് —കത്തോലിക്കർ പലപ്പോഴും മനസ്സിലാക്കുന്നില്ലെന്ന് കഴിഞ്ഞ വർഷം കൗൺസിലിൻെറ ആദ്യസമ്മേളനാവസരത്തിൽ നടത്തിയ ഒരു പത്രസമ്മേളനത്തിൽ സുപ്രസിദ്ധ നിരീക്ഷകനായ ഒരു പ്രൊഫസ്സർ (ഓസ്കാർ കുൾമാൻ) പറയുകയുണ്ടായി. വിശ്വാസത്തിൻെറ അംഗീകാരത്തിലുള്ള വ്യക്തിപരമായ ചുമതല, ആവിഷ്കരണത്തിൻെറ ദൈവികപ്ലാനിൽ വി. ഗ്രന്ഥത്തിനുള്ള സ്ഥാനം, ദൈവമക്കളുടെ സ്വാതന്ത്ര്യത്തിനു കാരണമായ പരിശുദ്ധാത്മാവിൻെറ സ്വാതന്ത്ര്യം ഇവ ഇതിനുദാഹരണങ്ങളാണ്. ഭിന്നിച്ചുനില്ക്കുന്ന സഹോദരന്മാരുമായുള്ള സംഭാഷണത്തിൽ ആദ്യമായി ഈ ധനപരമായ ക്രിസ്തീയതത്വങ്ങൾ പരിഗണിക്കണം. തീക്ഷ്ണതയോടുകൂടി ജീവിക്കുവാൻ അവരെ സഹായിക്കുന്ന ഈ സത്യങ്ങൾ മൂലം അവരോടുകൂടി നമുക്കും മെച്ചപ്പെട്ടതും കൂടുതൽ ആഴമുള്ളതുമായ ഒരു ജീവിതം നയിക്കുവാൻ കഴിയും. കത്തോലിക്കാപാരമ്പര്യമനുസരിച്ച് നാം എളുപ്പത്തിൽ അംഗീകരിക്കുകയും, എന്നാൽ നമ്മുടെ നോട്ടത്തിൽ അകത്തോലിക്കർ അംഗീകരിക്കാതിരിക്കുകയോ, അല്ലെങ്കിൽ വേണ്ട പ്രാധാന്യം കല്പിക്കാതിരിക്കുകയോ ചെയ്യുന്ന ആവിഷ്കൃത സത്യങ്ങൾ സംബന്ധിച്ച് അപ്പോൾ നമുക്ക് അവരുടെ പക്കൽ ദൈവകൃപയുടെ സഹായത്തോടെ സാക്ഷ്യം വഹിക്കുവാൻ കഴിയും.

ഇതുപോലെതന്നെ, സാധിക്കുമെങ്കിൽ കൂടുതൽ ബഹുമാനപുരസ്സരവും ഭ്രാതൃസഹജവും വിശ്വസ്തതാപൂർവ്വവുമായ ശ്രദ്ധയും, സാധിക്കുമെങ്കിൽ സഹകരണവും, ശാസ്ത്രീയസംരംഭങ്ങളിലും ക്രിസ്ത്യൻ ഉപവിപ്രവർത്തനങ്ങളിലും ഉണ്ടാകുവാൻ നാം ശ്രദ്ധിക്കണം. ഉദാഹരണമായി ജനുവരിയിൽ ഐക്യത്തിനുവേണ്ടിയുള്ള പ്രാർത്ഥനാവസരത്തിൽ കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരുമായുള്ള സാധുക്കളെ ഉദ്ദേശിച്ചു നടത്തുന്ന ധർമ്മപ്പിരിവിൻെറ അവസരം ഇങ്ങനെ സഹകരിച്ചു പ്രവർത്തിക്കാവുന്ന ഒന്നാണ്.

3. ഇന്നുവരെ പല കത്തോലിക്കരും, വൈദികരും, ആത്മപാലകർപോലും ആവിഷ്കരണത്തിലെ സത്യങ്ങൾ ഏതാണ്ട് നിഷ്ക്രിയവും ചൈതന്യരഹിതവുമായ ഒരു രീതിയിലാണ് സ്വീകരിച്ചുപോന്നിട്ടുള്ളത്. നമ്മുടെയിടയിലുള്ള ഭിന്നതകൾ ഊന്നിക്കാണിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് അശേഷം ശ്രദ്ധിച്ചിരുന്നുമില്ല. എന്നാൽ ഇപ്പോൾ നമുക്കെല്ലാവർക്കും, ഓരോരുത്തർക്കും അവരവരുടെ നിലയിൽ ദൈവികസത്യങ്ങളെക്കുറിച്ച് സജീവവിശ്വാസത്തോടെ അഗാധമായി പര്യന്വേഷണം ചെയ്യുവാനുള്ള സമയം സമാഗതമായിട്ടുണ്ട്.

വിശ്വാസത്തിൻെറ ഉറപ്പ്, നാം ദൈവത്തോടും, ദൈവികസത്യത്തോടും സ്ഥിരമായി ബന്ധപ്പെട്ടുനില്ക്കുന്നതിലാണ്. നിർവ്വചിക്കപ്പെട്ട ദൈവികസത്യങ്ങൾ മാററം വരാതെ നില്ക്കുന്നു. എങ്കിലും നാം ഈ തീർത്ഥാടനസ്ഥിതിയിലായിരിക്കുന്നിടത്തോളം കാ

ലം ദൈവവചനത്തെക്കുറിച്ചുള്ള അറിവോ, പര്യന്വേഷണമോ അവസാനം കണ്ടെത്തുകയില്ല. വിശ്വാസം അറിവ് ആവശ്യപ്പെടുന്നു. സ്നേഹത്താൽ പ്രചോദിതമായ ഈ പര്യന്വേഷണത്തിൽ ഭിന്നിച്ചു നില്ക്കുന്ന നമ്മുടെ സഹോദരന്മാരുമായി വിശ്വാസത്തെക്കുറിച്ച് ആശയവിനിമയം ചെയ്യുന്നതു് അവർക്കും നമുക്കും ഒരുപോലെ ഉപകാരപ്രദമാണ്. ഈ ആശയകൈമാററം കർത്താവു് സഭയിൽ പഠിപ്പിക്കുന്നതിന് സ്ഥാപിച്ചിട്ടുള്ള ദ്വൈഹികാധികാരത്തിൻെറ നിയന്ത്രണത്തിലും, മുൻവിധിയും ഭയവും മാററിവച്ചുള്ള ശരിയായ വിവേകത്തോടുകൂടിയും നിർവ്വഹിക്കണം. സ്വന്തം വിശ്വാസത്തോടു് വിശ്വസ്തത പാലിച്ചുകൊണ്ടും, അപരൻെറ സ്വാതന്ത്ര്യത്തെ ബഹുമാനിച്ചുകൊണ്ടും സത്യാന്വേഷണത്തിൽ സഹകരിക്കുന്നതു് സൗഹൃദത്തിൻെറ ഒരു ചിഹ്നമാണ്. ഈ സജീവവിശ്വാസവും ദൈവാവിഷ്കരണത്തെക്കുറിച്ചുള്ള പര്യന്വേഷണവുംവഴി മാത്രമേ ദൈവസഹായത്താൽ പൂർണ്ണമായ ഐക്യത്തിൽ എത്തിച്ചേരാമെന്നു്നാം പ്രത്യാശിക്കുന്നുള്ളു.

4. ഇന്നാൾ വരെ, പ്രത്യേകിച്ചു് ലത്തീൻസഭയിൽ ഈ അടുത്തകാലം വരെ ഐക്യത്തേയും ഐകരൂപ്യത്തേയും പററി തെററായ ധാരണകൾ പുലർത്തിയിരുന്നു. ആരാധനാനുഷ്ഠാനങ്ങളിലും, ദൈവികവെളിപാടിനെ പ്രകാശിപ്പിക്കുന്ന ദൈവശാസ്ത്രപാനങ്ങളിലും ഉണ്ടായിരിക്കേണ്ട ഒന്നിപ്പാണ് ഐകരൂപ്യം: എന്നാൽ ക്രൈസ്തവാരാധനയിൽ വിശ്വാസത്തിലും, സ്നേഹത്തിലും സംജാതമാകേണ്ട യോജിപ്പാണ് ഐക്യം. ഇപ്പോൾ വി. പൗലോസിൻെറ വരങ്ങളുടെ വൈവിദ്ധ്യത്തെക്കുറിച്ചുള്ള (1 കോറ. 12. 4–11) പ്രബോധനം അനുസ്മരിച്ചുകൊണ്ടു് ക്രിസ്തുവിൻെറ സഭയിൽ ദൈവമക്കളുടെ സ്വാതന്ത്ര്യം അംഗീകരിക്കുവാനും, സമാദരിക്കുവാനും, പരിപോഷിപ്പിക്കുവാനും അവസരമായിട്ടുണ്ടു്. ഈ സ്വാതന്ത്ര്യം വ്യക്തികൾക്കും സമൂഹങ്ങൾക്കും ഒരുപോലെ നൽകേണ്ടതാണ്.

പ്രിയ സഹോദരരെ, നമ്മുടെ ഇടയിൽ എത്രമാത്രം വൈവിധ്യം ഉണ്ടെന്നു് ഈ കൗൺസിൽഹാളിൽവെച്ചു തന്നെ നമുക്കു് പലപ്പോഴും അനുഭവപ്പെട്ടിട്ടുണ്ടു്. ഈ വ്യത്യാസം ഭാഷയിലുള്ളതല്ല. (കാരണം ലാററിൻ മാത്രമാണ് കൗൺസിൽ ഭാഷ) പ്രത്യുത, അഭിപ്രായങ്ങളിലും, ആഗ്രഹങ്ങളിലും, അഭിലാഷങ്ങളിലും, എല്ലാററിനുമുപരിയായി ദൈവശാസ്ത്രചിന്തയിലുമുള്ള വ്യത്യാസമാണ്. എങ്കിലും നമ്മുടെ വിശ്വാസത്തിൻെറയും ദൈവാരാധനയുടെയും ഐക്യം മുമ്പത്തേക്കാളേറെ നമുക്കു് അനുഭവവേദ്യമായിട്ടുണ്ടു്.

ഭിന്നിച്ചുനില്ക്കുന്ന സഹോദരങ്ങളുടെയും നമ്മുടെയും ഇടയിലുള്ള വ്യത്യാസങ്ങളെപ്പററി ചിന്തിക്കുമ്പോൾ, അവ നാം മറന്നുകളയണമെന്നോ, നിഷേധിക്കണമെന്നോ അല്ല പറയുന്നതു്. വ്യത്യാസങ്ങളുണ്ടു്; ശരിയാണ്. എന്നാൽ എന്തിലാണവ? ദൈവികവെളിപാടിലുള്ള വിശ്വാസത്തിലല്ല; മറിച്ചു് ഈ വിശ്വാസത്തെ പ്രക

ടിപ്പിച്ചിരിക്കുന്ന നിയമാനുസൃതമായ ദൈവശാസ്ത്രസിദ്ധാന്തങ്ങളിലാണു്; ഭ്രാതൃസ്നേഹത്തിന്റെ ഐക്യത്തിലല്ല, പിന്നെയോ സഭയുടെ സാധുവായ ഘടനാവിശേഷത്തെ സംബന്ധിച്ചാണു്. കർത്താവു സ്ഥാപിച്ചിട്ടുള്ള മാമ്മോദീസാ, വി. കുർബാന മുതലായി നമ്മുടെ വിശ്വാസത്തിന്റെ വിഷയങ്ങളായ മററിതര കൂദാശകളുടെയോ കാര്യത്തിലല്ല, തങ്ങളുടെ ഭക്തിയും ദൈവമഹത്വവും വർദ്ധമാനമാക്കാവുന്ന കർമ്മവിധികളിലും പ്രാർത്ഥനകളിലുമാണു്. ഈ വ്യത്യാസങ്ങൾ ഉണ്ടായിരുന്നാലും നമ്മിൽനിന്നും ഭിന്നിച്ചുനില്ക്കുന്ന നമ്മുടെ സഹോദരന്മാർ, നമ്മുടെ കർത്താവിന്റെ നാമത്തിൽ നമ്മിൽനിന്നും ആവശ്യപ്പെടുന്ന ഒന്നാണു് നാം അവരോടു് സാഹോദര്യത്തിന്റേയും മതിപ്പിന്റേയും ആദരവിന്റേയും അരൂപിയിൽ അടുത്തു പെരുമാറണമെന്നതു്.

അവസാനമായി ഇങ്ങനെയുള്ള എക്യുമേനിസം തെററായ ഒരുവക സമാധാനവാഞ്ഛയിലേയ്ക്കോ പഠനങ്ങളെ സംബന്ധിച്ചുള്ള ഒരുതരം ഒത്തുതീർപ്പിലേയ്ക്കോ വഴിതെളിച്ചേക്കാം എന്ന ആരോപണത്തിനു് എനിക്കുള്ള മറുപടികൂടി പറയാം. സുവിശേഷത്തിൽ അധിഷ്ഠിതമായിട്ടുള്ള എക്യുമേനിസം ചിലപ്പോൾ വാക്കുകളിലോ വ്യക്തിപരമായ ആശയങ്ങളിലോ ഉള്ള ഒരുതരം ആപേക്ഷികതയിലേയ്ക്കു് (doctorinal relativism) വഴിതെളിച്ചേക്കാം. എന്നാൽ ദൈവാവിഷ്കരണത്തിലുള്ള വിശ്വാസത്തിന്റെയും മനുഷ്യമനഃശക്തികളെ അതിലംഘിക്കുന്ന വി. സത്യങ്ങളുടെ ആപേക്ഷികതയിലേയ്ക്കു് അതു് ഒരിക്കലും വഴിതെളിക്കുകയില്ല.

---

## 18 കാർഡിനൽ പോൾ—എമിലി ലെജർ, മൊൺട്രിൽ മെത്രാപ്പോലീത്താ, കാനഡ.

# സ്വാതന്ത്ര്യവും വൈവിധ്യവും

പ്രബോധനകാര്യത്തിൽ ഐക്യം സാധിക്കുവാൻ പര്യാപ്തമായ രണ്ടു നിർദ്ദേശങ്ങൾ എനിക്കുണ്ടു്. സഭയുടെ അടയാളമായ ഐക്യത്തെ യഥാർത്ഥമായി ചിത്രീകരിക്കുന്നതിനെ സംബന്ധിച്ചാണു് എന്റെ ആദ്യനിർദ്ദേശം. പല കത്തോലിക്കരും അകത്തോലിക്കരും കത്തോലിക്കാസഭ ഏകരൂപമായ ഒരൈക്യത്തെ അനുകൂലിക്കുന്നതായി കരുതുന്നുണ്ടെന്നു് നമുക്കറിയാം. യഥാർത്ഥത്തിൽ ഈ

അടുത്തകാലത്തു് സഭ പ്രബോധനരീതിയിലും ആരാധനക്രമത്തിലും സഭയിലെ നിയമസംവിധാനത്തിലും അതിരുകടന്ന ഐകരൂപ്യം പ്രോത്സാഹിപ്പിച്ചിരുന്നു എന്നു് സമ്മതിക്കാവുന്നതാണു്. കാരണം ഐക്യത്തിന്റെ അതിർത്തികളിൽത്തന്നെ അനുവദിക്കപ്പെടാവുന്ന സാധുവായ ചില ആവശ്യങ്ങളും, സ്വാതന്ത്ര്യവും, വൈവിധ്യവും അനുവദിക്കുന്നതിൽ പലപ്പോഴും നാം വൈമുഖ്യം കാണിച്ചിട്ടുണ്ടു്.

ക്രിസ്തുവിന്റെ സഭയുടെ ഐക്യം ഒരുതരത്തിലും ന്യായാനുസൃതമായ സ്വാതന്ത്ര്യത്തിനും, വൈവിധ്യത്തിനും വിരുദ്ധമല്ല എന്നു തെളിവായി പ്രഖ്യാപിക്കണം. ക്രമീകൃതമായ ഒരു പ്രേഷിതവേലയ്ക്കു് ഇങ്ങനെയുള്ള ഒരു പ്രഖ്യാപനത്തിന്റെ പ്രാധാന്യത്തെപ്പററി ഇതിനകം പല പിതാക്കന്മാരും, പ്രത്യേകിച്ച് മിഷൻപ്രദേശങ്ങളിൽനിന്നുള്ളവർ, ഊന്നിപ്പറഞ്ഞിട്ടുണ്ടു്. എക്യുമേനിക്കൽ സംരംഭങ്ങളെ സംബന്ധിച്ചിടത്തോളം ഇങ്ങനെയുള്ള ഒരു പ്രഖ്യാപനത്തിന്റെ പ്രാധാന്യം നമുക്കെല്ലാം പ്രസ്പഷ്ടമാണു്. കാരണം ഭിന്നിച്ചു നിൽക്കുന്ന സഭകൾക്കും, സമൂഹങ്ങൾക്കും അവരവരുടേതായ പാരമ്പര്യവും, സ്ഥാപനങ്ങളും, ആത്മീയ പിതൃസ്വത്തുമുണ്ടു്. അവയെ സംരക്ഷിക്കുവാൻ നീതിപൂർവമായ ഒരാഗ്രഹവും അവർക്കുണ്ടു്. അതുകൊണ്ടു് കത്തോലിക്കാസഭ ആഗ്രഹിക്കുന്ന ഐക്യത്തെക്കുറിച്ചുള്ള സകല തെററിദ്ധാരണകളും മാററിക്കളയുന്നതിനു് ക്രിസ്തു ഉദ്ദേശിച്ച ഐക്യത്തിന്റെ ദൈവശാസ്ത്രപരമായ വിശദീകരണം നൽകണം. അങ്ങനെ ഏപ്രകാരം സഭ ആഗ്രഹിക്കുന്ന ഐക്യത്തിൽ പരിപൂർണ്ണമായ അനുസരണവും, പൂർണ്ണസ്വാതന്ത്ര്യവും, യഥാർത്ഥ ഏകത്വവും, വലിയ വൈവിധ്യവും ഒരുമിച്ചു കൊണ്ടുപോകുവാൻ സാധിക്കുമെന്നു് കുറേക്കൂടി തെളിവാക്കണം. ഈ രണ്ടാംസമ്മേളനത്തിന്റെ പ്രാരംഭപ്രഭാഷണത്തിൽ പരിശുദ്ധ പിതാവുതന്നെ വൈവിധ്യത്തെ പുകഴ്ത്തിയിട്ടുണ്ടു്.

വിശ്വാസവിഷയത്തിന്റെ ശാസ്ത്രീയ അവതരണത്തിലുണ്ടാകുന്ന അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞവസാനിപ്പിക്കുവാനുപയുക്തമായ നല്ല മാർഗ്ഗങ്ങൾ നൽകണമെന്നതാണു് എന്റെ രണ്ടാമത്തെ നിർദ്ദേശം. കാരണം, താത്വികപ്രശ്നങ്ങൾ എക്യുമേനിക്കൽ സംരംഭങ്ങളുടെ വളർച്ചയ്ക്കു് വലിയ വിഘ്നങ്ങൾ സൃഷ്ടിക്കും. ഈ വിഷയത്തിൽ ചില അടിസ്ഥാനതത്വങ്ങൾ കണ്ടെത്തുവാൻ കഴിയുമെങ്കിൽ അതു് വലിയ സഹായമായിരിക്കും. ഇങ്ങനെ ഒരു ചിന്താഗതി ദൈവശാസ്ത്രജ്ഞന്മാരുടേയും, പ്രത്യേകിച്ച് അജപാലകരുടേയും ഇടയിൽ വളർത്തിക്കൊണ്ടുവരുവാൻ സാധിച്ചാൽ പരസ്പരവിരുദ്ധമെന്നു് തോന്നുന്ന പല പ്രശ്നങ്ങളേയും നിർദ്ധാരണം ചെയ്യുവാൻ കഴിയും.

വിശ്വാസ വിഷയകമായപ്രശ്നങ്ങളെപ്പററി നമ്മുടെസഹോദരങ്ങളുമായി ചർച്ചചെയ്യുമ്പോൾ സ്നേഹത്തിനും സത്യത്തിനും ഒരു

കോട്ടവും സംഭവിക്കരുതെന്നു് നാമെല്ലാം സമ്മതിക്കുന്നു. എന്നാൽ ഈ പരിധിക്കപ്പുറത്തേയ്ക്കും നാം കടക്കേണ്ടതില്ലേ? മററുസഹോദരങ്ങളോടൊത്തു് നാം നടത്തുന്ന പര്യന്വേഷണം സ്നേഹത്തിൽ മാത്രമല്ല വിനയത്തിലും അധിഷ്ഠിതമായിരിക്കണമെന്നു് നമുക്കു തെളിവായി പ്രസ്താവിച്ചുകൂടെ? പ്രത്യേകിച്ചും നമ്മറം ദൈവത്തിൻെറ അവർണ്ണനീയമായ രഹസ്യങ്ങളെപ്പററി പര്യാലോചിക്കുമ്പോറം.

ദീർഘനാളത്തെ ദൈവശാസ്ത്രഗവേഷണങ്ങളുടെ ഫലങ്ങളാണു് നമ്മുടെ വിശ്വാസസത്യങ്ങറം. ഇവയുടെ പ്രകാശനരീതി പലപ്പോഴും കിഴക്കും പടിഞ്ഞാറുമുള്ള ഭിന്നിച്ചുനില്ക്കുന്ന നമ്മുടെ സഹോദരരുടെ ചിന്താരീതികളിൽനിന്നും വിഭിന്നമായിരിക്കും. നമ്മിൽനിന്നു് വേർപെട്ടു നില്ക്കുന്നവരും അവരുടേതായ ദൈവശാസ്ത്രപഠനങ്ങറം നടത്തിയിട്ടുണ്ടു്. പലരുടേയും അഭിപ്രായത്തിൽ ഈ സമാന്തരപരിശ്രമങ്ങളിൽ ദൂരീകരിക്കുവാനസാദ്ധ്യമായ പല ഭിന്നതകളും വളർന്നുവന്നിട്ടുണ്ടു്. എന്നാൽ എൻെറ അഭിപ്രായത്തിൽ കത്തോലിക്കരും ഭിന്നിച്ചുനില്ക്കുന്ന സഹോദരങ്ങളും ഒന്നിച്ചു് ക്രിസ്തുവിൻെറ വെളിപാടിനെ വിനയത്തോടെ പഠിക്കുന്നെങ്കിൽ മാത്രമേ ഈ വ്യത്യാസങ്ങറം ഇല്ലാതാക്കുവാൻ സാധിക്കുകയുള്ളു. സഭാചരിത്രത്തിൽ നിർഭാഗ്യകരങ്ങളായ പല ശീശ്മകളും ഭിന്നിപ്പുകളുമുണ്ടായിട്ടുണ്ടു്. എന്നാൽ ഇവയിൽ പലതും ഇല്ലാതായതു് സഭയുടെ അധികാര വിനിയോഗംകൊണ്ടായിരുന്നില്ല, മറിച്ചു്, സഭാപിതാക്കന്മാരിൽ കാണുന്നതുപോലെ വിശ്വാസത്തിലും സ്നേഹത്തിലും വിനയത്തിലും അവരോടൊത്തു വർത്തിച്ചിരുന്നതു മൂലമാണു്.

ഈ കൗൺസിലിൽ സഭ അവളുടെ വിനീതമായ പ്രവാസത്തെക്കുറിച്ചു് പലപ്പോഴും സംസാരിച്ചിട്ടുണ്ടു്. സ്വന്തം തെററുകളെ അംഗീകരിക്കുവാൻ അവറം കാട്ടുന്ന ആഗ്രഹം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണു്. എന്നാൽ നമ്മുടെ ഈ കാലഘട്ടത്തിൽ സഭ ബൗദ്ധികമായിക്കൂടെ വിനയമുള്ളവളായിരിക്കണം. ക്രിസ്തു വെളിപ്പെടുത്തിയ സത്യങ്ങളെല്ലാം കത്തോലിക്കൻ സ്വായത്തമാക്കിയിട്ടുണ്ടെന്നു് നാം സാധാരണ പറഞ്ഞുകേറംക്കാറുണ്ടു്. യഥാർഹം വിവേചിച്ചാൽ ഈ പ്രസ്താവം ശരിയായ അർത്ഥത്തിൽ മനസ്സിലാക്കുവാൻ കഴിയും. എന്നാൽ അത്തരം പ്രസ്താവനകറം, ക്രിസ്തു വെളിപ്പെടുത്തിയ സത്യത്തെ സർവ്വവിധത്തിലും, പൂർണ്ണമായി മനസ്സിലാക്കുവാൻ, പലർക്കും ഈ ലോകത്തിലായിരിക്കുമ്പോറം സാധ്യമല്ല എന്ന കഴിവുകേടിനെയാണു് പ്രസ്പഷ്ടമാക്കുന്നതു് എന്നാണു എനിക്കു തോന്നുന്നതു്.

"എല്ലാവരിലും ചെറിയവനായ എനിക്കും ക്രിസ്തുവിൻെറ അളവില്ലാത്ത സമ്പത്തിൻെറ പ്രഘോഷകനാകുവാനുള്ള കൃപയും അനുഗ്രഹവും നൽകിയിരിക്കുന്നു" (അപ്പെ 3:8) എന്ന അപ്പസ്തോലൻെറ വാക്കുകറംതന്നെ നമുക്കും സ്വീകരിക്കാം. ദൈവത്തിൻെറ അപരിമേയതയെയും, ദിവ്യരഹസ്യങ്ങളേയുംകുറിച്ചുള്ള പ്രബോധനങ്ങറം

ഒരിക്കലും അപ്രമാദിത്വത്തിന് എതിരായിരുന്നിട്ടുമില്ല. നമ്മുടെ ബലഹീനത നമ്മെ വാസ്തവത്തിൽ ദൈവത്തിൻെറ അപരിമേയത്വം അനുസ്മരിപ്പിച്ചുകൊണ്ട്, 'അപ്രമാദിത്വ'മെന്ന സത്യത്തെ അതിൻെറ ശരിയായ പരിധികളുള്ളിൽ നിറുത്തുകയാണു ചെയ്യുന്നതു്. ഇതിനും പുറമേ ദൈവത്തിൻെറ ഈ അപരിമേയത്വം ക്രിസ്ത്യാനികൾക്ക് ബൗദ്ധികമായ അചഞ്ചലത പൂർണ്ണമായി അസാദ്ധ്യവുമാക്കുന്നു.

കൗൺസിലിലെ നിരീക്ഷകസമൂഹത്തോട് സംസാരിക്കുകയിൽ പോൾ ആറാമൻ പാപ്പാ പറയുകയുണ്ടായി പ്രബോധനങ്ങളുടെ അചഞ്ചലത ഐക്യത്തിനുള്ള ഒരു വലിയ വിലങ്ങുതടിയാണെന്നു്. അദ്ദേഹം വി. അഗസ്റ്റീനോസിൻെറ വാക്കുകൾ ഉദ്ധരിച്ചു: ''കണ്ടെത്തുവാൻവേണ്ടി അന്വേഷിക്കുക; തുടർന്നു് അന്വേഷിക്കുവാൻ വേണ്ടി കണ്ടെത്തുക'' അവിടന്നു് തുടർന്നു: ''വി. അഗസ്റ്റീനോസിൻെറ ഈ വാക്കുകൾ കത്തോലിക്കരേയും അകത്തോലിക്കരേയും സംബന്ധിച്ച് ഒരുപോലെ അർത്ഥവത്താണു്. ഒരു യഥാർത്ഥ ക്രിസ്ത്യാനിക്ക് അചഞ്ചലത എന്നൊന്നു് ഉണ്ടാകുക സാദ്ധ്യമേ അല്ല.''

ഈ വാക്കുകൾ തത്വങ്ങളിലുള്ള വ്യത്യാസങ്ങളെ നിർദ്ധാരണം ചെയ്യുവാനുള്ള ശരിയായ ഒരു മാർഗ്ഗം ചൂണ്ടിക്കാണിക്കുന്നുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു. ക്രിസ്തുവിൻെറ വെളിപാടിനെ അഗാധമായും, കൂടുതൽ കൃത്യമായും പ്രകാശിപ്പിക്കുവാൻ കത്തോലിക്കരേയും, വേർപെട്ടുനില്ക്കുന്ന സഹോദരങ്ങളേയും നിരന്തരം പ്രോത്സാഹിപ്പിക്കുന്നതിനു തക്കവിധം ദൈവശാസ്ത്രപര്യന്വേഷണങ്ങൾ വിശദീകരിക്കപ്പെടണം എന്നതാണു് എൻെറ വിവക്ഷ.

---

**19** ഐസക് ഗാട്ടാസ്,
തേബെസ്—ലൂക്സോറിലെ
കോപ്റ്ററിക് മെത്രാൻ, ഈജിപ്റ്റ്.

# മിശ്രവിവാഹങ്ങൾ

മിശ്രവിവാഹത്തെ പരാമർശിക്കുന്ന ഈ അദ്ധ്യായത്തിൽ പൗരസ്ത്യരുടെ ആദ്ധ്യാത്മികസമ്പത്തിനോട് കത്തോലിക്കാസഭയ്ക്കുള്ള അതിരററ ബഹുമതി പ്രകാശിപ്പിക്കണമെങ്കിൽ, ഇപ്പോൾ നിലവിലിരിക്കുന്ന സമ്പ്രദായങ്ങളിൽ ചില വ്യത്യാസങ്ങൾ വരുത്തേണ്ടിയിരിക്കുന്നു. ഇതു് വിശദമാക്കുവാൻ പൗരസ്ത്യരുടെയിടയിൽ വി

വാഹമെന്ന കൂദാശ സ്വീകരണത്തെ സംബന്ധിച്ച് ഇപ്പോൾ നടപ്പുള്ള ക്രമീകരണങ്ങളെക്കുറിച്ച് അല്പം പ്രതിപാദിക്കാം.

കത്തോലിക്കർ മാത്രമല്ല പൗരസ്ത്യ ഓത്തഡോക്സുകാരും വിവാഹത്തിൻെറ കൗദാശികമുദ്രയെ ഏററം കാര്യമായി കരുതുന്നുവെന്നതു് വളരെ പ്രസിദ്ധമാണു്. അനേക തലമുറകളായി കത്തോലിക്കാസഭ വിവാഹത്തിൻെറ കൗദാശികമുദ്രയെപ്പററിയുള്ള അവരുടെ വിശ്വാസം അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. ഒരു ഓത്തഡോക്സ് വൈദികൻെറ മുമ്പിൽവച്ച് കത്തോലിക്കരും ഓത്തഡോക്സുകാരുംതമ്മിൽ നടത്തുന്ന മിശ്രവിവാഹങ്ങൾ സാധുവായി അംഗീകരിച്ചുകൊണ്ടാണു് സഭ ഈ വിശ്വാസത്തെ ബഹുമാനിച്ചിരുന്നതു്. പരമ്പരാഗതമായ ഈ സമ്പ്രദായംവഴി സഭ, കത്തോലിക്കരും ഓത്തഡോക്സുകാരും തമ്മിലുള്ള ഐക്യത്തെ വളരെ ഫലപ്രദമായ രീതിയിൽ വളത്തിക്കൊണ്ടു പോന്നുവെന്നതു് നിസംശയമാണു്. എങ്ങനെയോ, പരമ്പരാഗതമായിരുന്ന ഈ നടപ്പ് 1949 മെയ് 2–ന് പുറപ്പെടുവിച്ച ഒരു ഡിക്രിവഴി (Crebrae allatae) നീക്കപ്പെട്ടു. ഡിക്രിയിൽ പറയുന്നു, ഒരു ഓത്തഡോക്സ് വൈദികൻെറ സാന്നിദ്ധ്യത്തിൽ നടത്തുന്ന മിശ്രവിവാഹങ്ങൾ അസാധുവാണെന്നു്. * മിശ്രവിവാഹങ്ങളെ തടയണമെന്ന ഡിക്രിയുടെ ഉദ്ദേശം ഇന്നുവരെ ഒട്ടും സാധിച്ചിട്ടില്ല; പ്രായോഗികമായി നോക്കിയാൽ മിശ്രവിവാഹങ്ങളുടെ എണ്ണം കുറഞ്ഞിട്ടുപോലുമില്ല. വാസ്തവത്തിൽ ഈ ഡിക്രിയുടെ പ്രഖ്യാപനത്തിനുശേഷം അസാധുവായ വിവാഹങ്ങളുടെ എണ്ണം വർദ്ധിച്ചിരിക്കുന്നതിനാൽ ഈ നടപടി വിശ്വാസത്തിൽ വളരെയധികം ദൂഷ്യമാണു ചെയ്തതു്. ഉദാഹരണമായി, എൻെറ രൂപതയിൽതന്നെ മിശ്രവിവാഹത്തിനൊരുങ്ങുന്നവരെ ഒരു കത്തോലിക്കാ പുരോഹിതൻെറ മുമ്പിൽവച്ച് വിവാഹം നടത്തണമെന്നു് ബോദ്ധ്യപ്പെടുത്തുവാൻ വളരെ പ്രയാസമുണ്ടു്. കാരണം, 1949–വരെ സാധുവും കൗദാശികവുമായിരുന്ന വിവാഹങ്ങൾ എങ്ങനെ സഭയുടെ ഒരു ഡിക്രിവഴി അസാധുവായിത്തീരുന്നു എന്നു് മനസ്സിലാക്കുവാൻ അവക്കു് കഴിയുന്നില്ല. ഈ പുതിയ ഡിക്രി യഥാത്ഥത്തിൽ ഐക്യത്തിനുള്ള വൈഷമ്യങ്ങളെ വർദ്ധിപ്പിക്കുകയും, ഭിന്നതയുടെ വിടവ് വലുതാക്കുകയും ചെയ്യുക മാത്രമല്ല ഏതാനും ചില കത്തോലിക്കരെ സഭയിൽനിന്നും അകററി മതത്യാഗികളാക്കുവാനും ഇടയാക്കിയിട്ടുണ്ടു്.

അതുകൊണ്ടു് ഇടയനടുത്ത ചൈതന്യത്താൽ പ്രേരിതനായി, ഈ ഡിക്രിയുടെ ചൈതന്യത്തോടു് വിശ്വസ്തനായി നിന്നുകൊണ്ടു്, പൗരസ്ത്യകത്തോലിക്കരുടെ വിവാഹത്തെ സംബന്ധിച്ച പാരമ്പ

---

* വത്തിക്കാൻ കൗൺസിലിൻെറ 3–ാംസമ്മേളനത്തിൽ ഈ നിയമം ഭേദഗതിചെയ്തു.

ര്യങ്ങൾ പുനരുദ്ധരിക്കണമെന്നു് കൗൺസിലിനോട്ട് താല്പര്യപൂർവ്വം ഞാൻ അഭ്യർത്ഥിക്കുന്നു. ഈ പുനരുദ്ധാരണം കത്തോലിക്കാസഭയോട്ട് വിശ്വസ്തരായിരിക്കുവാൻ അവർക്ക് കുറേക്കൂടി സഹായകമാകും. ഇങ്ങനെ പ്രവർത്തിക്കുന്നെങ്കിൽ അതുവഴി ഓർത്തഡോക്സ് സഹോദരങ്ങളുടെ കൗദാശികകർമ്മങ്ങൾ അംഗീകരിക്കപ്പെടുകയും, ബഹുമാനിക്കപ്പെടുകയും, അങ്ങനെ കത്തോലിക്കരും ഓർത്തഡോക്സുകളും തമ്മിലുള്ള ഐക്യം കുറേക്കൂടി വളർച്ച പ്രാപിക്കുകയും ചെയ്യും.

## നാലാം ഭാഗം

# ലോകവുമായുള്ള സംഭാഷണം

1 പോപ്പ് പോറം ആറാമൻ
റോമായുടെ മെത്രാൻ.

## നാം സാധിക്കേണ്ടതു്

അവസാനമായി നമുക്കു് സാധിക്കുവാനുള്ളതു് സമകാലിക ലോകവുമായുള്ള ബന്ധം പുലത്തലാണു്. ഇതു് അതിപ്രധാനമായ ഒരു കാര്യമാണു്. കർത്താവിൻെറ അനുഗ്രഹപിയിൽ തൻെറ ആന്തരിക ജീവിതത്തെ നവീകരിക്കുവാൻ സഭ സദാ ജാഗരൂകയാണു്. ഇതു നിമിത്തമാണു് അവരം ബാഹ്യകാര്യവ്യഗ്രതകളിൽനിന്നും തന്നെ ത്തന്നെ വ്യതിരിക്തയാക്കുന്നതും, അതേസമയം ലോകത്തിൻെറ സമുദ്ധാരണത്തിനു് പററിയ ഒരു ഉപകരണമായും, ജീവസംദായകമായ ഒരു സ്രോതസ്സായും അവരം സ്വയം വെളിപ്പെടുത്തുന്നതും. സഭ തൻെറ അപ്പസ്തോലിക ദൗത്യത്തെ വെളിപ്പെടുത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു. എന്താണീ ദൗത്യം? പരിതസ്ഥിതികരം എന്തുതന്നെയായിരുന്നാലും മാനവവംശത്തോടു് സുവിശേഷം അറിയിക്കുകയെന്നതാണതു്.

വന്ദ്യസഹോദരരെ, അതിശ്രേഷ്ഠമായ ഈ ദൗത്യത്തെ നന്നായി മനസ്സിലാക്കിയിരിക്കുന്നവരാണു് നിങ്ങളെല്ലാവരും. ഒന്നാംസമ്മേളനത്തിൻെറ കാര്യാദികളിൽ വ്യാപൃതരായിരുന്നപ്പോരം, 23–ാം യോഹന്നാൻ പാപ്പായുടെ ഉൽഘാടന പ്രസംഗം നിങ്ങളെ കോരമയിർ കൊള്ളിച്ചിരിക്കണം. അപ്പോരം നിങ്ങരംക്കു് തോന്നിയിരിക്കാം, ഈ സമ്മേളനത്തിൻെറ കവാടങ്ങരം തുറക്കേണ്ടതു് ഒരാവശ്യമാണെന്നു്. സുപ്രതീക്ഷയുടേയും, സാഹോദര്യത്തിൻേറയും സുമംഗള

ത്തിൻേറയും സന്ദേശം ലോകത്തോട്ട് ഉൽഘോഷിക്കേണ്ടതിൻെറ ആവശ്യം നിങ്ങൾക്കപ്പോൾ മനസ്സിലായിരിക്കാം.

ഇതു് എത്രയോ സുഭഗസുന്ദരമായ ഒരടയാളമായിരിക്കുകയില്ല! സഭയുടെ പ്രവചനാത്മകമായ ദാനത്തിനു് രൂപവും ഭാവവും ചേന്നിണങ്ങി പ്രകാശിച്ച ഒരു അവസരമായിരുന്നു അതു്. ദൈവവരപ്രസാദത്തിൻെറ അപ്രതിഹതമായ തിരത്തള്ളലാൽ പന്തക്കുസ്താദിനം വി. പത്രോസ് ജനസഞ്ചയത്തോട്ട് അത്യുച്ചത്തിൽ ഉൽഘോഷിക്കാൻ തുനിഞ്ഞതുപോലെ ചെയ്യുവാൻ നിങ്ങളും തീരുമാനിച്ചിരിക്കുന്നു. നിങ്ങളുടെ പരിമിതങ്ങളായ കാര്യങ്ങളെ ലോകത്തിൻെറ വ്യാപാരങ്ങളോട്ട് ബന്ധപ്പെടുത്തുവാൻ നിങ്ങൾ നിശ്ചയിച്ചുറച്ചിരിക്കുന്നു. അതേ, നിങ്ങൾ ഒരു സംഭാഷണത്തിനായി ദൃഢപ്രതിജ്ഞ ചെയ്തിരിക്കുന്നു. നിങ്ങൾ തമ്മിലല്ല, നിങ്ങളും ലോകവുമായി.

വന്ദ്യസഹോദരരെ, എന്താണിതിൻെറ അത്ഥം? സ്നേഹം. അതേ, ഈ കൗൺസിലിനു് പ്രചോദനം നൽകിയതു് സ്നേഹമാണു്. എല്ലാം സംവഹിക്കുന്നതിനും സംരക്ഷിക്കുന്നതിനും പ്രേരിപ്പിക്കുന്ന സ്നേഹം, സ്വയം മറന്നുകൊണ്ടു് അന്യൻെറ കാര്യത്തിൽ ശ്രദ്ധവയ്ക്കുന്നതിനുള്ള സ്നേഹം— മിശിഹായുടെ സാർവ്വത്രികസാഹോദര്യം.

ഇന്നു് നമ്മെ പരിരക്ഷിക്കുന്നതു് ഈ സ്നേഹമാണു്. ഒന്നു തിരിഞ്ഞുനോക്കൂ, നമ്മുടെ സമകാലികലോകത്തിലെ മാനവജീവിതത്തിൻെറ യവനികയിലേയ്ക്കു്. നമ്മെ ആശ്വസിപ്പിക്കുന്നതല്ല, ഞെട്ടിപ്പിക്കുന്ന രംഗമാണവിടെ ദൃശ്യം; സന്തോഷിപ്പിക്കുന്നതല്ല, സന്തപ്തരാക്കുന്ന കാഴ്ചയാണവിടെ; വിശ്വസ്തതയുടേയും, സൗഹാർദ്ദത്തിൻേറയുമല്ല, വിദ്വേഷത്തിൻേറയും, സ്വയസാധൂകരണത്തിൻേറയും നിഴലാട്ടമാണവിടെ.

നാം യാഥാത്ഥ്യങ്ങളെപ്പററി ബോധവാന്മാരായിരിക്കണം. മനുഷ്യത്വമില്ലായ്മയും അപരിഷ്കൃതത്വവും ഇന്നും ഭൂമുഖത്തു നിന്നും തിരോധാനം ചെയ്തിട്ടില്ലായെന്ന വസ്തുത നാം മറച്ചുവെച്ചിട്ടു കാര്യമില്ല. ഈ സാർവ്വത്രിക കൗൺസിലിനേയും സ്പർശിച്ചിരിക്കുന്ന അത്തരം ചെയ്തികളെപ്പററി എന്തു പറയട്ടെ! ഈ കൗൺസിലിലെ നിരവധി ഇരിപ്പിടങ്ങൾ ഒഴിഞ്ഞുകിടക്കുന്നതിൻെറ നേരെ കണ്ണടയ്ക്കുവാൻ നമുക്കു സാധിക്കുമോ? സഭ അതികഠിനമായി മർദ്ദിക്കപ്പെടുന്ന രാഷ്ട്രങ്ങളിലെ നമ്മുടെ സഹോദരങ്ങളെവിടെ? ആ രാഷ്ട്രങ്ങളിൽ മതമുണ്ടെങ്കിൽ, അതിൻെറ സ്ഥിതി ഇപ്പോൾ എന്താണു്?

തിരുസഭയോടും മിശിഹായോടും വിശ്വസ്ഥരായിരിക്കേണ്ടിവരുന്നതുനിമിത്തം പീഡിപ്പിക്കപ്പെടുന്ന നമ്മുടെ സഹോദരങ്ങളെപ്പററി നാം കുറെയെല്ലാം അറിയുന്നു. അതിൽ നാം സന്തപ്തരാകുന്നു. എന്നാൽ ഇതിലും കൂടുതലായി നമ്മുടെ ഹൃദയം വേദനിക്കുന്ന വസ്തുതയാണു്, അവിടങ്ങളിൽ കഷ്ടപ്പാടുകളും മർദ്ദനങ്ങളും, സംഭീ

തിയും അനുഭവിക്കുന്ന ദിവ്യശ്രുശ്രൂകരെയും, സന്യാസസന്യാസിനികളേയും, നമ്മുടെ പ്രിയപ്പെട്ട മക്കളേയും സംബന്ധിച്ച് നമുക്കു പലതും അറിയുവാൻ സാധിക്കുന്നില്ലായെന്നതു്.

ഈ വിധമുള്ള സഹനങ്ങൾ കാണുമ്പോൾ നാം എമ്മാത്രം ദുഃഖാത്തരല്ല! ചില രാജ്യങ്ങളിൽ മനുഷ്യൻെറ മററിതര പ്രാഥമികാവകാശങ്ങളോടൊപ്പം, മതസ്വാതന്ത്ര്യം, രാഷ്ട്രീയവും, വർഗ്ഗീയവും, മതനിഷിദ്ധങ്ങളുമായ തത്വങ്ങളാൽ ധ്വംസിക്കപ്പെട്ടിരിക്കുന്നതായി കാണുന്നതു് എത്രയോ സങ്കടകരമല്ല? ഇന്നും ലോകത്തിൽ നമ്മക്കും, ഒരുവൻെറ സ്വതന്ത്രമായ മതവിശ്വാസത്തിനും എതിരായി നിരവധി അനീതികൾ നടമാടുന്നുവെന്നു കാണുന്നതു് ഹൃദയഭേദകമാണു്.

കത്തോലിക്കാ സഭക്കെതിരായി അനീതിപരങ്ങളായ വിദ്വേഷം വച്ചുപുലർത്തുന്നവർ ഹൃദയവിശാലതയോടുകൂടി അതു് മാററുന്നതിനു്, അവരോടു് കഠിനവാക്കുകൾ നമുക്കു് പ്രയോഗിക്കാതിരിക്കാം. നമ്മുടെ നെടുവീർപ്പുകൾ മാനുഷികമായ നമ്മുടെ അഭിലാഷപ്രകടനമെന്ന രീതിയിൽ നമുക്കു് വെളിപ്പെടുത്താം. കത്തോലിക്കാമതമനുസരിക്കുന്നവർ ഏതുരാജ്യത്തിൽ പെട്ടിരുന്നാലും അവർ ഒരിക്കലും ആ രാജ്യത്തിൻെറ ശത്രുക്കളൊ, ദേശാഭിമാനമില്ലാത്ത പൗരന്മാരോ ആണെന്നു് കരുതപ്പെടരുതു്. മറിച്ച് അവർ എന്നെന്നും അവരവരുടെരാജ്യത്തിലെ ധർമ്മിഷ്ഠരുംഉത്സാഹശാലികളുമായ അംഗങ്ങളായിരിക്കുമെന്നു് ഏവരും ധരിക്കണം.

ഇത്തരുണത്തിൽ വിശ്വാസത്തെപ്രതി പീഡ സഹിക്കുന്ന കത്തോലിക്കർക്കെല്ലാവർക്കും നമ്മുടെ സ്നേഹാന്വിതമായ ആശംസകളും ആശീർവ്വാദങ്ങളും, അവർക്കുവേണ്ടി വിശേഷദൈവസഹായവും നാം അഭ്യർത്ഥിക്കുന്നു.

നമ്മുടെ ദുഃഖം ഇത്രയുംകൊണ്ടു തീരുന്നില്ല. മററു പലവിധ തിന്മകളുംകൂടി നിറഞ്ഞിരിക്കുന്ന ഈ ലോകത്തിലേക്കു് നോക്കുമ്പോൾ നാം ദുഃഖസാഗരത്തിലാഴുകയാണു്. മനുഷ്യരാശിയുടെ ഒരു ഭാഗത്തു് നിരീശ്വരത്വം പടർന്നുപിടിക്കുന്നു. ഇതിൻെറ മുന്നേററം ബൗദ്ധികവും സാന്മാർഗ്ഗികവും സാമൂഹ്യവുമായ നിലവാരത്തിനിടിവു വരുത്തുന്നതിനാൽ ഈ മൂല്യങ്ങളുടെ യഥാർത്ഥ അർത്ഥം ലോകം വിസ്മരിക്കുന്നു. പ്രകൃതിശാസ്ത്രങ്ങളുടെ പ്രഭാപ്രവാഹം ദൈവത്തെപ്പററിയുള്ള ശാസ്ത്രമണ്ഡലത്തിൽ അന്ധകാരം വ്യാപിപ്പിക്കുവാൻ തുടങ്ങുന്നു. ഇതിൻെറ ഫലമായി മനുഷ്യൻെറ യഥാർത്ഥവിജ്ഞാനവും മങ്ങിത്തുടങ്ങിയിരിക്കുന്നു. മനുഷ്യൻ ഉപയോഗിക്കുന്ന എല്ലാ ഉപകരണങ്ങളും അത്ഭുതാവഹമായവിധം അഭിവൃദ്ധമായിക്കൊണ്ടിരിക്കുമ്പോൾ, അവൻെറ ഹൃദയം ശൂന്യതയിലേക്കും, സന്താപത്തിലേക്കും, നിരാശയിലേക്കും ആണ്ടുപോകുകയാണു്.

ആധുനിക മനുഷ്യൻെറ സങ്കീർണ്ണങ്ങളും ശോചനീയങ്ങളുമായ ഈ അവസ്ഥാവിശേഷങ്ങളെപ്പററി പലതും പറയുവാനുണ്ടു്. എ

ന്നാൽ അതു് തല്ക്കാലം വേണ്ടെന്നു വയ്ക്കുന്നു. ഇപ്പോൾ നമ്മുടെ ഹൃദയം സ്നേഹംകൊണ്ടു് നിറഞ്ഞിരിക്കയാണു്; അങ്ങനെതന്നെ ഈ കൗൺസിലിൽസമ്മേളിച്ചിരിക്കുന്ന സഭയുടെ ഹൃദയവും.

നമ്മുടെ കാലത്തെ നാം വീക്ഷിക്കുന്നതു്, അതിന്റെ സകല വൈവിദ്ധ്യങ്ങളേയും, ഭാവഭേദങ്ങളേയും കണക്കിലെടുത്തുകൊണ്ടും അതീവസ്നേഹവായ്പോടുകൂടിയുമാണു്. ഇതോടൊപ്പം മിശിഹാ ഇഹത്തിലേക്കു് കൊണ്ടുവന്ന സൗഹാർദ്ദത്തിന്റേയും, രക്ഷയുടേയും, പ്രതീക്ഷയുടേയും, സന്ദേശത്തെ ഇന്നത്തെ മനുഷ്യനു് സംഭാവന ചെയ്യുവാനുള്ള അതീവാഗ്രഹവും നമുക്കുണ്ടു്. "എന്തുകൊണ്ടെന്നാൽ ദൈവം തന്റെ സുതനെ ലോകത്തിലേക്കു് അയച്ചതു് ലോകത്തെ വിധിക്കുവാനല്ല, പ്രത്യുത അവൻവഴി ലോകം രക്ഷപ്രാപിക്കുവാനാണു്.'' (യോഹ. 3:17)

ലോകം അറിയേണ്ട കാര്യമാണു് തിരുസഭ അഗാധമായ ഒരു ധാരണയോടും, ആത്മാർത്ഥമായ മതിപ്പോടും നിഷ്ക്കളങ്കമായ ഉദ്ദേശത്തോടുംകൂടിയാണു് ലോകത്തെ വീക്ഷിക്കുന്നതെന്നു്. ഇതു് ലോകത്തെ അധീനപ്പെടുത്തുവാനല്ല അതിനു സേവനം ചെയ്യുവാനാണു്; അതിനെ നിന്ദിക്കുവാനല്ല അതിനെ വിലമതിക്കുവാനാണു്; അതിനെ ശപിക്കുവാനല്ല, പ്രത്യുത ലോകത്തെ ഉത്തേജിപ്പിക്കുവാനും, സഹായഹസ്തം നീട്ടുവാനുമാണു്.

വിശാലമായ ലോകത്തിലേക്കു്തുറന്നിരിക്കുന്ന ഈ കൗൺസിലിന്റെ ജനാലയിലൂടെ ചില പ്രത്യേക വിഭാഗം ആളുകളെ സഭ വിശേഷ ഔൽസുക്യത്തോടെ വീക്ഷിക്കുന്നുണ്ടു്. അതെ, പാവപ്പെട്ടവരിലേക്കും, ഇല്ലാത്തവരിലേക്കും, കഷ്ടതയനുഭവിക്കുന്നവരിലേക്കും, പട്ടണി കിടക്കുന്നവരിലേക്കും, ദുഃഖദുരിതങ്ങളിൽ മുഴുകിയിരിക്കുന്നവരിലേക്കും സഭയുടെ ദൃഷ്ടികൾ തിരിച്ചിരിക്കുന്നു. സുവിശേഷത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യവംശംമുഴുവൻ സഭയുടേതാണു്. മനുഷ്യരാശിയെ ക്ലേശപ്പെടുത്തുന്ന ഏവരോടും സഭ പറയുവാനാഗ്രഹിക്കുകയാണു്. എല്ലാവരും എന്റെ അടുക്കൽ വരുവിൻ'' എന്നു് (മത്താ. 11:28)

കലാകാരന്മാരിലേക്കും, ശാസ്ത്രജ്ഞന്മാരിലേക്കും, വിദ്യവിശാരദന്മാരിലേക്കും സഭയുടെ ശ്രദ്ധ തിരിഞ്ഞിട്ടുണ്ടു്. ഈ മൂല്യങ്ങളോടു് വലിയ ബഹുമാനവും അവയുടെ അനുഭവവേദ്യഫലങ്ങളെ സ്വീകരിക്കുവാൻ അതിയായ ആഗ്രഹവും സഭയ്ക്കുണ്ടു്. ഈ മണ്ഡലത്തിൽ വ്യാപരിക്കുന്നവരുടെ ബൗദ്ധികജീവിതത്തെ ശക്തിപ്പെടുത്തുവാനും, ദൈവിക പ്രസാദത്തിന്റേയും വചനത്തിന്റേയും പ്രഭാതലത്തിൽ ഒരു സ്ഥലം കണ്ടുപിടിച്ചു് അവരുടെ ഇളകിമറിയുന്ന ആന്തരികശക്തികൾക്കു് സാന്ത്വനമരുളുകയെന്നതുമാണു് സഭയുടെ ആഗ്രഹം.

തൊഴിലാളികളുടെ കാര്യത്തിലും സഭക്കു് താല്പര്യമുണ്ടു്. അവരുടെ വ്യക്തിത്വത്തിന്മേലും വേലയുടെ മഹത്വത്തെപററിയും, അവ

രുടെ ന്യായമായ വേതനത്തെക്കുറിച്ചും സഭക്ക് ഔത്സുക്യമുണ്ട്. സാമൂഹ്യ ഉന്നതിക്കായും മെച്ചപ്പെട്ട ആദ്ധ്യാത്മികജീവിതത്തിനായുമുള്ള അവരുടെ തീവ്രാഗ്രഹത്തെയും സഭ പരിഗണിക്കുന്നുണ്ട്. കൂടാതെ സ്വതന്ത്രരായ മനുഷ്യർ പരസ്പരം സഹോദരരെപ്പോലെ പെരുമാറുന്ന ഒരു പുതിയ ലോകവ്യവസ്ഥിതി സൃഷ്ടിക്കുന്നതിന് തൊഴിലാളികൾക്കുള്ള ക്രിസ്തീയ ദൗത്യത്തെപ്പററിയും സഭക്ക് വിചാരമുണ്ട്. മാതാവും ഗുരുനാഥയുമായ സഭ തൊഴിലാളികളുടെ ഭാഗത്താണു നിലകൊള്ളുന്നത്.

രാഷ്ട്രങ്ങളുടെ ഭരണസാരഥ്യം വഹിക്കുന്ന നേതാക്കന്മാരിലേക്കും സഭയുടെ ദൃഷ്ടിതിരിഞ്ഞിരിക്കുന്നു. ഇതിനു മുമ്പ് പലപ്പോഴും ശക്തിയേറിയവാക്കുകളിൽ സഭ അവർക്ക് താക്കീതുകൾ നൽകിട്ടുണ്ടെങ്കിൽ ഇപ്പോഴാകട്ടെ വിശ്വാസത്തിൻെറയും പ്രോത്സാഹനത്തിൻെറയും മധുരവചസ്സുകളാണ് സഭക്ക് നൽകുവാനുള്ളത്. രാഷ്ട്രങ്ങളുടെ നേതാക്കന്മാരെ, നിങ്ങൾ ധൈര്യമുള്ളവരായിരിക്കുവിൻ ക്രമപാലനം, തൊഴിൽ, വിദ്യാഭ്യാസം, ഭക്ഷണംതുടങ്ങിയ ജീവസന്ധാരണത്തിനാവശ്യമായ പലതും ഇന്ന് നിങ്ങളുടെ ജനസഞ്ചയത്തിന് നൽകുവാൻ നിങ്ങൾക്ക് കഴിയും. യോജിപ്പിൽ കഴിയുന്നതിനു അവക്ക് സ്വാതന്ത്ര്യത്തിൻെറ പൗരത്വം നൽകുവാനും നിങ്ങൾക്കു കഴിയും. എന്നാൽ നിങ്ങൾ മനസ്സിലാക്കിയിരിക്കേണ്ട ഒന്നാണ് മനുഷ്യൻ എന്താണെന്നുള്ളത്. മനുഷ്യനെപ്പററി സുവ്യക്തമായ അറിവ് ക്രിസ്തീയവീക്ഷണത്തിനു മാത്രമേ നൽകുവാൻ സാധിക്കൂ. നീതിയിലും സ്നേഹത്തിലും ഏകോപിച്ചു പ്രവർത്തിച്ചാൽ നിങ്ങൾക്ക് ഭൂമുഖത്തു സമാധാനം സൃഷ്ടിക്കുവാൻ സാധിക്കും. സമാധാനം, അതെ, അതാണ് എല്ലാമനുഷ്യരും ആഗ്രഹിക്കുന്നതും സഭ അതീവ ബുദ്ധിമുട്ടുകൾ സഹിച്ച് സംരക്ഷിക്കുന്നതും പരിപോഷിപ്പിക്കുന്നതുമായ ഒരു സുപ്രധാനകാര്യം. എല്ലാ ജനപദങ്ങളേയും ജാതിവ്യത്യാസങ്ങളേയുംഒരേയൊരു കുടുംബത്തിൽ അംഗങ്ങളാക്കി നിങ്ങൾക്ക് ഒരു നഗരം പണിയുവാൻ സാധിക്കും. ദൈവം നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ!

അടുത്തതായി ക്രിസ്തീയമായ ചക്രവാളത്തിനപ്പുറത്തേക്കാണ് സഭ കണ്ണെറിയുന്നത്. കാരണം അവളുടെ സ്നേഹത്തിന് സീമ വല്ലുവാൻ അവൾക്കു സാദ്ധ്യമല്ല. എല്ലാമനുഷ്യരിലും തുല്യമായി തൻെറ കൃപാവർഷം ചൊരിയുന്ന പിതാവായ ദൈവത്തിൻെറ(മത്താ. 5:46) അതിരററ സ്നേഹം ഒന്നാകെ സഭക്ക് കൈയടക്കിവയ്ക്കുവാൻ സാധ്യമേയല്ല. മാത്രമോ, തൻെറ ഏകജാതനെ നൽകുവാൻ തക്കവിധം ദൈവം ലോകത്തെ എമ്മാത്രം സ്നേഹിച്ചുവെന്നോ? (യോഹ. 3:16)

മററു മതങ്ങളിലേക്ക് പരമോന്നതനും, അപരിമേയനും, സ്രഷ്ടാവും, പരിരക്ഷകനുമായ ദൈവത്തെപ്പററിയുള്ള അറിവു പുലർത്തുന്ന മററുമതങ്ങളിലേക്ക് സഭയുടെ ദൃഷ്ടികൾ തിരിഞ്ഞിരിക്കുന്നു.ഈ മത

ങ്ങൾ യഥാർത്ഥഭക്തിപ്രകടനങ്ങളാൽ ഏകദൈവത്തെ ആരാധിക്കുകയും തങ്ങളുടെ വിശ്വാസത്തിലും, മതാനുഷ്ഠാനങ്ങളിലും, തങ്ങളുടെ സാന്മാർഗ്ഗികവും സാമൂഹ്യവുമായ ജീവിതത്തിന്ന് അസ്ഥിവാരമിടുകയും ചെയ്യുന്നവയാണല്ലോ?. ചില തിന്മകളും പോരായ്മകളും കുറവുകളും ഈ മതങ്ങളിൽ കാണുന്നുണ്ടെന്നുള്ളത് വാസ്തവമാണ്. അതിൽ കത്തോലിക്കാസഭ വ്യഥ അനുഭവിക്കുകയും, ചെയ്യുന്നു. എന്നിരുന്നാലും സഭക്ക് അവരെ മറക്കുക സാദ്ധ്യമല്ല; ഈ മതങ്ങൾ ഉൾക്കൊള്ളുന്ന മനുഷ്യത്വത്തിൻേറയുംനന്മയുടേയും സത്യത്തിൻേറയും പ്രകാശനങ്ങളെ കത്തോലിക്കാസഭ വിലമതിക്കുന്നുവെന്ന് ഇതരമതസ്ഥർഅറിയണമെന്നുകൂടി സഭ ആഗ്രഹിക്കുകയാണ്. കാരണം ദൈവാരാധനയേയും മതത്തേയും പരിരക്ഷിക്കുകയെന്നത് യഥാർത്ഥ നാഗരികതയുടെ അവശ്യധർമ്മമെന്നു കരുതി, ഇന്നത്തെ മനുഷ്യസമുദായത്തിൽ അതിനായി പരിശ്രമിക്കുന്നവരുടെ മുൻപന്തിയിൽ തന്നെ കത്തോലിക്കാസഭ നിലകൊള്ളുന്നു. അവളാണ് മനുഷ്യരുടെമേലുള്ള ദൈവത്തിൻെറ അവകാശങ്ങളുടെ ഏററവും വലിയ കാവൽക്കാരി.

ഇനിയും സഭയ്ക്ക് ഗോചരീഭവിച്ചിരിക്കുന്നത് മനുഷ്യരാശിയുടെ ഇതരവിഭാഗങ്ങളാണ്. ജീവിതായോധനത്തിനും സ്വയം പ്രകാശനത്തിനുമായി അഹമഹമികയാ മുന്നോട്ടുവരുന്ന യുവാക്കളുടെ പുതിയ തലമുറകൾ; രാഷ്ട്രീയമായി സംഘടിക്കുന്നതിനും, സ്വാതന്ത്ര്യപ്രാപ്തിക്കുമായി ഉണർന്നുവരുന്ന പുതിയ ജനപദങ്ങൾ; അദ്ധ്യാത്മികതക്ക് അത്രയൊന്നും പ്രചോദനം കിട്ടാതെ കലങ്ങിമറിഞ്ഞ ചില സാമൂഹ്യവ്യവസ്ഥിതിയിൽ വേർതിരിക്കപ്പെട്ടവരായി കഴിയുന്ന സ്ത്രീപുരുഷസഞ്ചയം എന്നിങ്ങനെയുള്ളവരെല്ലാമാണ് ഈ വിഭാഗത്തിൽ പെടുക. ആരെയും ഒഴിവാക്കാതെ ഇവക്കെല്ലാം സഭ രക്ഷയുടേയും പ്രതീക്ഷയുടേയും സദ്‌വാർത്ത അറിയിക്കുന്നു. ഇവക്കെല്ലാം സത്യത്തിൻേറയും, ജീവൻേറയും മുക്തിയുടേയും പ്രകാശം സഭ അരുളുന്നു. എന്തെന്നാൽ, ''എല്ലാ മനുഷ്യരും രക്ഷപ്രാപിക്കണമെന്നും, സത്യത്തിൻെറ വെളിവിലേക്ക് ആനീതരാകണമെന്നും ദൈവം ആഗ്രഹിക്കുന്നു.'' (1തിമോ. 2:4)

2 എമിൽ ജോസഫ് ഡി സ്മെഡ്ററ്
ബ്രൂഗസിൻെറ മെത്രാൻ
ബെൽജിയം.

## മതസ്വാതന്ത്ര്യം

മതസ്വാതന്ത്ര്യത്തിനുള്ള മനുഷ്യൻെറ മൗലികാവകാശത്തെ വ്യക്തമായി വിശദീകരിക്കണമെന്ന് ഈ കൗൺസിലിലെ പല പിതാക്കന്മാരും തുടർച്ചയായി ആവശ്യപ്പെട്ടിട്ടുണ്ട്. അവർ ഉന്നയിച്ച ന്യായങ്ങളിൽ നാലെണ്ണം പ്രാധാന്യം അർഹിക്കുന്നവ തന്നെ.

1. സത്യം. മതസ്വാതന്ത്ര്യത്തിൻെറ മൗലികാവകാശത്തെ തിരുസഭ സ്ഥാപിക്കുകയും പഠിപ്പിക്കുകയും ചെയ്യേണ്ടതാണ്. കാരണം ഇതിൽ സത്യത്തിൻെറ ഒരു പ്രശ്നവും കൂടി ഉൾപ്പെടുന്നുണ്ട്; സത്യത്തിൻെറ സംരക്ഷണം മിശിഹാ സഭയെ ഏല്പിച്ചിട്ടുള്ളതുമാണല്ലോ.

2. പ്രതിരോധം. നാനാതരത്തിലുള്ള നിരീശ്വര ഭൗതികവാദങ്ങളുടെ വേലിയേററത്തിൽ മനുഷ്യരാശിയുടെ ഏതാണ്ട് പകുതി ഭാഗത്തിന് മതസ്വാതന്ത്ര്യം നഷ്ടപ്പെട്ടിരിക്കുന്ന ഈയവസരത്തിൽ തിരുസഭയ്ക്ക് കൈയ്യും കെട്ടിയിരിക്കുവാൻ സാദ്ധ്യമല്ല.

3 സമാധാനമുള്ള സാമൂഹികജീവിതം. ഇന്ന് ലോകത്തിലെ എല്ലാ രാജ്യങ്ങളിലുമുണ്ട് മതവിശ്വാസികളും, ഒരു മതത്തിലും വിശ്വസിക്കാത്തവരും. ഇവരെല്ലാവരും കൂടി ഒരു സമൂഹമായി ജീവിക്കേണ്ടവരാണ്. ഇത്തരുണത്തിൽ എങ്ങനെയാണ് സമാധാനപൂർവ്വം സൊരുമിച്ചു ജീവിക്കേണ്ടതെന്ന്, സത്യത്തിൻെറ വെളിച്ചത്തിൽ ചൂണ്ടിക്കാണിക്കേണ്ടതു സഭയാണ്.

4. എക്യുമേനിസം (സാർവ്വത്രികത്വം). കത്തോലിക്കാസഭയ്ക്കെതിരായി പല അകത്തോലിക്കരും അസംതൃപ്തി പ്രകടിപ്പിക്കുന്നുണ്ട്. അവരുടെ ദൃഷ്ടിയിൽ മതസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള സഭയുടെ നിലപാട് ഒരുതരം "മക്കിവെല്ലിയൻ" സിദ്ധാന്തമനുസരിച്ചാണെന്നാണ്. കാരണം കത്തോലിക്കർ ന്യൂനപക്ഷമായിരിക്കുന്ന

ഒരു രാഷ്ട്രത്തിൽ മതാനുഷ്ഠാനങ്ങൾക്കുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി അവർ തീവ്രമായി വാദിക്കുന്നു; എന്നാൽ അവർ ഭൂരിപക്ഷമായിരിക്കുന്നിടത്തു് ഈ അവകാശം ഇതരക്കു നിഷേധിക്കുകയും ചെയ്യുന്നു. മതസ്വാതന്ത്ര്യം ഇന്നു വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നുതന്നെയാണു്. അതിനാൽ എക്യുമേനിസത്തെ പരാമർശിച്ചുള്ളതും അജപാലനത്തോടു ബന്ധപ്പെട്ടതുമായ ഒരു ഡിക്രിയിൽ ഈ വിഷയം വിട്ടുകളയുവാൻ സാദ്ധ്യമല്ല. അതുകൊണ്ടു് ഈ നക്കൽ ഡിക്രിയിൽ എക്യുമേനിസത്തെ പററി ചർച്ച ചെയ്തിരിക്കുന്ന ഈ അഞ്ചാം അദ്ധ്യായം നിങ്ങളുടെ മുമ്പിൽ ഞങ്ങൾ അവതരിപ്പിക്കുകയാണു്. ഈ വിഷയം തയ്യാറാക്കുന്നതിൽ, ക്രൈസ്തവൈക്യത്തിനുള്ള സെക്രട്ടറിയേററു് സസൂക്ഷ്മം സകല ശ്രദ്ധയും ചെലുത്തിയിട്ടുണ്ടു്.

ആധുനിക കാലത്തു് അതിപ്രധാനവും അതേസമയം ദുഷ്കരവുമായ ഒരു വിഷയമാണു് നമ്മൾ ഇപ്പോൾ ചർച്ചചെയ്യുന്നതു്. അതുകൊണ്ടു് ഈ സ്കേമയിൽ എന്തെങ്കിലും തെററുകൾ ഉണ്ടെങ്കിൽ തിരുത്തുവാനും, കുറവുകൾ ഉള്ളതു പരിഹരിക്കുവാനും നിങ്ങളുടെ ശ്രദ്ധയും അജപാലനത്തിനടുത്ത പരിഗണനയും ഉണ്ടാകുമെന്നു് ഇതിൻെറ സംവിധായകർ പ്രത്യാശിക്കുന്നു.

''മതസ്വാതന്ത്ര്യം'' എന്ന പദം വളരെ നിഷ്കൃഷ്ടമായ അർത്ഥത്തിലാണു് ഈ സ്കേമയിൽ ഉപയോഗിച്ചിരിക്കുന്നതു്. ഈ അർത്ഥത്തിൽ നിന്നും വ്യതിചലിക്കുന്ന ഏതെങ്കിലും അർത്ഥം ഈ പദത്തിനു് ചർച്ചാവേളയിൽ നൽകിയാൽ അതു് സാരമായ തെററിദ്ധാരണകൾക്കു വഴിതെളിക്കുന്നതാണു്. മതസ്വാതന്ത്ര്യമെന്ന തത്വത്തെ സ്ഥാപിക്കുന്നതിൽ നിന്നും മനസ്സിലാക്കേണ്ടതില്ല, സകല ധാർമ്മികനിബന്ധനകളെയും അതിക്രമിച്ചുകൊണ്ടു് ഏതു മനുഷ്യനും സ്വന്ത തോന്നലനുസരിച്ചു് മതത്തിൻെറ കാര്യം പരിഗണിക്കാമെന്നും, മതം അവലംബിക്കണമോ വേണ്ടയോയെന്ന കാര്യം സ്വകാര്യമായി തീരുമാനിക്കാമെന്നും. ഇതു് മതത്തിനെതിരായ നിഷ്പക്ഷതയായിരിക്കും (Religious Indifferentism).

അതുപോലെതന്നെ ഇവിടെ ഉദ്ദേശിക്കാത്ത ഒന്നാണു് മനുഷ്യൻെറ മനസ്സാക്ഷി യാതൊരു നിയമത്തിനും വിധേയമല്ലാത്ത വിധം സ്വതന്ത്രമാണെന്നും, ദൈവവുമായി യാതൊരു കടപ്പാടുമില്ലെന്നും വാദിക്കുന്നവരുടെ ആശയം. ഇതാണു് ''ലൗകായതികത്വം'' (Laicism) എന്നറിയപ്പെടുന്നതു്.

അങ്ങനെതന്നെ, സത്യത്തിനു് യഥാതഥം വാസ്തവികതയുള്ള യാതൊരു അളവുകോലുമില്ലെന്നു വാദിക്കത്തക്കവിധം അസത്യത്തേയും സത്യത്തിനു സമാന്തരമായി കരുതണമെന്നും ഇവിടെ ഉദ്ദേശിച്ചിട്ടില്ല. അതു് തത്വത്തെ ബലികഴിക്കുന്ന സാപേക്ഷികവാദമാണു് (Doctrinal Relativism). അവസാനമായി, തീർച്ചയില്ലാത്ത ഒരു സാഹചര്യത്തിൽ ഒരുവനു് തോന്നുന്നവിധത്തിൽ ഒരു

തരം സമാധാനസംതൃപ്തിയുമായി കഴിഞ്ഞുകൂടുവാനുള്ള അനുമതിയും ഇവിടെ വീക്ഷിക്കുന്നില്ല.

മേൽപറഞ്ഞവയിൽനിന്നു് ഏതെങ്കിലും ഒരർത്ഥം "മതസ്വാതന്ത്ര്യം'' എന്ന പദത്തിനു നൽകുവാൻ തത്രപ്പെട്ടാൽ അതു് ആ പദത്തിനു് ചേരുന്നതോ, ഞങ്ങളുടെ ഉദ്ദേശത്തിനു യോജിച്ചതോ ആയിരിക്കുകയില്ല.

മതസ്വാതന്ത്ര്യം എന്ന പദംകൊണ്ടു് എന്താണു് അർത്ഥമാക്കുന്നതു്? അതിൻെറ ആശയം ഇതാണു്: ഒരുവനു് അയാളുടെ മനസ്സാക്ഷിയുടെ വിധിതീർപ്പുകൾക്കനുസൃതമായ മതാനുഷ്ഠാനം നടത്തുവാനുള്ള അവകാശം കൊടുക്കുക; മററു വിധത്തിൽ പറഞ്ഞാൽ, മനുഷ്യൻെറ മനസ്സാക്ഷി അനുശാസിക്കുന്ന വിധത്തിലുള്ള ഒരുവൻെറ വ്യക്തിപരമായ ദൈവികബന്ധം എല്ലാ ബാഹ്യസമ്മർദ്ദങ്ങളിൽ നിന്നും വിമുക്തമായിരിക്കുവാൻ അനുവദിക്കുകയെന്നതാണു്.

മതത്തിൻെറ കാര്യത്തിൽ, പുറമേനിന്നുള്ള സമ്മർദ്ദങ്ങൾക്കതീതമായ സ്വയം നിയന്ത്രണാവകാശമാണു് മതസ്വാതന്ത്ര്യം കൊണ്ടുദ്ദേശിക്കുന്നതു്. മതകാര്യങ്ങളെപ്പററിയുള്ള ഒരുവൻെറ ആന്തരികനിബന്ധനകളിൽ നിന്നു് അയാൾ ഒഴിവാക്കപ്പെടുക സാദ്ധ്യമല്ല. എന്നാൽ ഒരുവൻെറ മനസ്സാക്ഷിയെ അനുസരിക്കുന്നതിൽ ബാഹ്യശക്തികൾ തടസ്സം ചെയ്യുമ്പോൾ തീർച്ചയായും അയാളുടെ മതസ്വാതന്ത്ര്യം ഭഞ്ജിക്കപ്പെടുകയാണു ചെയ്യുന്നതു്.

ഈ വിഷയം സംബന്ധിച്ചു് ഇപ്പോൾ രണ്ടു ചോദ്യങ്ങളാണു് പൊന്തിവരുന്നതു്. (1) മതസ്വാതന്ത്ര്യം ദൈവം നൽകിയ ഒരു പരിശുദ്ധാവകാശമായി ഓരോ മനുഷ്യനും സ്വയം കരുതാമോ? (2) മേൽപറഞ്ഞ സ്വാതന്ത്ര്യം എന്തുമാത്രം വകവെച്ചുകൊടുക്കുവാൻ മററുള്ളവർക്കു് കടമയുണ്ടു്?

അപ്പസ്തോലികമായ ഉദ്ദേശത്തെ മുൻനിർത്തിയുള്ളതാണല്ലോ നമ്മുടെ ഈ ഡിക്രി. അതിനാൽ ഈ വിഷയത്തെ ഒരു പ്രായോഗികവീക്ഷണത്തിലൂടെയാണു് സമീപിക്കുവാൻശ്രമിക്കുന്നതു്. കൂടാതെ, 23–ാം യോഹന്നാൻപാപ്പായുടെ മാതൃകയെ പിൻചെന്നുകൊണ്ടു്, 19–ാം നൂററാണ്ടിൻെറ പ്രത്യേകതയായിരുന്ന യുക്തികളുടേയും തത്വങ്ങളുടേയും കേവലലോകത്തു നിന്നും ഈ വിഷയത്തെ അകററിനിറുത്തുവാനും പരിശ്രമിക്കുന്നതാണു്. അങ്ങനെ നമ്മുടെ സമകാലികലോകത്തിലെ മനുഷ്യസമുദായത്തിൽ രാഷ്ട്രീയസാമൂഹികബന്ധങ്ങളിൽ മററുള്ളവരുമായി വേഴ്ചയിൽ ഉൾപ്പെട്ടു് യാഥാർത്ഥ്യങ്ങളുമായി ഏററുമുട്ടുന്ന ഒരു മനുഷ്യനെ സ്പർശിക്കുന്ന രീതിയിലാണു് ഈ പ്രശ്നം ഇവിടെ അവതരിപ്പിക്കുന്നതു്.

## I

ഈ കൗൺസിലിൽ ചർച്ചചെയ്യപ്പെടേണ്ട അപ്പസ്തോലികപ്രാധാന്യമുള്ള ആദ്യത്തെ പ്രശ്നം ഇതായിരിക്കട്ടെ; കത്തോലിക്കർ തങ്ങ

ളുടെ വിശ്വാസത്തെ മുൻനിറുത്തി, അകത്തോലിക്കരോട് എങ്ങനെ പെരുമാറണം? നിങ്ങളുടെ പരിചിന്തനത്തിനായി ചില നിഗമനങ്ങൾ ചുവടേ ചേർക്കുന്നു.

(1) തിരുസ്സഭയുടെ ജീവിതത്തിലേയ്ക്കും സുവിശേഷപ്രകാശത്തിൻെറ സൗഭാഗ്യത്തിലേയ്ക്കും അകത്തോലിക്കാസഹോദരരെ അടുപ്പിക്കുവാൻ എല്ലാ കത്തോലിക്കരേയും മിശിഹാ ക്ഷണിച്ചിട്ടുണ്ട്. പ്രാർത്ഥനകൊണ്ടും, പ്രായശ്ചിത്തം കൊണ്ടും സത്യത്തിനു സാക്ഷ്യം വഹിച്ചുകൊണ്ടു്, പരിശുദ്ധാത്മാവിൻെറ സഹായത്താൽ സുവിശേഷമറിയിച്ചുകൊണ്ടു് ഇതിനായി എല്ലാ കത്തോലിക്കരും പ്രയത്നിക്കണം. പരിശുദ്ധവും സനാതനവുമായ ദൈവികസത്യത്തേയും, അതുപോലെതന്നെ സുവിശേഷസത്യങ്ങളേയും, സ്വാഭാവികസത്യങ്ങളേയും അവർ എല്ലായിടത്തും എല്ലായ്പ്പോഴും വിലമതിക്കുകയും അനുസരിക്കുകയും വേണം.

(2) എല്ലാ നിർബന്ധിത നടപടികളും കത്തോലിക്കർ കൈവെടിയണം. ദൈവത്തിൻെറ തിരുമനസ്സ് എല്ലാ മനുഷ്യരും രക്ഷപെടണമെന്നും സത്യത്തിൻെറ വെളിവിലേയ്ക്കു് ആനീതരാകണമെന്നുമാണെങ്കിലും മിശിഹായുടെ ശിഷ്യർ ഒരിക്കലും ഒരു വ്യക്തിയുടെ മതസ്വാതന്ത്ര്യത്തെ ഹനിക്കരുതു്. മറിച്ച് തൻെറ മനസ്സാക്ഷിയുടെ പ്രേരണയനുസരിക്കുമ്പോൾ, ഒരു അകത്തോലിക്കൻ തന്നെ സംബന്ധിച്ചിടത്തോളം ''നല്ല വിശ്വാസത്തിൽ'' തെററിലാണെന്നിരുന്നാലും, മനസ്സാക്ഷിയുടെ വിധിതീർപ്പനുസരിച്ചുള്ള മതം അനുസരിക്കുന്നതിനുള്ള അകത്തോലിക്കൻെറ സ്വാതന്ത്ര്യത്തേയും അവകാശത്തേയും, കടമയേയും കത്തോലിക്കർ വിലമതിക്കുകതന്നെ വേണം.

ഒരുവൻെറ മനസ്സാക്ഷിക്കെതിരായി അയാളെ കത്തോലിക്കാവിശ്വാസം അനുസരിപ്പിക്കുന്നതിനു് യാതൊരു കത്തോലിക്കനും തുനിയരുതു് എന്നു പറയുന്നതിൽ വിശ്വാസത്തിൻെറ വെളിച്ചത്തിലുള്ള ന്യായം എന്താണു്? ഇതിനുള്ള ന്യായം വിശ്വസപ്രകടനമെന്ന പ്രവൃത്തിയുടെ സ്വഭാവത്തിൽത്തന്നെ അടങ്ങിയിരിക്കുന്നു. ദൈവിക കാഴ്ചപ്പാടിൽ നോക്കിയാൽ വിശ്വാസം എന്നതു് ഒരു അതിസ്വാഭാവിക ദാനമാണു്. അതു പരിശുദ്ധാത്മപി ഒരുവനു നൽകുന്നതു് തീർത്തും സ്വതന്ത്രമായ രീതിയിലും, അവിടുന്നു മനസ്സാകുമ്പോഴുമാണു്. മനുഷ്യൻെറ ഭാഗത്തുനിന്നുമാകട്ടെ അതു് ദൈവത്തോടുള്ള സ്വതന്ത്രമായ ഒരു സമ്മതമാണു്.

(3) നമ്മുടെ കർത്താവിൻെറ കല്പനയനുസരിച്ച് എല്ലാ കത്തോലിക്കരും, ആത്മാർത്ഥവും ക്രിയാത്മകവുമായ ഉപവിയോടുകൂടി അകത്തോലിക്കാ സഹോദരരെ സ്നേഹിക്കുവാനും, സഹായിക്കുവാനും കടപ്പെട്ടവരുമാണു്.

## II

ഒരു പടി കൂടി കടന്നു് ഈ സ്കീമായിൽ ഉദ്ദേശിച്ചിരിക്കുന്ന കാര്യമിതാണു്. മതകാര്യങ്ങളിൽ മനസ്സാക്ഷിയുടെ വിധിതീർപ്പനുസരിക്കുന്ന മനുഷ്യനു് സ്വാഭാവികനിയമത്തിൻെറ പേരിൽതന്നെ മതസ്വാതന്ത്ര്യത്തിനുള്ള കടമയുണ്ടു്. ഇതു് മാനവകുലത്തിൻെറ കാര്യത്തിലും, എല്ലാ മതാത്മകസമൂഹത്തിൻെറ കാര്യത്തിലും, ഓരോ വ്യക്തിയുടെ കാര്യത്തിലും വാസ്തവമാണു്. ഇവിടെ ഒരുവൻെറ മനസ്സാക്ഷി, വിശ്വാസത്തെ സംബന്ധിച്ചിടത്തോളം തീർത്തും ശരിയൊ തെറേറാ ആയിക്കൊള്ളട്ടെ, അതു് അത്ര കാര്യപ്പെട്ടതല്ല. കാര്യമായിട്ടുള്ളതു് ഇതാണു്, അയാൾ അയാളുടെ മനഃസാക്ഷിയെ ആത്മാത്ഥമായി അനുസരിക്കുന്നുണ്ടോയെന്നു മാത്രം. അതുകൊണ്ടു് ഒരു പൊതുതത്വം പറഞ്ഞാൽ, യാതൊരു മനുഷ്യനും നിർബന്ധിതമാനസാന്തരത്തിനോ, അസഹിഷ്ണുതയ്ക്കോ വിധേയമാക്കപ്പെടരുതു്.

എന്തുകൊണ്ടാണു് എല്ലാവരുടേയും മതസ്വാതന്ത്ര്യം സംരക്ഷിക്കപ്പെടണം എന്നു പറയുന്നതു്? ഇതാണു കാരണം: സ്വതന്ത്രവും, ബുദ്ധിപൂർവ്വകവുമായ പ്രവൎത്തനശക്തികളുള്ളവനാണു് മനുഷ്യൻ; ദൈവത്തിൻെറ ഇഷ്ടം നിറവേററുന്നതിനു് അവൻെറ മനസ്സാക്ഷിയിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന ദൈവികനിയമത്തെപ്പററി ബോധവാനാകുക ആവശ്യവുമാണു്. അതുകൊണ്ടു് അവൻെറ പരമാന്ത്യം പ്രാപിക്കുവാൻ ഏകമാർഗ്ഗം അവൻെറ മനസ്സാക്ഷിയിൽ വിവേകപൂർവ്വകമായ വിധി തീർപ്പു നടത്തി അതിനെ പ്രാവൎത്തികമാക്കുകമാത്രമാണു്.

ദൈവത്തിൻെറ അവകാശങ്ങളുടെ നിരപേക്ഷിതങ്ങളായ കല്പനകളെ അനുസരിക്കുന്നതിനുവേണ്ടിയാണല്ലോ മനസ്സാക്ഷിയിൽ മനുഷ്യൻ വിധിതീർപ്പു നടത്തേണ്ടിവരുന്നതു്. ഇക്കാര്യത്തിൽ വിഷയത്തിൻെറ സ്വഭാവത്താൽ തന്നെ സ്പഷ്ടമാണു് മനസ്സാക്ഷിയുടെ സ്വാതന്ത്രമായ തീരുമാനത്തിനു പകരം നില്ക്കുവാൻ ഏതെങ്കിലും ഒരു വ്യക്തിക്കോ, അഥവാ ഒരു മാനുഷികസ്ഥാപനത്തിനുതന്നെയോ സാദ്ധ്യമല്ലായെന്നുള്ളതു്. അതുകൊണ്ടു് ഒരുവൻ അയാളുടെ മനസ്സാക്ഷിയെ വിശ്വസ്തതാപൂർവ്വം അനുസരിക്കുമ്പോൾ ദൈവത്തെതന്നെ അനുസരിക്കുന്നതിനാണു മനസ്സാകുന്നതു്. ചിലപ്പോൾ വ്യക്തമായി അറിയാതെയും, തെളിമയില്ലാതെയുമിരുന്നാലും, ഈ മനസ്സാക്ഷിയനുസരണം വിലമതിക്കപ്പെടേണ്ടതുതന്നെ.

മതസ്വാതന്ത്ര്യം ഹനിക്കപ്പെടുമ്പോൾ മനുഷ്യൻെറ സ്വാതന്ത്ര്യംതന്നെയാണു് ധ്വംസിക്കപ്പെടുക. കാരണം, അവൻെറ ഏററവും സമുന്നതമായ ലക്ഷ്യം ദൈവമാണു്. ആ ലക്ഷ്യത്തിലേയ്ക്കുള്ള സ്വാതന്ത്രമായ നീക്കത്തെ, മനുഷ്യൻെറ മൗലികമായ അവകാശത്തെ, അതിപ്രധാനമായ കാര്യത്തെ തന്നെ ചോദ്യംചെയ്യുകയാണു് മതസ്വാ

തന്ത്ര്യത്തെ ഹനിക്കുമ്പോൾ സംഭവിക്കുന്നതു്. അതുകൊണ്ടു് ഒരുവന്റെ മനസ്സാക്ഷിയനുസരിച്ചുള്ള ദൈവാരാധനയെ തടയുകയെന്നതു ഏററവും വലിയ അനീതിയുമാണു്.

## III

ഇനിയും ഒരു പടികൂടി കയറി ഈ സ്കീമാ ഏററവും ദുഷ്കരമായ ഒരു പ്രശ്നത്തിലേയ്ക്കു കടക്കുകയാണു്. മതസ്വാതന്ത്ര്യം നിഷ്ഫലവും അർത്ഥശൂന്യവുമായേക്കാവുന്ന ഒന്നാണു്, മനസ്സാക്ഷിയുടെ തീരുമാനമനുസരിച്ചുള്ള ബാഹ്യമായ ആരാധനപ്രകടനങ്ങൾക്കുള്ള മനുഷ്യന്റെ സാദ്ധ്യതകൾ വ്യക്തിപരമായ ജീവിതത്തിലായാലും, സാമൂഹികജീവിതത്തിലായാലും, പൊതുജീവിതത്തിലായാലും തടയപ്പെടുന്നതു്. അതുപോലെതന്നെ പൊതുവും സാമൂഹികവുമായ പ്രകടനങ്ങൾ പരമോന്നത ദൈവത്തെ ആരാധിക്കുവാനും, അങ്ങനെ ഒരു ധാർമ്മികജീവിതം നയിക്കുന്നതിനും, മനുഷ്യക്കു് മതസംഘടനകൾ കൂടുവാൻ ആവശ്യമുണ്ടെങ്കിൽ അതിൽനിന്നും അവരെ തടയുന്നതും മതസ്വാതന്ത്ര്യത്തിനു കോട്ടംതട്ടുന്നതാണു്.

ഇവിടെ തീർച്ചയായും വളരെ ദുഷ്കരമായ ഒരു പ്രശ്നം ഉദിക്കുന്നുണ്ടു്, അതായതു് ഒരുവൻ അയാളുടെ മനസാക്ഷിയനുസരിച്ചുള്ള ബാഹ്യാരാധനാപ്രകടനങ്ങൾ നടത്തുമ്പോൾ അതു് മറെറാരുവന്റെ അഥവാ ഇതരരുടെ അവകാശങ്ങളേയും കടമകളേയും അപകടത്തിലാക്കിയേക്കാമെന്നുള്ളതു്. മനുഷ്യൻ ഒരു സാമൂഹികജീവിയായതിനാലും, മനുഷ്യസമുദായത്തിൽ തെററുകളും തിന്മകളും ഉണ്ടാകാവുന്നതുകൊണ്ടും, ഓരോരുത്തരുടേയും കടമകളിൽനിന്നും അവകാശങ്ങളിൽ നിന്നുമുള്ള ഏററമുട്ടലുകൾ തീർത്തും ഒഴിവാക്കുക സാധ്യമല്ല. ഇതിൽനിന്നും ഒരുകാര്യം വ്യക്തമായി. മനസാക്ഷിയുടെ വിധി തീർപ്പിനെ ബാഹ്യമായി പ്രകടിപ്പിക്കുവാനുള്ള അവകാശവും കടമയും സീമയററവയല്ല. അവ പൊതുനന്മയെ പരിഗണിച്ചു് മിതപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യാവുന്നതാണു്, എന്നല്ല ചിലപ്പോൾ അങ്ങിനെ ചെയ്യേണ്ടതുമാണു്.

പൊതുഗുണത്തിനായുള്ള ഈ ക്രമീകരണം സമുദായത്തിൽ നിയമസാധുത്വമുള്ളതാക്കിത്തീർക്കണം. എന്നാൽ ഇതു് രാഷ്ട്രീയാധികാരത്തിന്റെ പരിധിയിൽപെടുന്നതാണു്. ''ഭൂമിയിൽ സമാധാന'' മെന്ന വിശ്വലേഖനത്തിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, ''രാഷ്ട്രീയാധികാരികളുടെ അടിസ്ഥാനപരമായ കടമകളിൽ ഒന്നു് സാമൂഹികബന്ധങ്ങളുടെ ക്രമവൽകരണമാണു്. മററുള്ളവരുടെ അവകാശത്തെ ധ്വംസിക്കാത്തവിധത്തിലും കടമനിർവ്വഹണത്തിനുവിലങ്ങുതടിയാകാത്തവിധത്തിലും മനുഷ്യസമുദായത്തിൽ ഓരോരുത്തരുടേയും അവകാശങ്ങളുടെ പ്രകടനങ്ങളെ നിയന്ത്രിക്കേണ്ടതു രാഷ്ട്രത്തിന്റെ കടമയാണു്. അങ്ങനെ എല്ലാവരുടെയും അവകാശങ്ങളെ പൂ

ണ്ണമായി പരിരക്ഷിക്കുകയും ഏതെങ്കിലും വിധത്തിൽ ധ്വംസിക്കപ്പെട്ടാൽ അതു് പുനരുദ്ധരിക്കുകയുംവേണം.''

രാഷ്ട്രീയാധികാരികൾ ഈ കടമ എങ്ങനെ നിർവ്വഹിക്കും? പൊതുഗുണത്തിനായുള്ള ക്രമീകരണം നടത്തുമ്പോൾ ദൈവം സ്ഥാപിച്ചിരിക്കുന്ന നീതിയുടെ ക്രമീകരണത്തെ രാഷ്ട്രീയാധികാരികൾ മറികടക്കരുതു്. വി. തോമ്മാ മല്പാൻ പറയുന്നതുപോലെ ''മാനുഷികനിയമവും യഥാർത്ഥത്തിൽ നിയമം തന്നെയാണു്; എന്നാൽ എന്തുമാത്രം അതു സുബുദ്ധിക്കു യോജിക്കുന്നു എന്നതു് ഈ നിയമത്തിൻെറ ഒരു മാനദണ്ഡമാണു്. അതുകൊണ്ടു് ദൈവത്തിൻെറ സനാതന നിയമത്തിൽനിന്നുമാണു് അതുത്ഭവിക്കുന്നതെന്നതു സ്പഷ്ടമാണു്. അതുപോലെ, മാനുഷികനിയമം സുബുദ്ധിക്കു് എന്തുമാത്രം അനുയോജ്യമല്ലാതിരിക്കുന്നുവൊ, അത്രമാത്രം അതു നിയമാവഹേളനമാണു്, ഒരു തരം ''ദുഷ്ടശാസനവുമാണു്.'' അതുകൊണ്ടു് അതു് ഒരിക്കലും നിയമമാവില്ല; പ്രത്യുത ഒരുവക ബലപ്രയോഗമാണു്'' (Summa I-II, q 93 a. 3 adum)

മതസ്വാതന്ത്ര്യത്തെ കുരുതി കഴിച്ചുകൊണ്ടു ഇക്കാര്യത്തിൽ യാതൊരു സഹിഷ്ണുതയും കാണിക്കാതെ ഒട്ടുവളരെ രാഷ്ട്രങ്ങൾ ഇക്കാലങ്ങളിൽ പെരുമാറിയിട്ടുണ്ടു്. ഇതിൽ അടുത്ത കാലത്തുണ്ടായിട്ടുള്ള മാർപ്പാപ്പാമാർ അനുശോചിച്ചിട്ടുണ്ടു്. നമ്മുടെ കാലത്തുതന്നെ ചില രാഷ്ട്രങ്ങൾ മതപരമായ കാര്യങ്ങളിൽ തീർത്തും കുറച്ചു സഹിഷ്ണുതമാത്രംകാണിച്ചിട്ടുണ്ടു്. ഇതിനെപ്പററി 1963 സെപ്ററംബർ 29–നു് രണ്ടാംവത്തിക്കാനിലെ പിതാക്കന്മാരോടു സംസാരിക്കവേ ആറാം പൗലോസ് മാർപ്പാപ്പാ പറഞ്ഞതു് ശ്രദ്ധാർഹമാണു്. ചില രാജ്യങ്ങളിൽ മതസ്വാതന്ത്ര്യം, മനുഷ്യൻെറ ഇതര മൗലികാവകാശങ്ങളോടൊപ്പം ചവിട്ടി മെതിക്കപ്പെടുന്നു; രാഷ്ട്രീയവും, വർഗ്ഗീയവും, മതാത്മകവുമായ വിഷയങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾക്കെതിരായി ആശയമുള്ളവരോടു സഹിഷ്ണുത കാണിക്കുകയില്ലാത്ത മനുഷ്യർഅവരുടെ തത്വങ്ങൾകൊണ്ടും പ്രവൃത്തികൾകൊണ്ടും ഈ കടുംകൈ ചെയ്യുന്നു. ഇത്തരം കഠിനയാതനകൾ കാണുമ്പോൾ നമ്മുടെ ഹൃദയം എങ്ങനെ വേദനിക്കാതിരിക്കും? എങ്ങനെ സഹതപിക്കാതിരിക്കും? അഭിമാനത്തോടും സ്വാതന്ത്ര്യമായും തങ്ങളുടെ മതത്തെ അനുസരിക്കുവാൻ ആഗ്രഹിക്കുന്നവക്കെതിരായിട്ടുള്ള അതിക്രമങ്ങളുടെ കാഠിന്യം നമ്മേ സന്താപസാഗരത്തിലാഴ്ത്തുന്നു.

## IV

മതസ്വാതന്ത്ര്യത്തെപ്പററിയുള്ള സഭയുടെ പഠനം നന്നായി മനസ്സിലാക്കുവാനും, മതസ്വാതന്ത്ര്യത്തെ സംബന്ധിച്ചു രാഷ്ട്രീയാധികാരികൾക്കു് എമ്മാത്രം കടമയുണ്ടെന്നു് അറിഞ്ഞിരിക്കുവാനും ഉപകരിക്കുന്നതാണു്, ഈ തത്വത്തിൻെറ ചരിത്രപശ്ചാത്തലത്തിലേക്കു് ഒന്നു കണ്ണോടിക്കുന്നതു്. വന്ദ്യപിതാക്കന്മാരെ, നിങ്ങളുടെ ക്ഷ

മയെ ഞാൻ വേണ്ടതിലധികം പരീക്ഷിക്കുന്നുവെങ്കിൽ ക്ഷമിക്കണമെ. 'മതപരമായ കാര്യങ്ങളിൽ രാഷ്ട്രീയാധികാരത്തിനുള്ള കടമയെപററി 9–ാംപീയൂസിൻെറ കാലം തൊട്ടിങ്ങോട്ടുള്ള മാർപ്പാപ്പാമാർ എന്താണു പഠിപ്പിച്ചിട്ടുള്ളതെന്ന് ഞാൻ ചുരുക്കിപറയണമെന്നാണ്', ക്രൈസ്തവ ഐക്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സെക്രട്ടറിയേററിൻെറ അഭിപ്രായം. ഈ വിഷയത്തെപററിയുള്ള ചർച്ചയാരംഭിക്കുന്നതിനു മുമ്പ് ഇങ്ങനെ ഒരു വിവരണം തന്നാൽ പല തെററിധാരണകളും പ്രശ്നങ്ങളും നീങ്ങിപ്പോകുമെന്നാണ് ഈ സെക്രട്ടറിയേററിൻെറ ദൃഢമായ വിശ്വാസം.

മതസ്വാതന്ത്ര്യത്തെ സംബന്ധിക്കുന്ന അതിപ്രധാനമായ പ്രമാണരേഖ 23–ാം യോഹന്നാൻ പാപ്പായുടെ "ഭൂമിയിൽ സമാധാനമെ"ന്ന വിശ്വലേഖനമാണ്. ഈ ലേഖനത്തിൽ അവിടന്ന് ഈ പഠനത്തിൻെറ രണ്ടു വശങ്ങൾ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. (1) ഒരു വ്യക്തിക്ക് അയാളുടെ നിർമ്മലമായ മനസ്സാക്ഷിയുടെ വിധിയനുസരിച്ചുള്ള മതാനുഷ്ഠാനം സമുദായത്തിൽ നടത്തുവാൻ അയാൾക്ക് പ്രകൃതി നിയമമനുസരിച്ചുള്ള അവകാശമുണ്ട്. അയാളുടെ മനസ്സാക്ഷിയുടെ വിധി ശരിയായിരുന്നാലും അല്ലെങ്കിലും, അഥവാ, സത്യത്തെപററിയും, തിരുവസ്തുക്കളെപററിയും മതിയായ ജ്ഞാനമില്ലെങ്കിലും ഈ അവകാശം അയാൾക്കുണ്ട്. (2) ഈ അവകാശത്തോട് ഒത്തുപോകുന്ന മററൊരു കടമയുള്ളതു് ഇതരന്മാരിലും രാഷ്ട്രീയാധികാരികളിലുമാണ് നിക്ഷിപ്തമായിരിക്കുന്നതു്. മനുഷ്യവ്യക്തിയുടെ സ്വാതന്ത്ര്യത്തെ എല്ലാ സമ്മർദ്ദങ്ങളിൽനിന്നും, സംരക്ഷിക്കുവാനുള്ള ചുമതല കയ്യേൽക്കത്തക്കവിധം, വ്യക്തിയുടെ മതസ്വാതന്ത്ര്യത്തെ അംഗീകരിക്കുകയും, ബഹുമാനിക്കുകയും ചെയ്യുകയെന്നതാണ് ആ കടമ.

(Cfr. A. A. S. 55, 1963, P. 299; P. 264 & PP. 273–274).

സർവ്വോപരി ഈ വിഷയം, മനുഷ്യവ്യക്തിത്വത്തിൻെറ പഠനങ്ങളുടേയും, അവൻെറ സ്വാതന്ത്ര്യത്തെപററിയുള്ള സഭയുടെ ഔൽസുക്യത്തിൻേറയും, പരിണാമഗതിയിലുണ്ടായിട്ടുള്ള ഇതാനീന്തകാലത്തെ ഒരു കണ്ണിയാണിതു്. രണ്ടുനിയമങ്ങൾക്കനുസരണമായാണ് താത്വികമായ ഈ പരിണാമം സംഭവിച്ചിട്ടുള്ളതു്.

## (1) നിരന്തരം തുടരുന്നുവെന്ന നിയമം. (Law of continuity)

സഭയുടെ പഠനങ്ങളും ഔൽസുക്യവും സ്വയപ്പൊരുത്തമുള്ളതും മാററമില്ലാത്തതുമാണ്; അവ ശാശ്വതങ്ങളുമാണ്. ഈ സനാതന തത്വം യോഹന്നാൻ മാർപ്പാപ്പായുടെ വാക്കുകളിൽ ഇങ്ങനെ പ്രകാശിപ്പിക്കാം: "മനുഷ്യൻെറ വ്യക്തിമഹത്വം ആവശ്യപ്പെടുന്ന ഒന്നാണ് അവൻെറ പ്രവൃത്തികൾ എപ്പോഴും അവൻെറ സ്വാതന്ത്ര്യത്തിനും അഭിപ്രായത്തിനും അനുഗുണമായിരിക്കണമെന്നതു്". (ibid. P. 265)

മനുഷ്യൻ ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്ന വേദവാക്യത്തിലാണ് ഈ തത്വത്തിന്റെ അടിസ്ഥാനം കിടക്കുന്നത്. ഈ തത്വത്തിൽ നിന്നുതന്നെ, മനുഷ്യസ്വാതന്ത്ര്യത്തിനായുള്ള സഭയുടെ അപ്പസ്തോലികമായ തീക്ഷ്ണത മുളയെടുക്കുകയും ചെയ്യുന്നു.

## (2) പുരോഗതിയെന്ന നിയമം. (Law of Progress)

അതാതു കാലത്തു പൊട്ടിപ്പുറപ്പെടുന്ന തിന്മകൾക്കെതിരായും, മനുഷ്യരാശിയുടെ പുരോഗതിക്കനുസരണമാംവിധവും, തിരുസഭയുടെ അദ്ധ്യാപനാധികാരം ശരിയായ പഠനങ്ങൾ സ്വീകരിക്കുകയും വിശദീകരിക്കുകയും സ്ഥാപിക്കുകയും ചെയ്യുന്നു. ഈ പുരോഗതിയിലൂടെ തിരുസഭ തന്റെ പഠനങ്ങളിലേക്ക് കൂടുതൽകൂടുതൽ ചുഴിഞ്ഞിറങ്ങുകയും ഉപര്യുപരി വ്യക്തമായിമനസ്സിലാക്കുകയും ചെയ്യുന്നു.

ഇങ്ങനെ നോക്കുമ്പോൾ രണ്ടു തലങ്ങളിൽ വിവേചനത്തിന്റെ ഒരു വീക്ഷണം രൂപമെടുത്തിരിക്കുന്നതായി കാണാം. അതു് 23—ാം യോഹന്നാൻ പാപ്പാ തന്റെ "ഭൂമിയിൽ സമാധാന''മെന്ന വിശ്വലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ മററാരും അത്ര വിശകലനം ചെയ്തിട്ടില്ല. (1) ഒന്നാമത്തെ വിവേചനം തെററായ തത്വശാസ്ത്രങ്ങളും,അവയിൽനിന്നുൽഭൂതമാകുന്ന ഇതര സംരംഭങ്ങളും തമ്മിലുള്ളതാണ്. തെററായ ആശയാദർശങ്ങൾ നിഷിദ്ധങ്ങൾതന്നെ; സംശയമില്ല. എന്നാൽ അവയിൽ നിന്നും രൂപംകൊള്ളുന്ന, സാമ്പത്തികവും, സാമൂഹികവും, രാഷ്ട്രീയവുമായ സ്ഥാപനങ്ങളിൽ നന്മയായതും, അഭിനന്ദനാർഹങ്ങളുമായ പലതും കണ്ടേക്കാം. (2) രണ്ടാമത്തെ വിവേചനം 'തെററും തെററുചെയ്യുന്നവനും' തമ്മിലുള്ളതാണ്. തെററ് എപ്പോഴും ഉപേക്ഷിക്കേണ്ടതുതന്നെ; എന്നാൽ തെററുകാരനായ മനുഷ്യൻ അതിനാൽതന്നെ തന്റെ മനുഷ്യപ്രകൃതിയെ കളഞ്ഞുകുളിക്കുന്നില്ല; അതുപോലെതന്നെ സദാ അഭംഗുരം പാലിക്കപ്പെടേണ്ട അയാളുടെ വ്യക്തിത്വം തിരോഭവിക്കുന്നുമില്ല. (ibid. PP. 299–300)

മതസ്വാതന്ത്ര്യം സംബന്ധിച്ച് അപ്പസ്തോലിക സിംഹാസനത്തിൽ നിന്നുമുള്ള രേഖകൾ നാം വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുമ്പോൾ മേൽപ്പറഞ്ഞ രണ്ടു നിയമങ്ങളും നമ്മുടെ കൺമുമ്പിൽ ഉണ്ടായിരിക്കണം.

## V

പത്തൊമ്പതാം നൂററാണ്ടിൽ മതസ്വാതന്ത്ര്യത്തെപ്പററി പ്രതിപാദിച്ചിരുന്ന തിരുസിംഹാസനത്തിന്റെ പല പ്രമാണരേഖകളും ശരിയായി മനസ്സിലാക്കുവാൻ ഇപ്പോൾ വഴി തുറന്നിരിക്കുന്നു. നിഷിദ്ധമായതെന്തോ ആണ് "മതസ്വാതന്ത്ര്യം'' എന്നു തോന്നാവുന്ന

വിധത്തിലായിരുന്നു അന്ന് ഈ പ്രമാണരേഖകൾ ഏതദ്വിഷയത്തെ വീക്ഷിച്ചിരുന്നത്. "ക്വാന്താക്കുരാ" എന്ന ഒമ്പതാംപീയൂസിൻെറ വിശ്വലേഖനത്തിൽ ഇതിനു ഏററവും മതിയായ ഉദാഹരണമുണ്ട്. അവിടന്നു പറയുന്നു: "ഡെലിരമേന്തും" എന്നു നമ്മുടെ മുൻഗാമി ഗ്രിഗറി പതിനാറാമൻ വിളിക്കുന്ന അബദ്ധാഭിപ്രായം പിൻതാങ്ങുന്നതിനു്, സാമൂഹികനിയമത്തെപ്പററി തെററായ ധാരണ വച്ചുപുലർത്തുന്ന കൂട്ടർ മടിക്കുന്നില്ല. ഇവരുടെ അഭിപ്രായപ്രകാരം മനസ്സാക്ഷി സ്വാതന്ത്ര്യവും ആരാധനാസ്വാതന്ത്ര്യവും വ്യക്തിയുടേതായ അവകാശമാണു്. യാഥാർത്ഥ്യബോധമുള്ള ഏതൊരു സമൂഹവും അതംഗീകരിച്ചേ മതിയാവൂ. പക്ഷെ ഈ സിദ്ധാന്തം കത്തോലിക്കാസഭയ്ക്കും, ആത്മാക്കളുടെ രക്ഷയ്ക്കും വളരെ ആപൽക്കരമാണു്. (Cfr. A.S.S. 3, 1867, P. 162)

ഈ മനസ്സാക്ഷി സ്വാതന്ത്ര്യത്തെ ശപിച്ചു തള്ളുന്നതിനു കാരണം അന്നത്തെ യുക്തിവാദികളുടെ ചിന്താഗതിയാണെന്നു വ്യക്തമാണു്. വ്യക്തിയുടെ മനസ്സാക്ഷി ഒരു നിയമത്തിനും കീഴല്ലെന്നും തന്മൂലം ദൈവദത്തമായ യാതൊരു മാനദണ്ഡത്തിനും അധീനമല്ലെന്നുമുള്ള ആശയത്തിൽ അധിഷ്ഠിതമായിരുന്നു അവരുടെ നിഗമനങ്ങൾ. (Cfr. Syllabus Prop. 3, A.S.S. 3, P. 168). മതനിഷ്പക്ഷവാദത്തിൽ അധിഷ്ഠിതമാകുമ്പോഴും മേൽപ്പറഞ്ഞ തരത്തിലുള്ള ആരാധനാസ്വാതന്ത്ര്യം ശപിക്കപ്പെട്ടതാകുന്നു.(ibid. prop. 15, P. 170). അവസാനമായി യുക്തിവാദചിന്താഗതിപ്രകാരം രാഷ്ട്രത്തിൽ നൈയ്യാമികമായ സർവ്വാധികാരം സങ്കല്പിച്ചുകൊണ്ട് സഭയെ രാഷ്ട്രത്തിൽ നിന്നും വേർതിരിക്കുന്ന പ്രവണതയേയും ശപിച്ചിരിക്കുകയാണു്. ഈ ചിന്താഗതിപ്രകാരം, സഭ രാഷ്ട്രത്തോട്ട് ഒട്ടിച്ചേരുകയും അതിൻെറ പരമാധികാരത്തിനു് കീഴ്പ്പെട്ടിരിക്കുകയും വേണം (ibid., prop. 39, P 172).

മനുഷ്യവ്യക്തിയുടെ യഥാർത്ഥ മാഹാത്മ്യത്തേയും, അവൻെറ യഥാർത്ഥ സ്വാതന്ത്ര്യത്തേയും പററിയുള്ള സഭയുടെ നിതാന്തപാനവും ഔത്സുക്യവുമാണു് സഭയുടെ മേല്പറഞ്ഞ നിഷേധാത്മകമനസ്ഥിതിയിൽ നാം കാണേണ്ടതു്. എങ്കിൽ മാത്രമേ മേൽപ്പറഞ്ഞ രേഖകളെ അവയുടെ യഥാർത്ഥാർത്ഥത്തിൽ ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു. കാരണം, മനുഷ്യൻ ദൈവത്തിൻെറ സൃഷ്ടിയാണെന്നതാണു് അവൻെറ മഹത്വത്തിൻെറ അടിസ്ഥാനം. അവൻ ദൈവമല്ല; ദൈവത്തിൻെറ ഒരു പ്രതിഛായമാത്രമാണു്. ദൈവത്തിൽ മനുഷ്യനുള്ള ഈ പരിപൂർണ്ണ ആശ്രയത്വത്തിൽ നിന്നുമാണു് തനിക്കു വേണ്ടിയും, മററുള്ളവക്കുവേണ്ടിയും യഥാർത്ഥ മതസ്വാതന്ത്ര്യം ആവശ്യപ്പെടുന്നതിനുള്ള അവകാശവും കടമയും ഉത്ഭവിക്കുന്നതു്. എന്തുകൊണ്ടെന്നാൽ മനുഷ്യൻ സ്വന്തഭാഗത്തുനിന്നും നോക്കുമ്പോൾ മനസ്സാക്ഷിയുടെ ആത്മാർത്ഥമായ നിയന്ത്രണങ്ങൾക്കനുസരണം ദൈവത്തെ ആരാ

ധിക്കുവാൻ കടപ്പെട്ടവനാണ്. കാരണം, യഥാർത്ഥത്തിൽ അവൻ പൂർണ്ണമായും ദൈവത്തിൽ ആശ്രയിച്ചാണിരിക്കുന്നതു്.

മനുഷ്യന്റെ ഈ ദൈവികാശ്രയത്തെ അപകടപ്പെടുത്താതിരിക്കുന്നതിനു്, അവന്റെ സ്വാതന്ത്ര്യമതാനുഷ്ഠാനത്തിൽ ആരും, രാഷ്ട്രീയാധികാരം പോലും അവനെ തടയാതിരിക്കണം. തന്മൂലമാണ് രാഷ്ട്രീയവും,തത്വശാസ്ത്രപരവുമായലൗകായതികത്വത്തെ എതിർത്തുകൊണ്ടു് മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തിനും, യഥാർത്ഥസ്വാതന്ത്ര്യത്തിനുംവേണ്ടി സഭ പടവെട്ടിയതു്. പഠനങ്ങളുടെ നൈരന്തരീകത്വം എന്ന നിയമം വച്ചു നോക്കുമ്പോൾ മാററങ്ങൾക്കും മറിച്ചിലുകൾക്കും സഭ ഇന്നും, എന്നും സ്ഥിരമായി തന്നെ നിന്നിട്ടുണ്ടെന്നു കാണാം

ലെയോ പതിമൂന്നാമനാണ് പുരോഗതിയുടെ ഈ പഠനത്തിനു തുടക്കമിട്ടതു്. അദ്ദേഹം സഭയെ ദൈവത്തിന്റെ ജനമെന്നും, രാഷ്ട്രത്തെ നൈമിഷികവും ഭൗതികവുമായ ജനസഞ്ചയം എന്നും വ്യവച്ഛേദിച്ചു. (Cfr· Immortale Dei. A. S. S. 18, 1885, pp. 166–167)രാഷ്ട്രീയതലത്തിലുള്ള നൈയ്യാമിക നിബന്ധനകൾക്കു് അതർഹിക്കുന്ന നിയമപരമായ സ്വയം പര്യാപ്തത അംഗീകരിച്ചുകൊടുക്കുന്നതിനുള്ള ഒരു പുതിയ പന്ഥാവാണ് ഇതുവഴി അവിടുന്നു വെട്ടിത്തുറന്നതു്. ഇതു ആധുനികസ്വാതന്ത്ര്യപ്രവണതകളെപ്പററി നവമായ വിധിതീർപ്പു നടത്തുവാൻ ഉപകരിക്കുന്ന ഒരു കാൽവയ്പായിരുന്നു.

ഈ സ്വാതന്ത്ര്യപ്രവണതകളോടു് സഹിഷ്ണത കാണിക്കാം. (Cfr· ibid.. P. 174: Libertas Praestantissimum A. S. S, 20, 1887, pp. 609–610) അതെ, അവയുടെ നേരെ സഹിഷ്ണത കാണിക്കുകയേ നിവൃത്തിയുണ്ടായിരുന്നുള്ളു. കാരണം വ്യക്തമാണ്. ആധുനികസ്വാതന്ത്ര്യപ്രവണകളേയും, മതസ്വാതന്ത്ര്യത്തേയും അംഗീകരിച്ചു് പ്രഖ്യാപിച്ചിരുന്ന അന്നത്തെ യൂറോപ്യൻ ഭരണക്രമങ്ങൾ അവധാനപൂർവ്വം പിൻചെന്നിരുന്നതു് ലൗകായതികത്വത്തിന്റെ (Laicism) തത്വങ്ങളായിരുന്നു. ഇപ്രകാരം ലൗകായതികത്വത്തിലേക്കു ചാഞ്ഞിരിക്കുന്ന രാഷ്ട്രീയസംഘടനകൾ തീർച്ചയായും മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തേയും, യഥാർത്ഥസ്വാതന്ത്ര്യത്തേയും കടന്നാക്രമിക്കും. ഈ അപകടത്തെ സൂക്ഷ്മദൃക്കായ ലെയോ പതിമൂന്നാമൻ മുൻകൂട്ടി കണ്ടറിഞ്ഞു. നിരന്തരം കാത്തുസൂക്ഷിക്കേണ്ടതാണെന്നു് ലേയോ പതിമൂന്നാമനു തോന്നിയതു്, അതെ, മനുഷ്യവ്യക്തിത്വസംരക്ഷണം, സഭയ്ക്കു എന്നും ഏററവും അമൂല്യമാണ്.

രാഷ്ട്രീയ സർവ്വാധികാരവാദം (State totalitarianism) പലപ്രകാരത്തിൽ പൊട്ടിപ്പുറപ്പെട്ടതോടെ പതിനൊന്നാം പീയൂസ് പാപ്പാ ഇടയനടുത്ത തിരുസഭാപഠനങ്ങളുടെ പുരോഗതിയെ ഒരു പുതിയ പദവിയിലേയ്ക്കുയർത്തി. പത്തൊൻപതാം നൂററാണ്ടിലേതുപോലെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള തെററായ ധാരണ മനുഷ്യമാ

ഹാത്മ്യത്തെ കടന്നാക്രമിക്കുന്ന അപകടസന്ധി ഇന്നില്ല. പക്ഷെ ഇന്നു് ഒരു പുതിയ അപകടമാണു് പൊട്ടി മുളച്ചിരിക്കുന്നതു്. അതു മാനുഷീകവും, രാഷ്ട്രീയവും, സർവ്വോപരി മതപരവുമായ സകല സ്വാതന്ത്ര്യവും ശിഥിലമാക്കും. ഇതുകൊണ്ടുതന്നെയാണു് മനുഷ്യമാഹാത്മ്യത്തേയും സ്വാതന്ത്ര്യത്തേയും കുറിച്ചുള്ള നൂററാണ്ടുകളായി ഉലച്ചിൽ തട്ടാത്ത സഭയുടെ നിലപാടിനെ ഒരു നൂതനമാർഗ്ഗത്തിലൂടെ പ്രകാശിപ്പിക്കുവാൻ അവരം യത്നിക്കുന്നതു്. ഇടയനടുത്ത അവളുടെ കടമകളുടെ വർദ്ധനവനുസരിച്ചു് സഭാപഠനങ്ങളും പുരോഗതി പ്രാപിച്ചുവരികയാണു്.

നിരന്തരം കാത്തു പാലിക്കേണ്ടതെന്തെന്ന മാനദണ്ഡം വച്ചു്, മതവിരുദ്ധമായ ലൗകായതികത്വത്തെ സഭ കലവറ കൂടാതെ എതിർക്കുന്നു എന്നു് പതിനൊന്നാം പീയൂസ് പ്രഖ്യാപിക്കുന്നു: "പത്താം പീയൂസ്" ശപിച്ചതിനെ നാമും ശപിക്കുന്നു. ലൗകായതികത്വം അർത്ഥത്തിലൊ, ഉദ്ദേശത്തിലൊ ഏതു പ്രകാരമെങ്കിലും ദൈവത്തിനും മതത്തിനും എതിരാകുകയോ, അപകടകാരിയാകുകയോ ചെയ്താൽ നാം അതിനെ ശപിക്കുന്നു. ദൈവത്തിനും മതത്തിനും അതു് എതിരാകുന്നുവെന്നും അതിനെ ശപിക്കേണ്ടതാണെന്നും നാം പരസ്യമായി പ്രസ്താവിക്കുകയും ചെയ്യുന്നു''. (Maximam gravissimamque A. A. S. 16, 1924, P. 10)

എന്നാൽ പുരോഗതിയെന്ന പ്രമാണത്തിനു് കോട്ടം തട്ടാതിരിക്കുവാൻ പതിനൊന്നാം പീയൂസ് ഒരു പ്രത്യേകത കൂടി ചൂണ്ടിക്കാട്ടി. കത്തോലിക്കാപഠനങ്ങളെ ആഴമായി മനസ്സിലാക്കുന്നതിനു ഇതു വളരെ സഹായിക്കുന്നതാണു്. അവിടുന്നു് 'മനസ്സാക്ഷിസ്വാതന്ത്ര്യം', എന്നും 'മനസ്സാക്ഷികളുടെ സ്വാതന്ത്ര്യം' എന്നുമുള്ള ഒരു തരംതിരിവു നടത്തുന്നുണ്ടു്. ആദ്യത്തേതു് അവിടുന്നു് അസ്വീകാര്യമായിത്തള്ളി. കാരണം ലൗകായതികത്വപക്ഷക്കാർ മനസ്സാക്ഷിയുടെ (ദൈവത്തിലുള്ള) പൂർണ്ണമായ നിരാശ്രയത്വത്തെയാണു് ഇതുകൊണ്ടുദ്ദേശിക്കുന്നതു്. ഇതു് മനുഷ്യനെ സംബന്ധിച്ചിടത്തോളം അവൻ ദൈവത്താൽ സൃഷ്ടിക്കപ്പെടുകയും രക്ഷിക്കപ്പെടുകയും ചെയ്തിരിക്കെ, ഒരു യുക്തിവൈരുദ്ധ്യമാണു്. എന്നാൽ രണ്ടാമത്തേതു് (മനസ്സാക്ഷികളുടെ സ്വാതന്ത്ര്യം) പ. പിതാവു് സ്വീകരിച്ചു. സന്തോഷസമേതം മനസ്സാക്ഷികളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി താൻ പോരാടുമെന്നും അവിടുന്നു പറയുന്നു.(Cfr. Non abbiamo bisogno, A. A. S. 23, 1931, pp. 301–302).

പതിനൊന്നാം പീയൂസ് വിശ്വാസികളുടെ മതസ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുക മാത്രമല്ല ചെയ്തതു്. ഇടയനടുത്ത താല്പര്യത്തെ വിശ്വലേഖനത്തിൽ പ്രകടിപ്പിക്കുവാനും അവിടുന്നു നിർബന്ധിതനായി. കാരണം, യഥാർത്ഥത്തിൽ ഒന്നായിരിക്കുന്നതിനെ രണ്ടായി വ്യവച്ഛേദിച്ചു കാണിക്കാമെന്നു വന്നാൽ, ക്രിസ്തീയതത്വം മാത്രമല്ല, മാനുഷികമൂല്യം തന്നെയും അപകടത്തിലാക

മായിരുന്ന ഒരു അവസ്ഥാവിശേഷമായിരുന്നു അന്നുണ്ടായിരുന്നതു്.

തന്റെ പൂരോഗമനത്തിന്റെ ചിന്താസരണിയിലൂടെ പതിനൊന്നാം പീയൂസ്, തീർത്തും സ്വതന്ത്രവും ക്രിസ്തീയവുമായ ഒരു തത്വസംഹിതയ്ക്കു രൂപം കൊടുക്കുകയാണു ചെയ്തതു്. അവിടുന്നു പറയുന്നു: ''മനുഷ്യൻ ഒരു വ്യക്തിയെന്ന നിലയിൽ ദൈവദത്തമായ അവകാശങ്ങൾ കൈക്കൊണ്ടിരിക്കുന്നു. അവ സമൂഹത്തിന്റെ സർവ്വവിധ ഇടപെടലിൽ നിന്നും പൂർണ്ണമായി സ്വതന്ത്രമായിരിക്കണം''. (Mit brennender Sorge, A. A. S. 29, 1937, P. 159) അവിടുന്നു അസന്നിഗ്ദ്ധമായ ഭാഷയിൽ തുടർന്നു പറയുന്നു: ''മതവിശ്വാസി തന്റെ വിശ്വാസം ഏറ്റുപറയുന്നതിനും വേണ്ടപോലെ അതഭ്യസിക്കുന്നതിനുമുള്ള അലംഘനീയ അവകാശം പ്രാപിച്ചിരിക്കുന്നു. ഈ അവകാശത്തെ ധ്വംസിക്കുകയോ, അപകടപ്പെടുത്തുകയോ ചെയ്യുന്ന നിയമങ്ങൾ പ്രകൃതിനിയമത്തിനുതന്നെ എതിരാണു്'' (ibid P. 160). ഈ വിശ്വലേഖനം പ്രസിദ്ധീകരിച്ച സമയവും, സാഹചര്യവും അറിയാവുന്ന ആർക്കും എളുപ്പം മനസ്സിലാക്കാം, ഈ പ്രസ്താവനയുടെ വിശ്വവ്യാപകമായ ഉദ്ദേശമെന്തെന്നു്.

പന്ത്രണ്ടാം പീയൂസാകട്ടെ തന്റെ മുൻഗാമിയുടെ ഇടയനടുത്ത ഔത്സുക്യത്തിൽ ആഴമായി പങ്കുപററിക്കൊണ്ടു് പുരോഗതിയുടെ ഈ പഠനത്തെ അഭിവൃത്തിപ്പെടുത്തുകയും വിശാലമാക്കുകയുമാണു് ചെയ്തതു്. അദ്ദേഹത്തിന്റെ കൺമുമ്പിൽ ഒരു വസ്തുത ഉണ്ടായിരുന്നു—മനുഷ്യവ്യക്തിത്വത്തിന്റെ ഒരു ചിത്രം—ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതും, ഈശോമിശിഹായാൽ രക്ഷിക്കപ്പെട്ടതുമായ മനുഷ്യൻ, ദുഷ്കരമായ പരിതസ്ഥിതികളിൽ വട്ടം തിരിയുന്നതും, നാനാവശത്തുനിന്നുമുള്ള അപകടവലയത്തിൽ ഉൾപ്പെട്ടിരിക്കുന്നതുമായ ചിത്രം. ഈ സാഹചര്യത്തിൽ വേണ്ട ഇടയനടുത്ത ഔത്സുക്യത്തിന്റേയും പഠനങ്ങളുടേയും വെളിച്ചത്തിൽ വേണം, ഏതദ്വിഷയത്തിൽ സുപ്രധാനമായ താഴെ വരുന്ന ഉദ്ധരണി നാം വായിക്കുവാൻ. ശരിയായി രൂപം പ്രാപിച്ചിരിക്കുന്ന ഏതൊരു സമുദായവും അംഗീകരിക്കേണ്ടതും ആദരിക്കേണ്ടതുമായ മനുഷ്യവ്യക്തിയുടെ അടിസ്ഥാനപരങ്ങളായ അവകാശങ്ങളെ എണ്ണിയെണ്ണി പറഞ്ഞുകൊണ്ടു് പ. പിതാവു് പന്ത്രണ്ടാം പീയൂസ് തന്റെ മുൻഗാമിയായ പതിനൊന്നാം പീയൂസിന്റെ പഠനങ്ങളെ ആവർത്തിക്കുകയും, ആ പഠനങ്ങൾക്കു് തന്റേതായ പുതിയ ആധികാരികത്വം നൽകുകയും ചെയ്യുന്നു. ''പരസ്യവും, രഹസ്യവുമായ ദൈവാരാധനയ്ക്കും, സഹോദരസ്നേഹത്തിനുമുള്ള അവകാശത്തെ മനുഷ്യനു് നിഷേധിക്കുവാൻ ആർക്കും പാടുള്ളതല്ല.'' (Cfr. Nuntius Radiophonicus, 24. Dec. 1942, A. A. S. 35, 1943, P. 19).

ഈ പഠനം അംഗീകരിക്കാവുന്ന ഒരഭിപ്രായഗതിയായോ, സ്കോളാസ്റ്റിക് ചിന്താഗതിയായോ അല്ല പ. പിതാവു് എടുത്തു

കാണിക്കുന്നതു്. മറിച്ച്, അവിടന്നു് അതിനെ നൈയാമികനിഗമനങ്ങളിലേയ്ക്കു് നയിക്കുന്നുമുണ്ടു്. തൽഫലമായി രാഷ്ട്രീയാധികാരത്തിനു് സീമ കല്പിക്കുന്ന മാനദണ്ഡമായി അതു നിലകൊള്ളുന്നു. ''ഓരോരുത്തനും തന്റെ കടമ ഏററം എളുപ്പം നിർവ്വഹിക്കുന്നതിനുള്ള അലംഘനീയാവകാശങ്ങളെ സംരക്ഷിക്കുകയാണു് ഏതൊരു രാഷ്ട്രീയാധികാരത്തിന്റെയും പ്രമുഖ കടമ'' (Nuntius Radiophonicus, 1 June 1941, A. A. S. 33, 1941, P 200).

ഇത്തരുണത്തിൽ പന്ത്രണ്ടാം പീയൂസിന്റെ രാഷ്ട്രീയാധികാരപരിധി നിർണ്ണയം സംബന്ധിച്ചുള്ള പഠനം നാം പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ടു്. അതു് സമുദായമദ്ധ്യത്തിലുള്ള തെററുകൾ നിർമ്മാർജ്ജനം ചെയ്യുന്നതു സംബന്ധിച്ചുള്ളതാണു്. ''ഏതെങ്കിലും പ്രത്യേകസന്ദർഭത്തിൽ, കപടവും, അബദ്ധവുമായതിനെ തടയുന്നതിനോ, അല്ലെങ്കിൽ, അമർച്ച ചെയ്യുന്നതിനോ ഉള്ള കല്പന ദൈവം മനുഷ്യർക്കു കൊടുക്കാതിരിക്കുക, അതിനു് അവരെ ചുമതലപ്പെടുത്താതിരിക്കുക, അതിനുള്ള അവകാശമെങ്കിലും നൽകാതിരിക്കുക സാദ്ധ്യമാണോ? വസ്തുതകളെ യഥാതഥം വീക്ഷിക്കുമ്പോൾ അനുകൂലമായ ഉത്തരമാണു് ലഭിക്കുക'' വീണ്ടും ദൈവപരിപാലനയുടെ ഉദാഹരണങ്ങൾ എടുത്തുകാണിച്ചുകൊണ്ടു് പ. പിതാവു് തുടരുന്നു: ''തന്നിമിത്തം, മതപരവും സാന്മാർഗ്ഗികവുമായ തെററിനോടു സഹിഷ്ണുത പ്രദർശിപ്പിക്കുന്നതു് അതിൽ തന്നെ ധാർമ്മികവിരുദ്ധമായതിനാൽ കഴിയുന്നിടത്തോളം അതു തടയണമെന്ന വാദം പൂർണ്ണമായും, നിരപേക്ഷമായും ശരിയല്ല. പോരെങ്കിൽ മേൽ പ്രസ്താവിച്ച വിധത്തിൽ സാർവ്വലൗകികവും, പരിപൂർണ്ണവുമായ ഒരു കല്പന, വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളിൽ മാനുഷികാധികാരികൾക്കു തന്നെയും, ദൈവം കൊടുത്തിട്ടില്ല. അങ്ങനെയുള്ള ഒരു കല്പന മനുഷ്യവർഗ്ഗത്തിന്റെ സാധാരണ ബോദ്ധ്യങ്ങൾക്കും, ക്രിസ്തീയമനസ്സാക്ഷിക്കും, ക്രിസ്തീയ വെളിപാടിനും, നമ്മുടെ പാരമ്പര്യത്തിനും അജ്ഞാതമാണു്''. (Ci riesce, A. A. S. 45, 1953, pp. 798–799).

കഴിഞ്ഞ കാലങ്ങളിൽ രാഷ്ട്രത്തിന്റെ ചുമതലയായി കണക്കാക്കപ്പെട്ടിരുന്നതു് എന്തെന്നു് നാം പരിഗണിക്കുകയാണെങ്കിൽ സഭാപഠനങ്ങളിലുള്ള പുരോഗതിയുടെ നിയമത്തെ പ്രഖ്യാപനം ചെയ്യുന്നതു് നമ്മുടെ ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ കാര്യമാണു്. ചരിത്രപരമായ ഈ പുരോഗതിയുടെ കൊടുമുടിയാണു് ''ഭൂമിയിൽ സമാധാനം'' എന്ന വിശ്വലേഖനം. ഈ പ്രമാണരേഖ പരിശുദ്ധാത്മാവിന്റെ പ്രകാശത്താൽ പ്രേരിതമായി കഴിഞ്ഞ നൂററാണ്ടിലാകെ സഭയ്ക്കുള്ളിൽ ഉണ്ടാകുവാൻ ഇടയായ സമാധാനത്തിന്റെ വളർച്ചയുടെ പരിപക്വഫലമാണു്.

ജോൺ മാർപ്പാപ്പാ ഈ വർഷം, ഏപ്രിൽ 11–ന് ''ഭൂമിയിൽ സമാധാനം'' എന്ന തന്റെ അവസാനത്തെ വിശ്വലേഖനം പ്രസി

ഢപ്പെട്ടുന്നതിനു് മുമ്പുതന്നെ നമ്മുടെ ഈ 'സ്കേമാ' തയ്യാറാക്കുകയും, സെൻട്രൽ കമ്മീഷനും, കാര്യനിർവ്വഹണക്കമ്മീഷനും അതു പഠിക്കുകയും ചെയ്തുകഴിഞ്ഞിരുന്നു. സഭയ്ക്കു അകത്തും പുറത്തും, അദ്ഭുതപൂർവ്വമായ പ്രശംസയോടെ സ്വീകൃതമായ അദ്ദേഹത്തിൻെറ വ്യക്തമായ പഠനത്തോടു നമ്മുടെ ഈ 'സ്കേമാ' പരിപൂർണ്ണമായും യോജിക്കുന്നുവെന്നു് നാം വിശ്വസിക്കുന്നു.

ഇനി പരിചിന്തനത്തിനായി ഈ 'സ്കേമാ' നിങ്ങളുടെ മുമ്പിൽ ഇതാ വയ്ക്കുന്നു. ചരിത്രപരമായി ഈ തത്വത്തെ നാം വീക്ഷിക്കുമ്പോൾ, ഇതിൻെറ മാനദണ്ഡങ്ങളായ തുടർച്ചയുടേയും, പുരോഗതിയുടേയും വികാസത്തെ പരമാദ്ധ്യക്ഷരേഖകളിൽ അന്വേഷിക്കണമെന്നും ഞങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ടു്. വാക്കുകളുടെ വ്യത്യാസം നിമിത്തം മാർപ്പാപ്പാമാരുടെ തിരുവെഴുത്തുകളിൽ നിന്നു്, ഈ 'സ്കേമാ'ക്കെതിരായ ചില ഉദ്ധരണികൾ കൊണ്ടുവന്നേക്കാമെന്നതു് സുവിദിതമായ ഒരു കാര്യമാണു്. എന്നാൽ അഭിവന്ദ്യപിതാക്കന്മാരെ, നിങ്ങളോടു് ഞാൻ അഭ്യർത്ഥിക്കുന്നു, സ്കേമായുടെ ചരിത്രപരവും സിദ്ധാന്തപരവുമായ പശ്ചാത്തലത്തിൽ നിന്നു് വിഭിന്നമായ ഒരർത്ഥം അതിനു നിങ്ങൾ കൊടുക്കരുതെന്നു്. മററു വാക്കുകളിൽ പറഞ്ഞാൽ വെള്ളത്തിനു വെളിയിൽ നീന്തുവാൻ നിങ്ങൾ മത്സ്യത്തോടു് ആവശ്യപ്പെടരുതു്.

ഇപ്പോൾ നമ്മുടെ സ്കേമാ എങ്ങനെയോ അങ്ങനെ അതിനെ പഠിക്കുക. വിശ്വാസസത്യം സംബന്ധിച്ച ഒരു പ്രബന്ധമല്ല ഇതു്, ഇടയനടുത്ത ഒരു ഡിക്രി മാത്രമാണു് അത്യധികമായ ആവേശത്തോടുകൂടി ലോകം മുഴവൻ ഈ ഡിക്രി പ്രതീക്ഷിച്ചിരിക്കുകയാണു്. സർവ്വകലാശാലകൾ, ദേശീയവും അന്താരാഷ്ട്രീയവുമായ സംഘടനകൾ, ക്രൈസ്തവാക്രൈസ്തവസമുദായങ്ങൾ, പത്രങ്ങൾ, പൊതുജനങ്ങൾ എന്നല്ലാ, എല്ലാവരും മതസ്വാതന്ത്ര്യത്തെപ്പററിയുള്ള സഭയുടെ ഈ സ്വരം ശ്രവിക്കുന്നതിനു് കാത്തിരിക്കുകയാണു്. ചെറുതും എന്നാൽ വളരെ പ്രാധാന്യമർഹിക്കുന്നതുമായ ഈ ഡിക്രിയുടെ ചർച്ചയും അംഗീകാരവും ഈ ദ്വിതീയസമ്മേളനസമാപനത്തിനു് മുമ്പു് സമാപ്തമാകുവാൻ സാധിക്കുമെന്നു് ഞങ്ങൾ പ്രതീക്ഷിക്കുന്നു. പത്രോസിൻെറ പിൻഗാമിയുടെ സ്വരത്തോടു് യോജിച്ചു് സ്വാതന്ത്ര്യദായകമായ "മതസ്വാതന്ത്ര്യത്തെ"ക്കുറിച്ചുള്ള ഈ ഡിക്രി പ്രഖ്യാപനം ചെയ്യുന്നതിനു് സഭാപിതാക്കന്മാർക്കു സാധിച്ചാൽ നമ്മുടെ ജോലി ഏററം ഫലപ്രദമായി ലോകത്തിനനുഭവപ്പെടും.

അഭിവന്ദ്യപിതാക്കന്മാരെ, ഞങ്ങൾ ഞങ്ങളുടെ പരിശ്രമങ്ങളെ നിങ്ങളുടേതിനോടു ചേർക്കുന്നു. നമ്മുടെ സെക്രട്ടറിയേററു് നിങ്ങളുടെ ഭേദഗതികളെ അതീവശ്രദ്ധയോടും, സാധിക്കുന്നിടത്തോളം വേഗത്തിലും പഠിക്കുന്നതാണു്. എങ്കിലും നമ്മുടെ ശരണം നമ്മുടെ കർത്താവിലാണു്. നമ്മുടെ കർത്താവീശോമിശിഹാ തൻെറ പ്രസാദ

വരം വഴി നമ്മെ സഹായിക്കട്ടെ. ഈ സമ്മേളനസമാപനത്തിൽ, ''നിങ്ങളുടെ പക്കൽ വല്ല മത്സ്യവുമുണ്ടോ'' എന്നു് അവിടന്നു് നമ്മോടു ചോദിച്ചാൽ, ഈ സൂനഹദോസിൻെറ വിശ്വാസവും. സന്മനസ്സും ദർശിച്ചുകൊണ്ടു് അവിടന്നു് തൻെറ അപ്പസ്തോലന്മാരോടു് ഒരിക്കൽ പറഞ്ഞതു് അവരുടെ പിൻഗാമികളോടും പറയുമായിരിക്കും. ''പടവിൻെറ വലതുഭാഗത്തായി വല വീശുക. എന്നാൽ നിങ്ങൾക്കു ലഭിക്കും.'' (യോഹ: 21:6)

---

3 കാർഡിനൽ അഗസ്റ്റിൻ ബെയാ,
ക്രിസ്തീയ ഐക്യത്തിനുവേണ്ടിയുള്ള
സെക്രട്ടറിയേററിൻെറ പ്രസിഡണ്ടു്.

# കത്തോലിക്കരും യഹൂദരും

ഇപ്പോൾ ചർച്ചചെയ്യപ്പെടുവാൻ പോകുന്ന ''യഹൂദരെ''പ്പററിയുള്ള സ്കേമാ രണ്ടുവർഷങ്ങൾക്കു മുൻപു് തുടങ്ങിയതും കഴിഞ്ഞ വർഷം പൂർത്തിയാക്കപ്പെട്ടതുമാണു്. ''കൗൺസിൽകോഓർഡിനേഷൻ കമ്മിററി''യുടെ അംഗീകാരത്തോടെ ഇതു് ഇക്കൊല്ലം ''എക്യുമേനിസ''ത്തെപ്പററിയുള്ള സ്കേമായിൽ കൊള്ളിച്ചിരിക്കുകയാണു്.

യഹൂദരുടെ പ്രശ്നത്തെപ്പററി പ്രതിപാദിക്കുവാൻ മുൻകയ്യെടുത്തതു് ക്രിസ്തീയ ഐക്യത്തിനുവേണ്ടി സ്ഥാപിതമായ സെക്രട്ടറിയേററിൻെറ ഭാഗത്തുനിന്നുമല്ല; പ്രത്യുത സുഭഗസ്മരണാർഹനായ ഇരുപത്തിമൂന്നാം യോഹന്നാൻ മാപ്പാപ്പായുടെ വ്യക്തമായ നിർദ്ദേശത്താലാണു്. ഇതു് സെക്രട്ടറിയേററിൻെറ പ്രസിഡൻറിനോടു് നേരിട്ടുപറഞ്ഞതാണു്.

ഈ സ്കേമാ തയ്യാറാക്കിയതിനു ശേഷം ഇതു് സെൻട്രൽ കമ്മിററിയുടെ 1962 ജൂണിലെ കോൺഫ്റൻസിൽ വച്ചു് ചർച്ചചെയ്യപ്പെടേണ്ടതായിരുന്നു. പ്രസ്തുത ചർച്ച ഉപേക്ഷിച്ചതു് ഇതിൽ പ്രതിപാദിച്ചിരിക്കുന്ന ആശയങ്ങളോ തത്വങ്ങളോ കാരണമല്ല. മറിച്ചു്, ആ സമയത്തെ നിർഭാഗ്യകരമായ ചില രാഷ്ട്രീയ പരിതസ്ഥിതികൾ കാരണമായിരുന്നു.

ഈ ഡിക്രി വളരെ സംക്ഷിപ്തമാണെങ്കിലും അതിൽ പ്രതിപാദിച്ചിരിക്കുന്നവ അത്ര സുകരമല്ല. എന്തിനെപ്പററിയാണു് നാം പ്രതിപാദിച്ചിരിക്കുന്നതെന്നു അതിൻെറ ഉള്ളിലേയ്ക്കു് കടന്നു നമുക്കു പരിശോധിക്കാം. അഥവാ ഇതു് അനായാസേന തെററിദ്ധരി

ക്കവാൻ സാദ്ധ്യതയുള്ളതുകൊണ്ട് എന്തിനെപ്പററിയല്ല നാം സംസാരിക്കുന്നത് എന്നു നോക്കാം. ഇവിടെ രാഷ്ട്രീയമോ ദേശീയമോ ആയ പ്രശ്നങ്ങളൊന്നുമില്ല. പ്രത്യേകിച്ച് ഇസ്രായേൽ രാഷ്ട്രത്തെ അംഗീകരിക്കുന്ന പ്രശ്നവും പരിശുദ്ധ സിംഹാസനത്തിനില്ല. ഈ വക പ്രശ്നങ്ങളെപ്പററിയൊന്നും സ്കേമായിൽ പ്രതിപാദിച്ചിട്ടുമില്ല. അങ്ങനെയുള്ള വ്യവസ്ഥകളോ വിചിന്തനങ്ങളോ ഒന്നും യാതൊരു വിധത്തിലും ഇവിടെയില്ല. തികച്ചും മതാത്മകമായ പ്രശ്നത്തെപ്പററി മാത്രമേ പ്രതിപാദനമുള്ളു.

ദൈവപരിപാലനയുടെ നിഗൂഢമായ പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽ വഴി ക്രിസ്തുവിൻെറ സഭ സ്വീകരിച്ചതിനെ ആഘോഷമായ വിധം ഒന്നനുസ്മരിക്കുകയാണ് ഈ ഡിക്രിയുടെ ഉദ്ദേശ്യം. സഭ സ്വീകരിക്കുന്നത് വി. പൗലോസ് റോമാക്കാർക്കെഴുതിയതുപോലെ ''ദൈവത്തിൻെറ വചനങ്ങളാണ്'' (റോമാ. 3: 2); അതായതു് പഴയനിയമത്തിലെ ദൈവവചസ്സുകൾ. അതെ, അപ്പസ്തോലൻ പറയുന്നതുപോലെ പുത്രസ്വീകാരവും, മഹത്വവും, ഉടമ്പടികളും നിയമവും, ആരാധനക്രമവും, വാഗ്ദാനങ്ങളും, ഉള്ളവരായിരുന്നു ഇസ്രായേൽ ജനത. സർവ്വത്തിനും മേൽ ദൈവമായിരിക്കുന്ന മിശിഹാ ശരീരത്തിൽ പ്രത്യക്ഷനായതും അവരിൽനിന്നുതന്നെ. (റോമാ. 9: 4–5)

മററുവിധത്തിൽ പറഞ്ഞാൽ രക്ഷകൻെറ പ്രവൎത്തനങ്ങൾക്കും അവിടത്തെ സഭക്കും വേണ്ട ഒരുക്കങ്ങൾ മാത്രമല്ല പഴയ നിയമത്തിൽ ചെയ്യപ്പെട്ടിരിക്കുന്നതു്. പ്രത്യുത അവിടത്തെ പ്രവൎത്തനങ്ങളുടെ പൂർത്തീകരണവും സഭയുടെ സ്ഥാപനവും തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽ വഴിയോ, ദൈവം അവിടത്തെ ഉപകരണങ്ങളായി തിരഞ്ഞെടുത്ത അംഗങ്ങൾ വഴിയോ, സഭ ലോകം മുഴുവൻ പ്രചരിക്കുന്നതിനുള്ള കളം പഴയനിയമത്തിൽ ഒരുക്കപ്പെട്ടിട്ടുണ്ട്. സഭയെപ്പററിയുള്ള സ്കേമായിൽ പറഞ്ഞിരിക്കുന്നതുപോലെ സഭ ഒരു വിധത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിൻെറ തുടർച്ചയാണ്. വി. പൗലോസ് ശ്ലീഹാ പ്രസ്താവിക്കുന്നതുപോലെ ക്രിസ്ത്യാനികളെ ''ഇസ്രായേൽ'' എന്നു വിളിക്കാവുന്നതാണ്; തീർച്ചയായും 'ജഡികമായ വിധത്തിലല്ല' മറിച്ച് ഇസ്രായേലിൻെറ പിതാവായ അബ്രാഹത്തോടു ചെയ്യപ്പെട്ട വാഗ്ദാനം ക്രിസ്ത്യാനികളിൽ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നതുകൊണ്ട്. (റോമ. 9: 6–8) ദൈവം ഏതൊരു ദൈവരാജ്യത്തിൻെറ പൂർത്തീകരണത്തിനായി ഇസ്രായേൽ ജനത്തെ തിരഞ്ഞെടുക്കുകയും നിശ്ചയിക്കുകയും ചെയ്തോ അതിൻെറ പൂൎത്തീകരണം ക്രൈസ്തവരും സഭാംഗങ്ങളുമായ നമ്മിലാണ് ഫലമണിഞ്ഞിരിക്കുന്നത്.

നമ്മുടെ പ്രസംഗകർ തങ്ങളുടെ പള്ളിപ്രസംഗങ്ങളിൽ പ്രത്യേകിച്ച് നമ്മുടെ കർത്താവിൻെറ പീഡാനുഭവങ്ങളെപ്പററിയുള്ള പ്രസംഗങ്ങളിൽ ഈ വസ്തുതകളെ കണക്കിലെടുക്കുകയും സഭക്കു തിര

ഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിനോടുള്ള ബന്ധത്തേയും മററും പുരസ്കരിച്ചു പറയുകയും അവക്കു കൃതജ്ഞത പറയുകയും ചെയ്യുന്നുണ്ടോ എന്നു ചോദിക്കുന്നതിൽ തീർച്ചയായും അസാംഗത്യമില്ല.

ഈ ജനത്തിലെ പ്രമാണികൾ ജനസമ്മതത്തോടെ നിർദ്ദോഷിയായ ക്രിസ്തുവിനെ വിധിക്കുകയും ക്രൂശിക്കുകയുംചെയ്തില്ലേയെന്ന് എതിർവാദം കൊണ്ടുവരുന്നവരുണ്ടാകാം.

''അവൻെറ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ സന്തതികളുടെ മേലും വീഴട്ടെ'' (മത്താ. 27: 25) എന്ന് അവർ മുറവിളി കൂട്ടിയില്ലേ? ക്രിസ്തുതന്നെ യഹൂദരെപ്പററിയും അവക്കു വരുവാനിരിക്കുന്ന വിനാശത്തെപ്പററിയും ശക്തിയായ ഭാഷയിൽ പ്രസ്താവിച്ചിട്ടില്ലേ?

വിനീതമായും ചുരുക്കമായും ഞാൻ മറുപടിപറയുകയാണ്. ക്രിസ്തു ശക്തിമത്തായ ഭാഷയിൽ സംസാരിച്ചു എന്നതു ശരി. പക്ഷേ അവിടത്തെ ഉദ്ദേശ്യം അവർ മനസ്സുതിരിയുന്നതിനും ''സന്ദർശനത്തിൻെറ സമയം ഗ്രഹിക്കുന്നതിനും'' വേണ്ടിയായിരുന്നു (ലൂക്കാ: 19: 42–49). അവിടന്നു ക്രൂശിൽ കിടന്ന് യാതന അനുഭവിക്കുമ്പോഴും അവിടത്തെ യാചന ''പിതാവേ ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയായ്കയാൽ ഇവരോടു ക്ഷമിക്കണമേ''— (ലൂക്കാ: 23: 24) എന്നായിരുന്നു.

ലാസറിനെ ഉയപ്പിക്കുന്നതിനു മുൻപ് അവിടന്നു പിതാവിനോട് ''നീ എപ്പോഴും എന്നെ ശ്രവിക്കുന്നു എന്നു ഞാനറിയുന്നു'' (യോഹ: 11: 42) എന്നു പറഞ്ഞു പ്രാർത്ഥിച്ചു. മിശിഹായുടെ പ്രാത്ഥന സദാ ശ്രവിക്കുന്ന പിതാവു് അവിടത്തെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിൻെറ തെററുകൾ ക്ഷമിച്ചില്ലെന്നും അവരെ തിരസ്കരിച്ചു എന്നും പറയുന്നതു അബദ്ധമാണ്.

ദൈവം അവിടത്തെ തിരഞ്ഞെടുക്കപ്പെട്ട വാത്സല്യജനത്തെ ''യാതൊരു വിധത്തിലും'' തിരസ്കരിച്ചിട്ടില്ലായെന്നു വി. പൗലോസ് വഴി നമുക്ക് ഉറപ്പുനൽകുന്നു. വി. അപ്പസ്തോലൻ റോമാക്കാക്കെഴുതുന്നു: ''എന്നാൽ ഞാൻ ചോദിക്കുന്നു: ഒരു പക്ഷേ ദൈവം തൻെറ ജനത്തെ തള്ളിക്കളഞ്ഞുവോ? ഒരുനാളുമില്ല.....ദൈവം മുൻപു മുതൽ തനിക്കു് അറിയപ്പെട്ടിരുന്ന തൻെറ ജനത്തെ തള്ളിക്കളഞ്ഞിട്ടില്ല'' (റോമാ. 11: 1–2). അതിനുശേഷം വി. അപ്പസ്തോലൻ കാരണവും നൽകുന്നുണ്ട്. ''ദൈവം തൻെറ ദാനങ്ങളിലും തൻെറ വിളിയിലും നിന്നു വ്യതിചലിക്കുന്നില്ല''. (11: 29) അതായതു് ഒരിക്കൽ നടത്തിയ തിരഞ്ഞെടുപ്പു് പിൻവലിക്കുകയില്ല. ഇസ്രായേൽ ജനത്തെ തിരസ്കരിക്കുകയുമില്ല. ഇതിനും പുറമെ ''ജഡം വഴിയായും'' വാഗ്ദാനം വഴിയായും ഇസ്രായേൽ ജനമായിത്തീന്ന ''സമസ്ത യഹൂദരും'' രക്ഷപ്പെടുമെന്ന് വി. പൗലോസ് തറപ്പിച്ചുപറയുന്നുണ്ട്. വി. അപ്പസ്തോലൻ പ്രസ്താവിക്കുന്നു: ''എൻെറ സഹോദരന്മാരെ പുറജാതികളുടെ പൂർണ്ണത പ്രവേശിക്കുവോളം ഇസ്രായേലിനു കുറേ നാളത്തേയ്ക്കു് ഹൃദയാന്ധത ഉണ്ടായി

എന്ന ഈ രഹസ്യം സ്വന്ത വിചാരത്തിൽ ജ്ഞാനികളാകാതിരിക്കേണ്ടതിന്ന് നിങ്ങൾ അറിയണമെന്നു ഞാനാഗ്രഹിക്കുന്നു...നിങ്ങളും (അതായതു് യഹൂദജനതയിൽ പെടാതിരുന്ന റോമാക്കാരും) മുമ്പേ ദൈവത്തെ അനുസരിക്കാതിരുന്നിട്ട് അവരുടെ അനുസരണമില്ലായ്കയാൽ ഇപ്പോൾ കരുണപ്രാപിച്ചിരിക്കുന്നതു് എങ്ങനെയോ അങ്ങനെതന്നെ, അവരുടെമേലും കരുണയുണ്ടാകേണ്ടതിന്ന് നിങ്ങളുടെമേലുള്ള കരുണയെ അവരും ഇപ്പോൾ അനുസരിക്കാതിരിക്കുന്നു.'' (റോമാ: 11: 25–31).

ദൈവത്തിന്റെ തീക്ഷ്ണതരമായ സ്നേഹത്തെ അനുസ്മരിച്ചുകൊണ്ട് ചില യഹൂദരിൽനിന്നു വളരെയധികം പീഡകൾ സഹിച്ച വി. പൗലോസ് പറയുകയാണ്— ''ഇസ്രായേൽ മക്കളായിരിക്കുന്ന എന്റെ സഹോദരന്മാർക്കും ജഡപ്രകാരമുള്ള എന്റെ ചാർച്ചക്കാർക്കും വേണ്ടി മിശിഹായിൽനിന്ന് ഞാൻ തന്നെ ഒരു വെറുമ ആകുവാനാഗ്രഹിക്കുമായിരുന്നു'' (റോമാ. 9: 3).

അതുകൊണ്ട് ഈ ചുരുങ്ങിയ ഡിക്രിയുടെ ഉദ്ദേശ്യം വിശ്വാസികളുടെ ശ്രദ്ധ യഹൂദരെ സംബന്ധിക്കുന്നതും അപ്പസ്തോലന്മാർ പഠിപ്പിക്കുകയും വിശ്വാസസംഹിതയിൽ ഉൾപ്പെടുകയും ചെയ്യുന്ന പ്രസ്തുത സത്യങ്ങളിലേയ്ക്കു തിരിക്കുകയാണ്. അങ്ങനെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ സന്തതികളോടുള്ള വിശ്വാസികളുടെ പെരുമാററം മിശിഹായും, അപ്പസ്തോലന്മാരായ പത്രോസും പൗലോസും ചെയ്തിരുന്നതുപോലെ ആയിത്തീരട്ടെ. മിശിഹായുടെ കുരിശുമരണത്തെപ്പററി യഹൂദരോട് പ്രസംഗിച്ചപ്പോൾ വി. പത്രോസ് പ്രസ്താവിച്ചതിങ്ങനെയാണ്.....''നിങ്ങളുടെ പ്രമാണികൾ ചെയ്തുപോലെ നിങ്ങളും അറിവില്ലായ്മ മൂലം ഇതു ചെയ്തു എന്നു ഞാനറിയുന്നു'' (നടപടി 3: 17) അങ്ങനെ അദ്ദേഹം യഹൂദനേതാക്കന്മാരെത്തന്നെ സാധൂകരിക്കുകയാണ് (നടപടി 13: 27). അതുപോലെ വി. പൗലോസും.

മ്ശിഹായ്ക്ക് സ്വമഹത്വത്തെയും ദൈവസ്വഭാവത്തെയും പററി ബോധം ഉണ്ടായിരുന്നു എന്നും നിർദ്ദോഷിയായ അവിടത്തെ അന്യായമായി വിധിച്ചുവെന്നും വി. സുവിശേഷത്തിൽ വിവരിക്കുന്നതിനേപ്പററി ഇവിടെ സംശയം പ്രകടിപ്പിക്കുകയല്ല. ചിലപ്പോൾ അങ്ങനെ തെററായ പ്രസ്താവനകൾ ഉണ്ടാകാറുണ്ട്. ഇവയെപ്പററി ബോധവാന്മാരായിക്കൊണ്ടുതന്നെ കർത്താവായമിശിഹായുടെയും അപ്പസ്തോലന്മാരുടെയും വിനീതമായ സ്നേഹത്തെ അനുകരിക്കുവാൻ നമുക്കു സാധിക്കും. മിശിഹായും അപ്പസ്തോലന്മാരും ഇങ്ങനെയാണ് സ്വപീഡകരോടു ക്ഷമിച്ചതു്.

നാമിന്ന് ഇവയെപ്പററി പരിചിന്തനം ചെയ്യേണ്ടതിന്റെ ആവശ്യകതയെന്ത്? ഇതാണു കാരണം: കുറച്ചു ദശകങ്ങൾക്കു മുൻപ് ആൻറി സെമിററിസം (Anti–Semitism) എന്നു വിളിക്കപ്പെടുന്ന ഒരു പ്രസ്ഥാനം ശക്തിയായ സകലവിധ ക്രൂരതകളോടും കൂ

ടി പല സ്ഥലങ്ങളിലും വ്യാപിച്ചിരുന്നു. പ്രത്യേകിച്ച് നാഷനൽ സോഷ്യലിസകാലത്തു് ജർമ്മനിയിൽ. യഹൂദരോടുള്ള വെറുപ്പു കാരണം വളരെ ഭീകരങ്ങളായ പാതകങ്ങരം പ്രവർത്തിക്കുകയും ലക്ഷക്കണക്കിനു യഹൂദരെ നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ കൃത്യമായ സംഖ്യ, നാമിപ്പോളാരായേണ്ട ആവശ്യമില്ല. ഇതിനും പുറമെ ഈ പ്രവർത്തനങ്ങരംക്കു മുഴുവൻ അകമ്പടി സേവിക്കുകയും അതിനെ സഹായിക്കുകയും ചെയ്ക എന്നതു് യഹൂദർക്കെതിരായ ഏററം ഫലപ്രദവും ശക്തിമത്തുമായ ഒരു പ്രചരണം ആയിരുന്നു. ആ പ്രചരണത്തിൻെറ നിർഭാഗ്യകരമായ ചില ഫലങ്ങരം കത്തോലിക്കരിൽ പോലും ഉണ്ടാകാതിരുന്നുവെങ്കിൽ ഇപ്പോരം ഈ ചർച്ച അസാദ്ധ്യമായിരുന്നേനേ. പ്രത്യേകിച്ച് ആ പ്രചരണം ഉന്നയിക്കുന്ന വാദമുഖങ്ങരം പുതിയനിയമത്തിൽ നിന്നും സഭാചരിത്രത്തിൽനിന്നും എടുക്കപ്പെട്ടതും സത്യത്തിൻെറ ഒരു രൂപം ഉള്ളതുമാകുമ്പോരം ഇതു കൂടുതൽ വ്യക്തമാകും. അങ്ങനെ സുഭഗസ്മരണാർഹനായ 23—ാം യോഹന്നാൻ മാപ്പാപ്പാ പറയുന്നതുപോലെ സഭ അതിൻെറ ''തീക്ഷ്ണമായ യുവത്വത്തിൻെറ അതിർത്തിവരമ്പുകരം കണ്ടുപിടിച്ചു'' (cfr. Discourse of November 14, 1960 A. A. S. 52, 1960, 960) സ്വയം സ്വീകരിക്കുവാൻ പരിശ്രമിക്കുന്ന ഈ അവസരത്തിൽ പ്രസ്തുത പ്രശ്നം പരിചിന്തനം ചെയ്യപ്പെടേണ്ടതു് ആവശ്യമാണ്.

ആൻറി സെമിററിസം, പ്രത്യേകിച്ച് നാഷണൽ സോഷ്യലിസം ഉത്തേജനം പ്രാപിച്ചതു് ക്രിസ്തീയ തത്വങ്ങളിൽനിന്നാണ് എന്നു പറയുന്നതു ശരിയല്ല. അതുകൊണ്ട് ഈ ആശയത്തിൻെറ സ്വാധീനംവഴി കത്തോലിക്കരുടെ മനസ്സിൽ പററിപ്പിടിച്ചിരിക്കുന്ന മററു വല്ല ആശയങ്ങളുമുണ്ടെങ്കിൽ അവയെ, പിഴുതുകളയുകയെന്നതാണു പ്രശ്നം. ക്രിസ്തുവും ശിഷ്യന്മാരും സ്വയം കുരിശുമരണം സഹിച്ചിട്ടും അവരുടെ മർദ്ദകരെ തീക്ഷ്ണമായ സ്നേഹവായ്പോടെ ആലിംഗനം ചെയ്തെങ്കിൽ, അതിൽ എത്രയോ കൂടുതലായി അതേ സ്നേഹത്താൽ നാമും പ്രേരിതരാകേണ്ടതാണ്.

ക്രിസ്തുവിനെതിരായി ചെയ്യപ്പെട്ട പാതകങ്ങരംക്ക് അവയിൽ നിന്നും ഇത്ര വിദൂരമായ നമ്മുടെ ഈ കാലത്തു് ജീവിച്ചിരിക്കുന്ന യഹൂദർ കുററം ചുമത്തപ്പെടേണ്ടവരല്ല. വാസ്തവത്തിൽ മിശിഹായുടെ കാലത്തുപോലും തിരഞ്ഞെടുക്കപ്പെട്ട ജനത്തിൽ ഭൂരിഭാഗവും അവിടത്തെ വിധിക്കുന്നതിൽ നേതാക്കന്മാരോടു സഹകരിച്ചിരുന്നില്ല. സെൻഹെദ്രിൻ സംഘത്തിലെ അംഗമായിരുന്ന അരിമത്തായക്കാരൻ യൗസേപ്പ് ''അവരുടെ പരിപാടികളോടും പ്രവർത്തനങ്ങളോടും യോജിച്ചില്ലെന്നു സുവിശേഷം തന്നെ സാക്ഷ്യംവഹിക്കുന്നില്ലേ? (ലൂക്കാ. 23: 51) പീലാത്തോസിനോടു ''അവനെ ക്രൂശിക്കുക'' എന്നു മുറവിളി കൂട്ടിയവർപോലും തെരഞ്ഞെടുക്കപ്പെട്ട ജനത്തിലെ ഒരു ന്യൂനപക്ഷമേ ആയിരുന്നുള്ളു. ''ജനത്തിൽ കലഹം

ഉണ്ടാകുമെന്നു പേടിച്ച് തിരുനാൾദിവസം'' (മത്താ. 26: 5) മിശിഹായെ വധിക്കണ്ടായെന്നു യഹൂദനേതാക്കൾ തീരുമാനിച്ചില്ലേ?

തന്മൂലം, പലസ്തീനായിലുണ്ടായിരുന്ന യഹൂദരിൽ മുഴുവനിൽ പോലും കുററം ചുമത്തുവാൻ പാടില്ലെങ്കിൽ അതിലെത്രയോ വിരളമായി മാത്രമായിരിക്കും റോമ്മാസാമ്രാജ്യം മുഴുവൻ വ്യാപിച്ചിരുന്ന യഹൂദരുടെ കാര്യത്തിൽ. വീണ്ടും അതിലുമെത്രയോ കുറച്ചുമാത്രമായിരിക്കും 19 നൂററാണ്ടുകൾക്കു ശേഷം ഇന്നു ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്ന യഹൂദരിൽ കുററം ചുമത്തുവാൻ സാധിക്കുന്നതു്.

ഈ പരിചിന്തനങ്ങളെല്ലാം നമുക്കു മാററിവയ്ക്കാം, നമ്മുടെ കർത്താവും അപ്പസ്തോലന്മാരും നമുക്കു നൽകിയിട്ടുള്ള തീക്ഷ്ണമായ സ്നേഹത്തിൻെറ മാതൃകമാത്രം നമുക്കു മതിയാകും. കർത്താവിൻെറ പീഡാസഹനത്തെയും മരണത്തെയും പററി തിരുസഭ പഠിപ്പിക്കുമ്പോൾ സ്നേഹത്തിൻെറ ഈ മാതൃകയോടു കഴിയുന്നത്ര അനുരൂപപ്പെടേണ്ടതാണു്. ഇങ്ങനെ പറയുന്നതുകൊണ്ടു് ആൻറിസെമിററിസം സാധാരണമായും പ്രധാനമായും മതപരമായ ഒരു മൂലത്തിൽനിന്നും അതായതു് കർത്താവിൻെറ പീഡാസഹനത്തെയും മരണത്തെയും പററി സുവിശേഷം പറയുന്നതിൽ നിന്നു് ഉത്ഭവിക്കുന്നു എന്നു് നാം പ്രസ്താവിക്കുകയോ സൂചിപ്പിക്കുകയോ പോലും ചെയ്യുന്നില്ല. ആൻറി സെമിററിസത്തിൻെറ കാരണത്തിനു് ദേശീയവും രാഷ്ട്രീയവും സാമൂഹ്യവും മനഃശാസ്ത്രപരവും ധനശാസ്ത്രപരവുമായ സ്വഭാവമുണ്ടെന്നു് നമുക്കു് നന്നായി അറിയാം. ആരുവഴിയായി വളരെയധികം നന്മ സഭ പ്രാപിച്ചുവോ ആ ജനത്തോടു ക്രിസ്തുവിൻെറ വിനീതമായ സ്നേഹത്തിൻെറ മാതൃകയനുസരിച്ചു് പെരുമാറണം എന്നു് നാം വ്യക്തമാക്കുകയാണു്.

അതുകൊണ്ടു് യഹൂദരിൽ വല്ലവരും അവരിൽ കുററം ചുമത്തപ്പെടുന്നവ വല്ലതും ചെയ്യുന്നെങ്കിൽ ക്രൈസ്തവർ വി. പൗലോസിൻെറ മാതൃകയെ സ്മരിക്കേണ്ടതാണു്. യഹൂദരാൽ കഠിനമായി ആക്രമിക്കപ്പെട്ടപ്പോഴും ദൈവവചനം പ്രസംഗിക്കുന്നതിനും മററുള്ളവർക്കു് സുവിശേഷത്തിൽ വിശ്വസിക്കുന്നതിനുമുള്ള സ്വാതന്ത്ര്യത്തിൽ കൈകടത്തിയ മർദ്ദകരുടെ നേരേ പരസ്യമായിത്തന്നെ വി. പൗലോസ് അനിഷ്ടം കാണിച്ചിട്ടുണ്ടു് (cfr. 1 Thes. 2: 15ff). അതേസമയംതന്നെ അവരെ ഗാഢമായി സ്നേഹിച്ചിരുന്നു എന്നും അവർക്കുവേണ്ടി ''ക്രിസ്തുവിനാൽ ശപിക്കപ്പെടുന്നതിനു'' തയ്യാറായിരുന്നുവെന്നും സാക്ഷീകരിച്ചിട്ടുണ്ടു്. അതിനാൽ സഭയുടെ സന്താനങ്ങളും സത്യം, സ്നേഹം, ക്ഷമ തുടങ്ങിയ സമാധാനപരവും കാര്യക്ഷമവുമായ ആയുധങ്ങൾ ഉപയോഗിക്കേണ്ടതാണു്.

അവസാനമായി നാമിവിടെ തികച്ചും മതപരമായ ഒരു പ്രശ്നം കൈകാര്യം ചെയ്യുന്നതുകൊണ്ടു് ഈ കൗൺസിൽ വിഷമപ്രശ്നങ്ങളായ അറബിരാഷ്ട്രങ്ങളും ഇസ്രായേലും തമ്മിലുള്ള ബന്ധം

അഥവാ സിയോണിസം (Zionism) എന്ന വിളിക്കപ്പെടുന്ന പ്രസ്ഥാനം തുടങ്ങിയവയിൽ കുടങ്ങുന്ന അപകടമില്ലെന്ന സ്പഷ്ടമാണ്.

യഹൂദരെപ്പററിയുള്ള പ്രശ്നത്തിൻെറ ഒരു ചർച്ച ഞാൻ കഴിഞ്ഞവർഷം മെയ്മാസത്തിൽ സുഭഗസ്മരണാർഹനായ 23–ാം യോഹന്നാൻ മാപ്പാപ്പായ്ക്കുവേണ്ടി എഴുതി സമപ്പിച്ചു. കുറച്ചുദിവസങ്ങരംക്കുശേഷം അതു പരിപൂർണ്ണമായി അംഗീകരിച്ച വിവരം പ. പിതാവുതന്നെ എന്നെ അറിയിച്ചു.

പ. പിതാവുതന്നെ അവിടത്തെമരണത്തിന് ഏതാണ്ട് അഞ്ചുമാസങ്ങരംക്കുമുമ്പ് ഈ വിധത്തിൽഎഴുതിയതാണ്. നാം ചർച്ചചെയ്യുന്ന ഈ പ്രശ്നം പ. പിതാവിൻെറ പ്രസ്തുത വാക്കുകരംവഴി പരിഹരിക്കപ്പെട്ടുവെന്ന് തീർച്ചയായും ഞാൻ പറയുന്നില്ല. അവിടത്തെ പിൻഗാമി ഈ കൗൺസിൽ സ്വാതന്ത്ര്യമായിരിക്കണമെന്ന് ആഗ്രഹിക്കുന്നതുപോലെ അവിടന്നും ആഗ്രഹിച്ചിരുന്നു. ഏതായാലും അവിടത്തെ ഈ വാക്കുകരം അത്യുന്നതരും അഭിവന്ദ്യരുമായ എല്ലാ പിതാക്കന്മാക്കും പ്രിയംകരവും, അതേസമയത്തുതന്നെ എങ്ങനെയാണ് മിശിഹായെ അനുകരിക്കേണ്ടതെന്ന് വ്യക്തമാക്കുന്നുണ്ടെന്നുമാണ് എനിക്കു തോന്നുന്നതു്.

ഏതായാലും നമ്മുടെ ഉദ്ദേശത്തിന് ഏററവും പ്രാധാന്യം അർഹിക്കുന്നതും തീർച്ചയുള്ളതും "പിതാവേ ഇവർ ചെയ്യുന്നതെന്തെന്ന അറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ'' എന്ന് കുരിശിൽ കിടന്നു പ്രാത്ഥിച്ച മിശിഹായുടെ തീവ്രസ്നേഹത്തിൻെറ മാതൃകയാണ്. മിശിഹായുടെ മണവാട്ടിയായ സഭ അനുകരിക്കേണ്ട മാതൃകയിതാണ്; അവരം അനുഗമിക്കേണ്ട വഴിത്താരയിതാണ്. ഞങ്ങരം നിർദ്ദേശിക്കുന്ന സ്കേമായുടെ ഉദ്ദേശ്യം ഇതു പരിപോഷിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണ്.

4 റോബർട്ട് ഇ. ട്രാസി
ബാററൺ റൂഗിൻെറ മെത്രാൻ
അമേരിക്കൻ ഐക്യനാട്ടുകാം.

# വർണ്ണവിവേചനം പാടില്ല

അമേരിക്കൻ ഐക്യനാട്ടുകളിലെ മെത്രാന്മാരുടെ നാമത്തിലാണ് ഞാൻ സംസാരിക്കുന്നതു്. ദൈവത്തിൻെറ ജനത്തെപ്പററി പ്രതിപാദിക്കുമ്പോാം സഭയിൽ ഓരോരുത്തക്കുമുള്ള സമത്വത്തെ വ്യക്തമായി ഊന്നിപ്പറയേണ്ടതാണ്. അവിടെ വംശവ്യത്യാസം പാടില്ല.

## ഈ നിർദ്ദേശത്തിനു് അടിസ്ഥാനമായ കാരണങ്ങാം

1. സൂനഹദോസ് ഇങ്ങനെ പ്രവത്തിച്ചാൽ ദൈവത്തിൻെറ ജനത്തിൽ ഓരോരുത്തനും അനുഭവിക്കുന്ന സമത്വത്തെ വ്യക്തമായും പ്രത്യക്ഷമായും കാണിക്കുകയായിരിക്കും ചെയ്യുക. കൂടാതെ വംശത്തിൽ അധിഷ്ഠിതമായ വ്യത്യാസങ്ങാം നാം വിശ്വസിക്കുന്ന സത്യവുമായി—ദൈവം ഓരോ മനുഷ്യനെയും തുല്യ അവകാശങ്ങളോടും തുല്യ മാഹാത്മ്യത്തോടുംകൂടി സൃഷ്ടിച്ചുവെന്ന സത്യവുമായി—പൊരുത്തപ്പെടുകയില്ല.

2. അങ്ങനെ 'ജൂതനും' 'ഗ്രീക്കുകാ'രനുമെന്ന വ്യത്യാസം ഇപ്പോാം അപ്രത്യക്ഷമായി എന്നു വി. പൗലോസു് പറയുന്നതിനോടു നാം യോജിക്കുകയായിരിക്കും. ഇവിടെ യഹൂദനെന്നും ഗ്രീക്കുകാരനെന്നും പറയുമ്പോാം ജനതയെന്നതിലുമുപരിയായി മതം, സംസ്ക്കാരം, വംശം മുതലായവയെ കുറിക്കുന്നു എന്നുവേണം മനസ്സിലാക്കുവാൻ. ഇതാണ് കൂടുതൽ ശരി.

3. ഇപ്പോഴത്തെ സ്ഥിതിയിൽ ഐക്യനാട്ടുകളിലും, പരിതസ്ഥിതിക്കനുസരണമായി മററു സ്ഥലങ്ങളിലും സൂനഹദോസ് പിതാക്കന്മാർ, പലപ്പോഴും അഭിമുഖീകരിക്കേണ്ട ഒരു ന്യലാമാലയാണ് വർണ്ണവിവേചനപ്രശ്നം. ഐക്യനാട്ടുകളിലെ വൈദികാദ്ധ്യ

ക്ഷന്മാർ ആവത്തിച്ചാവത്തിച്ച് ഈ വസ്തുത വിവരിച്ചുകൊണ്ടു് സാമൂഹ്യനീതിയും പരസ്നേഹവും ജനങ്ങളെ പഠിപ്പിക്കുന്നതിനായി പരസ്യപ്രസ്താവനകാംതന്നെ നടത്തിയിട്ടുണ്ടു്. ഇപ്പോാം സൂനഹദോസുതന്നെ എല്ലാ വംശങ്ങളുടേയും സമത്വത്തെപ്പററി ഔദ്യോഗികവും നിണ്ണായകവുമായ ഒരു പ്രഖ്യാപനം നടത്തുകയാണെങ്കിൽ അതു് കൂടുതൽ ഫലദായകമായവിധം ജനങ്ങളെ പഠിപ്പിക്കുവാൻ വൈദികാദ്ധ്യക്ഷന്മാർക്കു വളരെ സഹായകമായിരിക്കും.

4. ഈ പ്രശ്നങ്ങാം ഭൂമിശാസ്ത്രപരമായ ചില സീമകളുള്ളതാണെങ്കിലുംഅവയുടെഫലവും മാററൊലിയുംഅവയെ ഒരുഅന്താരാഷ്ട്രീയ പ്രശ്നമാക്കിത്തീത്തിരിക്കുകയാൽ കൗൺസിലിൻെറ ശ്രദ്ധയ്ക്കു വിഷയീഭവിക്കത്തക്കതാണു്.

5. കൗൺസിലിൻെറ ഇങ്ങനെയുള്ള ഒരു പ്രഖ്യാപനം തുല്യസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരിക്കുന്നവർക്കും താണവംശമെന്ന ഏകകാരണത്താൽ മുൻവിധിയുടെ നുകത്തിനു കീഴിൽ കിടന്നു കഷ്ടപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യുന്നവക്കും ആശ്വാസപ്രദമായിരിക്കും

6. ഈ വിധത്തിലുള്ള കൗൺസിലിൻെറ ഒരു പ്രഖ്യാപനം ഭാവിയിലെ ഡിക്രികാംക്കു് താത്വികാടിസ്ഥാനം ഇടുന്നതാണു്. അതു്, ഒരുപക്ഷെ സമസ്തജാതികളുടെയും സമത്വം എന്ന തത്വം ആധുനികാവശ്യങ്ങളോടു് പൂണ്ണമായും, വിസ്തൃതമായും പ്രയോഗിക്കുവാൻ സഹായകമായും തീന്നേക്കാം. തൻമൂലം പ്രത്യേകവിധത്തിൽ ഇടയനടുത്ത ഒരു പ്രശ്നവും ആധുനികലോകത്തിൽ വളരെ ആവശ്യകവുമായ ഇതേപ്പററിയുള്ള എൻെറ അഭ്യത്ഥനയിതാണു്: ഏതു ജനപദത്തിൽപെട്ടതായാലും ഏതു വംശത്തിൽ പെട്ടതായാലും എല്ലാ മനുഷ്യരും സമന്മാരാണെന്ന ഒരു വിശ്വാസസത്യപ്രഖ്യാപനം ദൈവത്തിൻെറ ജനത്തെപ്പററിയുള്ള അദ്ധ്യായത്തിൽ ഉാംപ്പെടുത്തേണ്ടതാണു്.

5 മാക്ക് മാക്ഗ്രാത്ത്,
പനാമാ രൂപതയുടെ സഹായമെത്രാൻ,
പനാമ.

# കർത്തവ്യബോധവാനായ അവൈദികൻ ലോകത്തിൽ

അൻപതുകൊല്ലങ്ങൾക്കു മുൻപ് കാനോൻ നിയമസംഹിതയുടെ പ്രസാധകർ അവൈദികരെപ്പററി കഷ്ടിച്ചു മാത്രമേ അതിൽ പ്രതിപാദിച്ചിരുന്നുള്ളു. എന്നാൽ ഇപ്പോഴും ഈ കൗൺസിലിൽ നാം അവരെപ്പററി കൂടുതൽ ദീർഘമായിത്തന്നെ ചർച്ച ചെയ്യുന്നുണ്ട്. സഭയെപ്പററിയുള്ളമുഖ്യമായ ഈ കോൺസ്ററിററ്യൂഷനിൽ അവൈദികരുടെ സ്ഥാനവും, അതേപ്പററി പ്രതിപാദിക്കേണ്ട വിധവും കണ്ടുപിടിക്കുകയാണ് നമ്മുടെ ഉദ്ദേശം. എല്ലാവരും അത്യാകാംക്ഷയോടെ പാർത്തിരിക്കുന്ന സഭയുടെ ആധുനീകരണത്തിൻെറ കാതലായ ഭാഗമാണ് അവൈദികരെ സംബന്ധിച്ചുള്ള പ്രശ്നത്തിൻെറ പുരോഗതിയെന്ന് ഇതു വ്യക്തമാക്കുന്നുണ്ട്. ഇതു നമുക്കെല്ലാവർക്കും ആനന്ദത്തിനു വക നൽകുന്നുണ്ടെന്നാണ് എൻെറ അഭിമതം.

പക്ഷെ ഈ അദ്ധ്യായം പഠിച്ചതിനുശേഷവും അവൈദികർ തന്നെയല്ല ദൈവശാസ്ത്ര വിശാരദന്മാരും മെത്രാന്മാർപോലും ഇതേപ്പററി തൃപ്തികരമായ അഭിപ്രായമല്ല പ്രകടിപ്പിക്കുന്നതു്. കാരണം ഇതു് അവൈദികരുടെ സ്ഥാനം വ്യക്തമായി പ്രകാശിപ്പിക്കുന്നില്ല എന്നതുതന്നെ. പോരെങ്കിൽ ഒരു വൈദികകടിഞ്ഞാണും ഇതിനുണ്ട്. അവർ എന്തുകൊണ്ടാണിങ്ങനെ പറയുന്നതു്?

സമസ്തക്രൈസ്തവരും അതിസ്വാഭാവിക ജീവിതത്തിൽ ഭാഗഭാക്കുകളാണെന്ന വസ്തുത ദൈവത്തിൻെറ ജനത്തെപ്പററി പറയുന്ന വിഭാഗത്തിൽ ഭംഗിയായിത്തന്നെ പ്രതിപാദിക്കുന്നുണ്ട്. പക്ഷെ ഇവയെല്ലാം സഭയിൽ ഓരോരുത്തനുമുള്ളസ്ഥാനത്തിൽ പരിതസ്ഥിതിക്കനുസരണമായി പ്രത്യക്ഷീകരിക്കപ്പെടേണ്ടതിൻെറ ആവശ്യകതയുണ്ട്.

ഹയരാക്കിയേയും വൈദികരേയും സംബന്ധിച്ചിടത്തോളം അവ ''സഭയുടെ ഘടന''യെന്ന അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. സന്യാസികളെ സംബന്ധിച്ചിടത്തോളം 'വിശുദ്ധിയിലേക്കുള്ള ദൈവവിളി' എന്ന അദ്ധ്യായത്തിൽ ഒരു പ്രതിപാദനവുമുണ്ട്. ഈ അദ്ധ്യായത്തിൽ അവൈദികരുടെ ജീവിതത്തേയും, പ്രേഷിതവൃത്തിയേയും സംബന്ധിക്കുന്ന കാര്യങ്ങളെപ്പററിയെങ്കിലും പ്രതിപാദിക്കണം. വിശുദ്ധിയെസംബന്ധിച്ചുള്ളവ മററൊരദ്ധ്യായത്തിലേക്കു മാററിവയ്ക്കണം. എന്നാൽ ഇപ്പോഴത്തെ സ്ഥിതിയിൽ ഈ അദ്ധ്യായം മേൽപറഞ്ഞവയുടെ കാര്യത്തിൽ പല വിധത്തിലും ന്യൂനതയുള്ളതാണ്.

1. അവൈദികൻ എന്നതിന്റെ നിർവ്വചനം: അവൈദികനെപ്പററിയുള്ള നിർവ്വചനം അപൂർണ്ണമായതാണ്. ജ്ഞാനസ്നാനം സ്വീകരിച്ചതും, ഹൈറാക്കിയിലോ സഭയാൽ അംഗീകരിക്കപ്പെട്ട സന്യാസാവസ്ഥയിലോ പെടാത്തവനുമായ ഒരുവനാണ് അവൈദികൻ എന്ന നിർവചനം തികച്ചും നിഷേധാത്മകമത്രെ. വ്യത്യസ്തങ്ങളായ രണ്ടു തലങ്ങളോടു ബന്ധപ്പെടുത്തിയുള്ള നിർവ്വചനം തീർത്തും അപൂർണ്ണമാകുന്നു. കാരണം സന്യാസാവസ്ഥ പരിപൂർണ്ണതാപ്രാപ്തിക്കുവേണ്ടി പ്രയത്നിക്കുവാനുള്ള മാർഗ്ഗമായിരിക്കുമ്പോൾ ഹയരാക്കി എന്നു പറയുന്നതു് കൂദാശക്രമത്തിൽ(Sacramental Order) പെട്ടതാണ്. ന്യൂനതയുള്ള ഈ നിർവ്വചനത്തിൽനിന്നും വളരെ തെററിദ്ധാരണകൾ ഉദിക്കുന്നുണ്ട്. ഉദാഹരണമായി തിരുപ്പട്ടമില്ലാത്ത സന്യാസികൾ അത്മായരായിരിക്കുകയില്ലായെന്നു പറയുന്നതു് തെററാണ്. അതുകൊണ്ടു് ഇവിടെ നൽകിയിരിക്കുന്ന നിർവ്വചനം താഴെവരുംപ്രകാരം മാററുന്നതു് നന്നായിരിക്കും. അവൈദികൻ എന്നു പറഞ്ഞാൽ ജ്ഞാനസ്നാനംവഴി ദൈവത്തിന്റെ ജനത്തിലേക്ക് കൂട്ടിച്ചേർക്കപ്പെടുകയും വിശ്വാസമുള്ള ക്രിസ്ത്യാനികളെന്നനിലയിൽ ദൈവത്തെ ശുശ്രൂഷിക്കുകയും ഓരോരുത്തരുടേയും പരിതസ്ഥിതിക്കനുസരണമായി സമസ്ത ക്രൈസ്തവരുടേയും മിഷ്യൻപ്രവർത്തനം ഈ ലോകത്തിൽ നിർവ്വഹിക്കുകയും, വൈദികാധികാരത്തിൽ ഭാഗഭാഗിത്വം ഇല്ലാതിരിക്കുകയും ചെയ്യുന്ന വിശ്വാസികൾ എന്നാണ് ഈ കൗൺസിൽ പഠിപ്പിക്കുന്നതു്''.

2. അവൈദിക പ്രേഷിതത്വം: പ്രേഷിതത്വത്തിന്റെ കാര്യത്തിൽ ഈ നിയമസംഹിത, അവൈദികരെ മിക്കവാറും മാററിനിർത്തിയിരിക്കുകയാണ്. ഒരു മനുഷ്യൻ എന്തു ചെയ്യുന്നു എന്നതിനേക്കാൾ പ്രാഥമികവും അടിസ്ഥാനപരവുമല്ലേ അവൻ എന്താകുന്നുവെന്നതു്? അവൈദികന്റെ ജീവിതം അതിൽത്തന്നെ പ്രേഷിതപ്രവർത്തനത്തിന്റെ ഒരു ഉപകരണമായി കണ്ടിച്ചേ പരിചിന്തനംചെയ്യപ്പെട്ടിട്ടുള്ളു. പ്രേഷിതത്വം എന്നു പറയുമ്പോൾ നിഷ്കൃഷ്ടമായ അർത്ഥത്തിൽ ഇവിടെ മനസ്സിലാക്കേണ്ടതാണ്; അതായതു് ഹൈ

രാക്കിയുടെ "നിർദ്ദേശാ"നുസരണം ചെയ്യപ്പെടുന്നതും മതത്തെ സ്പഷ്ടമായോ, അസ്പഷ്ടമായോ സ്പർശിക്കുന്നതും എന്നു മനസ്സിലാക്കേണ്ടതാണ്. അവൈദികൻെറ ഭൗതികകർത്തവ്യത്തെപ്പററി ചില പ്രസ്താവനകളുണ്ടെന്നുള്ളതു ശരിതന്നെ. അതു വ്യക്തമായിത്തന്നെ പ്രതിപാദിച്ചിട്ടുമുണ്ട്. എങ്കിലും ഈ ആശയം വ്യക്തമായി പ്രതിപാദിക്കുന്നതിനുമുമ്പ് ഹൈരാക്കിയുമായുള്ള ബന്ധം സ്ഥാപിക്കുകയായി.

നിരുപയോഗപ്രദമായ ഇത്തരം പ്രതിപാദനം സഭയുടെ അയഥാർത്ഥമായ ഒരു ചിത്രമാണ് വരച്ചുകാട്ടുക. ഈ ചിത്രത്തിൽ ഒരു ക്രൈസ്തവൻെറ ജീവിതം മുഴുവനും ഹൈരാക്കിയോടുള്ള വിധേയത്വത്തിൽ ചുരുക്കിനിറുത്തിയിരിക്കുന്നതായി തോന്നും. മറെറല്ലാത്തിനും കീഴ്പ്പെട്ടുനില്ക്കുന്ന ഒരു ചെറിയ തിരികാൽപോലെയോ, അവൈദികരുടെമേൽ പണിയപ്പെട്ടിരിക്കുന്ന "വൈദികപിരമിഡി"ൻെറ അടിക്കല്ലുകൾപോലെയോ അവൈദികർ കഴിഞ്ഞുകൂട്ടുന്ന ഒരു ചിത്രമായിരിക്കും അതു്. മററുവിധത്തിൽ പറഞ്ഞാൽ നാം ഇന്ന് ഈ കൗൺസിൽഹാളിൽ ആയിരിക്കുന്നതുപോലെ, പ്രധാനമായി മെത്രാന്മാരും, പിന്നീടു വൈദികരും, നമ്മുടെ ജോലിയിൽ സഹായിക്കുന്ന കുറെ അവൈദികരുംവഴി, സഭ തൻെറ ഈലോകജീവിതം പൂർത്തീകരിക്കപ്പെടുന്നവിധമായിരിക്കും ആ ചിത്രം പ്രത്യക്ഷപ്പെടുക.

ഇത്തരത്തിലുള്ള ചിത്രീകരണം വസ്തുനിഷ്ഠമല്ലായെന്നു വ്യക്തമാണ്. കാരണം സഭയുടെ യഥാർത്ഥമായ ചിത്രം നൽകുന്നതിൽ അതു പരാജയപ്പെടുന്നു. പ്രത്യക്ഷമായോ, പരോക്ഷമായോ, മതപരമായ കാര്യങ്ങളിൽ അവൈദികൻെറ സഹകരണം— പ്രത്യേകിച്ച് വൈദികർ വളരെ കുറവുള്ള ഞങ്ങളുടെ ദേശങ്ങളിൽ— വളരെ പ്രാധാന്യമർഹിക്കുന്നതാണെങ്കിലും, അയാളുടെ ക്രിസ്തീയജീവിതം മുഴുവനും ഹൈരാക്കിയുടെ പ്രേഷിതവൃത്തിയോടുള്ള ബന്ധത്തിൽ ഒതുക്കിനിർത്താവുന്ന ഒന്നല്ല.

വാസ്തവത്തിൽ അവൈദികർക്ക്— മിക്കവാറും വളരെയധികം പേർക്കും— ദാരിദ്ര്യത്താലോ, ലൌകികകാര്യങ്ങളിൽ ഇടപെടേണ്ടതുമൂലമോ, ഹൈരാർക്കിയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ പങ്കുകൊള്ളുവാൻ ഒട്ടുംതന്നെ സമയമില്ല; അഥവാ അല്പസമയം മാത്രമേയുള്ളു. അധികംപേരും ലൌകികകാര്യങ്ങളിൽ മുഴുവൻ സമയവും വ്യയം ചെയ്യുകയാണ്. പ്രസ്തുത പ്രവർത്തനങ്ങൾക്ക് ധാർമ്മികമൂല്യങ്ങൾ ഉണ്ടെന്നുള്ളതു തീർച്ചയാണ്. ധാർമ്മികനിയമങ്ങൾക്കനുസരണമായി അവ കൈകാര്യം ചെയ്യുവാൻ അയാൾക്ക് മനസ്സാക്ഷിയിൽ കടമയും ഉണ്ട്.

ഇതിന് ഹൈരാക്കിയുടെ ഇടപെടൽ വളരെ വിരളമായേ ആവശ്യമാകയുള്ളു. വിവേകപൂർവ്വം പെരുമാറുന്നതിന് ശരിയായ ശിക്ഷണംലഭിച്ച മനസ്സാക്ഷിയേ അവനു ആവശ്യമുള്ളു. ഓരോ സാഹചര്യത്തിലും അവൈദികനുവേണ്ടി വൈദികൻ തീരുമാനമെടുക്കുകയെന്നതിലും ഉപരിയായി ക്രിസ്തുവിൻെറ മനസ്സിന് അനുരൂപ

മായവിധം അവൈദികൻെറ മനസ്സാക്ഷിക്ക ശിക്ഷണം നൽകുകയാണ് വൈദികരുടെ കർത്തവ്യം. വാസ്തവത്തിൽ വൈദികാദ്ധ്യക്ഷരായിരിക്കുന്ന നമ്മുടെമേലും ഭൗതികകാര്യങ്ങളിൽ അവൈദികൎക്ക് അധികാരമുണ്ട്. ഉദാഹരണത്തിനു് മതപരമായ കാര്യങ്ങളിൽ ഒരു ഡോക്ടറോ, പോലീസോ, മേയറോ, നമ്മെ അനുസരിക്കുന്നതുപോലെ അവരുടെ അധികാരമണ്ഡലത്തിൽ നാം അവരെയും അനുസരിക്കണം. മററുവിധത്തിൽ പറഞ്ഞാൽ ഒരു ക്രിസ്തീയസംസ്കാരത്തിനു് സഭാപരമാകേണ്ട ആവശ്യമില്ല. വൈദികപരമാകേണ്ട ആവശ്യമോ ഒട്ടുമില്ല.

ഇതു വളരെ സ്പഷ്ടവും ലളിതവുമായ ഒരു പ്രസ്താവനയായിതോന്നിയേക്കാമെങ്കിലും അതു വളരെയധികം പരമാൎത്ഥമുൾക്കൊള്ളുന്നുണ്ട്. മെത്രാന്മാരും വൈദികരുമായ നമുക്കു് കർത്താവിൻെറ അജഗണത്തിൻെറ നായകരെന്നനിലയിൽ സമസ്തവും പ്രേഷിതത്വത്തിൻെറ വീക്ഷണകോണത്തിൽക്കൂടി നിഷ്പ്രയാസം കാണുവാൻ സാധിക്കും. ഇതിൻെറഫലമായി സ്വാഭാവികമൂല്യങ്ങളുടെ യഥാൎത്ഥനില നാം ഗ്രഹിക്കുന്നില്ല. എററിയേൻ ഗിൽസൺ പറയാറുണ്ടായിരുന്നു, "നമ്മുടെ അറിവു് ദൈവത്തിനുനൽകുക എന്നതു് ഒരു നല്ല കാര്യമാണ്." പക്ഷെ, "എന്തെങ്കിലുംയാഥാൎത്ഥമായും പരമാൎത്ഥമായുംദൈവത്തിനുനൽകണമെങ്കിൽ ഒന്നാമതായി ആവശ്യമായിരിക്കുന്നതു് അതൊരു യഥാൎത്ഥ അറിവായിരിക്കണം" എന്നാണ്. അതല്ലെങ്കിൽ ദൈവത്തിനു യാതൊന്നും നൽകപ്പെടുന്നില്ല. സാധാരണമനുഷ്യരെന്നനിലയിൽ- ജ്ഞാനസ്നാനം സ്വീകരിക്കാത്തവരാണെങ്കിൽതന്നെ— നമുക്കെല്ലാവൎക്കും ഈ ലോകത്തെ മാനുഷികമായവിധം സംഘടിപ്പിക്കുവാൻ കടമയുണ്ട്. സംസ്കാരത്തിൻെറയും സമുദായത്തിൻെറയും ശാസ്ത്രത്തിൻെറയും ആന്തരികനിയമങ്ങളെ അവഗണിക്കയെന്ന പ്രലോഭനത്തിൽനിന്നും ഒഴിഞ്ഞുമാറണമെങ്കിൽ ഇതു വളരെ ആവശ്യമാണ്. ശരിയായ ഭൗതികമൂല്യങ്ങൾ അതിൻെറ നിഷ്കൃഷ്ടാൎത്ഥത്തിൽ ഓരോ ക്രിസ്ത്യാനിക്കുംവേണ്ടി നിലകൊള്ളുന്നുവെന്നു് നാം ഗ്രഹിക്കണം; ഗ്രഹിക്കേണ്ടതുമാണ്. എന്തെങ്കിലും മതനിഷ്ഠയുടെ മറവിൽനിന്നുകൊണ്ടു് ഈ ഭൗതികമൂല്യങ്ങളെ അവൈദികർ അവഗണിച്ചുകൂടാത്തതാണ്. പ്രത്യുത "ക്രിസ്തുവിനാൽ സ്വീകരിക്കപ്പെടാത്തവയൊന്നും പുനരുദ്ധരിക്കപ്പെട്ടിട്ടില്ല" എന്ന തത്വത്തിനനുസരണമായി— സൃഷ്ടവസ്തുക്കളുടെ ഉപരിമഹത്വീകരണത്തിനു് ഒരുവൻ സ്വകഴിവുമുഴുവൻ വിനിയോഗിക്കേണ്ടതാണ്. മാൎപ്പാപ്പാമാരുടെ വിശ്വലേഖനങ്ങളിൽ ഉടനീളം വ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതുപോലെ ഭൗതികശാസ്ത്രങ്ങളുടെയും സ്വാഭാവികപുണ്യങ്ങളുടെയും മണ്ഡലങ്ങളിൽ ഓരോ കത്തോലിക്കനും സന്മനസ്സുള്ള മററു വ്യക്തികളുമായി സഹകരിച്ചുപ്രവൎത്തിക്കേണ്ടതാണ്. കത്തോലിക്കർ അവരുടെ സംഖ്യാനുപാതികമായി ഈ തലങ്ങളിൽ ശോഭിക്കുന്നില്ലായെന്നതു് ലജ്ജാകരമായ ഒരു വസ്തുതയാണ്. മതപര

മായ പ്രേഷിതവൃത്തിയെപ്പററി പ്രത്യേകമായി ഊന്നിപ്പറയുകയും മാനുഷികമായവസ്തുവേണ്ട പരിഗണനനൽകുകയും ചെയ്യാതെ അവരെ പഠിപ്പിച്ചതിൻെറ ഫലമല്ലേ ഇതു്? സാങ്കേതികപുരോഗതിക്കും ശാസ്ത്രീയമനസ്ഥിതിക്കും പ്രാമാണ്യം സിദ്ധിച്ചിരിക്കുകയും അതേസമയത്തു് ഉയർന്നുവരുന്ന മനുഷ്യരാശി പല സ്ഥലങ്ങളിലും കഷ്ടതയിൽ കഴിയുകയും ചെയ്യുന്ന ഈ യുഗത്തിൽ ഇതു വളരെ ഗൗരവാവഹമായ ഒരു കാര്യമാണു്. വെറും ശൂന്യസ്ഥാനത്തല്ല സുവിശേഷം പ്രസംഗിക്കപ്പെടേണ്ടതു്. ഞങ്ങളുടെ സ്ഥലമായ ലത്തീൻ അമേരിക്കയിലെ ജനങ്ങളുടെ മനസ്സിനെ ഉലയ്ക്കുന്ന പ്രധാന പ്രശ്നങ്ങൾ അവർ സ്വപ്നംകാണുന്ന അഭിവൃദ്ധിയും ഇപ്പോൾ ആയിരിക്കുന്ന കഷ്ടസ്ഥിതിയുമാണു്. മനുഷ്യസ്വാതന്ത്ര്യത്തിനും മഹത്വത്തിനും അനുയോജ്യമായ ഒരു ഭൗതികനഗരം കെട്ടിപ്പടുക്കുവാനാണു് അവർ വെമ്പൽകൊള്ളുന്നതു്. ഈ പരിതസ്ഥിതിയിൽ സഭ പലപ്പോഴും അതിസ്വാഭാവികകാര്യങ്ങളെ മാത്രം ഗൗനിക്കുന്നതായി തോന്നുന്നു. സ്വഭാവാതീതമായവയെപ്പററി മാത്രമുള്ള ഈ ചിന്ത കാർഡിനൽ ഗ്രേഷ്യസ് പറഞ്ഞതുപോലെ "ഒഴിഞ്ഞുമാററത്തിൻെറ തത്വശാസ്ത്രം" (Philosophy of evasion) പോലെ കാണപ്പെടുന്നു. സർവ്വോപരി ഈ സ്ഥലങ്ങളിൽ പലപ്പോഴും സഭ ബൗദ്ധികകാര്യങ്ങളിലായാലും സാമുദായികകാര്യങ്ങളിലായാലും "പഴയ ക്രമങ്ങളോടു്" ഗാഢമായി ബന്ധിക്കപ്പെട്ടതായിട്ടാണു് കാണപ്പെടുന്നതു്. ആ സ്ഥിതിയ്ക്കു് നാം പുരോഗതിയുടെ ക്രിസ്തീയവും മാനുഷികവുമായ അർത്ഥംകാണിക്കാതിരിക്കുകയാണെങ്കിൽ വരുംതലമുറ ഭൗതികവാദികളായിത്തീരും. മനുഷ്യൻെറ അദ്ധ്വാനം നീതിക്കും പരസ്നേഹത്തിനും സഹായകമാണെന്നു നാം ഉടനെതന്നെ വ്യക്തമാക്കേണ്ടതാണു്. ഈ ജീവിതത്തിൽ മനുഷ്യൻ നൽകുന്ന സേവനസഹകരണംവഴി ദൈവരാജ്യം സമാഗതമാകുന്നതിനും അതുവഴി മാനുഷികമായ അസ്ഥിത്വം ലഭിക്കുന്നതിനു സഹായകമാണെന്നും വ്യക്തമാക്കണം. ഭൗതികവസ്തുക്കളുടെ ഒരു ദൈവവിജ്ഞാനീയം നിർദ്ദേശിക്കുവാൻ നമുക്കു സാധിക്കുന്നില്ലെങ്കിൽ, സ്നേഹംവഴി സജീവമാക്കപ്പെട്ട നമ്മുടെ വിശ്വാസം നമ്മുടെ പ്രവർത്തനങ്ങളിലും, സത്യം സാമൂഹികഫലങ്ങളിലും പ്രത്യക്ഷപ്പെടുന്നില്ലെങ്കിൽ ലോകത്തിലെ "നവീന" ജനപദങ്ങളുടെ അടുത്ത തലമുറ ഭൗതികവാദികളായിത്തീരുന്നതിനുള്ള ഒരു അപകടസാദ്ധ്യതയുണ്ടു്. യഥാർത്ഥമായ പുരോഗതിയെ കൂടുതൽ നന്നായി മനസ്സിലാക്കുകയും തീക്ഷ്ണമായി ആഗ്രഹിക്കുകയും ചെയ്യുന്ന ക്രിസ്തീയസ്നേഹത്തിൻെറയും നീതിയുടെയും ആദർശവുമായി ആധുനികലോകത്തെ സമീപിക്കുവാൻ നമുക്കു സാധിച്ചാൽ, പ. പിതാവു പോൾ ആറാമൻ ഈ കൗൺസിലിൻെറ അന്തിമലക്ഷ്യമായി വച്ചിരിക്കുന്ന– "സഭയ്ക്കു് ആധുനികലോകത്തിലേയ്ക്കു് ഒരു പാലം നിർമ്മിക്കുക" എന്ന കാര്യം നമുക്കു നേടുവാൻ സാധിക്കും. (Address of Sept. 29, 1963)

ചുരുക്കത്തിൽ അതാണ് പ്രശ്നം. ഹെർവാസ് മെത്രാൻെറ നിർദ്ദേശങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. പ്രസാദവരത്തിൽനിന്നും ഉടലെടുക്കാത്ത അവൈദികപ്രേഷിതത്വം ഫലശൂന്യമാണ്. അതുടനെ കെട്ടടങ്ങും. അതിസ്വാഭാവികജീവിതത്തിലെ പ്രസ്തുത അത്ഭുതങ്ങളിലാണ് അവൈദികരോടൊപ്പം നാമും ഭാഗഭാക്കുകളാകുന്നത്. ഇതു് Cursillos de Cristiandad എന്നതിൻെറ സ്ഥാപനംവഴി ഹെർവാസ് മെത്രാൻ സാധിച്ചിട്ടുണ്ട്. ദൈവത്തിൻെറ പുതിയ ജനം മഹത്വത്തിൻെറയും പുകഴ്ചയുടെയും കീർത്തനങ്ങൾവഴി ലോകത്തെ അതിൻെറ നാഥനു് പ്രതിഷ്ഠിക്കട്ടെ. ഇതു് ഒരു ശൂന്യതയിലൊ, ദേവാലയത്തിലൊ, സങ്കീർത്തിയിലൊ സംഭവിക്കുന്നില്ല. മറിച്ച് വിശ്വാസവും കൂദാശകളുംവഴി സംരക്ഷിക്കപ്പെട്ടിരിക്കുന്ന ക്രിസ്തീയ ജനം ലോകത്തിൽ കൂടുതൽ തീവ്രമായി പ്രവർത്തിക്കുകയും അവരുടെ നെററിയിലെ വിയർപ്പുവഴി തങ്ങളുടെയും തങ്ങളുടെ അയൽക്കാരുടെയും രക്ഷ സാധിക്കുകയും ചെയ്യുന്നു. ദൈവജനത്തിൻെറ പരിശുദ്ധി അവരുടെ യഥാർത്ഥലോകത്തിൽ നട്ടുവളർത്തണം. ദൈവമഹത്വത്തിനും മനുഷ്യസേവനത്തിനുംവേണ്ടി ലോകത്തെ കീഴ്പ്പെടുത്തുന്നതിനു് അവരുടെ രാജകീയ പൗരോഹിത്യം വിനിയോഗിക്കപ്പെടേണ്ടതാണ്.

---

**6** ബുറുണ്ടി–റുവാണ്ടായിലെ മെത്രാന്മാരുടെ കോൺഫറൻസ് ആഫ്റിക്കാ.

# സഭയും അക്രൈസ്തവമതങ്ങളും

## 1. പ്രാരംഭസൂചനകൾ

സഭയെസംബന്ധിച്ചുള്ള സ്കേമാ (Schema) നല്ലതുതന്നെ. പക്ഷേ അതിൽ ചില പരിഷ്ക്കാരങ്ങൾ വരുത്തേണ്ടതുണ്ടെന്നാണ് തോന്നുന്നത്. താഴെപ്പറയുന്ന സംഗതികൾ അങ്ങനെയുള്ള പരിഷ്ക്കരിച്ച പതിപ്പിൽ പ്രത്യേകപരിഗണനയ്ക്കു വിഷയമാകേണ്ടതുണ്ട്: വ്യക്തികളെ സംബന്ധിച്ച് മാത്രമല്ല എല്ലാ സമൂഹങ്ങളെയും ക്രൈസ്തവേതര മതങ്ങളെയും സംബന്ധിച്ചുള്ള ദൈവത്തിൻെറ രക്ഷണീയപദ്ധതിയുടെ പൂർണ്ണമായ വ്യാപ്തി; ക്രൈസ്തവസഭയ്ക്കു പുറമെയുള്ള കേവലമായ എല്ലാ ഘടകങ്ങളുടെയും നേർക്കുള്ള സഭയുടെ തുറന്ന മനസ്ഥിതിയും പ്രേഷിതവേലയും, പ്രേഷിതവേലയ്ക്കും പ്രേഷിതർക്കും ആവേശംകൊടുക്കുന്ന നിർമ്മാണപരമായ ചൈതന്യം.

ഞങ്ങളിവിടെ അവതരിപ്പിക്കുന്നതു് മറെറാരു "ടെക്സ്റ്റ്" ആണ്. സഭയുടെ പൊതുവായ ദൈവശാസ്ത്രത്തെയും അക്രൈസ്തവ ലോകത്തെയുംപററി പ്രതിപാദിക്കുന്നൊരു ടെക്സ്റ്റ്. മറെറാന്നും ഉൾപ്പെടുത്തുവാൻ കഴിയാത്തതു് ഇതു് വിസ്തരിച്ചൊരു പ്രതിപാദനത്തിനുള്ളസ്ഥലമല്ലാത്തതുകൊണ്ടാണ്.

വളരെയധികം ബൈബിൾ ഭാഗങ്ങൾതന്നെ നമുക്കുപയോഗിക്കാം; പ്രത്യേകിച്ച് അക്രൈസ്തവരെസംബന്ധിച്ചുള്ള ദൈവത്തിന്റെ പദ്ധതി എന്തെന്നു് വ്യക്തമാക്കിയിരിക്കുന്ന സ്ഥലങ്ങളിൽ നിന്നു്: കൊർണേലിയസിനോടുള്ള വി. പത്രോസിന്റെ വാക്കുകൾ (നടപടി 10); ആതൻസുകാരോടുള്ള വി. പൗലോസിന്റെ വാക്കുകൾ (നട. 17); പേഗൺജനതയെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ പഠനങ്ങൾ (റോമ.); ക്രിസ്തുവിലുള്ള സാർവ്വത്രികരക്ഷയുടെ രഹസ്യം (അപ്പെ., കൊലേ.) തുടങ്ങിയവ.

ഞങ്ങളവതരിപ്പിക്കുന്ന ടെക്സ്റ്റിന്റെ വികസനത്തിനു് നാലുഭാഗങ്ങളുണ്ട്. അവതരിച്ച വചനത്തിന്റെയും സഭയുടെയും സാർവ്വത്രികമായ പ്രവൃത്തികളെക്കുറിച്ചുള്ളചുരുങ്ങിയ ഒരു വിവരണം, അറിയപ്പെടാത്ത ദൈവത്തിലേക്കുള്ള മതപരമായ ആഗ്രഹത്തിന്റെ പരസ്പരബന്ധമുള്ള ഒരു വർണ്ണന, ഇതിൽനിന്നും എങ്ങനെ ക്രൈസ്തവേതരമൂല്യങ്ങൾ സ്വീകരിക്കുകയും അവയെ ഉൽകൃഷ്ടമായ ഒരു തലത്തിലേയ്ക്കുയർത്തുകയും ചെയ്യുവാൻ കഴിയും എന്നു കാണിക്കുവാനുള്ള ഒരുദ്യമം, ഇതിന്റെയെല്ലാം ഫലമെന്നോണം അക്രൈസ്തവരുടെ ഇടയിലുള്ള പ്രേഷിതജോലിയുടെ ലക്ഷ്യവും സ്വഭാവവും എന്താണെന്നു വ്യക്തമാക്കുക.

## 2. ഞങ്ങൾ നിർദ്ദേശിക്കുന്ന ടെക്സ്റ്റ്

1. സഭ "മരിച്ചവരിൽനിന്നും ആദ്യമായി ഉത്ഥാനം ചെയ്തവനും, യൂദന്മാരോടും പുറജാതികളോടും വെളിച്ചത്തെ പ്രസംഗിക്കുന്നവനും" (നട. 26:23) സകല ജാതികളുടെയും രക്ഷകനുമായ ക്രിസ്തുവിന്റെ മണവാട്ടിയും ശരീരവുമായതിനാൽ, സഭയും അവളുടെ സ്വഭാവത്തിൽതന്നെ "മിശിഹായുടെ അഗ്രാഹ്യമായ സമ്പത്തിനെ പുറജാതികളുടെ ഇടയിൽ അറിയിക്കുവാനും, സകലവും സൃഷ്ടിച്ച ദൈവത്തിൽ നിത്യമായിമറഞ്ഞിരിക്കുന്ന രഹസ്യത്തിന്റെ നടത്തൽ എന്താകുന്നു എന്നു സകല മനുഷ്യർക്കും തെളിയിച്ചുകൊടുക്കണം (അപ്പെ. 3: 8–9); "യേശുക്രിസ്തു വഴിയായി സമാധാനത്തിന്റെ നല്ല വാർത്തകൾ നൽകിക്കൊണ്ടു്" (നട.10: 36).

"നിങ്ങൾ ലോകമെങ്ങുംപോയി, സകല സൃഷ്ടികളിലും എന്റെ സുവിശേഷം അറിയിക്കുവിൻ" (മർക്കോ. 16: 15), "നിങ്ങൾ പോയി സകല ജാതികളെയും ശിഷ്യപ്പെടുത്തുകയും, അവർക്കു മാമോദീസാ നൽകുകയും ചെയ്യുക" (മത്താ. 28: 19)എന്നു നമ്മുടെ

കത്താവ് അവിടത്തെ ശിഷ്യരോട കല്പിച്ചപ്പോഠം പ്രാമുഖ്യമുള്ള ഈ മിഷൻ അവിടന്ന ചൂണ്ടിക്കാണിച്ചു.

അതുകൊണ്ട് "സുവിശേഷം പ്രസംഗിച്ചില്ലെങ്കിൽ എനിക്കു നാശം" (1കോറ. 9: 16) എന്ന വാക്കുകഠം സ്വന്തമാക്കിക്കൊണ്ട്, പ്രാത്ഥനയാലും വിശുദ്ധിയുടെ മാതൃകയാലും ഉപവിയുടെ പരിശീലനത്താലും പ്രത്യേകിച്ച് അക്രൈസ്തവരുടെ ഇടയിലെ പ്രേഷിത പ്രവത്തനങ്ങളാലും എല്ലാ മനുഷ്യരും—പാവപ്പെട്ടവർ പ്രത്യേകിച്ചും—ക്രിസ്തുവിൻെറ ശരീരത്തിൽ ഒന്നാകുന്നതുവരെ ലോകത്തോട മുഴുവൻ സുവിശേഷം പ്രസംഗിക്കുക എന്ന കടമയിൽനിന്നും സഭ സ്വസ്ഥമായിരുന്നുകൂടാ.

2. മനുഷ്യവംശമാകുന്ന കുടുംബംമുഴുവൻെറയും ആവശ്യങ്ങളും അഭിലാഷങ്ങളും സഭ സാധിച്ചുകൊടുക്കുന്നതു ഈ വിധത്തിലാണ്. എന്തുകൊണ്ടെന്നാൽ "എല്ലാവരും പാപംചെയ്തു ദൈവമഹത്വമില്ലാത്തവരായിത്തീർന്നു" (റോമാ.3:23). ദൈവം "ഇതു്, അവർ ദൈവത്തെ അന്വേഷിക്കുകയും, തിരക്കുകയും, അവൻെറ സൃഷ്ടങ്ങളിൽനിന്ന് അവനെ കണ്ടെത്തുകയും ചെയ്യേണ്ടതിന് ഭൂമുഖത്തെങ്ങും വസിക്കുവാൻ ഒരേ രക്തത്തിൽനിന്നു് മനുഷ്യലോകം മുഴുവനും സൃഷ്ടിച്ചു." (നട. 17: 27). അവിടത്തെ അദൃശ്യലക്ഷണങ്ങഠം അവൻെറ സൃഷ്ടികളിൽനിന്നു് യുക്തിയുടെ നയനങ്ങഠംക്കു് ലോകസ്ഥാപനം മുതൽ ദൃശ്യമായിരുന്നു. (റോമ. 1: 20) "നിയമമില്ലെങ്കിലും അവർതന്നെ അവരുടെ നിയമമാണ്...... അവരുടെ മനസ്സാക്ഷി സാക്ഷ്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു" (റോമ. 2: 14–15). ദേവാലയങ്ങളിലോ തങ്ങളുടെതന്നെ ഹൃദയങ്ങളിലോ അറിയപ്പെടാത്ത ദൈവത്തെ ആരാധിച്ചിരുന്ന മതവിശ്വാസമുള്ള മനുഷ്യർ എല്ലാ മതങ്ങളിലും, എല്ലാ ജനപദങ്ങളിലും ഉണ്ടായിരുന്നു.....

3. തങ്ങളുടെ മനസ്സാക്ഷിയുടെ പ്രേരണയനുസരിച്ച് സത്യത്തിലും അരൂപിയിലും ജീവിക്കുവാൻ പരിശ്രമിക്കുന്നവർ ദൈവഹിതത്തോട് വിശ്വസ്തരാണ്. അക്രൈസ്തവമനുഷ്യരിലും, മനുഷ്യസമൂഹങ്ങളിലും നന്മയായിട്ടുള്ളതെല്ലാം സുവിശേഷത്തിനു വഴി ഒരുക്കുന്നു; "ആരിൽ വിശ്വാസം ആദ്യംമുതലേ അന്ത്യത്തിനായി തങ്ങിനില്ക്കുന്നുവോ" (എബ്രാ. 12:12) ആ ക്രിസ്തുവിലേയ്ക്കാണിതെല്ലാം വിരൽ ചൂണ്ടുന്നതു്. സഭവഴിയായി ക്രിസ്തുവിനാൽ ഇതെല്ലാം സ്വീകരിക്കപ്പെടാവുന്നതും ഉന്നതമായ ഒരു തലത്തിലേക്കുയത്തപ്പെടാവുന്നതുമാണ്. എന്തിനു, സ്വീകരിക്കപ്പെടേണ്ടതും ഉയർത്തപ്പെടേണ്ടതുമാണ്.

4. അതുകൊണ്ട്, ക്രൈസ്തവവെളിപാടാകുന്ന പൂണ്ണമായ പ്രകാശത്തിലേയ്ക്കു വരുന്നതിന് "സത്യദൈവമായ അവിടത്തേയും, അവിടന്നയച്ച യേശുക്രിസ്തുവിനെയും അറിയുക" (യോഹ. 17: 3) അവക്കു് അടിയന്തിരമായ ഒരാവശ്യമാണ്. ഈ വിധത്തിൽ അതേ

ദൈവത്തിൻെറ സഹായത്താൽ സഭയാകുന്ന ക്രിസ്തുവിൻെറ ശരീരത്തിലേക്കു അവർ ആനയിക്കപ്പെടുകയും ചെയ്യും.

"പുറജാതികളുടെ ബലി സ്വീകാര്യവും, പരിശുദ്ധാത്മാവിനാൽ പവിത്രീകരിക്കപ്പെട്ടതും ആയിരിക്കേണ്ടതിന് ഞാൻ പുറജാതികളുടെ ഇടയിൽ ഈശോമിശിഹായുടെ ശുശ്രൂഷകൻ ആയിരിക്കുവാനും ദൈവത്തിൻെറസുവിശേഷത്തിനായി വേലചെയ്യുവാനും" (റോമ. 15: 16) ആണെന്നുള്ള വി. പൗലോസിൻെറ വചനങ്ങൾ തന്നെയും ബാധിക്കുന്നതാണെന്നുള്ളകാര്യം അക്രൈസ്തവരുടെ ഇടയിലേക്കു സഭയാൽ അയക്കപ്പെടുന്ന ഏതൊരുവനും വിസ്മരിച്ചുകൂടാ. ഈ വിധത്തിൽ എല്ലാ മതങ്ങളുടേയും, രാഷ്ട്രങ്ങളുടേയും, വ്യക്തികളുടേയും ആധികാരികമായ മതപരമായ പാരമ്പര്യസ്വത്ത് ദൈവത്തിനർപ്പിക്കപ്പെടുമ്പോൾ അവ നശിപ്പിക്കപ്പെടുന്നില്ലെന്നുമാത്രമല്ല, ഉന്നതവും അന്തിമവുമായ ആഭിജാത്യത്തിലേക്കു ഉയർത്തപ്പെടുകയാണു ചെയ്യുന്നത്. സഭയുടെതേജസ്സിന് അതൊരു സംഭാവനയായിരിക്കും. പുരോഗമനപരമായ രീതിയിൽ പലതരത്തിലുള്ള മനുഷ്യരുടെ വിവിധത്വംകൊണ്ട് സഭ സമ്പന്നായകുകയുംവേണം. മിശിഹായുടെ ശരീരത്തിന് അതൊരു സംഭാവനയാണ്. ഈ സഭയിൽ "എല്ലാവരും ഐക്യത്തിലേക്കാനയിക്കപ്പെടുന്നു" (അപ്പെ. 1: 10) 'അവൻ രാജ്യം പിതാവായ ദൈവത്തിനു സമർപ്പിക്കുന്നതുവരെ'

(1 കോറ. 15: 24)

---

7 ജോൺ ബാപ്റ്റിസ്റ്റ് സോവായോണ്ടേ മെത്രാപ്പോലീത്താ കമേറൂൺ.

# സകല ക്രൈസ്തവരുടേയും ഒന്നിച്ചുള്ള സാക്ഷ്യം

ഇരുപതാംനൂററാണ്ട് അതിൻെറ ഐക്യത്തിനു വേണ്ടിയുള്ള സാഹസശ്രമത്തിൽ ഏപ്പെട്ടിരിക്കുകയാണ്.

ക്രിസ്തുവിൻെറ ശരീരത്തിലുള്ള മനുഷ്യരാശിയുടെ ഐക്യത്തിൻെറ വാഗ്ദാനം സഭയ്ക്കു് സ്വായത്തമായിട്ടുണ്ട്. അതുകൊണ്ട് പ്രതീക്ഷയുള്ള ഈ പ്രത്യാശയെക്കുറിച്ച് സഭ വളരെയധികം ബോധമുള്ളവളായിട്ടുണ്ട്. ക്രിസ്തുവിൻെറ ശക്തിയാൽ ഈ പ്രത്യാശയ്ക്കൊരു ത്തരംനൽകാമെന്നാണ് സഭയുടെ ആഗ്രഹം.

ഈ പ്രത്യാശയുമായി പ്രത്യേകവിധത്തിൽ ബന്ധപ്പെട്ട രണ്ടു ഘടകങ്ങളുണ്ട്. 1) എക്യുമേനിക്കൽ യത്നം: ക്രൈസ്തവകുടുംബത്തിലെ ഭിന്നിച്ചുനിൽക്കുന്ന സഹോദരങ്ങളെ ഒന്നിപ്പിച്ച് ഐക്യപ്പെട

ത്തുവാനുള്ള ശ്രമമാണതു്. 2) പ്രേഷിതനീക്കങ്ങൾ: ഇതിൽ നിന്നും പുതിയ സഭാഘടകങ്ങൾ രൂപമെടുക്കുകയും വളരുകയും ചെയ്യുന്നു. യൂറോപ്പിലും അമേരിക്കയിലുമുള്ള സഭാഘടകങ്ങളുമായി പുതിയതായി രൂപംകൊണ്ട ഈ സഭാഘടകങ്ങൾ സ്നേഹത്തിൻെറ ഐക്യത്തിൽ ബന്ധപ്പെട്ടു നിൽക്കുന്നു.

ഈ രണ്ടു ചലനങ്ങളും ഒരേസമയത്തുതന്നെ സഭ വളർത്തിക്കൊണ്ടുവരണം. ക്രിസ്തു ലോകത്തിലേക്കു വന്നതു് രക്ഷയുടെ ദിവ്യ ദൗത്യം എല്ലാവരെയും അറിയിക്കുവാനും അവരെ അവിടത്തെ ശരീരത്തിൻെറ ഐക്യത്തിലേക്കു ക്ഷണിക്കുവാനുമാണു്. അതുകൊണ്ടു് പ്രേഷിതചലനം ഐക്യത്തിലേക്കുള്ള ഒരു വിളിയാണു്. ഈ ഐക്യത്തിൽ നിന്നും പ്രേഷിതപ്രവർത്തനങ്ങൾ രൂപംകൊള്ളുകയും ചെയ്യുന്നു. ഇതിൽനിന്നും ഒരു സംഗതി വ്യക്തമാണു്, പ്രേഷിതപ്രസംഗങ്ങൾ ഉള്ള സ്ഥലങ്ങളിൽ ഐക്യത്തിനായുള്ള പരിശ്രമം വളർത്തിയെടുക്കേണ്ടതാണു്. അതുപോലെതന്നെ ഐക്യത്തിനായുള്ള പരിശ്രമങ്ങൾ തഴച്ചുവളരുന്ന സ്ഥലങ്ങളിൽ ക്രിസ്തുവിൻെറ സുവിശേഷം അറിയിക്കുന്നതിൽനിന്നും ഒഴിഞ്ഞുമാറുവാൻ പാടില്ലതാനും. ക്രൈസ്തവരുടെ ഇടയിലുള്ള അനൈക്യം— അക്രൈസ്തവർക്കു് ഏററം ഇടർച്ചയാകുന്ന സംഗതിയും ഇതുതന്നെ— ആണു് ലോകത്തിൽ മാനസാന്തരത്തിനു് ഏററം വലിയ വിഘാതമായിനില്ക്കുന്ന കാര്യം. സാധാരണയായി കണ്ടുവരാറുള്ള ഒരു സംഗതിയാണിതു്.

ഐക്യമേനിക്കൽസംരംഭങ്ങൾ ആരംഭിച്ചതുതന്നെ പ്രേഷിതരംഗങ്ങളിൽനിന്നാണെന്നു ഞങ്ങൾക്കറിയാം. അവിടെ ജോലിചെയ്യുന്നവർ ഒന്നായി ക്രിസ്തുവിനു് സാക്ഷികളാകുവാനും ഒന്നിച്ചുപ്രവർത്തിക്കുവാനും അങ്ങനെ ക്രിസ്തുവിൻെറ സ്നേഹം മെച്ചമായരീതിയിൽ പ്രകടിപ്പിക്കുവാനും ആഗ്രഹിച്ചു. അവരുടെ ഈ സന്ദേശം ഇന്നും ഒരു യാഥാർത്ഥ്യമായി നിലകൊള്ളുന്നു. സഭകളുടെ ലോകകൗൺസിലിൽ ഇന്നുകാണുന്ന ഐക്യത്തിനുവേണ്ടിയുള്ള നീക്കങ്ങളുടെയെല്ലാം ഉത്തേജനംഅവക്കുലഭിച്ചതുതന്നെ പ്രധാനമായും പ്രേഷിതചൈതന്യത്തിൽനിന്നാണു്. ഈ ചൈതന്യത്തിൽനിന്നുമാണു് അതു ഉദിക്കുന്നതെന്നുള്ളതാണു് വാസ്തവം. ഇതിൻെറ പൂർത്തീകരണമാണു് അതിൻെറ എല്ലാ ഉദ്യമങ്ങളുടെ ലക്ഷ്യവും. നമ്മുടെ സഹോദരങ്ങളോടുള്ള സ്നേഹത്തിൻെറ ഒരു മത്സരത്തിൽ നാം എല്ലാം ഒന്നിച്ചുചേരുവാൻ ക്രിസ്തുവിനോടു നമുക്കു യാചിക്കാം. ഞങ്ങളുടെ പ്രേഷിതരംഗങ്ങളെ സംബന്ധിച്ചിടത്തോളം ഈ പ്രശ്നമാണു് ഏററം പ്രാധാന്യമർഹിക്കുന്നതു്.

ഈ അടുത്ത കാലങ്ങളിൽ പ്രോട്ടസ്റ്റൻറു സഭാവിഭാഗങ്ങളുമായി സഹോദരങ്ങളെപ്പോലെ ഞങ്ങൾ ചർച്ചനടത്തി എന്നുള്ളതു സന്തോഷപ്രദമായ ഒരു സംഗതിയാണു്. ഈ സമ്പർക്കങ്ങളിൽ ഞങ്ങൾ സന്തോഷിക്കുകയാണു്. പ്രത്യേകിച്ചു് ആഫ്രിക്ക മുഴുവനും അതിൻെറ ഐക്യം കാണിക്കുവാനായി യത്നിക്കുന്ന ചരിത്രത്തിലെ വ

ളരെ പ്രാധാന്യമർഹിക്കുന്ന ഈ ഘട്ടത്തിൽ. കാരണം, അക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ക്രൈസ്തവവിഭാഗങ്ങൾ തമ്മിലുള്ള ഐക്യം വെല്ലുവിളിക്കുന്ന ഒരടയാളമാണ്. ഹാഡ്ഡാനിലും കമ്പാലായിലും നടന്ന പ്രോട്ടസ്റ്റൻറു സമ്മേളനങ്ങളിൽ ഞങ്ങൾക്കു സന്തോഷമാണുള്ളതു്. കാരണം, എക്യുമേനിക്കൽ ഡയലോഗിൻെറ (സഭൈക്യസംഭാഷണം) ആവശ്യകത എന്തുമാത്രമെന്നു് ആ സമ്മേളനങ്ങൾ വ്യക്തമായി കാണിക്കുന്നു. സത്യത്തിൽ അധിഷ്ഠിതമായ ഒരു ഐക്യം ഞങ്ങളുടെ ഇടയിൽ സൃഷ്ടിക്കുവാൻ ക്രിസ്തുവിനോടു ഞങ്ങളപേക്ഷിക്കുന്നു.

ഈ സാഹചര്യങ്ങളിൽഎക്യുമേനിസത്തെ സംബന്ധിച്ച ഡയലോഗ് ക്രൈസ്തവ ഐക്യത്തിനുവേണ്ടിയുള്ള പരിശ്രമത്തിനു് അങ്ങേയറ്റം ആവശ്യമായിരിക്കുന്ന ഒരു സംഭാവനയായിട്ടാണു് ഞങ്ങൾക്കു തോന്നുന്നതു്.

മൂന്നു നിർദ്ദേശങ്ങൾ അവതരിപ്പിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുകയാണു്.

1. ആനുകാലികജീവിതത്തിലെ വലിയ പ്രശ്നങ്ങൾ രാഷ്ട്രങ്ങൾക്കു പരിഹരിക്കുവാനുണ്ടു്. അങ്ങനെയുള്ള സാഹചര്യങ്ങളിൽ സാധിക്കുന്നിടത്തോളം ക്രൈസ്തവർ തങ്ങൾക്കു യോജിക്കാവുന്ന സംഗതികളിൽ ഒന്നിച്ച് സാക്ഷ്യംവഹിക്കുക(to witness together) അഭിലഷണീയമാണു്. ആ ഒന്നിച്ചുള്ള സാക്ഷ്യത്തിനു് കൂടുതൽ അർത്ഥമുണ്ടു്, ശക്തിയുണ്ടു്.

2. സാംസ്കാരികവും, ഭിന്നവർഗ്ഗസംബന്ധിയും (ethnological) സാമൂഹ്യവുമായ കാര്യങ്ങളിൽ സാഹോദര്യചൈതന്യത്തിൽ, അബിദ്ജാനിലെ സമ്മേളനം ചൂണ്ടിക്കാണിക്കുന്നതുപോലെ, നമ്മുടെ അനുഭവങ്ങളിലും, ചിന്തകളിലും പരസ്പരം ഭാഗഭാക്കുകളാകുക ഉപകാരപ്രദമാണു്. പുതിയതായി രൂപംകൊള്ളുന്ന സഭാഘടകങ്ങളെ സംബന്ധിച്ചിടത്തോളം ഇവയെല്ലാം സാഹസികമായ ആവശ്യങ്ങളാണു്. പ്രോട്ടസ്റ്റൻറു മിഷനറിമാരും, കത്തോലിക്കാസംഘടനകളും അക്രൈസ്തവമതങ്ങളെയും, ഏഷ്യയിലെയും ആഫ്രിക്കയിലെയും ചിന്താഗതികളെയും പഠിക്കുന്നതിൽ സഹകരിക്കുക എന്നതു് കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരുമായ ദൈവശാസ്ത്രജ്ഞരും, മിഷനറിമാരും അഭിലഷിക്കുന്ന ഒരു സംഗതിയാണു്. സാമൂഹ്യരൂപങ്ങൾക്കു് (social patterns) പ്രായോഗികമായ രീതിയിൽ രൂപംകൊടുക്കാവുന്നതുമാണു്. ഞങ്ങളുടെ ഈ പ്രതീക്ഷ വിഫലമാകാതിരിക്കട്ടെ.

3. വിവിധ ക്രൈസ്തവസമൂഹങ്ങളുടെ ഇടയിൽ ആലോചനയ്ക്കും അറിവിനും ഉതകുന്ന ഉപാധികൾ ഉണ്ടായിരിക്കുന്നതു അഭിലഷണീയമാണു്. സഭയോടു മാത്രം ബന്ധപ്പെട്ടു നിൽക്കുന്ന കാര്യങ്ങളിലുള്ള മാത്സര്യം ഒഴിവാക്കുന്നതിനു്— ഇത്തരത്തിലുള്ള മാത്സര്യങ്ങൾ സുവിശേഷചൈതന്യത്തിനു ചേർന്നതല്ലെന്നു പറഞ്ഞുകൊള്ളട്ടെ— ഇതു സഹായകവുമാണു്. സാഹോദര്യചൈതന്യത്തിൽ നമ്മെ വേർപെട

ത്തുന്ന സിദ്ധാന്തപരമായ കാര്യങ്ങളിലുള്ള ഒരു പഠനത്തിന് ഇതു സാവധാനത്തിൽ വഴിതെളിക്കും. വിവിധ ക്രൈസ്തവസമൂഹങ്ങളെ അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണ് സിൻക്രറ്റിസം; (ഒരു ചിന്താഗതിയിലോ മതത്തിലോ ഉള്ള കേവലമായ ഘടകങ്ങളെടുത്തു് (positive elements) മറ്റൊരു ചിന്താഗതിയുമായോ മതവുമായോ ഘടിപ്പിക്കുന്നപ്രവണതയ്ക്ക് 'സിൻക്രറ്റിസം' എന്നു പേരുകൊടുക്കാം. രണ്ടിൻെറയും കൂടി കൂട്ടിഘടിപ്പിക്കലിൽനിന്നും മൂന്നാമതൊരു വസ്തുത ഉണ്ടാകുന്നു). ആഫ്റിക്കയിൽ പ്രത്യേകിച്ചും സിൻക്രറ്റിസം ഇല്ലാതാക്കുന്നതിന് ഇതു് ഒരു എളുപ്പവഴിയുമാണ്. സഭയുടെ പ്രേഷിതവേലയ്ക്കു എക്യുമേനിസം ഒരു വിലങ്ങുതടിയല്ല. മറിച്ച്, യഥാർത്ഥത്തിൽ ഇന്നത്തെ ലോകത്തിൽ ക്രിസ്തുവിൻെറ രഹസ്യത്തിനുള്ള യഥാർത്ഥമായ തെളിവുള്ള സാക്ഷ്യത്തിൻെറ അനുപേക്ഷണീയമായ ഒരുവ്യവസ്ഥയാണിതു്. വേർപെട്ടുനിൽക്കുന്നവരായാലും ശരി, ക്രൈസ്തവർ പരസ്പരം സ്നേഹത്തോടെ വർത്തിക്കുന്നുവെന്ന് ക്രിസ്തുവിൽ വിശ്വസിക്കുന്നതിനുമുമ്പ് അക്രൈസ്തവർക്ക് ദൃശ്യമാകേണ്ടിയിരിക്കുന്നു.

---

## 8 എവുജിൻ ഡിസൂസാ
ഭോപാൽ മെത്രാപ്പോലീത്താ
ഇൻഡ്യാ.

# പ്രേഷിതവൃത്തിക്കുള്ള സഭയുടെ കടമ

വടക്കേ ഇൻഡ്യയിലെ ഡൽഹി, ആഗ്രാ, കൽക്കട്ടാ, റാഞ്ചി, നാഗപ്പൂർ, ഭോപാൽ എന്നീ സഭാഘടകങ്ങളിലെ മെത്രാന്മാരുടെ നാമത്തിലാണ് ഞാൻ സംസാരിക്കുന്നതു്.

നാം പറഞ്ഞുകേട്ടിട്ടുണ്ട് എല്ലാവരും സഭാശരീരത്തിൽ ഒന്നിച്ച് ചേരുന്നതു വരെ സഭ പ്രാർത്ഥനയിൽ നിന്നും പ്രസംഗത്തിൽ നിന്നും വിരമിക്കരുതെന്നു്. ലോകം മുഴുവനിലും സുവിശേഷം പ്രസംഗിക്കുവാനുള്ള കടമ സഭയ്ക്ക് സ്വഭാവത്താൽ തന്നെ ഉള്ളതാണ്. ഉന്നതമായ ഈ ഉത്തരവാദിത്വത്തിലേയ്ക്ക് നമ്മുടെ ശ്രദ്ധ തിരിക്കുന്നതു തീർച്ചയായും അവസരോചിതമാണ്. ഈ ഉത്തരവാദിത്വം സഭ മുഴുവൻെറയുമാണെന്നു് നാം കൂടുതൽ വ്യക്തമായി കാണിക്കുകയും, സംശയരഹിതമായി പ്രഖ്യാപിക്കുകയും ചെയ്യണമെന്നാണ് ഞങ്ങൾക്കു തോന്നുന്നതു്. ഈ ഉത്തരവാദിത്വം സഭാദ്ധ്യക്ഷസമൂഹത്തിൽ പ്രത്യേകവിധത്തിൽ നിക്ഷിപ്തമാണ്. ഒരു ഭാഗത്തെ മാത്രം ഈ ഉത്തരവാദിത്വത്തിനായി നിയോഗിക്കാവുന്നതല്ല.

പ്രേഷിതരംഗത്തെക്കുറിച്ചുള്ള സ്കീമാ ഇതുവരെയും തയാറാക്കാത്തതിൽ ഞങ്ങൾ അത്ഭുതപ്പെടുകയാണ്; ദുഃഖിതരുമാണ്. പ്രേഷിതരംഗത്തെ സംബന്ധിച്ച് പ്രത്യേകിച്ചൊരു സ്കീമാ അനാവശ്യമെന്നഭിപ്രായപ്പെടുന്നവരുണ്ട്. സുവിശേഷപ്രചരണത്തിനുള്ള ദൗത്യം സഭയുടെ ജീവൻെറ ഒരു പ്രധാന ഭാഗമല്ലേ? പല കാരണങ്ങൾ കൊണ്ടും—അവയെന്തെന്ന് സമയക്കുറവിനാൽ ഞങ്ങളിവിടെ വിശദീകരിക്കുന്നില്ല— പ്രേഷിതരംഗത്തെക്കുറിച്ച് പ്രത്യേകിച്ചൊരു സ്കീമാ എഴുതിയുണ്ടാക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. പ്രേഷിതരംഗത്തിൻെറ സിദ്ധാന്തപരമായ അടിസ്ഥാനത്തെക്കുറിച്ച് കുറച്ചുകൂടി വ്യക്തമായ ഒരു വിശദീകരണമെങ്കിലും ഉണ്ടാകേണ്ടതാണ്.

അഭിവന്ദ്യപിതാക്കന്മാരേ, എന്താണ് നാം കാണുന്നത്? അക്രൈസ്തവരുടെഇടയിലെപ്രേഷിതപ്രവത്തനങ്ങളെക്കുറിച്ച്എല്ലാവക്കും മതിപ്പുണ്ടെങ്കിലും അതേസമയം തന്നെ പ്രേഷിതരംഗത്തെ സംബന്ധിച്ചിടത്തോളം പ്രായോഗികമായ ഒരു നിഷ്പക്ഷതാമനോഭാവമാണുള്ളത് പ്രായോഗികരംഗത്തു വരുമ്പോൾ. സ്ഥാപിക്കപ്പെട്ടിട്ട് നൂററാണ്ടുകൾ കഴിഞ്ഞ സഭാഘടകങ്ങളെക്കുറിച്ചു മാത്രമല്ല ഞാനീപ്പറയുന്നത്. കാരണം, പ്രേഷിതരംഗം ഏതാനും ചില ആദശ്വാദികൾക്ക വേണ്ടി മാത്രമാണ് എന്നുള്ളതാണ് അവരുടെ ചിന്താഗതി.

മറെറാരപകടവും കൂടി ഞങ്ങൾ കാണുന്നുണ്ട്. ഗോഡിൻ, ദാനിയേൽ എന്നു രണ്ടു വൈദികർ കൂടി ഇരുപതു വർഷം മുമ്പു രചിച്ച 'ഫ്റാൻസ് ഒരു പ്രേഷിതരാജ്യം' എന്ന പുസ്തകം അനേകരെ ആവേശഭരിതരാക്കി. കുറച്ചു നാൾ മുമ്പ് ഒരു കർദ്ദിനാൾ നമ്മെ അനുസ്മരിപ്പിച്ചു ''സഭ ഇന്ന് പ്രേഷിതപ്രവത്തനത്തിനുള്ള ഒരു നിലയിലാണ്'' എന്ന്. അതിൻെറ അത്ഥം ഇതായിരുന്നു—മാമ്മോദീസാ സ്വീകരിച്ച ഏവനും തൻെറ സഹോദരരെ ക്രിസ്തുവിനായി നേടുന്നതിനുള്ള ഉത്തരവാദിത്വം ഉണ്ട് എന്ന്. മുമ്പു പറഞ്ഞ പുസ്തകങ്ങൾ ഇടയനടുത്ത ശ്രദ്ധയെ തട്ടിയുണത്തിയെന്ന് ഞങ്ങൾ പ്രസ്താവിക്കുമ്പോൾ ഈ കൗൺസിലിൻെറ തന്നെ ഒന്നാം സമ്മേളനത്തിൽ പ്രകടമായിക്കണ്ട ആ 'ഇടയനടുത്ത ശ്രദ്ധ'യെ ഞങ്ങൾ അതിവണ്ണനം ചെയ്യുകയാണോ? ഇന്നു യൂറോപ്പിൽ 'പ്രേഷിതജോലി' (mission) എന്ന പദം തന്നെ ഭയാത്ഥത്തിൽ നിന്നും അപകടത്തിൽ നിന്നും വിമുക്തമല്ലെന്നാണ് അക്രൈസ്തവരാജ്യങ്ങളിൽ ജോലി ചെയ്യുന്ന മെത്രാന്മാരായ ഞങ്ങൾക്ക തോന്നുന്നത്. ഉഭയാത്ഥമുള്ളതാണ് ഈ പദം: കാരണം; രണ്ടു തരത്തിലാണതുപയോഗിക്കുന്നത്. പുതിയ പേഗനിസം എന്ന സുഖക്കേടു ബാധിച്ചിട്ടുണ്ടെങ്കിലും, നൂററാണ്ടുകളായി വിശ്വാസം വേരൂന്നിയിട്ടുള്ള പ്രദേശങ്ങളിലെ കത്തോലിക്കരുടെ ഇടയിലുള്ള പ്രവത്തനങ്ങളെ സൂചിപ്പിക്കുന്നതിന് ഈ പദം ഉപയോഗിക്കുന്നു. ഇത് യഥാത്ഥവും

ഇടയനടുത്തതുമായ ഒരു സമീപനരീതിയാണ്. ക്രിസ്തുവിനെപ്പററി ഒന്നും അറിയാത്തവരും, ഒരിക്കലും ക്രൈസ്തവരായിരുന്നിട്ടില്ലാത്തവരുമായ ജനങ്ങളുടെ ഇടയിലുള്ള സുവിശേഷപ്രസംഗത്തിനും ഈ പദം തന്നെയാണുപയോഗിക്കുന്നതു്. അങ്ങനെ 'പ്രേഷിതജോലി' ഉഭയാർത്ഥപ്രധാനമായ ഒരു വാക്കാണിന്നു്. ഇത്തരത്തിൽ പ്രേഷിതജോലിയെ വീക്ഷിക്കുന്നുവെങ്കിൽ പ്രേഷിതജോലിയുടെ ആശയം തന്നെ ഉത്തേജനം നൽകുന്ന ഒരു ശക്തിയല്ലാതാകുകയും 'ഞാൻ സുവിശേഷം പ്രസംഗിച്ചില്ലെങ്കിൽ എനിക്കു നാശം' എന്നു വിളിച്ചു പറയുവാൻ നമ്മെ പ്രേരിപ്പിക്കുന്ന പ്രേഷിതചൈതന്യം കെട്ടുപോകും എന്ന അപകടം ഉണ്ടാവുകയും ചെയ്യും. തങ്ങളുടെ രൂപതകളിൽ ഇടയനടുത്ത സജീവമായ ഒരു പരിപാടിക്കു രൂപം കൊടുത്താൽ തങ്ങളുടെ പ്രേഷിതകടമകൾ നിർവ്വഹിച്ചു എന്നു കരുതുന്നവർ നമ്മുടെ ഇടയിൽ ഉണ്ടാകയില്ലേ? എന്തിനു്, ഇങ്ങനെ ചിന്തിച്ചു തുടങ്ങിയിട്ടുള്ളവർ തന്നെയുണ്ടു്.

''നിങ്ങൾ പോയി എല്ലാ ജനപദങ്ങളിൽ നിന്നും ശിഷ്യന്മാരെ ഉണ്ടാക്കുക'' എന്ന വാക്കുകൾ അപ്പസ്തോലസമൂഹം മുഴുവനോടുമായിട്ടാണു് അഭിസംബോധന ചെയ്യപ്പെട്ടിരിക്കുന്നതെന്ന കാര്യം നാം വിസ്മരിക്കരുതു്. അതുകൊണ്ടു് ഓരോ മെത്രാനും, അദ്ദേഹം ആരുതന്നെ ആകട്ടെ സഭയുടെ പ്രമുഖമായ ഈ ഉത്തരവാദിത്വത്തിൽ പങ്കുണ്ടു്. അക്രൈസ്തവരുടെ ഇടയിലുള്ള പ്രേഷിതപ്രവർത്തനം വിജയകരമാക്കുവാൻ ഓരോ മെത്രാനും കഴിവുപോലെ പരിശ്രമിക്കുകയും വേണം.

അഭിവന്ദ്യസഹോദരന്മാരെ, എന്നാൽ എന്താണു നാം കാണുന്നതു്? പുരോഹിതന്മാരും, സന്യാസികളും ആത്മാക്കളുടെ നന്മക്കായി ചെയ്യുന്ന ജോലിയുടെ ഒരു കണക്കെടുത്താൽ ഇതായിരിക്കുകയില്ലേ അതിൻെറ ഫലം? വേദപ്രചാരതിരുസംഘത്തിൻെറ കീഴിലുള്ള പ്രദേശങ്ങളിൽ പോലും വിശ്വാസം കാത്തുസൂക്ഷിക്കുക എന്ന ഇടയനടുത്ത പ്രവർത്തനത്തിലാണു് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നതു്. കത്തോലിക്കരുടെ വിശ്വാസവും സന്മാർഗ്ഗവും സംരക്ഷിക്കുക, മററു വാക്കുകളിൽ പറഞ്ഞാൽ 'അനുതാപം കൊണ്ടാവശ്യമില്ലാത്ത നീതിമാന്മാരുടെ' വിശ്വാസവും സന്മാർഗ്ഗവും സംരക്ഷിക്കുക എന്ന ഇടയനടുത്ത കാത്തുസൂക്ഷിക്കൽ പരിപാടിയിലാണു് (ദോഷാരോപണമായ രീതിയിലല്ല ഞാനീ വാക്കുപയോഗിക്കുന്നതു്) ഇന്നു വരെയുള്ള ജോലിയുടെ മുഖ്യഭാഗവും കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നതു്. വിശ്വാസത്തിൽ നിന്നും തെററിപ്പോയവരും, സന്മാർഗ്ഗാധ:പതനത്തിൽ സഭയിൽ നിന്നു് വിട്ടുനിൽക്കുന്നവരുമായവരെ, മററു വാക്കുകളിൽ പറഞ്ഞാൽ, ഇസ്രായേൽ ഭവനത്തിൽ നിന്നും നഷ്ടപ്പെട്ടുപോയ ആടുകളെ സഭയിലേയ്ക്കു തിരിച്ചു കൊണ്ടു വരുന്നതിനുള്ള അപ്പസ്തോലികവേല വളരെ കുറവാണു്. പേഗൻ ജനതയുടെ കാര്യമെടുക്കൂ.200 കോടിയോളം വരുന്ന അവി

ശ്വാസികളുടെ സമൂഹം. ''മേശയിൽ നിന്നും താഴെ വീഴുന്ന അപ്പക്കഷണങ്ങൾ'' എങ്കിലും അവർക്കു ലഭിക്കുന്നുണ്ടോയെന്നു സംശയിക്കണം. അപ്പസ്തോലികവേലയുടെ അഞ്ചു ശതമാനം പോലും കുറഞ്ഞതു് മൂന്നു ശതമാനം പോലും, അവക്കു വേണ്ടി വിനിയോഗിക്കപ്പെടുന്നില്ല. ക്രിസ്തുവിൻെറ മനോഗതിയുള്ള ഒരാൾക്കു് ഇതു് വിലപനീയവും, അസഹനീയവുമായ ഒരവസ്ഥയല്ലേ?

പരമ്പരാഗതമായി ക്രൈസ്തവമെന്നു അറിയപ്പെടുന്ന പ്രദേശങ്ങളിലെ മെത്രാന്മാൎക്കും, സന്യാസസഭാശ്രേഷ്ഠന്മാൎക്കും, അവരവരുടെ കീഴിൽ നൂറുകണക്കിനും, ആയിരക്കണക്കിനും ആളുകൾ ഉണ്ടു്; വൈദികരും, അവൈദികരുമായി. ഇപ്പോഴും അവർ ചെയ്യുന്ന ജോലികളിൽ കുറച്ചുകൂടി കൂടുതൽ ചെയ്താൽ അത്യാവശ്യജോലികളിൽ വീഴ്ച വരാം എന്നു ചിന്തിക്കുന്നവരാണു് ഈ സന്യാസശ്രേഷ്ഠന്മാരും മെത്രാന്മാരും. 'അത്യാവശ്യം' എന്ന വാക്കുകൊണ്ടു് എന്താണു് അവർ ഉദ്ദേശിക്കുന്നതു്? സാധാരണമായി ചയ്യുന്നതു് എന്നർത്ഥമായിക്കൂടെ? അല്ലെങ്കിൽ സഭാ നടപടികളുടെ വ്യത്യാസം വരുത്താൻ പാടില്ലാത്ത ക്രമീകരണം എന്ന ആശയത്തിലധിഷ്ഠിതമല്ലെ ഈ ചിന്താഗതി? തങ്ങളുടെ സാധാരണജോലികൾ തൃപ്തികരമാംവിധം നിർവ്വഹിച്ചശേഷം കൂടുതൽ സമയം കിട്ടുന്ന, ചെറിയ പള്ളികളുടെ വികാരിമാരും, പ്രൊഫസർമാരും, മതപ്രസംഗകരും, കുമ്പസാരക്കാരുമില്ലേ? അത്മായക്കു് നന്നായി ചെയ്യാവുന്ന ജോലികളിൽ സ്വയം കുടുങ്ങി കഴിയുന്ന വൈദികരും സന്യാസികളുംഇല്ലേ? നിർവ്വിശങ്കമായ ഒരു പുനസംവിധാനത്തിൻെറ പരിപാടി ആസൂത്രണം ചെയ്യുമെങ്കിൽ, വളരെയധികം പേരെ പൂൎണ്ണമായ അൎത്ഥത്തിൽ പ്രേഷിതപ്രവൃത്തികൾക്കായി അയയ്ക്കുവാൻ പാടില്ലേ? അവർ ഇപ്പോൾചെയ്യുന്ന ജോലികൾ എത്ര തന്നെ സ്തുത്യർഹവും, എത്ര തന്നെ ഉപകാരപ്രദവുമായിക്കൊള്ളട്ടെ, ദൈവത്തിൻേറയും അവിടത്തെ അഭിഷിക്തൻേറയും രാജ്യം വ്യാപിപ്പിക്കുകയെന്നതാണു് കൂടുതൽ അഭിനന്ദനീയവും, അനൎഘവും, അമൂല്യവും എന്ന വസ്തുത വിസ്മരിക്കാവുന്നതല്ല.

മെത്രാന്മാർ തമ്മിലുള്ള പരസ്പരസഹകരണത്തിൻെറ സ്ഥൂലരൂപത്തെക്കുറിച്ചു് വേറൊരിടത്തു് നമുക്കു പ്രതിപാദിക്കാം.

സഭയുടെ പ്രേഷിതകടമ എന്താണെന്നു് കൃത്യമായി നിർവ്വചിക്കപ്പെടുകയും, സഭയുടെ സ്വഭാവരഹസ്യത്തെക്കുറിച്ചു ചർച്ച നടത്തുന്ന സ്ഥാനത്തുതന്നെ അതിനു് വിശദമായ ദൈവശാസ്ത്രവിശദീകരണം നൽകുകയും വേണം. ഇതാണു് ഞങ്ങൾ പറയുവാൻ ആഗ്രഹിക്കുന്നതു്. അല്ലെങ്കിൽ സഭയിലുള്ള ഒരുതരം ''കോപ്പർനിക്കൻ വിപ്ലവ''ത്തെക്കുറിച്ചു് ഞങ്ങൾക്കു് അത്ര പ്രതീക്ഷയൊന്നുമില്ല. മിഷനറിസഭയുടെ ആവശ്യങ്ങൾ തങ്ങളുടെ രൂപതകളുടെ തന്നെ ആവശ്യങ്ങളായി കരുതി മെത്രാന്മാർ പ്രവൎത്തിക്കുന്നതിലാണു് ഈ വിപ്ലവം അടങ്ങിയിരിക്കുന്നതു്.

9 കാർഡിനൽ വലേരിയൻ ഗ്രേഷ്യസ്
ബോംബെ മെത്രാപ്പോലീത്താ,
ഇൻഡ്യാ.

# ആധിപത്യമല്ല, സേവനം

ചില പ്രസംഗകർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, വിട്ടുകളയുകയോ, വേണ്ടവിധം ചർച്ചചെയ്യുകയോ ചെയ്യാത്ത, സഭയുടെ ചില വശങ്ങൾ ഇനിയും ഉണ്ട്.

സമയം നന്നേ കുറവാണ്; ഇങ്ങിനി വരാത്തവിധം നിമിഷങ്ങൾ കടന്നുപോകുന്നു. അതുകൊണ്ട് സഭയുടെ സുപ്രധാനമായ ഒരു വശം മാത്രം ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. പുറമേയുള്ളവരുടെ ഇടയിൽ സഭയെക്കുറിച്ചുള്ള തെററായ ഒരു ധാരണ നിർമ്മാർജ്ജനംചെയ്യുന്നതിന് ഇതുപകരിച്ചേക്കാം. കിഴക്കും പടിഞ്ഞാറുമുള്ള എല്ലാ അവസ്ഥാവിശേഷങ്ങളെയും ഈ കൗൺസിലിൽ പര്യാലോചനക്കായെടുക്കുന്നുണ്ട്. ഇതിനിടയിൽ വരുന്ന ഒരു വിഷയം ഇതാണ്. ക്രൈസ്തവർ ഭൂരിഭാഗമുള്ള പ്രദേശങ്ങളിൽ, സഭയെക്കുറിച്ച് ഒരാരോപണമുണ്ട്, സഭ രാജ്യഭരണകാര്യങ്ങളിൽ ഇടപെടുന്നുവെന്ന്. അക്രൈസ്തവ രാജ്യങ്ങളിലാകട്ടെ, ഒരു രാഷ്ട്രത്തിൽത്തന്നെയുള്ള മററൊരു രാഷ്ട്രമായിട്ടാണ് സഭ കരുതപ്പെടുക.

എൻെറ വീക്ഷണത്തിൽ ഇങ്ങനെയുള്ള തെററായ ഒരാശയം അക്രൈസ്തവരുടെ ഇടയിൽ പ്രചരിക്കുന്നതിനുള്ള കാരണം, സാധാരണയായി ക്രൈസ്തവർതന്നെയാണ്. പ്രത്യേകിച്ച് പരിശുദ്ധപിതാവിനെക്കാൾ കത്തോലിക്കരാകുവാൻ ശ്രമിക്കുന്ന ചിലരുടെ. ഒരു വിഭാഗത്തിൻെറ മോശമായ ചിന്താഗതിയിൽ നിന്നും മാത്രമല്ല തെററായ ധാരണകൾ രൂപംകൊള്ളുന്നത്; സാധാരണയായി മറുഭാഗത്തിൻെറ വിജ്ഞാനത്തിൻെറയും, വിവേകത്തിൻെറയും കുറവിൽ നിന്നും കൂടിയാണ്.

ഇങ്ങനെയുള്ള മുൻവിധികൾ നീക്കം ചെയ്യുന്നതിന്, ആധിപത്യത്തിനുള്ള എല്ലാ അത്യാഗ്രഹത്തിൽ നിന്നും വിട്ടൊഴിഞ്ഞ സഭയുടെ യഥാർത്ഥ മുഖം നാം അവർക്കു കാണിച്ചുകൊടുക്കണം. ഒന്നാം അ

ദ്ധ്യായത്തിൽ ഉടനീളം സഭയെ നാം ദർശിക്കുന്നത് സഭ അതിൽ തന്നെ ഒരന്ത്യമായിട്ടാണ്; രക്ഷണീയവേല ഉന്നംവച്ച ഒരു സ്ഥാപനം; ആധിപത്യം സ്ഥാപിക്കാതെ, സേവനം ചെയ്തുകൊണ്ട് ലോകത്തിന് സ്വയം തുറന്നിരിക്കുന്ന ഒരു സമൂഹമായിട്ടല്ല അവിടെ ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്.

സേവനം ചെയ്യുക എന്നുള്ള ആശയംതന്നെ ലോകത്തോടു ബന്ധപ്പെടുത്തിയല്ല നാം പറയുന്നത്. മറിച്ച്, ക്രിസ്തുവിനോടും അവിടത്തെ മൗതികശരീരത്തോടും ബന്ധപ്പെടുത്തിയാണ്. ദിവ്യബലിയും കൂദാശകളും സേവനത്തിൻെറ ആശയമാണ് പ്രകടമാക്കുന്നതെന്നു നമുക്കറിയാം. ഉദാഹരണത്തിനായി ദിവ്യബലി തന്നെ എടുക്കുക. നമുക്കുവേണ്ടി സ്വന്ത ജീവൻ ക്രിസ്തു അർപ്പിച്ചതിൻെറ കൂദാശാപരമായ പ്രവൃത്തിയാണത്. ക്രിസ്തുവിൻെറയും അവിടത്തെ സഭയുടെയും സേവനത്തിനുവേണ്ടിയുള്ള ക്രിസ്തീയ വിളിയാണ് മാമ്മോദീസാ എന്ന കൂദാശ. പ്രായപൂർത്തി വന്ന ഒരുവൻെറ ചുമതലകളും പ്രത്യേകാവകാശങ്ങളും ഏറെറടുക്കുവാനുള്ള ഒരു വിളിയാണ് സ്ഥൈര്യലേപനം. ഇങ്ങനെതന്നെ ഓരോ അർത്ഥമുണ്ട് കൂദാശകൾ ഓരോന്നിനും, കൂദാശാനുകരണങ്ങൾക്കും. സഭ അവളിൽ തന്നെ സ്ഥിതിചെയ്യുന്നുവെന്നത് വാസ്തവം തന്നെ; പക്ഷെ അവൾക്കു വേണ്ടിത്തന്നെയല്ല അവൾ സ്ഥിതിചെയ്യുന്നത്. ചുരുക്കിപ്പറഞ്ഞാൽ ലോകത്തിൽ ആധിപത്യം നടത്തുവാനല്ല സഭ സ്ഥിതിചെയ്യുന്നത്. പ്രത്യുത, ലോകത്തിനു സേവനം ചെയ്യുവാനാണ് ലോകത്തിൽ നിന്നും പ്രത്യേകാവകാശങ്ങൾ സമ്പാദിക്കുവാനല്ല, ലോകത്തിനുവേണ്ടി സഹിക്കുവാനാണ്. ഭൂരിപക്ഷത്തിൻെറ സേവനത്തിനായുള്ള ഒരു ന്യൂനപക്ഷമാണ് സഭ; ശക്തമായ, പ്രഗത്ഭമായ തീക്ഷ്ണതയുള്ള ഒരു ന്യൂനപക്ഷം. പ്രഗത്ഭമതിയായ കർദ്ദിനാൾ ന്യൂമാൻ– 'പത്രോസിൻെറ സിംഹാസനം' എന്ന വിശ്വലേഖനത്തിൽ 23–ാം യോഹന്നാൻ പാപ്പാ അദ്ദേഹത്തെക്കുറിച്ച് പറയുന്നുണ്ട്–ഈ ആശയം വളരെ ഭംഗിയായിട്ടു വിശദീകരിക്കുന്നുണ്ട്: ''നാം വളരണം; നമ്മുടെ അപ്പസ്തോലികമായ ഉത്ഭവത്തിൽ നിന്നും നമുക്കുള്ള പ്രത്യേകാവകാശമാണത്. എണ്ണത്തിൽ മാത്രം വളരുകയും, അതിനു സമാന്തരമായി സമൂഹത്തിൻെറ ഒരു ധാർമ്മിക പ്രകാശനം ഇല്ലാതിരിക്കുകയും ചെയ്യുന്നെങ്കിൽ ഈ വളർച്ചയ്ക്കു് എന്തു വിലയുണ്ട്?'' 'കുട്ടമാനസാന്തര'ത്തിൽ ന്യൂമാൻ വിശ്വസിച്ചിരുന്നില്ല എന്നാണ് അദ്ദേഹത്തിൻെറ എഴുത്തുകൾ കാണിക്കുന്നത്. വ്യക്തികളുടെ മാനസാന്തരത്തിലായിരുന്നു അദ്ദേഹത്തിൻെറ താല്പര്യം. കത്തോലിക്കാമതത്തിലുള്ള രൂപം കൊടുക്കുന്നതിന് ഒരുപാധിയും മററുള്ളവക്കു നന്മ ചെയ്യുന്നതിനുള്ള ഒരുപകരണവുമായിരിക്കും അങ്ങനെയുള്ള ഒരാൾ.

ഞായറാഴ്ച, പരി. പിതാവരുളിച്ചെയ്ത വാക്കുകൾ നിങ്ങളെ ഓർമ്മപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുകയാണ്: ''നിരന്തരമായി ലോ

കത്തിന്റെ നേരേ സഭ കണ്ണുതിരിക്കുന്നുവെന്നുള്ള കാര്യം ലോകം സ്മരിക്കണം; ആത്മാർത്ഥമായ ലോകത്തെ പ്രകീർത്തിക്കുന്നു; സഭയുടെ ഉദ്ദേശ്യം ആത്മാർത്ഥമായും സേവനമാണു്,ആധിപത്യമല്ല. ലോകത്തെ നിന്ദിക്കുകയല്ല, അതിന്റെ മാഹാത്മ്യം വർദ്ധിപ്പിക്കുകയാണു്. ലോകത്തെ കുററപ്പെടുത്തുകയല്ല, പ്രത്യുത ആശ്വാസത്തിലേക്കും രക്ഷയിലേക്കും നയിക്കുകയാണു് സഭയുടെ ഉദ്ദേശ്യം''.

ക്രിസ്തുവിന്റെ നിരന്തരമായ പഠനം തന്നെ സേവനത്തിന്റെ ആശയമല്ലേ പ്രകാശിപ്പിക്കുന്നതു്? ''നിങ്ങളുടെ ഇടയിൽ ഇങ്ങനെ ആകരുതു്; നിങ്ങളിൽ പ്രധാനിയാകുവാൻ ഇച്ഛിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകൻ ആയിരിക്കണം. നിങ്ങളിൽ ഒന്നാമനാകുവാൻ ഇച്ഛിക്കുന്നവൻ എല്ലാവരുടെയും ദാസനുമായിരിക്കണം. മനുഷ്യപുത്രൻ തന്നെയും ശുശ്രൂഷ ചെയ്യുവാനും വളരെപ്പേരുടെ വീണ്ടെടുപ്പുവിലയായി സ്വജീവനെ കൊടുക്കുവാനുമല്ലാതെ ശുശ്രൂഷിക്കപ്പെടുവാൻ വന്നിട്ടുള്ളതല്ല.'' (മർക്കോ. 10: 43–45). ''അവർ മിണ്ടാതിരുന്നു; എന്തെന്നാൽ തങ്ങളിൽ വലിയവൻ ആരാകുന്നു എന്നു വഴിയിൽ വച്ചു അവർ തമ്മിൽ തർക്കിച്ചിരുന്നു. ഈശോ ഇരുന്നിട്ടു് പന്ത്രണ്ടുപേരേയും വിളിച്ചു് അവരോടു പറഞ്ഞു: ''ഒന്നാമനാകുവാൻ ഇച്ഛിക്കുന്നവൻ എല്ലാവരിലും അവസാനത്തവനും എല്ലാവരുടെയും ശുശ്രൂഷകനും ആയിരിക്കണം.'' (മർക്കോ. 9: 33–34). അവസാനവിധിയെക്കുറിച്ചു പ്രതിപാദിക്കുന്ന വി. മത്തായിയുടെ സുവിശേഷം ഇരുപത്തഞ്ചാം അദ്ധ്യായം കൂടി വായിക്കു. സേവനത്തിന്റെ ഈ ആശയം അവിടത്തെ ഓരോ ശിഷ്യന്മാരെ മാത്രം ബാധിക്കുന്ന ഒന്നല്ല. സഭയെ മുഴുവനും ബാധിക്കുന്ന ഒന്നാണു്.രാജകീയമായ അധികാരം സഭയ്ക്കു് നൽകിയിട്ടുണ്ടെന്നുള്ളതു് പരമാർത്ഥം തന്നെ. പക്ഷേ ഇതു് ഒരു ആദ്ധ്യാത്മികമായ അധികാരമാണു്. ബലപ്രയോഗത്താലുള്ള ആധിപത്യംകൊണ്ടല്ല സേവനംചെയ്തുകൊണ്ടാണു് സഭ ഈ അധികാരം വിനിയോഗിക്കുന്നതു്. എഫേസൂസുകാർക്കുള്ള ലേഖനവും കൊറീന്ത്യർക്കുള്ള ലേഖനവും ഒന്നു വായിക്കുക, നമുക്കു മനസ്സിലാകും വി. പൗലോസിന്റെ സാക്ഷ്യം എന്തെന്നു്: ''അവൻ ചിലരെ ശ്ലീഹന്മാരായും, ചിലരെ പ്രവാചകന്മാരായും ചിലരെ ഇടയന്മാരായും ചിലരെ ഉപദേഷ്ടാക്കളായും തന്നിരിക്കുന്നു. പരിശുദ്ധന്മാരുടെ പൂർത്തീകരണത്തിനും, ശുശ്രൂഷയുടെ വേലയ്ക്കും, മിശിഹായുടെ ശരീരത്തിന്റെ ആത്മീയവർദ്ധനവിനും വേണ്ടി'' (അപ്പേ: 4: 11–12). ''വരങ്ങളിൽ വ്യത്യാസമുണ്ടു്, എങ്കിലും ആത്മാവു് ഒന്നേയുള്ളു. ശുശ്രൂഷകളിൽ വ്യത്യാസമുണ്ടു്, എങ്കിലും കർത്താവു് ഒന്നേയുള്ളു. ശക്തികളിൽ വ്യത്യാസങ്ങളുണ്ടു്, എങ്കിലും എല്ലാവരെക്കൊണ്ടും എല്ലാം പ്രവർത്തിപ്പിക്കുന്ന ദൈവം ഒരുവനേയുള്ളു.'' (1 കോറ. 12: 4–6).

ഇന്ത്യയിലെ ഒരു മെത്രാൻ എന്ന നിലയിൽ സംസാരിക്കുന്നതുകൊണ്ടു് ഈ ഗുണങ്ങളെല്ലാം സഭയുടെ പ്രേഷിതലക്ഷ്യവുമായി

ഇണങ്ങിച്ചേർന്നിട്ടുണ്ടെന്നു പ്രസ്താവിച്ചുകൊള്ളട്ടെ. സഭയുടെ മിഷനറിസ്വഭാവം അല്ലെങ്കിൽ അതിൻെറ അനിശ്ചലത നമ്മെ പ്രവത്തനോന്മുഖരാക്കണം. സ്വഭാവത്താൽ തന്നെ സഭ വളരുകയും വികസിക്കുകയും വേണം. എണ്ണത്തിലുള്ള വർദ്ധനവു വഴിയോ അധികാരം വർദ്ധിപ്പിച്ചുകൊണ്ടോ അല്ല സഭ വികസിക്കുവാൻ ആഗ്രഹിക്കുന്നതു്; മറിച്ചു്, സത്യത്തിനും ലോകത്തിനും കൂടുതൽ ഫലപ്രദമായി സേവനം അനുഷ്ഠിച്ചുകൊണ്ടും കുരിശിൽ തറയ്ക്കപ്പെടുകയും അതിനുശേഷം മരിച്ചവരിൽനിന്നും ഉത്ഥാനം ചെയ്യുകയും ചെയ്ത ക്രിസ്തുവിനു സാക്ഷ്യം വഹിച്ചുകൊണ്ടുമാണു് എന്നു് മിഷനറിമാർ സമീപിക്കുന്ന ജനങ്ങൾക്കു് നന്നായി വെളിവാകണം. ''സേവിക്കപ്പെടുവാനല്ല, സേവനം ചെയ്യുവാനാണു് ഞാൻ വന്നിരിക്കുന്നതു്.''

സഭയുടെ ഈ വശം കൂടുതൽ തെളിഞ്ഞുനില്ക്കണമെന്നുള്ള അപേക്ഷയോടെ ഞാൻ എൻെറ സൂചനകൾ അവസാനിപ്പിച്ചുകൊള്ളട്ടെ.

ഈ കൗൺസിൽ ഇന്നത്തെ ലോകത്തിനു് കാണിക്കുവാനാഗ്രഹിക്കുന്ന സഭയുടെ മുഖം എന്താണു്, അല്ലെങ്കിൽ ഇന്നത്തെ ചിന്താഗതിക്കു് അനുയോജ്യമായ അതിൻെറ വീക്ഷണം എന്താണു് അല്ലെങ്കിൽ എന്തായിരിക്കണം എന്നു വല്ലവരും ചോദിച്ചേക്കാം.

ശപിച്ചു തള്ളുവാൻവേണ്ടി പാഷണ്ഡതകളും തെറ്റുകളും അന്വേഷിച്ചു പിടിക്കുവാൻ ജാഗ്രതയായിരിക്കുന്ന ഒരു സഭയുടെ മാതൃകയായിരിക്കുമോ അതു്? ചെസ്റ്റേർട്ടൻ നിർവചിക്കുന്ന തരത്തിലുള്ള ഒരു മാതൃകയായിരിക്കുമോ അതു്? "ദൈവിക രഥം ഇടിമുഴക്കങ്ങൾ ഉണ്ടാക്കിക്കൊണ്ടു് പറക്കുകയാണു് യുഗങ്ങൾ തോറും; അതിൻെറ മുമ്പിൽ മങ്ങലുള്ള പാഷണ്ഡതകൾ നീണ്ടുനിവർന്നു നെടുനീളെ കിടക്കുകയും''. മാതാവും ഗുരുനാഥയും എന്ന രീതിയിലുള്ള മാതൃകയായിരിക്കുമോ അതു്?

കിഴക്കിലേയും പടിഞ്ഞാറിലേയും ജനങ്ങളും തൻെറ മടിയിൽ ചൂടുള്ള സങ്കേതവും ആശ്വാസവും കണ്ടെത്തുന്ന സഭയുടെ ഒരു ചിത്രമായിരിക്കുമോ അതു്? ഭൂമിയിലെ തൻെറ പ്രതിനിധി 'ദൈവത്തിൻെറ സേവകരുടെ സേവകൻ' എന്നു സ്വയം അഭിസംബോധന ചെയ്യുവാൻ ആഗ്രഹിക്കുന്ന അവളുടെ സ്ഥാപകനെപ്പോലെ സേവനം ചെയ്യുന്ന ഒരു സഭയുടെ മാതൃകയായിരിക്കുമോ അതു്?

ഉത്തരവാദിത്വമുള്ളവർ തീരുമാനിക്കട്ടെ. 3296

HEART PROVINCIAL LIBRARY

# കൗൺസിൽ പ്രഭാഷണങ്ങൾ

